# മലയാള സാഹിത്യവിമർശനം

## Course Code: B21ML04DC

Discipline Core Course
Undergraduate Programme
Malayalam Language and Literature



SELF LEARNING MATERIAL

SREENARAYANAGURU
OPEN UNIVERSITY

# SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

# SREENARAYANAGURU OPEN UNIVERSITY

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

SGOU

# മലയാള സാഹിത്യവിമർശനം

Course Code: B21ML04DC

Semester - IV

## Discipline Core Course
## Undergraduate Programme
## Malayalam Language and Literature
## Self Learning Material

**(With Model Question Paper Sets)**

SGOU

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

മലയാള സാഹിത്യവിമർശനം
Course Code: B21ML04DC
Semester - IV
BA Malayalam
Language and Literature

SREENARAYANAGURU
OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

ISBN 978-81-967271-4-7

# DOCUMENTATION

## Academic Committee

Prof. Thomas Thamarasseri
Dr. Lekshmi V. S.
Dr. Athman A. V.
Dr. S. Nazeeb
Dr. Baburajan K.
Dr. S. Sudarsana Babu
Dr. Vijaya V.A.
Dr. Indusree S. R.
Dr. Vidhya D. R.
Chayam Dharmarajan
Dr. Aju K. Narayanan
Dr. Suja S.
Dr. S. Ajayakumar
Dr. Sudha Mary Thomas

## Development of the Content

Dr. Savitha E., Smija P.M., Ashokan L., Dr. Jaya R.S.

## Review

Content : Dr. Miniprasad, Prof. Thomas Thamarasseri
Format : Dr. I. G. Shibi
Linguistics : Leja V.R.

## Edit

Dr. Miniprasad, Prof. Thomas Thamarasseri

## Scrutiny

Aswani A.P., Deepam S., Dr. Thara S.S., Dr. Deepthi V.S., Dr. Lathika A.C.

## Co-ordination

Dr. I. G. Shibi and Team SLM

## Design Control

Azeem Babu T. A.

## Cover Design

Jobin J.

## Production

July 2024

## Copyright

© Sreenarayanaguru Open University 2024

YouTube

# MESSAGE FROM VICE CHANCELLOR

Dear learner,

I extend my heartfelt greetings and profound enthusiasm as I warmly welcome you to Sreenarayanaguru Open University. Established in September 2020 as a state-led endeavour to promote higher education through open and distance learning modes, our institution was shaped by the guiding principle that access and quality are the cornerstones of equity. We have firmly resolved to uphold the highest standards of education, setting the benchmark and charting the course.

The courses offered by the Sreenarayanaguru Open University aim to strike a quality balance, ensuring students are equipped for both personal growth and professional excellence. The University embraces the widely acclaimed "blended format," a practical framework that harmoniously integrates Self-Learning Materials, Classroom Counselling, and Virtual modes, fostering a dynamic and enriching experience for both learners and instructors.

The university aims to offer you an engaging and thought-provoking educational journey. The undergraduate programme in Malayalam Language and Literature is designed to meet standards comparable to similar programmes at other state universities in Kerala. The curriculum provides ample opportunity to explore evolving literary formats and their impact on the language's richness. Malayalam language and literature lessons are integrated in appropriate proportions, and frontier topics are suitably incorporated. The Self-Learning Material has been meticulously crafted, incorporating relevant examples to facilitate better comprehension.

Rest assured, the university's student support services will be at your disposal throughout your academic journey, readily available to address any concerns or grievances you may encounter. We encourage you to reach out to us freely regarding any matter about your academic programme. It is our sincere wish that you achieve the utmost success.

Warm regards.
Dr. Jagathy Raj V. P. 19-07-2024

# CONTENTS


| | | |
|---|---|---|
| **BLOCK 01** | **ആദ്യകാല നിരൂപണം** | **1** |
| യൂണിറ്റ് 1 | സമ്മാനദാനപ്രസംഗം - കേരളവർമ്മ വലിയകോയിത്തമ്പുരാൻ | 2 |
| യൂണിറ്റ് 2 | നളിനിയുടെ അവതാരിക - എ.ആർ. രാജരാജവർമ്മ | 12 |
| യൂണിറ്റ് 3 | അദ്ധ്യാത്മരാമായണം - പി.കെ. നാരായണപിള്ള (1878 - 1938) | 20 |
| **BLOCK 02** | **മധ്യകാല നിരൂപണം** | **29** |
| യൂണിറ്റ് 1 | കേരളകലകളും ഫ്യൂച്ചറിസവും - കേസരി എ. ബാലകൃഷ്ണപിള്ള | 30 |
| യൂണിറ്റ് 2 | ബാല്യകാലസഖിയുടെ അവതാരിക - എം.പി. പോൾ | 40 |
| യൂണിറ്റ് 3 | പുതിയ ഹ്യൂമനിസവും പുരോഗമന സാഹിത്യപ്രസ്ഥാനവും - എം. ഗോവിന്ദൻ | 49 |
| യൂണിറ്റ് 4 | സാഹിത്യകാരന്റെ സാമൂഹ്യബോധം - കെ. ദാമോദരൻ | 59 |
| യൂണിറ്റ് 5 | ടാഗോറിന്റെ മിസ്റ്റിസിസം - സുകുമാർ അഴീക്കോട് | 68 |
| **BLOCK 03** | **ആധുനിക വിമർശനം** | **78** |
| യൂണിറ്റ് 1 | മരണത്തിന്റെ സൗന്ദര്യം - കെ.പി. അപ്പൻ | 79 |
| യൂണിറ്റ് 2 | തിണസങ്കല്പം - ഡോ.കെ. അയ്യപ്പപ്പണിക്കർ | 87 |
| യൂണിറ്റ് 3 | നോവലിലെ സ്ഥലകാലസംയുക്തങ്ങൾ - ഡോ. ഇ.വി. രാമകൃഷ്ണൻ | 95 |
| യൂണിറ്റ് 4 | നല്ലവനായ കാട്ടാളൻ - ഡോ. ടി.പി. സുകുമാരൻ | 103 |
| യൂണിറ്റ് 5 | എന്തൊരു പൂതമാണീ മഹാബലി - കൽപ്പറ്റ നാരായണൻ | 110 |
| **BLOCK 04** | **ആധുനികാനന്തര വിമർശനം** | **116** |
| യൂണിറ്റ് 1 | പൊന്നാനിയിലെ കൃഷിക്കാരൻ - കെ. സച്ചിദാനന്ദൻ | 117 |
| യൂണിറ്റ് 2 | മഴ മലയാളകവിതയിൽ - ജി. മധുസൂദനൻ | 131 |
| യൂണിറ്റ് 3 | മലയാളസാഹിത്യത്തിലെ തായ്കുലം - ജെ. ദേവിക | 141 |
| യൂണിറ്റ് 4 | സാഹിത്യചരിത്രങ്ങൾ നിങ്ങളോട് സംസാരിച്ചതെന്ത്? - പ്രദീപൻ പാമ്പിരികുന്ന് | 156 |
| | **Model Question Paper Sets** | **216** |

BLOCK - 01

# ആദ്യകാല നിരൂപണം

SGOU

# യൂണിറ്റ് - 1
# സമ്മാനദാനപ്രസംഗം

**(കേരളവർമ്മ വലിയകോയിത്തമ്പുരാൻ)**

## Learning Outcomes

- ▶ മലയാളസാഹിത്യവിമർശനം രൂപപ്പെട്ട ചരിത്രസന്ദർഭങ്ങളെപ്പറ്റി സാമാന്യമായ അവബോധമുണ്ടാകുന്നു
- ▶ മലയാളവിമർശനത്തിന്റെ പ്രാരംഭം, ആദ്യകാലവിമർശകർ, അവരുടെ സംഭാവനകൾ എന്നിവ പരിചയപ്പെടുന്നു
- ▶ ആദ്യകാല മലയാളവിമർശനത്തിന്റെ (കാനോനകൾ) രീതികൾ മനസ്സിലാക്കുകയും അവയെ അപഗ്രഥിക്കുകയും ചെയ്യുന്നു
- ▶ കേരളവർമ്മ നടത്തിയ സമ്മാനദാന പ്രസംഗത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- ▶ ഭാഷാപോഷിണിസഭയെക്കുറിച്ച് മനസ്സിലാക്കുന്നു
- ▶ പ്രതിഭ, വ്യുത്പത്തി, അഭ്യാസം എന്നിവയെക്കുറിച്ച് ധാരണ ഉണ്ടാകുന്നു

## Prerequisite

പത്തൊമ്പതാം നൂറ്റാണ്ടിലാണ്  സാഹിത്യ വിമർശനം സവിശേഷമായ അർത്ഥത്തിൽ മലയാളത്തിൽ ആരംഭിക്കുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം, അച്ചടി ഗദ്യഭാഷയുടെ പ്രചാരം, പത്ര മാസികകൾ, തുടങ്ങിയവ ചേർന്ന് രൂപപ്പെടുത്തിയ ആധുനികമായ സാഹിത്യ അന്തരീക്ഷമാണ് വിമർശന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. പൊതുവേദികളിലെ സാഹിത്യ ചർച്ചകളിലും പത്രമാസികകളിലും ആരംഭിച്ച 'public criticism' ത്തിൽ നിന്നാണ് ആധുനിക സാഹിത്യ നിരൂപണത്തിന്റെ തുടക്കമെന്ന് ഡോ. ഷാജി ജേക്കബ് പൊതുമണ്ഡലവും മലയാളഭാവനയും എന്ന പുസ്തകത്തിൽ നിരീക്ഷിക്കുന്നു. പാശ്ചാത്യ സംസ്കാരത്തിന്റെ സമ്പർക്കമേറ്റ് വികസിച്ച നവീനഗദ്യത്തിന്റെ സന്തതി എന്നാണ് ഡോ. സുകുമാർ അഴീക്കോട് മലയാളസാഹിത്യവിമർശനത്തിൽ ആധുനിക വിമർശനത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. Criticism എന്ന ഇംഗ്ലീഷ് പദത്തിന്റെ തർജ്ജമയായാണ് മലയാളത്തിൽ വിമർശനം എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. സാഹിത്യകൃതികളെ പറ്റിയുള്ള വിധി പറച്ചിലാണത്. എന്നാൽ പുസ്തക അഭിപ്രായം, പത്രനിരൂപണം, ഗ്രന്ഥനിരൂപണം, എന്നൊക്കെയുള്ള അർത്ഥത്തിൽ നിരൂപണം എന്ന പദവും മലയാളത്തിൽ പ്രചാരം നേടിയിരുന്നു. പുസ്തകത്തിന്റെ ഗുണദോഷങ്ങൾ വിവരിച്ച് ആ പുസ്തകം വായനക്കാർ വായിക്കേണ്ടതോ അല്ലാത്തതോ എന്ന് മനസ്സിലാക്കി കൊടുക്കലാണ് പുസ്തക അഭിപ്രായത്തിന്റെ സ്വഭാവം. ഇങ്ങനെ വിമർശനത്തിനും നിരൂപണത്തിനും വെവ്വേറെ അർത്ഥകല്പനകളാണ് ആദ്യകാലത്ത് നൽകിയിരുന്നെങ്കിലും ഇവ രണ്ടും പര്യായപദങ്ങളെ പോലെയാണ് പൊതുവേ പ്രയോഗിച്ചു വരുന്നത്. സാഹിത്യ മൂല്യങ്ങൾ അവ വായനക്കാരനു നൽകുന്ന ആനന്ദാനുഭവങ്ങൾ, അഭിരുചിസംസ്കരണം, യുക്തിഭദ്രത, സംഭാവ്യത തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി സാഹിത്യകൃതികളെ മൂല്യനിർണയം ചെയ്യുകയാണ് വിമർശനത്തിന്റെ ലക്ഷ്യം.

പാശ്ചാത്യ അധിനിവേശത്തിലൂടെ പ്രചരിച്ച ആധുനിക സാഹിത്യ സങ്കൽപ്പങ്ങളും നവോത്ഥാന ആശയങ്ങളും ആദ്യകാലത്തെ വിമർശകരുടെ മൂല്യബോധത്തെ സ്വാധീനിച്ചിരുന്നു. അതുകൊണ്ടുതന്നെ കൃതികളുടെ പ്രമേയപരമായ ഉൽകൃഷ്ടതയ്ക്കും അവർ വളരെയധികം പ്രാധാന്യം നൽകി. ക്ലാസിക്കൽ വിമർശനം, അക്കാദമിക് വിമർശനം, ഖണ്ഡന വിമർശനം, മണ്ഡനവിമർശനം, ജീവചരിത്ര വിമർശനം, സാമൂഹ്യശാസ്ത്രാധിഷ്ഠിത വിമർശനം, മനഃശാസ്ത്രവിമർശനം തുടങ്ങിയ വ്യത്യസ്ത വിമർശന സമീപനങ്ങൾ മലയാളത്തിൽ പ്രചാരം നേടിയിട്ടുണ്ട്. ആദ്യകാലത്തെ നിരൂപണങ്ങളെല്ലാം പത്രമാസികകളിലാണ് സ്വീകരിക്കപ്പെട്ടത്. വിദ്യാസംഗ്രഹം, വിദ്യാവിനോദിനി, മലയാളമനോരമ, ഭാഷാപോഷിണി തുടങ്ങിയ മാസികകളെല്ലാം സാഹിത്യ വിമർശനത്തെ പ്രാധാന്യത്തോടെ പ്രോത്സാഹിപ്പിച്ചു. ജോർജ് മാത്തൻ, കേരളവർമ്മ വലിയകോയിത്തമ്പുരാൻ, സി.പി. അച്യുതമേനോൻ, എ.ആർ. രാജരാജവർമ്മ, സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ള, സി. അന്തപ്പായി, മൂർക്കോത്ത് കുമാരൻ തുടങ്ങിയവരെല്ലാം അക്കാലത്തെ പ്രധാന വിമർശകരായിരുന്നു.

**കേരളവർമ്മ വലിയകോയിത്തമ്പുരാൻ**



ചങ്ങനാശ്ശേരി ലക്ഷ്മിപുരം കൊട്ടാരത്തിൽ 1845 ഫെബ്രുവരി 19-ാംതീയതി പൂയം നക്ഷത്രത്തിലാണ് കേരളവർമ്മ ജനിച്ചത്. റാണി ലക്ഷ്മിബായിയെ വിവാഹം കഴിച്ചതോടെയാണ് വലിയകോയിത്തമ്പുരാനായത്. ആയില്യം തിരുനാൾ രൂപവത്ക്കരിച്ച പാഠപുസ്തക കമ്മറ്റിയുടെ അധ്യക്ഷൻ ഇദ്ദേഹമായിരുന്നു. 'കേരളകാളിദാസൻ' എന്ന അപരനാമത്തിലാണ് കേരളവർമ്മ അറിയപ്പെടുന്നത്. മയൂരസന്ദേശം എന്ന കൃതിയും കാളിദാസന്റെ ശാകുന്തളം വിവർത്തനവുമാണ് അദ്ദേഹത്തെ ഈ നാമത്തിന് ഉടമയാക്കിയത്. എ.ആർ. രാജരാജവർമ്മയുടെ അഭ്യർത്ഥനമാനിച്ച് രചിച്ച പ്രാസവിമുക്തമായ കാവ്യമാണ് ദൈവയോഗം.

മലയാള പദ്യസാഹിത്യം ആധുനികതയിലേക്ക് നീങ്ങുന്ന ഒരു കാലഘട്ടത്തിലാണ് കേരളവർമ്മ ജീവിച്ചിരുന്നത്. വലിയകോയിത്തമ്പുരാനും കണ്ടത്തിൽ വറുഗീസ് മാപ്പിളയുമായുള്ള സൗഹൃദമാണ് കവി സമാജത്തിന്റെയും ഭാഷാപോഷിണി സഭയുടെയും പ്രവർത്തനത്തിലും ഭാഷാപോഷിണി മാസികയുടെ പ്രസിദ്ധീകരണത്തിനും കളമൊരുക്കിയത്. ജാതിചിന്ത നിലനിന്നിരുന്ന കാലത്ത് ഇവർ തമ്മിൽ വളരെയടുത്ത സുഹൃത്തുക്കളായിരുന്നു എന്നത് ഇവരുടെ വ്യക്തിവൈശിഷ്ട്യത്തെ പ്രകടമാക്കുന്നു. വലിയകോയിത്തമ്പുരാൻ പുതിയ സാഹിത്യകാരന്മാരെ ഒരിക്കലും നിരുത്സാഹപ്പെടുത്തിയിരുന്നില്ല. വലിയകോയിത്തമ്പുരാനെ പോഷക വിമർശകൻ എന്നാണ് വിളിച്ചു വന്നത്. മലയാളസാഹിത്യം പുരോഗതിയിലേക്ക് പിച്ചവച്ചു നടന്നുവരുന്നതേയുള്ളൂ. ആ സമയത്ത് സഹിത്യകാരന്മാരെ നിരുത്സാഹപ്പെടുത്തുന്ന രീതിയിൽ വിമർശനത്തിൽ ഏർപ്പെട്ടാൽ മലയാളസാഹിത്യത്തിന് അതൊരിക്കലും ഗുണം ചെയ്യില്ല എന്ന് കേരളവർമ്മ വലിയകോയിത്തമ്പുരാന് അറിയാമായിരുന്നു. എന്നാൽ ഈ മണ്ഡനവിമർശന രീതിയോടൊപ്പം മറ്റ് വിലയിരുത്തലുകളും അദ്ദേഹം നടത്തിയിരുന്നു. നേട്ടങ്ങളെ പുകഴ്ത്തുകയും കോട്ടങ്ങളെയും കുറവുകളെയും ഭംഗ്യന്തരേണ സമീപിക്കുകയും ചെയ്യുന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. മലയാളഗദ്യത്തിന്റെയും വിമർശനത്തിന്റെയും പിതാവ് എന്നാണ് ഡോ. സുകുമാർ അഴീക്കോട് കേരളവർമ്മയെ വിശേഷിപ്പിക്കുന്നത്. ഒരു കൃതിയുടെ അന്യാദൃശ്യത്വത്തെ സ്പഷ്ടമാക്കലാണ് വിമർശനധർമ്മം എങ്കിൽ കേരളവർമ്മയാണ്

ഇവിടെ ശരിയായ സാഹിത്യ വിമർശനത്തിന് അടിക്കല്ല് പാകിയത് എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു (മലയാളസാഹിത്യവിമർശനം). പുസ്തകക്ഷാമം വേണ്ടുവോളം ഉണ്ടായിരുന്ന 19-ാം നൂറ്റാണ്ടിൽ അതിനൊരു പരിഹാരം എന്ന നിലയിലാണ് പ്രസിദ്ധീകരിക്കപ്പെടുന്ന എല്ലാ പുസ്തകങ്ങളെയും ഒരേ പോലെ പ്രോത്സാഹിപ്പിക്കുക എന്ന ദൗത്യം കേരളവർമ്മ നിർവഹിച്ചത്. അതുകൊണ്ടുതന്നെ വടക്കുംകൂർ രാജരാജവർമ്മ വിശേഷിപ്പിച്ചതുപോലെ ഒരു പോഷകവിമർശകൻ എന്ന സ്ഥാനമാണ് കേരളവർമ്മ കൂടുതലായി അർഹിക്കുന്നത്. മലയാള വിമർശന ചരിത്രത്തിന്റെ ആദ്യഘട്ടത്തെ കേരളവർമ്മയുഗം എന്ന് വിശേഷിപ്പിക്കുന്ന ഡോ. അഴീക്കോട് 1870-ൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ അങ്കുരരൂപത്തിൽ വളർത്തിയെടുത്തതാണ് മലയാള വിമർശനം എന്ന് പ്രസ്താവിക്കുന്നു. കേരളവർമ്മ അധ്യക്ഷനായ ടെക്സ്റ്റ് ബുക് കമ്മറ്റിയുടെ രൂപീകരണ വർഷമാണ് (1867) മലയാള വിമർശനത്തിന്റെ വിദൂരഭൂതകാലത്തെ അതിരായി ഡോ. അഴീക്കോട് രേഖപ്പെടുത്തുന്നത്.

പാശ്ചാത്യമായ ആധുനിക വിമർശന സങ്കല്പങ്ങൾ കേരളവർമ്മയിൽ അത്രകണ്ട് പ്രകടമായിരുന്നില്ല. പത്രമാസികകളിൽ എഴുതിയ ചില സാന്ദർഭിക നിരീക്ഷണങ്ങൾ കൃതികൾക്ക് നൽകിയിരുന്ന അനുമോദന പ്രസ്താവനകൾ, ഇംഗ്ലീഷിലും മലയാളത്തിലുമെഴുതിയ അവതാരികകൾ, ചില കൃതികൾക്ക് എഴുതിയ നിരൂപണലേഖനങ്ങൾ, പ്രഭാഷണങ്ങൾ എന്നിവയാണ് കേരളവർമ്മയുടെ പ്രധാന വിമർശന സംഭാവനകൾ. ഇവയാകട്ടെ കൂടുതലും പ്രോത്സാഹന പക്ഷത്ത് നിൽക്കുന്നവയുമാണ്. പക്ഷെ സി.പി. അച്യുതമേനോൻ വിദ്യാവിനോദിനിയിലൂടെ ഖണ്ഡന വിമർശനം ആരംഭിച്ചതു മുതൽ തന്റെ സാഹിത്യാവബോധത്തെ പുതുക്കിപ്പണിയാൻ കേരളവർമ്മയും നിർബന്ധിതനായി. 1913-ൽ പ്രസിദ്ധീകരിച്ച ഉമാകേരളം അവതാരിക ഇതിനു തെളിവാണ്. 1911-ൽ വൈക്കത്തു വച്ചു നടന്ന ഭാഷാപോഷിണി സഭയുടെ അധ്യക്ഷ പ്രസംഗത്തിലും മലയാള സാഹിത്യത്തിന്റെ നിലവാരത്തകർച്ചയേയും ഗതാനുഗതികത്വത്തെയും പറ്റി അദ്ദേഹം വിമർശിക്കുന്നുണ്ട്. പ്രാസവാദത്തിൽ ശബ്ദപക്ഷത്തിന്റെ നേതൃസ്ഥാനം അലങ്കരിച്ച കേരളവർമ്മയുടെ ആസ്വാദനപാരമ്പര്യം സംസ്കൃതശീലങ്ങളെ പിന്തുടരുന്നവയായിരുന്നു. അതുകൊണ്ട് തന്നെ സാഹിത്യവിമർശനം എന്ന ആധുനിക സാഹിത്യജനുസ്സിനെ കൃത്യമായി ഉൾക്കൊള്ളുന്നതിൽ അദ്ദേഹത്തിന്റെ ആദ്യകാല വിമർശനങ്ങൾ പരാജയപ്പെടുന്നുണ്ട്. അതേസമയം ആധുനിക മലയാളഗദ്യത്തെ രൂപപ്പെടുത്തുന്നതിലും മാനകീകരിക്കുന്നതിലും പ്രഥമവും പ്രധാനവുമായി ഇടപെട്ടത് കേരളവർമ്മയാണെന്ന കാര്യം സ്മരണീയമാണ്. ഗദ്യകാരൻ, വിമർശകൻ എന്നതിലുപരി മയൂരസന്ദേശം പോലുള്ള സർഗ്ഗാത്മകകൃതികളുടെ കർത്താവെന്ന നിലയിലും അദ്ദേഹം പ്രശസ്തനാണ്.

**പ്രധാനകൃതികൾ**

ഹനുമദുദ്ഭവം ആട്ടക്കഥ, ധ്രുവചരിതം ആട്ടക്കഥ, വിശാഖവിജയം മഹാകാവ്യം, മണിപ്രവാളശാകുന്തളം, മയൂരസന്ദേശം, അന്യാപദേശശതകം, കൈരളീപ്രശസ്തി, ദൈവയോഗം, 'അക്ബർ' നോവൽ തർജ്ജമ.

## Keywords

വാസന - അഭിരുചി - അഭ്യാസം - ചമൽക്കാരം - വ്യുൽപ്പത്തി - ഭാഷാഭേദം

## Discussion

ആധുനിക മലയാളഗദ്യത്തിന്റ പിതാവ് എന്നാണ് കേരളവർമ്മ വലിയകോയിത്തമ്പുരാൻ അറിയപ്പെടുന്നത്. പ്രാസനിഷ്കർഷയും മണിപ്രവാള ശൈലിയും അദ്ദേഹത്തിന്റെ കവിതകളുടെ പ്രത്യേകതകളായിരുന്നു. കവിതകളിൽ ദ്വിതീയാക്ഷരപ്രാസം വേണമെന്ന കാര്യത്തിൽ അദ്ദേഹം നിഷ്കർഷ പുലർത്തിയിരുന്നു. അങ്ങനെ പ്രാസം ദീക്ഷിച്ചു കൊണ്ടെഴുതിയ സന്ദേശ കാവ്യമാണ് മയൂരസന്ദേശം. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ആട്ടക്കഥകളാണ് ഹനുമദുദ്ഭവം, ധ്രുവചരിതം, മത്സ്യവല്ലഭവിജയം എന്നിവ. ശ്രീവിശാഖ വിജയം, പദ്യരൂപത്തിലുള്ള ജീവചരിത്ര ഗ്രന്ഥമാണ്. 1867-ൽ പാഠപുസ്തക കമ്മറ്റിയിൽ പ്രവർത്തിച്ചു തുടങ്ങിയപ്പോഴാണ് പാഠശാലയിലേക്ക് വേണ്ട പുസ്തകങ്ങളുടെ അഭാവത്തെക്കുറിച്ച് വലിയകോയിത്തമ്പുരാന് ബോദ്ധ്യമുണ്ടായത്. ഇതിനു വേണ്ടി അദ്ദേഹം സ്വയം പുസ്തകം രചിക്കുകയും മറ്റുള്ളവരെക്കൊണ്ട് എഴുതിക്കുകയും ചെയ്തു.

ആധുനിക വിദ്യാഭാസത്തിന് ചേരുന്ന തരത്തിൽ പഴയ കവികളുടെ കൃതികളിൽ നിന്ന് ഉചിതമായ ഭാഗങ്ങൾ തെരഞ്ഞെടുക്കുകയും പുതിയ കവികളിൽ നിന്ന് ചില കാവ്യഭാഗങ്ങൾ സ്വീകരിച്ചും ആണ് പദ്യപാഠാവലി കേരളവർമ്മ വലിയകോയിത്തമ്പുരാൻ തയ്യാറാക്കിയത്. കേരളം എന്ന കവിത ഈ രീതിയിൽ തയ്യാറാക്കിയതാണ്. ശാരദ എന്ന മാസികയിലൂടെ പ്രസിദ്ധീകൃതമായ ഒരു ലഘു കൃതിയാണ് കൈരളീപ്രശസ്തി. സ്ത്രീകളുടെ ഉന്നതിക്കുവേണ്ടി സ്ത്രീകളെ പുകഴ്ത്തിക്കൊണ്ട് രചിച്ച കവിതയാണിത്. വിദ്യാവിനോദിനി, രസികരഞ്ജിനി, മംഗളോദയം, ഭാഷാപോഷിണി തുടങ്ങിയ ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് വലിയകോയിത്തമ്പുരാൻ മംഗളശ്ലോകങ്ങൾ എഴുതിയിരുന്നു. മാസികകൾക്ക് ഐശ്വര്യം ഉണ്ടാകാൻ വേണ്ടി ഈശ്വരനെ പ്രാർത്ഥിച്ചു കൊണ്ടുള്ളതാണ് ഈ ശ്ലോകങ്ങൾ. സാമൂഹിക പ്രതിബദ്ധതയും, കേരളത്തോടുള്ള സ്നേഹവും നിറഞ്ഞു നിന്നവയാണ് അദ്ദേഹത്തിന്റെ കൃതികൾ എന്ന് മനസിലാക്കാം.

1892 ഏപ്രിൽ 30-ന് തിരുവനന്തപുരം സർക്കാർ ഇംഗ്ലീഷ് സ്കൂളിൽ വച്ച് നടത്തിയ ഭാഷാപോഷിണിസഭയുടെ വാർഷികയോഗത്തിൽ, സഭയുടെ സ്ഥിരാധ്യക്ഷനായ കേരളവർമ്മ നടത്തിയ പ്രസംഗമാണ് സമ്മാനദാന പ്രസംഗമെന്ന പേരിൽ അറിയപ്പെടുന്നത്. അഞ്ചാറുമാസങ്ങൾക്ക് മുമ്പ് കോട്ടയത്തുവച്ച് ഭാഷാപോഷിണി നടത്തിയ കവിതാമത്സരങ്ങളിൽ വിജയിച്ച കവികൾക്ക് സമ്മാനം നൽകുന്നതിനു വേണ്ടിയായിരുന്നു പ്രസ്തുത സമ്മേളനം സംഘടിപ്പിച്ചിരുന്നത്. കവികൾക്കുള്ള അനുമോദന പരിപാടിയായതിനാൽ, സഹൃദയരെ ആഹ്ലാദിപ്പിക്കുന്ന നല്ല കവികളായി മാറേണ്ടതെങ്ങനെയെന്ന ഉപദേശമാണ് തന്റെ അധ്യക്ഷപ്രസംഗത്തിന്റെ ആമുഖത്തിൽ കേരളവർമ്മ നൽകുന്നത്. മുൻപ് സൂചിപ്പിച്ചതുപോലെ സംസ്കൃതകാവ്യാസ്വാദന പാരമ്പര്യത്തിലാണ് കേരളവർമ്മ തന്റെ കാവ്യസംസ്കാരത്തെ വികസിപ്പിച്ചത്, എന്നതിനാൽ കാവ്യഹേതുക്കളായി സംസ്കൃതാലങ്കാരികന്മാർ പറഞ്ഞുവച്ചിട്ടുള്ള പ്രതിഭ, വ്യുൽപ്പത്തി, അഭ്യാസം എന്നിവയിൽ ഊന്നിക്കൊണ്ടാണ് കേരളവർമ്മയും തന്റെ ആശയങ്ങൾ അവതരിപ്പിക്കുന്നത്.

"വാസനയുണ്ടെങ്കിലല്ലാതെ കവിതയ്ക്കുവേണ്ടുന്ന ഗുണം വരികയില്ലെന്നു വിചാരിക്കുന്നത് അത്ര ശരിയല്ലെന്നാണെന്റെ പക്ഷം'' എന്നാണദ്ദേഹത്തിന്റെ അഭിപ്രായം. പരിശ്രമം ചെയ്യുന്നതിനുള്ള ശക്തി, ക്ഷമ, ജന്മാന്തര വാസന എന്നൊക്കെ പല രീതിയിൽ വാസനയെ വിശദീകരിക്കാറുണ്ട്. കാവ്യത്തെ സംബന്ധിച്ചിടത്തോളം ജന്മാന്തര വാസന വളരെ പ്രധാനമാണെങ്കിലും അതുമാത്രമാണ് സാഹിത്യാദികലകളിൽ ചിലർക്കുണ്ടാകുന്ന അഭിരുചിക്ക് കാരണം എന്നു കരുതാൻ കഴിയില്ല. അതുകൊണ്ട് വാസനയുണ്ടെങ്കിലും വ്യവസായം അല്ലെങ്കിൽ അഭ്യാസം ഇല്ലാതെ കാവ്യരചന സാധ്യമാവുകയില്ലെന്നാണ് കേരളവർമ്മ ഊന്നിപ്പറയുന്നത്. അതിന് തെളിവായി തന്റെ ഒരു ബാല്യകാല അനുഭവവും അദ്ദേഹം പങ്കുവയ്ക്കുന്നു. വിദൂഷിയായ അമ്മ ബാല്യത്തിൽ തനിക്ക് വിദ്യയിൽ അഭിരുചി

ഉണ്ടാകുന്നതിനായി വിദ്വാൻമാരുടെ ശ്ലോകങ്ങൾ ധാരാളമായി ചൊല്ലിത്തന്നിരുന്നു. ചിലപ്പോൾ തനിയെ ചില ലളിതശ്ലോകങ്ങൾ ഉണ്ടാക്കിയിരുന്നു. ഒരിക്കൽ അത്തരത്തിൽ ഉണ്ടാക്കിയ ഒരു ശ്ലോകം ജ്യേഷ്ഠനെ ചൊല്ലിക്കേൾപ്പിച്ചിട്ട് അത് താനുണ്ടാക്കിയതാണെന്ന് പറഞ്ഞു. അതുകേട്ടപ്പോൾ ലജ്ജയോടൊപ്പം അത്തരത്തിലൊന്ന് ഉണ്ടാക്കണമെന്ന മോഹവും തന്നിൽ ഉണ്ടായി. വളരെനാൾ ക്ഷമയോടുകൂടി പരിശ്രമിച്ചതിനാൽ അതിൽ വിജയിക്കുകയും ചെയ്തു. ഇപ്പോൾ താനൊരു കവിയായി മാറിയിട്ടുണ്ടെങ്കിൽ അത് ബാല്യം മുതൽ കവിതയോടുണ്ടായ അഭിനിവേശത്തിന്റെയും നിരന്തരമായ അഭ്യാസത്തിന്റെയും ഫലമാണ്. സ്ഥിരപരിശ്രമം എന്നത് കാവ്യരചനയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. പക്ഷെ അഭ്യാസം കുറഞ്ഞ കവികളും സഹൃദയരെ ആഹ്ലാദിപ്പിക്കുന്ന (ചമത്കാരം ജനിപ്പിക്കുന്ന) കവിതകളെഴുതിയിട്ടുണ്ട്. അതിനാൽ ജന്മാന്തരവാസന എന്നത് തീരെ അപ്രധാനമായ ഒരു ഘടകവുമല്ല.

വാസനാസമ്പന്നരായ കവികളിൽ അഗ്രഗണ്യൻ വെൺമണി നമ്പൂതിരിയാണ്. വാസനാസമ്പന്നരായ കവികൾ അഭ്യാസം കൊണ്ടും വ്യുൽപ്പത്തികൊണ്ടും കവിത്വശക്തിയെ പോഷിപ്പിക്കേണ്ടതുണ്ട്. പ്രസിദ്ധ കവികളായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും പരവൂർ കേശവപിള്ളയും വാസനാബലത്തോടൊപ്പം അഭ്യാസം കൊണ്ടും തങ്ങളുടെ കവിത്വശക്തിയെ പോഷിപ്പിച്ചവരാണ്. കൊട്ടാരത്തിൽ ശങ്കുണ്ണി, ചക്രപാണിവാര്യർ, കൃഷ്ണൻ വൈദ്യൻ തുടങ്ങിയ വാസനാസമ്പന്നരായ കവികളെല്ലാം നിരന്തരമായ അഭ്യാസം കൊണ്ട് കാവ്യശക്തിയെ ഉത്തേജിപ്പിക്കണം എന്നും കേരളവർമ്മ ഓർമ്മിപ്പിക്കുന്നുണ്ട്.

പ്രതിഭ (ജന്മാന്തര വാസന), അഭ്യാസം (പരിശീലനം), വ്യുൽപത്തി (ജ്ഞാനം) എന്നിവയാണ് പൗരസ്ത്യകാവ്യസൈദ്ധാന്തികർ കവിക്കുവേണ്ട യോഗ്യതകളായി പറഞ്ഞിരിക്കുന്നത്. ഈ മൂന്നെണ്ണത്തിൽ ഏതിനാണ് പ്രാധാന്യം എന്ന കാര്യത്തിൽ അവർക്കിടയിൽ തന്നെ അഭിപ്രായാന്തരങ്ങളുണ്ട്. ഇവയിൽ മുഖ്യമായിട്ടുള്ളത് പ്രതിഭയാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. കാവ്യാദർശകാരനായ ദണ്ഡിയുടെ അഭിപ്രായത്തിൽ പ്രതിഭ നൈസർഗ്ഗിക ഭാവത്തോടു കൂടിയതാണ്. അതായത് പ്രതിഭ ജന്മസിദ്ധമായ ഗുണവിശേഷമാണ്. നിരന്തരമായ അഭ്യാസം കൊണ്ട് ആർജ്ജിക്കുന്നതാണ് അഭ്യാസം. വ്യുൽപ്പത്തി ഒരു കവിയ്ക്ക് ആവശ്യമായ അറിവാണ്. ലോകത്തെയും ശാസ്ത്രത്തെയും കാവ്യത്തെയും ശരിക്കു മനസിലാക്കുന്നതിലൂടെ കൈവരുന്ന വിജ്ഞാനമാണ്.

കേരളവർമ്മയെ സംബന്ധിച്ചിടത്തോളം ജന്മനായുള്ള കാവ്യവാസനയേക്കാൾ പ്രധാനം അഭ്യാസമാണ്. അതുകൊണ്ട് നിരന്തരമായ കാവ്യരചനാപ്രയത്നങ്ങൾ നടത്താനാണ് അദ്ദേഹം കവികളോട് ആവശ്യപ്പെടുന്നത്. തുടർന്ന് അദ്ദേഹം ഭാഷാപോഷിണിസഭയുടെ സ്ഥിരാധ്യക്ഷൻ എന്ന നിലയിൽ സഭയുടെ ലക്ഷ്യത്തെയും പ്രാധാന്യത്തെയും ഇടപെടലുകളെയും കുറിച്ച് വിശദീകരിക്കുകയാണ്. കവികളെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല സഭയുടെ ലക്ഷ്യമെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. മലയാളഭാഷയെ പുഷ്ടിപ്പെടുത്തുക എന്ന ലക്ഷ്യം ഭാഷാപോഷിണിസഭ അതിന്റെ പേരിൽ തന്നെ സംവഹിക്കുന്നുണ്ട്. ആദ്യകാലത്ത് പദ്യരൂപത്തിലുള്ള കൃതികൾ മാത്രമാണ് മലയാളത്തിൽ പ്രചരിച്ചിരുന്നത്. എന്നാലിന്ന് ആധുനിക സാഹിത്യരൂപങ്ങൾക്ക് (കഥ, നോവൽ, ഉപന്യാസം തുടങ്ങിയ ഗദ്യരൂപങ്ങൾക്ക്) പ്രിയം വർദ്ധിച്ചിട്ടുണ്ട്. മദ്രാസ് സർവ്വകലാശാല മലയാളത്തെ ഒരു ഉപഭാഷയായി സ്വീകരിച്ചിട്ടുണ്ട്. തിരുവിതാംകൂർ മഹാരാജാവ് സ്വഭാഷയിൽ പ്രജകൾക്ക് പഠിക്കാൻ അവസരമുണ്ടാക്കുന്നതിനായി മലയാളം പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ഈ കാരണങ്ങളാൽ ഗദ്യഗ്രന്ഥങ്ങൾക്ക് ഇന്ന് പൂർവ്വാധികം പ്രചാരം ലഭിച്ചു തുടങ്ങി. “മലയാളഭാഷയുടെ അവ്യവസ്ഥിതിയും ഗ്രന്ഥ ദുർഭിക്ഷത്താലും ഒരു കാലത്ത് അതിനെക്കുറിച്ച് എനിക്കും ഒരനാസ്ഥ തോന്നിയിരുന്നു'' എന്നു പ്രസ്താവിച്ച കേരളവർമ്മ പരപ്രേരണയാലാണ് താൻ ഭാഷാഭിവൃത്തിക്കായി ആദ്യം പരിശ്രമിച്ചു തുടങ്ങിയതെന്ന് തുറന്നു പറയുന്നു. പക്ഷെ അത്തരം പ്രയത്നങ്ങളുടെ ഫലം അറിഞ്ഞു തുടങ്ങിയ

പ്പോൾ സ്വഭാഷാഭിവൃദ്ധിക്കുവേണ്ടി താൻ യഥാശക്തി പരിശ്രമിച്ചു തുടങ്ങിയെന്നും അത്തരം പരിശ്രമങ്ങളുടെ ഫലമായി മുപ്പത് വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്നതിനേക്കാൾ മലയാള ഭാഷ ഏറെ പരിഷ്കരിക്കപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. തന്റെ കൃതികളിൽ കാണുന്ന സംസ്കൃത പദബാഹുല്യത്തെ പറ്റിയുള്ള വിമർശനത്തെ താൻ ഉൾക്കൊള്ളുന്നതായും എന്നാൽ സംസ്കൃതശബ്ദങ്ങളാണ് വാക്യങ്ങൾക്ക് ഭംഗികൊടുക്കുന്നതെന്ന മിഥ്യാധാരണ ഇന്ന് തന്നിൽ ഇല്ലെന്നും പ്രസംഗമധ്യേ അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

വായനക്കാർക്ക് വിരസതയും ക്ലേശവും ഇല്ലാതെ സുഗ്രഹമായി പ്രതിപാദ്യം അവതരിപ്പിക്കാൻ പറ്റിയ രീതിയിലുള്ള ഒരു ഭാഷയാണ് എഴുത്തുകാർ ഉപയോഗിക്കേണ്ടത്. എങ്കിലും ശബ്ദസൗഷ്ഠവവും വാചകഭംഗിയും വാക്യശുദ്ധിയും തീരെ അവഗണിച്ച് വിശദീകരണം മാത്രം ലക്ഷ്യമാക്കി ശുദ്ധജലപ്രായമായ വാചകങ്ങൾ എഴുതുന്നതും അത്ര നല്ലതല്ലെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. വാക്യശുദ്ധിയും വാക്യഭംഗിയും സാഹിത്യത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. അങ്ങനെ എഴുതണമെങ്കിൽ കുറച്ചെങ്കിലും വ്യുൽപ്പത്തി ആവശ്യമാണ്. സംസ്കൃതത്തിൽ നല്ല വ്യുൽപ്പത്തി ഉണ്ടായതുകൊണ്ടുമാത്രം കാര്യമില്ല. സ്വഭാഷയിലും നല്ല പരിജ്ഞാനം വേണം. അതോടൊപ്പം വാസനാബലവും ഉണ്ടായിരിക്കണം. ഭാഷയുടെ പ്രയോഗ വൈവിധ്യങ്ങൾ മനസ്സിലായിരിക്കണം. ഇത്രയും യോഗ്യതയുള്ള ഒരാൾക്കു മാത്രമേ സരസഗ്രന്ഥങ്ങൾ നിർമ്മിക്കാൻ കഴിയുകയുള്ളു. ഇങ്ങനെ സാഹിത്യകൃതികളുണ്ടാക്കാൻ ഇപ്പോൾ ഏറ്റവും അനുയോജ്യരായിട്ടുള്ളവർ സംസ്കൃതം ഉപഭാഷയായി, ഇംഗ്ലീഷിൽ പഠിച്ച് ബി.എ. പരീക്ഷ ജയിച്ചവരാണ്. അവർ ഉത്സാഹിച്ചാൽ മലയാളത്തിൽ ഇപ്പോഴുള്ള ഗ്രന്ഥദാരിദ്ര്യം ഇല്ലാതാക്കാൻ കഴിയും. ഇങ്ങനെ പുതിയ പുസ്തകങ്ങൾ ഉണ്ടാക്കി ഭാഷയെ പ്രോത്സാഹിപ്പിക്കുന്നതുപോലെ തന്നെ സഭയുടെ മറ്റൊരു ലക്ഷ്യമാണ് മലയാളഭാഷയെ നിലവാരപ്പെടുത്തുക (മാനകീകരിക്കുക) എന്നത്. ഓരോ ദിക്കിലുള്ള ഗ്രന്ഥകാരന്മാർ തങ്ങളുടെ കൃതികളിൽ അതാതുദിക്കിൽ നടപ്പുള്ള പരസ്പര വിലക്ഷണങ്ങളായ ഭാഷാരിതികളെ ഉപയോഗിച്ചുവരുന്നു. ഇങ്ങനെയുള്ള ഭാഷാഭേദങ്ങളിൽ ത്യാജ്യം ഇന്നതെന്നും ഗ്രാഹ്യം ഇന്നതെന്നും എല്ലാ ദിക്കിലും ഉള്ള പണ്ഡിതന്മാർ യോജിച്ച് ആലോചിച്ചു തീർച്ചപ്പെടുത്തേണ്ടതാണ്. വടക്കു ദിക്കിൽ ഉണ്ടാക്കപ്പെടുന്ന പുസ്തകങ്ങളെ തെക്കുള്ള വിദ്വാന്മാരും തെക്കു ദിക്കിൽ നിർമ്മിക്കപ്പെടുന്നവയെ വടക്കുള്ളവരും പരിശോധിച്ച് അഭിപ്രായങ്ങളെ അന്യോന്യം ഗ്രഹിപ്പിച്ച് ഉഭയസമ്മതപ്രകാരം ഒരുവ്യവസ്ഥ ഏർപ്പെടുത്തണം എന്നാണ് കേരളവർമ്മ ആവശ്യപ്പെടുന്നത്. മലയാളഭാഷയുടെ വ്യവസ്ഥീകരണ പരിശ്രമങ്ങളെ മുന്നോട്ട് കൊണ്ടുപോവേണ്ടതെങ്ങനെ എന്ന നിർദ്ദേശമാണ് അദ്ദേഹം ഇതിലൂടെ സദസ്സിന് മുന്നിൽ വയ്ക്കുന്നത്.

താനൊരു പോഷകവിമർശകനാണെന്ന ആക്ഷേപത്തിനും അദ്ദേഹം വിശദീകരണം നൽകുന്നുണ്ട്. "തനിക്ക് അയച്ചുകിട്ടുന്ന പുതിയ ഗ്രന്ഥങ്ങളിലെ ന്യൂനതകളെയെല്ലാം കുറിച്ചെടുക്കുന്നതിനുള്ള അവസരമില്ലായ്കയാലും ദോഷപ്രഖ്യാപനം ചെയ്യുന്നതിനു ദാക്ഷണ്യപ്രയുക്തമായ വൈമുഖ്യത്താലും അവയിലുള്ള ഗുണങ്ങളെ ശ്ലാഘിക്കുക മാത്രമേ പലപ്പോഴും ചെയ്യാറുള്ളൂ''. സാഹിത്യകൃതികളിലെ ഭംഗിയെയും അഭംഗിയെയും പറ്റി ഉണ്ടാകുന്ന അഭിപ്രായഭേദങ്ങളെ പറ്റിയും ഒരു വ്യവസ്ഥ ഉണ്ടാക്കണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. വിമർശനത്തിന്റെ പൊതു മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെടണം എന്ന ആഹ്വാനം കൂടിയാണത്.

തന്റെ പ്രഭാഷണത്തിന്റെ അവസാനഭാഗത്ത് താളിയോലയിലെഴുതപ്പെട്ട ഗ്രന്ഥങ്ങൾ അച്ചടിച്ചു സൂക്ഷിക്കേണ്ടതിന്റെ ആവശ്യത്തെപ്പറ്റിയാണ് അദ്ദേഹം ഒർമ്മിപ്പിക്കുന്നത്. കൊട്ടാരംവക ഗ്രന്ഥപ്പുരകളിലും മറ്റും അവശേഷിക്കുന്ന ഇത്തരം അപൂർവ്വ ഗ്രന്ഥങ്ങൾ നശിച്ചുപോകാതെ സൂക്ഷിക്കണമെന്ന ഭാഷാപോഷിണിസഭയുടെ ലക്ഷ്യം കൈവരിക്കാൻ എല്ലാവരും സഭയുടെ കൂടെ നിൽക്കണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ പ്രസംഗം ഉപസംഹരിക്കുന്നത്.

## അവലോകനം

പ്രധാനമായും നാല് ആശയങ്ങളാണ് കേരളവർമ്മ തന്റെ പ്രസംഗത്തിൽ സംഗ്രഹിച്ചിരിക്കുന്നത്. അതിൽ ഏറ്റവും പ്രധാനം ഉത്കൃഷ്ടമായ കാവ്യരചനയെ പറ്റി അദ്ദേഹം കവികൾക്കു നൽകുന്ന ഉപദേശമാണ്. സംസ്കൃതകാവ്യസിദ്ധാന്തങ്ങൾ പിൻപറ്റുന്ന ഒരു സാഹിത്യചിന്തകനെയാണ് ഇവിടെ നമുക്ക് കാണാൻ കഴിയുക. മലയാളഭാഷാപരിഷ്കരണത്തിനും മാനകീകരണത്തിനുമായി ചില നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കാനാണ് തന്റെ പ്രസംഗത്തിന്റെ രണ്ടാം ഭാഗത്തിൽ അദ്ദേഹം ശ്രമിക്കുന്നത്. 19-ാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിലാണ് ആധുനിക മലയാളഗദ്യം രൂപപ്പെട്ടു തുടങ്ങുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസം, ഇംഗ്ലീഷ് സാഹിത്യവുമായുള്ള സമ്പർക്കം, അച്ചടി, പത്രമാസികകളുടെ ആവിർഭാവം, കഥ, നോവൽ, ഉപന്യാസം തുടങ്ങിയ പാശ്ചാത്യസാഹിത്യ രൂപങ്ങൾക്ക് മലയാളത്തിൽ ലഭിച്ചുതുടങ്ങിയ പ്രചാരം തുടങ്ങിയവയുടെ ഫലമായിട്ടാണ് ഗദ്യഭാഷയ്ക്കും ഗദ്യരൂപങ്ങൾക്കും മലയാളത്തിൽ പ്രചാരമുണ്ടായത്. തുടക്കത്തിൽ ധാരാളം അവ്യവസ്ഥകൾ നിറഞ്ഞതായിരുന്നു ഗദ്യഭാഷ. തെക്കുണ്ടാവുന്ന ഗദ്യകൃതികൾ വടക്കുള്ളവർക്കും വടക്കുണ്ടാവുന്ന ഗദ്യകൃതികൾ തെക്കുള്ളവർക്കും മനസിലാക്കാൻ പ്രയാസമുണ്ടാകുന്ന തരത്തിൽ ധാരാളം ദേശ്യഭേദങ്ങൾ മലയാളത്തിലുണ്ടായിരുന്നു. അതോടൊപ്പം വ്യാകരണപരമായ അവ്യവസ്ഥിതികളും സാധാരണമായിരുന്നു. പല മലയാളങ്ങളിൽ നിന്ന് വടക്കു മുതൽ തെക്കുവരെയുള്ള വായനക്കാർക്ക് ഗ്രഹിക്കാൻ പറ്റുന്ന രീതിയിൽ മലയാളത്തെ അച്ചടി ഗദ്യഭാഷയായി തെരഞ്ഞെടുക്കുക എന്നതും അതിനെ ആധുനികമായ രീതിയിൽ നിലവാരപ്പെടുത്തി ഐക്യരൂപ്യമുണ്ടാക്കുക എന്നതും അന്നത്തെ ഭാഷാപണ്ഡിതരുടെ പ്രധാന ലക്ഷ്യമായിരുന്നു. ഭാഷാപോഷിണിസഭ രൂപീകരിക്കപ്പെട്ടതിനു പിന്നിലുള്ള ഉദ്ദേശ്യവും ഇതുതന്നെ. ഈ ലക്ഷ്യത്തിന്റെ ഭാഗമായിട്ടാണ് സഭ ഉപന്യാസമത്സരങ്ങൾ നടത്തിയിരുന്നത്.

ഗദ്യരചനകളെ പ്രോത്സാഹിപ്പിക്കുക എന്നതും ഗദ്യകൃതികളിലെ ഭാഷാപരമായ തെറ്റുകൾ തിരുത്തി അവയ്ക്ക് ഐക്യരൂപ്യമുണ്ടാക്കി മാനകീകരിക്കുക എന്നതും കേരളവർമ്മയെ പോലുള്ള ഭാഷാചിന്തകരും വിമർശകരും പരമപ്രധാനമായ പ്രവൃത്തിയായി കണ്ടു. ഒരു വിമർശകനെന്നതിലുപരി കേരളവർമ്മ അനുസ്മരിക്കപ്പെടേണ്ടതും മലയാളഗദ്യത്തിന് അദ്ദേഹം നൽകിയ ഇത്തരം സംഭാവനകളെ മുൻനിർത്തിയാണ്. ആധുനികവിമർശന സങ്കല്പങ്ങൾ ആധാരമാക്കി വിലയിരുത്തുമ്പോൾ കേരളവർമ്മയുടെ സമ്മാനദാനപ്രസംഗം വിമർശന വ്യവഹാരങ്ങളുടെ ഭാഗമായി വരുന്നതെല്ലെന്ന് പറയേണ്ടിവരും. ഭാഷാപരിഷ്കരണത്തിനും ഭാഷാപോഷണത്തിനുമാണ് തന്റെ പ്രസംഗത്തിൽ അദ്ദേഹം കൂടുതലായും ഊന്നൽ നൽകുന്നത്. കേരളവർമ്മയുടെ അത്തരം ഇടപെടലുകൾ ആധുനിക മലയാളഗദ്യത്തെ രൂപപ്പെടുത്തുന്നതിലും വളർത്തുന്നതിലും സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട് താനും. മലയാളഭാഷയിലെ ഗ്രന്ഥദാരിദ്ര്യത്തെക്കുറിച്ചും താളിയോല ഗ്രന്ഥങ്ങൾ അച്ചടിച്ചു സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെ പറ്റിയുമാണ് അവസാനഭാഗങ്ങളിൽ അദ്ദേഹം പറയുന്നത്. ഭാഷാസ്നേഹിയായ ഒരു ഭാഷാപണ്ഡിതനെയാണ് ഇവിടെ നമ്മുക്ക് കാണാൻ കഴിയുന്നത്. ഒരു സംസ്കൃതപണ്ഡിതനായിരുന്നിട്ടും മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്കും പോഷണത്തിനും അനവരതം പരിശ്രമിക്കുന്ന ഒരു പണ്ഡിതവ്യക്തിത്വത്തെയാണ് ഈ പ്രസംഗം വെളിപ്പെടുത്തിത്തരുന്നത്.

## Recap

- സംസ്കൃത കാവ്യാസ്വാദന പാരമ്പര്യത്തിലാണ് കേരളവർമ്മ തന്റെ കാവ്യസംസ്കാരത്തെ വികസിപ്പിച്ചത്
- ഭാഷാപോഷിണിസഭയുടെ സ്ഥിരാധ്യക്ഷൻ
- കാവ്യഹേതുക്കളായി സംസ്കൃതാലങ്കാരികന്മാർ പറഞ്ഞുവച്ചിട്ടുള്ള പ്രതിഭ, വ്യുൽപ്പത്തി, അഭ്യാസം എന്നിവ പ്രധാനം
- കവികളെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല സഭയുടെ ലക്ഷ്യം
- വായനക്കാർക്ക് വിരസതയും ക്ലേശവും ഇല്ലാതെ സുഗ്രഹമായി പ്രതിപാദ്യം അവതരിപ്പിക്കാൻ പറ്റിയരീതിയിലുള്ള ഒരു ഭാഷയാണ് എഴുത്തുകാർ ഉപയോഗിക്കേണ്ടത്
- പരപ്രേരണയാലാണ് താൻ ഭാഷാഭിവൃത്തിക്കായി ആദ്യം പരിശ്രമിച്ചു തുടങ്ങിയതെന്ന് തുറന്നു പറയുന്നു
- വാക്യശുദ്ധിയും വാക്യഭംഗിയും സാഹിത്യത്തെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്
- ജന്മനായുള്ള കാവ്യവാസനയേക്കാൾ പ്രധാനം അഭ്യാസമാണ്
- വാസനയുണ്ടെങ്കിലും അഭ്യാസം ഇല്ലാതെ കാവ്യരചന സാധ്യമാവുകയില്ല
- സ്ഥിരപരിശ്രമം എന്നത് കാവ്യരചനയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്
- ധാരാളം ദേശ്യഭേദങ്ങൾ മലയാളത്തിലുണ്ടായിരുന്നു
- ഭാഷാപരിഷ്ക്കരണത്തിനും ഭാഷാപോഷണത്തിനും പ്രസംഗത്തിൽ കൂടുതൽ പ്രാധാന്യം നൽകി
- താളിയോലയിലെഴുതപ്പെട്ട ഗ്രന്ഥങ്ങൾ അച്ചടിച്ചു സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത

## Objective Questions

1. എത് പദത്തിന്റെ തർജ്ജമയായാണ് മലയാളത്തിൽ വിമർശനം എന്ന പദം ഉപയോഗിച്ചിരുന്നത്?
2. ഭാഷാപോഷിണി സഭയുടെ സ്ഥിരാധ്യക്ഷൻ എന്നറിയപ്പെടുന്നതാരാണ്?
3. ആധുനിക മലയാള ഗദ്യത്തിന്റെ പിതാവ്?
4. കേരള കാളിദാസൻ എന്നറിയപ്പെടുന്നതാര്?
5. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ നോവൽ പരിഭാഷ ഏതാണ്?
6. കേരളവർമ്മ വലിയകോയിത്തമ്പുരാൻ രചിച്ച ആട്ടക്കഥകൾ ഏതെല്ലാം?

7. പാഠപുസ്തക കമ്മറ്റിക്ക് നേതൃത്വം കൊടുത്ത കവി ആര്?
8. ദ്വിതീയാക്ഷരപ്രാസം ദീക്ഷിച്ചുകൊണ്ട് കേരളവർമ്മ എഴുതിയ സന്ദേശകാവ്യം?
9. കാവ്യരചനയെ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട പ്രധാന സംഗതി എന്താണ്?
10. കേരളവർമ്മയെ സംബന്ധിച്ചിടത്തോളം ജന്മനായുള്ള കാവ്യവാസനയേക്കാൾ പ്രധാനം എന്തിനാണ്?

## Answers

1. criticism
2. കേരളവർമ്മ വലിയകോയിത്തമ്പുരാൻ
3. കേരളവർമ്മ വലിയകോയിത്തമ്പുരാൻ
4. കേരളവർമ്മ വലിയകോയിത്തമ്പുരാൻ
5. അക്ബർ
6. മത്സ്യവല്ലഭവിജയം, ഹനുമദുദ്ഭവം, ധ്രുവചരിതം
7. കേരളവർമ്മ വലിയകോയിത്തമ്പുരാൻ
8. മയൂരസന്ദേശം
9. സ്ഥിരപരിശ്രമം
10. അഭ്യാസം

## Assignments

1. ഭാഷാപോഷിണി സഭ രൂപീകരിച്ചതിനു പിന്നിലെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് വിവരിക്കുക.
2. മലയാള ഗദ്യത്തെ രൂപപ്പെടുത്തുന്നതിലും വളർത്തുന്നതിലും കേരളവർമ്മ വഹിച്ച പങ്ക് വിശദീകരിക്കുക.
3. സംസ്കൃത ശബ്ദങ്ങളാണ് വാക്യങ്ങൾക്ക് ഭംഗി കൊടുക്കുന്നതെന്ന വാദത്തെ കേരള വർമ്മ വലിയകോയിത്തമ്പുരാൻ ഖണ്ഡിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.
4. എങ്ങനെയുള്ളവർക്കാണ് സംസ്കൃതഗ്രന്ഥങ്ങൾ നിർമ്മിക്കാനുള്ള കഴിവുള്ളത് എന്നാണ് കേരളവർമ്മ പറയുന്നത്. വിലയിരുത്തുക.

5. മലയാളഭാഷയുടെ വ്യവസ്ഥീകരണ പരിശ്രമങ്ങളെ മുന്നോട്ട് കൊണ്ടുപോവേണ്ടതെങ്ങനെയെന്നാണ് കേരളവർമ്മ നിരീക്ഷിക്കുന്നത്.
6. വിമർശനത്തിന്റെ പൊതുമാനദണ്ഡങ്ങൾ പാലിക്കപ്പെടണം എന്നതിനെക്കുറിച്ചുള്ള കേരളവർമ്മയുടെ അഭിപ്രായം വിലയിരുത്തുക.
7. ഭാഷാപോഷിണി സഭ രൂപികരിക്കേണ്ടതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിക്കുക.

## Reference


1. തിക്കുറിശ്ശി ഗംഗാധരൻ, കേരളവർമ്മയുടെ തെരഞ്ഞെടുത്ത കൃതികൾ, എൻ.ബി.എസ്, കോട്ടയം.
2. എ.ആർ. രാജരാജവർമ്മ പ്രബന്ധസംഗ്രഹം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
3. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, തൃശ്ശൂർ.
4. പി.കെ. പരമേശ്വരൻ നായർ, മലയാളസാഹിത്യചരിത്രം, സാഹിത്യ അക്കാദമി, ന്യൂഡൽഹി.
5. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, എസ്.പി.സി.എസ്, കോട്ടയം.
6. എസ്. ഗുപ്തൻ നായർ, ആധുനിക സാഹിത്യം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
7. ഡോ. കെ. രാഘവൻപിള്ള, മലയാള സാഹിത്യത്തിന് കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ സംഭാവന, ഭാഷാപോഷിണി.
8. കേരളവർമ്മ വലിയകോയിത്തമ്പുരാൻ, ദ്വിതീയാക്ഷരപ്രാസം, ഭാഷാപോഷിണി.
9. ഡോ. ഷാജി ജേക്കബ്, പൊതുമണ്ഡലവും മലയാളഭാവനയും.
10. ഡോ. സുകുമാർ അഴീക്കോട് മലയാളസാഹിത്യവിമർശനം, ഡി.സി.ബുക്സ്, കോട്ടയം.

# യൂണിറ്റ് - 2
# നളിനിയുടെ അവതാരിക
### എ.ആർ. രാജരാജവർമ്മ

## Learning Outcomes

- ക്ലാസ്സിക് മാർഗത്തിൽ നിന്ന് റൊമാന്റിക് മാർഗത്തിലേയ്ക്ക് മലയാള വിമർശനം കടന്നതിനെക്കുറിച്ചുള്ള ധാരണയുണ്ടാകുന്നു
- എ.ആറിന്റെ കൃതികളെക്കുറിച്ചുള്ള അറിവുകൾ ലഭിക്കുന്നു
- എ.ആർ. നളിനികാവ്യത്തിന് എഴുതിയ അവതാരികയ്ക്ക് മലയാള വിമർശനത്തിലുള്ള സ്ഥാനത്തെക്കുറിച്ചുള്ള ധാരണ ഉണ്ടാകുന്നു
- കുമാരനാശാനെക്കുറിച്ചും ആശാന്റെ കൃതികളെക്കുറിച്ചും അറിവുകൾ ലഭിക്കുന്നു
- നളിനികാവ്യത്തിന്റെ ആശയം മനസ്സിലാക്കുന്നു

## Prerequisite

20-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലാണ് ഇവിടെ റൊമാന്റിസിസത്തിന് തുടക്കം കുറിച്ചത്. ഭാവനയും വികാരവും ഈ പ്രസ്ഥാനത്തിന്റെ പ്രത്യേകതയാണ്. ഞാനെന്ന ഭാവമാണ് ഇതിന്റെ ആധാരശില. തന്നിലേക്ക് തന്നെ നോക്കി തന്റെ മാനസികാവസ്ഥ മിഴിവോടെ അവതരിപ്പിക്കുകയാണ് കാല്പനിക കലാകാരന്മാർ ചെയ്യുന്നത്. അവർ വികാരത്തിനാണ് പ്രാധാന്യം കല്പിക്കുന്നത്. പ്രണയം ഒരു ചപലതയാണ് എന്ന പറച്ചിലിനെ അവർ എതിർക്കുന്നു. അവർ സ്വപ്നത്തെ യാഥാർഥ്യമാക്കി മാറ്റുന്നു, യാഥാർഥ്യത്തെ സ്വപ്നമാക്കി മാറ്റുകയും ചെയ്യുന്നു. സ്വപ്നാടനത്തിൽ അധിഷ്ഠിതമാണീ കാല്പനികത. കേസരി ബാലകൃഷ്ണപിള്ള റൊമാന്റിക് പ്രസ്ഥാനത്തെ മനം നോക്കി പ്രസ്ഥാനം എന്നു വിളിച്ചത് ഇതുകൊണ്ട് തന്നെയാണ്. ഭാവനാവിലാസമാണ് കാല്പനിക പ്രസ്ഥാനത്തിന്റെ ആത്മാവ്. മനുഷ്യന് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്നവരാണ് കാല്പനികർ. അവർ സ്വാതന്ത്ര്യനിഷേധത്തെ ഏതു വിധേനയും എതിർക്കും. 1907-ൽ കുമാരനാശാൻ വീണപൂവ് പ്രസിദ്ധീകരിച്ചതോടെ മലയാള സാഹിത്യത്തിൽ കാല്പനിക പ്രസ്ഥാനം ഉദയം ചെയ്തു.

**എ.ആർ. രാജരാജവർമ്മ**

എ.ആർ. രാജരാജവർമ്മ സാമ്പ്രദായിക രീതി വിട്ട് പുതിയ അഭിവീക്ഷണത്തോടെ സാഹിത്യവിമർശനത്തിന് പുരോഗമനപരമായ ചാലു തുറന്ന പ്രതിഭാധനനാണ്. 1912 മുതൽ 1936 വരെയുള്ള മലയാളസാഹിത്യവിമർശനത്തെ രാജരാജവർമ്മയുഗം എന്നാണ് ഡോ. സുകുമാർ അഴീക്കോട് വിശേഷിപ്പിക്കുന്നത് . ക്ലാസിക് മാർഗ്ഗത്തിൽ നിന്ന് റൊമാന്റിക് മാർഗ്ഗത്തിലേക്ക് മലയാളവിമർശനം സഞ്ചരിച്ചത് രാജരാജവർമ്മയോടുകൂടിയാണെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു. നമ്മുടെ കാവ്യപ്രസ്ഥാനം ശബ്ദപക്ഷത്തു നിന്ന് അർത്ഥപക്ഷത്തിലേക്ക് മാറിയത് എ.ആർ. രാജരാജവർമ്മയുടെ വരവോടുകൂടിയാണെന്ന് ജോസഫ് മുണ്ടശ്ശേരിയും സൂചിപ്പിക്കുന്നുണ്ട്. വിമർശനരംഗത്തുള്ള സംഭാവനകളേക്കാൾ എ.ആറിനെ കാലാതിവർത്തിയാ



എ.ആർ. രാജരാജവർമ്മ

ക്കിയത് കേരളപാണിനീയം, ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം തുടങ്ങിയ വ്യാകരണ-സൗന്ദര്യശാസ്ത്ര കൃതികളാണ്. കവി, വിവർത്തകൻ എന്നീ നിലകളിലും അദ്ദേഹം പ്രശസ്തനാണ്. എ.ആറിന്റെ വിമർശന സംഭാവനകളിൽ ഏറ്റവും പ്രധാനം കുമാരനാശാന്റെ നളിനി എന്ന ഖണ്ഡകാവ്യത്തിന് അദ്ദേഹം എഴുതിയ ഹ്രസ്വമായ അവതാരികയാണ് (1911). ഈ അവതാരികയോടുകൂടിയാണ് മലയാളവിമർശനത്തിന് പ്രായപൂർത്തിവന്നതെന്ന് ഡോ. സുകുമാർ അഴീക്കോട് രേഖപ്പെടുത്തുന്നു. മലയാളവിമർശനചരിത്രത്തിൽ ഒരു നാഴികക്കല്ലായി അടയാളപ്പെടുത്തപ്പെട്ട നിരൂപണമാണ് പ്രസ്തുത അവതാരിക. "നളിനിയിൽ പുതിയ കാവ്യപ്രസ്ഥാനം എന്ന പോലെ ആ അവതാരികയിൽ ഒരു പുതിയ വിമർശനപ്രസ്ഥാനവും ജന്മം കൊണ്ടു എന്ന് 'മലയാളസാഹിത്യവിമർശന'ത്തിൽ ഡോ. സുകുമാർ അഴീക്കോട് രേഖപ്പെടുത്തിയത് പ്രസ്തുത അവതാരികയുടെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു.

ആധുനികാർത്ഥത്തിൽ വിമർശനമെന്ന് വിശേഷിപ്പിക്കാവുന്ന കൃതികൾ എ.ആറിന്റെതായി അധികമില്ലെങ്കിലും നളിനി, മയൂരസന്ദേശം, നളചരിതം ആട്ടക്കഥ തുടങ്ങിയ കൃതികൾക്ക് അദ്ദേഹമെഴുതിയ അവതാരികകൾ വിമർശനസ്വഭാവം പുലർത്തുന്നവയാണ്. കാവ്യത്തിൽ ശബ്ദഭംഗിയേക്കാൾ പ്രധാനം അർത്ഥഭംഗിയാണ് എന്ന് പ്രാസവാദത്തിൽ അദ്ദേഹം എടുത്ത നിലപാടുകളും മലയാളവിമർശന വ്യവഹാരങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. കേരളപാണിനീയം രചിച്ചതോടെ കേരളപാണിനി എന്ന് അദ്ദേഹം അറിയപ്പെട്ടു. സാഹിത്യ വിമർശനത്തിന്റെ സൂക്ഷ്മഭാവങ്ങളിലേക്ക് ഇറങ്ങി ചെല്ലാനുള്ള ഒരു തന്റേടം ആദ്യം പ്രദർശിപ്പിച്ചത് എ.ആർ. രാജരാജവർമ്മയാണ്. അദ്ദേഹം നളിനിയ്ക്കെഴുതിയ ചെറിയ അവതാരികയും നളചരിതത്തിനെഴുതിയ വലിയ അവതാരികയും അദ്ദേഹത്തിന്റെ പാണ്ഡിത്യമാണ് കാണിച്ചുതരുന്നത്.

കേരളവർമ്മയുടെ മണിപ്രവാളശാകുന്തളം, മയൂര സന്ദേശം എന്നിവയ്ക്ക് എഴുതിയ അവതാരികയും ശ്രദ്ധേയമാണ്. ഭാഷാകുമാരസംഭവം, മലയാളശാകുന്തളം, സ്വപ്നവാസവദത്തം, മാളവികാഗ്നിമിത്രം, ഭംഗവിലാപം എന്നിവ എ.ആറിന്റെ തർജ്ജമകളാണ്. എ.ആറിന്റെ പ്രബന്ധ സംഗ്രഹത്തിലെ ലേഖനങ്ങൾ അദ്ദേഹത്തിന്റെ വീക്ഷണം വ്യക്തമാക്കുന്നു. എ.ആറിന്റെ സാഹിത്യസപര്യയുടെ കാലത്ത് മലയാള സാഹിത്യവും ഭാഷയും കേരള ജീവിതവുമെല്ലാം മാറി കൊണ്ടിരുന്ന അവസ്ഥയായിരുന്നു. ഈയൊരു സംക്രമണകാലത്തെ പ്രതിനിധീകരിക്കുന്നതു കൊണ്ട് എ.ആറിനെ മലയാള സാഹിത്യചരിത്രത്തിലെ സംക്രമപുരുഷൻ എന്നു വിളിക്കുന്നു.

**പ്രധാനകൃതികൾ**

ആംഗലസാമ്രാജ്യം, മേഘദൂതം, മലയവിലാസം, കേരളപാണിനീയം, ഉദ്ദാലചരിതം, ഭാഷാഭൂഷണം, വൃത്തമഞ്ജരി, നളചരിത വ്യാഖ്യാനം, മയൂരസന്ദേശ വ്യാഖ്യാനം, മണിദീപിക, മലയാളശാകുന്തളം തർജ്ജമ, സാഹിത്യസാഹ്യം.

## Keywords

ഗതാനുഗതികത്വം - നവനവോല്ലേഖകല്പന - ഖണ്ഡകാവ്യം - കാല്പനികത - സംഭോഗശൃംഗാരം - വിപ്രലംഭശൃംഗാരം


## Discussion

തിരുവനന്തപുരം ജില്ലയിലെ കായിക്കര എന്ന സ്ഥലത്താണ് കുമാരനാശാൻ ജനിച്ചത്. മഹാകാവ്യം എഴുതാതെ മഹാകവിയായ കുമാരനാശാൻ കേരളത്തിന്റെ നവോത്ഥാനത്തിലും മലയാളകവിതയിലെ സാമൂഹികതയിലും ഒരുപോലെ തന്റെ സാന്നിദ്ധ്യം അറിയിച്ചു. വളരെ ചെറുപ്പത്തിൽ തന്നെ കുമാരനാശാൻ സംസ്കൃതശ്ലോകങ്ങളും മഹാകാവ്യങ്ങളും ഒക്കെ ഹൃദ്യസ്ഥമാക്കിയിരുന്നു. അദ്ദേഹം ഒരു കുടിപ്പള്ളിക്കുടത്തിൽ കുട്ടികളെ പഠിപ്പിക്കുകയും ചെയ്തിരുന്നു. കുമാരു എന്ന കുട്ടി അങ്ങനെ കുമാരനാശാൻ ആയിത്തീർന്നു. അക്കാലഘട്ടത്തിൽ ആശാൻ ചില കൃതികൾ പ്രത്യേകിച്ച് പാട്ടുകളും ശ്ലോകങ്ങളുമൊക്കെ എഴുതിയിരുന്നു. അദ്ദേഹത്തിന്റെ സുബ്രഹ്മണ്യസ്തോത്രം എന്ന കൃതി പ്രസിദ്ധമാണ്. പിന്നീട് അദ്ദേഹം ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനായി അരുവിക്കരയിൽ കുറച്ചു നാൾ താമസിച്ചു.

ആധുനിക മലയാള കവിതയുടെ ആത്മസത്തയുടെ നിദർശനമായി കരുതുന്നു ആശാൻ കവിതകൾ. തെളിഞ്ഞു തെളിഞ്ഞു വരുന്ന ചിന്തകളുടെയും ഊറിയൂറി വരുന്ന കാവ്യാനുഭൂതികളുടെയും നീരുറവകളത്രേ ആശാൻ കവിതകൾ. കാല്പനിക പ്രസ്ഥാനത്തിൽപ്പെട്ടവയാണ് കുമാരനാശാന്റെ മിക്ക കൃതികളും. നളിനി, ലീല, ചിന്താവിഷ്ടയായ സീത, വീണപൂവ്, ചണ്ഡാലഭിക്ഷുകി, പ്രരോദനം, ഗ്രാമവൃക്ഷത്തിലെ കുയിൽ, ദുരവസ്ഥ, ശ്രീബുദ്ധചരിതം, കരുണ, മണിമാല, പുഷ്പവാടി, വിചിത്രവിജയം (നാടകം) എന്നിവയാണ് ആശാന്റെ പ്രധാനകൃതികൾ.

1907-ലാണ് വീണപൂവ് എന്ന പ്രസിദ്ധമായ കാവ്യം പുറത്തിറങ്ങുന്നത്. 1911-ലാണ് നളിനി പ്രസിദ്ധപ്പെടുത്തുന്നത്. ഭാവഭദ്രതയാണ് ആശാൻ കവിതകളുടെ മുഖമുദ്ര. ആസ്വാദനത്തെക്കാളേറെ ഉദ്ബോധനപരങ്ങളാണ് ആശാന്റെ കവിതകൾ. മനുഷ്യജീവിതമാണ് ആശാന്റെ അന്വേഷണമണ്ഡലം. ആശാന്റെ കവിതകളിൽ ദാർശനികത്വം, ശാശ്വതമായതിനെക്കുറിച്ചുള്ള വ്യക്തമായ ബോധം എന്നിവ നിറഞ്ഞിരിക്കുന്നു. മാനവികതയുടെ വക്താവ് എന്ന നിലയിൽ തനതായ വീക്ഷണം ആശാനുണ്ടായിരുന്നു. ആശാന്റെ പ്രധാന കൃതികളെല്ലാം ആദ്ധ്യാത്മിക ദർശനത്തിന്റെ പവിത്രാന്തരീക്ഷത്തിൽ എത്തിനിൽക്കുന്നു.



കുമാരനാശാൻ

നളിനിയും ദിവാകരനുമാണ് 'നളിനി' എന്ന ഖണ്ഡകാവ്യത്തിലെ നായികയും നായകനും. മിഴിവേറിയ ആവിഷ്ക്കാരമാണ് നളിനി എന്ന ഖണ്ഡകാവ്യം. ഈ കാവ്യത്തിന് 'ഒരു സ്നേഹം' എന്നുകൂടി പേരുണ്ട്. കുട്ടിക്കാലം മുതൽ ഒരുമിച്ച് കളിച്ചു നടന്ന നളിനിയും ദിവാകരനും യൗവനം തുടങ്ങിയപ്പോൾ അനുരാഗബദ്ധരായി. പക്ഷെ ദിവാകരൻ സന്യാസജീവിതം സ്വീകരിക്കുകയാണ് ചെയ്തത്. നളിനി ദിവാകരന്റെ മടങ്ങി വരവ് പ്രതീക്ഷിച്ച് കാത്തിരുന്നു. ഈ സമയത്ത് നളിനിക്ക് വേറെ വിവാഹാലോചനകൾ

നടക്കുന്നു. നളിനി ഇതറിയുകയും അവൾ വീടു വിട്ടുപോവുകയും ചെയ്യുന്നു. തന്റെ ജീവിതത്തിന് ഒരർത്ഥവുമില്ലെന്ന് തോന്നിയ നളിനി നദിയിൽ ചാടി ആത്മഹത്യ ചെയ്യാൻ ഒരുങ്ങുന്നു. ജലപ്രവാഹത്തിലേക്കു ചാടിയ അവളെ ഒരു താപസി രക്ഷപ്പെടുത്തുന്നു. അതിനുശേഷം ആ താപസിയോടൊപ്പം സന്യാസ ജീവിതമാണ് നളിനി നയിച്ചത്. കുറെ വർഷങ്ങൾക്ക് ശേഷം നളിനി ഹിമാലയ സാനുക്കളിൽ വച്ച് ദിവാകരയോഗിയെ കണ്ടു മുട്ടുന്നു. നളിനി ദിവാകരനോട് തന്റെ പ്രണയം ഉണർത്തിക്കുന്നു. പക്ഷെ ദിവാകരൻ അവളുടെ വാക്കുകൾ ഒന്നും ചെവിക്കൊണ്ടില്ല. ദിവാകരൻ അവൾക്ക് ഉപദേശങ്ങൾ നൽകുന്നു. പ്രേമതപസ്വിനിയായ നളിനി ദിവാകരന്റെ മാറ് ചരമശയ്യയാക്കുന്നു. അവളെ സംബന്ധിച്ചിടത്തോളം മരണം പ്രണയസാഫല്യം തന്നെയായിരുന്നു. മരണത്തെയും അതിവർത്തിക്കുന്ന പ്രണയം യോഗിവര്യനായ ദിവാകരനെ വനാന്തരങ്ങളിൽ നിന്ന് മനുഷ്യ സേവനോത്സുകനായി നഗരത്തിലേക്ക് മടങ്ങിവരാൻ പ്രേരിപ്പിക്കുന്നു.

നളിനി ഖണ്ഡകാവ്യത്തിന് എ.ആർ എഴുതിയ അവതാരികയും ഈ കാവ്യത്തിന്റെ മനോഹാരിതകൂട്ടുന്നു. സംസ്കൃത-ആംഗലസാഹിത്യങ്ങളുമായുള്ള ചിരപരിചയം കൊണ്ട് സിദ്ധിച്ച കാവ്യസംസ്കാരത്തിന്റെ അടിത്തറയിൽ നിന്നാണ് എ.ആർ. അന്നത്തെ സാഹിത്യകൃതികളെ വായിച്ചത്. അതുകൊണ്ടുതന്നെ ക്ലാസിക് പാരമ്പര്യങ്ങളെ മറികടന്നു വരുന്ന പുതിയ കാല്പനിക ഭാവുകത്വത്തെ പെട്ടെന്ന് തിരിച്ചറിയാനും അടയാളപ്പെടുത്താനും അദ്ദേഹത്തിനു കഴിഞ്ഞു.

കുമാരനാശാന്റെ 'നളിനി' എന്ന ഖണ്ഡകാവ്യം മലയാളത്തിൽ ഒരു പുതിയ കാവ്യപ്രസ്ഥാനത്തിന് തുടക്കം കുറിക്കുമെന്ന് ദീർഘദർശനം ചെയ്യാൻ അതിന്റെ അവതാരികയിൽ എ.ആറിനു സാധിച്ചു. ഗതാനുഗതികത്വത്തേക്കാൾ നവനവോല്ലേഖകല്പനയിലാണ് കവികൾ അധികം ദൃഷ്ടിവയ്ക്കേണ്ടതെന്ന അവതാരികയിലെ ആദ്യവാക്യം തന്നെ അന്നത്തെ കാവ്യസംസ്കാരം മാറേണ്ടതിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു. ഈ ആശയവും ദ്വിതീയാക്ഷര പ്രാസവാദം സംബന്ധിച്ചുണ്ടായ സംവാദങ്ങളും നോക്കുമ്പോൾ മനസ്സിലാക്കാം മലയാളസാഹിത്യവിമർശനത്തിന്റെ വേരുകൾ എവിടെയാണ് ഉള്ളതെന്ന്. ഇക്കാലത്തെ കവിതാഗതി നോക്കുമ്പോൾ ഇതൊരു പുതിയ പ്രസ്ഥാനമാണെന്നതിനു സംശയമില്ല. ഏതെങ്കിലും ഒരു പഴയ ഇതിവൃത്തം എടുത്ത് വല്ല പൊടിയും വെച്ച് കുറച്ചൊന്നു മിനുക്കി ആദ്യവസാനം ഓരോ മംഗളവും ചേർത്ത് ചൊല്ലുന്നതല്ല കവിയുടെ മനോധർമ്മമെന്ന് ഈ കാവ്യത്തിന്റെ പുറമേയുള്ള ആകൃതി കൊണ്ട് തന്നെ അറിയാവുന്നതാണ്. അവതാരികയിലെ ഈ അഭിപ്രായം മലയാളസാഹിത്യം എവിടേക്കാണ് സഞ്ചരിക്കേണ്ടത് എന്നുള്ളതിനെക്കുറിച്ച് വ്യക്തമായ ഒരു ധാരണ നൽകുന്നുണ്ട്. കലാവസ്തു പഴയതായാലും പുതിയതായാലും അതിന്റെ നിർവ്വഹണം കാര്യമെല്ലാം സാധിച്ച് ഭരതവാക്യവും കൂടി കഴിഞ്ഞിട്ടായിരിക്കണമെന്ന് ഭാഷാകവികൾക്കല്ല സംസ്കൃത കവികൾക്കു കൂടി പണ്ടേയ്ക്കു പണ്ടേ തന്നെ വലിയ നിർബന്ധമുള്ളതുപോലെയാണ് കണ്ടു വരുന്നത്. സംഭോഗശൃംഗാരത്തെക്കാൾ വിപ്രലംഭശൃംഗാരത്തിന് ആസ്വാദ്യത കൂടുതലാണ്. ഈ കാര്യത്തിൽ ആർക്കും എതിരഭിപ്രായവും ഇല്ല. എന്നാലും കാവ്യത്തിന്റെ രസം നശിപ്പിച്ചുകൊണ്ട് കാവ്യരചന നടത്തേണ്ടതിന്റെ ആവശ്യമില്ലെന്ന് ആശാൻ ഈ കാവ്യത്തിലൂടെ തെളിയിച്ചിരിക്കുന്നു.

പ്രാസവാദത്തിന്റെ പ്രതിധ്വനികൾ ഈ അവതാരികയിൽ പ്രകടമാണ്. 'നവനവോല്ലേഖ'ത്തെപ്പറ്റിയുള്ള പ്രശംസ,'ഗതാനുഗതകത്വ'ത്തിനെക്കുറിച്ചുള്ള വിമർശനം, ആമ്പലും അമ്പിളിയും വണ്ടും തണ്ടാരും പോലുള്ള പതിവ് അലങ്കാരങ്ങളെപ്പറ്റിയുള്ള പരിഹാസം, കവിയുടെ ശബ്ദത്തെ സംബന്ധിച്ച നിർബന്ധങ്ങളുടെ നേരേയുള്ള ആക്ഷേപം ഇവയെല്ലാം പ്രാസവാദത്തിന് എതിരായുള്ള ഉദ്ദേശത്തോടെ എഴുതപ്പെട്ടവയാണ്. കൂടാതെ ദ്വിതിയാക്ഷരപ്രാസവാദകാലത്തിൽ എ.ആർ പുറപ്പെടുവിച്ചിട്ടില്ലാത്ത വിശേഷപ്പെട്ട ചില വാദഗതികൾ നളിനിയുടെ അവതാരികയിൽ നിന്ന് കണ്ടെത്താൻ കഴിയും.

പൂർവ്വകവികൾ സഞ്ചരിച്ച വഴികളിലൂടെ

നടന്നു പോകുന്നതിനുപകരം പുതിയ കാവ്യ വഴികൾ കവികൾ വെട്ടിത്തുറക്കേണ്ടതുണ്ട്. പഴകിപ്പതിഞ്ഞ കാവ്യഭാവുകത്വം മാറ്റണമെന്ന പ്രഖ്യാപനമാണ് അവതാരികയുടെ ആദ്യഭാഗത്തുതന്നെ അദ്ദേഹം നടത്തുന്നത്. പഴയ ഇതിവൃത്തത്തിനും അലങ്കാരങ്ങൾക്കും പകരം പുതിയ ഇതിവൃത്തങ്ങളും അലങ്കാരങ്ങളും കണ്ടെത്തുക, തുടങ്ങിയ കാര്യങ്ങളിൽ ഇനിയുള്ള കവികൾ 'നളിനി' കാവ്യത്തെ മാതൃകയാക്കണമെന്ന സൂചനയും അവതാരികയിലുണ്ട്. ശൃംഗാരത്തെ പരിശുദ്ധമായ അനുരാഗമാക്കി സത്വഗുണപ്രധാനമാക്കി മാറ്റിയിരിക്കുന്നു എന്നതാണ് 'നളിനി'യുടെ ഭാവപരമായ പുതുമയായി അദ്ദേഹം കാണുന്നത്. അതോടൊപ്പം പുരാണകഥകളെ പരിത്യജിച്ച് കല്പിതമായ ഒരു പുതിയ ഇതിവൃത്തം സ്വീകരിച്ചതിലും 'നളിനി' അന്യാദൃശത്വം കാത്തുസൂക്ഷിച്ചു. കഥാവസ്തു ശുഭപര്യവസായിയായിരിക്കണം എന്ന പഴയ ശാഠ്യവും 'നളിനി' നിലനിർത്തുന്നില്ല. ശബ്ദഭംഗിയേക്കാൾ അർത്ഥഭംഗിയിൽ ശ്രദ്ധിക്കുക വഴിയും നളിനി പഴയകാവ്യ പാരമ്പര്യത്തിൽ നിന്ന് വേറിട്ടുനിൽക്കുന്നു.

"ഏകകാര്യ മഥവാ ബഹൂത്ഥമാം
ഏകഹേതു ബഹുകാര്യകാരിയാം" - ഒരു കാര്യത്തിന് പല കാരണവും ഒരു കാരണത്തിൽ നിന്നും പല കാര്യങ്ങളും ഉണ്ടായെന്നു വരാം എന്നുള്ള വരികളിലൊക്കെ അർത്ഥത്തിനുള്ള പ്രാധാന്യം കവി എടുത്തു കാട്ടുന്നുണ്ട്. അർത്ഥകല്പനയിൽ ഇത്രത്തോളം നിഷ്കർഷ ആശാൻ പുലർത്തിയതുപോലെ, ശബ്ദബന്ധത്തെ സംബന്ധിച്ച നിർബന്ധങ്ങളിൽ ചിലത് ഒഴിവാക്കുകയും കൂടി ചെയ്തിരുന്നു എങ്കിൽ ഈ കാവ്യത്തിന് ഭംഗി കുറച്ചുകൂടി കൂടുമായിരുന്നില്ലേ എന്നൊരു ചോദ്യം കൂടി എ.ആർ. ചോദിക്കുന്നുണ്ട്.

ചുരുക്കത്തിൽ, മനോഹരമായ സംഭോഗശൃംഗാരത്തിന്റെ ഉത്തമകാഷ്ഠയിൽ തന്നെ ഈ കാവ്യം പര്യവസാനിച്ചതായി കാണാം. ശൃംഗാരമെന്നു പറഞ്ഞു വരുന്ന ഭാവത്തിൽ ഏതു ദശവരെ സഹൃദയന്മാർക്ക് ആസ്വാദ്യത കൂടിക്കൂടി വരുന്നുവോ ആ ദശയിലാണ് ഇതിലെ നായികയുടെ ഭാവം നിലനിർത്തിയിരിക്കുന്നത്. നായകൻ അത്രയും കൊണ്ട് നിർവൃതനുമാണ്. നളിനിയെന്ന കാവ്യം ബ്രഹ്മാനന്ദത്തേക്കാൾ ഒരുപടി മാത്രം താഴെ നിൽക്കുന്ന ഒരു രസാനുഭൂതി വായനക്കാർക്ക് നൽകുന്നുവെന്ന് പ്രസ്താവിച്ചുകൊണ്ടാണ് തന്റെ അവതാരിക അദ്ദേഹം അവസാനിപ്പിക്കുന്നത്.

## അവലോകനം

'നളിനി' എന്ന കാവ്യത്തിന്റെ പുതുമയും അപൂർവ്വതയും ചാരുതയും കണ്ടെത്താൻ എ. ആറിന് കഴിഞ്ഞുവെന്നതിന്റെ സാക്ഷ്യപത്രമാണ് അതിനദ്ദേഹമെഴുതിയ അവതാരിക. മലയാളസാഹിത്യത്തിൽ ഭാവുകത്വ മാറ്റത്തിനുവേണ്ടിയുള്ള ആഹ്വാനത്തിന്റെ തുടക്കം സി.പി. അച്യുതമേനോനിൽ കാണാമെങ്കിലും അത് വളരെ കൃത്യമായി, അവസരോചിതമായി ഉദാഹരണസഹിതം വ്യക്തമാക്കാൻ എ.ആറിന് ഈ അവതാരികയിലൂടെ കഴിഞ്ഞു. കാവ്യത്തിലെ ചർവ്വിതചർവ്വണ പ്രവണതകളെപ്പറ്റിയും നിരർത്ഥകപദപ്രയോഗങ്ങളെപ്പറ്റിയും അച്യുതമേനോൻ തന്റെ നിരൂപണങ്ങളിലൂടെ നിരന്തരം കലഹിച്ചിരുന്നു. പ്രാസവാദത്തിന്റെ തുടക്കം തന്നെ വിദ്യാവിനോദിനിയിലെ ലേഖനങ്ങളിൽ നിന്നാണെന്നതും ഓർമ്മിക്കേണ്ടതാണ്. സി.പി.യുടെ നിരൂപണ വഴികളിലൂടെ സഞ്ചരിച്ചതുകൊണ്ടാണ് എ.ആറിന് 'നളിനി' യുടെ മഹത്വം കണ്ടെത്താൻ സാധിച്ചത്. വെണ്മണിപാരമ്പര്യത്തെയല്ല ഇനി പ്രോത്സാഹിപ്പിക്കേണ്ടതെന്നും കാവ്യവാസനയുള്ള കവികൾ ഭാവുകത്വപരമായ പുതുമ കൊണ്ടുവരാനാണ് ശ്രമിക്കേണ്ടതെന്നുമുള്ള സൂചന ഈ അവതാരികയിൽ അദ്ദേഹം നൽകുന്നുണ്ട്.

അർത്ഥകല്പനയിൽ നിഷ്കർഷ ചെയ്തിട്ടുള്ളതുപോലെ ശബ്ദബന്ധത്തെ സംബന്ധിച്ച നിർബന്ധങ്ങളിൽ ചിലത് ഒഴിവാക്കുകയും കൂടി ചെയ്തിരുന്നു എങ്കിൽ ഈ കാവ്യത്തിന് ഭംഗി കുറച്ചുകൂടി ഉണ്ടാകുമായിരുന്നില്ലേ എന്നൊരു ചോദ്യം കൂടി ഉയർന്നു വരുന്നുണ്ട്. ഇതിവൃത്തത്തിലും പ്രതിപാദനത്തിലും പുതുമ പ്രദർശിപ്പിച്ച കാവ്യമാണ് നളിനി. നളിനി ദിവാകരന്മാർ സ്നേഹത്തിന്റെ ബലിവേദിയിൽ ആത്മാഹുതി ചെയ്യുന്നതായിട്ടാണ് നളിനിയിൽ വരച്ചുകാട്ടുന്ന

ത്. പുരാണകഥാപാത്രങ്ങളെ ഉപയോഗിച്ച് കാവ്യരചന നടത്തിയിരുന്ന കാലത്താണ് ആശാൻ കാല്പനിക കാവ്യമായ നളിനി എഴുതിയത്. അതുകൊണ്ടാണ് നളിനിയെ നവീന കാവ്യമായി കണക്കാക്കുന്നതും. അന്നു നിലവിലിരുന്ന കവിതാരീതി അനുസരിച്ച് നളിനി വായനക്കാരിലേക്ക് എത്തുമോ എന്ന് കുമാരനാശാന് സംശയം ഉണ്ടായിരുന്നു. വായനക്കാരുടെ ശ്രദ്ധ ആകർഷിക്കാൻ വേണ്ടി എ.ആറിന്റെ അവതാരിക കൂടി അതിൽ ഉൾക്കൊള്ളിച്ചത് ഏറെ ഉചിതവുമായി.

## Recap

- എ.ആറിന്റെ വിമർശന സംഭാവനകളിൽ ഏറ്റവും പ്രധാനം കുമാരനാശാന്റെ നളിനി എന്ന ഖണ്ഡകാവ്യത്തിന് അദ്ദേഹം എഴുതിയ ഹ്രസ്വമായ അവതാരികയാണ്
- കാല്പനിക പ്രസ്ഥാനത്തിൽപ്പെട്ടവയാണ് കുമാരനാശാന്റെ മിക്ക കൃതികളും
- പ്രാസവാദത്തിന്റെ തുടക്കം തന്നെ വിദ്യാവിനോദിനിയിലെ ലേഖനങ്ങളിൽ നിന്നാണെന്നതും ഓർമ്മിക്കേണ്ടതാണ്
- വെണ്മണി പാരമ്പര്യത്തെയല്ല പ്രോത്സാഹിപ്പിക്കേണ്ടതെന്നും ഭാവുകത്വപരമായ പുതുമ കാവ്യലോകത്ത് കൊണ്ടു വരണമെന്നും ഉള്ള അഭിപ്രായം
- കഥാവസാനം ശുഭപര്യവസായിയായിരിക്കണം എന്ന പഴയ ശാഠ്യവും 'നളിനി' നിലനിർത്തുന്നില്ല
- നളിനി ദിവാകരന്മാർ സ്നേഹത്തിന്റെ ബലിവേദിയിൽ ആത്മാഹുതി ചെയ്യുന്നതായിട്ടാണ് നളിനിയിൽ വരച്ചുകാട്ടുന്നത്
- ശബ്ദഭംഗിയേക്കാൾ അർത്ഥഭംഗിയിൽ ശ്രദ്ധിക്കുകവഴി നളിനി പഴയകാവ്യ പാരമ്പര്യത്തിൽ നിന്ന് വേറിട്ടുനിൽക്കുന്നു
- കുമാരനാശാന്റെ സുബ്രഹ്മണ്യസ്തോത്രം എന്ന കൃതി പ്രസിദ്ധമാണ്
- ശൃംഗാരത്തെ പരിശുദ്ധമായ അനുരാഗമാക്കി, സത്വഗുണപ്രധാനമാക്കി മാറ്റിയിരിക്കുന്നു
- ഇതിവൃത്തത്തിലും പ്രതിപാദനത്തിലും പുതുമ പ്രദർശിപ്പിച്ച കാവ്യമാണ് നളിനി
- മനോഹരമായ സംഭോഗശൃംഗാരത്തിൽ അവസാനിക്കുന്നു നളിനിയെന്ന കാവ്യം
- നളിനിയെയും ദിവാകരനെയും തമ്മിൽ സന്ധിപ്പിക്കാൻ പ്രകൃതി തന്നെ കാരണമാകുന്നു
- പഴകിപ്പതിഞ്ഞ കാവ്യഭാവുകത്വം മാറ്റണമെന്ന പ്രഖ്യാപനം
- ഒന്നിനെ നിരസിച്ചു കൊണ്ടല്ല മറ്റൊന്നു സാക്ഷാത്ക്കരിക്കേണ്ടതെന്ന് തത്വചിന്താപരമായി ആശാൻ വ്യക്തമാക്കുന്നു
- മലയാള സാഹിത്യം എവിടേക്കാണ് സഞ്ചരിക്കേണ്ടത് എന്നുള്ളതിനെക്കുറിച്ച് വ്യക്തമായ ഒരു ധാരണ നൽകുന്നുണ്ട്
- പൂർവ്വ കവികൾ സഞ്ചരിച്ച വഴികളിലൂടെ കടന്നുപോകുന്നതിന് പകരം പുതിയ കാവ്യവഴികൾ വെട്ടിത്തുറക്കേണ്ടതുണ്ട്?

- ബ്രഹ്മാനന്ദത്തേക്കാൾ ഒരു പടി മാത്രം താഴെ നിൽക്കുന്ന രസാനുഭൂതി വായനക്കാർക്ക് നൽകുന്നു
- പുരാണകഥകളെ പരിത്യജിച്ച് കല്പിതമായ ഒരു ഇതിവൃത്തം സ്വീകരിച്ചതിലും നളിനി അന്യാദൃശ്യത്വം കാത്തുസൂക്ഷിച്ചു

## Objective Questions

1. കുമാരനാശാന്റെ നളിനിക്ക് അവതാരിക എഴുതിയത് ആര്?
2. എ.ആറിന്റെ ഏതു നിർദ്ദേശമാണ് മലയാള സാഹിത്യത്തിന് ഒരു പുതിയ തുടക്കം കുറിച്ചത്?
3. ഒരു സ്നേഹം എന്നു കൂടി പേരുള്ള കവിത ഏത്?
4. നളിനി കാവ്യത്തിൽ എത്ര ശ്ലോകങ്ങൾ ഉണ്ട്?
5. നളിനി കാവ്യം ആരംഭിക്കുന്നത് എതിന്റെ പശ്ചാത്തലത്തിലാണ്?
6. ആംഗലസാമ്രാജ്യം എന്ന കൃതി രചിച്ചതാരാണ് ?
7. കുമാരനാശാന്റെ ജന്മസ്ഥലമേത്?
8. നളിനിയുടെ ഭാവപരമായ പുതുമ എന്ത്?

## Answers

1. എ.ആർ. രാജരാജവർമ്മ
2. സാഹിത്യം നവനവോല്ലേഖ കല്പന ദീക്ഷിക്കണം
3. നളിനി
4. 173
5. ഹിമാലയം
6. എ.ആർ. രാജരാജവർമ്മ
7. കായിക്കര
8. ശൃംഗാരത്തെ പരിശുദ്ധമായ അനുരാഗമാക്കി സത്വഗുണമാക്കി മാറ്റിയിരിക്കുന്നു

## Assignments

1. മലയാളസാഹിത്യ വിമർശനത്തിൽ നളിനിയുടെ അവതാരികയുടെ സ്ഥാനമെന്ത്? വിവരിക്കുക?
2. എ.ആറിന്റെ സാഹിത്യ വിമർശനരീതി നളിനിയുടെ അവതാരികയെ ആസ്പദമാക്കി വിലയിരുത്തുക?
3. വിമർശകൻ എന്ന നിലയിൽ എ.ആറിനെ പരിചയപ്പെടുത്തുക?

## Reference


1. എ.ആർ. രാജരാജവർമ്മ, പ്രബന്ധസംഗ്രഹം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. എൻ. കുമാരനാശാൻ, നളിനി അല്ലെങ്കിൽ ഒരു സ്നേഹം, ശാരദാ ബുക്ക്ഡിപ്പോ, തോന്നയ്ക്കൽ.
3. എരുമേലി പരമേശ്വരൻപിള്ള, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, ഡി.സി.ബുക്സ്, കോട്ടയം.
4. തായാട്ടു ശങ്കരൻ, ആശാൻ നവോത്ഥാനത്തിന്റെ കവി, എൻ.ബി.എസ്, കോട്ടയം.

# യൂണിറ്റ് - 3
# അദ്ധ്യാത്മരാമായണം

## പി.കെ. നാരായണപിള്ള (1878 - 1938)

## Learning Outcomes

- തർജ്ജമയെക്കുറിച്ചുള്ള ധാരണ ലഭിക്കുന്നു
- വിവർത്തനത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ മനസ്സിലാക്കുന്നു
- തർജ്ജമ ഭാഷാന്തരം ആണെന്ന് മനസ്സിലാക്കുന്നു
- എഴുത്തച്ഛന്റെ തർജ്ജമയെക്കുറിച്ചുള്ള ധാരണ ഉണ്ടാകുന്നു
- മൂലകൃതിയിൽ നിന്നും എഴുത്തച്ഛൻ തർജ്ജമയിൽ വരുത്തിയ മാറ്റങ്ങൾ മനസ്സിലാക്കുന്നു
- അദ്ധ്യാത്മരാമായണം ശ്ലോകങ്ങളെക്കുറിച്ചുള്ള ധാരണ കിട്ടുന്നു
- കവിതാതർജ്ജമയിൽ ശബ്ദാർത്ഥത്തിനുള്ള പ്രാധാന്യം മനസ്സിലാക്കുന്നു

## Prerequisite

ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്കുള്ള ആശയകൈമാറ്റത്തെയാണ് വിവർത്തനം എന്നു പറയുന്നത്. ലോകത്തിൽ ഏറ്റവും കൂടുതൽ ഭാഷകളിലേക്ക് ഏറ്റവും കൂടുതൽ തവണ വിവർത്തനം ചെയ്യപ്പെട്ട കൃതി ബൈബിളാണ്. ഇന്ത്യയിലെ വിവർത്തന സാഹിത്യത്തിന്റെ തുടക്കം സംസ്കൃതഭാഷയിലെ മഹാകാവ്യങ്ങളും പുരാണങ്ങളും നാടകങ്ങളും പ്രാദേശിക ഭാഷകളിലേയ്ക്ക് വിവർത്തനം ചെയ്യാൻ തുടങ്ങിയതു മുതലാണ്. വിവർത്തനം ചെയ്യപ്പെട്ട ക്ലാസ്സിക്കുകളിൽ പ്രധാനപ്പെട്ടത് വാല്മീകി രാമായണം ആയിരുന്നു.

പരിപൂർണ്ണമായ ആശയ കൈമാറ്റം എന്നത് അസാധ്യമായതിനാൽ മൂലഭാഷയിൽ ആവിഷ്ക്കരിച്ച ആശയങ്ങളെ കഴിയുന്നത്ര ഏറ്റക്കുറച്ചിൽ കൂടാതെ ലക്ഷ്യഭാഷയിൽ ആവിഷ്ക്കരിക്കാനുള്ള ഉദ്യമം എന്നതാണ് ഇന്നത്തെ വിവർത്തന സങ്കല്പം. വിവർത്തനം-തർജ്ജമ, ഭാഷാനുവാദം, മൊഴിമാറ്റം, ഭാഷാന്തരീകരണം, ഭാഷാന്തരണം എന്നീ പല പേരുകളിൽ അറിയപ്പെടുന്നുണ്ട്.

ഏതൊരു വിവർത്തനത്തിനും ചില ഗുണങ്ങൾ ഉണ്ടായിരിക്കണം. ലാളിത്യം, കൃത്യത, ഭാഷ, ആത്മാർത്ഥത, സത്യസന്ധത, വിഷയബോധം എന്നിവ വിവർത്തനത്തിൽ ശ്രദ്ധിക്കണം. വിവർത്തനം പല തരത്തിലുണ്ട്. പദാനുപദവിവർത്തനം മൂലകൃതിയിലെ ഭാഷയോട് കൂറ് പുലർത്തിക്കൊണ്ട് പദത്തിന് തുല്ല്യ പദം നൽകി വിവർത്തനം നടത്തുന്ന രീതിയാണ്. സ്വതന്ത്രമായി നടത്തുന്ന വിവർത്തനമാണ് സ്വതന്ത്ര വിവർത്തനം. തർജ്ജമ എന്നാൽ പദാനുപദ തർജ്ജമയോ അക്ഷരാന്തരീകരണമോ അല്ല, ഭാഷാന്തരീകരണമാണ് എന്നാണ് പി.കെ. ആദ്യം ഓർമ്മിപ്പിക്കുന്നത്. മൂലഗ്രന്ഥത്തിലെ അർത്ഥത്തെ വിശദമായി ഉൾക്കൊണ്ട് അതിനെ മറ്റൊരു ഭാഷയിൽ ആവിഷ്ക്കരിക്കുകയാണ് തർജ്ജമയുടെ ലക്ഷ്യം. എഴുത്തച്ഛന്റെ തർജ്ജമ രീതി

ഇതാണ്. അതാണ് ഒരു വിവർത്തനമെന്ന നിലയിൽ ആദ്ധ്യാത്മരാമായണത്തിനുള്ള മേന്മയും. അദ്ധ്യാത്മരാമായണത്തിലെ ആശയങ്ങളെ തന്മയത്വത്തോടുകൂടി മലയാളത്തിലാക്കാൻ എഴുത്തച്ഛനു സാധിച്ചിരിക്കുന്നു. മൂലഗ്രന്ഥത്തിൽ ഇല്ലാത്ത ചിലതെല്ലാം അദ്ദേഹം സന്ദർഭോചിതമായി കൂട്ടിച്ചേർക്കുകയും ചെയ്തിരിക്കുന്നു. മറ്റു ചില അവസരങ്ങളിൽ മൂലഗ്രന്ഥത്തിൽ നിന്ന് ചില മാറ്റങ്ങൾ വരുത്താനും അദ്ദേഹം തയ്യാറായി. മൂലഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ തർജ്ജമയിൽ ഒഴിവാക്കാനും അദ്ദേഹം മടികാണിച്ചില്ല. മൂലഗ്രന്ഥത്തെ അതേപടി പിന്തുടരുന്ന സന്ദർഭങ്ങളും അദ്ധ്യാത്മരാമായണത്തിൽ കാണാം

**പി.കെ. നാരായണപിള്ള**


പി.കെ. നാരായണപിള്ള

രാജരാജവർമ്മയുടെ ശിഷ്യൻ എന്ന മേൽവിലാസമാണ് വിമർശന സാഹിത്യത്തിൽ സാഹിത്യപഞ്ചാനനൻ എന്ന പി.കെ. നാരായണപിള്ളയ്ക്ക് കൂടുതലായും ലഭിച്ചത്. മലയാളത്തിൽ പണ്ഡിതവിമർശനത്തിന്റെ ആദ്യ മാതൃകകൾ പി.കെ.യുടെ കൃതികളാണ്. സംസ്കൃതത്തിലും ഇംഗ്ലീഷിലുമുള്ള അഗാധജ്ഞാനം അദ്ദേഹത്തിന്റെ നിരൂപണങ്ങളിൽ പ്രതിഫലിച്ചിരുന്നു. നിരൂപണം സാഹിത്യത്തിന്റെ സംസ്കാരത്തിനും ഉത്കർഷത്തിനും വേണ്ടിയാണെന്ന വിശ്വാസമാണ് പി.കെ.യ്ക്ക് ഉണ്ടായിരുന്നത്. കൃതികളിലെ ആസ്വാദ്യഭാഗങ്ങൾ വിശദമാക്കുകയും ദുഷ്കൃതികളെകൊണ്ട് ജനങ്ങളുടെ അഭിരുചി അശുദ്ധമാകാതെ സംരക്ഷിക്കുകയുമാണ് വിമർശകന്റെ കടമ എന്നദ്ദേഹം കരുതി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കൃതിയുടെ ഗുണദോഷ വിവേചനത്തിനപ്പുറത്ത് മൂല്യനിർദ്ധാരണം കൂടി വിമർശകൻ നടത്തേണ്ടതുണ്ട്. പ്രാചീന കവികളുടെ പഠനത്തിലാണ് അദ്ദേഹം കൂടുതലായും താൽപര്യം പ്രകടിപ്പിച്ചത്. താരതമ്യ സാഹിത്യ നിരൂപണം മലയാളത്തിന് പരിചയപ്പെടുത്തിയതും പി.കെ.യാണ്.

കവിത്വശക്തിയാൽ അനുഗൃഹീതനായിരുന്ന പി.കെ. ചെറുപ്പത്തിൽ തന്നെ നാടകങ്ങളും കവിതകളും എഴുതിയിരുന്നു. പ്രാചീന കവിത്രയത്തിൽ ഓരോരുത്തരെയും അവരുടെ കൃതികളെയും കേന്ദ്രീകരിച്ചു നടത്തിയ വിശദപഠനം മുതൽ ഒറ്റപ്പെട്ട ലേഖനങ്ങൾ വരെ ഉൾപ്പെടുന്ന വൈവിദ്ധ്യമാർന്ന ഒന്നാണ് അദ്ദേഹത്തിന്റെ വിമർശന ലോകം. മലയാളത്തിലെ പ്രാചീന കവിത്രയം എന്നറിയപ്പെടുന്ന ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ എന്നീ കവികളെയും അവരുടെ കൃതികളെയുംക്കുറിച്ചുള്ള ഗവേഷണ വിമർശന പഠനങ്ങൾ ഏറെ പ്രസക്തങ്ങളാണ്. 1902-ൽ തന്നെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിനെക്കുറിച്ച് ഭാഷാപോഷിണിയിൽ ലേഖനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 1905-ൽ ഭാഗവതം കിളിപ്പാട്ടിന്റെ സംശോധിത സംസ്കരണം പുറത്തിറക്കി. സംഭവപർവ്വം, കർണ്ണപർവ്വം, അയോദ്ധ്യാകാണ്ഡം, ബാലകാണ്ഡം എന്നിവ വ്യാഖ്യാനിക്കുകയും ചെയ്തു. ഇങ്ങനെ എഴുത്തച്ഛൻ കൃതികളെ അവലംബമാക്കിക്കൊണ്ട് നേരത്തെ നടത്തിയ ഭാഗിക വിമർശനങ്ങളുടെ പശ്ചാത്തലത്തിൽ ജന്മം കൊണ്ട ഈ സമഗ്ര വിമർശനം പി.കെ യുടെ വിമർശനങ്ങളിൽ വച്ച് ഏറ്റവും പ്രധാനമാണെന്ന് പറയാം.

യാഥാസ്ഥിതികരെയും ഭക്തി പ്രകർഷത്തോടെ എഴുത്തച്ഛൻ കൃതികളെ സമീപിക്കുന്നവരെയും ഞെട്ടിച്ചു കൊണ്ട് വേദാന്ത പ്രതിപാദകമായ ഭാഗങ്ങൾ എഴുത്തച്ഛന്റെ കൃതികളെ ദുർബലമാക്കുകയാണ് ചെയ്യുന്നതെന്ന് പി.കെ. സമർത്ഥിച്ചു. അന്തർഭാവ വിശകലനത്തിലൂടെ

എഴുത്തച്ഛൻ കൃതികൾ നമ്മുടെ ക്ലാസ്സിക്കുകളാണെന്ന് അദ്ദേഹം സ്ഥാപിക്കുന്നു. ഇതു കൂടാതെ ആട്ടക്കഥ, സന്ദേശകാവ്യം, വഞ്ചിപ്പാട്ട്, കീർത്തനം എന്നീ സാഹിത്യ ശാഖകളെക്കുറിച്ച് പി.കെ. നടത്തിയ പഠനങ്ങളും ഗവേഷണ വിമർശന മൂല്യങ്ങളുള്ള പ്രൗഢ പ്രബന്ധങ്ങളാണ്. മയൂരസന്ദേശത്തിന് പി.കെ. രചിച്ച വ്യാഖ്യാനമാണ് കേരളഹൃദയം.

**പ്രധാനകൃതികൾ**

സ്മരണമണ്ഡലം (ആത്മകഥ), പ്രയോഗദീപിക, പ്രസംഗതരംഗിണി, വിജ്ഞാനരഞ്ജിനി, പഞ്ചാനനന്റെ വിമർശനത്രയം, കേരളഹൃദയം (വ്യാഖ്യാനം), കൈരളീധ്വനി

## Keywords

തർജ്ജമ - മൂലഗ്രന്ഥം - ഭാഷാന്തരം - വ്യംഗ്യാർത്ഥം - രസം

## Discussion

1930-ൽ മദ്രാസ് സർവകലാശാലയിൽ വച്ച് പി.കെ. നടത്തിയ പ്രസംഗ പരമ്പരയാണ് തുഞ്ചത്തെഴുത്തച്ഛൻ എന്ന നിരൂപണമായി പ്രസിദ്ധീകരിച്ചത്. 1931-ൽ ഗ്രന്ഥരൂപത്തിൽ വരുന്നതിനു മുമ്പ് ഇതേ പ്രസംഗ പരമ്പര എറണാകുളം കോളേജിൽ ചാത്തുപ്പണിക്കർ മെമ്മോറിയൽ പ്രഭാഷണങ്ങളുടെ അഭിമുഖത്തിൽ വീണ്ടും അദ്ദേഹം നിർവ്വഹിച്ചിരുന്നു. എഴുത്തച്ഛനെപ്പറ്റി ഇത്ര സമ്പൂർണമായ പഠനങ്ങൾ അതിന് മുമ്പ് മലയാളത്തിൽ ഉണ്ടായിരുന്നില്ല. 1901-ൽ കോളേജ് വിദ്യാഭ്യാസകാലം മുതൽ തന്നെ എഴുത്തച്ഛൻ, പി.കെ. യുടെ ചിന്താവിഷയമായിരുന്നെന്ന് ജീവചരിത്രകാരനായ പി.കെ. പരമേശ്വരൻ നായർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. (സാഹിത്യപഞ്ചാനനൻ: 1944; 322) എഴുത്തച്ഛന്റെ ജീവചരിത്രം, കൃതികൾ, കാവ്യശൈലി എന്നിവ വിശദപഠനത്തിന് വിധേയമാക്കാൻ ഈ ഗ്രന്ഥത്തിൽ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

ഒരു തർജ്ജമ എന്ന നിലയിൽ അദ്ധ്യാത്മരാമായണത്തെ വിലയിരുത്തുന്ന ലേഖനമാണ് അദ്ധ്യാത്മരാമായണം. 1902-ൽ ഭാഷാപോഷിണിയിലാണ് ഇത് ആദ്യം പ്രസിദ്ധീകരിക്കുന്നത്. 1912-ൽ പ്രസിദ്ധീകരിച്ച പ്രസംഗതരംഗിണി എന്ന സമാഹാരത്തിലും പിന്നീട് പ്രസിദ്ധീകരിച്ച ചില കവിതാപ്രതിധ്വനികൾ എന്ന സമാഹാരത്തിലും ഈ ലേഖനം ഉൾപ്പെടുത്തിയിട്ടുണ്ട്. പി.കെ. യുടെ വിമർശന പ്രബന്ധങ്ങൾക്ക് ചില പ്രത്യേകതകളുണ്ട്. ഏതെങ്കിലും ഒരു പ്രത്യേക കൃതിയെ കേന്ദ്രീകരിച്ചുള്ള വിമർശനത്തെക്കാളേറെ, ഒരു കവിയേയും അദ്ദേഹത്തിന്റെ കൃതികളെയും ഒന്നാകെ വിമർശന വിധേയമാക്കുന്ന സമ്പ്രദായമാണ് പി.കെ. അവലംബിച്ചു കാണുന്നത്. ഒറ്റ കൃതിയെ സമഗ്രമായും വിശദമായും പഠിക്കുകയെന്നത് ആധുനിക ഖണ്ഡകാവ്യങ്ങളുടെ കാര്യത്തിൽ സാധ്യമാകുന്നതു മാതിരി, വിപുലമായ ക്ലാസ്സിക് കൃതികളുടെ കാര്യത്തിൽ സാധിക്കില്ല. ഗ്രന്ഥത്തിന്റെ വൈപുല്യവും വ്യത്യസ്ത കഥാപാത്രങ്ങളുടെ വ്യത്യസ്ത സ്വഭാവ സവിശേഷതകളും ഭാവവൈവിദ്ധ്യവും, രസാവിഷ്ക്കാര കൗശലത്തിന്റെ വൈജാത്യവും, നാനാമുഖമായ മനുഷ്യ പ്രകൃതിയുടെ വൈചിത്ര്യമാർന്ന ആവിഷ്ക്കരണവും കൈക്കൊണ്ട് ക്ലാസ്സിക് കൃതികളുടെ വിപുലമായ ഒരു വിമർശനം അസാദ്ധ്യമാണ്.

മലയാളത്തിലെ ക്ലാസ്സിക്കുകളുടെ തലത്തിലേക്ക് എത്തിനിൽക്കുന്ന കൃതികളുടെ പ്രാധാന്യം കണക്കിലെടുത്ത് അവ എന്തു കൊണ്ട് കാലാതി

വർത്തിയായി എന്നന്വേഷിക്കുകയാണ് പി.കെ. അന്ധമായ ആരാധനാ മനോഭാവമാണോ അതോ ശാശ്വത മൂല്യമാണോ കാലാതിവർത്തിത്വത്തിന് കാരണമെന്ന് കണ്ടെത്തി വിശദീകരിക്കുന്ന സമീപന രീതിയാണ് പി.കെ. പൊതുവെ അവലംബിച്ചു കാണുന്നത്. വസ്തു, രീതി, രസം എന്നീ മൂന്നുപാധികളെ കാവ്യത്തിന്റെ സ്തംഭങ്ങളാണെന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. രീതി, രസം എന്നീ സംജ്ഞകൾ ഭാരതീയ സാഹിത്യ മീമാംസയിലെ രീതിരസങ്ങളെയല്ല കുറിക്കുന്നത് എന്ന് അദ്ദേഹം എടുത്തു പറഞ്ഞു. വസ്തു അനന്തവിചിത്രമായ പ്രകൃതി അല്ലെങ്കിൽ ജീവിതം തന്നെയാണ്. വസ്തുവിന്റെ രൂപപ്രതീതി അനുവാചകന്റെ മനസ്സിലുദിപ്പിച്ച് രസസ്ഫുരണം സാധ്യമാക്കുന്ന പ്രക്രിയയെയാണ് പി.കെ. രീതി എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. ഇമേജുകളെ കുറിക്കാനാണ് പ്രതീകം, പ്രതിബിംബങ്ങൾ, രൂപങ്ങൾ എന്നീ പദങ്ങൾ പി.കെ ഉപയോഗിക്കുന്നത്. ഇങ്ങനെ രൂപം കൊള്ളുന്ന കാവ്യത്തിൽ വർണ്ണ്യവസ്തുവിന്റെ പൂർണ്ണ പ്രതീതിക്കു വേണ്ടി കവി അലങ്കാരങ്ങളെ ആശ്രയിച്ചെന്നു വരും. ശബ്ദവിഷയകമായും അർത്ഥവിഷയകമായും ഭാവവിഷയകമായും ഉള്ള ധർമ്മങ്ങൾ ഒരുപോലെ നിറവേറ്റുന്നതാകണം കാവ്യഭാഷ. പി.കെ.യുടെ മറ്റൊരു സംഭാവന താരതമ്യനിരൂപണരംഗത്താണ്. ഏതൊരു കൃതിയെ പരിശോധിച്ചാലും അതിന് മുൻകാല കൃതികളുമായുള്ള ബന്ധം നിർണയിക്കുന്നത് അദ്ദേഹത്തിന്റെ ഒരു പ്രത്യേക സ്വഭാവമായിരുന്നു. സംസ്കൃത സാഹിത്യത്തിൽ വിപുലമായ ഗ്രന്ഥപരിചയം അദ്ദേഹത്തിന് ഉണ്ടായിരുന്നതുകൊണ്ട് ഇത് ഫലപ്രദമായി നിർവചിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

### അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

കിളിപ്പാട്ടുപ്രസ്ഥാനത്തിലെ മാതൃകാഗ്രന്ഥമാണ് അദ്ധ്യാത്മരാമായണം കിളിപ്പാട്ട്. സംസ്കൃതത്തിലുള്ള അദ്ധ്യാത്മരാമായണം കൃതിയെ അവലംബമാക്കിയാണ് ഈ കൃതി രചിച്ചിരിക്കുന്നത്. ബാലകാണ്ഡം, അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധാകാണ്ഡം, സുന്ദരകാണ്ഡം, യുദ്ധകാണ്ഡം എന്നിങ്ങനെ ആറു കാണ്ഡങ്ങളായിട്ടാണ് കാവ്യവിഭജനം നടത്തിയിരിക്കുന്നത്. കൂടാതെ ഉത്തരകാണ്ഡം എന്ന ഒരു ഭാഗം കൂടിയുണ്ട്. അദ്ധ്യാത്മരാമായണത്തിന്റെ മൂലം ഋഷി പ്രോക്തമായ ഒരു ഗ്രന്ഥമാണ്. ഇത് നാഗരം, ഗ്രന്ഥാക്ഷരം, മലയാളം എന്നീ മൂന്ന് ഭാഷകളിലെങ്കിലും ചുരുങ്ങിയ പക്ഷം അച്ചടിച്ചിട്ടുണ്ട്. ഇതിന് മുഖ്യമായി ഒരു വ്യാഖ്യാനം ചെയ്തിട്ടുള്ളത് ശൃംഗിവേരപുരാധീശനും, ഹിമ്മതി വർമ്മാവെന്ന ആളിന്റെ പുത്രനും ശ്രീരാമവർമ്മാവെന്ന പേരോടുകൂടിയ ആളും ആയ ഒരു ക്ഷത്രിയ രാജാവാണ്. ഒരു കാലത്ത് സംസ്കൃത കവികൾക്ക് ആശ്രയസ്ഥാനമായിരുന്ന ഭോജരാജധാനിയിലാണ് അദ്ധ്യാത്മരാമായണം ആദ്യമായി കേരളത്തിൽ ആവിർഭവിച്ചു കാണുന്നത്. അമ്പലപ്പുഴ രാജാവിന്റെ പ്രോത്സാഹനവും അദ്ധ്യാത്മരാമായണത്തിലെ ഹൃദയംഗമമായ വേദാന്തരീതിയും എഴുത്തച്ഛന് അദ്ധ്യാത്മരാമായണ രചനയ്ക്ക് പ്രേരണയേകി. കണ്ണശ്ശപ്പണിക്കർ വാത്മീകിരാമായണത്തെ മുമ്പു തന്നെ തർജ്ജമ ചെയ്തിരുന്നതും എഴുത്തച്ഛന് അദ്ധ്യാത്മരാമായണത്തോടുള്ള താത്പര്യത്തെ വർദ്ധിപ്പിച്ചു. മൂലഗ്രന്ഥത്തിലെയും തർജ്ജമയിലെയും വരികൾ സോദാഹരണം വിശദീകരിച്ചുകൊണ്ടാണ് ഓരോ വസ്തുതകളും പി.കെ. വിശദമാക്കുന്നത്. മൂലത്തിന്റെ അർത്ഥത്തെ വിശദമായി ഭാഷാന്തരീകരിക്കാനാണ് എഴുത്തച്ഛൻ ശ്രമിച്ചത് എന്ന് പി.കെ വ്യക്തമാക്കുന്നു. തർജ്ജമയിലെ ന്യൂനതകൾ കാണാനും അദ്ദേഹം മടിക്കുന്നില്ല. അദ്ധ്യാത്മരാമായണം മൂലകൃതിയിലെ 'രാമഗീത' എന്ന ഭാഗം എഴുത്തച്ഛൻ സ്വീകരിക്കുന്നില്ല. എന്നാൽ വാത്മീകി രാമായണത്തിലെ 'ആദിത്യ ഹൃദയം' എന്ന ഭാഗം സ്വീകരിച്ചിരുന്നതായും കാണാം.

കാവ്യത്തിന്റെ ആത്മാവ് അഥവാ സാരഭൂതമായ അംശം ഏതാണെന്ന കാര്യത്തിൽ ഭാരതീയ ആലങ്കാരികന്മാർക്ക് വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ട്. കാവ്യത്തിൽ ഭാമഹാദികൾ അലങ്കാരത്തിനും, ദണ്ഡി-ഗുണങ്ങൾക്കും, വാമനൻ-രീതിക്കും പ്രാധാന്യം കണ്ടെത്തി. കാവ്യത്തിന്റെ ആത്മാവ് ധ്വനിയാണെന്നും പറയുന്നുണ്ട്. അതുപോലെ തന്നെ കാവ്യത്തിൽ വാച്യാർത്ഥത്തിന് പുറമെ മറ്റൊരു അർത്ഥം കൂടിയുണ്ട്. അതിനെയാണ് വ്യംഗ്യാർത്ഥം എന്നു പറയുന്നത്. വ്യംഗ്യാത്മകതയാണ് കാവ്യത്തിന്റെ ജീവൻ എന്നു സാമാ

ന്യമായി പറയുന്നുവെങ്കിലും രസരൂപമായ വ്യംഗ്യമാണ് യഥാർത്ഥത്തിൽ അതിന്റെ ജീവൻ.

അനുഗൃഹീതരായ കവികളുടെ കൃതികളിൽ എവിടെ നോക്കിയാലും വ്യംഗ്യത്തിന്റെ സ്ഫുരണം കാണാം. അദ്ധ്യാത്മരാമായണം അയോദ്ധ്യാകാണ്ഡത്തിലെ വരികൾ വ്യംഗ്യാർത്ഥത്തിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നു

"പ്രീതി കൈക്കൊണ്ടെടുത്തു അംഗസീമനി ചേർ-
ത്താദരാൽ മുർദ്ധനി വാഷ്പാഭിഷേകം ചെയ്തു''

ഗംഗാജലം കൊണ്ട് അഭിഷേകം നടത്തേണ്ട യുവരാജ്യാഭിഷേകത്തിന് വിഘ്നം വന്നതിനാൽ മാതാവായ കൗസല്യ തന്റെ വാത്സല്യജന്യങ്ങളായ അശ്രു ബിന്ദുക്കളെ കൊണ്ട് സ്വപുത്രനെ അഭിഷേകം ചെയ്തു എന്ന അർത്ഥാന്തര പ്രതീതിക്കു നിദാനമായിത്തീരുന്ന ബാഷ്പാഭിഷേകം എന്ന പ്രയോഗത്തിന്റെ ശക്തി, ബാഷ്പാഭിഷേകം ചെയ്തു എന്നതിനു പകരം കണ്ണീരൊലിപ്പിച്ചവൾ എന്നോ മറ്റോ പ്രയോഗിച്ചിരുന്നെങ്കിൽ ഈ വ്യംഗ്യാർത്ഥം നമുക്ക് മനസ്സിലാകില്ലായിരുന്നു.

അദ്ധ്യാത്മരാമായണത്തിലെ ഒരു വർണ്ണന ഇപ്രകാരമാണ്. വനത്തിലേക്ക് പോകാനൊരുങ്ങി നിൽക്കുന്ന ശ്രീരാമനും സീതയ്ക്കും ലക്ഷ്മണനും കൈകേയി മരവുരി നൽകി. അപ്പോൾ

"ലക്ഷ്മി ഭഗവതിയാകിയ ജാനകി
വൽക്കലം കൈയിൽ പിടിച്ചു കൊണ്ടാകുലാൽ
പക്ഷമെന്തുള്ളിലെന്നുള്ളതറിവാനായ്
തൽക്ഷണേ ലജ്ജയാ ഭർതൃമുഖാംബുജം
ഗാഢമായ് നോക്കി നാളെങ്ങനെ ഞാനിതു
താനുടുക്കുന്നതെന്നുള്ള ചിന്തയാ"

ഇവിടെ ലജ്ജയാ എന്ന പദം പ്രയോഗിച്ചിട്ടുണ്ടെങ്കിലും സീതയുടെ ലജ്ജ പ്രതീതമാകുന്നതു അതു കൊണ്ടല്ല; ഗൂഢമായ് നോക്കിനാൾ എന്ന അനുഭാവ വർണ്ണനം നിമിത്തമാണ്. ലജ്ജയാ എന്ന പദത്തിനു പകരം സാദരം എന്നോ മറ്റോ പ്രയോഗിച്ചാലും ലജ്ജാഭാവത്തിന്റെ പ്രതീതി ജനിക്കാതിരിക്കില്ല.

"മന്ഥരാം പ്രവിശസ്വാദൌ കൈകേയീന്തു തതഃപരം'' എന്നതിന്റെ തർജ്ജമ

"ചെന്നുടൻ മന്ഥര തന്നുടെ നാവിന്മേൽ
തന്നെ വസിച്ചവളെക്കൊണ്ട് ചൊല്ലിച്ച്
പിന്നെ വിരവോടു കൈകേയിയെക്കൊണ്ടു
തന്നെ പറയിച്ചു കൊണ്ട് മുടക്കണം''
എന്നാണ്.

രാമാഭിഷേകത്തിന് വിഘ്നം വരുത്തുവാൻ ആവുന്നവരാരും വേറെയില്ല, അതെങ്ങനെ കഴിയുമെന്ന് തുടർന്നുള്ള വാക്കുകൾ വ്യക്തമാക്കുന്നു. ദശരഥൻ ആലോചിച്ചുറപ്പിച്ച തീരുമാനത്തിന് മാറ്റുണ്ടാക്കണമെങ്കിൽ മന്ഥരയുടെയും കൈകേയിയുടേയും നാവിൽ സരസ്വതീവിലാസം ഭംഗിയുണ്ടായേ തീരൂ. അതറിഞ്ഞു കൊണ്ടാണ് വാണി ദേവിയോട് ദേവന്മാർ അപേക്ഷിച്ചത്.

"രാമേണ വാരിതഃ പ്രീത്യാ അത്രിഃ സ്വഭവനം യയൌ'' എന്നതിന്റെ തർജ്ജമ വളരെ വിസ്തരിച്ചാണ് നടത്തിയിരിക്കുന്നത്.

"അന്നേരം തിരിഞ്ഞുനിന്നരുളിച്ചെയ്തു മുനി-
തന്നോടു രാമചന്ദ്രൻ വന്ദിച്ചു ഭക്തി പൂർവ്വം.
നിന്തിരുവടി കനിഞ്ഞങ്ങെഴുന്നെള്ളിടെണ
മന്തികെ ശിഷ്യ ജനമുണ്ടല്ലോ വഴിക്കു മേ
എന്നു കേട്ടാശ്ശീർവാദം ചെയ്തുടൻ മന്ദം മന്ദം
ചെന്നുതൻ പർണശാല പൂക്കിരുന്നരുളിനാൻ''

സത്യത്തിന്റെ മാർഗം ഏവർക്കും കാട്ടി കൊടുക്കുന്ന ഈശ്വരാവതാരമായ ശ്രീരാമന് നേർവഴി കാട്ടാൻ ആരാണുള്ളത്. ആരുമില്ലെന്ന് മാത്രമല്ല നേർവഴി കാട്ടേണ്ട കാര്യവുമില്ല. എങ്കിലും മനുഷ്യനെന്ന നിലയിൽ ലോകത്തിന്റെ രീതികളനുസരിച്ചല്ലേ പ്രവർത്തിക്കാനാകൂ. അത്രി മഹർഷിയുടെ ആശ്രമത്തിലേക്ക് പ്രവേശിക്കുന്ന സന്ദർഭമാണിത്. ഇവിടെ വാരിതഃ എന്ന പദത്തിൽ അന്തർഭവിച്ചിരിക്കുന്ന ആശയം ഭംഗിയായി അഭിവൃദ്ധിപ്പെടുത്തിയിരിക്കുന്നു.

"സ്ത്രീയോ ബാലശ്ച വൃദ്ധാശ്ച രാത്രൗ നിദ്രാം നലേഭിരേ
കദാ ദ്രക്ഷ്യാമഹേ രാമം പീതകൗശേയ വാസസം
സർവഭരണസമ്പന്നം കിരീടകടകോ ജ്വലം
കൗസ്തുഭാഭരണം ശ്യാമം കന്ദർപ്പ ശതസുന്ദരം
അഭിഷിക്തം സമാരൂഢം ഗജാരൂഢം സ്മിതാനനം
ശ്വേതച്ഛത്രധരം തത്ര ലക്ഷമണം ലക്ഷ്മണാന്വിതം
രാമം കദാ വാ ദ്രക്ഷ്യാമഃ പ്രഭാതം വാ' ക്ദാ ഭവേൽ
ഇത്യൂൽസുകധിയഃ സർവേ ബഭൃവുഃ പുരവാസിനഃ"

ഇതിന്റെ തർജ്ജമ ഇങ്ങനെയാണ്

"ശ്രീ ബാല വൃദ്ധാവധി പുരവാസിക
ളാബദ്ധ കൗതുഹലാബ്ധിനിമഗ്നരായ്
രാത്രിയിൽ നിദ്രയും കൈവിട്ടു മാനസേ
ചീർത്ത പരമാനന്ദത്തോടു മേവീടിനാർ....
രാത്രിയാം രാക്ഷസി പോകുന്നതല്ലെന്നു
ചീർത്ത വിഷാദമോടൗൽസുക്യമുൾക്കൊണ്ടു
മാർത്താണ്ഡദേവനെക്കാണാഞ്ഞു നോക്കിയും
പാർത്തുപാർത്താനന്ദപൂർണ്ണാമൃതാബ്ധിയിൽ
വീണു മുഴുകിയും പിന്നെയും പൊങ്ങിയും
വാണിടിനാർ പുരവാസികളാദരാൽ"

മൂലഗ്രന്ഥത്തിൽ ഇല്ലാത്തതായി ചിലതെല്ലാം സന്ദർഭോചിതമായും സരസമായും എഴുത്തച്ഛൻ ചേർത്തിരിക്കുന്നുമുണ്ട്.

"രാജ്യത്തെ രക്ഷിപ്പതിനു മതിയവൻ
രാജ്യമുപേക്ഷിപ്പതിനു ഞാനും മതി.''

"നിന്ദ്യമായുള്ളതു ചെയ്താലൊടുക്കത്തു
നന്നായി വന്നാലതും പിഴയല്ലെല്ലോ"

എന്നിങ്ങനെയുള്ള വരികൾ ശ്രദ്ധേയമാണ്.

ചില വരികൾ വേറെ ചില ഗ്രന്ഥങ്ങളിൽ നിന്നുള്ള തർജ്ജമകളായി ചേർത്തിട്ടുണ്ട് എന്നുള്ളതിന്

"രാമനേ നിത്യം ദശരഥനെന്നുള്ളിൽ
ആമോദമോടു വിചാരിച്ചുകൊള്ളണം
എന്നെ ജനകാത്മജയെന്നുറച്ചുകൊൾ
പിന്നെ അയോദ്ധ്യയെന്നോർത്തീടടവിയേ"
എന്ന വരികൾ ഉദാഹരണമാണ്.

ചില ദിക്കിൽ മൂലാർത്ഥം തെറ്റിയതായോ മാറ്റപ്പെട്ടതായോ പറയാറുണ്ട്.

"രാജരത്നരമണീരഥാദികം
ശ്രോത്രയോരഭിഗതം ഭാവേൽ ഭയം" എന്നതിന്
രാമഭദ്രനിലുള്ള ഭീതി കൊണ്ടകതാരിൽ മാമകെ
രാജരത്നരമണീരഥാദികൾകേൾക്കുമ്പോൾ"
എന്നാണ് തർജ്ജമ

"ചലപത്രാന്തലഗ്നാംബുബിന്ദുവൽ" എന്നതിനു പകരം "കമ്പിതപത്രാന്തലഗ്നാംബുബിന്ദുവൽ" എന്നു പറയുന്നതിനെ തർജ്ജമയായി കണക്കാക്കാൻ പറ്റില്ലെന്നുള്ള വസ്തുതയും ചൂണ്ടിക്കാണിക്കുന്നുണ്ട്.

"അഗ്രേയാസ്യാമ്യഹം പശ്ചാൽ ത്വമന്വെഹി ധനുർദ്ധരഃ
ആവയോർമ്മധ്യഗാസിതാ മായേവാത്മപരമാത്മനൊഃ"

എന്നതിന്റെ തർജ്ജമയായ

"മുന്നിൽ നീ നടക്കേണം വഴിയേ വൈദേഹിയും
പിന്നാലെ ഞാനും നടന്നീടുവൻ ഗതഭയം
ജീവാത്മപരമാത്മാക്കൾക്കു മദ്ധ്യസ്ഥയാകും
ദേവിയാം മഹാമായാശക്തിയെന്നതു പോലെ"

മൂല കൃതിയിൽ ശ്രീരാമൻ മുന്നിൽ നടക്കാമെന്നും തർജ്ജമയിൽ ലക്ഷ്മണൻ മുന്നിൽ നടക്കാമെന്നുമാണ് പറഞ്ഞിരിക്കുന്നത്. സുമിത്ര ലക്ഷ്മണന് നൽകുന്ന ഉപദേശം കൊണ്ട്

ലക്ഷ്മണൻ പിന്നിലാണ് നടക്കുന്നത്. ഈ വരികൾക്ക് പിന്നീട് പല ചർച്ചകളും ഉണ്ടായിട്ടുണ്ട്.

"താമസാൽ സൂക്ഷ്മ തന്മാത്രാണ്യാസൻ ഭൂതാന്യതഃപരം
സ്ഥൂലാനി ക്രമശോ രാമ ക്രമോത്തര ഗുണാനി ഹി"

എന്നതിനെ "താമസത്തിങ്കൽ നിന്നു സൂക്ഷ്മ തന്മാത്രങ്ങളും ഭൂമി പൂർവ്വക സ്ഥൂല പഞ്ചഭൂതവും പിന്നെ" എന്നു തർജ്ജമ ചെയ്തതിൽ ഭംഗിക്കുറവുണ്ട്. തർജ്ജമപ്രകാരം പഞ്ചഭൂതങ്ങളായ സ്ഥൂല തന്മാത്രങ്ങൾ താമസത്തിൽ നിന്നുണ്ടായി എന്നേ തോന്നുകയുള്ളൂ. അവ സൂക്ഷ്മതന്മാത്രകളിൽ നിന്നുണ്ടായി എന്നാണ് മൂലം. "ക്രമോത്തര ഗുണാനി" എന്ന ഭാഗം വിട്ടുകളഞ്ഞിട്ടുമുണ്ട്. ഇങ്ങനെ ചില സ്ഥലങ്ങളിൽ അപൂർവ്വം ചില ന്യൂനതകൾ വന്നിട്ടുണ്ട്. ചില ഭാഗങ്ങൾ തർജ്ജമയിൽ വിട്ടുപോവുകയോ വിട്ടുകളയുകയോ ചെയ്തിരിക്കുന്നു.

### അവലോകനം

മൂലഗ്രന്ഥത്തിന്റെ ഭാവരസം ഉൾക്കൊണ്ട് നടത്തിയ തർജ്ജമയാണ് അദ്ധ്യാത്മരാമായണം കിളിപ്പാട്ട് എന്ന നിഗമനത്തിലാണ് അദ്ദേഹം അപഗ്രഥനത്തിനൊടുവിൽ എത്തിച്ചേർന്നത്. ആശയത്തെയും വികാരത്തെയും ഒരുപോലെ മറ്റൊരു ഭാഷയിലാക്കാനാണ് തർജ്ജമക്കാർ ശ്രമിക്കേണ്ടത്. ഒരു കൃതിയിലെ കാര്യങ്ങളെയും വികാരസ്ഫുരണങ്ങളെയും അന്യഭാഷയിലാക്കുന്നതിനാണ് കവിതാഭാഷാന്തരത്തിന്റെ വൈഷമ്യം. അതുകൊണ്ട് കവിതാഭാഷാന്തരത്തെ, സോഡാ ഒരു പാത്രത്തിൽ നിന്ന് മറ്റൊരു പാത്രത്തിലാക്കുന്നതിനോടുപമിക്കാം. സോഡാ ഉള്ള കുപ്പി തുറന്നുവച്ചാൽ വായു പോവുകയും പച്ചവെള്ളം മാത്രം ശേഷിക്കുകയും ചെയ്യും. അതുപോലെ കവിതാ തർജ്ജമയിൽ വികാരസ്ഫുരണത്തെ ശ്രദ്ധിച്ചില്ലെങ്കിൽ വെറും വികാരം മാത്രമേ തർജ്ജമയിൽ കാണുകയുള്ളൂ. ഈ വികാരം ശൃംഗാരം മുതലായ രസങ്ങളിൽ ഒന്നിനെ ആശ്രയിച്ചാണിരിക്കുന്നത്. ഈ രസം കൂടി അന്യഭാഷയിൽ ആക്കുന്നതിനാണ് തർജ്ജമക്കാരൻ ശ്രമിക്കേണ്ടത് എന്നാണ് പി.കെ പറയുന്നത്. അതിൽ വിജയിച്ച കവിയാണ് എഴുത്തച്ഛൻ എന്ന് പി.കെ.അഭിപ്രായപ്പെടുന്നു. പക്ഷേ അതിൽ എത്രത്തോളം അദ്ദേഹം വിജയിച്ചിട്ടുണ്ട് എന്നത് പരിശോധിക്കേണ്ടിയിരിക്കുന്നു എന്നു പ്രസ്താവിച്ചുകൊണ്ടാണ് ലേഖനം അദ്ദേഹം ഉപസംഹരിക്കുന്നത്.

## Recap

- തർജ്ജമ എന്ന നിലയിൽ അദ്ധ്യാത്മരാമായണത്തെ വിലയിരുത്തുന്ന ലേഖനമാണ് അദ്ധ്യാത്മരാമായണം
- വിവർത്തനം ചെയ്യപ്പെട്ട ക്ലാസ്സിക്കുകളിൽ പ്രധാനപ്പെട്ടത് വാല്മീകി രാമായണം ആയിരുന്നു
- ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്കുള്ള ആശയകൈമാറ്റത്തെയാണ് വിവർത്തനം എന്നു പറയുന്നത്
- ലോകത്തിൽ ഏറ്റവും കൂടുതൽ ഭാഷകളിലേക്ക് ഏറ്റവും കൂടുതൽ തവണ വിവർത്തനം ചെയ്യപ്പെട്ട കൃതി ബൈബിളാണ്
- തർജ്ജമ, ഭാഷാനുവാദം, മൊഴിമാറ്റം, ഭാഷാന്തരീകരണം, ഭാഷാന്തരണം എന്നീ പല പേരുകളിൽ അറിയപ്പെടുന്നുണ്ട്

- ലളിതം, കൃത്യത, ഭാഷ, ആത്മാർത്ഥത, സത്യസന്ധത, വിഷയബോധം എന്നിവ വിവർത്തനത്തിൽ ശ്രദ്ധിക്കണം
- മൂലകൃതിയിലെ ഭാഷയോട് കൂറ് പുലർത്തിക്കൊണ്ട് പദത്തിന് തുല്യ പദം നൽകി വിവർത്തനം നടത്തുന്ന രീതിയാണ് പദാനുപദ വിവർത്തനം
- സ്വതന്ത്രമായി നടത്തുന്ന വിവർത്തനമാണ് സ്വതന്ത്ര വിവർത്തനം
- മൂലഗ്രന്ഥത്തിലെ അർത്ഥത്തെ വിശദമായി ഉൾക്കൊണ്ട് അതിനെ മറ്റൊരു ഭാഷയിൽ ആവിഷ്ക്കരിക്കുകയാണ് തർജ്ജമയുടെ ലക്ഷ്യം
- മൂലഗ്രന്ഥത്തിന്റെ ഭാവ രസം ഉൾക്കൊണ്ട് നടത്തിയ തർജ്ജമയാണ് അദ്ധ്യാത്മരാമായണം കിളിപ്പാട്ട് എന്ന നിഗമനത്തിലാണ് പി.കെ എത്തിച്ചേരുന്നത്

## Objective Questions

1. പി.കെ. നാരായണപിള്ള അറിയപ്പെടുന്നത് ഏത് പേരിലാണ്?
2. വിവർത്തനം ചെയ്യപ്പെട്ട ക്ലാസ്സിക്കുകളിൽ പി.കെ. നാരായണപിള്ളയുടെ പ്രധാന കൃതി ഏത്?
3. ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ ഈ മൂന്നു കവികളെക്കുറിച്ച് വിമർശനാത്മകമായി പഠനം നടത്തിയത് ആര്?
4. ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് ആശയം കൈമാറ്റം ചെയ്യുന്നതിനെ എന്തു പറയുന്നു?
5. മൂല കൃതിയിലെ ഭാഷയോട് കൂറ് പുലർത്തിക്കൊണ്ട് പദത്തിന് തുല്ല്യ പദം നൽകി വിവർത്തനം നടത്തുന്ന രീതിയെ പറയുന്ന പേരെന്ത്?
6. സ്വാതന്ത്രമായി നടത്തുന്ന വിവർത്തനത്തിന് പറയുന്ന പേര് എന്ത്?
7. ലോകത്തിൽ ഏറ്റവും കൂടുതൽ ഭാഷകളിലേക്ക് ഏറ്റവും കൂടുതൽ തവണ വിവർത്തനം ചെയ്യപ്പെട്ട കൃതി ഏതാണ്?
8. മയൂര സന്ദേശത്തിന് പി.കെ. രചിച്ച വ്യാഖ്യാനം ഏത്?
9. ധ്വനിയെക്കുറിച്ച് വിശദീകരിക്കുന്ന പി.കെ. യുടെ കൃതിയുടെ പേരെന്ത്?

## Answers

1. സാഹിത്യപഞ്ചാനനൻ
2. അദ്ധ്യാത്മ രാമായണം
3. പി.കെ. നാരായണപിള്ള
4. വിവർത്തനം
5. പദാനുപദ വിവർത്തനം

6. സ്വാതന്ത്ര വിവർത്തനം
7. ബൈബിൾ
8. കേരളഹൃദയം
9. കൈരളീധ്വനി

## Assignments

1. എഴുത്തച്ഛന്റെ തർജ്ജമ രീതിയെക്കുറിച്ച് വിശദീകരിക്കുക?
2. അദ്ധ്യാത്മരാമായണം വിവർത്തനത്തിൽ എഴുത്തച്ഛൻ സ്വീകരിച്ച രീതിയെക്കുറിച്ച് വിശദീകരിക്കുക.
3. മൂലഗ്രന്ഥത്തിന്റെ ഭാവരസം ഉൾക്കൊണ്ടുള്ള രചനയാണ് അദ്ധ്യാത്മരാമായണം വിലയിരുത്തുക.
4. മൂലഗ്രന്ഥത്തിൽ നിന്ന് വിവർത്തനത്തിൽ എഴുത്തച്ഛന് ന്യൂനതകൾ ഉണ്ടായിട്ടുണ്ടോ? വിലയിരുത്തുക.

## Reference


1. ഡോ. വി.ആർ. പ്രബോധചന്ദ്രൻ, വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പി.കെ. നാരായണപിള്ള, സാഹിത്യപഞ്ചാനനന്റെ വിമർശനത്രയം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
3. വി.കെ. ഗോപാലൻ നായർ, സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ള അഥവാ ആയുഷ്കാല ചിന്തകൾ, ഭാസ്കരരാജൻ പ്രസ്സ്, ആലപ്പുഴ.
4. ടി.എൻ. കുഞ്ഞുരാമൻ നായർ, സാഹിത്യപഞ്ചാനനന്റെ കൃതികൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ഡോ. എം. ഗോപാലകൃഷ്ണൻ നായർ, സാഹിത്യപഞ്ചാനനന്റെ കൃതികൾ വാല്യം 1, 2, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. പി.കെ. നാരായണപിള്ള, കൈരളീധ്വനി, വിദ്യാർത്ഥിമിത്രം പ്രസ്സ്, കോട്ടയം.
7. പി.കെ. നാരായണപിള്ള, മൂന്ന് ഭാഷാ കവികൾ, സാഹിത്യപരിഷത്ത്, എറണാകുളം.

BLOCK - 02

# മധ്യകാല നിരൂപണം

SGOU

# യൂണിറ്റ് - 1
# കേരളകലകളും ഫ്യൂച്ചറിസവും

## കേസരി എ. ബാലകൃഷ്ണപിള്ള

## Learning Outcomes

- കേസരി ബാലകൃഷ്ണപിള്ളയുടെ സാഹിത്യ നിരൂപണത്തെക്കുറിച്ചറിയുന്നു
- ഫ്യൂച്ചറിസം എന്ന സാഹിത്യ പ്രസ്ഥാനത്തെക്കുറിച്ചറിയുന്നു
- മലയാള സാഹിത്യനിരൂപണ രംഗത്ത് കേസരി വരുത്തിയ വിപ്ലവകരമായ മാറ്റങ്ങളെക്കുറിച്ചറിയുന്നു
- വിവിധ സാഹിത്യ പ്രസ്ഥാനങ്ങളെക്കുറിച്ചും ഇസങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നു
- രൂപമഞ്ജരി എന്ന കൃതിയെക്കുറിച്ച് മനസ്സിലാക്കുന്നു
- നവലോകം എന്ന ഗ്രന്ഥത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- കേരളീയ കലകളെയും ഫ്യൂച്ചറിസത്തെയും കുറിച്ച് മനസ്സിലാക്കുന്നു
- ഫ്യൂച്ചറിസത്തിന്റെ ചരിത്രം അറിയുന്നു

## Prerequisite

സാഹിത്യകലയുടെ വ്യത്യസ്ത രൂപങ്ങളിലൂടെ ജീവിതത്തെ വ്യാഖ്യാനിക്കുന്നതാണ് സർഗാത്മക സാഹിത്യം എന്ന് വിലയിരുത്തിയാൽ ആ കലാരൂപങ്ങളുടെ വ്യാഖ്യാനങ്ങളുടെയും വ്യാഖ്യാനം എന്ന് വിമർശന സാഹിത്യത്തെ നിർവ്വചിക്കാം. വിമർശനം എന്നാൽ വിധി നിർണ്ണയം (judgement) എന്നാണ് ഡബ്ലിയു. എച്ച്. ഹഡ്സന്റെ അഭിപ്രായം. ഒരു വിമർശകൻ ജനിക്കുക എന്നാൽ മൂല്യങ്ങളുടെ വിധികർത്താവ് ജനിക്കുക എന്ന് ഐ.എ. റിച്ചാർഡ്സും പറയുന്നു. വിമർശനം ഒരേ സമയം കലയും ശാസ്ത്രവുമാണ്. ആ ശ്രമം ലക്ഷ്യം കാണണമെങ്കിൽ വിമർശകന് ഉയർന്ന ഹൃദയ സംസ്കാരവും ജ്ഞാനവും ഉൾക്കാഴ്ചയും മൂല്യനിർണ്ണയ വൈദഗ്ധ്യവും ആവശ്യമാണ്.

വിമർശനത്തിന്റെ ശാസ്ത്രീയ തത്വങ്ങൾ സാഹിത്യ പഠനത്തിന് പ്രയോജനപ്പെടുത്തുകയാണ് വിമർശകൻ ചെയ്യുന്നത്. ഒരു കൃതിയുടെ ഉള്ളിലേക്ക് പ്രവേശിച്ച് വസ്തുതകളും തെളിവുകളും പുറത്തെടുക്കുന്നത് വസ്തുത പ്രവേശം (induction). കിട്ടിയ തെളിവുകളുടെ അടിസ്ഥാനത്തിൽ പൊതുവായ ഒരു അനുമാനത്തിൽ എത്തിച്ചേരുന്നതാണ് നിഗമനം (conclusion) ഓരോന്നിന്റെയും അർത്ഥത്തെ വിശകലനം ചെയ്യലാണ് അപഗ്രഥനം (analysis). എല്ലാ ഘടകങ്ങളുടെയും സംയോജനമാണ് ഉദ്ഗ്രഥനം (Synthesis). ഏറ്റവുമൊടുവിൽ സാമാന്യവും ആപേക്ഷികവുമായ താരതമ്യത്തിലൂടെ (Comparison) മൂല്യനിർണ്ണയത്തിൽ എത്തിച്ചേരുന്നു. ഇങ്ങനെ വിവിധ പ്രക്രിയകളിലൂടെയാണ് സാഹിത്യകൃതിയുടെ വിമർശനം സാധ്യമാവുന്നത്. അത് കൊണ്ട് തന്നെ ഇത് സുഗമമായ ഒരു കർമ്മമല്ല. ആനന്ദവാദത്തിനും കാവ്യാർത്ഥബോധത്തിനുമപ്പുറം പോകുവാൻ ഭാരതീയ സാഹിത്യ സൗന്ദര്യശാസ്ത്രത്തിന് നൂറ്റാണ്ടുകൾ

തന്നെ വേണ്ടി വന്നു. പാശ്ചാത്യ സാഹിത്യ വിമർശനം ഒരു പ്രസ്ഥാനം/രൂപം എന്ന നിലയിൽ വികസിക്കുകയും പരിണമിക്കുകയും ചെയ്യുന്നതനുസരിച്ച് മൂല്യനിർണ്ണയത്തിലും വ്യതിയാനങ്ങൾ വന്ന് കൊണ്ടിരിക്കുന്നു. രൂപപരം (Formalist) പ്രസ്ഥാനാത്മകം (Generic) ആദിപ്രരൂപം (Archetypal) ചരിത്രപരം (Historical) അന്തർവിജ്ഞാനപരം (Interdisciplinary) എന്നിങ്ങനെയുള്ള പ്രധാന വിമർശന പദ്ധതികൾക്ക് തന്നെ ഇന്ന് നിരവധി ശാഖകളുണ്ട്.

മലയാളത്തിലെ ആദ്യത്തെ അന്തർവിജ്ഞാന വിമർശകൻ എന്നാണ് കേസരി എ. ബാലകൃഷ്ണപിള്ള അറിയപ്പെടുന്നത്. വിപുലമായ വായനയിലൂടെ കരസ്ഥമാക്കിയ അറിവുകൾ ഉപയോഗിച്ച് അദ്ദേഹം സാഹിത്യകൃതികളെ നിരൂപണം ചെയ്തു. മലയാളം, സംസ്കൃതം, തമിഴ്, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻഭാഷകൾ അറിയാമായിരുന്ന കേസരി ലോകഭാഷകളിലെ ഏറ്റവും പുതിയ സാഹിത്യ സിദ്ധാന്തങ്ങൾ മലയാളികളെ പരിചയപ്പെടുത്തി. കേസരിയാണ് ഡാർവിന്റെ പരിണാമ സിദ്ധാന്തം, ഐൻസ്റ്റീന്റെ അപേക്ഷികതാസിദ്ധാന്തം, ഫ്രോയിഡിന്റെ മനഃശാസ്ത്രം, മാക്സ് പ്ലാങ്കിന്റെ ക്വാണ്ടം തിയറി തുടങ്ങിയവ കഥയിൽ സൃഷ്ടിച്ച പുതിയ മാറ്റങ്ങളെ സൗന്ദര്യശാസ്ത്രരംഗത്ത് ഉപയോഗിക്കാൻ മലയാള നിരൂപകരെ പ്രേരിപ്പിച്ചത്. വെർജീനിയ വൂൾഫ്, ആന്ദ്രെഴീദ്, ഡോറോത്തി, കാഫ്ക്ക, മയക്കോവ്സ്ക്കി, ടി.എസ്. എലിയട്ട്, പിക്കാസോ തുടങ്ങിയവരെ മലയാളിക്ക് പരിചയപ്പെടുത്തിയത് കേസരിയാണ്.

**കേസരി എ. ബാലകൃഷ്ണപിള്ള**



കേസരി എ. ബാലകൃഷ്ണപ്പിള്ള

1889-ൽ തിരുവനന്തപുരം തമ്പാനൂരിലാണ് കേസരി ജനിച്ചത്. തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്നും ചരിത്രത്തിൽ ബിരുദം നേടി. തിരുവനന്തപുരം ഗേൾസ് കോളേജിലും മഹാരാജാസ് കോളേജിലും ചരിത്രാധ്യാപകനായി ജോലി ചെയ്തു. 1913-ൽ ബി.എൽ. പരീക്ഷ പാസായി. 1917-ൽ അധ്യാപക ജോലി രാജിവെച്ച് വക്കീൽ ജോലിയിൽ പ്രവേശിച്ചു. 1922 വരെ തിരുവനന്തപുരം കോടതിയിൽ വക്കിലായി ജോലി ചെയ്തു. സമദർശി, പ്രബോധകൻ, കേസരി എന്നീ ആനുകാലികങ്ങളിലൂടെ ആശയപ്രചാരണം നടത്തി. അനീതിക്കും അഴിമതിക്കുമെതിരെ എ. ബാലകൃഷ്ണപിള്ള ശക്തമായി തൂലിക പ്രയോഗിച്ചു. രാജാവിനെയും ദിവാനെയും സ്വജനപക്ഷപാതികളായ ഉദ്യോഗസ്ഥന്മാരെയും നിശിതമായി വിമർശിച്ചു. എല്ലാവർക്കും ക്ഷേത്രപ്രവേശനം അവകാശമാണെന്ന് സമദർശിയിലൂടെ അദ്ദേഹം വാദിച്ചു. ദിവാൻ സമദർശിയുടെ ഉടമയെ സ്വാധീനിച്ചു. പത്രത്തിന്റെ നയം മാറ്റണമെന്നും പത്രപ്രവർത്തനം നിയമാനുസൃതമാകണമെന്നും സമദർശിയുടെ ഉടമയിൽ നിന്നും നിർദ്ദേശം വന്നപ്പോൾ എ ബാലകൃഷ്ണപിള്ള പത്രാധിപസ്ഥാനം രാജിവച്ചു. സാഹിത്യ പ്രവർത്തനങ്ങളിലും ചരിത്ര ഗവേഷണങ്ങളിലും മുഴുകിയ അദ്ദേഹം 1960 ഡിസംബർ 18 ന് അന്തരിച്ചു.

**പ്രധാനകൃതികൾ**

നവലോകം, രൂപമഞ്ജരി, പ്രാചീന കേരള ചരിത്ര ഗവേഷണം, സാഹിത്യ വിമർശനങ്ങൾ, കേസരിയുടെ സാഹിത്യ വിമർശനങ്ങൾ, കേസരിയുടെ മുഖപ്രസംഗങ്ങൾ, ഐതിഹ്യദീപിക, നോവൽ പ്രസ്ഥാനങ്ങൾ, നവീന ചിത്രകല, ചരിത്രത്തിന്റെ അടിവേരുകൾ.

## Keywords

ഫ്യൂച്ചറിസം - റൊമാന്റിസിസം - റിയലിസം - ഇംപ്രഷനിസം - പോസ്റ്റ് ഇംപ്രഷനിസം - ക്യൂബിസം - നവലോകം

## Discussion

### കേസരിയുടെ സാഹിത്യനിരൂപണം

മലയാളസാഹിത്യത്തിൽ പാശ്ചാത്യസാഹിത്യത്തിലെ നവീനതകളും പുരോഗമന ആശയങ്ങളും കടന്നുവരാൻ വഴിയൊരുക്കിയത് കേസരി എ. ബാലകൃഷ്ണപിള്ളയാണ്. അറിവുകളിൽ നിന്ന് തിരിച്ചറിവുകളിലേക്ക് സഞ്ചരിക്കുക എന്നതായിരുന്നു കേസരിയുടെ സാഹിത്യപ്രവർത്തനത്തിന്റെ രീതിശാസ്ത്രം. മലയാള ഗദ്യസാഹിത്യത്തിന്റെ പരിമിതികൾ പുതിയ സാഹിത്യകാരന്മാരെ ബോധ്യപ്പെടുത്തുകയും അത് മറികടന്ന് എഴുത്തിൽ മുന്നേറാനുള്ള വഴികൾ കാണിച്ചു കൊടുക്കുകയും ചെയ്തു. രൂപമഞ്ജരി എന്ന കൃതിയിൽ മലയാളഭാഷയിൽ അന്നോളമുണ്ടായിട്ടുള്ളതും ഇല്ലാത്തതുമായ ഒമ്പത് ഗദ്യസാഹിത്യവിഭാഗങ്ങളെ പരിചയപ്പെടുത്തുകയും അവയുടെ സ്വഭാവം വിശദമാക്കുകയും ചെയ്തു. കൃതി രചിക്കപ്പെട്ട സാങ്കേതിക മാർഗം എഴുത്തുകാരനും വായനക്കാരനും ഒരുപോലെ അറിഞ്ഞിരിക്കേണ്ടതുണ്ടെന്നും എങ്കിലേ ആ കൃതി വേണ്ടവിധം മനസ്സിലാക്കാനും വിലയിരുത്താനും കഴിയൂ എന്നും കേസരി വിശ്വസിച്ചു.

ഒരു കൃതിയിൽ എന്ത് പറയുന്നു എന്നല്ല എങ്ങനെ പറയുന്നു എന്നതാണ് മുഖ്യം. നിരൂപകന്റെ ധർമം ആ സാങ്കേതിക മാർഗത്തെ വിവേചിച്ചറിയുക എന്നതാണ്. നിരൂപകൻ മാത്രമല്ല, പത്രപ്രവർത്തകൻ, ചരിത്രഗവേഷകൻ, കലാചിന്തകൻ, സംസ്കാരപഠിതാവ് എന്നിവയൊക്കെയായിരുന്നു കേസരി. യുക്തിബോധം അടിസ്ഥാനമാക്കിയാണ് അദ്ദേഹം ചരിത്രത്തെ വിശകലനം ചെയ്തത്. മലയാള വിമർശനം ചരിത്രവത്കരിക്കപ്പെട്ടത് കേസരിയുടെ വിമർശനങ്ങൾ വഴിയാണെന്ന് പറയാം. പ്രത്യക്ഷത്തിൽ സമുദായബന്ധമല്ലാത്ത ചങ്ങമ്പുഴക്കവിതയും ആത്യന്തികമായി ചരിത്ര സന്ദർഭങ്ങളുടെ ഉൽപന്നമാണെന്ന് കേസരി അഭിപ്രായപ്പെട്ടു. പാശ്ചാത്യ സാങ്കേതിക മാർഗങ്ങളെ മലയാളീകരിച്ച് വിശദീകരിക്കാൻ കേസരി തയ്യാറായി. റിയലിസത്തെ പരാജയപ്രസ്ഥാനം എന്നും റൊമാൻറിസിസത്തെ മനംനോക്കി പ്രസ്ഥാനമെന്നും സർറിയലിസത്തെ സ്വപ്നപ്രസ്ഥാനമെന്നും പുരോഗമന സാഹിത്യപ്രസ്ഥാനത്തെ ഏഴനോക്കി പ്രസ്ഥാനമെന്നും വിളിച്ചു. തേവർവാഴ്ത്തി പ്രസ്ഥാനം, തേവർവീഴ്ത്തി പ്രസ്ഥാനം, ജാതിക്കൊല്ലി പ്രസ്ഥാനം എന്നിങ്ങനെ നിരവധി പ്രസ്ഥാനങ്ങളുടെ പേരുകൾ അദ്ദേഹം മലയാളികൾക്ക് സമ്മാനിച്ചു.

### നവലോകം

കേസരിയുടെ നാല് ഉപന്യാസങ്ങൾ അടങ്ങിയ ഗ്രന്ഥമാണ് നവലോകം. ഈ ഗ്രന്ഥത്തിലെ നാല് അധ്യായങ്ങൾ കേരളകലകളും ഫ്യൂച്ചറിസവും, ഫ്രഞ്ചുനോവലും മോപ്പസാങ്ങും, മനഃശാസ്ത്രനോവലും മാഴ്സൺ പ്രൂസ്റ്റും, സുന്ദരകല – പാശ്ചാത്യവും പൗരസ്ത്യവും എന്നിവയാണ്. കലാലോകത്തെ പരിവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന വിവിധ ശക്തികളുടേയും സിദ്ധാന്തങ്ങളുടേയും വിവരണമായതുകൊണ്ടാണ് ഈ കൃതിക്ക് നവലോകം എന്ന പേര് നൽകിയിരിക്കുന്നത്. നവലോകത്തിന്റെ മുഖവുരയിൽ കേസരി പറയുന്നത് കേരളീയ കലാകാരന്മാരുടെ മാമൂൽ പ്രതിപത്തിയും പരിവർത്തനത്തോടുള്ള വൈമുഖ്യവുമാണ് നവലോകസൃഷ്ടിക്ക് തടസമാവുന്നതെന്നാണ്. അന്യഭാഷാകൃതികളെക്കുറിച്ചുള്ള അജ്ഞതയും പ്രാചീന സാഹിത്യകാരന്മാരോടുള്ള ആരാധനയും സമകാലികരോടുള്ള പുച്ഛവും നവലോകസൃഷ്ടിക്ക് തടസമാവുന്നുണ്ടെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. ഈ ഗ്രന്ഥത്തിലെ ഒരു ലേഖനമാണ് കേരളകലകളും ഫ്യൂച്ചറിസവും എന്നത്.

കേസരി എ. ബാലകൃഷ്ണപിള്ള അടിസ്ഥാനപരമായി ഫ്യൂച്ചറിസ്റ്റാണ്. ഭാവിയെ മുന്നിൽകണ്ടുകൊണ്ടുള്ള ചിന്താപദ്ധതികളിലൂടെയും സാങ്കേതിക മാർഗങ്ങളിലൂടെയും മാത്രമേ മലയാള സാഹിത്യത്തിന് വളർച്ചയുണ്ടാകൂ എന്ന് കേസരി മനസിലാക്കി. സാഹിത്യത്തിനെ മുന്നോട്ടുകൊണ്ടു പോകാനുള്ള വഴിയുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേസരി കേരളകലകളും ഫ്യൂച്ചറിസവും എന്ന ലേഖനം എഴുതിയത്. ഭൂതകാലത്തിലെ സകലതിനേയും തകർക്കണമെന്നുള്ള വാദം എന്നാണ് ഫ്യൂച്ചറിസത്തിന് കേസരി നൽകുന്ന വ്യാഖ്യാനം. ഭാരതീയരുടെ പുരോഗതിയില്ലായ്മയ്ക്ക് കാരണം ആധ്യാത്മികതയോടുള്ള അവരുടെ ചായ്‌വാണ് എന്ന് സൂചിപ്പിച്ചുകൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. രാഷ്ട്രീയ കാര്യങ്ങളിലൊഴിച്ച് മറ്റെല്ലാ വശങ്ങളിലും ആധ്യാത്മികതയ്ക്ക് സ്ഥാനം നൽകിയ ഭാരതീയർ, കോൺഗ്രസ് നേതൃത്വത്തിലേക്ക് ഗാന്ധിജി വന്നതോടെ രാഷ്ട്രീയത്തിലും അതിന് സ്ഥാനം നൽകി. ഭൗതികത്വവും ആധ്യാത്മികത്വവും ചേരേണ്ട വിധം ചേർന്നാൽ മാത്രമേ ജീവിതം മനോഹരമാകൂ. ഭാരതീയർക്ക് ആധ്യാത്മികതയോട് താൽപര്യം കൂടിയതുകൊണ്ടാണ് പുരോഗതിയില്ലാത്തത് എന്നാണ് കേസരി പറയുന്നത്.

ജീവിത യാഥാർഥ്യങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള വൈമനസ്യം, ഭൂതകാലത്തോടുള്ള അതിയായ ബഹുമാനം, വർത്തമാനകാലത്തെക്കുറിച്ചുള്ള പുച്ഛം, ആദർശഭ്രാന്ത്, എന്നീ ദൂഷ്യങ്ങൾ ആധ്യാത്മികത്വത്തിന്റെ ആധിക്യം നിമിത്തം കേരളീയകലകൾ ഉൾപ്പെടെയുള്ള ഭാരതീയകലകളെ ബാധിച്ചിട്ടുണ്ടെന്നാണ് കേസരി കണ്ടെത്തുന്നത്. അതിനാൽ ഒരു നവലോകത്തിന്റെ സൃഷ്ടിയിൽ ഇതരരാജ്യങ്ങളിലെ കലകൾപോലെ ഭാരതീയകലകൾ സഹായകമായിത്തീരുന്നില്ല. യൂറോപ്പിൽ രൂപംകൊണ്ട ഫ്യൂച്ചറിസം പോലുള്ള പുതിയ പ്രസ്ഥാനം തുടങ്ങിയാൽ മാത്രമേ ഭാരതീയ സുന്ദരകലകൾ കൂടുതൽ സജീവമായി ഭാരതീയർക്ക് ഗുണകരമാവുകയുള്ളൂ.

യൂറോപ്പിൽ ഫ്യൂച്ചറിസത്തിന് മുമ്പേ രൂപംകൊണ്ട മറ്റ് കലാപ്രസ്ഥാനങ്ങളെക്കുറിച്ച് കേസരി തുടർന്ന് വിശദീകരിക്കുന്നു. മാമൂലിനെതിരായുള്ള വിപ്ലവമാണ് റൊമാന്റിസിസം, റിയലിസം, എന്നീ കലാപ്രസ്ഥാനങ്ങളിൽ കാണുന്ന പൊതുവായ സ്വഭാവം. നിയമവും ചട്ടവും അനുസരിച്ചുള്ള കലാനിർമ്മാണരീതിയാണ് ക്ലാസ്സിസിസം. റൊമാന്റിക് കലാകാരൻ തന്റെ സ്വന്തം ഭാവനയെ തനിക്കിഷ്ടമുള്ളത് നിർമ്മിക്കാൻ വിനിയോഗിക്കുന്നു. റിയലിസ്റ്റിക് കലാകാരൻ ലോകത്തിൽ താൻ കാണുന്ന സംഭവങ്ങളോടും സാധനങ്ങളോടും സത്യമായും ആത്മാർത്ഥമായും പെരുമാറുകയും അത് അതേപടി സാഹിത്യത്തിലേക്ക് പകർത്തുകയും ചെയ്യുന്നു.

## റിയലിസം

ജീവിതത്തെ അതേപടി ആവിഷ്ക്കരിക്കുന്ന രീതിയാണ് റിയലിസം. ക്രിട്ടിക്കൽ റിയലിസം, സോഷ്യലിസ്റ്റ് റിയലിസം, പ്രോഗ്രസിവ് റിയലിസം എന്നിങ്ങനെ പല വകഭേദങ്ങൾ റിയലിസത്തിനുണ്ട്. സമുദായത്തെ പരിഷ്ക്കരിക്കാൻ ഉതകുന്ന തരത്തിലുള്ള രചനകൾ നടത്തുമ്പോൾ അത് ക്രിട്ടിക്കൽ റിയലിസം. സോഷ്യലിസ്റ്റ് സമൂഹത്തെ ലക്ഷ്യമാക്കി രചിക്കപ്പെടുന്നത് സോഷ്യലിസ്റ്റ് റിയലിസം. സമൂഹത്തിൽ പുരോഗതിയുണ്ടാക്കുന്ന തരത്തിലുള്ള രചനകളാണ് പ്രോഗ്രസ്സീവ് റിയലിസം.

## ക്ലാസ്സിസിസം

പ്രാചീന റോമൻ ഗ്രീക്ക് സാഹിത്യത്തെ ക്ലാസ്സിക്കൽ എന്നു പറഞ്ഞിരുന്നു. അതിൽ നിന്നാണ് ഈ പദം രൂപപ്പെട്ടത്. റൊമാന്റിസിസത്തിന്റെ വിപരീത സ്വഭാവമാണ് ക്ലാസ്സിസിസത്തിനുള്ളത്. ക്ലാസ്സിസിസം, രൂപപരവും ബുദ്ധിപരവും മാറ്റമില്ലാത്തതുമാണ്. പ്രാചീനവും സ്ഥിരപ്രതിഷ്ഠ നേടിയവയുമായ ഉത്തമകൃതികളെയാണ് ക്ലാസ്സിക്സ് എന്നു പറയുന്നത്.

ഈ മൂന്ന് സാഹിത്യപ്രസ്ഥാനങ്ങളും തമ്മിലുള്ള വ്യത്യാസം മി. ജോർജ് കാൽഡിറോൺ ചൂണ്ടിക്കാണിക്കുന്നതിങ്ങനെയാണ്. ഒരു റിയലിസ്റ്റ് കലാകാരൻ ക്ലാസിക്ക് കലാകാരനെപ്പോലെ മൂലവസ്തുവിനെ മാറ്റുകയോ റൊമാന്റിക് കലാകാരനെപ്പോലെ ഗഹനമായ പരിശ്രമങ്ങൾകൊ

ണ്ട് അതിന്റെ വാസനയെ മറയ്ക്കുകയോ ചെയ്യാതെ അതിന് യാഥാർഥ്യത്തിന്റെ രുചി തിരിച്ചുകൊടുക്കാൻ ശ്രമിക്കുന്നു. യൂറോപ്പിലെ കലാരംഗത്തുണ്ടായിട്ടുള്ള ഇംപ്രഷനിസം, പോസ്റ്റ് ഇംപ്രഷനിസം, ക്യൂബിസം, ഫ്യൂച്ചറിസം മുതലായ എല്ലാ കലാപ്രസ്ഥാനങ്ങളും ശാസ്ത്രീയ മനഃസ്ഥിതി ജനിപ്പിച്ചിട്ടുള്ള വിപ്ലവശീലത്തിന്റെ ഫലങ്ങളാകുന്നുവെന്ന് കേസരി നിരീക്ഷിക്കുന്നു.

## റൊമാന്റിസിസം

പതിനെട്ടാം നൂറ്റാണ്ടിൽ യാഥാസ്ഥിതികർക്കെതിരെ പശ്ചിമ യൂറോപ്പിലെ ഉൽപതിഷ്ണുക്കൾ രൂപംകൊടുത്ത സാഹിത്യപ്രസ്ഥാനമാണിത്. റൊമാൻസ് എന്ന പദത്തിൽ നിന്നാണ് റൊമാന്റിക് ഉണ്ടായത്. വ്യക്തിപരവും ഭാവപരവും, വൈകാരികവും ചലനാത്മകവുമാണ് റൊമാന്റിസിസം. പൊതുവേ മനുഷ്യന്റെ ചിന്താമണ്ഡലത്തിൽ ഉണ്ടായ വ്യതിയാനത്തെയാണ് കാല്പനിക വിപ്ലവം കുറിക്കുന്നത്. നല്ലവനായ മനുഷ്യന്റെ വികാരങ്ങൾ അവനെ നേർവഴിക്ക് നയിക്കും എന്നാണ് റൊമാന്റിക്കുകൾ വിശ്വസിക്കുന്നത്. ഇംഗ്ലീഷ് കവികളായ വേർഡ്സ്വർത്ത്, കോൾറിഡ്ജ്, ബൈറൺ, ഷെല്ലി, കീറ്റ്സ് എന്നിവർ റൊമാന്റിക് കവിതകൾ രചിച്ചു. 1802-ൽ വേർഡ്സവർത്ത് പ്രസിദ്ധീകരിച്ച ലിറിക്കൽ ബാലഡ്സിന്റെ മുഖവുര റൊമാൻറിസിസത്തിന്റെ മാനിഫെസ്റ്റോ ആയി കണക്കാക്കുന്നു. ആദർശഭ്രമം, അന്നുവരെ നിലനിന്ന സാഹിത്യനിയമത്തെ എതിർക്കുവാനുള്ള വാസന എന്നിവ റൊമാന്റിക്കുകളുടെ മുഖമുദ്രയാണ്. 1907-ൽ കുമാരനാശാൻ വീണപൂവ് പ്രസീദ്ധീകരിച്ചതോടുകൂടിയാണ് മലയാളസാഹിത്യത്തിൽ കാല്പനിക പ്രസ്ഥാനം ഉദയം ചെയ്തത്.

## ഇംപ്രഷനിസം

ചിത്രകലയുമായാണ് ഇതിന് ബന്ധം. ഒരു വസ്തു മനസ്സിൽ പതിപ്പിച്ച അനുഭൂതിയുടെ സൗന്ദര്യാത്മകമായ ആവിഷ്ക്കാരമാണിത്. അംഗീകൃത കലാനിയമങ്ങൾ ഇവർ അംഗീകരിക്കുന്നില്ല. വ്യക്തിമനസ്സിന്റെ ഭാവചലനങ്ങളാണ് ഇവർ ശ്രദ്ധിക്കുന്നത്. ക്ലോദ് മോണൈറ്റ് എന്ന ഫ്രഞ്ച് ചിത്രകാരനിലൂടെയാണ് ഇംപ്രഷനിസം ഒരു കലാപ്രസ്ഥാനമായി വളർന്നത്. ഒരാശയത്തെ വസ്തുനിഷ്ഠമായി നോക്കിക്കാണാതെ മനസ്സിൽ പതിക്കുന്ന ഏകാന്തതാനുഭൂതികൾ ആവിഷ്ക്കരിക്കുന്നതാണ് പ്രതീതിവാദം.

## ക്യൂബിസം

ചിത്രകലയുമായി ബന്ധപ്പെട്ടതാണ് ക്യൂബിസം. കവിതയ്ക്കും ചിത്രകലയ്ക്കും സമാന ധർമ്മങ്ങളുണ്ടെന്ന് ക്യൂബിസ്റ്റുകൾ വിശ്വസിക്കുന്നു. ക്യൂബിസ്റ്റ് കലാസൃഷ്ടികളിൽ വിഷയങ്ങളെ ഒരു അമൂർത്തമായ രൂപത്തിൽ വിശകലനം ചെയ്യുകയും തകർക്കുകയും വീണ്ടും കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും സ്വാധിനിച്ച കലാപ്രസ്ഥാനമായി ക്യൂബിസം കണക്കാക്കപ്പെടുന്നു.

## ഫ്യൂച്ചറിസം എന്ന പ്രസ്ഥാനം

പ്രാചീനമായ സകലതിനേയും പ്രദർശിപ്പിക്കുന്ന ഒരു കാഴ്ചബംഗ്ലാവാണ് ഇറ്റലി എന്ന ആക്ഷേപത്തിന് പരിഹാരം കാണാൻ വേണ്ടി ഏതാനും ഇറ്റാലിയൻ യുവാക്കൾ തുടങ്ങിയ പ്രസ്ഥാനമാണ് ഫ്യൂച്ചറിസം. ഇതിന്റെ തത്വചിന്തകൻ ബൊച്ചിയോണിയും (Boccioni) ഇതിന്റെ നായകൻ ഫ്രാൻസെസ്ക്കോ മാരിനെറ്റിയുമാണ്. ഈ പ്രസ്ഥാനത്തിന്റെ വേദപുസ്തകം ബൊച്ചിയോണിയുടെ Pittura scultura Futuriste എന്ന ഗ്രന്ഥമാണ്.

ഭൂതകാലത്തോടുള്ള വെറുപ്പാണ് ഫ്യൂച്ചറിസത്തിന്റെ മൗലികതത്വം. കലകൾ വർണ്ണിക്കേണ്ടത് സാധനങ്ങളേയോ സംഭവങ്ങളെയോ അല്ല അവയിൽ അന്തർഭവിച്ചിട്ടുള്ളതും അവയെ ഭരിക്കുന്നതുമായ ശക്തികളെയാണെന്ന് ഫ്യൂച്ചറിസ്റ്റുകൾ കരുതുന്നു. ബാഹ്യഭാവത്തെ മാത്രം വർണ്ണിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിരുന്ന അതിനുമുമ്പുള്ള റിയലിസ്റ്റിക് തത്വത്തെ പ്രതിഷേധിക്കുന്ന ഒരു തത്വമാണിത്.

ഒരു ഫ്യൂച്ചറിസ്റ്റ് കലാകാരൻ ഒരു റെയിൽവേ എഞ്ചിന്റെ ചിത്രം വരയ്ക്കുമ്പോൾ എഞ്ചിനെയല്ല അതിന്റെ ശക്തിയെ അഥവാ അതിന്റെ ചലനത്തെയാണ് വരയ്ക്കുന്നത്. ഫ്യൂച്ചറിസ്റ്റ് സാഹിത്യകാരന്മാർ സാഹിത്യത്തിൽ നാമവിശേഷണം,

ക്രിയാവിശേഷണം, നിപാതം എന്നിവയെ ഉപേക്ഷിക്കുകയും പോസിറ്റീവ് നാമങ്ങൾ കൊണ്ടും ചലനപരമായ ക്രിയകൾ കൊണ്ടും സാഹിത്യം നിറയ്ക്കുകയും ചെയ്യുന്നു.

## ഫ്യൂച്ചറിസ്റ്റ് സാഹിത്യം

ഫ്യൂച്ചറിസ്റ്റ് നാടകം, കവിത, ചിത്രം എന്നിവയുടെ സവിശേഷതകളാണ് ലേഖനത്തിൽ തുടർന്ന് പരാമർശിക്കുന്നത്. ഫ്യൂച്ചറിസ്റ്റ് നാടകം ഡ്രാമയുടെ സാങ്കേതിക മാർഗങ്ങളോടും യുക്തിയോടും ഉദാസീനത കാണിക്കുന്നതും ചലനപരമായി അത് ഏകകാലികവും അയഥാർഥവും ആയിരിക്കുമെന്ന് മാരിനെറ്റി അഭിപ്രായപ്പെടുന്നു. നാടകങ്ങളിൽ ദീർഘമായ അങ്കങ്ങളോ രംഗങ്ങളോ പാടില്ലെന്നും സിനിമാരംഗങ്ങളെ അനുകരിച്ച് അവ ഹ്രസ്വവും അർഥവത്തുമായിരിക്കണമെന്നും മാരിനെറ്റി വാദിക്കുന്നു. സോവിയറ്റ് റഷ്യയിലെ ഒരു നാടകകർത്താവായ എവ്റിനോവിന്റെ നാടകങ്ങൾ ഫ്യൂച്ചറിസ്റ്റ് നാടകത്തിന് ഉത്തമദൃഷ്ടാന്തങ്ങളാണ്.

ഫ്യൂച്ചറിസ്റ്റ് കവി തന്റെ സ്വന്തം അനുഭവങ്ങളുടെയും അവയുടെ പ്രകടനത്തിന്റെയും നാഥനായിരുന്നാൽ മതി. അയാളുടെ ഭാഷ പൊതുവായ ഭാഷയല്ല സ്വന്തം ഭാഷയാണ്. അത് വായിക്കുന്നവർ അത് മനസ്സിലാക്കിയേ തീരൂ എന്ന പിടിവാശി അവർക്കില്ല. വായനക്കാരനെ വല്ലതും ധരിപ്പിക്കണമെന്നു വിചാരിച്ചിട്ടല്ല താൻ കൃതി രചിച്ചതെന്നും എന്റെ കവിത എന്റെ സ്വന്തം അനുഭവം എന്നിൽ ഉളവാക്കിയ വികാരത്തെ എനിക്ക് തൃപ്തി തരത്തക്കവണ്ണം പ്രകടിപ്പിക്കണമെന്നു വിചാരിച്ചുമാത്രമേ താൻ എഴുതിയിട്ടുള്ളു എന്നും വായിക്കുന്നവർ അത് മനസ്സിലാക്കിയേ തീരു എന്ന് എനിക്ക് വിചാരമില്ല എന്നും ഫ്യൂച്ചറിസ്റ്റ് കവികൾ പറയുന്നു. ഫ്യൂച്ചറിസ്റ്റ് ചിത്രമെഴുത്തിനെക്കുറിച്ച് ഗീനോ സെവറിനി പറയുന്നതിങ്ങനെയാണ്. ഫ്യൂച്ചറിസ്റ്റ് ചിത്രകല കേവലരൂപങ്ങൾ മുഖേന ഒരു ആദർശലോകത്തിന്റെ ചിത്രപരമായ താളം ആണ് കാണിക്കാൻ പോകുന്നത്. പ്രകൃതിയിലുള്ള രൂപങ്ങളെ അവയുടെ ചലനഗതിയായി ചിത്രകാരൻ മനസ്സിൽ കാണുന്ന രേഖ വഴിനീട്ടുകയോ ആവർത്തിക്കുകയോ ചെയ്താണ് ചിത്രകാരന്മാർ ഇതിന് ശ്രമിക്കുന്നത്. ഫ്യൂച്ചറിസം അതിന്റെ ജന്മഭൂമിയായ ഇറ്റലിയിൽ നിന്നു യൂറോപ്പ് ആസകലം വ്യാപിച്ചിരുന്നു. ഇംഗ്ലണ്ടിൽ ഇതിന് വോർട്ടിസിസം എന്ന പ്രത്യേക പേര് ലഭിച്ചിട്ടുണ്ട്.

## ഫ്യൂച്ചറിസത്തിന്റെ പരിമിതികൾ

ഫ്യൂച്ചറിസത്തിന് ചില ദോഷങ്ങളും കണ്ടെത്താൻ സാധിക്കും. ആ പ്രസ്ഥാനക്കാർക്ക് അവരുടെ രീതിയിൽ ശ്രേഷ്ഠമായ ഒരു കൃതിയും ഇതുവരെ നിർമ്മിക്കാൻ സാധിച്ചിട്ടില്ല. ഭൂതകാലത്തെപ്പറ്റിയുള്ള പ്രതിഷേധം മാത്രമായതു കൊണ്ട് അതിന് സ്വന്തംകാലിൽ നിൽക്കാൻ കഴിയില്ല. പഴയതെല്ലാം നശിക്കുമ്പോൾ ഫ്യൂച്ചറിസത്തിന്റെ ആവശ്യവും ഇല്ലെന്നു വരും. ഫ്യൂച്ചറിസത്തിന്റെ ഒരു മൗലികതത്വം സാധനങ്ങളെയും സംഭവങ്ങളെയും വിവരിക്കുന്നതിനു പകരം അവയിൽ അന്തർഭവിച്ചിട്ടുള്ളവയും അവയെ ഭരിക്കുന്നതുമായ ശക്തികളെ വർണ്ണിക്കണമെന്നാണ്. എല്ലാ കാലങ്ങളിലും യഥാർത്ഥ കലയുടെ സിദ്ധാന്തം ഇതായിരുന്നു.

## ഭാരതത്തിലെ ഫ്യൂച്ചറിസം

ഭാരതീയ സുന്ദരകലകളിൽ തുടങ്ങേണ്ടതായ ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനം യൂറോപ്പിലെ ഫ്യൂച്ചറിസത്തിൽ നിന്ന് വ്യത്യസ്തമാവണം. ഭൂതകാലത്തോടുള്ള വെറുപ്പ്, സമകാലിക വിഷയങ്ങളുടെ തെരഞ്ഞെടുപ്പ്, വിപ്ലവമനസ്ഥിതി എന്നിവയിൽ മാത്രമേ ഭാരതീയ ഫ്യൂച്ചറിസത്തിന് സാമ്യമുണ്ടാകാവൂ. കല ഭാരതീയരുടെ ജീവിതത്തിൽ സജീവവും മാർഗദർശിതുല്യവുമായി പ്രവർത്തിക്കണമെങ്കിൽ ആധ്യാത്മികത്വത്തിൽ നിന്നും റൊമാന്റിക് മിസ്റ്റിക് പ്രസ്ഥാനങ്ങളിൽ നിന്നും അവർക്ക് മുക്തിനേടികൊടുത്തേ മതിയാവൂ. ഇതിന് ഉത്തമമാർഗം റിയലിസപ്രസ്ഥാനമല്ലാതെ മറ്റൊന്നുമല്ല തന്നെ. ബാഹ്യഭാവവും ആന്തരികഭാവവും ഒന്നുപോലെ ബലപ്പെടുത്തി വർണിക്കുന്ന കലാസൃഷ്ടിയായിരിക്കും ഉത്തമമായിരിക്കുന്നത്. ഇത്തരത്തിലുള്ള ഒരു കുറ്റമറ്റ കലാപ്രസ്ഥാനം ഭാവിയിൽ ഭാരതീയർക്ക് തുടങ്ങുന്നതിന് സാധിക്കും. ഇതിലേക്കുള്ള താൽക്കാലിക മാർഗമായിരിക്കണം കേരളത്തിലേയും ഭാരതത്തിലേയും ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനം.

ഇന്ത്യയിലെ ക്ലാസിക് പ്രസ്ഥാനത്തിലും റൊമാന്റിക് പ്രസ്ഥാനത്തിലും മിസ്റ്റിക് പ്രസ്ഥാനത്തിലും ഒന്നുപോലെ ആന്തരിക അവസ്ഥയുടെ വർണ്ണനയാണ് ബലപ്പെടുത്തിയിരിക്കുന്നത്. ബാഹ്യഭാവവർണ്ണന, പരിസ്ഥിതിയുടെ വർണ്ണന എന്നിവ ഭാരതീയ കലകളിൽ വേണ്ടിടത്തോളം ഇതുവരെ ഉണ്ടായിട്ടില്ല. അതിനാൽ ഈ ബാഹ്യഭാവ വർണ്ണനയുടെ ആവശ്യത്തെ അതിശയപൂർവ്വം ചൂണ്ടിക്കാണിക്കുകയാണ് ഭാരതത്തിലെ ഫ്യൂച്ചറിസ്റ്റ്പ്രസ്ഥാനക്കാർ ചെയ്യേണ്ടത്. യൂറോപ്പിലെ ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനക്കാർ ചലനത്തെ ദിവ്യമാക്കിയതിൽ നിന്ന് പല ദൂഷ്യങ്ങൾ ഉണ്ടായിട്ടുണ്ട്. അതുപോലെ ഭാരതത്തിലെ ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനക്കാർ ബാഹ്യഭാവവർണ്ണനയെ ദിവ്യമാക്കുന്നതിൽ നിന്ന് പല ദൂഷ്യങ്ങളും ഉണ്ടാകും എന്ന് സമ്മതിച്ചേ മതിയാവൂ. ബാഹ്യവും താൽക്കാലികമായ ഭാവങ്ങളെ പുരാതനകാലം മുതൽക്ക് വിഗണിച്ചിട്ടുള്ള ഭാരതീയർക്ക്, ഭാരതത്തിലെ ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനക്കാരുടെ ബാഹ്യഭാവാരാധന കൊണ്ട് അതിന്റെ പ്രാധാന്യം നല്ലതുപോലെ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇത് സാധിച്ചാൽ ആന്തരിക ഭാവവർണ്ണനയും ബാഹ്യഭാവവർണ്ണനയും വേണ്ടവിധത്തിൽ കലർത്തിയിട്ടുള്ള ഒരു കുറ്റമറ്റ കലാപ്രസ്ഥാനം ഭാവിയിൽ ഭാരതീയർക്ക് തുടങ്ങുന്നതിന് സാധിക്കുകയും ചെയ്യും. ഇതിലേക്കുള്ള ഒരു താൽക്കാലിക മാർഗ്ഗമായിരിക്കണം കേരളത്തിലെയും ഭാരതത്തിലെയും ഫ്യൂച്ചറിസ്റ്റ്പ്രസ്ഥാനം.

ഫ്യൂച്ചറിസം എന്ന പ്രസ്ഥാനം ആരംഭിക്കുന്നതോടെ സാഹിത്യരംഗത്ത് ഏതൊക്കെ മാറ്റങ്ങളാണ് ഉണ്ടാവുക എന്നതിനെക്കുറിച്ചാണ് തുടർന്ന് ലേഖനത്തിൽ പരാമർശിക്കുന്നത്. കേരളത്തിലെ ഫ്യൂച്ചറിസ്റ്റ് കവികൾ ടാഗൂറിനേയോ നാലപ്പാടനേയോ വള്ളത്തോളിനേയോ അനുകരിക്കാതെ ഇക്ബാലിനേയോ കുമാരനാശാനേയോ വാൾവിറ്റ്മാനെയോ മാതൃകകളാക്കും. ഫ്യൂച്ചറിസ്റ്റ് നാടകകൃത്തുക്കൾ ചരിത്രനാടകങ്ങളേയും സംഗീതനാടകങ്ങളേയും വലിച്ചെറിഞ്ഞ് ഇബ്സനേയും ബർണാഡ്ഷായേയും മാതൃകയാക്കും. നോവലിസ്റ്റുകൾ ചരിത്ര നോവലുകളുപേക്ഷിച്ച് ഫ്ളാബാർട്ടിനേയും മോപ്പസാങ്ങിനേയും മാതൃകയാക്കും. സമകാലീന പ്രശ്നങ്ങളെ നല്ല പോലെ ചിത്രീകരിക്കുന്ന ഇന്നത്തെ സോവിയറ്റ് റഷ്യൻ നോവലെഴുത്തുകാരേ അനുകരിച്ച് നോവലുകൾ എഴുതിയേക്കും. നടനകലയിൽ കഥകളിയിലെ റൂളും ചട്ടവുമനുസരിച്ചുള്ള നാട്യം ഉപേക്ഷിച്ച് നടന്മാർക്ക് സ്വാതന്ത്ര്യം നൽകുന്ന ഒരു നടനകല കേരളത്തിലെ ഫ്യൂച്ചറിസ്റ്റ് നടന്മാർ സ്വീകരിച്ചേക്കാം. ഫ്യൂച്ചറിസ്റ്റ് നാടകമെഴുത്തിൽ സ്ത്രീപ്പാർട്ട് കെട്ടുന്നവർ സ്ത്രീകൾ തന്നെ ആയിരിക്കുകയും ചെയ്യും. കേരളത്തിലെ ഫ്യൂച്ചറിസ്റ്റ് പ്രതിമാശില്പികൾ ഈശ്വരന്റെ രൂപം കൊത്തുന്നതിൽ മനുഷ്യമാതൃക പരിത്യജിക്കുകയും ദിവ്യത്വം അവയവങ്ങളുടെ ബാഹുല്യംകൊണ്ട് പ്രകടിപ്പിക്കുകയും ചെയ്യുന്ന ഇന്നത്തെ ക്ലാസ്സിക് രീതിയെ പരിത്യജിച്ച് കുറ്റമറ്റ മനുഷ്യരൂപത്തിൽ പ്രതിമകൾ കൊത്തി, അവയ്ക്ക് വലിപ്പം കൊണ്ട് ദിവ്യത്വം സൂചിപ്പിക്കുന്ന പ്രാചീനമായ പ്രതിമാകലാരീതിയെ സ്വീകരിച്ചേക്കാം. കേരളത്തിലെ ഫ്യൂച്ചറിസ്റ്റ് സംഗീതകലാവിദഗ്ദ്ധന്മാർ ആന്തരിക ഭാവങ്ങളെ പ്രകടിപ്പിക്കുന്ന രാഗം പരിത്യജിച്ച് പ്രകൃതിയിൽ പ്രത്യക്ഷത്തിൽ കാണാവുന്ന താളത്തെ മാത്രം സ്വീകരിച്ച് പാശ്ചാത്യ സംഗീതം പോലെയുള്ള ഒന്നിനെ സൃഷ്ടിച്ചേക്കാം. കേരളത്തിൽ ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനം തുടങ്ങുവാൻ ധൈര്യമുള്ളവരുണ്ടെങ്കിൽ എത്രയും വേഗം മുന്നോട്ട് വരണമെന്ന ആഹ്വാനത്തോടെയാണ് ലേഖനം അവസാനിക്കുന്നത്.

## അവലോകനം

മലയാളഗദ്യസാഹിത്യത്തിന് മുന്നോട്ടുള്ള വഴി കാണിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് നവലോകം എന്ന ഗ്രന്ഥം രചിച്ചത്. അതിലെ കേരളകലകളും ഫ്യൂച്ചറിസവും എന്ന ലേഖനം കേരളത്തിൽ പുതിയൊരു ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനം തുടങ്ങേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് സൂചിപ്പിക്കുന്നു. ഭാരതീയർ ആധ്യാത്മികതയെ ഉപേക്ഷിച്ച് നവലോകസൃഷ്ടിക്കായി മുന്നോട്ട് വരണം എന്ന ആഹ്വാനത്തോടെയാണ് ലേഖനം ആരംഭിക്കുന്നത്. തുടർന്ന് ഫ്യൂച്ചറിസത്തിന്റെ ചരിത്രം, ഫ്യൂച്ചറിസ്റ്റ് സാഹിത്യത്തിന്റെ സവിശേഷതകൾ എന്നിവ ചർച്ച ചെയ്യുന്നു. ഫ്യൂച്ചറിസത്തിന്റെ പരിമിതികളെക്കുറിച്ചാണ്

പിന്നീട് ചർച്ച ചെയ്യുന്നത്. കേരളത്തിലെയും ഭാരതത്തിലെയും ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനം എങ്ങനെയുള്ളതായിരിക്കണമെന്നതിനെക്കുറിച്ചും വിവരണമുണ്ട്. ഫ്യൂച്ചറിസത്തിന് സാഹിത്യരംഗത്ത് ഏതൊക്കെ മാറ്റം കൊണ്ടുവരാൻ സാധിക്കും എന്നതിനെക്കുറിച്ചും ലേഖകന് വിശാലമായ കാഴ്ച്ചപ്പാടുണ്ട്. കേരളത്തിൽ ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനം തുടങ്ങുന്നതിനുള്ള പ്രേരണ നൽകിക്കൊണ്ടാണ് ലേഖനം അവസാനിക്കുന്നത്.

## Recap

- കേരളീയ കലാകാരന്മാരുടെ മാമൂൽ പ്രതിപത്തിയും പരിവർത്തനത്തോടുള്ള വൈമുഖ്യവും
- ഭാരതീയർക്ക് അദ്ധ്യാത്മികതയോട് താല്പര്യം കൂടിയതുകൊണ്ടാണ് പുരോഗതിയില്ലാത്തത്
- ഭൗതികത്വവും ആധ്യാത്മികത്വവും ചേരേണ്ട വിധം ചേർന്നാൽ മാത്രമേ ജീവിതം മനോഹരമാകൂ
- ഭൂതകാലത്തിലെ സകലതിനെയും തകർക്കണമെന്നുള്ള വാദം എന്നാണ് ഫ്യൂച്ചറിസത്തിന് കേസരി നൽകുന്ന വ്യാഖ്യാനം
- ഒരു കൃതിയിൽ എന്ത് പറയുന്നു എന്നല്ല എങ്ങനെ പറയുന്നു എന്നതാണ് മുഖ്യം
- മാമൂലിനെതിരെയുള്ള വിപ്ലവമാണ് റൊമാന്റിസിസത്തിലും റിയലിസത്തിലും കാണുന്ന സ്വഭാവം
- നിയമവും ചട്ടവും അനുസരിച്ചുള്ള കലാനിർമ്മാണ രീതിയാണ് ക്ലാസ്സിസം
- ജീവിതത്തെ അതേപടി ആവിഷ്ക്കരിക്കുന്ന രീതിയാണ് റിയലിസം
- റിയലിസ്റ്റ് കലാകാരൻ ലോകത്തിൽ താൻ കാണുന്ന സംഭവങ്ങളോടും സാധനങ്ങളോടും സത്യസന്ധമായി, ആത്മാർത്ഥമായി പെരുമാറുന്നു
- ചിത്രകലയുമായി ബന്ധപ്പെട്ടതാണ് ക്യൂബിസം
- ക്ലോദ് മോണെറ്റ് എന്ന ഫ്രഞ്ച് ചിത്രകാരനിലൂടെയാണ് ഇംപ്രഷനിസം ഒരു കലാപ്രസ്ഥാനമായി വളർന്നത്
- പ്രാചീനവും സ്ഥിരപ്രതിഷ്ഠ നേടിയവയുമായ ഉത്തമകൃതികളെയാണ് ക്ലാസ്സിക്സ് എന്നു പറയുന്നത്
- ഫ്യൂച്ചറിസ്റ്റ് നാടകം ചലനപരമായി ഏകകാലികവും അയഥാർഥവും ആയിരിക്കുമെന്ന് മാരിനെറ്റി അഭിപ്രായപ്പെടുന്നു
- ഭൂതകാലത്തോടുള്ള വെറുപ്പാണ് ഫ്യൂച്ചറിസത്തിന്റെ മൗലികതത്വം
- എവ്റിനോവിന്റെ നാടകങ്ങൾ ഫ്യൂച്ചറിസ്റ്റ് നാടകത്തിന് ഉത്തമ ദൃഷ്ടാന്തങ്ങളാണ്
- ഫ്യൂച്ചറിസ്റ്റ് കവിയുടെ ഭാഷ പൊതുവായ ഭാഷയല്ല. സ്വന്തം ഭാഷയാണ്
- ഫ്യൂച്ചറിസ്റ്റ് ചിത്രകല കേവലരൂപങ്ങൾ മുഖേന ഒരു ആദർശലോകത്തിന്റെ ചിത്രപരമായ താളം ആണ് കാണിക്കുന്നത്
- ബാഹ്യഭാവവും ആന്തരഭാവവും ഒന്നു പോലെ ബലപ്പെടുത്തി വർണ്ണിക്കുന്ന ഒരു കലാസൃഷ്ടിയായിരിക്കും ഉത്തമമായിരിക്കുന്നത്

## Objective Questions

1. കേസരി പത്രാധിപത്യം വഹിച്ച ആനുകാലികങ്ങളേതെല്ലാം?
2. ഫ്യൂച്ചറിസത്തിന് തുടക്കം കുറിച്ച രാജ്യം ഏത്?
3. കേരളകലകളും ഫ്യൂച്ചറിസവും എന്ന ലേഖനം ഏത് കൃതിയിൽ നിന്നെടുത്തതാണ്?
4. ഫ്യൂച്ചറിസത്തിന്റെ വേദപുസ്തകം എന്നറിയപ്പെടുന്നത് ഏത് കൃതിയാണ്?
5. റൊമാന്റിസിസത്തിലും റിയലിസത്തിലും കാണുന്ന സ്വഭാവം എന്ത്?
6. ഇംപ്രഷനിസം ഒരു കലാപ്രസ്ഥാനമായി വളർന്നത് ആരിലൂടെയാണ്?
7. ഫ്യൂച്ചറിസത്തിന്റെ മൗലിക തത്വം എന്താണ്?
8. ഫ്യൂച്ചറിസത്തിന് ഇംഗ്ലണ്ടിൽ പറയുന്ന പേരെന്ത്?
9. ഫ്യൂച്ചറിസ്റ്റ് ചിത്രകല കേവലരൂപങ്ങൾ മുഖേന ഒരു ആദർശലോകത്തിന്റെ ചിത്രപരമായ താളം ആണ് കാണിക്കാൻ പോകുന്നത്. എന്ന് അഭിപ്രായപ്പെട്ടത് ആരാണ്?
10. റിയലിസത്തെ പരാജയപ്രസ്ഥാനം എന്നു വിളിച്ചതാര്?
11. റൊമാന്റിസിസത്തെ മനംനോക്കി പ്രസ്ഥാനമെന്നു വിളിച്ചതാര്?
12. കേസരി സ്മാരക മന്ദിരം സ്ഥിതിചെയ്യുന്നതെവിടെ?
13. രൂപമഞ്ജരി എന്ന ഗ്രന്ഥത്തിന്റെ കർത്താവാരാണ്?
14. ഫ്യൂച്ചറിസ്റ്റ് നാടകം അയഥാർത്ഥമെന്ന് അഭിപ്രായപ്പെട്ടതാര്?

## Answers

1. പ്രബോധകൻ, കേസരി
2. ഇറ്റലി
3. നവലോകം
4. Pittura Scultura Futuriste
5. മാമൂലിനെതിരെയുള്ള വിപ്ലവം
6. ക്ലോദ് മോണെറ്റ്
7. ഭൂതകാലത്തോടുള്ള വെറുപ്പ്
8. വോർട്ടിസിസം
9. സെവിനറി
10. കേസരി എ. ബാലകൃഷ്ണപിള്ള
11. കേസരി എ. ബാലകൃഷ്ണപിള്ള
12. പുളിമൂട് (തിരുവനന്തപുരം)
13. കേസരി എ. ബാലകൃഷ്ണപിള്ള '
14. മാരിനെറ്റി

## Assignments

1. കേസരി സാഹിത്യപ്രസ്ഥാനങ്ങളെ നിർവചിച്ചതെങ്ങനെ എന്ന് വിവരിക്കുക
2. ഫ്യൂച്ചറിസത്തിന്റെ  സവിശേഷതകൾ വിലയിരുത്തുക.
3. ഭാരതീയ കലകളുടെ പോരായ്മകളായി കേസരി ചൂണ്ടിക്കാണിക്കുന്നത് എന്തെല്ലാമാണെന്ന് വിശദീകരിക്കുക.
4. ഇന്ത്യയിലെ ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനം എങ്ങനെയായിരിക്കണം എന്നാണ് കേസരി ബാലകൃഷ്ണപിള്ള അഭിപ്രായപ്പെടുന്നത് എന്ന് വിലയിരുത്തുക.
5. ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനത്തിന്റെ രംഗപ്രവേശത്തോടുകൂടി സാഹിത്യലോകത്തുണ്ടായ മാറ്റങ്ങൾ വിവരിക്കുക.
6. ഫ്യൂച്ചറിസ്റ്റ് സാഹിത്യത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക.
7. ഫ്യൂച്ചറിസത്തിന്റെ പരിമിതികൾ വിശദീകരിക്കുക.

## Reference


1. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി.സി ബുക്സ്, കോട്ടയം.
2. കേസരി എ. ബാലകൃഷ്ണപിള്ള, കേസരിയുടെ സാഹിത്യവിമർശനങ്ങൾ, എൻ.ബി.എസ്, കോട്ടയം.
3. കേസരി എ. ബാലകൃഷ്ണപിള്ള, നവലോകം, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.

# യൂണിറ്റ് - 2
# ബാല്യകാലസഖിയുടെ അവതാരിക

**എം.പി. പോൾ**

## Learning Outcomes

- എം.പി. പോളിന്റെ സാഹിത്യനിരൂപണത്തെക്കുറിച്ച് സാമാന്യധാരണ ലഭിക്കുന്നു
- പുരോഗമന സാഹിത്യപ്രസ്ഥാനത്തെക്കുറിച്ചറിയുന്നു
- ബഷീറിന്റെ കൃതികളെക്കുറിച്ച് മനസ്സിലാക്കുന്നു
- വൈക്കം മുഹമ്മദ് ബഷീറിന്റെ ബാല്യകാലസഖി എന്ന കൃതിയുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- കലയുടെ ലക്ഷ്യം എന്താണെന്ന് മനസ്സിലാക്കുന്നു
- നോവൽ പ്രസ്ഥാനത്തെക്കുറിച്ച് മനസ്സിലാക്കുന്നു

## Prerequisite

പാശ്ചാത്യ സാഹിത്യവുമായുള്ള സമ്പർക്കത്തോടുക്കൂടിയാണ് ഒരു സ്വതന്ത്രശാഖയായി മലയാളസാഹിത്യത്തിൽ വിമർശനം അറിയപ്പെട്ടു തുടങ്ങിയത്. പാശ്ചാത്യ സ്വാധീന ഫലമായി ഇവിടെ ഉരുത്തിരിഞ്ഞ നൂതനഗദ്യവും യുക്തിബോധവും വിമർശന വികാസത്തെ സഹായിച്ചു. പ്രധാനമായും കാവ്യത്തിന്റേതു മാത്രമായ ലോകത്തിലായിരുന്ന മലയാള വിമർശനത്തെ കഥയുടെയും നോവലിന്റെയും വിശാലമേഖലയിലേയ്ക്ക് ആനയിക്കാൻ സാഹിത്യകാരന്മാർ ശ്രമിച്ചു. അവരിൽ പ്രധാനികളാണ് കേസരി എ. ബാലകൃഷ്ണപിള്ളയും, എം.പി. പോളും. കേസരി വൈദേശികാശയങ്ങൾ പരിചയപ്പെടുത്തി. ലക്ഷണ ഗ്രന്ഥങ്ങളുടെ നിർമ്മാണത്തിലാണ് എം.പി. പോൾ ശ്രദ്ധ കേന്ദ്രീകരിച്ചത്. പാശ്ചാത്യ പൗരസ്ത്യ സാഹിത്യ ദർശനങ്ങളെ അസാധാരണമായ ഒരു പാകത്തിൽ എം.പി. പോൾ സംയോജിപ്പിച്ചു. പാശ്ചാത്യ സാഹിത്യത്തെ എന്ന പോലെ പൗരസ്ത്യ സാഹിത്യദർശനത്തെയും അദ്ദേഹം സ്വീകരിച്ചു.

**എം.പി. പോൾ**



എം.പി. പോൾ

കേരളവർമ്മ വലിയകോയിത്തമ്പുരാൻ, സി.പി. അച്യുതമേനോൻ, എ.ആർ. രാജരാജവർമ്മ, കേസരി ബാലകൃഷ്ണപിള്ള എന്നിവരിലൂടെ വളർന്നു വന്ന മലയാള സാഹിത്യ വിമർശനത്തിലെ ശ്രദ്ധേയനായ ചിന്തകനാണ് എം.പി. പോൾ. സത്യാന്വേഷണവും മനുഷ്യവംശ പുരോഗതിയുമാണ് കലയുടെ ലക്ഷ്യം എന്ന ഉറച്ച വിശ്വാസമാണ് അദ്ദേഹത്തിന്റെ കലാവീക്ഷണം. നോവൽ, ചെറുകഥ, സൗന്ദര്യശാസ്ത്രം എന്നിവയെപ്പറ്റി പാശ്ചാത്യ സിദ്ധാന്തങ്ങളുടെ പിൻബലത്തോടെ പഠനം നടത്തിയ പണ്ഡിതനായ നിരൂപകനാണദ്ദേഹം. പാണ്ഡിത്യഭാരം കൂടാതെ പാശ്ചാത്യ സാഹിത്യധാരകളെ ആധുനിക മലയാള സാഹിത്യത്തിലേക്ക് സംക്രമിപ്പിച്ചവരിൽ പ്രധാനിയാണ് എം.പി. പോൾ. ജീ

വൽസാഹിത്യ സംഘടന പുരോഗമന സാഹിത്യ സംഘടനയായി മാറിയ 1944 തൃശൂർ സമ്മേളനത്തിൽ അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടത് മുതൽ 1949 സംഘടന പിളർന്നത് വരെ സംഘടനയുടെ സജീവ പ്രവർത്തകനായിരുന്നു. ഉൽപ്പതിഷ്ണുവും സ്വതന്ത്രചിന്തകനുമായിരുന്ന അദ്ദേഹം കത്തോലിക്കാ പൗരോഹിത്യത്തേയും യാഥാസ്ഥിതിക സാഹിത്യവീക്ഷണത്തേയും എതിർത്തു.

കാലത്തിനും സാഹചര്യങ്ങൾക്കും കലയുടെ മേലുള്ള സ്വാധീനശക്തിയെക്കുറിച്ച് ബോധവാനായിരുന്നു പോൾ. സത്യാന്വേഷണവും മനുഷ്യവംശ പുരോഗതിയുമാണ് കലയുടെ ലക്ഷ്യം എന്ന ഉറച്ച വിശ്വാസമാണ് അദ്ദേഹത്തിന്റെ കലാവീക്ഷണത്തിലുള്ളത്. കല കലയ്ക്ക് വേണ്ടി എന്ന് വാദിക്കുന്നവർക്ക് ഊണ് ഊണിന് വേണ്ടി എന്നും വാദിക്കാം എന്ന അദ്ദേഹത്തിന്റെ പ്രസിദ്ധമായ പ്രയോഗം പുരോഗമന സാഹിത്യ സമ്മേളനത്തിലെ സ്വാഗത ഭാഷണത്തിലേതാണ്. ഗദ്യ സാഹിത്യവിമർശനത്തിന് ഊന്നൽ നൽകിയ അദ്ദേഹം കഥാസാഹിത്യരൂപങ്ങൾക്ക് ലക്ഷണ ഗ്രന്ഥങ്ങൾ രചിച്ചു. എം.പി പോളിന്റെ നോവൽ ലക്ഷണ ഗ്രന്ഥം 1930-ൽ പ്രസിദ്ധപ്പെടുത്തി. ആംഗല സാഹിത്യ സിദ്ധാന്തങ്ങളെ മാനദണ്ഡമാക്കി അദ്ദേഹം നടത്തിയ നോവൽ പഠനങ്ങളാണിത്. പാശ്ചാത്യ സാഹിത്യ വിമർശനങ്ങളുടെ സ്വാധീനത്തോടൊപ്പം സംസ്കൃത നാടക സങ്കേതങ്ങളുടെ സ്വാധീനവും ഈ പഠനത്തിനുണ്ട്. 1932-ൽ പ്രസിദ്ധപ്പെടുത്തിയ ചെറുകഥാപ്രസ്ഥാനം ടാഗോർ കഥകളെയും ആംഗലകഥകളെയും മാനദണ്ഡമാക്കി, അക്കാലത്തെ മലയാള ചെറുകഥകളെ വിമർശനാത്മകമായി വിലയിരുത്തുന്നു. 1947-ൽ പുറത്തിറക്കിയ സൗന്ദര്യനിരീക്ഷണം എന്ന ഗ്രന്ഥം പുരോഗമന സാഹിത്യം, കലാപ്രയോജനം, കലയും കാലവും, കലയും സന്മാർഗവും തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. സാഹിത്യ വിചാരം, ഗദ്യഗതി, കാവ്യദർശനം തുടങ്ങിയവയും അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്. ബഷീറിന്റെ 'ബാല്യകാലസഖി'യക്ക് അവതാരിക എഴുതിയത് എം.പി. പോളാണ്.

**പ്രധാനകൃതികൾ**

നോവൽ സാഹിത്യം, ചെറുകഥാ പ്രസ്ഥാനം, ചിത്രകലയും കാവ്യകലയും, സാഹിത്യവിചാരം, സൗന്ദര്യനിരീക്ഷണം.

## Keywords

നോവൽ - വൈക്കം മുഹമ്മദ് ബഷീർ - മാർക്കകല്യാണം - ബാല്യകാലസഖി - മനുഷ്യഹൃദയജ്ഞാനം - ഹൃദയദീപ്തി

## Discussion

### നോവൽ

പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ നടപ്പായ ഗദ്യഭാഷാക്രമത്തിന്റെയും കൊളോണിയൽ വിദ്യാഭ്യാസത്തിന്റെയും പത്രമാസികകളുടെ ആവിർഭാവത്തിന്റെയും ഫലമായി രൂപം കൊണ്ട സാഹിത്യരൂപമാണ് നോവൽ. ദേശീയ സ്വാതന്ത്ര്യ സമരം, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം, ശാസ്ത്രരംഗത്ത് ഉണ്ടായ ആഗോളമുന്നേറ്റങ്ങൾ, ലോകസാഹിത്യത്തിലെ പരിവർത്തനങ്ങളുമായുള്ള പരിചയം തുടങ്ങിയ ഘടകങ്ങൾ 1930 കൾ തൊട്ട് മലയാള സാഹിത്യത്തിൽ മാറ്റം വരുത്താൻ തുടങ്ങി. സാഹിത്യ വിമർശകനായ കേ

സരി ബാലകൃഷ്ണപിള്ള ലോകസാഹിത്യം, ശാസ്ത്രം, തത്വചിന്ത, സാഹിത്യദർശനം, തുടങ്ങിയവയെക്കുറിച്ച് എഴുതിയ പ്രബന്ധങ്ങൾ ഭാവനാപരിവർത്തനത്തിന് ആക്കംകൂട്ടി. ചെറുകഥയിലാണ് ഈ മാറ്റം ആദ്യമായി പ്രത്യക്ഷപ്പെട്ടത്. റിയലിസത്തിൽ താൽപര്യം കാട്ടിയ ഒരു സംഘം എഴുത്തുകാർ 1940 – കളിൽ രംഗത്ത് വന്നു. പി. കേശവദേവ്, തകഴി, എസ്.കെ. പൊറ്റക്കാട്, ഉറൂബ് തുടങ്ങിയവരായിരുന്നു റിയലിസ്റ്റുകളിൽ പ്രമുഖർ. കേശവദേവിന്റെ ഓടയിൽ നിന്ന്, ബഷീറിന്റെ ബാല്യകാലസഖി എന്നിവയോടെ മലയാളത്തിലെ യഥാതഥനോവൽ ശാഖ ആരംഭിച്ചു. തകഴിയുടെ തോട്ടിയുടെ മകൻ കൂടി ആയപ്പോഴേക്കും അത് ശക്തമായ ഒരു പ്രസ്ഥാനമായി മാറി.

## വൈക്കം മുഹമ്മദ് ബഷീർ



മലയാള കഥാസാഹിത്യ രംഗത്തിലെ ഒരു അത്ഭുത പ്രതിഭയാണ് വൈക്കം മുഹമ്മദ് ബഷീർ. 'എന്റെ തങ്കം' എന്ന കഥയാണ് ബഷീർ ആദ്യം കഥാസാഹിത്യത്തിന് സംഭാവന ചെയ്തത്. ഇതിനെ തുടർന്ന് ധാരാളം നോവലുകളും ചെറുകഥകളും അദ്ദേഹത്തിൽ നിന്ന് ഭാഷയ്ക്ക് ലഭിച്ചു. ബഷീറിന്റെ നോവലുകളെ സാമൂഹികനോവലുകൾ, ആത്മകഥാനോവലുകൾ, ഹാസ്യനോവലുകൾ എന്ന് മൂന്നായി വിഭജിച്ചിരിക്കുന്നു. ബാല്യകാലസഖി, പ്രേമലേഖനം, ശബ്ദങ്ങൾ, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, ജീവിതത്തിന്റെ നിഴൽ പാടുകൾ എന്നിവ സാമൂഹിക നോവലുകളും, മരണത്തിന്റെ നിഴലിൽ, പാത്തുമ്മയുടെ ആട്, മതിലുകൾ, മാന്ത്രിക പൂച്ച, അനുരാഗത്തിന്റെ ദിനങ്ങൾ എന്നിവ ആത്മകഥാംശമുള്ള നോവലുകളും ആനവാരിയും പൊൻകുരിശും, സ്ഥലത്തെ പ്രധാന ദിവ്യൻ എന്നിവ ഹാസ്യനോവലുകളും ആണ്. സാമൂഹിക നോവലുകളിലാണ് സമൂഹത്തിന്റെ വ്യതിയാനങ്ങൾ പ്രധാനമായും ഉണ്ടാവുക. മുസ്ലിം സമുദായത്തിലെ അനാചാരങ്ങളെ ഉന്മൂലനാശം ചെയ്ത് താൻ ഉൾപ്പെടുന്ന സമൂഹത്തിന് നേർവഴി കാണിച്ചു കൊടുക്കുക എന്നതായിരുന്നു ബഷീറിന്റെ ലക്ഷ്യം. ദേവിനോടും തകഴിയോടും ഒപ്പം നവോത്ഥാന നോവലിസ്റ്റുകളുടെ കൂട്ടത്തിൽ ബഷീറിന് സ്ഥാനം നൽകുന്നുണ്ടെങ്കിലും അവർ ചെയ്തത് പോലെ സമൂഹത്തിലെ അസമത്വങ്ങൾക്കെതിരെ സമരകാഹളം അദ്ദേഹം മുഴക്കുന്നില്ല.

നമ്മുടെ സാഹിത്യ സങ്കൽപ്പത്തിന്റെ വലിയൊരു നിഷേധമായിരുന്നു ബഷീറിന്റെ അനുഭവമെഴുത്ത്. ഒരു ജോലിയും ഇല്ലാതെ അലഞ്ഞ് തിരിഞ്ഞ് ജോലിയന്വേഷിച്ച് ഒരു അച്ചുകൂടത്തിൽ എത്തുമ്പോഴാണ് തനിക്ക് ഒരുപാട് അനുഭവങ്ങളുണ്ടെന്നും അനുഭവം പറയുന്നതാണ് സാഹിത്യമെന്നും ബഷീർ തിരിച്ചറിയുന്നത്. താൻ ഒരു തൊഴിലാളിയാണെന്നും തന്റെ ഉപകരണം മാത്രമാണ് ഭാഷയെന്നും ബഷീറിനറിയാമായിരുന്നു. റോമെറ്റീരിയൽ ആയ ജീവിതത്തിൽ നിന്ന് ഉണ്ടാക്കിയെടുത്ത സാധനങ്ങൾ കൊണ്ട് ലോകത്തിൽ വിൽപ്പന നടത്തുന്ന ഒരു നിർമ്മാതാവും വ്യവസായിയുമാണ് താൻ എന്നുള്ള ഭൗതിക ജീവിതബോധം ബഷീറിന് മാത്രമെ മലയാളത്തിൽ ആദ്യന്തം ഉണ്ടായിട്ടുള്ളു. ബഷീർ എഴുതിയത് ഭാഷകൊണ്ടല്ല അനുഭവം കൊണ്ടാണ്. വിശപ്പിന്റെയും ഉന്മാദത്തിന്റെയും ലോകം കൂടിയാണത്. എന്താണ് സുഖമെന്ന് ചോദിക്കുമ്പോൾ ഭക്ഷണം കഴിക്കുന്നതും ഒരു ബീഡി വലിക്കുന്നതും സ്നേഹിക്കുന്നതും വരട്ട് ചൊറി മാന്തുന്നതും സുഖമാണെന്ന് ബഷീർ പറയുന്നുണ്ട്. ബഷീറിന്റെ വ്യക്തിപരമായ കലാഗുണം ഭാവദീപ്തിയാണ്. ചുറുചുറുക്കുള്ള വാക്യങ്ങളിൽ മനുഷ്യഹൃദയം സ്പന്ദിക്കുന്നുണ്ട്.

## ബാല്യകാല സഖി

ബഷീർ രചിച്ച ഒരു ദുരന്താന്ത്യ നോവലാണ് ബാല്യകാലസഖി. എം.പി. പോളാണ് ഇതിന് അവതാരിക എഴുതിയിരിക്കുന്നത്. ജീവിതത്തിൽ നിന്നും അടർത്തിയെടുത്ത ഒരേടാണിത് എന്ന് പോൾ അവതാരികയിൽ സൂചിപ്പിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. സ്നേഹം എത്ര മഹത്താണെന്ന് മാത്രമല്ല സ്നേഹം എത്ര നിരർത്ഥമായ വസ്തുതയായിത്തീരുന്നുവെന്നും സ്നേഹം എങ്ങനെ യാഥാർഥ്യത്താൽ ഞെരുക്കപ്പെടുന്നുവെന്നും ബാല്യകാലസഖിയിൽ കാണുന്നു. ഭാഷയെ നാം തൊടുമ്പോൾ നാം തൊടുന്നത് ഭാഷയെ അല്ല സമുദായത്തെയാണെന്നും ജീവിതത്തെയും ജീവിതമൂല്യത്തെയും ആണെന്നും പുനർനിർവ്വചിക്കാനുള്ള ശ്രമവും ഈ ചെറു നോവലിലുണ്ട്. നൂറ്റാണ്ടുകളായി തന്റെ സ്വന്തം സമുദായത്തിൽ അടിഞ്ഞു കൂടി കിടക്കുന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ദുഷ്പ്രവണതകളും തുറന്ന് കാണിക്കാൻ ബഷീർ ശ്രമിക്കുന്നു. മറ്റൊരാൾക്ക് അനുകരിക്കാൻ കഴിയാത്ത, നർമരസം തുളുമ്പി നിൽക്കുന്ന അതിചടുലമായ ഭാഷാശൈലിയാണ് അദ്ദേഹത്തിന്റേത്. അനുഭവസമ്പന്നതയും ജീവിത നിരീക്ഷണപാടവവും സ്വതസിദ്ധമായ ശൈലിയും ഒത്ത് ചേർന്നപ്പോൾ അദ്ദേഹം മലയാള സാഹിത്യത്തിലെ ഒറ്റയാനായി മാറി. 'ഒന്നും ഒന്നും കൂട്ടിയാൽ ഇമ്മിണി വല്യ ഒന്ന്' എന്ന് ഈ നോവലിലെ മജീദിന്റെ പ്രസ്താവന പ്രസിദ്ധമാണ്.

സുഹ്റയുടെയും മജീദിന്റെയും ദുരന്ത പ്രേമമാണ് ബാല്യകാല സഖിയിലെ പ്രമേയം. എതിർപ്പും വൈരവും എല്ലാം ഇടകലർന്ന ഒരു പ്രണയം. ബാല്യകാല സൗഹൃദങ്ങളുടെ എല്ലാ ചാരുതയും ആ സ്നേഹത്തിലുണ്ട്. സുഹ്റ പാവപ്പെട്ട ഒരു അടയ്ക്കാ കച്ചവടക്കാരന്റെ മകളും മജീദ് പണക്കാരനായ ഒരു മരക്കച്ചവടക്കാരന്റെ മകനുമാണ്. കാലം ഈ വേർതിരിവിനെ കണക്കാക്കിയതേയില്ല. പഠിക്കാൻ മിടുക്കിയായിരുന്നിട്ടും സുഹ്റയ്ക്ക് തുടർന്നു പഠിക്കാൻ കഴിയുന്നില്ല. മജീദ് നഗരത്തിൽ പോയി പഠനം തുടരുന്നു. വളരെ നാളുകൾക്കു ശേഷം തിരിച്ചുവന്ന മജീദ് കാണുന്നത് താൻ ഹൃദയതുല്യം സ്നേഹിച്ച സുഹ്റ തന്നെ കാത്തിരിക്കാതെ മറ്റൊരാളിന്റെ ഭാര്യയായിത്തീർന്നതാണ്. സുഹ്റയുടെ വിവാഹ ജീവിതം ദുരിതം നിറഞ്ഞതായിരുന്നു. സുഹ്റയുടെ ഭർത്താവ് സുഹ്റയെ നിരന്തരം പീഡിപ്പിച്ചിരുന്നത് സ്ത്രീധനത്തിന്റെ ബാക്കി കിട്ടുവാനായിരുന്നു. മജീദിന്റെ സഹോദരിമാരുടെ വിവാഹം നടക്കാഞ്ഞതും സ്ത്രീധനം കൊടുക്കാനില്ലാത്തതു കൊണ്ടാണ്. വീട്ടിലെ കഷ്ടപ്പാടുകളിൽ നിന്നും കരകയറാനായി മജീദ് വീണ്ടും നാടുവിടുന്നു. മറുനാട്ടിൽ ജോലിക്കിടയിൽ മജീദിന്റെ കാൽ നഷ്ടപ്പെടുന്നു. ആ കിടപ്പിൽ തന്റെ എല്ലാമെല്ലാമായ സുഹ്റ മരിച്ചതായുള്ള വിവരവും മജീദിനെ തേടിയെത്തുന്നു. വിധിയുടെ വിളയാട്ടം ആദ്യവസാനം ഈ നോവലിനെ മുന്നോട്ടു കൊണ്ടു പോകുന്നു. ഈ ഒരു പ്രേമകഥ അവതരിപ്പിക്കുക മാത്രമായിരുന്നില്ല ബഷീറിന്റെ ഉദ്ദേശ്യം എന്ന് നോവലിൽ നിന്ന് മനസ്സിലാക്കാം. സ്ത്രീധനമെന്ന വിപത്ത്, ബഹുഭാര്യാത്വം, സ്ത്രീയുടെ അസ്വാതന്ത്ര്യം എല്ലാം നോവൽ തുറന്നു കാട്ടുന്നുണ്ട്.

ഇനിക്ക് മാവേക്കേറാൻ അറിയാലോ എന്ന് മജീദ് പറയുമ്പോൾ മാവിൽ കയറാൻ അറിയുക! അത് ഒരു വലിയ അറിവല്ലേ എന്ന് സുഹ്റ അന്തം വിട്ടുകൊണ്ട് പറയുമ്പോൾ എന്നത്തേയും വലിയൊരു സാമൂഹ്യസങ്കല്പത്തെയാണ് ബഷീർ വിമർശിക്കുന്നത്. പണത്തിന്റെ പേരിൽ നടക്കുന്ന വേർതിരിവുകളും നോവലിലെ മറ്റൊരു വിഷയമാണ്. വിശ്വാസപരമായ ഒരു ആചാരമായ സുന്നത്തു കല്യാണം അഥവാ മാർക്കത്തെക്കുറിച്ചും നോവലിൽ പരാമർശമുണ്ട്. രഹസ്യമായി ചെയ്യേണ്ട ഒരു ആഘോഷത്തെയാണ് ബഷീർ പരസ്യ ആഘോഷമാക്കി മാറ്റിയത്. പുരുഷന്മാരായ മുസ്ലിംങ്ങൾക്ക് നിർബന്ധമാക്കിയിട്ടുള്ള ഒരു ചടങ്ങാണിത്. അതുപോലെ സ്ത്രീകൾക്കുള്ള ചടങ്ങാണ് കാതുകുത്ത്. ഈ ചടങ്ങിന് വിശ്വാസപരമായി യാതൊരു നിർബന്ധവും ഇല്ല. എന്നാൽ മറ്റു മതക്കാരിൽ നിന്നും മുസ്ലിംങ്ങളെ വേർതിരിച്ചു കാണാനുള്ള ഒരു അടയാളമായിരുന്നു കാതിലെ ദ്വാരങ്ങൾ. 'ഉമ്മാ ഈ കാതുകുത്തും മറ്റും ഇല്ലായിരുന്നെങ്കിൽ. നമ്മുടെ സമുദായത്തിനു മാത്രം എന്തിനാണ് ഈ വൃത്തികെട്ട ഏർപ്പാടുകൾ? വൃത്തികെട്ട വസ്ത്രധാരണവും, വൃത്തികെട്ട ആഭരണങ്ങ

ളും.' തന്റെ സമുദായത്തിന്റെ ദുരാചാരങ്ങളിൽ വിലപിക്കുന്ന ബഷീറിനെയാണ് ഈ വരികളിൽകാണാൻ സാധിക്കുന്നത്. ഉത്കൃഷ്ട ആദർശങ്ങളുള്ള ബഷീറിന്റെ മലയാളസാഹിത്യത്തിലേയ്ക്കുള്ള കടന്നുവരവാണ് ബാല്യകാലസഖി എന്ന നോവൽ.

മലയാള സാഹിത്യചരിത്രത്തിൽ കൃതികളുടെ അവതാരികകൾ ഏറെ പ്രസക്തമാണ്. ഗദ്യസാഹിത്യത്തിന്റെ വളർച്ചയിൽ സുപ്രധാന പങ്ക് അവതാരികകൾക്കുണ്ട്. ബാല്യകാലസഖിക്ക് എം.പി. പോൾ എഴുതിയ അവതാരികയിൽ "ബാല്യകാലസഖി ജീവിതത്തിൽ നിന്ന് വലിച്ച് ചീന്തിയ ഒരേടാണ്. വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു" എന്ന ആദ്യവാചകം ബഷീർ കൃതികളുടെ പ്രധാന സവിശേഷതയിലേക്ക് വിരൽ ചൂണ്ടുന്നു.

ചലനാത്മകമായ ജീവിതം ബാല്യകാലസഖിയിലെ ഒരോ വരിയിലും തുടിക്കുന്നുണ്ട്. അത്ഭുതകരമായ അനുഭവവേദ്യതയും യാഥാർഥ്യ ബോധവും കൊണ്ടാണ് ആ കൃതി വായനക്കാരെ സ്വാധീനിച്ചത്. ബാല്യകാലസഖിയിലെ കഥാപാത്രങ്ങൾ സ്ഫുടതയാർന്നതും വ്യക്തിത്വമുള്ളവരുമാണ്. കഥാപാത്രങ്ങളുടെ മാനസികാന്തരീക്ഷം ഇത്രയും ഇരുണ്ടതാവാൻ കാരണമെന്തായിരിക്കും എന്ന ആലോചനകളാണ് പിന്നീട് വരുന്നത്. യഥാർത്ഥ ലോകത്തിൽ കരയാൻ വേണ്ടുവോളം ഉണ്ടെന്നിരിക്കെ സങ്കൽപ്പലോകത്തിലും വിഷാദം പരത്തേണ്ടതുണ്ടോ അല്ലെങ്കിൽ തന്നെ ലോകം ഇത്രയ്ക്കും ദുഃഖമയമായതാണോ? മനുഷ്യഹൃദയത്തിന് ആഹ്ലാദവും ചിരിയും ഇല്ലെന്നാണോ? തുടങ്ങിയ സംശയങ്ങൾക്ക് പ്രസക്തിയില്ല. കഥാകാരന്റെ ലോകാനുഭവവും തൽഫലമായ കാഴ്ചപ്പാടും അങ്ങനെയൊക്കെയാണ് എന്നല്ലാതെ അതിനെപ്പറ്റി പരിഭവിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യുന്നത് വ്യർഥമാണ്. സൗന്ദര്യാസ്വാദനത്തിനു രണ്ടുഘടകങ്ങളുണ്ട്. ആസ്വദിക്കുന്നതൊന്ന്, ആസ്വദിക്കപ്പെടുന്നത് മറ്റൊന്ന്. പ്രകൃതിയുടെ കാര്യം നോക്കുകയാണെങ്കിൽ പ്രകൃതി എപ്പോഴും മാറി കൊണ്ടിരിക്കുന്നു. അതിന്റെ ഒരോ ഭാവവും ക്ഷണികമാണ്. ഈ ഭാവങ്ങളിൽ ചിലതു നമ്മിൽ സൗന്ദര്യ പ്രതീതി ഉളവാക്കാൻ പര്യാപ്തമായിരിക്കും. എന്നിരുന്നാലും അതിന് സ്ഥിരതയില്ല. നേരെമറിച്ച് കലയിൽ രമണീയ ഭാവത്തിന് സ്ഥിരഭാവമുണ്ട്.

കഥാവസ്തു ആഹ്ലാദപ്രദമോ സന്താപാത്മകമോ എങ്ങനെ ആയാലും കലയിലെ നിത്യസത്യങ്ങൾക്കനുസരിച്ച് മനോഹരമാക്കി തീർക്കാൻ എഴുത്തുകാരന് സാധിച്ചിട്ടുണ്ടോ എന്ന് മാത്രമെ സഹൃദയൻ പരിശോധിക്കേണ്ടതുള്ളൂ. ഇതിൽ പ്രയോഗിച്ചിരിക്കുന്ന ഉപകരണങ്ങളുടെ പരിമിതി, സ്ഥായിഭാവങ്ങളുടെ ഏകാഗ്രത, വാക്യങ്ങളുടെ ധ്വനിപ്രധാനത എന്നിവ കൊണ്ട് ഇതൊരു ചെറുകഥയുടെ സ്വഭാവങ്ങൾ കാണിക്കുന്നു. എന്നാൽ ബാല്യം മുതൽ പ്രായപൂർത്തിയാവുന്നതുവരെ നായികാ നായകന്മാരുടെ വ്യത്യസ്താനുഭവങ്ങളെ ചിത്രീകരിക്കുന്നത് കൊണ്ട് ഒരു നോവലിന് വേണ്ടുന്ന വിസ്തൃതിയും സമ്പൂർത്തിയും ഈ കൃതിക്കുണ്ട് താനും. മായ്ച്ചാലും മായാത്ത ജീവിത പരിവർത്തന ചിത്രങ്ങളാണ് ഈ കൃതിയിൽ ബഷീർ വരച്ച് വെച്ചിരിക്കുന്നത്.

തങ്കം പോലുള്ള പിച്ചള ചെല്ലത്തിൽ നിന്ന് വെള്ളി ഡെപ്പി എടുത്ത് ഇടിച്ച് കൂട്ടിയ പുകയില കൈവെള്ളയിലാക്കി മോണയിൽ വെച്ച് നീട്ടിത്തുപ്പിയിരുന്ന ബാപ്പ, ഉണക്കവെറ്റിലയിൽ ചുണ്ണാമ്പ് പൊട്ടിച്ചിട്ട് വല്ലേടത്ത് നിന്നും ഇത്തിരി പുകയില ഞെട്ടിന് വേണ്ടി ഉമ്മയെ പറഞ്ഞയക്കുന്നു. സങ്കൽപ്പ സൗധത്തിൽ രാജകുമാരിയൊത്തു കഴിയുന്ന ദിവാസ്വപ്നങ്ങൾ കണ്ടിരുന്ന കഥാനായകൻ രാത്രി പതിനൊന്നു വരെ ഹോട്ടലിലെ എച്ചിൽ പാത്രങ്ങൾ കഴുകുന്നു. മജീദിനെയും വായനക്കാരെയും ഒന്ന് പോലെ പുളകം കൊള്ളിച്ചിരുന്ന മോഹനരൂപത്തിനുടമയായ സുഹ്റ കൈവിരലുകളുടെ പരപ്പുകൾ മുഴച്ച് നഖങ്ങൾ തേഞ്ഞ് ആകെ വിളർത്ത വികൃതക്കോലമായി മാറുന്നു.

ബാല്യകാലസഖിയിലെ കഥാപാത്രങ്ങൾ സ്ഫുടതയാർന്നതും വ്യക്തിത്വമുള്ളവരുമാണ്. ചന്തുമേനോന്റെ കഥാപാത്രങ്ങളായ പഞ്ചുമനോന്റെയും എടത്തിലെ അച്ചന്റെയും ശങ്കു ആശാന്റെയും ഒപ്പം ചേർത്തു വെക്കാവുന്ന

കഥാപാത്രമാണ് മജീദിന്റെ ബാപ്പ. മാതൃഹൃദയത്തിന്റെ തനിപ്പകർപ്പായി മജീദിന്റെ ഉമ്മയെയും സ്ത്രീയുടെ പര്യായശബ്ദമായി സുഹ്റയേയും അവതരിപ്പിച്ചിരിക്കുന്നു. ഉയർന്ന ഭാവനയും മഹത്തായലോകാനുഭവവും സൂക്ഷ്മമായ മനുഷ്യഹൃദയജ്ഞാനവും ഇക്കഥയിൽ ചേരുന്നു. ചന്തുമേനോന്റെ ശാരദയ്ക്ക് ശേഷം ഇത്ര ഹൃദയാവർജ്ജകവും ഗുണസമ്പുഷ്ടവുമായ ഒരു കഥാഗ്രന്ഥം ഭാഷയിലുണ്ടായിട്ടില്ല എന്നാണ് എം.പി. പോളിന്റെ ഉറച്ച അഭിപ്രായം. ബഷീറിന്റെ വ്യക്തിപരമായ കലാഗുണം ഭാവദീപ്തിയാണ്. ചുറുചുറുക്കുള്ള വാക്യങ്ങളിൽ മനുഷ്യഹൃദയം സ്പന്ദിക്കുന്നുണ്ട്. മറ്റ് ചില കഥകളിൽ കാണുന്നത് പോലെ കലാനിയമങ്ങളെ ലംഘിക്കുന്ന തരത്തിൽ അനിയന്ത്രിതമായ വികാരാവിഷ്ക്കരണം ഇതിലില്ല. മായ്ച്ചാലും മായാത്ത ജീവിത പരിവർത്തന ചിത്രങ്ങളാണ് ഈ കൃതിയിൽ ബഷീർ വരച്ച് വെച്ചിരിക്കുന്നത്.

കലാകാരന് ആവശ്യം വേണ്ടതായ സംയമനം പാലിക്കാൻ ബഷീറിന് സാധിച്ചിട്ടുണ്ട്. ബഷീർ മഹത്തായ കലാസൃഷ്ടിക്ക് പുറമേ ഒരർത്ഥത്തിൽ ഒരു സമുദായ സേവനം കൂടി ചെയ്തിരിക്കുന്നുവെന്ന് പറയാം. ഒരു സമുദായത്തിന്റെ ഹൃദയത്തിലേക്ക് പ്രവേശിക്കാനുള്ള ഏകമാർഗം സാഹിത്യമാണ്. കേരളത്തിലെ വമ്പിച്ച ജനവിഭാഗമായ മുസ്ലിം സമുദായം നമ്മുടെ സാഹിത്യത്തിന് അതുവരേക്കും അപരിചിതമായിരുന്നു. കാരണമെന്തായാലും പരമാർത്ഥം അതാണെന്ന് പോൾ അഭിപ്രായപ്പെടുന്നു, (എം.പി. പോൾ അവതാരിക) മാത്രമല്ല മുസ്ലീം സമുദായത്തിനല്ല മലയാള സാഹിത്യത്തിനാണ് അതിന്റെ നഷ്ടമെന്നും അദ്ദേഹം വിലയിരുത്തുന്നു.

ചുടുചോര കാണുമ്പോൾ പേടിയും അറപ്പും തോന്നുന്നവർ സൂക്ഷിച്ച് വേണം ഈ പുസ്തകം വായിക്കാനെന്ന് പോൾ മുന്നറിയിപ്പ് നൽകുന്നത് മറ്റൊന്നും കൊണ്ടല്ല. അതുവരെയും നമ്മുടെ സാഹിത്യത്തിന് അന്യമായിരുന്ന പച്ചയായ അനുഭവങ്ങളാണ് ബഷീർ തന്റെ കൃതിയിൽ ആവിഷ്ക്കരിച്ചത്. കാമുകി കാമുകന്മാർ സ്വന്തം സാമർത്ഥ്യം കൊണ്ടോ ഭാഗ്യം കൊണ്ടോ എല്ലാ പ്രതിബന്ധങ്ങളും തരണം ചെയ്ത് വിവാഹിതരാകുന്ന കഥകൾ മാത്രം വായിച്ച് പരിചയപ്പെട്ടിട്ടുള്ളവർ ഇക്കഥ വായിക്കുമ്പോൾ നിരാശപ്പെടരുത്. ജീവിതത്തിന്റെ പോക്കെന്നത് മനുഷ്യന്റെ ആഗ്രഹം പോലെയല്ല സംഭവിക്കുന്നത്. നിസ്സാരവിഘ്നം നേരിട്ടാൽ ഉടനെ മുങ്ങിച്ചാവുകയോ അന്യോന്യം മാലയിട്ട് വിഷം കുടിച്ച് ജീവിതം അവസാനിപ്പിക്കുയോ ചെയ്യുന്ന കഥകൾ വായിച്ച് ഭേഷ് എന്ന് തലകുലുക്കുന്നവർക്കും ഈ കൃതി ഒരു മുന്നറിയിപ്പാണ്. മരണത്തേക്കാൾ ദാരുണമായ ദുരാനുഭവങ്ങളും ജീവിതത്തിലുണ്ടെന്ന് ഈ കൃതി ബോധ്യപ്പെടുത്തുന്നു.

മാർക്ക കല്യാണം സാഹിത്യത്തിന്റെ ആഭിജാത്യത്തിനു ചേർന്നതല്ല എന്ന് വിചാരിക്കുന്നവരോട് എനിക്കൊന്നും പറയാനില്ല എന്ന് പറഞ്ഞ് കൊണ്ടാണ് എം.പി. പോൾ അവതാരിക അവസാനിപ്പിക്കുന്നത്. മതസൗഹാർദം വളർത്താൻ ബഷീറിന്റെ കൃതികൾ പര്യാപ്തമാണ് എന്ന് അദ്ദേഹം തുറന്ന് പറയുകയാണ് ഇവിടെ. ഇനിയും ഇത്തരത്തിൽ പുസ്തകങ്ങൾ എഴുതാൻ ബഷീറിന് സാധിക്കട്ടെ എന്ന് ആശംസകൾ നേർന്ന് കൊണ്ട് എം.പി. പോളിന്റെ അവതാരിക അവസാനിക്കുന്നു.

## അവലോകനം

കാലത്തിനും സാഹചര്യങ്ങൾക്കും കലയുടെ മേലുള്ള അപ്രതിരോധമായ സ്വാധീനശക്തിയെക്കുറിച്ച് ബോധവാനായിരുന്നു എം.പി.പോൾ. ബാല്യകാലസഖിയുടെ അവതാരികയിൽ ബഷീർ കൃതികളുടെ സവിശേഷതകളെക്കുറിച്ച് പരാമർശിക്കുന്നു. ചന്തുമേനോന്റെ ശാരദയ്ക്ക് ശേഷം ഇത്ര ഹൃദയാവർജ്ജകവും ഗുണസമ്പുഷ്ടവുമായ ഒരു കഥാഗ്രന്ഥം ഭാഷയിലുണ്ടായിട്ടില്ല എന്നാണ് എം.പി. പോളിന്റെ ഉറച്ച അഭിപ്രായം. ബാല്യകാലസഖിയിലെ കഥാപാത്രങ്ങൾ സ്ഫുടതയാർന്നതും വ്യക്തി വിശേഷമുള്ളവരുമാണ്. ബാല്യകാലസഖി കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിലേക്കുള്ള ഒരു നേർക്കാഴ്ച നൽകുന്നു. ആചാരങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയുടെ ചിത്രീകരണത്തിലൂടെ നോവൽ കേരളത്തിന്റെ സാംസ്കാരിക ഘടനയിലേക്കുള്ള ഒരു ജാലകമായി വർത്തിക്കുന്നു. മജീദിന്റെയും സുഹ്റയുടെയും കഥയിലൂടെ

ബാല്യകാലസഖി ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നിലനിന്നിരുന്ന കർക്കശമായ സാമൂഹിക മാനദണ്ഡങ്ങളെ നിശിതമായി വിമർശിക്കുന്നുണ്ട്. ജാതി, മതം, സാമൂഹിക പ്രതീക്ഷകൾ എന്നിവയുടെ പരമ്പരാഗത സങ്കൽപ്പങ്ങളെ നോവൽ വെല്ലുവിളിക്കുന്നു.സാഹിത്യത്തിലേക്ക് അതുവരെ അപൂർവ്വമായി മാത്രം കടന്നുവന്നിരുന്ന മുസ്ലീം സമുദായത്തെ നോവലിന് വിഷയമാക്കിയതിലൂടെ സമുദായസേവനം കൂടി ബഷീർ ചെയ്തിരിക്കുന്നു. ഇതിവൃത്തം വികസിക്കുമ്പോൾ, വിധി ഒരു ദാരുണമായ വഴിത്തിരിവുണ്ടാക്കുകയാണ്. സ്നേഹത്തിന്റെയും സഹിഷ്ണതയുടെയും അതിരുകൾ പരീക്ഷിക്കുന്ന വിധിയുടെ ഇടപെടലിന്റെ വിനാശകരമായ അനന്തരഫലങ്ങൾ നോവൽ വിശദീകരിക്കുന്നു. ഭൂതകാലത്തിന്റെ പശ്ചാത്തലത്തിലാണെങ്കിലും ബാല്യകാല സഖിയുടെ പ്രമേയവും സന്ദേശവും ഇന്നത്തെ സമൂഹത്തിൽ ശക്തമായി പ്രതിധ്വനിക്കുന്നുണ്ട്. സാമൂഹികമാനദണ്ഡങ്ങൾ അടിച്ചേൽപ്പിക്കുന്ന നിയന്ത്രണങ്ങളെക്കുറിച്ച് ചിന്തിക്കാൻ നോവൽ നമ്മെ പ്രേരിപ്പിക്കുന്നു. അവയിൽ നിന്നും മോചനം നേടാൻ ആഹ്വാനം ചെയ്യുന്നു.

## Recap

- വിധിയുടെ വിളയാട്ടം ആദ്യവസാനം ഈ നോവലിനെ മുന്നോട്ടു കൊണ്ടുപോകുന്നു
- കാലത്തിനും സാഹചര്യങ്ങൾക്കും കലയുടെ മേലുള്ള സ്വാധീനശക്തിയെക്കുറിച്ച് ബോധവാനായിരുന്നു എം.പി പോൾ
- മറ്റൊരാൾക്ക് അനുകരിക്കാൻ കഴിയാത്ത നർമരസം തുളുമ്പി നിൽക്കുന്ന അതിചടുലമായ ഭാഷാശൈലിയാണ് ബഷീറിന്റേത്
- ചലനാത്മകമായ ജീവിതം നോവലിലെ ഒരോ വരിയിലും തുടിക്കുന്നുണ്ട്
- സുഹ്റയുടെയും മജീദിന്റെയും ദുരന്ത പ്രേമമാണ് ബാല്യകാലസഖിയിലെ പ്രമേയം
- ബഷീർ മഹത്തായ കലാസൃഷ്ടിക്ക് പുറമേ ഒരർത്ഥത്തിൽ ഒരു സമുദായ സേവനം കൂടി ചെയ്തിരിക്കുന്നു
- സൗന്ദര്യാസ്വാദനത്തിന് രണ്ടുഘടകങ്ങളുണ്ട്. ആസ്വദിക്കുന്നതൊന്ന്, ആസ്വദിക്കപ്പെടുന്നത് മറ്റൊന്ന്
- ബാല്യകാലസഖി ജീവിതത്തിൽ നിന്ന് വലിച്ച് ചീന്തിയ ഒരേടാണ്
- മായ്ച്ചാലും മായാത്ത ജീവിത പരിവർത്തന ചിത്രങ്ങളാണ് ഈ കൃതിയിൽ ബഷീർ വരച്ച് വെച്ചിരിക്കുന്നത്
- ബാല്യകാലസഖി ചെറുകഥയുടെ സ്വഭാവം കാണിക്കുന്നു
- ബഷീറിന്റെ വ്യക്തിപരമായ കലാഗുണം ഭാവദീപ്തിയാണ്
- ഒരു സമുദായത്തിന്റെ ഹൃദയത്തിലേക്ക് പ്രവേശിക്കാനുള്ള ഏകമാർഗം സാഹിത്യമാണ്
- മാർക്ക കല്യാണം സാഹിത്യത്തിന്റെ ആഭിജാത്യത്തിനു ചേർന്നതല്ല

## Objective Questions

1. കല കലയ്ക്കുവേണ്ടി എന്ന് പറയുന്നവർ ഊൺ ഊണിനുവേണ്ടി എന്നും വാദിക്കാം എന്ന് പറഞ്ഞതാര്?
2. ചെറുകഥ, നോവൽ എന്നീ സാഹിത്യരൂപങ്ങളെ അടിസ്ഥാനമാക്കി എം.പി. പോൾ രചിച്ച കൃതികൾ ഏത്?
3. ബാല്യകാലസഖിയെ നിരൂപകർ നിശിതമായി വിമർശിച്ചതിന് കാരണമെന്ത്?
4. ബാല്യകാലസഖിയിലെ പ്രമേയമെന്ത്?
5. ബാല്യകാലസഖി ജീവിതത്തിൽ നിന്ന് ചീന്തിയെടുത്ത ഒരേടാണ് എന്നു പറഞ്ഞതാര്?
6. ബഷീറിന്റെ ആദ്യ കഥ ഏതാണ്?
7. ബഷീർ ആദ്യം പ്രസിദ്ധീകരിച്ച നോവൽ ഏത്?
8. മലയാളത്തിലെ ആദ്യ എക്സിസ്റ്റെൻഷ്യലിസ്റ്റ് കൃതി എന്നറിയപ്പെടുന്നത് ഏതാണ്?
9. പ്ലോട്ടില്ലാത്ത കഥ എന്നറിയപ്പെടുന്നത് ബഷീറിന്റെ ഏത് കൃതിയാണ്?
10. ബഷീറിന്റെ വ്യക്തിപരമായ കലാഗുണം എന്താണ്?

## Answers

1. എം.പി. പോൾ
2. ചെറുകഥാ പ്രസ്ഥാനം, നോവൽ സാഹിത്യം
3. അതിൽ മാർക്കക്കല്യാണം പോലുള്ള സമുദായ വിഷയങ്ങൾ ഉൾപ്പെടുത്തിയതുകൊണ്ട്
4. സുഹ്റയുടെയും മജീദിന്റെയും ദുരന്ത പ്രേമം
5. എം.പി. പോൾ
6. എന്റെ തങ്കം
7. പ്രേമലേഖനം
8. ശബ്ദങ്ങൾ
9. പാത്തുമ്മയുടെ ആട്
10. ഭാവദീപ്തി

## Assignments

1. ബാല്യകാലസഖിയുടെ എന്തൊക്കെ മേന്മകളാണ് ലേഖകൻ ചൂണ്ടിക്കാണിക്കുന്നത് എന്ന് വിശദീകരിക്കുക.
2. എം.പി. പോളിന്റെ സാഹിത്യനിരൂപണത്തിന്റെ സവിശേഷതകൾ വിവരിക്കുക.
3. ബഷീറിന്റെ വ്യക്തിപരമായ കലാഗുണം എന്താണെന്നാണ് ലേഖകൻ അഭിപ്രായപ്പെടുന്നത്. വിലയിരുത്തുക.
4. മരണത്തെക്കാൾ ദാരുണമായ ദുരനുഭവങ്ങൾ ബാല്യകാലസഖിയിലുണ്ടെന്ന് ലേഖകൻ വിശദമാക്കുന്നതെങ്ങനെയെന്ന് വിവരിക്കുക.

## Reference


1. കെ.പി. അപ്പൻ, മാറുന്ന മലയാള നോവൽ, ഡി.സി.ബുക്സ്, കോട്ടയം.
2. വൈക്കം മുഹമ്മദ് ബഷീർ, ബാല്യകാലസഖി, ഡി.സി. ബുക്സ്, കോട്ടയം.
3. പി.വി. വേലായുധൻ പിള്ള, മലയാളസാഹിത്യ വിമർശനം, എൻ.ബി.എസ്, കോട്ടയം.
4. എം.പി. പോൾ, നോവൽസാഹിത്യം, എസ്.പി.സി.എസ്., കോട്ടയം.

# യൂണിറ്റ് - 3
# പുതിയ ഹ്യൂമനിസവും പുരോഗമന സാഹിത്യപ്രസ്ഥാനവും

**എം. ഗോവിന്ദൻ**

## Learning Outcomes

- എം. ഗോവിന്ദന്റെ സാഹിത്യ സമീപനങ്ങളെന്തെന്ന് മനസ്സിലാക്കുന്നു
- പുരോഗമന സാഹിത്യപ്രസ്ഥാനവും എം. ഗോവിന്ദനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചറിയുന്നു
- ഹ്യൂമനിസം എന്ന സാഹിത്യപ്രസ്ഥാനത്തെക്കുറിച്ചറിയുന്നു
- റഷ്യയിലെ ഹ്യൂമനിസത്തെക്കുറിച്ചറിയുന്നു
- ഹ്യൂമനിസത്തിന്റെ ചരിത്രത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- ഫാസിസ്റ്റുകളെക്കുറിച്ചറിയുന്നു
- നവോത്ഥാനത്തെക്കുറിച്ചറിയുന്നു

## Prerequisite

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ലോകത്തെമ്പാടും ഉണ്ടായ രാഷ്ട്രീയവും സാമൂഹികവുമായ പരിവർത്തനങ്ങളുടെ പ്രതിഫലനങ്ങളാണ് പുരോഗമന സാഹിത്യപ്രസ്ഥാനത്തിന് വഴിതെളിയിച്ചത്. ഇന്ത്യയെ സംബന്ധിച്ചാണെങ്കിൽ ദേശീയസമരപ്രസ്ഥാനവും സോഷ്യലിസ്റ്റ് ആശയത്തിന്റെ വ്യാപകമായ പ്രചാരണവും പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് മുഖ്യകാരണങ്ങളാണ്. 1936 ഏപ്രിൽ പത്തിന് പുരോഗമന സാഹിത്യ സംഘടനയുടെ പ്രഥമയോഗം ലക്നോവിൽ കൂടി. ഇതിന്റെ ഭാഗമായി 1937-ൽ കേരളത്തിൽ രൂപം കൊണ്ടതാണ് ജീവൽസാഹിത്യ സംഘടന. ഈ സംഘടനയുടെ വികസിത രൂപമാണ് 1944 ജനുവരി 29-ാം തീയതി ഷൊർണൂറിൽ ആരംഭിച്ച കേരളത്തിലെ പുരോഗമനസാഹിത്യ സംഘടന. പുരോഗമനപരമായ കാഴ്ചപ്പാടോടുകൂടി സാമൂഹിക പുരോഗതി ലക്ഷ്യമാക്കി സാഹിത്യരചന നടത്തുക സാംസ്കാരിക തലത്തിൽ പ്രതിലോമശക്തികളോട് പടപൊരുതി സ്വാതന്ത്ര്യത്തിന്റെയും മാനവ പുരോഗതിയുടെയും ക്രിയാത്മക പാത വെട്ടിത്തുറക്കുക തുടങ്ങിയവ സംഘടനയുടെ പ്രധാന ലക്ഷ്യങ്ങൾ ആയിരുന്നു. കല കലയ്ക്കു വേണ്ടിയല്ല കല ജീവിതത്തിനുവേണ്ടി എന്ന ആശയം ഉയർത്തിപ്പിടിച്ച് സാഹിത്യവും മാനവ ജീവിതവും തമ്മിലുള്ള അനിഷേധ്യ ബന്ധം ഉറപ്പിക്കാനാണ് പുരോഗമന സാഹിത്യകാരന്മാർ സന്നദ്ധരായത്.

**എം. ഗോവിന്ദൻ**

മലയാള സാഹിത്യത്തിൽ സ്വതന്ത്രബുദ്ധിജീവി എന്ന വിശേഷണത്തിന് ഏറ്റവും അർഹനായ നിരൂപകനാണ് എം. ഗോവിന്ദൻ. സാഹിത്യകാരൻ ആരുടെ ചേരിയിൽ എന്ന ചോദ്യത്തിന് മനുഷ്യന്റെ ചേരിയിൽ എന്ന വ്യക്തമായ മറുപടിയോടെ സാഹിത്യത്തേയും ജീവിതത്തേയും നോക്കിക്കണ്ട അദ്ദേഹം കവിതയിലും നിരൂപണത്തിലുമെല്ലാം തന്റെ നിലപാടുകൾ

ശക്തമായി അവതരിപ്പിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം മാത്രമുണ്ടായിരുന്ന അദ്ദേഹം ഇംഗ്ലീഷിലും മലയാളത്തിലുമായി നിരവധി ലേഖനങ്ങളെഴുതി. പാശ്ചാത്യസാഹിത്യത്തിലെ നൂതനപ്രവണതകൾ പുതിയ സാഹിത്യകാരന്മാരെ പരിചയപ്പെടുത്തി. നിരൂപണത്തിൽ സ്വതന്ത്രചിന്ത എന്ന മുദ്രാവാക്യവുമായി സ്വതന്ത്രമായ പുതുലോകം തേടിയ എഴുത്തുകാർക്ക് ആത്മധൈര്യം പകർന്നു കൊടുക്കുകയും ചെയ്തു.



എം. ഗോവിന്ദൻ

1919 സെപ്തംബർ 18 ന് മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ജനിച്ചു. സ്കൂൾ വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ 'രണ്ടു ധീരവനിതകൾ' എന്ന കവിത മാതൃഭൂമി ബാലപംക്തിയിൽ പ്രസിദ്ധീകരിച്ചു. ചങ്ങമ്പുഴ കവിതകളുടെ സ്വാധീനഫലമായി കാല്പനികത നിറഞ്ഞ കവിതകളാണ് ആദ്യകാലത്തെഴുതിയിരുന്നത്. അക്കാലത്ത് കേരളത്തിൽ സജീവമായിരുന്ന ഇടതുപക്ഷപ്രസ്ഥാനത്തോടും പുരോഗമന സാഹിത്യപ്രസ്ഥാനത്തോടും ഗോവിന്ദന് താൽപര്യമുണ്ടായിരുന്നു. സഹോദരൻ അയ്യപ്പൻ, ആർ. സുഗതൻ, പൊന്നറ ശ്രീധർ, കെ. ദാമോദരൻ എന്നിവരുമായി അദ്ദേഹത്തിന് അടുത്ത ബന്ധമുണ്ടായിരുന്നു. കേശവദേവ്, കേസരി ബാലകൃഷ്ണപിള്ള എന്നിവരുമായുള്ള അടുത്ത സൗഹൃദവും അദ്ദേഹത്തിന്റെ ജീവിതവീക്ഷണം രൂപപ്പെടുത്തുന്നതിന് സഹായിച്ചു. താമസം അമ്മയുടെ കൂടെ ചെന്നൈയിലേക്ക് മാറിയതോടെ ദ്രാവിഡ സാഹിത്യപ്രസ്ഥാനങ്ങളുമായും തമിഴ് എഴുത്തുകാരുമായും സഹകരിച്ച് പ്രവർത്തിക്കാൻ തുടങ്ങി. നവസാഹിതി, ഗോപുരം, സമീക്ഷ എന്നീ ലിറ്റിൽ മാഗസിനുകളിലൂടെ സാഹിത്യസംവാദങ്ങൾക്കും വിമർശനങ്ങൾക്കും വേദിയൊരുക്കി. കേസരി ബാലകൃഷ്ണപിള്ളയോടൊപ്പം നവീനഭാവുകത്വത്തിനുവേണ്ടി നിലകൊള്ളുകയും സാഹിത്യലോകത്ത് ഒരു വിചാരവിപ്ലവത്തിന് കളമൊരുക്കുകയും ചെയ്തു.

**പ്രധാനകൃതികൾ**

ഒരു പൊന്നാനിക്കാരന്റെ മനോരാജ്യം (കവിത), ഒസ്യത്ത് (നാടകം), റാണിയുടെ പട്ടി (കഥ), പുതിയ മനുഷ്യൻ പുതിയ ലോകം.

## Keywords

ഹ്യൂമനിസം - പുരോഗമന സാഹിത്യപ്രസ്ഥാനം - ഏകലോകം - റൊമാന്റിക് ഹ്യൂമനിസം - ക്ലാസിക്കൽ ഹ്യൂമനിസം

## Discussion

### എം. ഗോവിന്ദനും പുരോഗമന സാഹിത്യപ്രസ്ഥാനവും

വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ ഇടതുപക്ഷത്തോടും പുരോഗമന സാഹിത്യപ്രസ്ഥാനത്തോടും അടുപ്പം കാണിച്ചയാളാണ് എം. ഗോവിന്ദൻ. എം.എൻ. റോയിയുടെ രാഷ്ട്രീയചിന്തകളും അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു. ഹ്യൂമനിസത്തിൽ വിശ്വസിച്ചിരുന്ന ഗോവിന്ദൻ പുരോഗമന സാഹിത്യപ്രസ്ഥാനത്തെ പുതിയ ഹ്യൂമനിസ്റ്റ്പ്രസ്ഥാനമായി കാണുകയും അതിന്റെ പുരോഗതിക്ക് വേണ്ടിയുള്ള കർമ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തു. കാറൽ മാർക്സിനേയും അദ്ദേഹത്തിന്റെ രാഷ്ട്രീ

യനിലപാടുകളേയും ഏറെ ബഹുമാനിച്ചിരുന്ന എം. ഗോവിന്ദൻ, സ്റ്റാലിന്റെ നിലപാടുകളെ അങ്ങേയറ്റം വിമർശിച്ചു. സമൂഹത്തിന്റെ വിപ്ലവകരമായ മാറ്റത്തിനുവേണ്ടി നിലകൊണ്ട അദ്ദേഹം ഏത് സാമൂഹ്യ സാംസ്കാരിക പ്രവർത്തനത്തിനും വിപ്ലവകരമായ പ്രത്യയശാസ്ത്രത്തിന്റെ പിൻബലം കൂടിയേ കഴിയൂ എന്ന ലെനിന്റെ സമീപനം അംഗീകരിക്കാൻ തയ്യാറായില്ല. യുക്തിചിന്തയെ അംഗീകരിക്കുമ്പോഴും എല്ലാ സംഭവങ്ങളേയും യുക്തിയുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കണമെന്ന നിർബന്ധം അദ്ദേഹത്തിനുണ്ടായിരുന്നില്ല.

ലെനിന്റെ മാതൃക സ്വീകരിച്ചുകൊണ്ട് സാംസ്കാരികപ്രവർത്തനങ്ങൾ ഏതെങ്കിലും രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിന് കീഴിലാവണം എന്ന നിലപാട് കേരളത്തിലെ പുരോഗമന സാഹിത്യപ്രസ്ഥാനം കർശനമാക്കിയപ്പോൾ ഗോവിന്ദൻ ആ സംഘടനയുമായി അകന്നു. സാംസ്കാരികരംഗത്തെ സമഗ്രാധിപത്യ പ്രവണതകളെ പ്രതിരോധിക്കുകയും പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ സംഘടനാചട്ടക്കൂടിനെയും അച്ചടക്കത്തെയും നിരാകരിക്കുകയും ചെയ്തു. നിരൂപണത്തിൽ രാഷ്ട്രീയ ചിന്തകൾക്കതീതമായി സ്വതന്ത്രചിന്ത എന്ന മുദ്രാവാക്യവുമായി മുന്നോട്ടുനീങ്ങിയ ഗോവിന്ദനെ ആളുകൾ സ്വതന്ത്രബുദ്ധിജീവി എന്ന് വിളിച്ചു. പുരോഗമന സാഹിത്യക്കാരന്മാർ അമേരിക്കൻ ചാരനെന്നും സി.ഐ.എ. ഫണ്ട് കൈപ്പററിയവനെന്നും ആക്ഷേപിച്ചപ്പോഴും കലയും സംസ്കാരവും രാഷ്ട്രീയവുമെല്ലാം കൂടുതൽ സർഗാത്മകമാക്കുന്നതിനുള്ള പുതിയ പദ്ധതികളുമായി എം.ഗോവിന്ദൻ മുന്നോട്ടുനീങ്ങി.

### എം. ഗോവിന്ദനും ഹ്യൂമനിസവും

മനുഷ്യനും അവനുമായി ബന്ധപ്പെട്ട എല്ലാ സംഭവങ്ങളിലുമുള്ള ഉറച്ച വിശ്വാസമാണ് ഹ്യൂമനിസം. കമ്മ്യൂണിസം പോലുള്ള ആധുനികമായ പുരോഗമന പ്രത്യയശാസ്ത്രങ്ങളെ ഏറെ പ്രതീക്ഷയോടെയാണ് എം. ഗോവിന്ദനെപ്പോലുള്ളവർ നോക്കിക്കണ്ടത്. എന്നാൽ അത്തരം പ്രത്യയശാസ്ത്രങ്ങൾ പോലും പ്രാചീന മതചിന്തപോലെ മനുഷ്യനെ അടിമയായികണ്ടപ്പോൾ മാനുഷികമൂല്യങ്ങളെ നവീകരിച്ച് കൂടുതൽ മാനവികവും സദാചാരപരവുമായ ലോകം നിർമ്മിക്കാൻ അദ്ദേഹത്തെപ്പോലുള്ളവർ ശ്രമിച്ചു. ശുദ്ധമായ മാനവികതയേയും അതിന്റെ സ്വതന്ത്രമായ പ്രകാശനങ്ങളേയും കുറിച്ച് ഗോവിന്ദനെപ്പോലുള്ള ഹ്യൂമനിസ്റ്റുകൾ നിരന്തരം സംസാരിച്ചു. മൂല്യാധിഷ്ഠിതമായ കലാചിന്തയ്ക്കാണ് മാനവതാവാദികൾ ഊന്നൽ നൽകിയത്. മനുഷ്യനെക്കുറിച്ചുള്ള മൂല്യസങ്കല്പമാണ് എം. ഗോവിന്ദന്റെ ഹ്യൂമനിസ്റ്റ് ചിന്തയുടെ കാതൽ. മനുഷ്യാവകാശ സംരക്ഷണത്തിനും അഭിപ്രായസ്വാതന്ത്ര്യത്തിനും വേണ്ടി അദ്ദേഹം നിരന്തരം ശബ്ദമുയർത്തി. കേസരി ബാലകൃഷ്ണപിള്ളയുടെ കൂടെ ചേർന്നുകൊണ്ട് ഏകലോകം എന്ന ആശയത്തിന്റെ പ്രചാരകനായ 'മനുഷ്യന്റെ ചേരിയിൽ' എന്നായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധേയമായ ലേഖനങ്ങളുടെ ശീർഷകം.

നവോത്ഥാനമായിരുന്നു എം. ഗോവിന്ദന്റെ ചരിത്രദർശനം. മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ വിമോചനമാണ് നവോത്ഥാനത്തിന്റെ ലക്ഷ്യം. അധികാരാസക്തിയിൽ നിന്ന് വിമുക്തരായ വ്യക്തികളും അവരുടെ രാഷ്ട്രീയവും ഉണ്ടായാൽ മാത്രമേ നാട് പുരോഗമിക്കൂ എന്ന് അദ്ദേഹം വിശ്വസിച്ചു. സർഗശക്തിയെ ഇല്ലായ്മ ചെയ്യുന്ന ഭരണകൂടങ്ങളുള്ള നാട്ടിൽ ഇരുട്ടകറ്റി വെളിച്ചം പകരുകയാണ് സാഹിത്യകാരന്റെ ലക്ഷ്യം എന്ന് അദ്ദേഹം ആവർത്തിച്ച് പറഞ്ഞു. ലോകത്തിന്റെ വിവിധകോണുകളിൽ ഉയർന്നുവരുന്ന സാഹിത്യ സാംസ്കാരിക രംഗത്തെ നവീനമായ ആശയങ്ങളെ സ്വായത്തമാക്കുന്നതിലൂടെ തന്നെത്തന്നെ നിരന്തരം പുതുക്കുകയും അതിലൂടെ സമൂഹത്തെ പുതുക്കുകയും ചെയ്യുക എന്ന കർത്തവ്യമാണ് ജീവിതം മുഴുവൻ എം. ഗോവിന്ദൻ നിറവേറ്റിയത്. കവിത, നാടകം, കഥ, ഉപന്യാസം, നിരൂപണം, പത്രപ്രവർത്തനം എന്നിങ്ങനെ എഴുത്തിന്റെ എല്ലാ മേഖലകളിലും അദ്ദേഹം തന്റേതായ സംഭാവനകൾ നൽകി. പ്രത്യയശാസ്ത്ര കാപട്യത്തിന്റേയും പൗരോഹിത്യദാസ്യത്തിന്റെയും ഫലമായി വരാൻ പോകുന്ന വിപത്തുകളെക്കുറിച്ച് ജീവിതാവസാനം വരെ അദ്ദേഹം ഓർമ്മിപ്പിച്ചു. 1989 ജനവരി 23 ന് എം.ഗോവിന്ദൻ ഈ ലോകത്തോട് വിടപറഞ്ഞു.

## പുതിയ ഹ്യൂമനിസവും പുരോഗമന സാഹിത്യപ്രസ്ഥാനവും

പുരോഗമന സാഹിത്യപ്രസ്ഥാനം അച്ചടക്കത്തിന്റെയും സംഘടനാചട്ടക്കൂടിന്റെയും വാളോങ്ങി സാഹിത്യകാരന്മാരെ ഇടത് രാഷ്ട്രീയപ്രത്യയശാസ്ത്രത്തിന് കീഴിൽ അണിനിരത്താൻ ശ്രമിച്ചപ്പോൾ എം. ഗോവിന്ദനെപ്പോലുള്ള ഹ്യൂമനിസ്റ്റുകൾ അതിനെ എതിർത്തു. പുതിയ ഹ്യൂമനിസത്തിന്റെ പാത പിൻതുടർന്നുകൊണ്ട് സ്വതന്ത്രചിന്തയിലേക്ക് സാഹിത്യകാരന്മാരെ നയിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ഹ്യൂമനിസ്റ്റുകളും പുരോഗമന സാഹിത്യപ്രസ്ഥാനക്കാരും തമ്മിൽ ഈ വിഷയത്തിൽ വാദപ്രതിവാദങ്ങൾ തുടർന്ന കാലത്താണ് എം. ഗോവിന്ദൻ പുതിയ ഹ്യൂമനിസവും പുരോഗമന സാഹിത്യപ്രസ്ഥാനവും എന്ന പേരിൽ ഒരു ലേഖനം എഴുതുന്നത്. 1948-ൽ മംഗളോദയത്തിലാണ് ഇത് പ്രസിദ്ധീകരിച്ചത്.

റൊമാന്റിക് ഹ്യൂമനിസത്തിന്റെ സവിശേഷതകളെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. ലോകത്തിലെ ഭൂരിഭാഗം സാഹിത്യകാരന്മാരും അവർ ജീവിച്ച കാലത്തെ അക്രമങ്ങൾക്കും അനീതികൾക്കുമെതിരെ പോരാടിയവരാണ്. ഒന്നാംകിട സാഹിത്യകാരന്മാർ രാഷ്ട്രീയപാർട്ടികളിൽ അംഗങ്ങളല്ലാതിരുന്നിട്ടുകൂടി ജനകീയ സ്വാതന്ത്ര്യപ്രസ്ഥാനങ്ങളെ സഹായിക്കുകയും സാമൂഹിക സംഘട്ടനങ്ങളിൽ പുരോഗമനചേരിയോടൊപ്പം ചേർന്ന് പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. അവരെല്ലാം അവ്യക്തമായ ഒരു ജീവിത തത്വശാസ്ത്രം പിൻതുടരുകയും അലിഖിതമെങ്കിലും അനുവർത്തിക്കപ്പെട്ടുവന്ന നിയമാവലികളും നിലപാടുകളും സ്വീകരിക്കുകയും ചെയ്തിരുന്നു. ഇതിനെ മൊത്തത്തിൽ സാഹിത്യത്തിലെ ഹ്യൂമനിസമെന്ന് വ്യവഹരിക്കാം.

## ഹ്യൂമനിസം

മനുഷ്യന്റെ യഥാർഥ അന്തസ്സിനോടും അവനിൽ അന്തർലീനമായികിടക്കുന്ന നന്മയോടും ധാർമികബോധത്തോടുമുള്ള അനുഭാവാത്മകമായ ആദരവ് എന്നാണ് ഹ്യൂമനിസത്തെ നിർവചിക്കുന്നത്. പ്രോട്ടഗോറസ്സിന്റെ 'മനുഷ്യനാണ് മാനദണ്ഡം' എന്ന വാക്യത്തിലും കാറൽ മാർക്സിന്റെ 'മനുഷ്യവർഗത്തിന്റെ മുരട് മനുഷ്യനാണ്' എന്ന വാക്യത്തിലും ഇതേ ആശയം തന്നെയാണുള്ളത്. പത്തൊമ്പതാം നൂററാണ്ടിലെ മിക്കവാറും കൃതികളുടെ ആവേശവും അടിയൊഴുക്കും മനുഷ്യവർഗ പ്രേമമായിരുന്നുവെന്നും കാണാൻ സാധിക്കും. ഗേയ്ഥേ, വാൾട്ടയർ, ഇബ്സൺ, വിക്ടർ ഹ്യൂഗോ, എമിലിസോളോ, ടോൾസ്റ്റോയ്, ഷെല്ലി, ഡോസ്റ്റോവിസ്കി, പുഷ്കിൻ, ചാൾസ് ഡിക്കൻസ് മുതലായവരുടെ കൃതികളിൽ ഹ്യൂമനിസ്റ്റ് മനോഭാവം കാണാൻ സാധിക്കും.

മനുഷ്യ മഹത്വം അംഗീകരിക്കുന്നതാണ് മാനവതാവാദം. മനുഷ്യസ്നേഹം മനുഷ്യന്റെ കായികവും സർഗാത്മകവുമായ കഴിവുകൾ ഇവയിലുള്ള ഉറച്ച വിശ്വാസമാണ് മാനവതാവാദത്തിന്റെ അടിസ്ഥാനം. മനുഷ്യപുരോഗതി പ്രധാന ലക്ഷ്യമാണ്. മതാധിഷ്ഠിത ഹ്യൂമനിസം, മതനിരപേക്ഷ ഹ്യൂമനിസം എന്നിങ്ങനെ രണ്ടായി വിഭജിക്കാം. മാനവതാവാദം വളരെ പ്രാചീനമായ ചിന്താപദ്ധതിയാണ്. കലാപരമായ മൂല്യങ്ങൾക്ക് ഹ്യൂമനിസ്റ്റുകൾ ഊന്നൽ നൽകുന്നു. വിശ്വപ്രേമത്തിന്റെ പ്രചാരകരാണ് മാനവതാവാദികൾ. വ്യക്തിസ്വാതന്ത്ര്യം പ്രധാനമാണ്. സോഷ്യലിസ്റ്റ് ഹ്യൂമനിസ്റ്റുകൾ മർദ്ദിതരുടെയും ചൂഷകരുടെയും മോചനത്തിനായി നിലകൊള്ളുന്നു. സമൂഹത്തിന് കഠിനമായ പോറൽ ഏൽപ്പിക്കാത്ത മാനസിക മാർഗ്ഗവമുള്ള ചിന്താപദ്ധതിയായി ഇതിനെ വിലയിരുത്താം. ജി. ശങ്കരക്കുറുപ്പും സുഗതകുമാരിയും പ്രധാനമായും മാനവതാവാദികളാണ്.

## ഹ്യൂമനിസത്തിന്റെ ചരിത്രം

ഹോമർ, സോഫോക്ലിസ്, അരിസ്റ്റോഫിനിസ്, യൂറിപ്പിഡസ് തുടങ്ങിയ ഗ്രീക്ക് കവികളുടെ കൃതികളിൽ ഹ്യൂമനിസ്റ്റാദർശങ്ങൾ കാണാൻ സാധിക്കും. സാഹിത്യത്തിന്റെ തുടക്കം മുതൽ ഹ്യൂമനിസം താത്വികപശ്ചാത്തലമായി ഉണ്ടെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇറ്റാലിയൻ നവോത്ഥാന നായകനായ പെട്രാർക്ക് എന്ന കവിയാണ് ഹ്യൂമനിസം ഒരു തത്വശാസ്ത്രശാഖയായി ആവിഷ്കരിച്ചത്. പ്രാചീന ഗ്രീക്ക് കവികളുടെ പ്രാകൃത ഹ്യൂമനിസവും നവോത്ഥാന കാല

ത്തിനുശേഷം വളർന്നുവന്ന റൊമാന്റിക് ഹ്യൂമനിസവും തമ്മിൽ ബാഹ്യവും ആന്തരികവുമായ വ്യത്യാസങ്ങളുണ്ട്. പുതിയ ഹ്യൂമനിസം ഇവ രണ്ടിൽ നിന്നും ഏറെ വ്യത്യസ്തവുമാണ്.

## ഹ്യൂമനിസം റഷ്യയിൽ

രണ്ടാം ലോകമഹായുദ്ധകാലത്താണ് ഹ്യൂമനിസം റഷ്യയിൽ ശക്തി പ്രാപിച്ചത്. വേര ഇംബർ എന്ന കവയിത്രി ഞങ്ങൾ മനുഷ്യവർഗപ്രേമികളാണെന്ന് തന്റെ കവിതയിലൂടെ വ്യക്തമാക്കുന്നുണ്ട്. ക്ലാസിക്കൽ ഹ്യൂമനിസം മനുഷ്യന്റെ കഷ്ടപ്പാടുകളെക്കുറിച്ചും അതിനെതിരെ ഉയർന്നുവരേണ്ട പ്രതിരോധങ്ങളെക്കുറിച്ചും സംസാരിച്ചപ്പോൾ റഷ്യൻ ഹ്യൂമനിസം മനുഷ്യന്റെ സുഖജീവിതത്തിനനുരൂപമായ പരിതസ്ഥിതികൾ സൃഷ്ടിക്കാനുള്ള ക്രിയോന്മുഖമായ പ്രവർത്തനങ്ങളെക്കുറിച്ചാണ് സംസാരിച്ചത്. പഴയ ഹ്യൂമനിസം മനഃശാസ്ത്രപരമാവുമ്പോൾ പുതിയത് ചരിത്രപരമാവുന്നത് അങ്ങനെയാണ്.

## മാക്സിം ഗോർക്കിയും റൊമെയ്ൻ റൊളാങ്ങും

മാക്സിം ഗോർക്കി, റൊമെയ്ൻ റൊളാങ് എന്നീ സാഹിത്യകാരന്മാരാണ് പുതിയ ഹ്യൂമനിസത്തിന് തുടക്കം കുറിച്ചത്. റഷ്യൻ സാഹിത്യകാരന്മാരായ പുഷ്കിൻ, ചെക്കോവ്, ടോൾസ്റ്റോയ്, ഡോസ്റ്റോവിസ്കി എന്നിവരുടെ ഹ്യൂമനിസ്റ്റ് നിലപാടുകളിൽനിന്ന് ഗോർക്കി ഏറെ മുന്നോട്ടുപോവുകയും പഴയ റൊമാന്റിക് ഹ്യൂമനിസത്തിൽ നിന്ന് വ്യത്യസ്തമായി പുതിയ ഒരു ചിന്താസരണി വെട്ടിത്തുറക്കുകയും ചെയ്തു. സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ ചങ്ങലകളിൽ കുടുങ്ങിക്കിടക്കേണ്ടി വരുമെന്ന റൊമാന്റിക് ഹ്യൂമനിസത്തിന്റെ നിലപാടിന് പകരം മനുഷ്യൻ നിസ്സഹായനല്ല ചരിത്രനിർമ്മാതാവും വിശ്വകർമ്മാവുമാണെന്ന നിലപാടാണ് ഗോർക്കി മുന്നോട്ടുവെച്ചത്. മനുഷ്യന്റെ അനന്തമായ സാധ്യതകളെക്കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്.

'എന്നെ സംബന്ധിച്ചിടത്തോളം മനുഷ്യാതീതമായി യാതൊന്നുമില്ല. കാരണം മനുഷ്യൻ മാത്രമാണ് വസ്തുക്കളുടേയും ആശയങ്ങളുടേയും സ്രഷ്ടാവ്. അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനാണ് മനുഷ്യൻ. പ്രകൃതിശക്തികളുടെയെല്ലാം ഭാവി യജമാനനാണ്. ഞാൻ മനുഷ്യന്റെ മുന്നിൽ കുമ്പിടുന്നു.' (മാക്സിം ഗോർക്കി) മാക്സിം ഗോർക്കി ചിത്രീകരിക്കുന്ന ഈ പുതിയ മനുഷ്യനാണ് പുതിയ ഹ്യൂമനിസത്തിന്റെ കേന്ദ്രം.

റൊമെയ്ൻ റൊളാങ്ങ് തന്റെ ജീവിതകാലത്തെ സാമൂഹികരാഷ്ട്രീയ സംഘട്ടനങ്ങളിലെല്ലാം സജീവമായി പങ്കെടുത്തു. മനുഷ്യത്വത്തെ മുഴുവനും ഉൾക്കൊള്ളുന്ന ഒരു രാഷ്ട്രീയകക്ഷിയെയും മനുഷ്യ സാഹോദര്യത്തിന്റെ സത്ത ഉൾക്കൊള്ളുന്ന സാമൂഹികക്രമത്തേയും അദ്ദേഹം സ്വപ്നം കണ്ടു. റൊളാങ്ങ് സ്വപ്നം കണ്ട മനുഷ്യൻ ചുററുപാടുകളെ നിയന്ത്രിക്കുകയും നിർണയിക്കുകയും സുന്ദരമാക്കിത്തീർക്കുകയും ചെയ്യുന്നയാളാണ്. മനുഷ്യന്റെ ആന്തരികമായ അന്തസ്സിനോട് ആദരവു കാണിക്കുന്നത് കൊണ്ട് മാത്രമാണ് അദ്ദേഹം വർഗസമരം എന്ന ആശയത്തെ അംഗീകരിക്കുന്നത്. ഈ മനുഷ്യൻ മതത്തിന്റെ കളിപ്പാവയോ ദൈവത്തിന്റെ കുഞ്ഞാടോ അല്ല. റഷ്യയിൽ ആരംഭം കുറിച്ച പുതിയ ഹ്യൂമനിസം 1930-കൾക്കുശേഷം യൂറോപ്പു മുഴുവൻ പ്രചരിക്കാൻ തുടങ്ങി. ടി.എസ്. എലിയട്ട്, ഓഡൻ, ലെവിസ്, സ്പെൻഡർ തുടങ്ങിയവർ ഇംഗ്ലണ്ടിൽ പുതിയ ഹ്യൂമനിസത്തിന് കരുത്തു പകർന്നു. യൂറോപ്പിലൊട്ടാകെ പുതിയ ഹ്യൂമനിസ്റ്റ് തത്വങ്ങൾ സാഹിത്യകേന്ദ്രങ്ങളിൽ പ്രചരിക്കാനും പ്രതിഫലിക്കാനും തുടങ്ങിയത് 1930-ന് ശേഷമാണ്. അന്നു സാഹിത്യകാരന്മാർ അഭിമുഖീകരിച്ചു കൊണ്ടിരുന്ന പ്രധാന പ്രശ്നം ഫാസിസമായിരുന്നു.

## ഫാസിസ്റ്റുകളും സാഹിത്യവും

മനുഷ്യവർഗത്തിന്റെ പൊതുശത്രുവായ ഫാസിസം സാഹിത്യകാരന്മാരെ കൂട്ടമായി ആക്രമിച്ചു. മനുഷ്യസംസ്കാരത്തിന്റെ ഒന്നാമത്തെ ശത്രു ഫാസിസ്റ്റുകളാണെന്ന് തിരിച്ചറിഞ്ഞ ലോകത്തെല്ലായിടത്തുമുള്ള സാഹിത്യകാരന്മാർ അതിനെതിരെ മനുഷ്യനെ അണിനിരത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരായി. ഇന്നുവരെയുള്ള മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ പുരോഗതിയേയും നേട്ടങ്ങളേയും തട്ടിത്തകർത്ത് തരിപ്പണമാക്കുന്ന ഫാസിസം

മനുഷ്യവർഗത്തിനെതിരാണെന്ന് അവർ ജനങ്ങളെ ബോധ്യപ്പെടുത്തുകയും ഫാസിസത്തിനെതിരെ ഉയർന്നു വന്ന ജനകീയ മുന്നണികൾക്ക് ധാർമിക പശ്ചാത്തലം ഒരുക്കുകയും ചെയ്തു. അങ്ങനെ ആ കാലഘട്ടം സമര സാഹിത്യത്തിന്റെ കാലഘട്ടമായി. കോൺസൻട്രേഷൻ ക്യാമ്പ് സാഹിത്യം എന്നാണ് ജോർജ് ഓർവൽ ഇതിനെ വിശേഷിപ്പിച്ചത്. ഫാസിസ്റ്റുകൾ ജനങ്ങളെ കൂടുതൽ ദുരിതങ്ങളിലേക്ക് തള്ളിവിട്ടപ്പോൾ സാഹിത്യകാരന്മാർ രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടാനും നിയമലംഘന സമരങ്ങളിൽ പങ്കെടുക്കാനും തുടങ്ങി. ഭൂരിഭാഗം സാഹിത്യകാരന്മാരും ഫാസിസത്തെ എതിർത്തപ്പോൾ അതിനെ അനുകൂലിച്ചവരും ഉണ്ടായിട്ടുണ്ട്. ചിലർ ഇതിലൊന്നും ഇടപെടാതെ വിഷാദാത്മകത്വവും നിശൂന്യതാവാദവുമൊക്കെയായി തങ്ങളിൽ തന്നെ ഒതുങ്ങിനിന്നു. ചിലർ ഗീതയും ഗായത്രിയും ജപിക്കുകയും യോഗാഭ്യാസമനുഷ്ഠിക്കുകയും ചെയ്തു. മയക്കോവിസ്കി വിഷാദരോഗം ബാധിച്ച് ആത്മഹത്യചെയ്തു. കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായ മയക്കോവ്സ്കി റൊമാന്റിക് മനോഭാവത്തോടൊപ്പം കമ്മ്യൂണിസ്റ്റ് ആശയങ്ങളും സ്വീകരിച്ചു. ഈ അന്തസംഘർഷങ്ങളാണ് അദ്ദേഹത്തിന്റെ ആത്മഹത്യയ്ക്ക് കാരണം എന്നാണ് എം.ഗോവിന്ദൻ നിരീക്ഷിക്കുന്നത്.

## അവലോകനം

റൊമാന്റിക് ഹ്യൂമനിസത്തെക്കുറിച്ച് ചർച്ച ചെയ്തു കൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. തുടർന്ന് ഹ്യൂമനിസത്തിന്റെ ചരിത്രം റഷ്യയിലെ ഫാസിസ്റ്റ് സാഹിത്യം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നു. പുരോഗമന സാഹിത്യപ്രസ്ഥാനം വളർന്നു വന്നപ്പോൾ കേരളത്തിലെ സാഹിത്യകാരന്മാർ ഏറെ പ്രതീക്ഷയോടെയാണ് അതിനെ നോക്കിക്കണ്ടത്. പക്ഷേ സാഹിത്യത്തെക്കുറിച്ചുള്ള ലെനിന്റെ കാഴ്ചപ്പാട് സ്വീകരിച്ചുകൊണ്ട് സാഹിത്യകാരന്മാർ രാഷ്ട്രീയപാർട്ടികൾക്ക് കീഴിൽ അണിനിരക്കണമെന്ന നിലപാട് പുരോഗമന സാഹിത്യകാരന്മാർ ശക്തമാക്കിയപ്പോൾ എം. ഗോവിന്ദനെപ്പോലുള്ള സ്വതന്ത്രബുദ്ധിജീവികൾ അസ്വസ്ഥരായി. പുരോഗമനസാഹിത്യം എങ്ങനെ ഹ്യൂമനിസ്റ്റ് കാഴ്ചപ്പാടോടുകൂടി മുന്നോട്ടുപോകണം എന്ന് ഓർമ്മിപ്പിക്കാനാണ് എം. ഗോവിന്ദൻ പുതിയ ഹ്യൂമനിസവും പുരോഗമന സാഹിത്യപ്രസ്ഥാനവും എന്ന ലേഖനം എഴുതുന്നത്. 1950-കളുടെ തുടക്കത്തോടെ പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ സംഘടനപരമായ പ്രവർത്തനങ്ങൾ ഏറെക്കുറെ അവസാനിച്ചു. പക്ഷേ പുരോഗമന സാഹിത്യ പ്രസ്ഥാനം ഉയർത്തിയ വിപ്ലവകരമായ നവീന ആശയങ്ങളാണ് മലയാള സാഹിത്യത്തിന്റെ കഴിഞ്ഞ ഏഴര ദശാബ്ദകാലത്തെ പുരോഗതിക്ക് പ്രേരകമായ മുഖ്യഘടകം, ഇന്നും അതിന്റെ ശക്തമായ സ്വാധീനം മലയാള സാഹിത്യത്തിൽ ദൃശ്യമാണ്.

പുരോഗമനസാഹിത്യസംഘടന ഏകീകൃത സ്വഭാവത്തോടെ അഖിലേന്ത്യാ തലത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എന്നാൽ വിവിധ പേരുകളിൽ മിക്ക സംസ്ഥാനങ്ങളിലും പ്രസ്ഥാനം പ്രവർത്തിക്കുന്നുണ്ട്. പുരോഗമന സാഹിത്യ സംഘടന പുനരുജ്ജീവിക്കാനുള്ള ആലോചനകളും ചില യോഗങ്ങളും ദേശാഭിമാനി വാരികയുടെ നേതൃത്വത്തിൽ 1969-ൽ ആരംഭിച്ചിരുന്നു. ഈ ആലോചനകളുടെയും ചർച്ചകളുടെയും ഫലമായി പുരോഗമന സാഹിത്യ സംഘടനയുടെ തുടർച്ചയായി ദേശാഭിമാനി സ്റ്റഡി സർക്കിൾ രൂപവൽക്കരിച്ചു. 1981 ആഗസ്റ്റ് 14 തീയതി എറണാകുളത്ത് വൈലോപ്പിള്ളിയുടെ സപ്തതി ആഘോഷത്തോടനുബന്ധിച്ച് നടന്ന സാഹിത്യ സമ്മേളനത്തിൽ ഈ സംഘടന പുരോഗമന കലാസാഹിത്യ സംഘടനയായി, കേരളത്തിലെ ഏറ്റവും ശക്തമായ സാഹിത്യ സാംസ്കാരിക സംഘടനയായി പ്രവർത്തിച്ചുവരുന്നു. 1975-ൽ യുവകലാസാഹിതി രൂപം കൊണ്ടു. ഇവ ആശയപരമായും സാഹിത്യപരിപ്രേക്ഷ്യത്തിലും പുരോഗമന സാഹിത്യ സംഘടനയുടെ തുടർച്ചയാണ്. ലോകത്തങ്ങോളമിങ്ങോളമുള്ള സാഹിത്യസാംസ്കാരികരംഗത്തെ ചലനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും അതിന്റെ ഗതിയെങ്ങോട്ടാണെന്ന് മനസ്സിലാക്കുകയും അതിനനുസരിച്ച് പുരോഗമനസാഹിത്യത്തെ മുന്നോട്ടുനയിക്കുകയും വേണമെന്ന നിർദേശത്തോടെയാണ് ലേഖനം അവസാനിക്കുന്നത്.

## Recap

- എം. ഗോവിന്ദൻ സ്റ്റാലിന്റെ നിലപാടുകളെ അങ്ങേയറ്റം വിമർശിച്ചു
- എം. ഗോവിന്ദനെ ആളുകൾ സ്വതന്ത്രബുദ്ധിജീവി എന്ന് വിളിച്ചു
- മനുഷ്യനും അവനുമായി ബന്ധപ്പെട്ട എല്ലാ സംഭവങ്ങളിലുമുള്ള ഉറച്ച വിശ്വാസമാണ് ഹ്യൂമനിസം
- അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനാണ് മനുഷ്യൻ-മാക്സിം ഗോർക്കി
- മനുഷ്യനെക്കുറിച്ചുള്ള മൂല്യസങ്കല്പമാണ് എം. ഗോവിന്ദന്റെ ഹ്യൂമനിസ്റ്റ് ചിന്തയുടെ കാതൽ
- 'മനുഷ്യന്റെ ചേരിയിൽ' എന്നായിരുന്നു എം. ഗോവിന്ദന്റെ ഏററവും ശ്രദ്ധേയമായ ലേഖനങ്ങളുടെ ശീർഷകം
- നവീനമായ ആശയങ്ങളെ സ്വായത്തമാക്കുന്നതിലൂടെ തന്നെത്തന്നെ നിരന്തരം പുതുക്കുകയും അതിലൂടെ സമൂഹത്തെ പുതുക്കുകയും ചെയ്യുക എന്ന കർത്തവ്യമാണ് എം. ഗോവിന്ദൻ നിറവേറ്റിയത്
- വിശ്വപ്രേമത്തിന്റെ പ്രചാരകരാണ് മാനവതാവാദികൾ
- ഹ്യൂമനിസവും പുരോഗമന സാഹിത്യപ്രസ്ഥാനവും എന്ന പേരിലുള്ള ഒരു ലേഖനം 1948-ൽ മംഗളോദയത്തിൽ പ്രസിദ്ധീകരിച്ചു
- പ്രോട്ടഗോറസ്സിന്റെ 'മനുഷ്യനാണ് മാനദണ്ഡം'
- മനുഷ്യസ്നേഹം മനുഷ്യന്റെ കായികവും സർഗാത്മകവുമായ കഴിവുകൾ ഇവയിലുള്ള ഉറച്ച വിശ്വാസമാണ് മാനവതാവാദത്തിന്റെ അടിസ്ഥാനം
- മനുഷ്യപുരോഗതി പ്രധാന ലക്ഷ്യമാണ്
- കലാപരമായ മൂല്യങ്ങൾക്ക് ഹ്യൂമനിസ്റ്റുകൾ ഊന്നൽനൽകുന്നു
- വ്യക്തിസ്വാതന്ത്ര്യം പ്രധാനമാണ്
- സോഷ്യലിസ്റ്റ് ഹ്യൂമനിസ്റ്റുകൾ മർദ്ദിതരുടെയും ചൂഷകരുടെയും മോചനത്തിനായി നിലകൊള്ളുന്നു
- മനുഷ്യൻ നിസ്സഹായനല്ല ചരിത്രനിർമ്മാതാവും വിശ്വകർമ്മാവുമാണെന്ന നിലപാടാണ് ഗോർക്കി മുന്നോട്ടുവെച്ചത്
- പത്തൊമ്പതാം നൂററാണ്ടിലെ മിക്കവാറും കൃതികളുടെ ആവേശവും അടിയൊഴുക്കും മനുഷ്യവർഗപ്രേമമായിരുന്നു
- സർഗശക്തിയെ ഇല്ലായ്മ ചെയ്യുന്ന ഭരണകൂടങ്ങളുള്ള നാട്ടിൽ ഇരുട്ടകറ്റി വെളിച്ചം പകരുകയാണ് സാഹിത്യകാരന്റെ ലക്ഷ്യം.
- മൂല്യാധിഷ്ഠിതമായ കലാചിന്തയ്ക്കാണ് മാനവതാവാദികൾ ഊന്നൽ നൽകിയത്
- മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ വിമോചനമാണ് നവോത്ഥാനത്തിന്റെ ലക്ഷ്യം

- നവോത്ഥാനമായിരുന്നു എം. ഗോവിന്ദന്റെ ചരിത്രദർശനം
- ഇറ്റാലിയൻ നവോത്ഥാന നായകനായ പെട്രാർക്ക് എന്ന കവിയാണ് ഹ്യൂമനിസം ഒരു തത്വശാസ്ത്രശാഖയായി ആവിഷ്കരിച്ചത്
- പഴയ ഹ്യൂമനിസം മനഃശാസ്ത്രപരമാവുമ്പോൾ പുതിയത് ചരിത്രപരമാകുന്നു
- റൊമെയ്ൻ റൊളാങ്ങ് വർഗസമരം എന്ന ആശയത്തെ അംഗീകരിക്കുന്നു
- റൊളാങ്ങ് സ്വപ്നം കണ്ട മനുഷ്യൻ ചുററുപാടുകളെ നിയന്ത്രിക്കുകയും നിർണയിക്കുകയും സുന്ദരമാക്കിത്തീർക്കുകയും ചെയ്യുന്നയാളാണ്
- കോൺസൻട്രേഷൻ ക്യാമ്പ് സാഹിത്യം എന്നാണ് ജോർജ് ഓർവൽ ഫാസിസ്റ്റ് കാലഘട്ടത്തെ വിശേഷിപ്പിച്ചത്

## Objective Questions

1. എം. ഗോവിന്ദന്റെ ചരിത്രദർശനം എന്തായിരുന്നു?
2. ഹ്യൂമനിസം ഒരു തത്വശാസ്ത്രമായി ആവിഷ്ക്കരിച്ചതാര്?
3. മയക്കോവിസ്കിയുടെ ആത്മഹത്യയ്ക്ക് കാരണമെന്തെന്നാണ് എം. ഗോവിന്ദൻ നിരീക്ഷിക്കുന്നത്?
4. എം. ഗോവിന്ദന്റെ പുതിയ ഹ്യൂമനിസവും പുരോഗമന സാഹിത്യപ്രസ്ഥാനവും എന്ന ലേഖനം ഏത് ആനുകാലികത്തിലാണ് പ്രസിദ്ധീകരിച്ചത്?
5. എം. ഗോവിന്ദന്റെ ഹ്യൂമനിസ്റ്റ് ചിന്തയുടെ കാതൽ എന്ത്?
6. മനുഷ്യന്റ ചേരിയിൽ എന്ന ശീർഷകത്തിൽ നിരൂപണങ്ങളെഴുതിയ നിരൂപകൻ?
7. മാനവതാവാദികൾ എങ്ങനെയുള്ള കലാചിന്തയ്ക്കാണ് ഊന്നൽ നൽകിയത്?
8. പഴയ ഹ്യൂമനിസം മനഃശാസ്ത്രപരമാകുമ്പോൾ പുതിയത് എന്താണെന്നാണ് പറയുന്നത്
9. ഹ്യൂമനിസത്തിന്റെ പ്രധാനലക്ഷ്യം എന്ത്?
10. മനുഷ്യൻ നിസ്സഹായനല്ല ചരിത്രനിർമ്മാതാവും വിശ്വകർമ്മാവുമാണെന്ന് അഭിപ്രായപ്പെട്ടതാരാണ്?
11. വർഗസമരം എന്ന ആശയത്തെ അംഗീകരിച്ചതാര്?
12. ഫാസിസ്റ്റ് കാലഘട്ടത്തെ ജോർജ് ഓർവൽ വിശേഷിപ്പിച്ചത് എന്ത്?
13. എം. ഗോവിന്ദനെ ആളുകൾ ഏത് പേരിലാണ് വിളിച്ചിരുന്നത്.

## Answers

1. നവോത്ഥാനം
2. പെട്രാർക്ക്
3. മയക്കോവ്സ്കി റൊമാന്റിക് മനോഭാവത്തോടൊപ്പം കമ്മ്യൂണിസ്റ്റ് ആശയങ്ങളും സ്വീകരിച്ചു എന്നത്
4. മംഗളോദയത്തിൽ
5. മനുഷ്യനെക്കുറിച്ചുള്ള മൂല്യ സങ്കല്പം
6. എം. ഗോവിന്ദൻ
7. മൂല്യാധിഷ്ഠിതം
8. ചരിത്രം
9. മനുഷ്യപുരോഗതി
10. മാക്സിം ഗോർക്കി
11. റൊമെയ്ൻ റൊളങ്ങ്
12. കോൺസൻട്രേഷൻ ക്യാമ്പ് സാഹിത്യം
13. സ്വതന്ത്ര ബുദ്ധിജീവി

## Assignments

1. ഹ്യൂമനിസത്തെക്കുറിച്ച് വിവരിക്കുക.
2. പുതിയ ഹ്യൂമനിസവും റൊമാന്റിക് ഹ്യൂമനിസവും തമ്മിലുള്ള പ്രധാന വ്യത്യാസമെന്തെന്ന് വിശദീകരിക്കുക?
3. റഷ്യയിലെ ഹ്യൂമനിസത്തിന്റെ സവിശേഷതകൾ വിവരിക്കുക.
4. സാഹിത്യകാരന്മാരോട് ഉള്ള ഫാസിസിസ്റ്റുകളുടെ സമീപനം വിശദീകരിക്കുക.
5. സമൂഹത്തിന് കഠിനമായ പോറൽ ഏൽപ്പിക്കാത്ത മാനസിക മാർഗ്ഗമുള്ള ചിന്താപദ്ധതിയാണ് ഹ്യൂമനിസം വിലയിരുത്തുക.
6. കേരളത്തിലെ പുരോഗമനസാഹിത്യം എങ്ങനെ മാറണമെന്നാണ് എം. ഗോവിന്ദൻ അഭിപ്രായപ്പെടുന്നത് വിലയിരുത്തുക.

## Reference


1. ഡോ.എം. ലീലാവതി, സാഹിത്യനിരൂപണത്തിലെ ദിശാബോധം, എസ്.പി.സി.എസ്, കോട്ടയം.
2. സുകുമാർ അഴീക്കോട്, മലയാളസാഹിത്യ വിമർശനം, ഡി.സി. ബുക്സ്, കോട്ടയം.
3. എം. ഗോവിന്ദൻ, പുതിയമനുഷ്യൻ പുതിയലോകം, ഡി.സി.ബുക്സ്, കോട്ടയം.
4. തോന്നയ്ക്കൽ വാസുദേവൻ, മലയാളസാഹിത്യ വിമർശം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
5. എരുമേലി പരമേശ്വരൻപിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം.

# യൂണിറ്റ് - 4
# സാഹിത്യകാരന്റെ സാമൂഹ്യബോധം

**കെ. ദാമോദരൻ**

## Learning Outcomes

- സോഷ്യലിസ്റ്റ് റിയലിസത്തെക്കുറിച്ചറിയുന്നു
- പുരോഗമനസാഹിത്യ പ്രസ്ഥാനത്തെക്കറിച്ച് മനസ്സിലാക്കുന്നു
- കെ. ദാമോദരന്റെ സാഹിത്യസംഭാവനകളെക്കുറിച്ചറിയുന്നു
- പുരോഗമനസാഹിത്യകൃതികളുടെ പൊതുസ്വഭാവം തിരിച്ചറിയുന്നു
- സാഹിത്യകാരൻ എങ്ങനെയാണ് സാമൂഹ്യപ്രതിബദ്ധത കാണിക്കേണ്ടതെന്ന് മനസ്സിലാക്കുന്നു
- മികച്ച കൃതികൾ എങ്ങനെയുള്ളവയാണെന്ന് മനസ്സിലാക്കുന്നു
- സാഹിത്യകാരന്റെ സാമൂഹ്യബോധത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കുന്നു

## Prerequisite

1930 - കളുടെ ആരംഭം മുതൽ സോവിയറ്റ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ കലാതത്വ സംഹിതയാണ് സോഷ്യലിസ്റ്റ് റിയലിസം. ലോകത്തെമ്പാടുമുള്ള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ പ്രവർത്തന ശൈലിയും തത്വങ്ങളും ഇതിനെ അടിസ്ഥാനമാക്കിയുള്ളതാണ്. സോഷ്യലിസ്റ്റ് റിയലിസത്തിന്റെ പ്രാഥമിക ഔദ്യോഗിക ലക്ഷ്യം 'യാഥാർത്ഥ്യത്തെ അതിന്റെ വിപ്ലവകരമായ വികാസത്തിൽ ചിത്രീകരിക്കുക' എന്നതായിരുന്നു. 1930 കളിൽ ഇന്ത്യ മുഴുവൻ ഉണ്ടായ രാഷ്ട്രീയ നവോന്മേഷത്തിൽ നിന്നാണ് പുരോഗമന സാഹിത്യപ്രസ്ഥാനം ജന്മം കൊണ്ടത്. മനുഷ്യജീവിതത്തിന്റെ സാമുദായികവും സാമ്പത്തികവും രാഷ്ട്രീയവുമെന്നുവേണ്ട എല്ലാ വശങ്ങളേയും സ്പർശിക്കുന്ന അഭിവൃദ്ധ്യുന്മുഖമായ സാഹിത്യം എന്നാണ് പുരോഗമനസാഹിത്യത്തെ നിർവചിച്ചിട്ടുള്ളത്. സാഹിത്യകാരൻ ആരുടെ ചേരിയിൽ എന്ന ചോദ്യത്തിന് സമൂഹത്തിൽ അശരണരും ദുരിതമനുഭവിക്കുന്നവരുമായ സാധാരണ ജനങ്ങളുടെ ചേരിയിൽ നിന്നുകൊണ്ട് അവരുടെ പ്രശ്നങ്ങൾ സാഹിത്യത്തിന് വിഷയമാക്കുകയാണ് വേണ്ടതെന്ന് പുരോഗമനസാഹിത്യക്കാരന്മാർ വാദിച്ചു. ഏത് സാംസ്കാരികപ്രവർത്തനവും ഏതെങ്കിലും രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിന് കീഴിലായിരിക്കണം എന്ന ലെനിന്റെ വാദം മുറുകേ പിടിച്ചുകൊണ്ട് കേരളത്തിലെ സാഹിത്യകാരന്മാരെ കമ്മ്യൂണിസ്റ്റ് ചേരിയിൽ ഉറപ്പിച്ചുനിർത്താനുള്ള ശ്രമങ്ങൾക്ക് ഇവർ നേതൃത്വം നൽകി. പുരോഗമനാശയങ്ങളുള്ള കൃതികളെ പുകഴ്ത്തുകയും പിന്തിരിപ്പൻ ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന കൃതികളെ തള്ളിപ്പറയുകയും ചെയ്തു.

ജീവിതത്തിന് സാഹിത്യവുമായും സാഹിത്യത്തിന് സമൂഹവുമായുമുള്ള ബന്ധത്തെ സമുജ്ജ്വലമായി ഉദാഹരിക്കുന്ന കൃതികളാണ് പുരോഗമനസാഹിത്യം മലയാള സാഹിത്യത്തിന് സംഭാവന ചെയ്തത്. സമൂഹത്തിലെ തിന്മകൾ ഇല്ലാതാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ പുരോഗമനസാഹിത്യകാരെ 'സാഹിത്യത്തിലെ വിഷം തീനികൾ' എന്നാണ്

കേസരി എ ബാലകൃഷ്ണപിള്ളവിശേഷിപ്പിച്ചത്. ജീവിതത്തിന്റെ എല്ലാ തുറകളേയും സ്പർശിക്കുന്ന കഥകളും കവിതകളും നാടകങ്ങളുമുണ്ടായി. അതുവരെ സാഹിത്യത്തിൽ നിന്ന് മാറ്റി നിർത്തപ്പെട്ട തികച്ചും സാധാരണക്കാരായ ആളുകൾ കഥാപാത്രങ്ങളായി വന്നു. സാഹിത്യകാരൻ ഏതെങ്കിലും രാഷ്ട്രീയപ്രസ്ഥാനത്തിന് കീഴിൽ നിന്നു പ്രവർത്തിക്കണം എന്ന വാദം അംഗീകരിക്കാൻ ഭൂരിഭാഗം സാഹിത്യകാരന്മാരും തയ്യാറായില്ല. സാഹിത്യത്തിലെ സ്വതന്ത്രചിന്ത എന്ന മുദ്രാവാക്യവുമായി പലരും പുരോഗമന സാഹിത്യപ്രസ്ഥാനത്തിൽ നിന്നും പുറത്തു കടന്നു. മുതിർന്ന നേതാക്കൾ തമ്മിൽ പോലും പല വിഷയത്തിലും വ്യത്യസ്താഭിപ്രായങ്ങൾ ഉയർന്നുവന്നതോടെ സംഘടനയുടെ കെട്ടുറപ്പ് നഷ്ടപ്പെട്ടു. എന്നാലും കേരളത്തിൽ ഇപ്പോഴും പുരോഗമനസാഹിത്യം സജീവമായി നിലനിൽക്കുന്നു. മർദ്ദനത്തിനും സാമൂഹിക തിന്മകൾക്കും ഭരണകൂടഭീകരതയ്ക്കും എതിരെ നിൽക്കുന്ന ഏതൊരെഴുത്തുകാരനും പുരോഗമന സാഹിത്യകാരനാണ്.

**കെ. ദാമോദരൻ**



കെ. ദാമോദരൻ

മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാക്കളിൽ ഒരാളായിരുന്നു. 'കേരളമാർക്സ്' എന്നാണ് ഇദ്ദേഹം അറിയപ്പെട്ടിരുന്നത്. പാട്ടബാക്കി എന്ന രാഷ്ട്രീയനാടകത്തിന്റെ കർത്താവ് എന്ന നിലയിൽ മലയാള സാഹിത്യത്തിൽ സ്ഥാനമുറപ്പിച്ചു. മാർക്സിസ്റ്റ് ദർശനങ്ങൾ മലയാളികൾക്ക് പകർന്നുകൊടുക്കാൻ വേണ്ടി നിരവധി ലേഖനങ്ങൾ, എഴുതുകയും സംവാദങ്ങൾ നടത്തുകയും ചെയ്തു. സോഷ്യലിസ്റ്റ് റിയലിസത്തിന്റെ പാത പിൻതുടർന്നുകൊണ്ട് കേരളത്തിൽ പുരോഗമന സാഹിത്യപ്രസ്ഥാനത്തിന് തുടക്കം കുറിച്ചതു മുതൽ അതിന്റെ സൈദ്ധാന്തിക പക്ഷത്തുനിന്നുകൊണ്ട് സാഹിത്യത്തെ നിർവചിക്കുകയും, സാഹിത്യകാരന്റെ രാഷ്ട്രീയ നിലപാട് എന്തായിരിക്കണമെന്ന് നിരന്തരം ഓർമ്മിപ്പിക്കുകയും ചെയ്തു. കല കലയ്ക്കുവേണ്ടി, കല ജീവിതത്തിനുവേണ്ടി എന്നീ വാദങ്ങൾ മലയാളസാഹിത്യരംഗത്ത് ഉയർന്നുവന്നപ്പോൾ കല ജീവിതത്തിനുവേണ്ടി എന്ന് ശക്തിയുക്തം വാദിച്ചു. ഒരു കൃതി അതെഴുതിയ സാഹിത്യകാരൻ ജീവിക്കുന്ന കാലഘട്ടത്തിലെ സാമൂഹ്യജീവിതം പ്രതിഫലിപ്പിക്കുന്നതാവണം എന്ന നിർദേശമാണ് കെ.ദാമോദരൻ മുന്നോട്ടുവെച്ചത്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ കൃതിയാണ് 'എന്താണ് സാഹിത്യം,' എന്നത്.

1912 ഫെബ്രുവരി 5 ന് മലപ്പുറം ജില്ലയിലെ തിരൂരിൽ ജനിച്ചു. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർഥിയായിരിക്കേ ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ തുടങ്ങി. നിയമലംഘനപ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. കാശിവിദ്യാപീഠത്തിലെ പഠനകാലത്ത് മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർധിക്കുകയും കമ്മ്യൂണിസ്റ്റാശയങ്ങളുള്ള കൃതികൾ വായിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. തികഞ്ഞ കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പ്രസിദ്ധമായ പൊന്നാനി ബീഡിത്തൊഴിലാളി സമരത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. കുറേക്കാലം നവയുഗം വാരികയിലൂടെ കമ്മ്യൂണിസ്റ്റാശയപ്രചരണത്തിന് നേതൃത്വം നൽകി. കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ കെ. ദാമോദരൻ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയോടൊപ്പം നിന്നു.

പ്രധാനകൃതികൾ

പാട്ട ബാക്കി (നാടകം), ജവഹർലാൽ നെഹ്റു (ചെറുകഥ), സോഷ്യലിസവും കമ്മ്യൂണിസവും, പുരോഗമന സാഹിത്യം എന്തിന്, കേരളത്തിലെ സ്വാതന്ത്ര്യ സമരം, റഷ്യൻ വിപ്ലവം

## Keywords

സോഷ്യലിസ്റ്റ് റിയലിസം - പുരോഗമനസാഹിത്യം - വർഗ താൽപര്യങ്ങൾ - നിഷ്പക്ഷത - കവികൾ

## Discussion

### എന്താണ് സാഹിത്യം

പുരോഗമന സാഹിത്യപ്രസ്ഥാനം കേരളത്തിൽ സജീവമായിക്കൊണ്ടിരുന്ന കാലത്താണ് കെ.ദാമോദരൻ എന്താണ് സാഹിത്യം എന്ന ലേഖനമെഴുതുന്നത്. പുരോഗമനസാഹിത്യം എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കാനാണ് അദ്ദേഹം ഈ ലേഖനമെഴുതുന്നത്. ലോകസാഹിത്യത്തിലെ പ്രധാന കൃതികളെല്ലാം അക്കാലത്തെ സാമൂഹ്യജീവിതം ചിത്രീകരിച്ചവയാണെന്നും അതിനാൽ ഒരു സാഹിത്യകൃതി മികച്ചതാവണമെങ്കിൽ അത് ജീവിതഗന്ധിയാവണമെന്നും ഈ ലേഖനത്തിലൂടെ കെ. ദാമോദരൻ വാദിച്ചു. സാമൂഹ്യജീവിതമെന്നാൽ ബാഹ്യമായ ജീവിതം മാത്രമല്ല സാമൂഹ്യബന്ധങ്ങളോടുകൂടിയ മനുഷ്യന്റെ വികാരവിചാരങ്ങളും ആഗ്രഹാഭിലാഷങ്ങളും ജീവിതവീക്ഷണഗതിയും എല്ലാം ഉൾപ്പെടുന്നതാണ്. സാഹിത്യകാരന്റെ ഭാവന സാമൂഹ്യയാഥാർഥ്യങ്ങളുടെ ഹൃദയത്തിലേക്ക് എത്രത്തോളം ആഴത്തിൽ തുളച്ചുകയറുന്നുവോ അത്രത്തോളം ശരിയായും സത്യസന്ധമായും ആ യാഥാർഥ്യങ്ങളുടെ സ്വഭാവസവിശേഷതകളെ വെളിപ്പെടുത്താൻ ആ കൃതിക്ക് സാധിക്കുകയും അത് ഒരു മികച്ച കൃതിയായി മാറുകയും ചെയ്യും.

### സാഹിത്യത്തിന്റെ ഉറവിടം

കല്ലു കൊണ്ടും മരത്തടി കൊണ്ടുമുള്ള അപരിഷ്കൃതങ്ങളായ ആയുധമെടുത്തു കൂട്ടംകൂട്ടമായി ഇരതേടിയിരുന്ന പ്രാകൃത മനുഷ്യർക്ക് സാഹിത്യ കലാതത്വങ്ങളെപ്പറ്റിയോ ഈശ്വര ചൈതന്യങ്ങളെപ്പറ്റിയോ ഗവേഷണം നടത്താൻ കഴിയില്ലായിരുന്നു. മൃഗങ്ങളെ വേട്ടയാടുക മാത്രമായിരുന്നു അവരുടെ ലക്ഷ്യം. മൃഗങ്ങളെ വേട്ടയാടുക എന്നത് ഒരു സാമൂഹ്യപ്രവർത്തനമായിരുന്നു. ഈ സാമൂഹ്യാദ്ധ്വാനം തന്നെയാണ് എല്ലാ കലകളുടെയും ഉറവിടം. അതുപോലെ അവർ മരത്തടിയിലും കല്ലുകളിലുമൊക്കെ ചിത്രങ്ങൾ കൊത്തിവച്ചിരുന്നു. ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ മാത്രമാണ് അവരുടെ ഭാവനയിലൂടെ പുറത്തുവന്നത്. യാഥാർഥ്യങ്ങളെപ്പറ്റിയുള്ള സാമൂഹ്യബോധത്തെയാണവർ പ്രകടിപ്പിച്ചത്. ഇങ്ങനെ പ്രാകൃതകാലം മുതൽക്കെ കല സാമൂഹ്യബോധത്തിന്റെ ഒരു രൂപമായിരുന്നു. ജീവസന്ധാരണത്തിനു വേണ്ടി പ്രകൃതിയുമായി മല്ലിട്ടു കൊണ്ട് ഉല്പാദന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട സമയത്ത് പ്രാകൃതമനുഷ്യൻ പുറപ്പെടുവിച്ച അവ്യക്ത ശബ്ദങ്ങളിലൂടെയാണ് വാക്കുകൾ പിറവി കൊണ്ടത്. ഇങ്ങനെയുണ്ടായ വാക്കുകളാണ് പിന്നീട് പാട്ടുകളും കവിതകളുമായി വികസിച്ചത്. ഉല്പാദനരീതിയുടെ വളർച്ചയോടു കൂടി സമുദായങ്ങൾ പല വർഗ്ഗങ്ങളായി മാറി. നിർമ്മാണം, ഭരണം, കായികാധ്വാനം, ആത്മീയത എന്നിങ്ങനെ വിഭജനങ്ങൾ നടന്നു. ഒരു വിഭാഗം ജനങ്ങൾ സമുദായത്തിനാവശ്യമായ ഭൗതികോല്പാദന പ്രവർത്തനങ്ങളിലേർപ്പെട്ടു. കായികാദ്ധ്വാനമായി ബന്ധമില്ലാത്ത ന്യൂനപക്ഷക്കാരുടെ വർഗ്ഗത്തിന് സാഹിത്യാദി

കലകളിൽ ലയിക്കാൻ കൂടുതൽ സമയം കിട്ടി. അതിന്റെ ഫലമായിട്ടാണ് സാമൂഹ്യബോധത്തിന്റെ ഒരു സ്വാതന്ത്ര രൂപമെന്ന നിലയ്ക്ക് സാഹിത്യം വളരാൻ തുടങ്ങിയത്.

സാഹിത്യകാരൻ തന്റെ പ്രതിരൂപത്തിലൂടെ പ്രതിഫലിപ്പിക്കുന്നത് സാമൂഹ്യയാഥാർഥ്യങ്ങളുടെ സാമാന്യ സ്വഭാവങ്ങളെയും മനുഷ്യജീവിതത്തിന്റെ കേന്ദ്രസത്യങ്ങളെയും വെളിപ്പെടുത്താനാവശ്യമായ പ്രതിഭാസങ്ങളെ മാത്രമാണ്. സാമൂഹ്യ പ്രതിഭാസങ്ങളിൽ ആവശ്യമായവ ഏവ എന്നു മനസ്സിലാക്കി ആവശ്യമായതെല്ലാം എടുത്ത് ചിത്രീകരിക്കുന്ന സാഹിത്യകാരന് മാത്രമേ ജീവിതയാഥാർഥ്യങ്ങളെ പ്രതിഫലിപ്പിക്കാൻ കഴിയു.

## സാഹിത്യകാരന്റെ സാമൂഹ്യ ബോധം

സാമൂഹ്യ പ്രതിഭാസങ്ങളുടെ അടിത്തറ ഭൗതികയാഥാർഥ്യമാണെന്നും സാഹിത്യം, ശാസ്ത്രം, തത്വശാസ്ത്രം മുതലായവ ഈ അടിത്തറമേൽ പൊന്തിവരുന്ന ഉപരിഘടകങ്ങളാണെന്നുമുള്ള സ്റ്റാലിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. ഈ ഉപരിഘടന ഒരിക്കൽ ആവിർഭവിച്ചു കഴിഞ്ഞാൽ അടിത്തറയായ ഭൗതികയാഥാർഥ്യത്തെ തന്നെ മാറ്റാൻ സഹായിക്കുന്ന സജീവശക്തിയായി മാറുന്നു. സാഹിത്യം ഭൗതികയാഥാർഥ്യങ്ങളുടെ പ്രതിഫലനമാണ്. എന്നാൽ അവയെ അതേപടി യാതൊരു മാറ്റവുമില്ലാതെ ഒരു കണ്ണാടിയിലെന്നപോലെ നിഷ്ക്രിയമായി പ്രതിഫലിപ്പിക്കുക എന്നല്ല.

സാഹിത്യമെന്നത് സാഹിത്യകാരന്റെ ബൗദ്ധികോല്പന്നമാണ്. സാഹിത്യകാരന്റെ ബോധപൂർവമായ പ്രയത്നം കൂടാതെ യാതൊരു സാഹിത്യകൃതിയും ഇതേ വരെ സൃഷ്ടിക്കപ്പെട്ടിട്ടില്ല. സാഹിത്യകാരനാകട്ടെ നിർജ്ജീവമായ ഒരു കണ്ണാടിയല്ല. വ്യക്തിത്വവും ഭാവനയുമുള്ള ഒരു മനുഷ്യനാണ്. സാഹിത്യകാരന്റെ വ്യക്തിപരമായ അഭിരുചികളും അഭിലാഷങ്ങളും വിവേചനശീലവും വിലയിരുത്തലുകളും നീതിബോധവും ഇച്ഛാശക്തിയുമെല്ലാം സാഹിത്യ സൃഷ്ടിയെ സ്വാധീനിക്കും. എല്ലാ സാഹിത്യകാരന്മാരും എന്നല്ല, എല്ലാ മനുഷ്യരും അറിയാതെ ചില ചിന്താഗതികളെയും വീക്ഷണഗതികളെയും പ്രതിനിധീകരിക്കുന്നുണ്ടാകും. സാഹിത്യകാരന്റെ സാമൂഹ്യപരിസരങ്ങൾ മാറുന്നതിനനുസരിച്ച് വീക്ഷണഗതിയും മാറാം. സാഹിത്യകാരൻ ജീവിത യാഥാർഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നത് തന്റെ സ്വന്തം ജീവിത നിരീക്ഷണ രീതിയുടെ കണ്ണാടിയിലൂടെയാണ്. ആദ്യകാലത്ത് വിപ്ലവകാരികളായിരുന്ന വേർഡ്സ്വർത്ത്, കോൾറിഡ്ജ്, ഗേയ്ഥേ, തുടങ്ങിയവർ പിന്നീട് പിന്തിരിപ്പൻമാരായി. അതുപോലെ ആദ്യകാലത്ത് പിന്തിരിപ്പൻമാരായ സാഹിത്യകാരന്മാർ പിന്നീട് ജനകീയസാഹിത്യകൃതികൾ രചിച്ചതിനും ഉദാഹരണങ്ങളുണ്ട്. ക്രിസ്തോഫർ കോൾഡ്വെൽ ഇതിനൊരു നല്ല ഉദാഹരണമാണ്.

സാഹിത്യകാരന്മാരുടെ ജീവിത നിരീക്ഷണരീതികൾ വ്യത്യസ്തങ്ങളായതുകൊണ്ട് സാഹിത്യസൃഷ്ടിയിലെ ജീവിതാവിഷ്കരണങ്ങളും വ്യത്യസ്തങ്ങളായിരിക്കും. സാഹിത്യകാരന്മാരുടെ വ്യത്യസ്തങ്ങളായ ജീവിതാനുഭവങ്ങളും വീക്ഷണഗതികളും അവരുടെ സാഹിത്യസൃഷ്ടികളിൽ സ്വാധീനം ചെലുത്താതിരിക്കില്ല.

## സാഹിത്യവും നിഷ്പക്ഷതയും

സാഹിത്യം നിഷ്പക്ഷമായിരിക്കണം എന്ന വാദത്തിനുള്ള മറുപടിയാണ് അടുത്ത ഭാഗത്ത് കെ. ദാമോദരൻ നൽകുന്നത്. വർഗസങ്കീർണമായ ഒരു സമൂഹത്തിൽ വർഗസമരങ്ങളുടെ ചുറ്റുപാടിൽ നിന്നുകൊണ്ട് മാത്രമേ സാഹിത്യകാരന് സാഹിത്യരചന നടത്താൻ സാധിക്കൂ. അയാളുടെ വർഗതാൽപര്യങ്ങൾ ആ കൃതികളിൽ പ്രതിഫലിക്കുകയും ചെയ്യും. അതിനാൽ സാഹിത്യം ഒരിക്കലും നിഷ്പക്ഷമല്ല. മന്ത്രിമാർ നിഷ്പക്ഷതയെപ്പറ്റി പ്രസംഗിച്ചാലും ഭരണകൂടത്തിന്റെ വർഗസ്വഭാവം ഇല്ലാതാകില്ല. ദൈവത്തിന് മെഴുകുതിരി നിലങ്ങളുടെ മേൽ സ്വകാര്യാവകാശമുള്ളേടത്തോളം കാലം പള്ളിയുടെ വർഗസ്വഭാവം നിലനിൽക്കും. അതുപോലെ ശുദ്ധ കലയെപ്പറ്റിയും ശാശ്വത കലയെപ്പറ്റിയും മുറവിളി കൂട്ടുന്നവർക്കു പോലും നിഷ്പക്ഷകലയെ സൃഷ്ടിക്കാനാവില്ല. തുടർന്ന് കേരളത്തിലെ സാഹിത്യകാരന്മാരുടെ വർഗപക്ഷപാതത്തെക്കുറിച്ച് അന്വേഷിക്കുകയാണ്.

'വല്ല സഹായവും
ചെയ്യേണ്ടയോ കർമ്മകല്യരാമീദ്ദരിദ്രർക്കു
പൊറുപ്പിനായ്?യാചിപ്പതിങ്ങതാണല്ലോ
വിനോബയാ
മാചാര്യനാഢ്യരേ, നിങ്ങളോടാദരാൽ'
– വള്ളത്തോൾ

അടിയന്തിരമായ കാർഷികപരിഷ്കരണങ്ങളിൽ നിന്നു ജനങ്ങളുടെ ശ്രദ്ധയെ തിരിച്ചുവിടാൻ ശ്രമിക്കുന്ന ഒരു പ്രസ്ഥാനമാണ് ഭൂദാനയജ്ഞമെന്നു വിശ്വസിക്കുന്ന മറ്റൊരു കവിയിൽ നിന്ന് ഇത്തരം സ്തുതിഗീതങ്ങൾ പുറപ്പെടുകയില്ല.

വള്ളത്തോൾ ആചാര്യ വിനോബാഭാവെയുടെ ഭൂദാനപ്രസ്ഥാനത്തെ വാഴ്ത്തിയപ്പോൾ മറ്റ് കവികളോ സാഹിത്യകാരന്മാരോ അങ്ങനെ ചെയ്തില്ല. ബാലാമണിയമ്മയുടെ 'മാതൃഹൃദയം' എന്ന കവിത അമ്മയുടെ മനസ്സിന്റെ മികച്ച ആവിഷ്കാരമാണെങ്കിലും അത് പട്ടിണിയും ദാരിദ്ര്യവുമില്ലാത്ത ഒരു ഇടത്തരക്കാരിയുടെ മാതൃഹൃദയമാണ്. ബാലാമണിയമ്മ തന്റെ കവിതയിലൂടെ പ്രതിഫലിപ്പിക്കുന്ന ജീവിതയാഥാർഥ്യം കലാബോധവും കവിതാവാസനയുമുള്ള ഒരു പാവപ്പെട്ട തൊഴിലാളിസ്ത്രീയുടെ കണ്ണിൽപ്പെട്ടാൽ തീർച്ചയായും അതിൽ മറ്റൊരു തരം ഹൃദയത്തുടിപ്പാണുള്ളത്. ഇങ്ങനെ പ്രകൃതിയുടെയോ സമുദായത്തിന്റെയോ ഒരേ പ്രതിഭാസം തന്നെ രണ്ടു സാഹിത്യകാരന്മാരുടെ ഭാവനകളിൽ രണ്ടു തരം പ്രതീതിയുണ്ടാക്കുന്നു. അവരുടെ വർഗാടിസ്ഥാനത്തിലുള്ള ജീവിതാനുഭവങ്ങൾ വ്യത്യസ്തങ്ങളായതാണതിനു കാരണം. സാഹിത്യകാരന്റെ വർഗതാൽപര്യങ്ങൾ സമൂഹത്തിന്റെ വർഗതാൽപര്യങ്ങളിൽ നിന്ന് എത്രത്തോളം അകന്നിരിക്കുന്നുവോ അത്രത്തോളം അയാളുടെ സൃഷ്ടികൾ ജീവിതസത്യങ്ങളിൽ നിന്ന് അകന്നിരിക്കും.

മനുഷ്യന്റെ ബോധം ജീവിതത്തിന്റെ പ്രതിഫലനമാണ്. ചിലപ്പോൾ അത് വികൃതവും അപൂർണവുമായ പ്രതിഫലനം ആയിരിക്കും. അത്തരം ഘട്ടങ്ങളിൽ പോലും സത്യത്തിന്റെ ചില അംശങ്ങൾ അതിൽ കാണാൻ സാധിക്കും. വർഗ്ഗവീക്ഷണം കൊണ്ട് പരിമിതമായ ജീവിതജ്ഞാനത്തോടൊപ്പം യാഥാർഥ്യങ്ങളുടെ ചിത്രീകരണവും അത് എത്ര തന്നെ പരിമിതവും ഭാഗികവും ആണെങ്കിൽ കൂടി സാഹിത്യകാരൻ നൽകുന്നുണ്ട്. ഒരു സാഹിത്യകാരൻ ജീവിതയാഥാർഥ്യങ്ങളിലേക്ക് എത്രത്തോളം ഇറങ്ങിച്ചെന്ന് പഠിക്കാൻ ശ്രമിക്കുന്നുവോ അത്രത്തോളം അയാൾ സ്വന്തം വർഗതാൽപര്യങ്ങളിൽ നിന്നകന്നുനിൽക്കുകയും ജീവിതയാഥാർഥ്യങ്ങൾ അത്രത്തോളം സത്യസന്ധമായി അയാളുടെ കൃതികളിൽ പ്രതിഫലിപ്പിക്കുകയും ചെയ്യും. റഷ്യൻ സാഹിത്യകാരനായ പുഷ്കിൻ പ്രഭുകുടുംബത്തിലാണ് ജനിച്ചതെങ്കിലും അദ്ദേഹം താൻ ജീവിച്ച കാലത്തെ സത്യസന്ധമായി തന്റെ കൃതികളിൽ ചിത്രീകരിച്ചു. അതിനാലാണ് അദ്ദേഹത്തിന്റെ 'ഓണജിൻ' തുടങ്ങിയ കൃതികൾ ജനകീയങ്ങളായത്. ഫ്രഞ്ചുസാഹിത്യകാരനായ ബൽസാക്ക് രാജകുടുംബത്തോട് അടുപ്പം കാണിച്ചിരുന്നെങ്കിലും തന്റെ കൃതികളിൽ നാടുവാഴിപ്രഭുത്വത്തിന്റെ തകർച്ചയാണ് ചിത്രീകരിച്ചിരിക്കുന്നത്. 'കൃഷിക്കാർ' എന്ന നോവലിൽ നാടുവാഴിയും കൃഷിക്കാരനും തമ്മിലുള്ള രൂക്ഷവും ഭീകരവുമായ സാമ്പത്തിക സമരങ്ങളെ സുന്ദരമായും സത്യസന്ധമായും അദ്ദേഹം ചിത്രീകരിച്ചു. ഫ്രഞ്ചു സമുദായത്തിലെ വളരുന്ന ശക്തികളും തളരുന്ന ശക്തികളും തമ്മിലുള്ള വൈരുദ്ധ്യങ്ങളെ അദ്ദേഹം വിശ്വസ്തതയോടെ പ്രതിഫലിപ്പിച്ചു. ഇതിലാണ് അദ്ദേഹത്തിന്റെ മേന്മ കിടക്കുന്നത്.

ഷേക്സ്പിയർ, ടോൾസ്റ്റോയ്, റോളാങ്ങ് തുടങ്ങിയ മഹാന്മാരായ മറ്റു ചില സാഹിത്യകാരന്മാരെ സംബന്ധിച്ചും ഇത് പറയാവുന്നതാണ്. കേരളത്തെ സംബന്ധിച്ചാണെങ്കിൽ ആശാനും വള്ളത്തോളും മഹാരാജാക്കന്മാർക്ക് മംഗളശ്ലോകങ്ങളെഴുതിയവരാണ്. വള്ളത്തോൾ ഇന്നും പൊന്നു തിരുമേനിമാരുടെ കൃപാകടാക്ഷങ്ങളെ ഉറ്റുനോക്കുന്നവരിലൊരാളാണ്. അവരുടെ കൃതികളിൽ വ്യക്തിനിഷ്ഠങ്ങളായ നിലപാടുകൾ പ്രതിഫലിക്കുന്നുണ്ടെങ്കിലും വസ്തുനിഷ്ഠമായി പരിശോധിച്ചാൽ നാടുവാഴി സാമ്രാജ്യത്വവ്യവസ്ഥയ്ക്കെതിരെ പ്രതികരിക്കുന്ന സാമൂഹ്യജീവിതത്തെയാണ് പ്രതിഫലിപ്പിക്കുന്നതെന്ന് കാണാം. അതാണ് അവരുടെ സാഹിത്യസൃഷ്ടികളുടെ മേന്മ.

റഷ്യൻ സാഹിത്യകാരനായ മാക്സിം ഗോർക്കി തൊഴിലാളി വർഗത്തിന്റെ വീക്ഷണഗതിയോടുകൂടിയാണ് അമ്മ എന്ന നോവലെഴുതിയത്. എന്നാൽ അത് അധ്വാനിക്കുന്ന എല്ലാ ജനവിഭാഗങ്ങളുടേയും താൽപര്യങ്ങളെ പ്രതിനിധീകരിക്കുന്ന കൃതിയായി മാറി. ഇതൊക്കെ കാണിക്കുന്നത് സാഹിത്യം സാമൂഹ്യയാഥാർഥ്യങ്ങളുടെ വെറും പ്രതിഫലനമല്ല. മറിച്ച് സാഹിത്യകാരന്റെ ലോകവീക്ഷണഗതിയുടെ പ്രതിഫലനം കൂടിയാണെന്നാണ്.

## അവലോകനം

പുരോഗമനസാഹിത്യകാരന്മാർ എങ്ങനെയാണ് സാഹിത്യരചനയിൽ ഏർപ്പെടേണ്ടതെന്നും ഒരു പുരോഗമന സാഹിത്യകൃതിയുടെ സ്വഭാവം എങ്ങനെയായിരിക്കണമെന്നും ഓർമ്മിപ്പിക്കാനാണ് കെ. ദാമോദരൻ സാഹിത്യകാരന്റെ സാമൂഹ്യബോധം എന്ന ലേഖനം എഴുതുന്നത്. ജീവിതത്തെ സത്യസന്ധമായി ചിത്രീകരിക്കാനാഗ്രഹിക്കുന്ന സാഹിത്യകാരൻ ജീവിതം ഇന്നിങ്ങനെയിരിക്കുന്നു എന്നു മാത്രം നോക്കിയാൽ പോര, അതു നാളെ എങ്ങനെയാവാൻ പോകുന്നു എന്നു കൂടി മനസ്സിലാക്കണം. തകരാൻ പോകുന്ന ശക്തിയേതാണ്, വളരുന്ന ശക്തിയേതാണ് എന്നു കൂടി പരിശോധിക്കണം. സാമൂഹ്യയാഥാർഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന സാഹിത്യകാരൻ സാമൂഹ്യ യാഥാർഥ്യങ്ങളുടെ സ്വഭാവ സവിശേഷങ്ങളെ വസ്തുനിഷ്ഠമായി നോക്കി പഠിക്കണം. യാഥാർഥ്യങ്ങളുടെ ആഴമേറിയ അടിത്തട്ടുവരെ ഇറങ്ങിച്ചെല്ലാൻ മടിക്കാത്തവർക്കേ അതു സാധിക്കൂ. കലാപരമായ സത്യസന്ധതയേയും സൗന്ദര്യത്തേയും ആശയപരമായ പരിവർത്തനങ്ങളോട് ഇണക്കിച്ചേർക്കുന്ന സാഹിത്യം മനുഷ്യന്റെ പുരോഗതിയെ സഹായിക്കുന്നു. സാഹിത്യത്തിലെ സത്യദീക്ഷ ഇന്നത്തെ സ്വപ്നങ്ങളെ നാളത്തെ യാഥാർഥ്യങ്ങളാക്കി മാറ്റുന്നു.

സാഹിത്യകാരന്റെ ഭാവന സാമൂഹിക യാഥാർഥ്യങ്ങളുടെ ഹൃദയത്തിലേക്ക് എത്രത്തോളം ആഴത്തിൽ തുളച്ചു കയറുന്നുവോ അത്രത്തോളം ശരിയായും സത്യസന്ധമായും ആ യാഥാർഥ്യങ്ങളുടെ സ്വഭാവ സവിശേഷങ്ങളെ വെളിപ്പെടുത്താൻ അയാൾക്ക് സാധിക്കും. യാഥാർഥ്യങ്ങളെ സത്യസന്ധമായും ശരിയായും ചിത്രീകരിക്കുന്ന സാഹിത്യകാരന് മനുഷ്യന്റെ വൈകാരികവും മാനസികവും ആയ മണ്ഡലങ്ങളിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്താൻ സാധിക്കും. സാഹിത്യകാരന്റെ വികാരപരമായ യാഥാർഥ്യ പ്രതിപാദനം നിലവിലുള്ള യാഥാർഥ്യങ്ങളെ മാറ്റാൻ ശ്രമിക്കുന്നവർക്ക് പ്രചോദനവും പ്രോത്സാഹനവും നൽകുന്നു. വികാരപരത പ്രവർത്തനത്തിനുള്ള ഉത്തേജനമായി തീരുന്നു. അത്തരം സാഹിത്യം മനുഷ്യനെ ഉയർത്താനും പ്രകൃതിയുടെയും സമുദായത്തിന്റെയും യാഥാർഥ്യങ്ങളെ മാറ്റാനുള്ള മനുഷ്യന്റെ കഴിവിനെ വളർത്താനും പ്രയോജനപ്പെടുന്നു. കലാപരമായ സത്യസന്ധതയേയും സൗന്ദര്യത്തെയും ആശയപരമായ പരിവർത്തനങ്ങളോട് ഇണക്കിച്ചേർക്കുന്ന സാഹിത്യം മനുഷ്യന്റെ പുരോഗതിയെ സഹായിക്കുന്നു. സാഹിത്യത്തിലെ സത്യദീക്ഷ ഇന്നത്തെ സ്വപ്നങ്ങളെ നാളത്തെ യാഥാർഥ്യമാക്കിമാറ്റുന്നു. സാഹിത്യത്തിലെ സൗന്ദര്യം മനുഷ്യനിലും അവന്റെ ചുറ്റുപാടുകളിലും മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് സുന്ദരമായ ഒരു ഭാവിയെ ഉദ്ഘാടനം ചെയ്യുന്നു.

അപ്പോൾ സാഹിത്യം ബാഹ്യയാഥാർഥ്യങ്ങളുടെ വെറും പ്രതിഫലനം മാത്രമല്ല. പ്രതിപാദ്യ വിഷയത്തെക്കുറിച്ചുള്ള സാഹിത്യകാരന്റെ ബോധവും വിലയിരുത്തലും അതിലടങ്ങിയിരിക്കുന്നു. സാഹിത്യകാരൻ യാഥാർഥ്യത്തോടൊപ്പം ആ യാഥാർഥ്യത്തോടുള്ള തന്റെ സ്വന്തം മനോഭാവത്തെയും വീക്ഷണഗതിയെയും ഉൾക്കൊള്ളുന്നു. അതുകൊണ്ട് സാഹിത്യം സാഹിത്യകാരന്റെ ലോക വീക്ഷണഗതിയുടെ പ്രകടനം കൂടിയാണ്. സാഹിത്യകൃതി നിഷ്പക്ഷമായിരിക്കണം എന്ന വാദത്തെ തള്ളിക്കൊണ്ട് സാഹിത്യകാരൻ ജീവിതയാഥാർഥ്യങ്ങളെ സത്യസന്ധമായി നോക്കിക്കാണുകയും തന്റെ വർഗനിലപാടുകൾ മാറ്റി വച്ചുകൊണ്ട് വർഗസമരനിലപാടുകൾ കൃതികളിൽ ആവിഷ്കരിക്കണമെന്ന ആഹ്വാനത്തോടെയാണ് ലേഖനം അവസാനിപ്പിക്കുന്നത്.

## Recap

- സോഷ്യലിസ്റ്റ് റിയലിസത്തിന്റെ പ്രാഥമിക ഔദ്യോഗിക ലക്ഷ്യം 'യാഥാർത്ഥത്തെ അതിന്റെ വിപ്ലവകരമായ വികാസത്തിൽ ചിത്രീകരിക്കുക' എന്നതായിരുന്നു
- കെ. ദാമോദരൻ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനേതാക്കളിൽ ഒരാളായിരുന്നു
- കേരളമാർക്സ് എന്നാണ് കെ. ദാമോദരൻ അറിയപ്പെട്ടിരുന്നത്
- പാട്ടബാക്കി എന്ന രാഷ്ട്രീയനാടകത്തിന്റെ കർത്താവ് എന്ന നിലയിൽ മലയാള സാഹിത്യത്തിൽ സ്ഥാനമുറപ്പിച്ചു
- കേരളത്തിൽ പുരോഗമനസാഹിത്യത്തിന് നേതൃത്വം കൊടുത്തത് കെ. ദാമോദരനും ഇ.എം.എസും ആണ്
- പുരോഗമനസാഹിത്യകാരെ സാഹിത്യത്തിലെ വിഷംതീനികൾ എന്നാണ് കേസരി ബാലകൃഷ്ണപിള്ള വിശേഷിപ്പിച്ചത്
- സാഹിത്യത്തിലെ സ്വതന്ത്രചിന്ത എന്ന മുദ്രാവാക്യവുമായി പലരും പുരോഗമന സാഹിത്യപ്രസ്ഥാനത്തിൽ നിന്നും പുറത്തു കടന്നു
- സാഹിത്യകൃതി മികച്ചതാവണമെങ്കിൽ അത് ജീവിതഗന്ധിയാവണം
- സാമൂഹ്യജീവിതമെന്നാൽ ബാഹ്യമായ ജീവിതം മാത്രമല്ല സാമൂഹ്യ ബന്ധങ്ങളോടു കൂടിയ മനുഷ്യന്റെ വികാരവിചാരങ്ങളും ആഗ്രഹാഭിലാഷങ്ങളും ജീവിതവീക്ഷണഗതിയും എല്ലാം ഉൾപ്പെടുന്നതാണ്
- പ്രാകൃതകാലം മുതൽക്കെ കല സാമൂഹ്യ ബോധത്തിന്റെ ഒരു രൂപമായിരുന്നു
- ജീവസന്ധാരണത്തിനു വേണ്ടി പ്രകൃതിയുമായി മല്ലിട്ടു കൊണ്ട് ഉല്പാദന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട സമയത്ത് പ്രാകൃതമനുഷ്യൻ പുറപ്പെടുവിച്ച അവ്യക്ത ശബ്ദങ്ങളിലൂടെയാണ് വാക്കുകൾ പിറവി കൊണ്ടത്
- കല ജീവിതത്തിനു വേണ്ടി എന്ന് ശക്തിയുക്തം വാദിച്ച വ്യക്തിയാണ് കെ. ദാമോദരൻ
- പ്രാകൃതകാലം മുതൽക്കെ കല സാമൂഹ്യ ബോധത്തിന്റെ ഒരു രൂപമായിരുന്നു
- ആവശ്യമായതെല്ലാം എടുത്ത് ചിത്രീകരിക്കുന്ന സാഹിത്യകാരന് മാത്രമേ ജീവിതയാഥാർഥ്യങ്ങളെ പ്രതിഫലിപ്പിക്കാൻ കഴിയു
- സാഹിത്യം ഭൗതികയാഥാർഥ്യങ്ങളുടെ പ്രതിഫലനമാണ്
- സാഹിത്യം ഒരിക്കലും നിഷ്പക്ഷമല്ല
- ബാലാമണിയമ്മയുടെ കവിതയാണ് മാതൃഹൃദയം
- ആചാര്യ വിനോബാഭാവെയുടെ ഭൂദാനയജ്ഞം
- പുഷ്കിന്റെ കൃതിയാണ് ഓണജിൻ

- ബൽസാക്കിന്റെ കൃഷിക്കാർ എന്ന നോവൽ
- റഷ്യൻ സാഹിത്യകാരനായ മാക്സിം ഗോർക്കി തൊഴിലാളി വർഗത്തിന്റെ വീക്ഷണഗതിയോടുകൂടിയാണ് അമ്മ എന്ന നോവലെഴുതിയത്
- സാഹിത്യം സാഹിത്യകാരന്റെ ലോകവീക്ഷണഗതിയുടെ പ്രതിഫലനം കൂടിയാണ്
- സാഹിത്യകാരന്റെ വർഗതാൽപര്യങ്ങൾ സമൂഹത്തിന്റെ വർഗതാൽപര്യങ്ങളിൽ നിന്ന് എത്രത്തോളം അകന്നിരിക്കുന്നുവോ അത്രത്തോളം അയാളുടെ സൃഷ്ടികൾ ജീവിതസത്യങ്ങളിൽ നിന്ന് അകന്നിരിക്കും

## Objective Questions

1. പുരോഗമന സാഹിത്യകാരന്മാരെ വിഷം തീനികൾ എന്നു വിശേഷിപ്പിച്ചതാര്?
2. നാടുവാഴിയും കൃഷിക്കാരനും തമ്മിലുള്ള സമരം ചിത്രീകരിച്ച ബൽസാക്കിന്റെ നോവൽ?
3. എന്താണ് സാഹിത്യം എന്ന കൃതിയുടെ കർത്താവ്?
4. മാതൃഹൃദയം എന്ന കൃതിയുടെ രചയിതാവാര്?
5. ഓണജിൻ എന്ന കൃതിയുടെ കർത്താവാരാണ്?
6. മാക്സിം ഗോർക്കി തൊഴിലാളി വർഗ വീക്ഷണത്തോടെ രചിച്ച നോവൽ ഏതാണ്?
7. കെ. ദാമോദരൻ അറിയപ്പെടുന്നത് ഏത് പേരിലാണ്?
8. ഭൂദാനയജ്ഞം ആരുമായി ബന്ധപ്പെട്ടിരിക്കുന്നു?
9. കെ. ദാമോദരൻ രചിച്ച രാഷ്ട്രീയ നാടകം ഏത് ?
10. സാഹിത്യ കൃതി മികച്ചതാവണമെങ്കിൽ അത് എങ്ങനെയുള്ളതായിരിക്കണം?

## Answers

1. കേസരി എ. ബാലകൃഷ്ണപിള്ള
2. കൃഷിക്കാർ
3. കെ. ദാമോദരൻ
4. ബാലാമണിയമ്മ
5. പുഷ്കിൻ
6. അമ്മ

7. കേരള മാർക്സ്
8. ആചാര്യ വിനോബാഭാവ
9. പാട്ടബാക്കി
10. ജീവിതഗന്ധി

## Assignments

1. സാഹിത്യകാരന്റെ സാമൂഹ്യബോധം കൃതിയിൽ പ്രതിഫലിക്കേണ്ടതെങ്ങനെയെന്നാണ് കെ. ദാമോദരൻ അഭിപ്രായപ്പെടുന്നത് വിലയിരുത്തുക.
2. പുരോഗമനസാഹിത്യകൃതി മറ്റ് സാഹിത്യകൃതികളിൽ നിന്ന് വ്യത്യസ്തമാകുന്നത് എങ്ങനെയെന്ന് വിശദീകരിക്കുക?
3. അലക്സാണ്ടർ പുഷ്കിന്റെ കൃതികളുടെ സവിശേഷതകൾ എന്തെല്ലാമെന്ന് വിലയിരുത്തുക.
4. ബൽസാക്ക് പുരോഗമനസാഹിത്യകാരനാണെന്ന് ലേഖകൻ പറയുന്നതെന്തുകൊണ്ടാണെന്ന് വിലയിരുത്തുക?
5. സാഹിത്യം സാഹിത്യകാരന്റെ ലോകവീക്ഷണഗതിയുടെ പ്രതിഫലനം കൂടിയാണ്. വിശദീകരിക്കുക?
6. സാഹിത്യത്തെ കെ. ദാമോദരൻ നിർവചിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുക?
7. സാഹിത്യം നിഷ്പക്ഷമാവണം എന്ന വാദത്തിന് കെ. ദാമോദരൻ നൽകുന്ന മറുപടി ക്രോഡീകരിക്കുക.

## Reference


1. കെ. ദാമോദരൻ, എന്താണ് സാഹിത്യം, എൻ.ബി.എസ്, കോട്ടയം.
2. ഡോ. പി.വി. വേലായുധൻപിള്ള, മലയാള സാഹിത്യ വിമർശനം, എൻ.ബി.എസ്, കോട്ടയം.
3. കെ. ദാമോദരൻ, സാഹിത്യ നിരൂപണം, പ്രഭാത് ബുക്ക്ഹൗസ്, തിരുവനന്തപുരം.
4. എസ്. ഗുപ്തൻനായർ, മലയാള നിരൂപണം ഇന്നലെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. പി.കെ. ഗോപാലകൃഷ്ണൻ, പുരോഗമന സാഹിത്യപ്രസ്ഥാനം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

# യൂണിറ്റ് - 5
# ടാഗോറിന്റെ മിസ്റ്റിസിസം

### സുകുമാർ അഴീക്കോട്

## Learning Outcomes

- സുകുമാർ അഴീക്കോടിന്റെ സാഹിത്യനിരൂപണത്തെക്കുറിച്ചറിയുന്നു
- മിസ്റ്റിസിസം എന്ന സാഹിത്യപ്രസ്ഥാനത്തെക്കുറിച്ചറിയുന്നു
- രബീന്ദ്രനാഥ ടാഗോറിന്റെ കൃതികളെക്കുറിച്ചറിയുന്നു
- ടാഗോറിന്റെ കൃതികളിലെ മിസ്റ്റിസിസത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- ഗീതാഞ്ജലിയിലെ ആത്മീയത മനസ്സിലാക്കുന്നു

## Prerequisite

മിസ്റ്റിസിസം എന്ന പദം, ഞാൻ മറയ്ക്കുന്നു എന്നർഥമുള്ള ഗ്രീക്ക് പദത്തിൽ നിന്നാണ് ഉണ്ടായത്. മിസ്റ്റിസിസം എന്ന വാക്ക് പിൽക്കാലത്ത് നിഗൂഢമായ അല്ലെങ്കിൽ അമാനുഷികമായ എന്ന അർഥത്തിൽ ഉപയോഗിക്കാൻ തുടങ്ങി. ദൈവികതയുടെ വ്യക്തിപരമായ അനുഭവമാണ് മിസ്റ്റിസിസം എന്ന് പറയാം. മിസ്റ്റിസിസം എന്ന പദം സാധാരണവായനക്കാർക്ക് മനസ്സിലാക്കാൻ പ്രയാസമുള്ളതാണെങ്കിലും അതിമനോഹരമായ ഗാനങ്ങളിലെ നിഗൂഢതയെ വായനയിലും ആത്മാവിലും ചേർത്തുവയ്ക്കാൻ അവർക്ക് സാധിക്കാറുണ്ട്. അത്യാനന്ദങ്ങളിൽ എത്തുന്ന അവസ്ഥകളിൽ നിന്ന് വരുന്ന വാക്കുകളെ മിസ്റ്റിക് എഴുത്തായി കണക്കാക്കാം. ജി. ശങ്കരക്കുറുപ്പിന്റെ കവിതകളിൽ മിസ്റ്റിസിസം ദർശിക്കാവുന്നതാണ്.

**സുകുമാർ അഴീക്കോട്**



സാമൂഹ്യ അനീതികൾക്കും സാഹിത്യത്തിലെ ദുഷ്പ്രവണതകൾക്കുമെതിരെ വാക്കുകൾ കൊണ്ട് പോരാടിയ വ്യക്തിയാണ് സുകുമാർ അഴീക്കോട്. സാഹിത്യനിരൂപകനും അധ്യാപകനും പ്രഭാഷകനും വിദ്യാഭ്യാസ ചിന്തകനുമായിരുന്നു അദ്ദേഹം. പതിനെട്ടാം വയസ്സിൽ ആശാന്റെ സീതാകാവ്യം എന്ന നിരൂപണഗ്രന്ഥം പ്രസിദ്ധീകരിച്ചു. 1954-ൽ ഇറങ്ങിയ ഈ കൃതിയാണ് മലയാളത്തിൽ ഖണ്ഡകാവ്യത്തെക്കുറിച്ചെഴുതിയ ആദ്യത്തെ സമഗ്രപഠനം. 1956ൽ പ്രസിദ്ധീകരിച്ച രമണനും മലയാളകവിതയും എന്ന കൃതിയും ഏറെ ശ്രദ്ധിക്കപ്പെട്ടു. മലയാളികൾ ആഘോഷമാക്കിയ രമണൻ എന്ന കൃതി കാവ്യമെന്ന നിലയിൽ പരാജയമാണെന്ന് ഈ കൃതിയിൽ വ്യക്തമാക്കുന്നു. മഹാകവി ജി.ശങ്കരക്കുറുപ്പിനെ വിമർശിച്ചുകൊണ്ടെഴുതിയ ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു എന്ന കൃതിയും സാഹിത്യലോകത്ത് ഏറെ വിവാദങ്ങൾക്കിടയാക്കി. ജി.യുടെ കവിതകൾ അനുകരണാത്മകതയിൽ മാത്രം പിടിച്ചുനിൽക്കുന്നതാണെന്നാണ് ഈ നിരൂപണത്തിൽ സുകുമാർ അഴീക്കോട് അഭിപ്രായപ്പെട്ടത്. 1984-ൽ പ്രസിദ്ധീകരിച്ച 'തത്ത്വമസി' എന്ന കൃതി ഉപനിഷത് ദർശനങ്ങളുടെ ഉൾപ്പൊരുളുകൾ തേടിയുള്ള അന്വേഷണമാണ്. കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹി

ത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ് തുടങ്ങി പതിനഞ്ചോളം അവാർഡുകൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

1926 മെയ് 12 ന് കണ്ണൂർ ജില്ലയിൽ അഴീക്കോട് ഗ്രാമത്തിൽ ജനിച്ചു. അഴീക്കോട് സൗത്ത് സ്കൂൾ, ചിറക്കൽ രാജാസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം നേടി. 1946-ൽ മംഗലാപുരം സെന്റ് അലോഷ്യസ് കോളേജിൽ നിന്നും വാണിജ്യശാസ്ത്രത്തിൽ ബിരുദം നേടി. ഇന്ത്യൻ ഓവർസീസ് ബാങ്കിൽ ജോലി ലഭിച്ചെങ്കിലും സാഹിത്യത്തിലെ താൽപര്യം കാരണം കോഴിക്കോട് ഗവൺമെന്റ് കോളേജിൽ നിന്ന് അധ്യാപക പരിശീലനം പൂർത്തിയാക്കി. തുടർന്ന് ചിറക്കൽ രാജാസ് ഹൈസ്കൂളിൽ അധ്യാപകനായി ജോലി ചെയ്തു. മലയാളത്തിലും സംസ്കൃതത്തിലും ബിരുദാനന്തരബിരുദം നേടി. 1981-ൽ മലയാള സാഹിത്യത്തിൽ ഡോക്ടറേറ്റ് ബിരുദം നേടി. വിവിധ കോളേജുകളിൽ അധ്യാപകനായി ജോലി ചെയ്തു. കോഴിക്കോട് സർവകലാശാല സ്ഥാപിച്ചപ്പോൾ മലയാള വിഭാഗം മേധാവിയായി. 1974-1978 കാലഘട്ടത്തിൽ കോഴിക്കോട് സർവകലാശാല പ്രോ-വൈസ് ചാൻസലറായും ആക്ടിങ്ങ് വൈസ് ചാൻസലറായും ജോലി ചെയ്തു. 1986-ൽ സർവ്വീസിൽ നിന്ന് വിരമിച്ചു. 2012 ജനവരി 24 ന് അന്തരിച്ചു.

**പ്രധാനകൃതികൾ**

തത്ത്വമസി, ആശാന്റെ സീതാകാവ്യം, രമണനും മലയാള കവിതയും, മഹാത്മാവിന്റെ മാർഗം, മലയാള സാഹിത്യ വിമർശനം, ജി.ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു

## Keywords

മിസ്റ്റിസിസം - ടാഗോർ - ജി. ശങ്കരക്കുറുപ്പ് - ഉത്ഥാനം - ശുദ്ധീകരണം - പ്രബോധനം - ആത്മസമർപ്പണം

## Discussion

### സുകുമാർ അഴീക്കോടിന്റെ സാഹിത്യനിരൂപണം

വൈക്കം മുഹമ്മദ് ബഷീർ സുകുമാർ അഴീക്കോടിന്റെ പ്രഭാഷണത്തെ സാഗരഗർജനം എന്നാണ് വിശേഷിപ്പിച്ചത്. മലയാള നിരൂപണരംഗത്തും പ്രഭാഷണരംഗത്തും തന്റേതായ നിലപാടുകൾ കൊണ്ട് വ്യക്തിമുദ്രപതിപ്പിച്ചയാളാണ് സുകുമാർ അഴീക്കോട്. അദ്ദേഹത്തിന്റെ വിമർശനകൃതികളായ ആശാന്റെ സീതാകാവ്യം, രമണനും മലയാളകവിതയും, ജി. ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു എന്നിവയാണ് ഏറ്റവുമധികം ചർച്ചചെയ്യപ്പെട്ടത്. മലയാളത്തിലെ പ്രമുഖരായ മൂന്ന് കവികളുടെ രചനകളെ സൂക്ഷ്മമായി വിലയിരുത്തുകയും ഖണ്ഡനരീതിയിൽ അവയുടെ പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും ചെയ്തു. മലയാളസാഹിത്യത്തിലെ കാല്പനികതയുടെ കൊടിയിറക്കത്തിന്റെ സൂചനകളാണ് ഈ കൃതികൾ എന്നാണ് സുകുമാർ അഴീക്കോട് അഭിപ്രായപ്പെട്ടത്.

സുകുമാർ അഴീക്കോടിന്റെ സാഹിത്യജീവിതം വിലയിരുത്തുമ്പോൾ ഭാരതീയസാഹിത്യ പാരമ്പര്യത്തിന്റെ തുടർക്കണ്ണിയാണ് അദ്ദേഹമെന്ന് കാണാൻ സാധിക്കും. സാമൂഹ്യസാംസ്കാരിക സാഹിത്യവിമർശനങ്ങളിൽ ധാർമികതയിൽ ഊന്നിയ സമീപനമാണ് അഴീക്കോട് സ്വീകരിച്ചത്. പക്ഷേ മറ്റ് ധാർമികാധിഷ്ഠിത വിമർശകരെപ്പോലെ ക്ലാസ്സിസിസത്തെ അംഗീകരിച്ച് കാല്പനി

കതയെ തള്ളിപ്പറയാൻ അദ്ദേഹം തയ്യാറായില്ല. ഖണ്ഡനവിമർശനമാണ് വിമർശനം എന്ന അഴീക്കോടിന്റെ വാദം സാഹിത്യനിരൂപണരംഗത്ത് ഏറെ വിവാദങ്ങൾക്ക് കാരണമായി. ഒരു കൃതിയെ വിമർശിക്കുമ്പോൾ ആ കൃതിയെക്കുറിച്ച് മുമ്പുണ്ടായിരുന്ന വിമർശനങ്ങളെ പരിശോധിക്കണം എന്നുമാത്രമാണ് ഈ പ്രയോഗത്തിലൂടെ താനുദ്ദേശിച്ചതെന്ന് അഴീക്കോട് പിന്നീട് വ്യക്തമാക്കിയിട്ടുണ്ട്. മഹാത്മാവിന്റെ മാർഗം എന്ന കൃതിയിൽ ഗാന്ധിയൻ ദർശനങ്ങളെക്കുറിച്ചുള്ള അബദ്ധവിശ്വാസങ്ങളെ പൊളിച്ചെഴുതുകയും ഗാന്ധിയൻ തത്വങ്ങളെ വ്യക്തതയോടെ ആവിഷ്കരിക്കുകയും ചെയ്യുന്നു. ഗുരുവിന്റെ ദുഃഖം എന്ന കൃതിയിൽ ശ്രീനാരായണദർശനങ്ങളുടെ സമകാലികപ്രസക്തിയെക്കുറിച്ച് ചർച്ച ചെയ്യുന്നു.

## രബീന്ദ്രനാഥ ടാഗോർ



രബീന്ദ്രനാഥ ടാഗോർ

ഇന്ത്യയിലെ പ്രമുഖസാഹിത്യകാരനും സാംസ്കാരികനായകനുമാണ് രബീന്ദ്രനാഥ ടാഗോർ. തത്വചിന്തകൻ, ദൃശ്യകലാകാരൻ, കഥാകൃത്ത്, നാടകകൃത്ത്, ഗാനരചയിതാവ്, നോവലിസ്റ്റ്, സാമൂഹ്യപരിഷ്കർത്താവ് എന്നീ നിലകളിൽ പ്രതിഭ തെളിയിച്ചു. ബംഗാളി സാഹിത്യത്തിനും സംഗീതത്തിനും പുതുജീവൻ നൽകി. അദ്ദേഹത്തിന്റെ പ്രസിദ്ധമായ കാവ്യസമാഹാരമായ ഗീതാഞ്ജലിക്ക് സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു. അദ്ദേഹം സ്ഥാപിച്ച വിശ്വഭാരതി സർവകലാശാല ഇന്ന് കേന്ദ്രീയ പൊതുസർവകലാശാലയായി മാറിയിരിക്കുന്നു. ഇന്ത്യയുടെ ദേശീയഗാനമായ ജനഗണമന എഴുതിയത് രബീന്ദ്രനാഥ ടാഗോറാണ്. തന്റെ കവിതകളും ഗാനങ്ങളും ആലപിക്കാൻ സവിശേഷമായ ഒരു സംഗീതശൈലി തന്നെ അദ്ദേഹം ആവിഷ്കരിച്ചു. ടാഗോറിന്റെ മിക്ക കവിതകളിലും പ്രതീകാത്മകശൈലിയും മിസ്റ്റിക് സ്വഭാവവും ഉദാത്തഭാവാവിഷ്കരണവും ദൃശ്യമാണ്.

## ടാഗോറിന്റെ മിസ്റ്റിസിസം

'മിസ്റ്റിസിസം ആംഗല സാഹിത്യത്തിൽ ' എന്ന ഗ്രന്ഥത്തിൽ, നാലു മാർഗ്ഗങ്ങളിലൂടെ മിസ്റ്റിസിസം എന്ന ഈശ്വരസാക്ഷാത്ക്കാരം പ്രാപിക്കുന്ന മിസ്റ്റിക്കുകളെപ്പറ്റി കരോലിൻ സ്പർജിയൻ പ്രസ്താവിക്കുന്നുണ്ട്. തത്വചിന്തയുടെയും പ്രകൃതി താദാത്മ്യബോധത്തിന്റെയും മാർഗ്ഗത്തിലൂടെ ആത്മീയ നിർവൃതിയിൽ എത്താം. വില്യം ലോ, വേർഡ്സ് വർത്ത് എന്നിവർ ഈ മാർഗാനുയായികൾക്ക് ദൃഷ്ടാന്തങ്ങളാണ്. ടാഗോർ മൊത്തത്തിൽ, പ്രേമാത്മകനായ മിസ്റ്റിക്കാണ്. അദ്ദേഹത്തിന്റെ കൃതികളിൽ കാമുകീകാമുകന്മാരുടെ സിംബലുകളാണ് കൂടുതൽ കാണുന്നത്. ഏറ്റവും മികച്ച റൊമാന്റിക് കാവ്യങ്ങളുമായി അദ്ദേഹത്തിന്റെ കൃതികൾ പരിലസിക്കാൻ നിദാനം അദ്ദേഹത്തിന്റെ ഈ സൗന്ദര്യാധിഷ്ഠിതമായ പ്രേമമയത്വമാണ്. പ്രേമസംബന്ധിയായ സിംബലുകൾക്കു പുറമെ, വേറെ രണ്ടു തരം സിംബലുകൾ ടാഗോർ കവിതയിൽ ഉണ്ട്. അവയിലൊന്ന് ഈശ്വരസാക്ഷാത്ക്കാരത്തെ ഒരു അന്വേഷണമോ യാത്രയോ ആയിട്ടും മറ്റൊന്ന് ആന്തരമായ പരിവർത്തനമായിട്ടും പ്രതിരൂപാത്മകരീത്യാ വിവരിക്കുന്നു. മിസ്റ്റിക്കുകൾ ഉപയോഗിക്കുന്ന സാധാരണ പ്രതിരൂപങ്ങൾ പ്രേമപരമോ യാത്രാപരമോ പരിവർത്തന സൂചകമോ ആണ്. സിംബലുകൾ കൂടാതെയും മിസ്റ്റിക് കവിക്ക് പാടാം. ഉപനിഷത്തുകളിലെ പല സൂക്തങ്ങളും ആധ്യാത്മികാനുഭൂതിയുടെ നേരിട്ടുള്ള ഉദ്ഘോഷണങ്ങളാണ്. പക്ഷെ ശ്രോതാവിന് ബുദ്ധി കൊണ്ടോ ഹൃദയം കൊണ്ടോ ഗ്രഹിക്കാൻ പ്രയാസമാണ്. ഈ പ്രയാസം ഒഴിവാക്കാനാണ് കവികളായ മിസ്റ്റിക്കുകൾ ലൗകിക ജീവിതത്തിൽ നിന്നുള്ള അനുഭവങ്ങളുടെ ശർക്കരയിൽ ഒളിപ്പിച്ചു കൊണ്ട് ആത്മീയാനുഭൂതിയെ വർണിക്കുന്നതിൽ

ഉത്സുകരായി കാണപ്പെടുന്നത്. സിംബൽ അഥവാ പ്രതിരൂപം അണ്ടർഹില്ലിന്റെ നിർവചനമനുസരിച്ച് 'ഭൗതിക തലത്തിൽ നിന്ന് ആത്മീയം കടം വാങ്ങുന്ന വസ്ത്രം ആണ്.' മിസ്റ്റിക്കുകൾ മിക്കവാറും മൂകരായിരിക്കാം. പക്ഷെ അവർ മിണ്ടുമ്പോൾ ഉപയോഗിക്കുന്ന കാവ്യാത്മകമായ ഭാഷയുടെ പേരാണ് സിംബലിസം.

ഈശ്വരസാക്ഷാത്ക്കാരം എന്ന പ്രാണഹർഷപ്രദമായ നിരതിശയാനുഭൂതിയെ പ്രതിരൂപങ്ങളെക്കൊണ്ട് ആസ്വാദന കോടിയിൽപ്പെടുത്തുന്ന മിസ്റ്റിക്കവിതകളുണ്ട്. ഐശ്വര്യാനുഭൂതിയെ ലൗകികാനുഭൂതിയുടെ സഹായത്തോടെ മനസ്സിലാക്കാൻ വേണ്ടിയാണ് സിംബലുകൾ ഉപയോഗിക്കപ്പെടുന്നത്. പ്രേമത്തിന്റെയോ യാത്രയുടെയോ ആന്തരപണിണാമത്തിന്റെയോ സിംബലുകൾക്ക് അനന്തമായ വൈവിധ്യം ആകാവുന്നതാണ്. എന്നാൽ ലൗകികാനുഭവങ്ങളെ പരിശോധിച്ചാൽ അവ മൗലികമായി ഒരു ത്രിത്വത്തെ ആശ്രയിച്ചു നിൽക്കുന്നുവെന്നു കാണാൻ കഴിയും. നഷ്ടപ്പെട്ടതിലുള്ള ദുഃഖം, ലഭിച്ചതിലുള്ള സുഖം, ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷ എന്നീ മൂന്നു മൗലിക ഭാവങ്ങളിൽപ്പെടാത്ത മാനുഷികാനുഭവമില്ല. സാഹിത്യത്തിലെ നവരസങ്ങൾ ഇവയിൽ നിന്നു വിരിഞ്ഞുയർന്ന തളിരിലകൾ മാത്രമാണ്. ഭാര്യ നഷ്ടപ്പെട്ട ദുഃഖവും കുഞ്ഞു പിറന്ന സുഖവും സമരവിജയത്തിന്റെ പ്രതീക്ഷയും ലൗകികമായ അനുഭവങ്ങളിൽ നിന്ന് ഉടലെടുക്കുന്ന വികാരങ്ങളാണ്. അവയെ മുൻ നിറുത്തി കാവ്യങ്ങൾ രചിക്കാം. എന്നാൽ ഏറ്റവും അലൗകികവും നമ്മുടെ ആത്മാവിനോട് അങ്ങോളം ബന്ധപ്പെട്ടതുമായ ഐശ്വര്യമായ അനുഭൂതി കൊണ്ട് ഉണ്ടാകുന്ന നഷ്ടദുഃഖത്തെയും ലബ്ധ സുഖത്തെയും ഭാവിപ്രതീക്ഷയുമാണ് മിസ്റ്റിക് ചിത്രീകരിക്കുന്നത്.

ലോകം മുഴുക്കെ വ്യാപിച്ചു കിടക്കുന്നത് വിയോഗവ്യഥയാണെന്ന് പാടുന്ന ടാഗോർ ലോകത്തിന്റെ നിത്യമായ നഷ്ടദുഃഖത്തെ പ്രതിധ്വനിപ്പിക്കുന്നു. എന്റെ ഏറ്റവും ചെറിയ ഈ കൈകളിൽ അമ്മയുടെ അനന്തമായ സമ്മാനങ്ങൾ വന്നുചേരുന്നു എന്ന് അദ്ദേഹം പാടുമ്പോഴാകട്ടെ ലബ്ധ സുഖത്തിന്റെ ചരമസീമയിൽ നാം എത്തിച്ചേരുന്നു "അല്ലയോചങ്ങാതിമാരെ അവനുവേണ്ടി വഴിതുറന്നു ഇടുക. അവനെ തടയൊല്ലെ.''എന്ന് പാടുന്ന കവി മനുഷ്യാത്മാവിന്റെ ഇളവില്ലാത്ത മഹാപ്രതിക്ഷയെ വർണ്ണിക്കുകയും ചെയ്യുന്നു. അനുഭവങ്ങളുടെ ഈ ത്രൈലോകൃത്തിൽ ഉൾക്കൊള്ളാത്ത ഒരു കാലടി വെയ്ക്കാൻ ലൗകികാനുഭൂതികൾക്കു സാധ്യമല്ല. മിസ്റ്റിസിസത്തിന്റെ പരിധി ഇത്രയേയുള്ളൂ. ജഗന്നിയന്താവിന്റെ ശാശ്വത പ്രേമഭാജനങ്ങളായ മിസ്റ്റിക്കുകളുടെ കൂടെ ടാഗോർ ആ പരിധി മുഴുവൻ സഞ്ചരിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം തന്നെ ഒരു മോഹനമായ സിംബൽ ആയി . ശുദ്ധസൗന്ദര്യത്തിന്റെ കാമുകനും പരമസ്വാതന്ത്ര്യത്തിന്റെ ആരാധകനും ആയ മനുഷ്യാത്മാവിന്റെ സിംബൽ ആയിത്തീർന്നു ടാഗോർ. നമുക്കാർക്കും മനോഭാഷ നിശ്ചയമില്ലാത്ത കാലത്തോളം, ബാഹ്യമോ ആന്തരമോ ആയ അനുഭവങ്ങളെ അന്യർക്ക് അതേപടി വിശദമാക്കിക്കൊടുക്കുക സാദ്ധ്യമല്ല. അനുഭവത്തിന്റെയും അനുഭവ നിവേദനത്തിന്റെയുമിടയിൽ ഒരു വലിയ വിടവുണ്ടാക്കിയിരിക്കുന്നു മനുഷ്യന്റെ ഈ അശക്തി. ആ വിടവു നികത്തുവാൻ മനുഷ്യൻ ഉപയോഗിച്ചു വരുന്ന പാലമാണ് സിംബൽ അഥവാ പ്രതിരൂപം. ഭാഷയുടെ ലക്ഷ്യം അനുഭവ നിവേദനമാകയാൽ ഒരു വലിയ സിംബലിസമാണ് ഓരോ ഭാഷയും എന്നു പറയാം.

ഭാഷയുടെ ഏതു തരം ഉപയോഗവും സിംബലിസം ആണ് എന്നു വാദിച്ചാൽ ഒരു കവിയുടെ സിംബലിസത്തിന് വ്യത്യസ്തമായ അർത്ഥം ഉണ്ടായേ പറ്റൂ. മനോനിഷ്ഠമായ അനുഭവത്തിന് ശാബ്ദികമായ ഒരു പ്രതിരൂപം കൊടുക്കുകയാണ് ഭാഷയുടെ സിംബലിസം ചെയ്യുന്നതെങ്കിൽ, ഒരനുഭവത്തിന് മറ്റൊരനുഭവം പ്രതിരൂപമായി പ്രയോഗിക്കലാണ് സാഹിത്യത്തിലെ സിംബലിസം. വേദന എന്ന പദം കൊണ്ട് ശാരീരികമായ വല്ലാത്ത ഒരു അവസ്ഥയെ നാം ഉദ്ദേശിക്കുന്നത് ഭാഷയുടെ സിംബലിസവും, അന്യോന്യം അകന്നു കഴിയുന്ന ദമ്പതിമാരുടെ ഹൃദയത്തിന്റെ വല്ലാത്തൊരവസ്ഥയെ സൂചിപ്പിക്കാൻ വേദന എന്നു പറയുന്നത് സാഹിത്യപരമായ സിംബലിസവുമാണ്. രൂപകാതിശയോക്തി സമാസോക്തി, അപ്രസ്തുതപ്രശംസ എന്നിങ്ങനെയുള്ള

ഇരുപതാം നൂറ്റാണ്ടിലെ മിസ്റ്റിക്കുകളായ സാഹിത്യകാരന്മാരുടെ ഇടയിൽ രവീന്ദ്രനാഥടാഗോറിന്റെ സ്ഥാനം അദ്വിതീയം ആണ്. ജീവിതം മൗനസമുദ്രത്തിൽ നിമഗ്നമാക്കിയ മിസ്റ്റിക്കുകളുടെ കൂട്ടത്തിൽ അല്ല ജീവിതം ഗാനധാര ആക്കിയ മിസ്റ്റിക്കുകളുടെ പന്തിയിലാണ് ടാഗോറിന്റെ സ്ഥാനം. മിസ്റ്റിക് കവിയാകുമ്പോൾ കൈക്കൊള്ളുന്ന ഊന്നുവടിയാണ് സിംബലിസം. മിസ്റ്റിക്കിന്റെ അനുഭൂതി സാർവകാലികമാകയാൽ അയാളുടെ സിംബലുകളും സാർവകാലിക പ്രാധാന്യമുള്ളതായിരിക്കും. മറ്റു മിസ്റ്റിക്കുകൾക്കില്ലാത്ത ഹൃദയദ്രവീകരണശക്തി ടാഗോറിന്റെ ചില പ്രതിച്ഛായാ കല്പനകൾക്കുണ്ട്. ടാഗോറിന്റെ ഗീതാഞ്ജലിയിലെ സിംബലുകൾ ടാഗോറിന് അനായാസമായി കൈവന്ന അനർഘരത്നങ്ങളാണ്. ഗീതാഞ്ജലിയുടെ അവതാരികാകാരനായ യീറ്റ്സ് ടാഗോറിന്റെ ഭാവനയുടെ നിസർഗ്ഗ നിഷ്പ്രയാസത്വത്തെപ്പറ്റി ആശ്ചര്യത്തോടെ എടുത്തു പറഞ്ഞിട്ടുണ്ട്. പക്ഷിക്ക് പാട്ടു പോലെയും പൂവിന് സൗരഭ്യം പോലെയും സ്വാഭാവികമാണ് ഈ കവിയുടെ സിംബലിസം. മിസ്റ്റിസിസത്തിന്റെ അഭാവത്തിൽ ആ സിംബലുകൾ കവിതയ്ക്ക് ഭാരമായിത്തീരുകയും ചെയ്യും. അതുകൊണ്ട് സിംബൽ കണ്ടുകൊണ്ട് മിസ്റ്റിസിസം ഉണ്ടെന്ന് അനുമാനിക്കാൻ പാടില്ല. ലോകത്തിൽ വസ്തുവില്ലാതെ നിഴലുണ്ടാവുകയില്ലെങ്കിലും കാവ്യലോകത്തിൽ മിസ്റ്റിസിസമെന്ന വസ്തുവില്ലാത്ത സിംബലിസം എന്ന വെറും ഛായ ധാരാളം കണ്ടുമുട്ടാം. നിഴലിനപ്പുറമുള്ള വസ്തുവിന് വേണ്ടിയാണ് ടാഗോർ പാടിയതെന്നും ഓർക്കാം.

സുകുമാർ അഴീക്കോട് ടാഗോറിന്റെ മിസ്റ്റിസിസം എന്ന ലേഖനത്തിൽ രബീന്ദ്രനാഥ ടാഗോറിന്റെ ഗീതാഞ്ജലി എന്ന കൃതിയെ അടിസ്ഥാനമാക്കി അദ്ദേഹത്തിന്റെ കൃതികളിലെ മിസ്റ്റിക് സ്വഭാവം കണ്ടെത്താൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. ജീവിതം മൗനസമുദ്രത്തിലാക്കിയ മിസ്റ്റിക്കുകളുടെ കൂട്ടത്തിലല്ല ജീവിതം ഗാനധാരയാക്കിയ മിസ്റ്റിക്കുകളുടെ കൂട്ടത്തിലാണ് സുകുമാർ അഴീക്കോട് ടാഗോറിനെപ്പെടുത്തിയിരിക്കുന്നത്. ജീവിതത്തിന്റെ സമസ്തമേഖലകളിലും ഈശ്വരവിലാസം കാണുവാനും അതുവഴി അലങ്കാരങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. സാധാരണ സാഹിത്യകാരന്മാരുടെ ഈ സിംബലിസത്തിൽ നിന്നും വ്യത്യസ്തമാണ് ടാഗോർ സിംബലിസം. കാരണം, അദ്ദേഹം സാധാരണ സാഹിത്യകാരനല്ല. അദ്ദേഹത്തിന്റെ സാഹിത്യത്തിന്റെ അസാധാരണത്വം മിസ്റ്റിസിസം എന്നറിയപ്പെടുന്ന ആത്മീയ പ്രഭാവത്തെ ആശ്രയിച്ചു നിൽക്കുന്നു.

പരമമായ അനുഭവത്തിന്റെ ഉള്ളടക്കം എന്താണെന്ന് പറഞ്ഞറിയിക്കാൻ ലൗകികാനുഭവനിഷ്ഠമായ മാനുഷവാണികൾക്ക് അപര്യാപ്തതയുണ്ട്. അത് ആസ്വദിച്ച വ്യക്തിക്കു മിക്കപ്പോഴും അതിനെപ്പറ്റി മിണ്ടാതെ, അനങ്ങാതെ ഇരിക്കാനും വയ്യ. തന്റെ ഹൃദയസീമകളെ അതിലംഘിച്ച് ഉള്ളകം മുക്കിയ ആ അനുഭൂതിയുടെ ആന്ദോളനം നിമിത്തം അയാൾക്ക് അപര്യാപ്തമായ ലൗകിക ഭാഷ ഉപയോഗിച്ചു തന്നെ ആത്മാവിഷ്ക്കാരം നടത്താതെ ഗത്യന്തരമില്ലെന്ന സ്ഥിതി വരുന്നു. ആ അനുഭവത്തെ അനിർവചനീയം, അവർണനീയം, നിരതിശയം, ആത്യന്തികം, പരമം, അപ്രമേയം അപ്രതിമം എന്നൊക്കെ വെറുതെ പറഞ്ഞതു കൊണ്ട് ഫലമില്ല. പ്രസ്തുതാനുഭൂതി അതേ മട്ടിൽ അവതരിപ്പിക്കുക സാദ്ധ്യമല്ലെങ്കിൽ, അതിനെക്കാൾ താഴ്ന്ന ചില ലൗകികങ്ങളായ തീവ്രാനുഭൂതികളുടെ സഹായത്തോടെ അതിലേക്ക് നേരിയ വെളിച്ചം പായിക്കാനെങ്കിലും ശ്രമിക്കും. ഈ ചിന്തയിൽ നിന്നാണ് മിസ്റ്റിസിസത്തിലെ സിംബലിസം ഉയിർകൊള്ളുന്നത്. മിസ്റ്റിസിസം വസ്തുവാണെങ്കിൽ സിംബലിസം നിഴലാണ്. ഈശ്വരസാക്ഷാത്കാരം പ്രാപിക്കാത്ത മനുഷ്യർക്ക് ആ നിഴൽ കണ്ടു തൃപ്തിയടയുകയേ പോംവഴിയുള്ളൂ. ആനയും ആനയുടെ നിഴലും തമ്മിൽ മാനത്തിലും വർണത്തിലും മറ്റും എത്ര മാത്രം വ്യത്യാസമുണ്ടോ അത്രയുമല്ല അതിലേറെ വ്യത്യാസം മിസ്റ്റിക് അനുഭൂതിക്കും സിംബലിക്കനുഭൂതിക്കും തമ്മിലുണ്ട്. പക്ഷേ, ആനയുടെ നിഴൽ ഒരിക്കലും ആടിന്റെയോ ചെടിയുടെയോ നിഴലാവാതെ ആനയെ മാത്രം സൂചിപ്പിച്ചു കൊണ്ടിരിക്കുന്നതുപോലെ മിസ്റ്റിക് കവിയുടെ സിംബലുകൾ ഐശ്വര്യാനുഭൂതിയെ തന്നെ വെളിപ്പെടുത്തുന്നു.

ജീവിതത്തേയും ഈശ്വരനേയും ഒരുപോലെ സ്നേഹിക്കുവാനും ടാഗോറിന് സാധിച്ചു. മറ്റ് മിസ്റ്റിക്കുകൾക്കില്ലാത്ത ഹൃദയദ്രവീകരണശക്തി ടാഗോറിന്റെ സാദൃശ്യകല്പനകൾക്കുണ്ട്. ഗീതാഞ്ജലിയിലെ പതിനൊന്നാം പാട്ടിൽ അമ്പലത്തിൽ കപടധ്യാനത്തിലിരിക്കുന്ന ഭക്തന് സർവേശ്വരന്റെ വാസസ്ഥാനമായ ദു:ഖിതന്റേയും കർമനിരതന്റേയും സ്വേദകണവും കീറത്തുണിയും ചൂണ്ടിക്കാണിച്ചുകൊടുക്കുന്നു.

ടാഗോറിന്റെ വരികൾ.......

ഭജനം പൂജനംആരാധനയും
സാധനയും ഹേ നിർത്തുക സാധോ
നിജദേവാലയ മൂലയിലെന്തിനിരിക്കുന്നു
നീ രുദ്ധ കവാടം?
നിഭൃതമിരുട്ടിൽ നിഗൂഢമിരുന്നു
നീ ധ്യാനിക്കും ദൈവമതെവിടെ ?
നില കൊൾവീല ! നിമീലിത
ലോചനമൊന്നു തുറക്കൂനന്നായ് നോക്കു
കരിനിലമുഴുമാകർഷകരോടും
വർഷം മുഴുവൻ വഴി നന്നാക്കാൻ
പെരിയ കരിങ്കൽ പാറ നുറുക്കി
നുറുക്കിയൊരുക്കും പണിയാളരോടും
എരിവെയിലത്തും പെരുമഴയത്തും
ചേർന്നമരുന്നൂ ദൈവം.

മിസ്റ്റിസിസത്തിന് ജീവിതബന്ധമില്ലെന്ന ആക്ഷേപത്തിനുള്ള ശക്തമായ മറുപടിയാണീ വരികൾ.

ദൈവത്തെ കാണാൻ ദേവാലയത്തിന്റെ ഇരുണ്ട കോണിൽ വാതിലടച്ചിരുന്ന് പൂജ ചെയ്യുകയല്ല വേണ്ടത്. ദൈവം ചൂടിലും മഴയിലും അഴുക്കുവസ്ത്രങ്ങളുലിലും പാടത്തുംപറമ്പത്തും പണിയെടുക്കുന്നവന്റെ കൂടെയാണുള്ളത്. പാതയിൽ കല്ലു കൊത്തുന്നവന്റെ കൂടെയാണുള്ളത്. കഴിഞ്ഞ ശതാബ്ദത്തിൽ മിസ്റ്റിസിസത്തിന്റെ അക്ഷയമായ ദിവ്യവസന്തം നാം ദർശിച്ചത് ടാഗോറിലാണ്. മിസ്റ്റിസിസത്തിന് ഉത്ഥാനം, ശുദ്ധീകരണം, പ്രബോധനം, ആത്മസമർപ്പണം, ആത്മൈക്യം എന്നിങ്ങനെ അഞ്ചു ഘട്ടങ്ങളുണ്ട്. ടാഗോറിന്റെ കൃതികളിൽ ഈ അഞ്ചു ഘട്ടങ്ങളും വ്യക്തമായി കാണാൻ സാധിക്കും.

ഗീതാഞ്ജലിയിലെ ഇരുപതാം ഗീതത്തിൽ പൂക്കൂടയൊഴിഞ്ഞ യുവതി ഒരു സ്വപ്നത്തിൽ നിന്ന് ഞെട്ടിയെഴുന്നേറ്റപ്പോൾ തെക്കൻ കാറ്റിൽ ഒരു വിചിത്രമായ സൗരഭ്യത്തിന്റെ മധുരം അനുഭവിച്ചു. ഏതു മനുഷ്യനിലും രൂപപ്പെടാവുന്ന ഐശ്വര്യപ്രേമത്തിന്റെ ആദ്യസ്ഫുരണമാണിത്. ശുദ്ധീകരണം എന്ന ഘട്ടത്തിന് നിദർശനം ഗീതാഞ്ജലിയിലെ നാലാം ഗീതമാണ്. എന്റെ ജീവന്റെ ജീവിതം നിന്റെ സജീവമായ സ്പർശം എന്റെ എല്ലാ അവയവങ്ങളിലും ഉണ്ടെന്ന് മനസ്സിലാക്കി ഞാൻ എന്റെ ശരീരം പരിശുദ്ധമാക്കി വെച്ചു കൊള്ളാം എന്ന വരികൾ ഉദാത്ത ഗാംഭീര്യം നിറഞ്ഞതാണ്.

മിസ്റ്റിക് കവികളുടെ ഏറ്റവും പുളകപ്രദങ്ങളായ ഗാനങ്ങൾ പ്രബോധനം എന്ന ഘട്ടത്തെ സൂചിപ്പിക്കുന്നതാണ്. പ്രകാശഗീതം എന്ന അമ്പത്തിയേഴാം പാട്ടിൽ പ്രബോധനാവസ്ഥ കാണാം.

വെളിച്ചം എന്റെ വെളിച്ചം ലോകം
നിറയുന്ന പ്രകാശം, കണ്ണുകളെ
ചുംബിക്കുന്ന വെളിച്ചം ഹൃദയം
മധുരമുള്ള വെളിച്ചം
വെളിച്ചം നൃത്തം ചെയ്യുന്നു എന്റെ
പ്രിയേ എന്റെ ജീവിതത്തിന്റെ
കേന്ദ്രത്തിൽ വെളിച്ചം അടിക്കുന്നു
എന്റെ പ്രിയേ എന്റെ സ്നേഹത്തിന്റെ
സ്വരങ്ങൾ; ആകാശം തുറക്കുന്നു കാറ്റ്
വന്യമായി ഓടുന്നു ചിരിഭൂമിയിലൂടെ
കടന്നു പോകുന്നു.

അഹോ എന്റെ പ്രിയനേ എന്റെ ഹൃദയത്തിന്റെ കേന്ദ്രത്തിൽ നിന്ന് ആ വെളിച്ചം നൃത്തമാടുന്നു. എന്റെ പ്രിയനേ എന്റെ പ്രേമത്തിന്റെ തന്ത്രികളെ ആ വെളിച്ചം മീട്ടുന്നു തുടങ്ങിയ വരികൾ ഈ അവസ്ഥയെ സൂചിപ്പിക്കുന്നതാണ്.

മിക്ക മിസ്റ്റിക് കവികളും ഈ അവസ്ഥയ്ക്കപ്പുറം പോകാറില്ല. പക്ഷേ ടാഗോർ അതിനപ്പുറവും കടന്ന് പൂർണമായും ആത്മാവിനെ ലൗകികബന്ധമുക്തമാക്കി ഈശ്വരന് അടിയറവുവെയ്ക്കുന്നു. തൊണ്ണൂറ്റിയാറാമത്തെ ശ്ലോകം ഇതിന് തെളിവാണ്.

ഞാൻ ഇവിടെ നിന്ന് പോകുമ്പോൾ ഇത്
എന്റെ വേർപിരിയൽ വാക്ക്
ആയിരിക്കട്ടെ, ഞാൻ കണ്ടത്
അതിരു കടന്നതാണ്
അനന്തമായ രൂപങ്ങളുടെ ഈ
കളിക്കൂട്ടിൽ എനിക്ക് എന്റെ കളി
ഉണ്ടായിരുന്നു. ഇവിടെ ഞാൻ അവനെ
കണ്ടു, രൂപമില്ലാത്തവനെ
സ്പർശനത്തിന് അതീതനായ അവന്റെ
സ്പർശനത്താൽ എന്റെ ശരീരവും
കൈകാലുകളും പുളകം കൊള്ളുന്നു
അവസാനം ഇവിടെ വന്നാൽ, അത് വരട്ടെ
ഇത് എന്റെ വേർപിരിയൽ വാക്ക്
ആയിരിക്കട്ടെ

ഞാൻ ഇവിടെ നിന്ന് വിട്ടുപോകുമ്പോൾ ഇതാകട്ടെ എന്റെ അന്തിമവചനം. ഞാൻ കണ്ടത് നിരതിശയമാകുന്നു. അനന്തമായ രൂപങ്ങളുടെ ഈ വിനോദശാലയിൽ ഞാൻ കളിക്കുകയും അരൂപനായവനെ ഒരു നോക്ക് എനിക്ക് കാണാൻ കഴിയുകയും ചെയ്തു. സ്പർശാതീതമായ അവന്റെ സ്പർശം കൊണ്ട് എന്റെ ശരീരം മുഴുവനും അവയവങ്ങളും പുളകിതമായിരിക്കുന്നു. അവസാനം ഇപ്പോൾ വരുമെങ്കിൽ വരട്ടെ. ആത്മാവിനെ ലൗകികബന്ധത്തിൽ നിന്ന് മുക്തമാക്കി ഈശ്വരന് അടിയറവുവെയ്ക്കുന്നതിന് തെളിവാണീ വരികൾ.

പ്രേമസംബന്ധമായ സിംബലുകൾക്കുപുറമേ വേറെ രണ്ടുതരം സിംബലുകൾ കൂടി ടാഗോർ കവിതകളിലുണ്ട്. ഒന്ന് ഈശ്വരസാക്ഷാത്കാരത്തെ യാത്രയായും മറ്റൊന്ന് ആന്തരപരിവർത്തനമായും കാണുന്നു. പ്രവർത്തിക്കുന്നവന്റെ വിയർപ്പുനീരാണ്, സർവേശ്വരന്റെ നികേതനം തുടങ്ങിയ ടാഗോറിന്റെ സിംബലുകൾ മിസ്റ്റിക് സാഹിത്യത്തിന് ലഭിച്ച മനോഹരമായ കല്പനാസമ്പത്തുകളാണ്.

മിസ്റ്റിസിസത്തിന്റെ വിവിധ ഘട്ടങ്ങൾ പ്രതിഫലിപ്പിക്കുന്ന മനോഹരമായ കൃതിയാണ് ഗീതാഞ്ജലി. ഈ കൃതിയുടെ രചനയിലൂടെ രബീന്ദ്രനാഥടാഗോറും ലോകത്തിലെ മിസ്റ്റിക് കവികളുടെ സമൂഹത്തിൽ ഇടം നേടിയിരിക്കുന്നു.

## അവലോകനം

മലയാള നിരൂപണരംഗത്തും പ്രഭാഷണരംഗത്തും തന്റേതായ നിലപാടുകൾ കൊണ്ട് വ്യക്തിമുദ്രപതിപ്പിച്ചയാളാണ് സുകുമാർ അഴീക്കോട്. ഖണ്ഡനവിമർശനമാണ് വിമർശനം എന്ന അഴീക്കോടിന്റെ വാദം സാഹിത്യനിരൂപണരംഗത്ത് ഏറെ വിവാദങ്ങൾക്ക് കാരണമായി. സുകുമാർ അഴീക്കോടിന്റെ ടാഗോറിന്റെ മിസ്റ്റിസിസം എന്ന ലേഖനത്തിൽ രബീന്ദ്രനാഥടാഗോറിന്റെ ഗീതാഞ്ജലി എന്ന കൃതിയെ അടിസ്ഥാനമാക്കി അദ്ദേഹത്തിന്റെ കൃതികളിലെ മിസ്റ്റിക് സ്വഭാവം കണ്ടെത്താൻ ശ്രമിക്കുകയാണ് ചെയ്യുന്നത്.

ഇരുപതാം നൂറ്റാണ്ടിൽ ലോകത്തിലുണ്ടായ ഏറ്റവും മഹാനായ മിസ്റ്റിക് കവിയായും ടാഗോറിനെ അഴിക്കോട് കാണുന്നു. ടാഗോർ സാഹിത്യത്തിന്റെ അസാധാരണത്വം മിസ്റ്റിസിസം എന്നറിയപ്പെടുന്ന ആത്മീയ പ്രഭാവത്തെ ആശ്രയിച്ചിരിക്കുന്നു. കലയ്ക്കും വിജ്ഞാനത്തിനുമായി സമർപ്പിതമായ, എല്ലാ മാനുഷികാനുഭവങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടിരുന്ന ടാഗോർ എന്ന പ്രതിഭയുടെ അസാധാരണയെ അന്വേഷിക്കുവാൻ അഴീക്കോടിന് സാധിച്ചിട്ടുണ്ട്.

കഴിഞ്ഞ ശതാബ്ദത്തിൽ മിസ്റ്റിസിസത്തിന്റെ അക്ഷയമായ ദിവ്യവസന്തം നാം ദർശിച്ചത് ടാഗോറിലാണ്. മിസ്റ്റിസിസത്തിന് ഉത്ഥാനം, ശുദ്ധീകരണം, പ്രബോധനം, ആത്മസമർപ്പണം, ആത്മൈക്യം എന്നിങ്ങനെ അഞ്ചു ഘട്ടങ്ങളുണ്ട്.

ടാഗോറിന്റെ കൃതികളിൽ ഈ അഞ്ചു ഘട്ടങ്ങളും വ്യക്തമായി കാണാൻ സാധിക്കും. ടാഗോറിന്റെ സാഹിത്യത്തിൽ പൊതുവെ കാണുന്ന ഗാംഭിര്യം അദ്ദേഹത്തിന്റെ അഗാധമായ തത്വചിന്തയിൽ നിന്നും ആത്മബോധത്തിൽ നിന്നും വന്നതാകുന്നു. ഒരു യഥാർത്ഥകവി ഒരു തത്വജ്ഞാനി കൂടി ആയിരിക്കുമെന്നതിനു ടാഗോർ കവിത ഉദാഹരണമാണ്. ജീവിത നിരൂപണത്തിൽ സൂക്ഷ്മദർശിയായ ഒരു താത്വികനാണ് ടാഗോർ. നാം ക്ഷണികമെന്ന് ഭ്രമിച്ച് ഭയപ്പെടുന്ന ഈ ജീവിതം വാസ്തവത്തിൽ നിത്യതയുടെയും പൂർണ്ണതയുടെയും ഒരു പ്രതിഫലനമാ

ണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. മിസ്റ്റിസിസം പോലെയുള്ള അതിസൂക്ഷ്മമായ ആത്മീയ വിചാരവും അതിനെ ഭംഗ്യന്തരേണ പ്രകാശനം ചെയ്യുന്ന സിംബോളിസം എന്നു പറയുന്ന ഒരു തരം അർത്ഥാലങ്കാര ധ്വനിരൂപങ്ങളും ആണ് ടാഗോർ കവിതയുടെ ജീവനാഡിയായ് നിലകൊള്ളുന്നത്. ടാഗോർ കവിതയെന്നു പറയുന്നത് വെറും വാഗർത്ഥങ്ങളുടെ ഒരു യോജനയല്ല ചിന്താഭാസുരമായ ഭാവനാലോകത്തിൽ ഇരുന്ന് അദൃശ്യനായ ഈശ്വരന്റെ പാദപത്മങ്ങളിൽ കവി ചെയ്യുന്ന ആത്മാരാധനയുടെ വാഗ്രൂപമാകുന്നു അത്.

## Recap

- വൈക്കം മുഹമ്മദ് ബഷീർ സുകുമാർ അഴീക്കോടിന്റെ പ്രഭാഷണത്തെ സാഗരഗർജനം എന്നാണ് വിശേഷിപ്പിച്ചത്
- മലയാളസാഹിത്യത്തിലെ കാല്പനികയുടെ കൊടിയിറക്കത്തിന്റെ സൂചനകളായ കൃതികൾ
- ഖണ്ഡനവിമർശനമാണ് വിമർശനം എന്നായിരുന്നു അഴീക്കോടിന്റെ വാദം
- മഹാത്മാവിന്റെ മാർഗം എന്ന കൃതിയിൽ ഗാന്ധിയൻ തത്വങ്ങളെ ആവിഷ്കരിക്കുന്നു.
- ഗുരുവിന്റെ ദുഃഖം എന്ന കൃതിയിൽ ശ്രീനാരായണദർശനങ്ങളുടെ സമകാലികപ്രസക്തിയെക്കുറിച്ച് ചർച്ച ചെയ്യുന്നു.
- ഗീതാഞ്ജലിക്ക് സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു
- ഇന്ത്യയുടെ ദേശീയഗാനമായ ജനഗണമന എഴുതിയത് രബീന്ദ്രനാഥ ടാഗോറാണ്
- മിസ്റ്റിസിസം എന്ന പദം ഞാൻ മറയ്ക്കുന്നു എന്നർഥമുള്ള ഗ്രീക്ക് പദത്തിൽ നിന്നാണ് ഉണ്ടായത്.
- ദൈവികതയുടെ വ്യക്തിപരമായ അനുഭവമാണ് മിസ്റ്റിസിസം
- ജി. ശങ്കരക്കുറുപ്പിന്റെ കവിതകളിൽ മിസ്റ്റിസിസം ദർശിക്കാം
- മിസ്റ്റിക് കവികളുടെ ഏറ്റവും പുളകപ്രദങ്ങളായ ഗാനങ്ങൾ പ്രബോധനം എന്ന ഘട്ടത്തെ സൂചിപ്പിക്കുന്നതാണ്
- മിസ്റ്റിസിസത്തിന്റെ വിവിധ ഘട്ടങ്ങൾ പ്രതിഫലിപ്പിക്കുന്ന മനോഹരമായ കൃതിയാണ് ഗീതാഞ്ജലി
- മിസ്റ്റിസിസത്തിന് ഉത്ഥാനം, ശുദ്ധീകരണം, പ്രബോധനം, ആത്മസമർപ്പണം, ആത്മൈക്യം എന്നിങ്ങനെ അഞ്ചുഘട്ടങ്ങളുണ്ട്.
- ടാഗോർ സാഹിത്യത്തിന്റെ അസാധരണത്വം മിസ്റ്റിസിസം എന്നറിയപ്പെടുന്ന ആത്മീയ പ്രഭാവത്തെ ആശ്രയിച്ചിരിക്കുന്നു
- ശുദ്ധീകരണം എന്ന ഘട്ടത്തിന് നിദർശനം ഗീതാഞ്ജലിയിലെ നാലാം ഗീതമാണ്.

## Objective Questions

1. മിസ്റ്റിസിസത്തിന്റെ ജീവിതബന്ധത്തെ ഉദാഹരിക്കുന്ന ഗീതാഞ്ജലിയിലെ ഗീതം ഏതാണ്?
2. ഖണ്ഡന വിമർശനമാണ് വിമർശനം എന്ന് വാദിച്ച നിരൂപകൻ?
3. സുകുമാർ അഴീക്കോടിന്റെ പ്രഭാഷണത്തെ സാഗരഗർജനം എന്ന് വിശേഷിപ്പിച്ചതാര്?
4. ചങ്ങമ്പുഴയെക്കുറിച്ച് സുകുമാർ അഴീക്കോട് എഴുതിയ വിമർശനഗ്രന്ഥം?
5. മഹാത്മാവിന്റെ മാർഗം എന്ന കൃതി രചിച്ചത്?
6. ഗാന്ധിയൻ തത്വങ്ങളെ ആവിഷ്കരിക്കുന്ന സുകുമാർ അഴിക്കോടിന്റെ കൃതി ഏത്?
7. ടാഗോർ സാഹിത്യത്തിന്റ അസാധാരണത്വം എന്തിനെ ആശ്രയിച്ചിരിക്കുന്നു?
8. ഗീതാഞ്ജലിയിൽ പ്രതിഫലിക്കുന്ന ഭാവം ഏത്?
9. മിസ്റ്റിക് കവി എന്നറിയപ്പെടുന്ന മലയാള കവി ആരാണ്?
10. സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ച ടാഗോറിന്റെ കൃതി?
11. ഇന്ത്യയുടെ ദേശീയ ഗാനം എഴുതിയതാര്?

## Answers

1. ഗീതാഞ്ജലിയിലെ പതിനൊന്നാം പാട്ട്
2. സുകുമാർ അഴീക്കോട്
3. വൈക്കം മുഹമ്മദ് ബഷീർ
4. രമണനും മലയാളകവിതയും
5. സുകുമാർ അഴീക്കോട്
6. മഹാത്മാവിന്റെ മാർഗം
7. മിസ്റ്റിസിസം
8. മിസ്റ്റിസിസം
9. ജി. ശങ്കരക്കുറുപ്പ്
10. ഗീതാഞ്ജലി
11. രവീന്ദ്രനാഥ ടാഗോർ

## Assignments

1. മറ്റ് മിസ്റ്റിക് കവികളിൽ നിന്ന് ടാഗോറിനെ വ്യത്യസ്തനാക്കുന്നതെന്താണെന്ന് വിശദീകരിക്കുക.
2. മിസ്റ്റിസിസത്തിന്റെ അഞ്ചുഘട്ടങ്ങൾ ഏതെല്ലാം എന്ന് വിവരിക്കുക.
3. ടാഗോറിന്റെ കൃതികളിലെ സിംബലുകളുടെ പ്രത്യേകതകളെന്തെല്ലാമാണെന്ന് വിലയിരുത്തുക.
4. മിസ്റ്റിസിസത്തിന് സാഹിത്യത്തിലുള്ള സ്ഥാനം എന്താണെന്ന് വിവരിക്കുക.

## Reference


1. സുകുമാർ അഴീക്കോട്, മലയാള സാഹിത്യവിമർശനം, ഡി.സി. ബുക്സ്, കോട്ടയം.
2. എരുമേലി പരമേശ്വരൻപിള്ള, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം.
3. പി.കെ. പരമേശ്വരൻ നായർ, മലയാള സാഹിത്യചരിത്രം, സാഹിത്യ അക്കാദമി ന്യൂഡൽഹി.
4. സുകുമാർ അഴീക്കോട്, വിശ്വസാഹിത്യപഠനങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം.

BLOCK - 03

# ആധുനിക വിമർശനം

# യൂണിറ്റ് - 1
# മരണത്തിന്റെ സൗന്ദര്യം

**കെ.പി. അപ്പൻ**

## Learning Outcomes

- ആധുനിക വിമർശനം എന്തെന്ന് മനസ്സിലാക്കുന്നു
- മലയാളകവിതയിലെ ആധുനിക വിമർശനങ്ങളെ പരിചയപ്പെടുന്നു
- കെ.പി. അപ്പനെക്കുറിച്ച് അറിയുന്നു
- ഇടപ്പള്ളിയുടെ ആത്മഹത്യയുടെ കാരണമന്വേഷിക്കുന്നു
- ഇടപ്പള്ളിക്കവിതകളിലെ മൃത്യുബോധം മനസ്സിലാക്കുന്നു

## Prerequisite

ആധുനിക വിമർശനം അഥവാ നവവിമർശനം 1930-കളോടെയാണ് അമേരിക്കയിൽ ആവിർഭവിച്ചത്. New Criticism എന്ന വാക്ക് ആദ്യം പ്രയോഗിച്ചത് ജോയൽ ഇ സ്പിൻ മാൻ എന്ന എഴുത്തുകാരനാണ്. 1941-ൽ പ്രസിദ്ധീകരിച്ച ജോൺ ക്രോവ് റാൻസമിന്റെ (John Crowe Ranosm) The New Criticism എന്ന ഗ്രന്ഥമാണ് നവവിമർശനത്തിന് ആധുനിക മാനം നൽകിയത്. ടി.എസ്. എലിയറ്റ് (T.S. Eliot), ഐ.എ. റിച്ചാർഡ്സ് (I.A. Richards) റാൻസം (Ranosm), അല്ലൻ ടേറ്റ് (Allen Tate), ആർ.പി. ബ്ലാക്ക് മൂർ (R.P. Black more), വില്യം കെ. വിംസെറ്റ് (William K wimsett), എഫ്.ആർ. ലീവിസ് (F.R. Leavis) തുടങ്ങിയവർ നവവിമർശന പ്രസ്ഥാനത്തിലെ പ്രമുഖരായ എഴുത്തുകാർ ആണ്. സാമ്പ്രദായിക കലാവിമർശന പദ്ധതികളെ എതിർത്തുകൊണ്ടാണ് ആധുനിക വിമർശനം രംഗത്ത് വരുന്നത്. കവിതയെ കവിതയായി കാണണം എന്ന എലിയട്ടിന്റെ ആശയം വിമർശകർ പ്രമാണമാക്കി. കാല, ദേശ, സാമൂഹിക ബന്ധങ്ങളിൽ നിന്ന് മുക്തമാണ് കവിത. പാഠ (Text) ത്തിലാണ് നിരൂപകർ ശ്രദ്ധിക്കേണ്ടത്. കൃതിയിലെ വാക്കുകൾക്കാണ് പ്രാധാന്യം. കവിതയുടെ ഗാഢമായ പാരായണം വഴി അതിൽ അന്തർഭവിച്ചിരിക്കുന്ന വിവിധ ഘടകങ്ങളുടെ പരസ്പര ബന്ധവും സന്നിഗ്ദ്ധമായ അർഥങ്ങളും മനസ്സിലാകും. സാഹിത്യകൃതി ഒരു ഭാഷാ ഘടനയാണെന്നും പ്രസ്താവിക്കുന്നു.

1970-നു ശേഷമാണ് മലയാളത്തിൽ നവവിമർശനം കടന്നു വന്നത്. സാഹിത്യകൃതികളിൽ അറുപതുകൾക്ക് ശേഷം ഉണ്ടായ ആധുനിക പ്രവണതകളുമായി ബന്ധപ്പെട്ടാണ് നവവിമർശനം വളർന്നത്. പാരമ്പര്യസിദ്ധമായ എല്ലാ കാവ്യസിദ്ധാന്തങ്ങളെയും നിരാകരിച്ചു കൊണ്ട് അസ്തിത്വവാദം, മൂല്യനിഷേധം, മൃത്യുബോധം, അന്യവൽക്കരണം, ഘടനാവാദം തുടങ്ങിയ നവീനാശയങ്ങൾ സാഹിത്യകൃതികളിൽ കണ്ടെത്തി. ഭാഷയെ ലളിതയുക്തിയിൽ നിന്ന് സങ്കീർണവും ദുർഗ്രഹവും ആക്കി തീർക്കുന്നതിൽ അത് ശ്രദ്ധവെച്ചു. നിഷേധാത്മകതയായിരുന്നു ഏറ്റവും വലിയ പ്രത്യേകത. വിമർശനത്തിൽ പുതിയ സംവേദനത്വം പ്രദാനം ചെയ്തു. വിമർശനം സർഗാത്മക തലത്തിലേക്കുയർത്തപ്പെട്ടു. മലയാള സാഹിത്യം സൗന്ദ

ര്യ ശാസ്ത്രപരമായ പ്രതിസന്ധി നേരിട്ടപ്പോഴാണ് അറുപത് എഴുപതുകളിലായി ആധുനിക വിമർശനത്തിന്റെ പിറവി. മാറുന്ന കാലഘട്ടത്തിന്റെ സൗന്ദര്യാഭിരുചി ഉൾക്കൊണ്ടുകൊണ്ട് പുതിയ എഴുത്തുകാരുടെ രചനകളിലെ ദുർഗ്രഹതയും സങ്കീർണതകളും വിശദീകരിച്ചു കൊണ്ട്, അവയെ ആഴത്തിൽ തൊട്ടറിഞ്ഞ് ആധുനിക വിമർശനം ശക്തിപ്പെട്ടു. കെ.പി. അപ്പൻ, വി. രാജകൃഷ്ണൻ, ആഷാമേനോൻ, നരേന്ദ്രപ്രസാദ്, എം. തോമസ് മാത്യു തുടങ്ങിയവരാണ് ഇക്കൂട്ടത്തിൽ പെടുന്നത്. പുതിയ എഴുത്തുകാർ മനുഷ്യാസ്തിത്വത്തിന്റെ പ്രശ്നങ്ങളും മനുഷ്യാവസ്ഥയെപ്പറ്റിയുള്ള ഉത്കണ്ഠതകളും അന്യതാബോധവും ഏകാന്തതയും ആത്മ ശൈഥില്യവും ആത്മവഞ്ചനയുമെല്ലാം തീർത്തും ഭിന്നമായ വാക്കുകളിലും ബിംബകല്പന ളിലും നിറച്ചു. പ്രധാനമായും അസ്തിത്വചിന്തയാണ് അവരെ വേട്ടയാടിയിരുന്നത്. ഇവയെ പാശ്ചാത്യ തത്വചിന്തയുമായി ബന്ധപ്പെടുത്തി പഠിക്കുക എന്ന ആയാസകരമായ പ്രവൃത്തി യിലാണ് നിരൂപകർ വ്യാപരിച്ചത്. കീർക്കഗാർഡ്, ഫ്രഡറിക് നീഷെ, ജീൻ പോൾ സാർത്ര് തുടങ്ങിയവരുടെ ചിന്തകളൊക്കെ അവർ അവലംബിച്ചു. പരമ്പരാഗതവും സങ്കുചിതവുമായ വീക്ഷണത്തിൽ നിന്നും സാഹിത്യത്തെ മോചിപ്പിച്ച് നിരവധി അർഥധ്വനികൾ സൃഷ്ടിക്കാൻ കഴിയുമെന്ന് അവർ തെളിയിച്ചു. അതു വഴി മലയാളികളുടെ സംവേദനശീലത്തെയും ആസ്വാദനരീതിയെയും അത് മാറ്റിമറിച്ചു. രാക്ഷസീയ ശക്തിയായി മാറിക്കഴിഞ്ഞ അധികാര സ്ഥാപനങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും മനുഷ്യ സ്വാതന്ത്ര്യത്തെ അപഹരിക്കുന്നതിനെതിരെയുള്ള കലാപവും വിലാപവും വേർതിരിച്ചറിയാൻ ആധുനിക വിമർശനത്തിന് കഴിയുന്നുണ്ട്. ആധുനിക സാഹിത്യം പോലെത്തന്നെ ആധുനിക നിരൂപണവും സുഗമമായ വായന നൽകുന്നില്ലെന്ന പരിമിതിയുമുണ്ട്. ആധുനിക സാഹിത്യ വിമർശകരിലെ പ്രധാനപ്പെട്ട നിരൂപകനാണ് കെ.പി. അപ്പൻ.

**കെ.പി. അപ്പൻ (1936 - 2008)**



അധ്യാപകൻ, വിമർശകൻ, പ്രഭാഷകൻ എന്നീ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച എഴുത്തുകാരനാണ് കെ.പി. അപ്പൻ. ആലപ്പുഴ ജില്ലയിൽ ജനനം. 'ക്ഷോഭിക്കുന്നവരുടെ സുവിശേഷം' എന്ന കൃതിയിലൂടെയാണ് മലയാള സാഹിത്യ നിരൂപണ രംഗത്ത് ശ്രദ്ധേയമായത്. മലയാളസാഹിത്യത്തിൽ ആയിരത്തിതൊള്ളായിരത്തി അറുപതുകളിൽ ആരംഭിച്ച ആധുനികതാപ്രസ്ഥാനത്തിന് ദിശാബോധം നൽകുകയും ഭാവുകത്വ പരിണാമത്തിന് സൈദ്ധാന്തിക ഭൂമിക ഒരുക്കുകയും ചെയ്ത നിരൂപകനാണ് കെ.പി. അപ്പൻ. സാഹിത്യകാരന്റെ സാമൂഹ്യ പ്രതിബദ്ധത, സ്വാതന്ത്ര്യ ബോധം എന്നിവയെക്കുറിച്ചാണ് അദ്ദേഹം നിരന്തരം പറഞ്ഞു കൊണ്ടിരുന്നത്. സാർത്രിന്റെയും കൊളിൻ വിൻസന്റെയും പാരമ്പര്യം ഏറ്റുവാങ്ങി വിമർശനം തുടങ്ങിയ അപ്പൻ ശുദ്ധലാവണ്യവാദത്തിന്റെയും ആശയവാദത്തിന്റെയും വീക്ഷണങ്ങൾക്ക് പുതുജീവൻ നൽകി. കഴിഞ്ഞ തലമുറയുടെ വിമർശനത്തിലുള്ള അതൃപ്തി, പുതിയതായി പലതും പകർത്താനുള്ള വെമ്പൽ, ആരാധിക്കപ്പെട്ടിരുന്ന വിഗ്രഹങ്ങൾ തകർക്കാനുള്ള രോഷം ഇവയൊക്കെ കെ.പി. അപ്പൻ എന്ന നിരൂപകനിൽ സമ്മേളിച്ചിരുന്നു. അക്കാദമിക് വിമർശനത്തിനെതിരെയുള്ള കലാപം തന്റെ ദൗത്യമായിത്തന്നെ അദ്ദേഹം കണ്ടിരുന്നു. പുതിയ കൃതികളിലെ ഭാഷാപരമായ നവജീവൻ വിമർശകർ ശ്രദ്ധിക്കേണ്ട സുപ്രധാന കാര്യങ്ങളിൽ ഒന്നായി അദ്ദേഹം എടുത്തു കാട്ടിയിട്ടുണ്ട്. വിമർശനം ഇന്ദ്രിയാനുഭൂതി പ്രധാനമായ കലാസൃഷ്ടിയാക്കുവാൻ അദ്ദേഹം ശ്രമിച്ചു. പാശ്ചാത്യ സാഹിത്യ മീമാംസയുമായുള്ള ഗാഢപരിചയം സ്വന്തം നിരീക്ഷണങ്ങൾക്ക് അടിത്തറ നൽകി.

"ഏകാകിയായ വിമർശകന്റെ സാഹിത്യ വീഥിയിലൂടെ അവസാനിക്കാത്ത അന്വേഷണത്തിന്റെ നൂതനമായ കണ്ടെത്തലാണ് നവീന വിമർശനം." (നവീന വിമർശനം മലയാളത്തിൽ). വിമർശനത്തെ അയാൾ ആത്മാവിഷ്ക്കാര കലയാക്കുന്നു. അയാൾ വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ പ്രസ്ഥാനത്തിന്റെയോ അടിമയായിരിക്കില്ല. കൃതികളുടെ വിശദീകരണമാണ് (explication) വിമർശകന്റെ ഒന്നാമത്തെ കർത്തവ്യമെന്ന് ന്യൂക്രിട്ടിക്കുകളെപ്പോലെ നവീന വിമർശകരും വിശ്വസിക്കുന്നു. ആധുനിക മനുഷ്യനെ പിടികൂടിയിരിക്കുന്ന ഏകാന്തത, സ്വാതന്ത്ര്യബോധം, നിസ്സംഗത തുടങ്ങിയ പ്രശ്നസങ്കീർണതകളെ വ്യാഖ്യാനിക്കുവാനും നവവിമർശകർ ശ്രമിച്ചു. ഈ പറഞ്ഞ ലക്ഷണങ്ങളെല്ലാം കെ.പി. അപ്പന്റെ നിരൂപണത്തിൽ ഒത്തുചേർന്നിരിക്കുന്നു. തന്റെ സൗന്ദര്യാത്മക ദർശനം കൊണ്ട് എഴുത്തുകാരന്റെ ആത്മാവിലേക്ക് പ്രവേശിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളോട് ആഭിമുഖ്യം പുലർത്തിയിരുന്നു. അപ്പന്റെ ഗദ്യശൈലി രൂപപ്പെടുത്തുന്നതിൽ ബൈബിളിന് വലിയ സ്ഥാനമുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

**പ്രധാനകൃതികൾ**

ക്ഷോഭിക്കുന്നവരുടെ സുവിശേഷം, തിരസ്കാരം, കലഹവും വിശ്വാസവും, മാറുന്ന മലയാള നോവൽ, മലയാള ഭാവന; മൂല്യങ്ങളും സംഘർഷങ്ങളും, വരകളും വർണ്ണങ്ങളും, ബൈബിൾ വെളിച്ചത്തിന്റെ കവചം, കലാപം വിവാദം വിലയിരുത്തൽ, സമയ പ്രവാഹവും സാഹിത്യ കലയും, കഥ: ആഖ്യാനവും അനുഭവസത്തയും, ഉത്തരാധുനികത വർത്തമാനവും വംശാവലിയും, ഇന്നലെകളിലെ അന്വേഷണ പരിശോധനകൾ, വിവേകശാലിയായ വായനക്കാരാ, രോഗവും സാഹിത്യ ഭാവനയും, മധുരം നിന്റെ ജീവിതം, അഭിമുഖ സംഭാഷണങ്ങൾ, ചരിത്രത്തെ നിങ്ങൾക്കൊപ്പം കൂട്ടുക, പേനയുടെ സമരമുഖങ്ങൾ തുടങ്ങിയവ.

## Keywords

കാല്പനികവാദിയായ അന്യൻ - ആത്മപീഢന രതി - മരണാഭിമുഖ്യം - അന്യലോകം - മൃത്യുബോധം - കാലസങ്കല്പം

## Discussion

മലയാളസാഹിത്യ വിമർശനരംഗത്ത് നിലനിന്നിരുന്ന അഭിരുചികളെ തിരസ്കരിച്ചുകൊണ്ട് ആധുനികതയുടെ വക്താവായി രംഗത്തുവന്ന വിമർശകനാണ് കെ.പി.അപ്പൻ. അദ്ദേഹത്തിന്റെ 'തിരസ്കാരം' എന്ന ഗ്രന്ഥത്തിൽ നിന്നെടുത്ത ലേഖനമാണ് 'മരണത്തിന്റെ സൗന്ദര്യം'. കാല്പനിക കവിയായ ഇടപ്പള്ളി രാഘവൻപിള്ളയുടെ ആത്മഹത്യയ്ക്ക് പിന്നിലെ പ്രേരകഘടകം എന്തായിരുന്നുവെന്ന അന്വേഷണമാണ് ലേഖനത്തിന് ആധാരമായിട്ടുള്ളത്. ആത്മഹത്യയെ ഒരു ദാർശനികപ്രശ്നമായി പരിഗണിക്കുന്ന കെ.പി. അപ്പന്റെ ലേഖനം ഏറെ പുതുമനിറഞ്ഞതാണ്. ഇടപ്പള്ളി രാഘവൻപിള്ളയുടെ ആത്മഹത്യയ്ക്ക് പിന്നിലെ പ്രേരകഘടകം പ്രണയനൈരാശ്യമായിരുന്നു എന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടത്. എന്നാൽ ഇടപ്പള്ളിക്ക് പ്രണയനൈരാശ്യം ഇല്ലായിരുന്നുവെങ്കിലും അദ്ദേഹം ആത്മഹത്യ ചെയ്യുമായിരുന്നുവെന്ന വാദം കെ.പി. അപ്പൻ

മുന്നോട്ടുവയ്ക്കുന്നു. സ്വയം കുത്തി മുറിവേൽപ്പിക്കുന്ന ചേതനയായിരുന്നു ഇടപ്പള്ളിയുടേത്.


ഇടപ്പള്ളി രാഘവൻപിള്ള

"മലയാളസാഹിത്യത്തിലെ ആദ്യത്തെ കാല്പനികവാദിയായ അന്യൻ (Romantic outsider)" എന്നാണ് ഇടപ്പള്ളിയെ കെ.പി അപ്പൻ വിശേഷിപ്പിച്ചത്. ഇടപ്പള്ളി ആത്മപീഡനരതിക്കാരൻ ആയിരുന്നു. ഇടപ്പള്ളിക്ക് മരണത്തോട് സ്വാഭാവികമായ ആഭിമുഖ്യമുണ്ടായിരുന്നു. കവിതകളിലൂടെ അത് ശക്തമായി സൂചിപ്പിച്ചു. ഈ മരണാഭിമുഖ്യം കവിതയിലൂടെ ആവിഷ്കരിക്കുക മാത്രമല്ല, ആത്മഹത്യചെയ്തുകൊണ്ട് ജീവിതത്തിലേക്കു കൂടി പകർത്തിക്കാണിച്ചു. മനുഷ്യൻ എന്നും ദുഃഖത്തിന്റെ ചങ്ങലകളിലാണെന്നും അതിൽ നിന്നുള്ള രക്ഷപ്പെടലാണ് മരണമെന്നും അദ്ദേഹം വിശ്വസിച്ചു. ഇടപ്പള്ളി അടിസ്ഥാനപരമായി മൃത്യുബോധത്തിന്റെ കവി ആയിരുന്നു. സ്വപ്നജീവിയായ ഒരാൾക്കുണ്ടാവുന്ന അയഥാർഥത്തെക്കുറിച്ചുള്ള ബോധമാണ് കാല്പനിക വാദിയായ അന്യനെ സൃഷ്ടിക്കുന്നത്. കാല്പനികവാദിയായ അന്യന് (outsider) ജീവിതം ഒരന്യരാജ്യം ആണ്. ആ ദേശത്തിൽനിന്നുള്ള രക്ഷപ്പെടലായിരുന്നു ആത്മഹത്യ. ഈ ലോകം എന്ന അന്യലോകത്തെക്കുറിച്ച് അയാൾ പരാതിപ്പെട്ടുകൊണ്ടേയിരിക്കും. നിരന്തരം നേരിടേണ്ടി വന്ന അഭിലാഷ ഭംഗം കണ്ട് മരണം വരെ ഇത് അനുഭവിക്കേണ്ടി വരുമെന്ന ഭയം ഇടപ്പള്ളിക്കുണ്ടായിരുന്നു. മരണം ഇനിയും അകലെയാണെന്നുള്ള അക്ഷമ പ്രകടിപ്പിച്ചു. കവി ആത്മഹത്യയിലൂടെ മരണവും ജീവിതവും തമ്മിലുള്ള അകലം ഇല്ലാതാക്കുകയാണ് ചെയ്തത്.

ഇടപ്പള്ളി കാലത്തിന്റെ സംഹാരശക്തിയെ ഭീതിയോടെയാണ് നോക്കിക്കണ്ടിരുന്നത്. മലയാളത്തിൽ അതിനു മുൻപ് ആരും ഇത്രയും ഭീതിയോടെ കാലത്തെ ഒരു സംഹരിക്കുന്ന ശക്തിയായി സങ്കല്പ്പിച്ചിട്ടില്ല. കാലത്തിന്റെ സംഹാരശക്തിയെ അവതരിപ്പിക്കുന്ന കവിതകളാണ് 'കാലം', 'ആശ' തുടങ്ങിയവ. കാലം എന്ന കവിതയിൽ കാലത്തെ സമുദ്രമായി സങ്കല്പ്പിക്കുന്നു. സംവത്സരങ്ങൾ കാലമെന്ന സമുദ്രത്തിലെ തിരമാലകളും. മനുഷ്യജീവിതം ഈ തിരമാലകളാൽ തട്ടിതകർക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ആശ എന്ന കവിതയിൽ സകല ആശകളെയും വിഴുങ്ങുന്ന കാളസർപ്പമാണ് കാലം. കാല്പനികവാദിയായ അന്യൻ കാലമാകുന്ന നീരാളിപ്പിടിയിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി കൂടിയായിരിക്കണം ആത്മഹത്യ ചെയ്തത്. കാല്പനികവാദിയായ അന്യൻ സമൂഹത്തിന്റെ സങ്കീർണതകളിൽ നിന്ന് അറിയാതെ തന്നെ ഭ്രഷ്ടനാകുന്നു. ഇവിടെ ആത്മഹത്യ തത്വചിന്താപരമായ പ്രശ്നം ആകുകയാണ്. കാൽപനികവാദിയായ കവി സ്വയം നാടുകടത്തപ്പെട്ടവനാണ്. ആൾക്കൂട്ടത്തിന്റെ നടുവിലും അയാൾ ഏകാകിയാണ്. ആൾക്കൂട്ടത്തിനിടയിലും ഏകാകിയായ ഇടപ്പള്ളി പൂർണമായും നാടുകടത്തപ്പെട്ടവനായിരുന്നു. ഈ ലോകം തനിക്കെതിരായി ഗൂഢാലോചന നടത്തുകയാണെന്നദ്ദേഹം വിശ്വസിച്ചു. ആദ്യ കാല്പനികവാദിയായ റൂസ്സോ പറയുന്നത്. "ഞാൻ ഒറ്റയ്ക്കാണ് കൂടപ്പിറപ്പുകളില്ല, മിത്രങ്ങളില്ല, അയൽക്കാരില്ല, സമൂഹമില്ല". ഇത് തന്നെയാണ് ഇടപ്പള്ളിയും വിളിച്ചു പറഞ്ഞത്.മരണം ഇടപ്പള്ളിക്ക് ശത്രുലോകത്തുനിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗമായിരുന്നു.

ഇടപ്പള്ളിയുടെ ദർശനം അദ്ദേഹത്തിന്റെ മൃത്യുബോധവുമായി ബന്ധപ്പെട്ടിരിക്കുന്നതാണെന്ന് കെ.പി. അപ്പൻ വിശ്വസിക്കുന്നു. ഈ ഭൂമിയുടെ തിന്മയിൽ നിന്ന് രക്ഷപ്പെടാൻ അദ്ദേഹം മരണത്തിന്റെ സൗന്ദര്യത്തിൽ മുഴുകി. മരണത്തെയും സൗന്ദര്യത്തെയും കാല്പനികവാദികളായ കവികൾ രണ്ടായി കാണുന്നില്ല. ബോദ്‌ലേറും യൂഗോയും മരണവും സൗന്ദര്യവും സ്നേഹവതികളായ രണ്ട് സഹോദരികളാണെന്ന് പാടിയിട്ടുണ്ട്. അതേപോലെ മരണവും പ്രേമവും ഇടപ്പള്ളിക്ക് രണ്ടായിരുന്നില്ല. മരണത്തെ പ്രാപിക്കാനുള്ള അഭിലാഷം സൗന്ദര്യത്തെ പ്രാപിക്കാനുള്ള അഭിലാഷമായി. മരണത്തി

ന്റെ സൗന്ദര്യം ഇടപ്പള്ളിയെ ലഹരിപിടിപ്പിച്ചു. മരണത്തോട് ബന്ധപ്പെടുമ്പോൾ പ്രേമത്തിന് കൂടുതൽ സൗന്ദര്യം കിട്ടുന്നുവെന്ന് കവി വിശ്വസിച്ചു. "മമ പ്രണയ ലതിക തഴയ്ക്കുവാൻ/ മരണ ശാഖയിൽത്തന്നെ പടരണം'' എന്ന വരികളിൽ ഈ ആശയമുണ്ട്. ലോകത്തിലെ സുന്ദരസ്വപ്നങ്ങളെല്ലാം മരണത്തിൽ ചേർന്നിരിക്കുന്നുവെന്ന് അദ്ദേഹം കരുതി. ജീവിതത്തിന്റെ വ്യർത്ഥത മരണത്തെ സ്നേഹിക്കാൻ പഠിപ്പിച്ചു. ദുഃഖത്തിന്റെ കറുത്ത കനികൾ തിന്നു കഴിയുന്ന മനുഷ്യൻ മരണത്തിൽ എന്തുകൊണ്ട് വിശ്വസിക്കുന്നില്ല എന്ന് 'മരണം' എന്ന കവിതയിൽ ചോദിക്കുന്നു. മരണത്തിന്റെ സൗന്ദര്യം കവിയെ ലഹരി പിടിപ്പിച്ചു. ഈ ഉന്മാദലഹരിയാണ് മരണദിനത്തിന്റെ മണിമുഴക്കമായി കേട്ടത്. "മണിമുഴക്കം! മരണ ദിനത്തിന്റെ/ മണിമുഴക്കം മധുരം!- വരുന്നു ഞാൻ!'' എന്ന് എഴുതി. തനിക്ക് വേണ്ടിയാണ് മണി മുഴങ്ങുന്നതെന്ന് അദ്ദേഹം വിശ്വസിച്ചു. സൃഷ്ടിയിലൂടെ ഇടപ്പള്ളി നിരന്തരമായി അന്വേഷിച്ചത് മരണം എന്ന ശാശ്വതാനന്ദമായിരുന്നു. ജീവിതത്തെ ഗ്രന്ഥപാരായണമായി കണ്ട ഇടപ്പള്ളി ഈ ഗ്രന്ഥം പൂർണ്ണമായി വായിക്കാൻ ആഗ്രഹമില്ലെന്നു പ്രഖ്യാപിച്ചു. ഇടയ്ക്ക് വച്ച് വായന നിർത്താനുള്ള വ്യഗ്രത ആത്മഹത്യ ചെയ്യാനുള്ള ഇച്ഛ തന്നെയാണ് പ്രകടിപ്പിക്കുന്നത്. "ഓമനേ,വരുന്നു ഞാൻ, വായന നിർത്തട്ടെ'' എന്നദ്ദേഹം പാടി. 1936 ജൂലൈ നാലാം തീയതി ഇടപ്പള്ളി ആത്മഹത്യയിലൂടെ താൻ അന്വേഷിച്ച നിത്യാനന്ദം നേടിയെടുത്തു. ഒരു കാല്പനിക കവി ആത്മനിന്ദയിലൂടെ ക്രൂരമായ സംതൃപ്തി അനുഭവിക്കുകയും തീവ്രമായ ജീവിത വിഷാദത്തിന് അടിമയായിത്തീരുകയും ചെയ്താൽ എന്ത് സംഭവിക്കും എന്നുള്ളതിന് തെളിവാണ് ഇടപ്പള്ളിയുടെ ആത്മഹത്യയെന്ന് കെ.പി അപ്പൻ നിരീക്ഷിക്കുന്നു.

ദുഃഖിതനായിരുന്നതിൽ നിർവൃതി അനുഭവിക്കുകയും സ്വയം നിന്ദിക്കുന്നതിൽ സൗന്ദര്യം കണ്ടെത്തുകയും ചെയ്യുന്ന പ്രകൃതമായിരുന്നു ഇടപ്പള്ളിയുടേത്. ജീവിതം ജീവിക്കാൻ കൊള്ളുന്നതാണോ എന്ന് സ്വയം ചോദിച്ച ചോദ്യത്തിന് ഉത്തരമായിരുന്നു ആത്മഹത്യ. ഇടപ്പള്ളിക്കു വികാരങ്ങളായിരുന്നു വഴികാട്ടി. വികാരങ്ങളും സ്വാനുഭവങ്ങളും മാത്രമല്ല വാക്കുകളും അദ്ദേഹത്തിനു വഴികാട്ടിയായി. ജീവിതത്തെ ട്രാജഡിയാക്കാൻ കഴിയുമെന്ന് വാക്കുകൾ അദ്ദേഹത്തെ പഠിപ്പിച്ചു. ഈ നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട തത്വചിന്താപരമായ പ്രശ്നം ആത്മഹത്യയാണ് എന്ന കമ്യൂവിന്റെ പ്രഖ്യാപനം ഇടപ്പള്ളി സ്വന്തം ജീവിതംകൊണ്ടു തെളിയിക്കുകയായിരുന്നു. ആത്മഹത്യയെ തന്റെ സകല സൃഷ്ടികൾക്കുമുപരിയായി സ്നേഹിച്ച ഇടപ്പള്ളിയുടെ ആത്മഹത്യയെ തത്വചിന്താപരമായ പ്രശ്നം എന്ന നിലയിൽ തന്നെയാണ് കാണേണ്ടത്. കേവലം ഒരു പ്രേമനൈരാശ്യമായി അതിനെ കാണേണ്ടതില്ല. പ്രണയവഞ്ചനയെ കുറിച്ച് ഒരിക്കൽ പോലും സൂചിപ്പിക്കുന്നില്ല എന്നത് ഇത് ഉറപ്പിക്കുന്നു. മരണത്തോട് സ്വാഭാവികമായുണ്ടായ ആഭിമുഖ്യമായിരുന്നു. പ്രേമഭംഗം ഒരു നിമിത്തമായി തീർന്നിരിക്കാം. ഈ ജീവിതത്തിലുള്ള വിശ്വാസമില്ലായ്മയും കവിതയെ പൂർണമാക്കാൻ മരണം അനിവാര്യമാണെന്ന ചിന്തയും ആത്മഹത്യക്ക് കാരണമായി. സ്വയം പീഡാനുഭവം ഏറ്റുവാങ്ങുകയും പീഡാനുഭവങ്ങളിൽ നിന്ന് സൗന്ദര്യം സൃഷ്ടിക്കുകയും ചെയ്തു.

## അവലോകനം

ആധുനിക വിമർശകനായ കെ.പി. അപ്പന്റെ തിരസ്കാരം എന്ന കൃതിയിലെ നിരൂപണമാണ് മരണത്തിന്റെ സൗന്ദര്യം. കാല്പനിക കവിയായ ഇടപ്പള്ളി രാഘവൻപിള്ളയുടെ ആത്മഹത്യയെ ദാർശനിക ചിന്തയോടെ സമീപിക്കുകയാണ് ഈ ലേഖനത്തിൽ. ഇടപ്പള്ളിയുടെ മരണഹേതു പ്രണയനൈരാശ്യമാണെന്നാണ് പൊതുധാരണ. എന്നാൽ കെ.പി. അപ്പന്റെ നിരീക്ഷണത്തിൽ മരണത്തിന് കാരണമായി നിൽക്കുന്നത് മരണാഭിമുഖ്യമാണ്. കാല്പനികവാദിയായ അന്യൻ എന്നാണ് കെ.പി. അപ്പൻ ഇടപ്പള്ളിയെ വിശേഷിപ്പിച്ചത്.കാലം എന്ന സംഹാരശക്തിയും മനുഷ്യ ജീവിതത്തെ നശിപ്പിക്കുന്നുവെന്ന് കരുതിയ കവി കാലത്തെ കാളസർപ്പമായി വിഭാവനം ചെയ്തു കൊണ്ട് കവിതകളെഴുതി. ഏകാന്തതയിൽ ഒറ്റപ്പെട്ടു പോയ കാല്പനികൻ മരണമാണ് രക്ഷപ്പെടാനുള്ള വഴിയെന്ന് തിരിച്ചറിയുന്നു. മരണ

ത്തേയും സൗന്ദര്യത്തേയും വേറിട്ടു കാണാൻ കവിക്ക് കഴിയുന്നില്ല. വികാരങ്ങളും അനുഭവങ്ങളും വാക്കുകളും കവിക്ക് വഴികാട്ടിയാവുന്നു.ഈ നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട തത്വചിന്താപരമായ പ്രശ്നം ആത്മഹത്യയാണെന്ന് പ്രഖ്യാപിച്ച കമ്യൂവിനോടാണ് ഇടപ്പള്ളിക്ക് സാമ്യമെന്ന് കെ.പി. അപ്പൻ നിരീക്ഷിക്കുന്നു.

## Recap

- ആധുനിക വിമർശകനാണ് കെ.പി. അപ്പൻ
- ആത്മഹത്യയെ ഒരു ദാർശനിക പ്രശ്നമായി പരിഗണിക്കുന്ന ലേഖനമാണ് മരണത്തിന്റെ സൗന്ദര്യം
- ഇടപ്പള്ളി രാഘവൻപിള്ള മലയാള സാഹിത്യത്തിലെ ആദ്യത്തെ കാല്പനികവാദിയായ അന്യൻ
- ഇടപ്പള്ളി ആത്മപീഡനരതിക്കാരൻ ആണ്
- ഇടപ്പള്ളി മൃത്യുബോധത്തിന്റെ കവി
- കാലത്തിന്റെ സംഹാരശക്തിയെ അവതരിപ്പിക്കുന്ന കവിതകളാണ് കാലം, ആശ
- കാല്പനികവാദിയായ അന്യൻ സമൂഹത്തിൽ നിന്ന് ഭ്രഷ്ടനാകുന്നു
- ഭൂമിയുടെ തിന്മയിൽ നിന്ന് രക്ഷപ്പെടാൻ മരണത്തിന്റെ സൗന്ദര്യത്തിൽ മുഴുകുന്നു
- മരണത്തോട് ബന്ധപ്പെടുമ്പോൾ പ്രേമത്തിന് കൂടുതൽ സൗന്ദര്യം കിട്ടുന്നുവെന്ന് കവി വിശ്വസിച്ചു
- മരണത്തിന്റെ സൗന്ദര്യം കവിയെ ലഹരി പിടിപ്പിച്ചു
- ലോകത്തിലെ സുന്ദരസ്വപ്നങ്ങളെല്ലാം മരണത്തിൽ ചേർന്നിരിക്കുന്നു
- ജീവിതത്തെ ഗ്രന്ഥപാരായണമായി കണ്ടു കൊണ്ട് വായിച്ചു തീർക്കുവാൻ ആഗ്രഹമില്ലെന്ന് പ്രഖ്യാപിച്ചു
- വികാരങ്ങളും അനുഭവങ്ങളും വാക്കുകളും കവിയ്ക്ക് വഴികാട്ടിയായി
- കവിതയെ പൂർണമാക്കാൻ ആത്മഹത്യ അനിവാര്യമാണെന്ന് കവി വിശ്വസിച്ചു

## Objective Questions

1. ന്യൂക്രിട്ടിസിസം എന്ന വാക്ക് ആദ്യം പ്രയോഗിച്ചത് ആര്?
2. നവവിമർശനത്തിന് ആധുനിക മാനം നൽകിയ ജോൺ ക്രോവ് റാൻസമിന്റെ ഗ്രന്ഥമേത്?
3. ക്ഷോഭിക്കുന്നവരുടെ സുവിശേഷം ആരുടെ കൃതി?
4. മരണത്തിന്റെ സൗന്ദര്യം എന്ന ലേഖനം ഏതു കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ്?

5. മലയാള സാഹിത്യത്തിലെ ആദ്യത്തെ കാല്പനികവാദിയായ അന്യൻ എന്ന് കെ.പി അപ്പൻ വിശേഷിപ്പിച്ചതാരെ?
6. കാലത്തിന്റെ സംഹാരശക്തിയെ അവതരിപ്പിക്കുന്ന ഇടപ്പള്ളിയുടെ കവിതകൾ ഏതെല്ലാം?
7. കാലത്തെ സമുദ്രമായി സങ്കല്പിക്കുന്ന ഇടപ്പള്ളിയുടെ കവിതയേത്?
8. 'ഞാൻ ഒറ്റയ്ക്കാണ്, കൂടപ്പിറപ്പുകളില്ല, മിത്രങ്ങളില്ല, അയൽക്കാരില്ല, സമൂഹമില്ല' ഇങ്ങനെ അഭിപ്രായപ്പെട്ടതാര്?
9. 'മരണം' എന്ന കവിത എഴുതിയതാര്?
10. ഇടപ്പള്ളി ആത്മഹത്യ ചെയ്ത വർഷം?
11. ഈ നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട തത്വചിന്താപരമായ പ്രശ്നം ആത്മഹത്യയാണെന്ന് പ്രാഖ്യാപിച്ചത് ആര്?
12. ഇടപ്പള്ളിയുടെ ആത്മഹത്യയ്ക്ക് കാരണമായി കെ.പി. അപ്പൻ പറയുന്നതെന്ത്?

## Answers

1. ജോയൽ ഇ സ്പിൻമാൻ
2. ദ ന്യൂ ക്രിട്ടിസിസം
3. കെ.പി. അപ്പൻ
4. തിരസ്കാരം
5. ഇടപ്പള്ളി രാഘവൻപിള്ള
6. കാലം, ആശ
7. കാലം
8. റൂസ്സോ
9. ഇടപ്പള്ളി
10. 1936 ജൂലൈ 4
11. കമ്യു
12. മരണാഭിമുഖ്യം

## Assignments

1. ആധുനിക വിമർശനത്തിന്റെ സ്വഭാവ സവിശേഷതകൾ വിവരിക്കുക.
2. മരണത്തിന്റെ സൗന്ദര്യം എന്ന ലേഖനത്തിൽ അവതരിപ്പിക്കുന്ന ഇടപ്പള്ളി കവിതയിലെ മൃത്യുബോധം വിശദീകരിക്കുക.
3. കെ.പി. അപ്പന്റെ വിമർശനരീതി 'മരണത്തിന്റെ സൗന്ദര്യം'എന്ന ലേഖനത്തെ ആസ്പദ മാക്കി അപഗ്രഥിക്കുക.

## Reference


1. കെ.പി. അപ്പൻ, ക്ഷോഭിക്കുന്നവരുടെ സുവിശേഷം, ഡി സി ബുക്സ്, കോട്ടയം.
2. കെ.പി. അപ്പൻ, തിരസ്കാരം, ഇംപ്രിന്റ് ബുക്സ്, കൊല്ലം.
3. പ്രസന്നരാജൻ, കെ.പി. അപ്പൻ, നിഷേധിയും മഹർഷിയും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
4. അപ്പുക്കുട്ടൻ മാമ്പുഴ, നവീന വിമർശനം മലയാളത്തിൽ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

# യൂണിറ്റ് - 2
# തിണസങ്കല്പം

**ഡോ.കെ. അയ്യപ്പപ്പണിക്കർ**

## Learning Outcomes

- ദ്രാവിഡ ലാവണ്യശാസ്ത്രത്തെ പരിചയപ്പെടുന്നു
- അയ്യപ്പപ്പണിക്കരെക്കുറിച്ച് അറിയുന്നു
- തിണസങ്കല്പം എന്തെന്ന് മനസ്സിലാക്കുന്നു
- അകം കവിത, പുറം കവിത എന്തെന്നറിയുന്നു
- മുതൽപ്പൊരുൾ, കരുപ്പൊരുൾ, ഉരിപ്പൊരുൾ മനസ്സിലാക്കുന്നു
- ഐന്തിണകളെക്കുറിച്ച് അറിവ് നേടുന്നു
- മാക്ബത്തിലെ തിണസങ്കല്പം പരിശോധിക്കുന്നു
- ആധുനിക പരിസ്ഥിതിശാസ്ത്രവുമായുള്ള സാമ്യം മനസ്സിലാക്കുന്നു

## Prerequisite

ഭാരതത്തിൽ കാവ്യശാസ്ത്രപഠനത്തിന് സൈദ്ധാന്തികമായ അടിത്തറയുണ്ട്. കാലാനുക്രമമായി വികസിച്ചു വന്ന ഈ സിദ്ധാന്തങ്ങൾ സാഹിത്യരചനയ്ക്കും സാഹിത്യാസ്വാദനത്തിനും പുതിയ മാനങ്ങൾ സൃഷ്ടിച്ചു. സാഹിത്യത്തിലും കലയിലും ആധുനിക ചിന്തകളും രൂപങ്ങളും കടന്നു വരുന്നതോടുകൂടി സാഹിത്യസിദ്ധാന്തങ്ങൾക്ക് നവീകരണം ആവശ്യമായി വന്നു. സിദ്ധാന്ത നവീകരണം ഭാഷയെയും സാഹിത്യത്തെയും സജീവമാക്കി നിലനിർത്താൻ ആവശ്യമാണ്. ഭാരതീയ കാവ്യസിദ്ധാന്തങ്ങൾക്കെല്ലാം പരിണാമക്ഷമത ഉള്ളതുകൊണ്ട് അവയ്ക്ക് സമകാല പ്രസക്തിയുമുണ്ട്. പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളെ സ്വീകരിക്കുമ്പോൾ തന്നെ ഭാരതീയകാവ്യസിദ്ധാന്തങ്ങളെ നവീകരിക്കാനുള്ള സാധ്യതയേയും സ്വീകരിക്കണമെന്ന വാദം അയ്യപ്പപ്പണിക്കരും മറ്റുപല നിരൂപകരും ഉന്നയിക്കുകണ്ടായി "പഴയ സിദ്ധാന്തങ്ങളെ അവയുടെ ആത്മാവുൾക്കൊണ്ട് വേണം പരാവർത്തനം ചെയ്ത് സമകാലിക സാഹിത്യപഠനത്തിന് ഉതകുമാറ് വിപുലീകരിച്ചും അഴിച്ചുപണിതും ജഡത മാറ്റി എടുക്കാനെന്ന് അയ്യപ്പപ്പണിക്കർ അഭിപ്രായപ്പെടുന്നു.'' (ഇന്ത്യൻ സാഹിത്യസിദ്ധാന്തം: പ്രസക്തിയും സാധ്യതയും) കാലദേശാവസ്ഥകൾ സാഹിത്യരചനയിൽ വലിയ സ്വാധീനം ചെലുത്താറുണ്ട്. ഇന്ത്യയുടെ വ്യത്യസ്തമായ ഭാഷാഭൂപ്രകൃതികൾ സാഹിത്യരൂപത്തേയും ഉള്ളടക്കത്തേയും വ്യത്യസ്തമാക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അതിനാൽ തന്നെ അവ സൂക്ഷ്മ പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്. ദ്രാവിഡ ജനതയുടെ കാവ്യ സംസ്കാരത്തിന്റെ അടിസ്ഥാനമായ സംഘസാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രത്തെ അടയാളപ്പെടുത്തിയ കൃതിയാണ് തൊൽകാപ്പിയം. തൊൽകാപ്പിയത്തിലെ പൊരുളധികാരത്തെ ആധുനിക പരിസ്ഥിതിസൗന്ദര്യശാസ്ത്രവുമായി ചേർത്ത് വച്ച് നവീകരിക്കുകയാണ് അയ്യപ്പപ്പണിക്കർ.

ഇത്തരത്തിൽ ഭാരതീയ കാവ്യസിദ്ധാന്തങ്ങളെ പുതിയ പരിപ്രേക്ഷ്യത്തിൽ നോക്കി കാണുന്ന നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്ന കൃതിയാണ് അയ്യപ്പപ്പണിക്കരുടെ 'ഇന്ത്യൻ സാഹിത്യ സിദ്ധാന്തം: പ്രസക്തിയും സാധ്യതയും.' മലയാളത്തിലെ ആധുനിക കവിതയ്ക്കും ആധുനിക കാവ്യവിമർശനത്തിനും വലിയ സംഭാവനകൾ നൽകിയ എഴുത്തുകാരനാണ് അയ്യപ്പപ്പണിക്കർ. പ്രാചീന സിദ്ധാന്തങ്ങൾക്ക് സമകാലിക പ്രസക്തി ഉറപ്പുവരുത്തുന്നതാണ് അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ. സംസ്കൃതത്തിലെ രസം, ധ്വനി, അലങ്കാരമുൾപ്പെടെയുള്ള എട്ട് സിദ്ധാന്തങ്ങളെയും പൊരുളധികാരത്തിൽ വിവരിച്ചിട്ടുള്ള തിണ വ്യവസ്ഥയേയും നാടോടി സാഹിത്യത്തിലെ ലാവണ്യസങ്കല്പത്തേയും പഠനവിധേയമാക്കുകയാണ് ഈ ഗ്രന്ഥത്തിൽ. ദ്രാവിഡ ലാവണ്യശാസ്ത്രത്തിന്റെ ആധികാരിക രേഖയായി കണക്കാക്കുന്ന പൊരുളധികാരത്തിൽ 659 സൂത്രങ്ങളുണ്ട്. കാവ്യാസ്വാദനത്തെ കാലദേശാവസ്ഥകളോട് ബന്ധപ്പെടുത്തി കൊണ്ട് അകമെന്നും പുറമെന്നും രണ്ടായി തിരിക്കുന്നു. ആധുനിക പരിസ്ഥിതികാവ്യസിദ്ധാന്തവുമായി തിണസങ്കല്പത്തിന് സാദൃശ്യം കണ്ടെത്താം.

**കെ. അയ്യപ്പപ്പണിക്കർ (1930 - 2006)**



'ആധുനിക മലയാള കവിതയുടെ പിതാവ്' എന്നറിയപ്പെടുന്ന അയ്യപ്പപ്പണിക്കർ കവിയും നിരൂപകനും സൈദ്ധാന്തികനുമാണ്. പാരമ്പര്യഭിന്നമായി ആധുനികതയുടെ ശൈലികളും ദാർശനികചിന്തകളും ആക്ഷേപഹാസ്യ രീതികളുമൊക്കെ കവിതയിൽ സ്വീകരിച്ചു. പാരമ്പര്യ കാവ്യരീതികളെ നിരാകരിക്കുമ്പോഴും ഭാരതീയകാവ്യസിദ്ധാന്തങ്ങളെ നവീകരിക്കാൻ ശ്രമിച്ചിരുന്നു. സമകാലിക ചിന്തകൾ, ആഗോളവൽക്കരണം, പാരിസ്ഥിതിക അവബോധം, ഇവയൊക്കെ രചനകളിൽ പ്രകടമായി. ആധുനികതയുടെ വക്താവായ അയ്യപ്പപ്പണിക്കർ മലയാള കവിതയെ ലോകശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നിർണായക പങ്ക് വഹിച്ചു. ഒട്ടേറെ വിശ്വസാഹിത്യ സമ്മേളനങ്ങളിൽ മലയാളത്തെ പ്രതിനിധീകരിച്ച് പ്രഭാഷണങ്ങളും പ്രബന്ധങ്ങളും അവതരിപ്പിച്ചു. ഇംഗ്ലീഷ് പ്രൊഫസറായ അദ്ദേഹം പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളെ മലയാളത്തിൽ പരിചയപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചു. നാടകം, ചിത്രരചന, സിനിമ തുടങ്ങിയ മാധ്യമങ്ങളിലും സാന്നിധ്യമറിയിച്ചിരുന്നു. ആധുനികതയെ തുടർന്ന് വന്ന ഉത്തരാധുനിക കവിതയെ പരിചയപ്പെടുത്തുന്നതിനും പോഷിപ്പിക്കുന്നതിനും മുഖ്യസ്ഥാനത്ത് അയ്യപ്പപ്പണിക്കർ ഉണ്ട്. 1960 – ൽ ദേശബന്ധുവിൽ പ്രസിദ്ധീകരിച്ച 'കുരുക്ഷേത്രം' കവിതയാണ് ആധുനികതയ്ക്ക് തുടക്കം കുറിച്ചത്. വിവർത്തകൻ എന്ന നിലയിലും ശ്രദ്ധേയനായിരുന്നു. 'രൂപഭാവസംക്രമണങ്ങളുടെ കവി' എന്നാണ് സച്ചിദാനന്ദൻ അയ്യപ്പപ്പണിക്കരെ വിശേഷിപ്പിച്ചത്. കാല്പനികതയുടെ അതിഭാവുകത്വത്തിൽ നിന്ന് മലയാള കവിതയെ ആധുനിക കവിതയിലേക്ക് ആനയിച്ചു. കുരുക്ഷേത്രം, കുടുംബപുരാണം, മൃത്യുപൂജ, മർത്യപൂജ, പകലുകൾ രാത്രികൾ തുടങ്ങിയ കവിതകളിലൂടെ ആ കാലത്തെ തീക്ഷ്ണയൗവനത്തിന്റെ ചിന്തകളെ തീ പിടിപ്പിച്ച കവിയാണ് അയ്യപ്പപ്പണിക്കർ. ഭാരതീയ കാവ്യമീമാംസയുടെ സത്ത ഉൾക്കൊണ്ടു കൊണ്ട് ആധുനിക വിമർശനത്തെ നവ്യാനുഭവമാക്കാൻ അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വിവർത്തന കൃതികൾ, കാവ്യസമാഹാരങ്ങൾ, ലേഖനങ്ങൾ, കാർട്ടൂൺ കഥകൾ, ഇംഗ്ലീഷ് കവിതകൾ എന്നിവയാൽ സമൃദ്ധമാണ് അദ്ദേഹത്തിന്റെ രചനാലോകം. പദ്മശ്രീ പുരസ്കാരം, സരസ്വതി സമ്മാൻ, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, കേരള സാഹിത്യ അക്കാദമി അവാർഡ്, ആശാൻ പ്രൈസ് തുടങ്ങി ധാരാളം പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

**പ്രധാനകൃതികൾ**

കുരുക്ഷേത്രം, അയ്യപ്പപ്പണിക്കരുടെ കൃതികൾ (നാലു ഭാഗം ), അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ (രണ്ടു ഭാഗം), കാർട്ടൂൺ കഥകളും മഹാരാജകഥകളും, ഗോത്രയാനം, കവിതകൾ ( വിവർത്തനം) ഹേ ഗഗാറിൻ, കുടുംബപുരാണം, മർത്യപൂജ, സൗത്ത്ബ ണ്ട് (ഇംഗ്ലീഷ് കവിതകൾ), പൂച്ചയും ഷേക്സ്പിയറും (വിവർത്തനം), ഇൻ ദ് സേക്ര ഡ് നേവൽ ഓഫ് ഔർ ഡ്രീം (ഇംഗ്ലീഷ്) ക്യൂബൻ കവിതകൾ, ഐ കാണ്ട് ഹെൽപ് ബ്ലോസമിങ്ങ് (ഇംഗ്ലീഷ്) പുരൂരവസ് തുടങ്ങിയവയാണ് പ്രധാനപ്പെട്ട കൃതികൾ.

## Keywords

തൊൽകാപ്പിയം - പൊരുളതികാരം - അകം - പുറം - ഐന്തിണകൾ - മുതൽപ്പൊരുൾ - കരുപ്പൊരുൾ - ഉരിപ്പൊരുൾ - മാക്ബത്തിലെ തിണസങ്കല്പം - പരിസ്ഥിതി കാവ്യശാസ്ത്രം

## Discussion

കവി, സാഹിത്യവിമർശകൻ, പ്രഭാഷകൻ, സാഹിത്യസൈദ്ധാന്തികൻ എന്നീ നിലകളിൽ പ്രശസ്തനാണ് ഡോ.കെ. അയ്യപ്പപ്പണിക്കർ. 'ഇന്ത്യൻ സാഹിത്യസിദ്ധാന്തം പ്രസക്തിയും സാധ്യതയും' എന്ന ഗ്രന്ഥത്തിൽ നിന്നെടുത്ത സൈദ്ധാന്തിക ലേഖനമാണ് 'തിണസങ്കല്പം.'ദ്രാവിഡ കാവ്യശാസ്ത്രഗ്രന്ഥമായ തൊൽകാപ്പിയത്തിലെ ഒരു ഭാഗമാണ് പൊരുളധികാരം. ഇതിനെ ദ്രാവിഡ ലാവണ്യശാസ്ത്രത്തിലെ ഒരു ആധികാരികരേഖയായി കണക്കാക്കുന്നു. മനുഷ്യജീവിതത്തെ അതിന്റെ പശ്ചാത്തലവും പ്രേരകശക്തിയുമായ ഭൂപ്രകൃതിയോടും കാലാവസ്ഥയോടും ബന്ധപ്പെടുത്തി സമഗ്രമായി വീക്ഷിക്കുന്ന ഒരു ദർശനമാണ് പൊരുളധികാരത്തിൽ ഉള്ളത്. ഇന്ന് സാഹിത്യപഠനത്തിൽ പ്രചാരമുള്ള പരിസ്ഥിതി സൗന്ദര്യശാസ്ത്രവുമായി ഇതിന് സാദൃശ്യമുണ്ട്. വിവിധ ഭൂവിഭാഗങ്ങളുടെ പ്രത്യേകതകൾക്ക് അനുസരിച്ചുള്ള വിഭജനമാണ് തിണസങ്കല്പത്തിന് അടിസ്ഥാനം. ഇതനുസരിച്ച് അവിടെ ഉണ്ടാകുന്ന കവിതകളെ 'അകം' കവിതകൾ എന്നും 'പുറം' കവിതകൾ എന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു. ആത്മനിഷ്ഠവും വൈയക്തികവും വികാരപ്രധാനവുമായ ഭാവഗീത വിശേഷങ്ങൾ ഉൾക്കൊള്ളുന്ന കവിതാവിഭാഗമാണ് 'അകം' കവിതകൾ. വസ്തുനിഷ്ഠവും സാമൂഹികവും വിവരണാത്മകവുമായ ആഖ്യാനസവിശേഷതകളുള്ള കവിതകളാണ് പുറംകവിതകൾ. ഇവ രണ്ടും ഇടകലർന്നുവരുന്ന കവിതകളും ഉണ്ട്. അവയെ 'തിണ മയക്കം' എന്നാണറിയപ്പെടുന്നത്. സ്ഥലകാലങ്ങളെ അടിസ്ഥാനമാക്കി ഏഴ് അകത്തിണയും ഏഴ് പുറത്തിണയും നിർദ്ദേശിച്ചിട്ടുണ്ട്.

ഐന്തിണകൾ എന്നറിയപ്പെടുന്ന അകത്തിണകൾ മുല്ലൈ, കുറിഞ്ചി, പാലൈ, മരുതം, നെയ്തൽ എന്നിവയാണ്. കൈക്കിള, പെരുന്തിണ എന്നിവ ചേർത്ത് ഏഴു തിണകൾ അകംതിണകൾക്ക് ഉണ്ട്. ഇതിനു സമാന്തരമായി ഏഴു പുറത്തിണകളുമുണ്ട്. പാടാൺ, വഞ്ചി, വെട്ചി, വാക, ഉഴിഞ്ഞ, തുമ്പ, കാഞ്ചി ഇവയാണ് പുറംതിണകൾ. കാവ്യത്തിൽ ആവിഷ്കരിക്കുന്ന അനുഭവങ്ങൾക്കും സംഭവങ്ങൾക്കും അടിസ്ഥാനവും പശ്ചാത്തലവുമായി വർത്തിക്കുന്ന പ്രകൃതി രംഗങ്ങളുടെ അടിസ്ഥാനത്തിലും അകത്തിണകളെയും പുറത്തിണകളെയും ഏഴുവീതമായി വിഭജിച്ചിരിക്കുന്നു. ഓരോ തിണയിലും കാലാവസ്ഥയുടെ ഭാഗമായ ഋതുക്കളെയും ദിവസത്തിന്റെ വിഭാഗമായ യാമങ്ങളെയും ഉൾക്കൊ

ള്ളിച്ചിരിക്കുന്നു. ഓരോ തിണയ്ക്കും ഓരോ ചെടിയുടെയോ മരത്തിന്റെയോ പേരു നൽകിയിരിക്കും. അത് തിണയുടെ ഒരു ചുരുക്കെഴുത്താണ്. ഓരോ തിണയും സ്ഥലകാലങ്ങളുടെ ഒരു സംയുക്തമാണ്. തൊൽക്കാപ്പിയരുടെ കാലത്തെ തെക്കേ ഇന്ത്യൻ ഭൂപ്രകൃതിയാണ് ഈ വിഭജനങ്ങൾക്കെല്ലാം അടിസ്ഥാനം. ഇതിന്റെ അടിസ്ഥാനത്തിൽ ഏഴ് അകത്തിണകളും ഏഴു പുറത്തിണകളുമാണുള്ളത്. ഓരോ തിണയ്ക്കും ഓരോ ഉരിപ്പൊരുൾ ഉണ്ടായിരിക്കും. കാലദേശാവസ്ഥകൾ സാഹിത്യകൃതികളുടെ ഭാവമേഖലയെ സ്വാധീനിക്കുന്നുണ്ട്. കാവ്യം എഴുതപ്പെടുന്ന പശ്ചാത്തലം കാവ്യത്തിന്റെ സാരാംശവുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം സാഹിത്യത്തിലെ പശ്ചാത്തലവും ഇതിവൃത്തവും തമ്മിലുള്ള ബന്ധത്തെ സ്വാധീനിക്കുന്നു. അകത്തിണയിലും പുറത്തിണയിലും മുതൽപ്പൊരുളായി വർത്തിച്ചിട്ടുള്ളത് സ്ഥലകാലങ്ങളെ സംബന്ധിച്ചവയാണ്. സ്ഥലകാലബന്ധമില്ലാതെ സാഹിത്യകൃതി ഉണ്ടാവുകയില്ലെന്നും സ്ഥലകാലങ്ങളോട് ബന്ധിപ്പിക്കാതെ സാഹിത്യരചനയും സാഹിത്യാസ്വാദനവും പൂർണമാവുകയില്ലെന്നും പൊരുളധികാരം സൂചിപ്പിക്കുന്നു. മുതൽപ്പൊരുളിന്റെ അടിസ്ഥാനത്തിലാണ് തിണകൾ വിഭജിക്കുന്നത്. സ്ഥലകാലങ്ങൾക്ക് അനുയുക്തമാണ് കരുപ്പൊരുളും, ഉരിപ്പൊരുളും. അകം കവിതകളിലെ അഞ്ചു തിണകൾക്ക് പറഞ്ഞിരിക്കുന്ന ഉരിപ്പൊരുൾ ഇവയാണ്. മുല്ലൈ (കാത്തിരിപ്പ്), കുറിഞ്ചി (പുണർതൽ - ചേർച്ച), പാലൈ (പിരിതൽ - വേർപാട്), മരുതം (ഊടൽ - സൗന്ദര്യപിണക്കം), നെയ്തൽ (ഇരങ്കൽ - വിലാപം). ഓരോ തിണകളിലേയും ദൈവം, ആഹാരം, മൃഗം, മരം, പക്ഷി, പറ, തൊഴിൽ, രാഗം, ആളുകൾ, നായകൻ, പൂവ് ഇവ കരുപ്പൊരുളിൽ പ്രതിപാദിക്കുന്നു. ഉദാഹരണത്തിന് മുല്ലൈനിലത്തിലെ കരുപ്പെരുൾ ദൈവം - മായോൻ (കൃഷ്ണൻ), ആഹാരം - വരക്, മുതിര, മൃഗം- മാൻ, മുയൽ, മരം - കൊന്ന, പക്ഷി - കാനാങ്കോഴി, പറ-ഏറു കോൾ പറ, തൊഴിൽ -കാലി മേയ്ക്കൽ, രാഗം - ചാതരി, ആളുകൾ -ആയർ, നായകൻ - കൂറും പൊറൈ നാടൻ, പൂവ് - മുല്ല.

രണ്ടായിരത്തോളം കൊല്ലം മുമ്പ് സംഘകാല കവിതകളുടെ മാതൃക അടിസ്ഥാനമാക്കി രൂപപ്പെട്ടുവന്ന കാവ്യസിദ്ധാന്തമാണ് തൊൽകാപ്പിയരുടെ പൊരുളധികാരത്തിൽ ഉള്ളത്. സമകാലിക സാഹിത്യവിമർശനത്തിൽ അത് അതേപടി സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. ഡോ. അയ്യപ്പപ്പണിക്കരുടെ അഭിപ്രായത്തിൽ അതിനെ ഇന്നിന്റെ ആവശ്യങ്ങൾക്കനുസരിച്ച് നവീകരിക്കേണ്ടതുണ്ട്. തൊൽകാപ്പിയം എന്ന ഗ്രന്ഥത്തിലെ പൊരുളധികാരത്തിന്റെ മൗലികതയും ലേഖനം പരിശോധിക്കുന്നുണ്ട്. ഒരു സാഹിത്യകൃതി ആവിർഭവിക്കുന്ന ദേശത്തെ കാലാവസ്ഥയും ദേശാവസ്ഥയും സാഹിത്യപഠനത്തിൽ പരിഗണിക്കേണ്ടതാണ്. ഇത് തികച്ചും മൗലികമായ ഒരു വീക്ഷണമാണ്. തൊൽകാപ്പിയത്തിൽ പരാമർശിച്ചിട്ടുള്ള കാലാവസ്ഥകൾ മഴക്കാലം, വേനൽക്കാലം തുടങ്ങിയ ഋതുക്കളാണ്. ദിവസഭാഗങ്ങൾ എന്നാൽ പ്രഭാതം, മധ്യാഹ്നം, സന്ധ്യ, രാത്രി തുടങ്ങിയവയും. എന്നാൽ വിശാലമായ അർഥത്തിൽ കാലപരിഗണനകൾകൂടി ഇതിൽ ഉൾപ്പെടുത്തേണ്ടതാണെന്നാണ് ഡോ. അയ്യപ്പപ്പണിക്കരുടെ അഭിമതം. കാലാവസ്ഥയിൽ ചരിത്രവും പരിസ്ഥിതിയിൽ ചരിത്രകാലഘട്ടങ്ങളും ഉൾപ്പെടും. ഏറ്റവും വിശാലമായ അർഥത്തിൽ സാഹിത്യകൃതിയിൽ ആവിഷ്കൃതമാവുന്ന ചരിത്രകാലാവസ്ഥയിൽ മൂന്നുഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ഒന്ന് എഴുതിയ ആളിന്റെ കാലം അഥവാ എഴുതിയ കാലം. രണ്ട് കവിതയിൽ വിവരിച്ചിരിക്കുന്ന കാലം. മൂന്ന് വായനക്കാരന്റെ വർത്തമാനകാലം. അതായത് കൃതി വായിക്കപ്പെടുന്ന കാലം.

ദ്രാവിഡേതരകൃതിയായി ഷേക്സ്പിയറുടെ മാക്ബത്ത് എന്ന നാടകത്തെ അയ്യപ്പപ്പണിക്കർ ഉദാഹരണത്തിനായ് അപഗ്രഥിക്കുന്നു. മാക്ബത്തിൽ ചരിത്രപശ്ചാത്തലമുള്ള ഒരു രാഷ്ട്രീയകഥയാണ് പറയുന്നത്. സ്കോട്ട്ലന്റിന്റെ രാഷ്ട്രീയചരിത്രത്തിലെ ഐതിഹ്യാസ്പദമായ കാലഘട്ടമാണ് നാടകത്തിൽ സൂചിതമാകുന്നത്. യുദ്ധമാണ് പശ്ചാത്തലം. യുദ്ധം നടക്കുന്നത് പകലാണ്. പ്രധാനസംഭവം ആയ ഡങ്കന്റെ കൊലപാതകവും പ്രേതത്തിന്റെ പ്രവേശവും മറ്റും

നടക്കുന്ന ദിവസഭാഗം രാത്രിയാണ്. പൊരുള ധികാരം അടിസ്ഥാനപ്പെടുത്തി നോക്കിയാൽ മാക്ബത്തിന്റെ സ്വഭാവത്തിൽത്തന്നെയുള്ള വൈരുദ്ധ്യം വെളിവാക്കുന്നതാണീ ഘടകങ്ങൾ. മനുഷ്യന്റെ നല്ല സ്വഭാവത്തെ ഞെരിച്ചു കൊല്ലുന്ന ക്രൂരതയെ ധ്വനിപ്പിക്കുന്ന അന്ധകാരാവൃതമായ നിശാന്തരീക്ഷം കൃതിയിലാകെ നിറഞ്ഞു നിൽക്കുന്നു. യുദ്ധരംഗങ്ങൾ, കോട്ടവളയൽ, ശത്രുധ്വംസനം തുടങ്ങിയ സമൂഹരംഗങ്ങൾക്ക് പകലുകൾ ഉപയോഗിക്കുന്നു. മാക്ബത്തിന്റെ മനസ്സിലെ സംഘർഷം, വഞ്ചന, അധികാരമോഹം, പ്രതികാരം എന്നീ ആന്തരികഭാവങ്ങളെ സൂചിപ്പിക്കാൻ രാത്രിരംഗങ്ങൾ ഉപയോഗിക്കുന്നു. ഒന്നിൽ കൂടുതൽ ഋതുക്കൾക്ക് ഇടമുള്ള രീതിയിലാണ് ഭാവ ചിത്രീകരണം സാധിക്കുന്നത്. വൈരുധ്യങ്ങൾ ഉൾക്കൊള്ളുന്ന മൂടിക്കെട്ടിയ അന്തരീക്ഷം മാക്ബത്തിൽ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ തിണപ്പിണക്കവും സംഭവിക്കുന്നുണ്ട്. തിണകൾ ഇണങ്ങാതെ നിന്നാൽ തിണപ്പിണക്കം ആണ്. കരുപ്പൊരുൾ എന്ന നിലയിൽ പക്ഷിമൃഗവൃക്ഷവാദ്യരാഗജനഭക്ഷ്യാദികൾ ദേവത തൊഴിൽ എന്നിവയും മാക്ബത്തിൽ കണ്ടെത്താനാവും. ബെർനാം മരക്കൂട്ടവും, മൂങ്ങയുമൊക്കെ ഇതിന്റെ ഭാഗമാകുന്നു.

## അവലോകനം

ഇന്ത്യൻ സാഹിത്യസിദ്ധാന്തം പ്രസക്തിയും സാധ്യതയും എന്ന കൃതിയിലെ തിണസങ്കല്പം എന്ന സൈദ്ധാന്തിക ലേഖനത്തിൽ, നൂറ്റാണ്ടുകൾ പഴക്കമുള്ള ദ്രാവിഡ കാവ്യ സൗന്ദര്യശാസ്ത്രമായ പൊരുളധികാരത്തെ പഠന വിധേയമാക്കുന്നു. തൊൽകാപ്പിയത്തിലെ പൊരുളധികാരം ദ്രാവിഡ കാവ്യമീമാംസയുടെ ബീജരൂപമാണ്. അതിനെ വികസിപ്പിച്ചാൽ ലോകത്തിലെ ഏറ്റവും പുരാതനവും മൂല്യവത്തുമായ പരിസ്ഥിതിലാവണ്യസിദ്ധാന്തം ലഭിക്കും. ലോകക്ലാസിക്കുകളെ പഠിക്കാനും ഈ സിദ്ധാന്തം ഉപയോഗിക്കാം. അയ്യപ്പപ്പണിക്കർ ഉദാഹരണമായി ഷേക്സ്പിയറുടെ മാക്ബത്ത് പഠനത്തിനായി സ്വീകരിക്കുന്നു. മാക്ബത്തിലെ സ്ഥലകാലഭാവങ്ങളെ തിണവ്യവസ്ഥയിലെ മുതൽപ്പൊരുളും കരുഉരിപ്പൊരുളുകളുമായി ബന്ധിപ്പിക്കുന്നു. പാശ്ചാത്യ ഭാഷകളിൽ രൂപം കൊണ്ട ecopoetics (പരിസ്ഥിതി കാവ്യമീമാംസ) ഇതോടൊപ്പം ചേർത്ത് പഠിക്കാവുന്നതാണ്. പൊരുളധികാരം വികസന സമർഥമായ ഒരു വിമർശന പദ്ധതിയുടെ അടിസ്ഥാനമായി കാണാമെന്നാണ് അയ്യപ്പപ്പണിക്കർ അഭിപ്രായപ്പെടുന്നത്. ലോകത്തിൽ ആദ്യമായി രൂപംകൊണ്ട പരിസ്ഥിതി കാവ്യമീമംസയായ പൊരുളധികാരം മാറിയ പരിതസ്ഥിതിയിൽ പരിഷ്കരിച്ച് മറ്റു ഭാഷകളിലെ സാഹിത്യകൃതികളെ പഠിക്കാനും പ്രയോജനപ്പെടുത്താവുന്നതാണ്.

## Recap

- സാഹിത്യ സിദ്ധാന്തങ്ങൾക്ക് കാലാനുക്രമമായ നവീകരണം ആവശ്യമാണ്
- സിദ്ധാന്ത നവീകരണം ഭാഷയേയും സാഹിത്യത്തേയും സജീവമാക്കുന്നു
- അയ്യപ്പപ്പണിക്കർ ആധുനിക മലയാള കവിതയുടെ പിതാവ് എന്നറിയപ്പെടുന്നു
- ദ്രാവിഡ കാവ്യശാസ്ത്ര ഗ്രന്ഥമാണ് തൊൽകാപ്പിയരുടെ തൊൽകാപ്പിയം
- തൊൽകാപ്പിയത്തിലെ ഒരു ഭാഗമാണ് പൊരുളധികാരം
- കവിതകളെ അകം എന്നും പുറം എന്നും രണ്ടായി തിരിച്ചിരിക്കുന്നു
- ഐന്തിണകൾ - മുല്ലൈ, കുറിഞ്ചി, പാലൈ, മരുതം, നെയ്തൽ
- മുതൽപ്പൊരുൾ സ്ഥലകാലങ്ങളാണ്

- പക്ഷിമൃഗവൃക്ഷവാദ്യരാഗജനഭക്ഷ്യാദികൾ ദേവത തൊഴിൽ എന്നിവ കരുപ്പൊരുൾ ആണ്
- ആത്മഭാവമാണ് ഉരിപ്പൊരുൾ
- മാക്ബത്ത് ചരിത്ര പശ്ചാത്തലമുള്ള രാഷ്ട്രീയ കഥയാണ്
- ബാഹ്യപ്രകൃതി ആവിഷ്ക്കരിക്കാൻ പകലുകൾ ഉപയോഗിക്കുന്നു
- ആന്തരിക ഭാവങ്ങൾക്ക് രാത്രി രംഗങ്ങളും
- ലോകത്തിൽ ആദ്യം രൂപം കൊണ്ട പരിസ്ഥിതി കാവ്യമീമാംസയാണ് പൊരുളധികാരം
- ദ്രാവിഡ കാവ്യസൗന്ദര്യശാസ്ത്രമായ പൊരുളധികാരത്തിന് പരിസ്ഥിതി സൗന്ദര്യശാസ്ത്രവുമായി സാമ്യം ഉണ്ട്

## Objective Questions

1. തിണസങ്കല്പം എന്ന സൈദ്ധാന്തിക ലേഖനം ഏത് ഗ്രന്ഥത്തിൽ നിന്നെടുത്തിട്ടുള്ളതാണ്?
2. ഇന്ത്യൻ സാഹിത്യ സിദ്ധാന്തം: സാധ്യതയും പ്രസക്തിയും ആരുടെ കൃതി?
3. ദ്രാവിഡ സൗന്ദര്യശാസ്ത്ര ഗ്രന്ഥം ഏത്?
4. തൊൽകാപ്പിയം രചിച്ചത് ആര്?
5. ദ്രാവിഡ കാവ്യസിദ്ധാന്തമായ പൊരുളധികാരം ഏത് കൃതിയിലുള്ളതാണ്?
6. പൊരുളധികാരത്തിൽ എത്ര സൂത്രങ്ങളുണ്ട്?
7. ആധുനിക മലയാള കവിതയുടെ പിതാവ് എന്നറിയപ്പെടുന്ന കവിയാര്?
8. ആധുനികതയ്ക്ക് തുടക്കം കുറിച്ച അയ്യപ്പപ്പണിക്കരുടെ കവിത?
9. കുരുക്ഷേത്രം പ്രസിദ്ധീകരിച്ച വർഷം?
10. ദ്രാവിഡ സൗന്ദര്യശാസ്ത്രത്തിൽ ഭൂവിഭാഗങ്ങളെ അടിസ്ഥാനമാക്കി കാവ്യത്തെ എങ്ങനെ വിഭജിച്ചിരിക്കുന്നു?
11. ഐന്തിണകൾ ഏതൊക്കെ?
12. ദ്രാവിഡ കാവ്യശാസ്ത്രത്തിൽ കാവ്യത്തെ സ്വഭാവമനുസരിച്ച് എത്രയായി തിരിച്ചിരിക്കുന്നു? ഏതൊക്കെ?
13. ദ്രാവിഡ കാവ്യശാസ്ത്രത്തിൽ കവിതയിലെ സ്ഥലകാലങ്ങൾക്ക് പറയുന്ന പേരെന്ത്?
14. പക്ഷിമൃഗവൃക്ഷവാദ്യരാഗജനഭക്ഷ്യാദികൾ ദേവത തൊഴിൽ എന്നിവ ഏത് പൊരുളിൽ ഉൾപ്പെടും?

15. മാക്ബത്ത് രചിച്ചത് ആര്?

16. പൊരുളധികാരത്തിനെ ഏത് ആധുനിക ശാസ്ത്രശാഖയുമായിട്ടാണ് സാമ്യം കല്പിക്കുന്നത്?

## Answers

1. ഇന്ത്യൻ സാഹിത്യ സിദ്ധാന്തം: പ്രസക്തിയും സാധ്യതയും
2. ഡോ.കെ. അയ്യപ്പപ്പണിക്കർ
3. തൊൽകാപ്പിയം
4. തൊൽകാപ്പിയർ
5. തൊൽകാപ്പിയം
6. 659
7. കെ. അയ്യപ്പപ്പണിക്കർ
8. കുരുക്ഷേത്രം.
9. 1960
10. തിണകളായി
11. മുല്ലൈ, കുറിഞ്ചി, പാലൈ, മരുതം, നെയ്തൽ
12. രണ്ട്, അകം പുറം
13. മുതൽപ്പൊരുൾ
14. കരുപ്പൊരുൾ
15. ഷേക്സ്പിയർ
16. പരിസ്ഥിതിശാസ്ത്രം

## Assignments

1. പൊരുളധികാരത്തിലെ തിണസങ്കല്പത്തെക്കുറിച്ച് ഉപന്യസിക്കുക.
2. തിണസങ്കല്പത്തിന് പരിസ്ഥിതി കാവ്യശാസ്ത്രവുമായുള്ള ബന്ധം ചർച്ച ചെയ്യുക.
3. തിണവ്യവസ്ഥയെ അടിസ്ഥാനമാക്കി ഷേക്സ്പിയറിന്റെ മാക്ബത്തിനെ അയ്യപ്പണിക്കർ നിരീക്ഷിച്ചതെങ്ങനെയെന്ന് വിശദീകരിക്കുക.

## Reference


1. ഡോ.കെ. അയ്യപ്പപ്പണിക്കർ, ഇന്ത്യൻ സാഹിത്യ സിദ്ധാന്തം: പ്രസക്തിയും സാധ്യതയും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ജോർജ് കെ. അലക്സ്, ഹരിത രാഷ്ട്രീയം: ചരിത്രം സിദ്ധാന്തം പ്രയോഗം, ഡി.സി. ബുക്സ്, കോട്ടയം.
3. എം. ഇളയ പെരുമാൾ, പുലവർ എസ്.ജി. സുബ്രഹ്മണ്യപിള്ള, തൊൽകാപ്പിയം: വ്യാകരണം അലങ്കാരം വൃത്തം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.




SREENARAYANAGURU OPEN UNIVERSITY

# യൂണിറ്റ് - 3
# നോവലിലെ സ്ഥലകാലസംയുക്തങ്ങൾ

ഡോ. ഇ.വി. രാമകൃഷ്ണൻ

## Learning Outcomes

- ആധുനികോത്തര സാഹിത്യ വിമർശനത്തെ പരിചയപ്പെടുന്നു
- ഇ.വി. രാമകൃഷ്ണന്റെ വിമർശന ശൈലി മനസ്സിലാക്കുന്നു
- ഇ.വി. രാമകൃഷ്ണന്റെ കൃതികളെ അറിയുന്നു
- നോവലിലെ സ്ഥലകാല സംയുക്തങ്ങൾ എന്ന ലേഖനം പരിചയപ്പെടുന്നു
- നോവലിലെ മാനസിക സ്ഥലവും ഭൗതിക സ്ഥലവും അറിയുന്നു
- ഇന്ദുലേഖയിലേയും സരസ്വതീവിജയത്തിലേയും സ്ഥലകാല സങ്കല്പങ്ങളെ മനസ്സിലാക്കുന്നു
- അറുപതുകൾക്ക് ശേഷം വന്ന വിമർശനാത്മക യഥാതഥ സങ്കേതം പരിചയപ്പെടുന്നു
- ആനന്ദിന്റെ നോവലുകൾ വ്യതിരിക്തമാകുന്നതെങ്ങനെയെന്ന നിരീക്ഷണം പരിശോധിക്കുന്നു

## Prerequisite

ആധുനിക പാശ്ചാത്യ വിമർശനപദ്ധതിയുടെ പരിചയംമൂലം മലയാളസാഹിത്യത്തെ ഭാവുകത്വപരമായി മാറി ചിന്തിക്കാനും നൂതനമായ ആശയപദ്ധതികളിലൂടെ സാഹിത്യരചനകളെ നോക്കി കാണാനും പ്രേരിപ്പിച്ചു. വർത്തമാനപത്രങ്ങളും ആനുകാലികങ്ങളും രൂപപ്പെടുത്തിയ പൊതുമണ്ഡലത്തിനകത്താണ് കഥ, നോവൽ തുടങ്ങിയ സാഹിത്യരൂപങ്ങളും സാഹിത്യ വിമർശനത്തിന്റെ വ്യവഹാരവും വികസിച്ചത്. ആധുനികതയുടെ തുടർച്ചയായി വന്ന ഉത്തരാധുനിക വിമർശനത്തിലും പുതിയ രീതിശാസ്ത്രങ്ങൾ സ്വീകരിക്കപ്പെട്ടു. കർതൃത്വത്തിന്റെ പുതിയ വ്യവഹാരങ്ങളും സ്വത്വരാഷ്ട്രീയത്തെക്കുറിച്ചുള്ള വിമർശന പാഠങ്ങളും ഗൂഢ വായനയിലൂടെ വെളിപ്പെട്ടു. സമൂഹത്തിനുമേൽ ആധിപത്യം നേടുന്ന അധികാരവ്യവസ്ഥയെ ചോദ്യം ചെയ്യാനും പാർശ്വവത്കരിക്കപ്പെടുന്നവരുടെ പ്രതിരോധത്തെ മുഖ്യധാരയിലേക്കെത്തിക്കാനും ഈകാലഘട്ടത്തിലെ സാഹിത്യകൃതികൾ ശ്രദ്ധിച്ചു. അനുഭവ സാക്ഷാത്ക്കാരത്തിനാണ് കൂടുതൽ പ്രാധാന്യം. "കഥകൾ പറയുന്നതിലൂടെയും കേൾക്കുന്നതിലൂടെയും ഉരുത്തിരിയുന്ന അടുപ്പമാണ് സമൂഹത്തെ ഒന്നിപ്പിക്കുന്നതെന്നും അനുഭവം പങ്കുവെക്കാൻ കഴിയാത്ത സമൂഹം അനുഭവങ്ങളില്ലാത്ത സമൂഹം തന്നെയാണെന്നും അനുഭവങ്ങളെ ആർക്കാണ് പേടി" എന്ന ലേഖനത്തിൽ ഇ.വി രാമകൃഷ്ണൻ അഭിപ്രായപ്പെടുന്നുണ്ട്. പോസ്റ്റ് കൊളോണിയലിസം, വംശീയത, സ്ത്രീവാദം, കീഴാള സമരങ്ങൾ എന്നിങ്ങനെ അനവധി മേഖലകൾ സൈദ്ധാന്തികമായി നിരീക്ഷിക്കപ്പെട്ടു. കഴിഞ്ഞ കാലങ്ങളിൽ എഴുതപ്പെട്ട കൃതികളെ പുനർവായനയ്ക്ക് വിധേയമാക്കി. സ്ത്രീയിലും പരിസ്ഥിതിയിലും കീഴാളബോധത്തിലും ആഗോളീകരണത്തിലും ഊന്നിയുള്ള നിരൂപണ രീതികൾക്ക് പ്രസക്തി കൈവന്നു. സാഹിത്യ വിമർശനത്തെ സാമൂഹ്യ സാംസ്കാരിക വിമർശനമായി കണ്ട ഒരു കാലം കൂടിയായിരു

ന്നു അത്. 19-ാംനൂറ്റാണ്ടിൽ പ്രചാരത്തിലായ സാഹിത്യ ചരിത്രരചനകൾ വിജ്ഞാനീയമെന്ന രീതിയിൽ വിലയിരുത്തപ്പെടുകയും സാഹിത്യചരിത്രങ്ങളിലെ അധീശ പ്രത്യയശാസ്ത്രത്തെ ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നു.

**ഇ.വി. രാമകൃഷ്ണൻ**



കവിയും സാഹിത്യനിരൂപകനും ദ്വിഭാഷാ എഴുത്തുകാരനുമാണ് ഇ.വി. രാമകൃഷ്ണൻ. 1951-ൽ കണ്ണൂരിലെ പയ്യന്നൂരിൽ ജനിച്ചു. ഇംഗ്ലീഷിലും മലയാളത്തിലും കവിതകളും വിമർശന ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമകാലിക സാഹിത്യത്തെ ഏറ്റവും നൂതനമായ ചിന്താപദ്ധതികളിലൂടെ അപഗ്രഥിക്കുന്നവയാണ് അദ്ദേഹത്തിന്റെ നിരൂപണങ്ങൾ. സാംസ്കാരിക വിമർശനത്തിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി കൊണ്ട് എഴുത്തിനെ ഒരു രാഷ്ട്രീയ ഇടപെടലാക്കി മാറ്റുന്നു ഇ.വി. രാമകൃഷ്ണപിള്ള. അക്കാദമിക് പഠന മേഖലയിൽ സൈദ്ധാന്തിക സമീപനത്തിലൂന്നിയ വിമർശന പഠനങ്ങളാണ് അധികവും രചിച്ചിട്ടുള്ളത്. അക്ഷരങ്ങളെ വൈകാരികവും വൈചാരികവുമായ അനുഭവങ്ങളായി ആവിഷ്കരിക്കുന്നു. പാശ്ചാത്യസാഹിത്യ ദർശനങ്ങളുടെ സൈദ്ധാന്തിക ഭൂമികയിലാണ് ഇ.വി. രാമകൃഷ്ണന്റെ വിമർശന ലോകം വളർന്നത്. വാക്കുകളുടെ ബഹുസ്വരതയിൽ ഉയരുന്ന വൈവിധ്യ പൂർണമായ അനുഭവങ്ങളായി തീരുന്നു അദ്ദേഹത്തിന്റെ വിമർശനങ്ങൾ. സമൂഹത്തിലെ അന്തഃസംഘർഷങ്ങൾ എഴുത്തുകാരന്റെ രചനകളിൽ സമൃദ്ധമായി പ്രയോഗിക്കണം എന്ന് അദ്ദേഹം വിശ്വസിച്ചു. റഷ്യൻ ഉത്തര ഘടനാവാദിയായ മിഖായിൽ ബക്തിന്റെ ഉത്സവീകരണം, പാഠാന്തരത്വം എന്നീ സങ്കല്പങ്ങളെ മുൻ നിർത്തി കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികളെ പഠന വിധേയമാക്കിയിട്ടുണ്ട്. കേരളീയ ആധുനികതയിൽ അച്ചടി നടത്തിയ ചരിത്രപരവും സാംസ്കാരികവുമായ ഇടപെടലുകളെ അന്വേഷിക്കുന്ന 'അച്ചടിയും ആധുനികതയും' എന്ന ലേഖനവും ശ്രദ്ധേയമാണ്. ഇരുപതാംനൂറ്റാണ്ടിലെ ഇന്ത്യൻ കവിതകളെ പഠനവിധേയമാക്കുമ്പോൾ ടാഗോർ മുതൽ ഹീരാബായ് ബൻ സോഡെ എന്ന ദളിത് കവയിത്രിയുടെ കവിതകളെ വരെ സൂക്ഷ്മ പഠനത്തിന് സ്വീകരിക്കുന്നു. വിപുലമായ കാവ്യസമ്പത്തിനെ ഏതെങ്കിലും ചില പ്രസ്ഥാനങ്ങളിലേക്കോ സാഹിത്യസൂചകങ്ങളിലേക്കോ, ചരിത്രാവലികളിലേക്കോ, ചുരുക്കുന്നതിന്റെ അനൗചിത്യം ചൂണ്ടി കാട്ടി, ഭാവനാ ലോകത്തിന്റെ നൈരന്തര്യം പോലെ തന്നെ പ്രധാനമാണ് ഭാഷാസമൂഹത്തിന്റെ ഇച്ഛാശക്തിയും ഓർമ്മശക്തിയും അതിജീവിക്കാനുള്ള പ്രേരണയും എന്ന് ഇ.വി. സമർത്ഥിക്കുന്നു. മലയാള നോവലിന്റെ ദേശകാലങ്ങൾ എന്ന കൃതിക്ക് 2023-ലെ സാഹിത്യ അക്കാദമി അവാർഡും, ഓടക്കുഴൽ അവാർഡും പ്രൊഫ. സി.വി. എൻ സാഹിത്യ പുരസ്കാരവും ലഭിച്ചു.അക്ഷരവും ആധുനികതയും എന്ന ഗ്രന്ഥത്തിന് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിക്കുകയുണ്ടായി. കൂടാതെ അനവധി ഫെല്ലോഷിപ്പുകളും ലഭിച്ചിട്ടുണ്ട്.

**പ്രധാനകൃതികൾ**

അക്ഷരവും ആധുനികതയും, വാക്കിലെ സമൂഹം, ദേശീയതകളും സാഹിത്യവും, അനുഭവങ്ങളെ ആർക്കാണ് പേടി, മാധവിക്കുട്ടി: പഠനങ്ങളും രചനകളും (എഡി.), Making it new: Modernism in Malayalam, Marathi and Hindi Poetry, Locating Indian Literature: Texts, Traditions and Translation,

## Keywords

സ്ഥലസങ്കല്പം - ഇന്ദുലേഖ - സരസ്വതീവിജയം - കൊളോണിയൽ ആധുനികത - പൊതുസ്ഥലം - പൊതുമണ്ഡലം - പ്രാന്തദർശനം

## Discussion

ഒരു സാഹിത്യവിമർശകൻ എന്ന നിലയിൽ ഏറെ ശ്രദ്ധ നേടിയ വ്യക്തിയാണ് ഡോ. ഇ.വി. രാമകൃഷ്ണൻ. അദ്ദേഹത്തിന്റെ 'അനുഭവങ്ങളെ ആർക്കാണ് പേടി' എന്ന പുസ്തകത്തിൽ നിന്ന് എടുത്ത നിരൂപണലേഖനമാണ് 'നോവലിലെ സ്ഥലകാലസംയുക്തങ്ങൾ.' സമകാലിക സാഹിത്യത്തെ ഏറ്റവും നൂതനമായ ചിന്താ പദ്ധതികളിലൂടെ അപഗ്രഥിച്ചുകൊണ്ട് വിവിധ സാഹിത്യ വിഭാഗങ്ങളുടെ വളർച്ചയും തളർച്ചയും വിലയിരുത്തുന്ന കൃതിയാണ് 'അനുഭവങ്ങളെ ആർക്കാണ് പേടി'. മലയാളനോവൽ സാഹിത്യത്തിന് ഒന്നേകാൽ നൂറ്റാണ്ടിന്റെ പാരമ്പര്യമുണ്ട്. വൈവിധ്യമാർന്ന അനുഭവലോകമാണ് മലയാള നോവലിൽ ആവിഷ്കൃതമായിരിക്കുന്നത്. ഈ വൈവിധ്യം ഇവിടത്തെ ജീവിതത്തിന്റെ ജൈവവൈവിധ്യം തന്നെയാണ്. മലയാളിയുടെ സാംസ്കാരികചരിത്രത്തിന്റെ രേഖകളാണത്. സ്ഥലകേന്ദ്രീകൃതമായ സാഹിത്യരൂപം എന്ന നിലയിൽ നോവൽ എങ്ങനെ മലയാളിയുടെ സംസ്കാരത്തിൽ ഇടപെടുന്നു എന്ന അന്വേഷണമാണ് ഡോ. ഇ.വി. രാമകൃഷ്ണൻ ഈ ലേഖനത്തിൽ നടത്തിയിരിക്കുന്നത്.

നോവലിൽ രണ്ടുതരം സ്ഥലസങ്കല്പങ്ങൾ ഉണ്ട്. ഒന്ന് ഭൗതികമായ സ്ഥലം, രണ്ട് മാനസികമായ സ്ഥലം. ഒരിക്കൽ യൂറോപ്പ് നമ്മുടെ ബോധത്തിൽ ഭീമാകൃതിപൂണ്ടുനിന്ന സ്ഥലമാണ്. ഇന്ന് യൂറോപ്പിനുപുറത്തുള്ള ലോകങ്ങളും നമ്മുടെ ഭാവനയെ ആകർഷിച്ചുതുടങ്ങി. അങ്ങനെ നമ്മുടെ ദേശ-നാടുസങ്കല്പങ്ങൾ മാറുന്നു. ഒരു നാട് നിർവചിക്കപ്പെടുന്നത് അവിടെ നിലനിൽക്കുന്ന അധികാരബന്ധങ്ങളുടെ പ്രത്യയശാസ്ത്രങ്ങളുടെ കൂടി സ്വാധീനത്താലാണ്. ജാതിവ്യവസ്ഥ കീഴ്ജാതിക്കാരുടെ സഞ്ചാര സ്വാതന്ത്ര്യത്തെ കർശനമായി നിയന്ത്രിച്ചിരുന്നൊരു സമൂഹത്തിൽ മനുഷ്യനും പ്രകൃതിയും തമ്മിലും, ഭിന്നവർഗങ്ങളിൽ പെട്ട മനുഷ്യൻ തമ്മിലും ഉള്ള ബന്ധങ്ങളെ നിർവചിച്ചത് അധികാരബന്ധങ്ങളുടെ പ്രത്യയശാസ്ത്രങ്ങളാണ്.

മലയാളത്തിലെ ആദ്യകാല നോവലുകളായ ചന്തുമേനോന്റെ ഇന്ദുലേഖയിലും പോത്തേരി കുഞ്ഞമ്പുവിന്റെ സരസ്വതീവിജയത്തിലും ദേശത്തെ എഴുതുന്നത് വ്യത്യസ്തമായിട്ടാണ്. കുടുംബബന്ധങ്ങളാണ് ഇന്ദുലേഖയിൽ ചർച്ച ചെയ്യപ്പെടുന്നത്. കൊളോണിയൽ നിയമവാഴ്ചയുടെ സ്വാധീനത്താൽ പുതിയൊരു കുടുംബ സങ്കല്പം ആവിർഭവിക്കുന്നു. ദാമ്പത്യത്തിന്റെ ഗാഢസ്ഥലവും അനുരാഗത്തിന്റെ പുതിയൊരു ഭാഷാവ്യവഹാരവും ഇന്ദുലേഖയിൽ തെളിഞ്ഞു വരുന്നു. കൊളോണിയൽ ആധുനികത സൃഷ്ടിച്ച നാടു-ദേശസങ്കല്പങ്ങളുടെ സ്വാധീനമാണ് ഇന്ദുലേഖയിലെ സ്ഥല-കാല യുഗ്മങ്ങൾ സങ്കീർണ്ണമായി നിർമ്മിക്കപ്പെടാൻ കാരണം. അത് വലിയൊരു അനുഭവസ്ഥലം കൂടിയാണ്. കഥാപാത്രങ്ങളുടെ ആന്തരികലോകം കൂടി ഇന്ദുലേഖ സൃഷ്ടിക്കുന്നുണ്ട്. എന്നാൽ ഇത്തരം ഒരു ആന്തരികലോകം സരസ്വതീവിജയത്തിലില്ല. ഈ നോവലിൽ ആവിഷ്കൃതമാകുന്ന സ്ഥലം പൊതുസ്ഥലമാണ്. ഗൃഹാന്തർഭാഗങ്ങൾ നോവലിൽ വരുന്നില്ലെന്ന് തന്നെ പറയാം. കഥാപാത്രങ്ങളുടെ മനോവ്യാപാരങ്ങളും അനുരാഗചിന്തകളും സ്വപ്നങ്ങളും കേന്ദ്രസ്ഥാനത്തു കാണുന്നില്ല. അടഞ്ഞ ജാതിവ്യവസ്ഥയ്ക്കു പുറത്തുവരാനുള്ള ശ്രമം സരസ്വതീവിജയത്തിൽ നടത്തുന്നുണ്ട്. പരിമിതികൾ ഉണ്ടെങ്കിലും കുഞ്ഞമ്പു ഉപയോഗിക്കുന്ന മതം മാറ്റം അടഞ്ഞ ജാതിവ്യവസ്ഥയ്ക്ക് പുറത്ത് ഒരു സ്ഥലം സങ്കല്പിക്കാനുള്ള ശ്രമമാണ്. നോവലിലുടനീളം കേൾക്കുന്നത് കുഞ്ഞമ്പുവിന്റെ തന്നെ സ്വരമാണ്. എന്നാൽ കീഴാള ബോധത്തെ സമഗ്രമായി ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിലുള്ള ഭാഷാവ്യവ

ഹാരങ്ങൾ കുഞ്ഞമ്പുവിന് ഉപയോഗിക്കാൻ കഴിയാതെ പോയി എന്ന് നിരീക്ഷിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകം പരിഭാഷകളുടെ കാലമായിരുന്നു.1925-ൽ പുറത്തുവന്ന വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങളു'ടെ പരിഭാഷ ഭാഷയിലും ഭാവനയിലും ദൂരവ്യാപകമായ ചലനങ്ങൾ ഉണ്ടാക്കി. പുതിയൊരു മനുഷ്യക്രേന്ദീകൃതദർശനം ആവിർഭവിച്ചു. ഇക്കാലത്ത് നിരവധി ബംഗാളി നോവൽ പരിഭാഷകൾ ഉണ്ടായി. ബങ്കിം ചന്ദ്രചാറ്റർജിയുടെ നോവലുകളിലെ ദേശം ഹൈന്ദവ നവോത്ഥാനത്തിന്റെ സ്ഥൂലലോകത്തെ പെരുപ്പിച്ച് കാട്ടുന്നവയാണ്. ഇത്തരം വ്യവഹാരം ദേശത്തെ ആദർശവത്കരിക്കുകയും വ്യക്തിബന്ധങ്ങളെ തമസ്കരിക്കുകയും ചെയ്യുന്നു. നോവലിലെ സ്ഥലം ആന്തരികമായ അനുഭവലോകമായി. സ്ഥലകാലം എന്നത് സ്വന്തം അനുഭവങ്ങളുടെ സ്ഥലകാലമായി. ഡോസ്റ്റോയെവ്സ്കിയുടെ കൃതികളുടെ പരിഭാഷ തകഴി, ബഷീർ, കേശവദേവ് മുതലായവർക്ക് നാടിനെ കണ്ടെത്താൻ സഹായകമായി. അനുഭവങ്ങളുടെ സൂക്ഷ്മലോകത്തെ ആവിഷ്കരിക്കാൻ ഭാഷാവ്യവഹാരങ്ങളുടെ പ്രാദേശിക രൂപങ്ങളിലേക്ക് അവർ മടങ്ങി. സംഘർഷങ്ങളുടെ പൊതുമണ്ഡലത്തിന് സമാന്തരമായി ഒരു സ്വകാര്യലോകവും ഉണ്ടെന്ന് ഇവർ വ്യക്തമാക്കി. സരസ്വതീവിജയത്തിൽ ഇത്തരം ഒരു സ്വകാര്യലോകമില്ല.

സ്ഥലകാലയുഗ്മങ്ങൾ നിത്യജീവിതത്തിലേക്ക് എത്തിച്ചേർന്നു. പ്രാന്തീയജീവിതം പ്രതിപാദ്യവിഷയമായി. തകഴി, ബഷീർ എന്നിവരുടെ നോവലുകളിൽ സാമൂഹ്യ-രാഷ്ട്രീയത്തിന്റേതായ ഒരു പൊതുമണ്ഡലം കൂടി രൂപപ്പെട്ടു. വരേണ്യദേശീയതയുടെ പൊതുസ്ഥലത്തെ അവർ പ്രശ്നവൽക്കരിച്ചു. അധികാരബന്ധങ്ങളിൽ അധിഷ്ഠിതമായ സ്ഥലകാല യുഗ്മങ്ങളെ കണ്ടെടുത്തു. സാമൂഹ്യസ്ഥലവുമായി ബന്ധപ്പെട്ട കഥാപാത്രങ്ങളാണ് തകഴിയുടെ നോവലുകളിൽ മിക്കതും. ഒപ്പം തന്നെ മനുഷ്യമനസുകളുടെ പ്രേരണകളും ചോദനകളും നിറഞ്ഞ ഇരുണ്ട അന്തർസ്ഥലങ്ങളെ പറ്റിയുള്ള ബോധവും തകഴിയുടെ ആഖ്യാനത്തിൽ ഉണ്ട്. ദേശരാഷ്ട്രത്തിന്റെ കേവലസങ്കല്പങ്ങൾക്കകത്ത് ഒതുങ്ങുന്നതല്ല ബഷീറിന്റെ ലോകസങ്കല്പമെന്ന് അദ്ദേഹത്തിന്റെ കൃതികൾ എല്ലാം തന്നെ തെളിയിക്കുന്നു. സ്ഥലത്തിന്റെ ചിഹ്നവ്യവസ്ഥയിൽ രാഷ്ട്രമാവാൻ അത് വിസമ്മതിക്കുന്നു. ദേശത്തിന്റെ അധികാരയുക്തിക്ക് വഴങ്ങാത്ത ഒരു എതിർലോകനിർമ്മിതിയാണ് ബഷീറിന്റേത്. അധികാരത്തെക്കുറിച്ച് ബഷീറിനുള്ളത് ഒരുതരം പ്രാന്തദർശനമാണ്. സ്ഥലത്തെപ്പറ്റിയുള്ള അകം/പുറം ദ്വന്ദ്വത്തെ ബഷീർ കൃതികൾ അപനിർമ്മിക്കുന്നു. ദേശരാഷ്ട്രത്തിന്റെ രേഖീയതയെ നിഷേധിക്കുന്ന കർതൃത്വമാണ് ബഷീറിന്റെ ഉൾനാടുകളെ വാസയോഗ്യമാക്കുന്നത്. അവിടെ എല്ലാം ചലനാത്മകവും സംഭവബഹുലവുമാണ്. അധികാരത്തെക്കുറിച്ചുള്ള ഈ പ്രാന്തദർശനമാണ് ബഷീർ കൃതികളെ മൗലികമാക്കുന്നത്.

ആധുനികതയുടെ കാലത്ത് സ്ഥലകാല സങ്കല്പത്തിൽ വീണ്ടും കാര്യമായ മാറ്റം സംഭവിക്കുന്നു. ആന്തരികജീവിതത്തിന്റെ ആഴങ്ങളും ചുഴലികളും അനുഭവപ്പെടുന്നു. അനുഭവത്തിന്റെ സ്വത്വത്തിന്റെ മാനകരൂപങ്ങൾ സാമൂഹ്യരാഷ്ട്രീയ സ്ഥലങ്ങളിൽ ആധിപത്യം നേടുന്നു. സാമൂഹ്യസ്ഥലത്തുനിന്ന് പിൻമാറി കഥാപത്രങ്ങൾ ദേശരാഷ്ട്രത്തിന്റെ വ്യവഹാരങ്ങളിൽ നിന്നു പുറത്തേക്കു തെറിച്ചുപോയവരാകുന്നു. പ്രദേശങ്ങളിൽ നിന്നു പുറത്താക്കപ്പെട്ടവരും ദേശങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടവരുമാണ് ആധുനിക നോവലിലെ മിക്ക കഥാപാത്രങ്ങളും. ഇടുങ്ങിയ സ്ഥലം എന്ന സങ്കല്പനം കടന്നുവരുന്നു. 60 കൾക്ക് മുമ്പ് നാട്ടിൽ നിന്ന് പുറത്തേക്ക് പോവുന്ന കഥാപാത്രങ്ങൾ കേന്ദ്ര സ്ഥാനത്ത് വരുമ്പോൾ അറുപതുകളിലും അതിനു ശേഷവും പുറത്ത് നിന്ന് അന്യരായി തിരിച്ചു വരുന്ന മനുഷ്യർ കഥാപാത്രമായെത്തുന്നു. പ്രദേശങ്ങളിൽ അധികം മുഴുകാതെ തെറ്റിപ്പിരിഞ്ഞുനിൽക്കുന്ന ഒരംശം ആധുനികകഥകളിലെയും നോവലുകളിലെയും കഥാപാത്രങ്ങളിൽ ഉണ്ട്.

സ്വാതന്ത്ര്യാനന്തരം ദേശ-രാഷ്ട്രത്തിന്റെ ചിഹ്നങ്ങൾ പൊതുമണ്ഡലത്തിന്റെ അതിർത്തി നിർണയിക്കാനാരംഭിച്ചു. ഏകശിലാരൂപമായ ദേശീയതകൾക്കുവേണ്ടി ഭരണകൂടങ്ങൾ നിലകൊണ്ടു. പ്രാദേശികതകളെ സംശയിച്ചു തുടങ്ങി. ദേശീ

യതയുടെ പേരിൽ ഭരണകൂടങ്ങൾ രണോത്സുകമായ പ്രത്യയശാസ്ത്രങ്ങൾ നിർമ്മിച്ചു. ഒ.വി. വിജയന്റെ ധർമ്മപുരാണത്തെ ഉദാഹരിച്ചു കൊണ്ടാണ് ഈ നിരീക്ഷണം നടത്തുന്നത്. ധർമ്മപുരാണത്തിൽ ഭരണകൂടവും പൗരസമൂഹവും തമ്മിലുള്ള അതിർത്തികൾ ഇല്ലാതാവുന്നു. ബദൽ ദർശനത്തിനു വേണ്ടിയുള്ള അന്വേഷണമാണ് നടത്തുന്നത്. അത് സ്വകാര്യത എന്ന ആശയത്തെ തന്നെ അപ്രസക്തമാക്കുന്നു. 60-കൾക്ക് ശേഷം വന്ന നോവലുകൾ ദേശത്തിന്റെ ന്യായീകരണങ്ങളാവാൻ വിസമ്മതിക്കുന്നത് കാണാം. എണ്ണപ്പാടം, നെല്ല്, അഘോരശിവം തുടങ്ങിയ നോവലുകൾ ഉദാഹരണം. സാറാ ജോസഫിന്റെ ആലാഹയുടെ പെൺമക്കളിലെത്തുമ്പോൾ മുതലാളിത്തത്തിന്റെ, ആഗോള സംസ്കാരത്തിന്റെ പൊള്ളയായ ആർഭാടത്തിന്റെ ഏറ്റവും തീക്ഷ്ണമായ വിമർശനങ്ങളാണ് കാണാൻ സാധിക്കുക. പുതിയൊരു കാഴ്ചാസംസ്കാരത്തെ അവതരിപ്പിക്കുകയാണിവിടെ. വിമർശനാത്മകമായ യഥാതഥ രീതിയെന്നാണ് ഇത്തരം നോവലുകളെ വിശേഷിപ്പിച്ചത്. ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു 'ദൽഹി' നോവലുകൾ. ആനന്ദിന്റെ നോവലുകളിൽ ചരിത്രമോ സ്ഥാപനങ്ങളോ സ്വന്തമായിട്ടില്ലാത്ത പുറമ്പോക്കുകളിൽ ജീവിക്കുന്ന നാടോടികളുടെ സ്വത്വമില്ലായ്മയാണ് ലോകങ്ങളിൽ നിന്ന് സ്വയം മോചിപ്പിക്കാനുള്ള വഴിയെന്ന് ആനന്ദ് കരുതുന്നു. ഇ.വി. രാമകൃഷ്ണന്റെ അഭിപ്രായത്തിൽ നാടോടി ജീവിത ദർശനം അവതരിപ്പിക്കാൻ കഴിയുന്ന ഒരു സ്ഥലകാല യുഗ്മം ആനന്ദിൽ ലഭ്യമില്ല എന്നാണ്. നാടിനെ എഴുതിക്കൊണ്ടേ മലയാളനോവലിന് ദേശത്തെ മറികടക്കാനാകൂ. സ്ഥലം ഒരു പ്രത്യയശാസ്ത്രനിർമ്മിതിയാണ്.ആഖ്യാനത്തിന്റെ സൂക്ഷ്മ ദൃഷ്ടിയിലാണ് അതിന്റെ മാനങ്ങൾ വെളിപ്പെടുന്നത്. സമകാല മലയാളനോവൽ ചെറിയ ഭൂവിഭാഗങ്ങളെ എഴുതുന്നതിലൂടെ പ്രാന്തസമൂഹങ്ങളുടെ ജീവിതചിത്രണം സാധ്യമാക്കുന്നുണ്ട്.

## അവലോകനം

നോവലിലെ സ്ഥലകാല സംയുക്തങ്ങൾ എന്ന ലേഖനത്തിൽ മലയാളനോവലിന്റെ ചരിത്രത്തിലെ നാഴികകല്ലുകളായ പല നോവലുകളെയും ഉദാഹരിച്ചുകൊണ്ട് മാറുന്ന സാംസ്കാരിക ജീവിതം കാണിച്ചു തരുന്നു. നോവലെന്ന സാഹിത്യരൂപമാണ് കേരളീയ ജീവിതത്തിന്റെ ജൈവ വൈവിദ്ധ്യത്തെ അടയാളപ്പെടുത്തുന്നതിന് കാര്യമായ പങ്ക് വഹിച്ചത്. ഈ പഠനം സ്ഥല കേന്ദ്രീകൃതമായ സാഹിത്യരൂപമെന്ന നിലയിൽ നോവൽ എങ്ങനെ സംസ്കാരത്തിൽ ഇടപെടുന്നു എന്നതിനെകുറിച്ചാണ്. ഇന്ദുലേഖയും സരസ്വതീവിജയവും ദേശത്തെ എഴുതുന്നത് വ്യത്യസ്തമായാണ്. കൊളോണിയൽ ആധുനികതയാണ് ഇന്ദുലേഖയിൽ ഉള്ളത്. ഇന്ദുലേഖയെക്കാൾ പ്രദേശത്തെ പ്രതിപാദിക്കുന്നത് സരസ്വതീവിജയമാണ്. നോവൽ ആവിഷ്കരിക്കുന്നത് പൊതുസ്ഥലത്തെയാണ്. തകഴിയുടെയും ബഷീറിന്റെയും നോവലുകളിലെ സ്ഥലകാലയുഗ്മങ്ങളെ പിന്നീട് പരിശോധിക്കുന്നു. അറുപതുകൾക്ക് ശേഷം വന്ന നോവലുകളിൽ അയഥാർത്ഥമായൊരു സ്ഥലകാലയുഗ്മമുണ്ടെന്ന് കണ്ടെത്തുന്നു. വിമർശനാത്മക യഥാതഥ സങ്കേതം ആ കാലഘട്ടത്തിലെ നോവലുകളുടെ പ്രത്യേകതയാണ്. എന്നാൽ ആനന്ദിന്റെ നോവലുകൾ ഇതിൽ നിന്ന് വ്യത്യസ്തവുമാണ്. സ്ഥലം ഒരു പ്രത്യയശാസ്ത്ര നിർമ്മിതിയാണെന്ന് തീർച്ചപ്പെടുത്തുന്നു. ആഖ്യാനത്തിന്റെ സൂക്ഷ്മ ദൃഷ്ടിയിലാണ് അത് വെളിപ്പെടുന്നത്.

## Recap

- വർത്തമാനപത്രങ്ങളും ആനുകാലികങ്ങളും രൂപപ്പെടുത്തിയ പൊതുമണ്ഡലത്തിനകത്താണ് കഥ, നോവൽ തുടങ്ങിയ സാഹിത്യരൂപങ്ങൾ വികസിച്ചത്
- വൈവിധ്യമാർന്ന അനുഭവ ലോകം മലയാള നോവലിനുണ്ട്
- ഭൗതിക സ്ഥലം മാനസിക സ്ഥലം - എന്നിങ്ങനെ രണ്ട് സ്ഥല സങ്കൽപം ഉണ്ട്
- അധികാരബന്ധങ്ങളുടെ പ്രത്യയശാസ്ത്രസ്വാധീനവും നാടിനെ നിർവചിക്കുന്നതിലുണ്ട്
- കൊളോണിയൽ നിയമവാഴ്ചയുടെ കുടുംബ ബന്ധങ്ങളാണ് ഇന്ദുലേഖയിലുള്ളത്
- സരസ്വതീവിജയത്തിൽ ആവിഷ്കൃതമാകുന്ന സ്ഥലം പൊതുസ്ഥലമാണ്
- അടഞ്ഞ ജാതിവ്യവസ്ഥയിൽ നിന്ന് പുറത്ത് വരാനുള്ള ശ്രമം സരസ്വതീവിജയത്തിലുണ്ട്
- കീഴാള ബോധത്തെ ഉൾക്കൊള്ളാൻ ശേഷിയുള്ള ഭാഷാവ്യവഹാരം സരസ്വതീവിജയത്തിലില്ല
- ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലം പരിഭാഷകളുടേതായിരുന്നു
- ഹൈന്ദവ നവോത്ഥാനത്തിന്റെ സ്ഥൂല ലോകത്തെ പെരുപ്പിച്ച് കാട്ടുന്നവയാണ് ബങ്കിം ചന്ദ്ര ചാറ്റർജിയുടെ നോവലുകൾ
- സംഘർഷങ്ങളുടെ പൊതുമണ്ഡലത്തിന് സമാന്തരമായി ഒരു സ്വകാര്യ ലോകം ഉണ്ട്
- സാമൂഹ്യസ്ഥലവുമായി ബന്ധപ്പെട്ട കഥാപാത്രങ്ങളാണ് തകഴിയുടെ നോവലുകളിലുള്ളത്
- ദേശരാഷ്ട്രത്തിന്റെ കേവലസങ്കല്പങ്ങൾക്കകത്ത് ഒതുങ്ങുന്നതല്ല ബഷീറിന്റെ ലോകസങ്കല്പം
- അധികാരത്തെ കുറിച്ച് ബഷീറിനുള്ളത് ഒരു തരം പ്രാന്തദർശനമാണ്
- പ്രദേശങ്ങളിൽ നിന്നും ദേശങ്ങളിൽ നിന്നും പുറത്താക്കപ്പെട്ടവരാണ് ആധുനിക നോവലിലെ മിക്ക കഥാപാത്രങ്ങളും
- മുതലാളിത്തത്തിന്റെയും ആഗോള സംസ്കാരത്തിന്റെയും സൂക്ഷ്മവിമർശനമാണ് ആലാഹയുടെ പെൺമക്കളിലുള്ളത്
- നാടിനെ എഴുതികൊണ്ട് മാത്രമേ നോവലിന് ദേശത്തെ മറികടക്കാനാവൂ
- സ്ഥലം ഒരു പ്രത്യയശാസ്ത്ര നിർമിതിയാണ്

## Objective Questions

1. മിഖായിൽ ബക്തിന്റെ സിദ്ധാന്തങ്ങളെ ആസ്പദമാക്കി ആരുടെ കൃതികളെയാണ് ഇ.വി. രാമകൃഷ്ണൻ പഠനവിധേയമാക്കിയത്?
2. 2023 – ലെ സാഹിത്യ അക്കാദമി അവാർഡ് നേടിയ ഇ.വി. രാമകൃഷ്ണന്റെ കൃതിയേത്?
3. നോവലിലെ സ്ഥലകാല സംയുക്തങ്ങൾ എന്ന ലേഖനം ഏതു കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ്?
4. ലേഖനത്തിൽ പറയുന്ന നോവലിലെ സ്ഥലകാല സംയുക്തങ്ങൾ ഏതൊക്കെ?
5. സരസ്വതീവിജയം ആരുടെ നോവൽ?
6. പാവങ്ങൾ രചിച്ചതാര്?
7. ആലാഹയുടെ പെൺമക്കൾ എന്ന നോവൽ എഴുതിയത് ആര്?
8. അടഞ്ഞ ജാതിവ്യവസ്ഥയെ പുറത്ത് കൊണ്ടു വരാനുള്ള ശ്രമം ഈ നോവലിനുണ്ട്. ഏതു നോവലിനെ കുറിച്ചാണ് ഇങ്ങനെ അഭിപ്രായപ്പെടുന്നത്?
9. ധർമ്മപുരാണം ആരെഴുതിയ നോവലാണ്?
10. ദേശരാഷ്ട്രത്തിന്റെ കേവല സങ്കല്പങ്ങൾക്കകത്ത് ഒതുങ്ങുന്ന ലോകസങ്കല്പമല്ല ഈ എഴുത്തുകാരന്റെ കൃതികളിലുള്ളത്. ആരുടെ രചനകളെക്കുറിച്ചാണ് ഇ.വി ഇങ്ങനെ അഭിപ്രായപ്പെട്ടത്?

## Answers

1. കുഞ്ചൻനമ്പ്യാരുടെ തുള്ളൽ കൃതികൾ
2. മലയാള നോവലിന്റെ ദേശകാലങ്ങൾ
3. അനുഭവങ്ങളെ ആർക്കാണ് പേടി
4. ഭൗതിക സ്ഥലം, മാനസിക സ്ഥലം
5. പോത്തേരി കുഞ്ഞമ്പു
6. വിക്ടർ ഹ്യൂഗോ
7. സാറാ ജോസഫ്
8. സരസ്വതീവിജയം
9. ഒ.വി. വിജയൻ
10. ബഷീർ

## Assignments

1. നോവലിലെ സ്ഥലകാല സങ്കല്പത്തെക്കുറിച്ചുള്ള ഇ.വി. രാമകൃഷ്ണന്റെ നിരീക്ഷണങ്ങളെ ക്രോഡീകരിക്കുക.
2. മാറി വരുന്ന സ്ഥലകാല സങ്കല്പത്തെ നോവലുകൾ ഉദാഹരണമായി സ്വീകരിച്ചുകൊണ്ട് വിശദീകരിക്കുക.

## Reference


1. ഇ.വി. രാമകൃഷ്ണൻ, അനുഭവങ്ങളെ ആർക്കാണ് പേടി, ഡി.സി.ബുക്സ്, കോട്ടയം.
2. ഇ.വി. രാമകൃഷ്ണൻ, മലയാള നോവലിന്റെ ദേശകാലങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. ഡോ. കുമാർ ജെ, ഡോ. കെ. ഷിജു(എഡി.), ആധുനികാനന്തര മലയാള നോവൽ, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.




SREENARAYANAGURU OPEN UNIVERSITY

# യൂണിറ്റ് - 4
# നല്ലവനായ കാട്ടാളൻ
### ഡോ. ടി.പി. സുകുമാരൻ

## Learning Outcomes

- ആധുനിക വിമർശന പദ്ധതി പരിചയപ്പെടുന്നു
- ടി.പി. സുകുമാരന്റെ വിമർശന രീതി അറിയുന്നു
- കടമ്മനിട്ട രാമകൃഷ്ണന്റെ കാട്ടാളൻ എന്ന കവിത പരിചയപ്പെടുന്നു
- കാട്ടാളനിലെ വിമോചക ബിംബത്തെ മനസ്സിലാക്കുന്നു
- നല്ലവനായ കാട്ടാളൻ എന്ന ബിംബം എന്തെന്നറിയുന്നു
- രക്ഷക സങ്കല്പം മനസ്സിലാക്കുന്നു
- അറുപതുകളിലെ നാടകങ്ങളിലെ രക്ഷകബിംബം അന്വേഷിക്കുന്നു
- പ്രകൃതി ചൂഷണവും സോഷ്യലിസ്റ്റ് ആശയങ്ങളും പരിചയപ്പെടുന്നു
- പിതൃ ബിംബങ്ങളെ കവിതയിൽ കണ്ടെത്തുന്നു
- ഫ്രോയിഡിന്റെ മനഃശാസ്ത്രചിന്തകളെ അടിസ്ഥാനമാക്കി അപഗ്രഥിക്കുന്നു

## Prerequisite

തൊണ്ണൂറുകളോടെയാണ് ആധുനിക വിമർശനം മലയാളത്തിൽ ശക്തമായത്. യൂറോപ്യൻ ആധുനികതയുടെ വിചാരമാതൃകയിൽ മലയാള സാഹിത്യകൃതികളെ വിമർശന വിധേയമാക്കുന്ന രീതിയാണ് അന്ന് അവലംബിച്ചിരുന്നത്. സാഹിത്യകൃതികളെ വിമർശനത്തിന് സ്വീകരിച്ചിരുന്ന ആവേശം എന്തുകൊണ്ടോ കലാവിമർശനത്തിന് ലഭിച്ചിരുന്നില്ല. ഇതര മാധ്യമങ്ങളിലെ ആവിഷ്ക്കാരങ്ങളെപ്പറ്റി അന്വേഷിക്കുന്ന വിമർശകർ മലയാളത്തിൽ വളരെ കുറവാണ്. അതുകൊണ്ടുതന്നെ ഒരു കാലഘട്ടത്തിലെ അനുഭവ സങ്കീർണതകളെ വ്യത്യസ്ത മാധ്യമങ്ങൾ എപ്രകാരമാണ് ആവിഷ്കരിച്ചത് എന്ന് അവർക്ക് തിരിച്ചറിയുവാൻ കഴിഞ്ഞില്ല. സാഹിത്യേതര മാധ്യമങ്ങളിലെ സാന്ദര്യശാസ്ത്രചിന്തകൾക്ക് വിപുലമായ പ്രചാരം ലഭിച്ചിരുന്നില്ലെങ്കിലും ടി.പി. സുകുമാരന്റെ കലാദർശനങ്ങൾ വലിയ ജനശ്രദ്ധ നേടിയിരുന്നു. മലയാളത്തിലെ ആധുനികതയുടെ രൂപാന്തരത്തെപ്പറ്റിയുള്ള അന്വേഷണം കൂടിയായിരുന്നു അദ്ദേഹത്തിന്റെ ലേഖനങ്ങൾ.

തീക്ഷ്ണമായ സാമൂഹ്യ പരിവർത്തനോത്സുകത പ്രകടിപ്പിച്ചിരുന്ന കൃതികളെയാണ് ടി.പി. സുകുമാരൻ പഠനത്തിനായി സ്വീകരിച്ചത്. വ്യവസ്ഥാപിതമായ രാഷ്ട്രീയ വിമർശനം അതിലുണ്ടായിരുന്നു. യൂറോപ്പിൽ ആധുനികതയുടെ ആരംഭഘട്ടത്തിൽ തന്നെ അതിനെതിരായി ചിന്തിച്ച റൂസ്സോവിന്റെ ആധുനികതാ വിരുദ്ധ ആശയങ്ങൾ സുകുമാരൻ കലാവിമർശനത്തിൽ പ്രധാനപ്പെട്ട ഉപകരണമായി സ്വീകരിച്ചിട്ടുണ്ട്. (എ.ടി. മോഹൻ രാജ്, നല്ലവനായ കാട്ടാളൻ 2) വിപ്ലവപ്രസ്ഥാനങ്ങൾക്ക് ക്ഷോഭമുണ്ടാക്കുന്ന രാഷ്ട്രീയ വിവക്ഷകൾ ലേഖനത്തിലുണ്ട്. എൻ.

എൻ. പിള്ള, കടമ്മനിട്ട, പി.എം. താജ് പോലുള്ള വ്യവസ്ഥാപിത രാഷ്ട്രീയബോധത്തിനും സദാചാരമൂല്യ സങ്കല്പത്തിനും അതീതരായ കലാകാന്മാരുടെ കലാ പ്രവർത്തനങ്ങളെയാണ് ടി.പി. സുകുമാരന് പഥ്യം. സമൂലമായ സാമൂഹ്യ മാറ്റത്തിന് കല ഉപയോഗിക്കുവാൻ ഈ കലാകാരന്മാർ ശ്രമിച്ചു. ഇവരുടെ ആവിഷ്കാരങ്ങളെ ശ്രദ്ധയിൽപ്പെടുത്താനാണ് ടി.പി ശ്രമിച്ചത്. സമഗ്രമായ സാംസ്കാരിക വിമർശനത്തിന്റെ ചേർച്ചയും ചാരുതയും കൊണ്ട് ഏറെ ആശയ സംവാദങ്ങൾക്ക് വഴിമരുന്നിട്ടതാണ് ടി.പി. സുകുമാരന്റെ വിചാരലോകം. കേരള സംസ്കൃതിയെ ആഴത്തിൽ വിശകലനം ചെയ്യുന്നതായിരുന്നു അദ്ദേഹത്തിന്റെ വിമർശനങ്ങൾ.

**ടി.പി. സുകുമാരൻ**



മലയാളത്തിലെ പ്രമുഖനായ നാടകകൃത്തും സാംസ്കാരിക പ്രവർത്തകനും അധ്യാപകനും കലാവിമർശകനുമായിരുന്നു ഡോ. ടി.പി. സുകുമാരൻ. കണ്ണൂർ ജില്ലയിൽ ജനനം. സംഗീതശാസ്ത്രം, നാടോടി വിജ്ഞാനം, ചിത്രകല, പരിസ്ഥിതി പഠനം, സാഹിത്യവിമർശനം തുടങ്ങിയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. സാഹിത്യവിമർശനത്തിൽ കേസരിയുടെ വിമർശനരീതിയെയാണ് പിന്തുടർന്നിരുന്നത്. ഡ്രൈഡനും ഫെയർ ചൈൽഡും തുടങ്ങി വച്ച് റൂസ്സോയിലൂടെ മൂർത്ത രൂപം പ്രാപിച്ച 'നല്ലവനായ കാട്ടാളൻ' എന്ന രാഷ്ട്രീയ സങ്കല്പനത്തെ മലയാള നിരൂപണ ശാഖയിലേക്ക് സമന്വയിപ്പിച്ചു. നാടകം കണ്ണിന്റെ കലയെന്ന സംവാദാത്മകമായ ഗ്രന്ഥവും നാടുഗദ്ദിക പോലുള്ള നാടക നിരൂപണങ്ങളും ടി.പി. യുടെ വിമർശനത്തിന്റെ പ്രധാന രേഖകളാണ്. ആയഞ്ചേരി വല്യശ്മാൻ എന്ന വെള്ളരി നാടകവും രചിച്ചിട്ടുണ്ട്. ദക്ഷിണായനം എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്.

**പ്രധാനകൃതികൾ**

ദക്ഷിണായനം, നിരാസം, ദൗത്യം, നല്ലവനായ കാട്ടാളൻ, നാടകം കണ്ണിന്റെ കല, പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിനൊരു മുഖവുര, ആയഞ്ചേരി വല്യെശമാൻ(നാടകം), പ്രതിഭാനപഥം.

## Keywords

നല്ലവനായ കാട്ടാളൻ - രക്ഷക ബിംബം - വിജ്ഞ പിതാമഹൻ - ആദിപ്രരൂപം - പ്രകൃതിചൂഷണം - പിതൃബിംബം- കലിഗുല - പ്രകൃത്യുപാസന - സൈലന്റ് വാലി പ്രക്ഷോഭം - വിമോചക ബിംബം

## Discussion

മൗലികമായ നിരീക്ഷണങ്ങളും ധീരമായ കണ്ടെത്തലുകളും കൊണ്ട് മലയാളസാഹിത്യ വിമർശനരംഗത്ത് തന്റേതായ ഇടം കണ്ടെത്തിയ വിമർശകനാണ് ഡോ. ടി.പി. സുകുമാരൻ. എഴുപതുകളിൽ തുടങ്ങി കടമ്മനിട്ട രാമകൃഷ്ണന്റെ കവിതകളിൽ പലവുരു പ്രത്യക്ഷപ്പെട്ട കാട്ടാളനിലെ വിമോചകബിംബത്തെക്കുറിച്ച് പഠിക്കുന്ന ലേഖനമാണ് ഡോ. ടി.പി. സുകുമാരന്റെ 'നല്ലവനായ കാട്ടാളൻ'. ആദ്യം ഒരു പ്രളയം, അതിനെ തുടർന്ന് ഒരു സൃഷ്ടി എന്ന വിപ്ലവനിയമത്തിൽ വിശ്വസിച്ച ആരാജകത്വത്തെയും ആസൂത്രണത്തെയും ഒറ്റ നാണയത്തിന്റെ ഇരുപുറങ്ങളിലായി കരുതിയ നല്ലവനായ കാട്ടാളൻ (Noble Savage) എന്ന ബിംബം കടമ്മനിട്ടയുടെ കവിത

യിലെ ശക്തമായ സാന്നിധ്യമായിരുന്നു. ആ കാട്ടാളന്റെ കരുത്ത് ആണ് കടമ്മനിട്ടയുടെ കവിതകളിൽ കാണുന്നത്.



കടമ്മനിട്ട രാമകൃഷ്ണൻ

കടമ്മനിട്ടയുടെ കവിതകളിൽ മാത്രമല്ല 70-കളിലെ കേരളീയ കലാരംഗങ്ങളിൽ എല്ലാം കാട്ടാളൻ പൂജാബിംബമായി തീരുന്നുണ്ട്. കടമ്മനിട്ട കവിതയിൽ തന്നെ ഇത് പല രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. 'കിരാതവൃത്തം' എന്ന കവിതയിൽ "ഇവൻ നെഞ്ചത്തു കുത്തിയ പന്തത്തിൽ സൃഷ്ടിവാഞ്ചയുടെ തീ കത്തുന്നുണ്ടായിരുന്നു". എന്നും 'ശാന്ത' എന്ന കവിതയിലെത്തുമ്പോൾ ഊഷരമായ ഭൂമിയെ ഉർവ്വരമാക്കി തീർക്കുവാൻ അവൻ ഇണയോട് നടത്തിയ ക്ഷണത്തിലും അതേ തീ കത്തുന്നുണ്ടായിരുന്നു. ഈ തീയിൽ നിന്നുള്ള വിപ്ലവാവേശമാണ് യുവ മനസ്സുകളിൽ ഇടം പിടിച്ചത്.

ഗോത്രവർഗ്ഗകാലം മുതൽത്തന്നെ സമൂഹം പ്രതിസന്ധിയിൽപ്പെടുമ്പോൾ രക്ഷകനായി എത്തുന്ന ഒരാളെക്കുറിച്ചുള്ള സ്വപ്നം നില നിന്നിരുന്നു. ഗോത്ര കാലഘട്ടത്തിൽ ഗോത്ര തലവൻ എന്ന രക്ഷകൻ ഉണ്ടായിരുന്നു. ആധുനിക കാലത്ത് കലാകാരനിലും രാഷ്ട്രീയ നേതാവിലും സമൂഹം രക്ഷകനെ കണ്ടെത്തുന്നു. ഈ രക്ഷകന് യുങ്ങിന്റെ വിജ്ഞപിതാമഹൻ (archaic wise man) എന്ന ആദിപ്രരൂപവുമായി ബന്ധമുണ്ട്. ഈ ആദിപ്രരൂപത്തിന്റെ ഉയിർത്തെഴുന്നേൽപ്പാണ് ഓരോ കാലത്തും സംഭവിക്കുന്നത്. പാബ്ലോ നെരൂദയും മഹാത്മാഗാന്ധിയും ഇത്തരത്തിലുള്ള രക്ഷകബിംബങ്ങൾ ആണ്. എന്നാൽ സ്വാതന്ത്ര്യാനന്തരം ഗാന്ധിജിക്കുള്ള രക്ഷകസ്ഥാനം ദുർബലമാകുന്നു. അമ്പതുകളിലും അറുപതുകളിലും ഗാന്ധിബിംബം വീണ്ടും ദുർബലമാവുന്നു. എഴുപതുകളിൽ ഗാന്ധി ഏതാണ്ട് പൂർണ്ണമായും നിഷ്ക്രമിക്കുന്നു. അവിടെയാണ് പുതിയ പല്ലും നഖങ്ങളുമായി നിൽക്കുന്ന കാട്ടാളൻ കേരളീയ കലാരംഗത്ത് ഉയർന്നുവന്നത്. "ഗാന്ധിജിയുടെ അരയിൽ തൂക്കിയ ഘടികാരം പഴഞ്ചനാണ്" എന്ന് കെ.ജി. ശങ്കരപ്പിള്ള നടത്തിയ പ്രസ്താവനയും (വരും വരും എന്ന പ്രതീക്ഷ) വിഷം പുരട്ടിയ അമ്പുമേന്തി മുണ്ഡിതത്വത്തിൽ നിന്നുണർന്നു വരാൻ ഗാന്ധിജിയുടെ ടൈപ്പ് ആയ ബുദ്ധനോട് സച്ചിദാനന്ദൻ നടത്തിയ അപേക്ഷയും (പനി) ഇതിന്റെ സൂചനയായിരുന്നു.

മലയാള നാടകരംഗത്ത് അറുപതുകളുടെ അവസാനം മുതൽ തന്നെ രക്ഷകനുവേണ്ടിയുള്ള ദാഹം നിലനിൽക്കുന്നു. എൻ.എൻ. പിള്ള, പി.എം. താജ്, സുകുമാരൻ വേങ്ങര, എം.ടി. വാസുദേവൻനായർ എന്നിവരുടെ നാടകങ്ങൾ ഈ രക്ഷക സങ്കല്പത്തെ ജ്വലിപ്പിക്കുന്നു. എൻ.എൻ. പിള്ളയുടെ 'മരീചിക', 'ഞാൻ സ്വർഗത്തിൽ' എന്ന നാടകത്തിലും ഈ രക്ഷക സങ്കല്പം ഉണ്ട്. ഞാൻ സ്വർഗ്ഗത്തിൽ എന്ന നാടകത്തിൽ കുഞ്ചൻ നമ്പ്യാരെയാണ് എൻ.എൻ. പിള്ള രക്ഷകനായി അവതരിപ്പിച്ചത്. സിനിമയിലും ഇത്തരം രക്ഷക ബിംബങ്ങൾ ഉയർന്നുവരുന്നു. ഉത്തരായനം, തമ്പ് തുടങ്ങിയ സിനിമകൾ ഉദാഹരണം. ആധുനിക നാഗരികതയിൽ നിന്ന് രക്ഷ പ്രാപിക്കുവാൻ രണ്ടു ഉപായങ്ങളാണ് ഉള്ളത്. ഒന്നുകിൽ സ്ഥിരമായി ഒരിടത്ത് ഉറച്ച ഗോത്ര ജീവിതത്തിലേക്ക് അല്ലെങ്കിൽ സഞ്ചരിക്കുന്ന ഗോത്രജീവിതത്തിലേക്ക് മടങ്ങുക എന്നത്. അതായിരുന്നു ഈ സിനിമകളിലെ രക്ഷാമാർഗ്ഗം.

എഴുപതുകൾ ആയപ്പോൾ കാട്ടാളൻ നേരിട്ട് രംഗത്തുവന്നു. അടിമത്തലവന്റെയും ഗദ്ദികകാരന്റെയും വേഷത്തിലാണ് രക്ഷകൻ വേദിയിൽ എത്തിയത്. പി.എം. താജിന്റെ കനലാട്ടം, സുകുമാരൻ വെങ്ങേരിയുടെ വിപാടനം, കോഴിക്കോട് സാംസ്കാരിക വേദിയുടെ സ്പാർട്ടക്സ് തുടങ്ങിയവ ഉദാഹരണം. എഴുപതുകളിൽ എത്തുന്ന രക്ഷകനായ കാട്ടാളൻ മറ്റൊരു സന്ദേശം കൂടി

നൽകുന്നു. പ്രകൃതിയിലേക്ക് മടങ്ങുന്നതിന്റെ സന്ദേശം. ഇവിടെ കാട്ടാളൻ പ്രകൃതിക്കിണങ്ങിയ പ്രകൃതനാണ്. നാഗരികതയിലാണ് പ്രകൃതിചൂഷണം പരകോടിയിൽ എത്തുന്നത്. പ്രകൃതിചൂഷണമില്ലാതിരുന്ന പ്രാകൃതസമൂഹം മാതൃകയാവണം. പ്രകൃതിസമ്പത്തിന്റെ അധികാരി തൊഴിലാളിവർഗ്ഗമാണ്. അത് ഒരു സോഷ്യലിസ്റ്റ് ചിന്തയാണ്. ഭൂമിയിലെ ധാന്യവിളകളും നാണ്യവിളകളും ഉൽപ്പാദിപ്പിക്കുന്നത് കൃഷിക്കാരാണ്. ഖനിജങ്ങൾ ഫാക്ടറിത്തൊഴിലാളികളും. എന്നാൽ അതിന്റെ സൗഭാഗ്യങ്ങളിൽ നിന്നിവർ മാറ്റിനിർത്തപ്പെട്ടു. ഇവിടെ അഹിംസകൊണ്ട് നഷ്ടപ്പെട്ട സൗഭാഗ്യങ്ങൾ വീണ്ടെടുക്കാനാവില്ല. നഷ്ടപ്പെട്ടതു തിരിച്ചുപിടിക്കാൻ നിഷ്ഠൂരമായ ഉപായങ്ങൾ വേണം. യുവതലമുറയ്ക്ക് ഹിംസാമൂർത്തിയായ ഒരു മഹാപുരുഷൻ വേണം. അങ്ങനെയാണ് യോഗക്ഷേമകാരിയായ കാട്ടാളൻ രക്ഷകനായി തിരഞ്ഞെടുക്കപ്പെടുന്നത്.

ചരിത്രത്തിന്റെ എല്ലാ ഘട്ടങ്ങളിലും ചൂഷണത്തിനു നേതൃത്വം നൽകുന്ന അച്ഛൻ ബിംബങ്ങൾ കാണാം. ചരിത്രത്തിൽ നടന്ന രാഷ്ട്രീയ വിപ്ലവങ്ങളെ അച്ഛൻ വധമായി വ്യാഖ്യാനിക്കാം. എന്നാൽ അച്ഛനെ വധിക്കാൻ വിധിക്കപ്പെടുന്ന മക്കൾ അന്തഃസംഘർഷം അനുഭവിക്കുന്നു. അച്ഛനെ കൊല്ലാൻ മക്കൾ വരുത്തുന്ന കാലതാമസമാണ് വിപ്ലവങ്ങൾക്കുണ്ടാകുന്ന കാലതാമസം. അബേൽ കമ്യുവിന്റെ 'കലിഗുല' എന്ന നാടകം ഈ ഇതിവൃത്തമാണ് കൈകാര്യം ചെയ്യുന്നത്. ഗോത്രകാലഘട്ടത്തിനുശേഷം ഈ പിതൃഹത്യ കൂടെക്കൂടെ നടക്കാത്ത ഒന്നായി. പകരം പിതാക്കന്മാർ സ്ഥാനത്യാഗം ചെയ്തു. പുതിയ ആശയങ്ങൾ പഴയതിനെ കൊന്നു. അതിനെയാണ് സാംസ്കാരികപുരോഗതി എന്നു വിളിച്ചത്. ശാസ്ത്രമത വിപ്ലവങ്ങൾ അടക്കമുള്ള സാംസ്കാരിക വിപ്ലവങ്ങൾ ധാരാളമായി നടന്നു. ഫ്രഞ്ചുവിപ്ലവം, ബോൾഷേവിക് വിപ്ലവം മുതൽക്കുള്ള രാഷ്ട്രീയവിപ്ലവങ്ങൾ ആകട്ടെ കുറച്ചുമാത്രം നടന്നു. ആശയവധം ഏറെ നടന്നതിനാൽ രക്ഷകന്മാർ കൊലചെയ്യപ്പെടാതെ വിജ്ഞപിതാമഹന്റെ ഛായയായി വർത്തിച്ചു പിൻവാങ്ങി. എങ്കിലും ഗാന്ധി വധിക്കപ്പെട്ടു. എന്നാൽ ഗാന്ധിയെ വധിച്ച ഗോഡ്സെ അദ്ദേഹത്തിന്റെ പുത്രസമൂഹത്തെ പ്രതിനിധീകരിക്കുന്ന വ്യക്തിയല്ല. ഗാന്ധിവധം ആശയപരമായ വധമായിരുന്നു. സോഷ്യലിസ്റ്റ് ആശയം മൗലികത്വം പൂണ്ടപ്പോഴാണ്, കമ്മ്യൂണിസത്തിൽ കൂടുതൽ ഊന്നലോടെ പ്രത്യക്ഷപ്പെട്ടപ്പോഴാണ് കാട്ടാളൻ എന്ന രക്ഷകന്റെ പിറവി ഉണ്ടായത്. കിട്ടാവുന്നതിൽ വച്ച് ഏറ്റവും മൂല്യമുറ്റ രക്ഷകൻ ഇവൻ തന്നെ.

ലേഖനത്തിന്റെ അവസാന ഭാഗത്ത് 1970-കളിലെ കവിതയിൽ പ്രത്യക്ഷമായ പ്രകൃതി ഉപാസനയെ സാമൂഹ്യ മനഃശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ അപഗ്രഥിക്കുന്നുണ്ട്. അത് സിഗ്മണ്ട് ഫ്രോയിഡ് മുൻപോട്ട് വെച്ച ഈഡിപ്പസ് മാനസ സങ്കീർണതയുടെ ആവിഷ്കാരമായിരുന്നു. അച്ഛനെ കൊന്ന് അമ്മയെ ഭരിക്കുവാനുള്ള പുത്രന്റെ അബോധ വാഞ്ഛയാണിത്. പ്രകൃതി, ഭൂമി തന്നെയാണല്ലോ അമ്മ. എഴുപതുകളിൽ ഉയർന്നുവന്ന സൈലന്റ് വാലി പ്രശ്നങ്ങളിലേക്ക് ശ്രദ്ധ തിരിക്കാനായത് കടമ്മനിട്ടയുടെ 'കുഞ്ഞേ മുലപ്പാൽ കുടിക്കരുത്' പോലെയുള്ള കവിതകളുടെ സ്വാധീനത്താലാണ്. സൈലന്റ് വാലി പ്രശ്നത്തെ അധികരിച്ചെഴുതിയ കവിതകളെ 'മരക്കവിതകൾ'എന്നു പുച്ഛിച്ചു. എന്നാൽ അതിന് അതിന്റേതായ മൂല്യമുണ്ട്. കാട്ടാളനെ രക്ഷകനായി കണ്ട കേരളീയൻ പ്രകൃതിയെ (സൈരന്ധ്രിയെ) തിന്നാൻ സംസ്കൃതി എന്ന കീചകനെ അനുവദിച്ചു കൂടാ എന്ന് നിർബന്ധമുണ്ടായിരുന്നു. വിപ്ലവം നടത്തുക കലാകാരന്മാരുടെ ജോലിയല്ല. എന്നാൽ വിപ്ലപവചിന്തകളെ ജ്വലിപ്പിച്ചുനിർത്താൻ അവർക്ക് കഴിയും. അല്ലാത്ത സന്ദർഭങ്ങളിലെല്ലാം കലാരംഗം വിഷാദഭരിതമാകുന്നു. നാല്പതുകളിൽ ഇടപ്പള്ളിക്കവിതകളുടെ കാലം വിഷാദഭരിതമായിരുന്നു. എഴുപതുകളിൽ ഒരു ജ്വലനം സംഭവിക്കുന്നു. സാമൂഹ്യമാറ്റത്തെ സ്വപ്നം കാണാൻ കേരളീയജനതയ്ക്ക് പ്രേരണയായത് കടമ്മനിട്ടയുടെ നല്ലവനായ കാട്ടാളനാണ്. കാട്ടാളൻ എന്ന വിമോചകബിംബമാണ്.

## അവലോകനം

ആധുനിക വിമർശന രംഗത്ത് ധൈഷണിക ചിന്ത കൊണ്ട് വേറിട്ടു നിന്ന വിമർശകനാണ് ടി.പി. സുകുമാരൻ. കലാവിമർശനമായിരുന്നു

അദ്ദേഹത്തിന്റെ വിമർശന മേഖല. കടമ്മനിട്ട രാമകൃഷ്ണന്റെ കവിതകളിൽ പലപ്പോഴും പ്രത്യക്ഷപ്പെടാറുള്ള കാട്ടാള ബിംബത്തെ പഠനവിധേയമാക്കുന്ന ലേഖനമാണ് നല്ലവനായ കാട്ടാളൻ. കവിതകളിലെ ശക്തമായ ബിംബമായിരുന്നു കാട്ടാളന്റേത്. ഗോത്രകാലം മുതൽ നിലനിന്നിരുന്ന രക്ഷകബിംബം ആധുനിക കാലത്ത് സാഹിത്യകാരിലോ രാഷ്ട്രീയ നേതാക്കളിലോ രക്ഷകനെ അന്വേഷിക്കുന്നു. അക്കാലത്തെ നാടകങ്ങളിലും സിനിമകളിലും രക്ഷകബിംബത്തെ കാണാൻ സാധിക്കും. 70-കളിൽ കാട്ടാളൻ രക്ഷക വേഷത്തിൽ കലയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. പിതൃബിംബങ്ങളുടെ തകർച്ചയും ഇതിന് കാരണമാകും. എഴുപതുകളിലെ സൈലന്റ് വാലി പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട കവിതകളിൽ ഈഡിപ്പസ് സ്വാധീനം ഉണ്ട്. സാമൂഹ്യമാറ്റത്തിന് കേരളീയജനതയ്ക്ക് പ്രേരണയാകാൻ കടമ്മനിട്ടയുടെ കാട്ടാളന് കഴിഞ്ഞു.

## Recap

- 90-കളിലാണ് ആധുനിക വിമർശനം ശക്തമായത്
- യൂറോപ്യൻ ആധുനികതയുടെ വിചാരമാതൃകകൾ സ്വീകരിച്ചു
- തീക്ഷണമായ സാമൂഹ്യ പരിവർത്തനോത്സുകത പ്രകടിപ്പിച്ച കൃതികളെ പഠനവിധേയമാക്കി
- കേസരിയുടെ വിമർശന രീതിയാണ് പിന്തുടർന്നത്
- കാട്ടാളനിലെ വിമോചക ബിംബത്തെ കുറിച്ച് പഠിക്കുന്ന ലേഖനമാണ് നല്ലവനായ കാട്ടാളൻ
- നല്ലവനായ കാട്ടാളൻ കടമ്മനിട്ട കവിതകളിലെ ശക്തമായ സാന്നിധ്യമാണ്
- ഗോത്രകാലത്ത് തന്നെ രക്ഷക സങ്കല്പം ഉണ്ടായിരുന്നു
- രക്ഷകന് യുങ്ങിന്റെ വിജ്ഞപിതാമഹൻ എന്ന ആദിപ്രരൂപവുമായി ബന്ധമുണ്ട്
- നാടകരംഗത്ത് രക്ഷകനുവേണ്ടിയുള്ള ദാഹം 60-കളുടെ അവസാനം മുതൽ ഉണ്ട്
- ഉത്തരായനം, തമ്പ് തുടങ്ങിയ സിനിമകളിൽ രക്ഷകബിംബം ഉണ്ട്
- യുവതലമുറയ്ക്ക് ഹിംസാമൂർത്തിയായ മഹാപുരുഷൻ വേണം
- ചൂഷണത്തിന് നേതൃത്വം നൽകുന്ന അച്ഛൻ ബിംബങ്ങൾ
- ഫ്രോയിഡിന്റെ ഈഡിപ്പസ് കോംപ്ലക്സിന്റെ സ്വാധീനം
- പ്രകൃതി ചൂഷണത്തിന് പ്രാധാന്യം വന്നു
- സൈലന്റ് വാലി പ്രക്ഷോഭം കവിതകളിൽ പ്രതിഫലിച്ചു
- കാട്ടാളൻ വിമോചകബിംബമാണ്

## Objective Questions

1. നല്ലവനായ കാട്ടാളൻ ആരുടെ ലേഖനം?
2. ടി.പി. സുകുമാരന്റെ കലാ വിമർശനത്തിന് പ്രേരണയായ യൂറോപ്യൻ ആധുനിക വിമർശകൻ?
3. കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ ടി.പി. സുകുമാരന്റെ കൃതി?
4. ആയഞ്ചേരി വല്യെശമാൻ ആരെഴുതിയ നാടകം?
5. കാട്ടാളൻ എന്ന കവിത രചിച്ചതാര്?
6. കടമ്മനിട്ട കവിതയിലെ ശക്തമായ ബിംബം ഏത്?
7. രക്ഷകബിംബത്തിന് യുങ്ങിന്റെ ഏത് ആദിപ്രരൂപവുമായാണ് സാമ്യം?
8. ഗാന്ധിജിയുടെ അരയിൽ തൂക്കിയ ഘടികാരം പഴഞ്ചനാണ് – ഈ പ്രസ്താവം നടത്തിയ എഴുത്തുകാരൻ?
9. മരീചിക ആരുടെ നാടകം?
10. പിതൃഹത്യ പ്രമേയമായ അബേൽ കമ്യുവിന്റെ നാടകം?
11. ഈഡിപ്പസ് കോംപ്ലക്സ് ആരുമായി ബന്ധപ്പെട്ട സിദ്ധാന്തമാണ്?
12. സൈലന്റ് വാലി പ്രശ്നത്തെ അധികരിച്ച് കടമ്മനിട്ട എഴുതിയ കവിത?
13. മരക്കവിതകൾ എന്ന് പുച്ഛിച്ച കവിതകൾ ഏതിനെ പ്രശ്നവൽക്കരിച്ചവയാണ്?

## Answers

1. ഡോ. ടി.പി. സുകുമാരൻ
2. റൂസ്സോ
3. ദക്ഷിണായനം
4. ടി.പി. സുകുമാരൻ
5. കടമ്മനിട്ട രാമകൃഷ്ണൻ
6. നല്ലവനായ കാട്ടാളൻ
7. വിജ്ഞപിതാമഹൻ
8. കെ.ജി. ശങ്കരപ്പിള്ള
9. എൻ.എൻ. പിള്ള
10. കലിഗുല
11. സിഗ്മണ്ട് ഫ്രോയിഡ്
12. കുഞ്ഞേമുലപ്പാൽ കുടിക്കരുത്
13. സൈലന്റ് വാലി പ്രക്ഷോഭം

## Assignments

1. ടി.പി. സുകുമാരന്റെ ആധുനിക ധൈഷണിക ചിന്താപദ്ധതികളെക്കുറിച്ച് ഉപന്യസിക്കുക.
2. കടമ്മനിട്ടക്കവിതയിലെ നല്ലവനായ കാട്ടാളൻ എന്ന സങ്കല്പത്തെ വിശദീകരിക്കുക.
3. നല്ലവനായ കാട്ടാളൻ എന്ന ലേഖനത്തിലെ ആധുനിക ചിന്തകൾ ക്രോഡീകരിക്കുക.

## Reference


1. ടി.പി. സുകുമാരൻ, നല്ലവനായ കാട്ടാളൻ, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
2. കടമ്മനിട്ട രാമകൃഷ്ണൻ, കടമ്മനിട്ടയുടെ കവിതകൾ, ഡി.സി.ബുക്സ്, കോട്ടയം.
3. എ.ടി. മോഹൻ രാജ്, നല്ലവനായ കാട്ടാളൻ 2, (ലേഖനം), Wtplive.in, August, Issue 67

# യൂണിറ്റ് - 5
# എന്തൊരു പൂതമാണീ മഹാബലി
### കൽപ്പറ്റ നാരായണൻ

## Learning Outcomes

- ആധുനികോത്തര വിമർശന പദ്ധതികളെ മനസ്സിലാക്കുന്നു
- കൽപ്പറ്റ നാരായണന്റെ കൃതികളെ പരിചയപ്പെടുന്നു
- ഇടശ്ശേരിയുടെ പൂതപ്പാട്ട് എന്ന കവിതയെ പഠിക്കുന്നു
- ഇടശ്ശേരിയുടെ കാവ്യ സങ്കല്പം പരിചയപ്പെടുന്നു
- മഹാബലിയുടെ കഥയ്ക്ക് പൂതവുമായുള്ള സാമ്യം പരിശോധിക്കുന്നു
- ഇടശ്ശേരി കവിതയിലെ പ്രകൃതി ബോധം അറിയുന്നു

## Prerequisite

ആധുനികതയിൽ നിന്നു വ്യത്യസ്തമായ സാഹിത്യസമീപനങ്ങൾ സമകാല നിരൂപണ പദ്ധതികൾക്ക് ഉണ്ട്. ആധുനികത ഉൾപ്പെടെയുള്ള പാരമ്പര്യങ്ങളെ പുനർവായനയ്ക്കും പുനർമൂല്യവിചാരത്തിനും വിധേയമാക്കുന്നതാണ് ഉത്തരാധുനിക വിമർശനം. 1990-കൾ മുതലാണ് ആധുനികതയിൽ നിന്ന് വ്യത്യസ്തമായ ഭാവുകത്വപരിസരം മലയാള സാഹിത്യത്തിലുണ്ടാകുന്നത്. ആധുനികതയുടെ തുടർച്ചയെന്നോ വിച്ഛേദമെന്നോ ഇതിനെ വിശേഷിപ്പിക്കുന്നുണ്ട്. പാശ്ചാത്യ ഉത്തരാധുനിക സാഹിത്യസിദ്ധാന്തങ്ങളെയും ഭാഷാശാസ്ത്രചിന്തകളെയും തത്വചിന്താ പദ്ധതികളെയും സ്വാംശീകരിച്ചു കൊണ്ടാണ് സമകാല വിമർശനം പ്രചാരത്തിലായത്. സമകാലസാഹിത്യ വിമർശനത്തിൽ പുനർവായനകൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. സാഹിത്യാസ്വാദനത്തിൽ പുതിയ അനുഭവതലത്തെ സൃഷ്ടിക്കാനുള്ള ശ്രമം പുനർവായനയ്ക്കുണ്ട്. വായനയിലൂടെ ചരിത്രത്തെ അന്വേഷണ വിധേയമാക്കുന്നു. സൂക്ഷ്മവായന എഴുത്തുകാരന്റെ അനുഭവ ചിന്താമണ്ഡലത്തിൽ നിന്നും വ്യതിരിക്തമായ ആശയങ്ങളെ സൃഷ്ടിച്ചെടുക്കാൻ പര്യാപ്തമാണ്. ആധുനിക ജീവിതം നേരിടുന്ന പ്രതിസന്ധികളെ ഭൂതകാല പ്രവൃത്തികളുമായി ഘടിപ്പിച്ചു കൊണ്ട് നിരീക്ഷിക്കാവുന്നതാണ്.

ശക്തിയുടെ കവിയെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇടശ്ശേരിയുടെ കവിതകളിൽ മിത്തുകളുടെ പ്രഭാവം ധാരാളം കാണാം. മനുഷ്യന്റെ ചരിത്ര ഘട്ടങ്ങളെക്കുറിച്ചുള്ള ചിന്തയിൽ അവൻ നേടിയ നേട്ടങ്ങൾ പരാജയത്തിലേക്കായിരുന്നു എന്നുള്ള സൂചനകൾ കവിതകളിലുണ്ട്. എക്കോളജിക്കലി സെക്കന്ററി സ്പീഷ്യസായിരുന്ന മനുഷ്യൻ എക്കോളജിക്കലി ഡൊമിനന്റ് സ്പീഷ്യസ് ആകുന്ന കാലത്ത് പ്രകൃതിയെ വരുതിയിലാക്കുകയും ആധിപത്യം നേടുകയും ചെയ്യുന്നു. ഇടശ്ശേരിയുടെ പൂതപ്പാട്ട് എന്ന കാവ്യത്തിൽ പാരിസ്ഥിതികമായി മനുഷ്യൻ മറ്റെല്ലാ ജീവജാലങ്ങളെയും പോലെ അഗണ്യനായിരുന്ന ഒരു കാലത്തുനിന്ന് മറ്റെല്ലാ ജീവജാലങ്ങളെക്കാൾ ഗണ്യനായ അഥവാ മറ്റെല്ലാ ജീവജാലങ്ങളെയും രണ്ടാംതരമാക്കിയ ഒരു

കാലത്തിലേക്കുള്ള പരിണാമത്തെക്കുറിച്ചുള്ള ഒരു വിചിത്ര കല്പനയാണ് പൂതപ്പാട്ട് എന്ന കാവ്യം. കാലക്രമേണ പ്രകൃതി അതിന്റെ പ്രഭാവങ്ങൾ ഒക്കെ കൈയൊഴിയുന്നതിനെക്കുറിച്ചുള്ള ബോധമുണ്ട് ഇടശ്ശേരിയിൽ. പുതുനാഗരികത നിസഹായനാക്കിയ മനുഷ്യന്റെ ചിത്രമാണ് പൂതത്തിലുള്ളത്.

**കൽപ്പറ്റ നാരായണൻ**



വയനാട്ടിലെ കൽപ്പറ്റയിൽ ജനനം. കവി, അധ്യാപകൻ, നോവലിസ്റ്റ്, ഉപന്യാസകാരൻ, സാഹിത്യ വിമർശകൻ, സാംസ്കാരിക നിരീക്ഷകൻ എന്നീ നിലകളിൽ ശ്രദ്ധേയൻ. സമകാല സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ ഇടപെടുകയും നിരീക്ഷണങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു. വീട്ടിലും നാട്ടിലുമല്ല കാവ്യലോകത്താണ് ഞാൻ കൂടുതൽ കഴിഞ്ഞത് അതിനാൽ കാവ്യലോകത്തെ അതിശയങ്ങളാണ് കവിതയെക്കുറിച്ചുള്ള പഠനങ്ങൾ എന്ന് അദ്ദേഹം പറയുന്നു. പോയ കാലത്തെ ചില കവികളെയെങ്കിലും വ്യാപ്തിയോടെ അറിഞ്ഞ കിറുക്കൻ എന്നാണ് അദ്ദേഹം സ്വയം വിശേഷിപ്പിച്ചത്. ആശാൻ കവിതകളെക്കുറിച്ചുള്ള 'പ്രബുദ്ധതയുടെ ശില്പങ്ങൾ' എന്ന ലേഖനം ശ്രദ്ധേയമാണ്. ഇടശ്ശേരി, ആറ്റൂർ, പി. കുഞ്ഞിരാമൻനായർ, വൈലോപ്പിള്ളി, ചങ്ങമ്പുഴ, തുടങ്ങിയവരുടെ കവിതകളെയും ആധുനിക ആധുനികോത്തര കവികളുടെ കവിതകളെയും പഠനവിധേയമാക്കിയിട്ടുണ്ട്. ബഷീർ പുരസ്കാരം, കേരള സാഹിത്യ അക്കാദമി അവാർഡ്, പത്മപ്രഭാ പുരസ്കാരം, ഡോ.ടി. ഭാസ്കരൻ അവാർഡ്, പ്രവാസി മലയാളി അവാർഡ്, വി.ടി. കുമാരൻ അവാർഡ് തുടങ്ങി ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

**പ്രധാനകൃതികൾ**

ഈ കണ്ണടയൊന്ന് വെച്ചു നോക്കൂ, ഒഴിഞ്ഞ വൃക്ഷഛായയിൽ, ഏതിലയും മധുരിക്കുന്ന കാടുകളിൽ, സമയ പ്രഭു, തത്സമയം, ഇത്രമാത്രം, നിഴലാട്ടം, ഒരു മുടന്തന്റെ സുവിശേഷം, കോന്തല, കറുത്തപാൽ, എന്റെ ബഷീർ, മറ്റൊരു വിധമായിരുന്നെങ്കിൽ, സൗന്ദര്യം വെളുപ്പുമായി ഒരുടമ്പടിയിലും ഒപ്പു വച്ചിട്ടില്ല, കയർ മുറുകുകയാണ് തുടങ്ങിയവ പ്രധാന കൃതികൾ.

## Keywords

പൂതപ്പാട്ട് - മഹാബലി - മനുഷ്യപരിണാമം - പ്രകൃതിബോധം

## Discussion

ഇടശ്ശേരി ഗോവിന്ദൻനായരുടെ 'പൂതപ്പാട്ടി'നെ സർഗ്ഗാത്മകമായി വായിക്കുന്ന അദ്ദേഹത്തിന്റെ ലേഖനമാണ് 'എന്തൊരു പൂതമാണീ മഹാബലി'. കൽപ്പറ്റ നാരായണന്റെ 'ഏതിലയും മധുരിക്കുന്ന കാടുകളിൽ'എന്ന ഗ്രന്ഥത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ് ഈ ലേഖനം. മലബാറിന്റെ സാമൂഹിക പശ്ചാത്തലത്തിൽ ദുർബലരെയാണ് പൂതമെന്ന് വിളിക്കുന്നത്. ഈ ലോകത്തിൽ ജീവിക്കുന്നത് കഠിനമെന്നും ബുദ്ധിമുട്ടാണെന്നും പറയുന്നു. കുശലതയേക്കാൾ നിഷ്കളങ്കതയോടാണ് ജനങ്ങൾക്കിഷ്ടം. അക്കില്ലസിന്റെ കഥ ഇതോർമ്മിപ്പിക്കുന്നുണ്ട്. അനുകമ്പ തോന്നുന്ന

കഥാപാത്രങ്ങളോടുള്ള ഇഷ്ടം ചരിത്രത്തിലുടനീളുണ്ട്. ഇടശ്ശേരിയുടെ പൂതപ്പാട്ടിനോട് നമ്മൾക്കു പ്രിയം ഈ അനുകമ്പയാണോ എന്നും ഒരു കാലത്ത് നമ്മളെ നിയന്ത്രിച്ച് ഭരിച്ചിരുന്ന പൂതം ദുർബലയായി മാറുന്നതെങ്ങനെയെന്നും ഈ ലേഖനത്തിൽ അന്വേഷിക്കുന്നു.

ഒരു കാലത്ത് ശക്തയായിരുന്ന പൂതം കാലാന്തരത്തിൽ ദുർബലയായി മാറിയ കഥയാണ് പൂതപ്പാട്ട്. മലബാറുകാരുടെ ഗ്രാമജീവിതത്തിൽ നിരാലംബതയുടെ പ്രതീകമായി അവരുടെ ഓർമ്മകളിൽ ഇന്നും പൂതം ജീവിക്കുന്നു. ഒരിക്കൽ പൂതം അതിശക്തയായിരുന്നു. ആളുകളെ വഴി തെറ്റിച്ച്, കരിമ്പനകളിൽ മായാജാലം കാട്ടി കൊന്നുതിന്നുന്ന ദുഷ്ടയായിരുന്നു. കാറ്റായും നരിയായും തീയായും പുലിയായും വന്ന് പൂർവ്വികരെ അപായപ്പെടുത്തി. എന്നാൽ ഒരമ്മ തന്റെ ഉണ്ണിയെ അപഹരിച്ച ഭൂതത്തെ ധൈര്യവും കൗശലവും ത്യാഗവും കൊണ്ട് അതിജീവിക്കുന്നു. തോറ്റുമടങ്ങിയ ഭൂതം അഭയാർത്ഥിനിയായി വർഷാവർഷം ഓരോ വീട്ടിലും എത്തുന്നു. ഭൂതം ഇടശ്ശേരിയുടെ ഭൂതകാലം കൂടിയാണ്. ഇടശ്ശേരിയുടെ ബാല്യത്തിൽ കണ്ട പല തേജസ്സുകൾ ഒട്ടിച്ചേർന്ന ദേവതാ സങ്കല്പമാണ് പൂതം. അയൽക്കാരേക്കാൾ പരിചയം ദേവതകളെ ആയിരുന്നു. മുറ്റത്തെ പിച്ചക വള്ളിപ്പടർപ്പിന് മറപറ്റി നിൽക്കുന്ന വെള്ളവസ്ത്രക്കാരായ രക്ഷസ്സുകൾ, ഏട്ടൻ മന്ത്രം ചൊല്ലി പൂജ കൊടുക്കുന്ന ഭുവനേശ്വരി, തേരുവാഴ്ചയിലെ മുല്ലപ്പൂമണക്കാരിയായ യക്ഷി ഇങ്ങനെ പല സങ്കല്പങ്ങളിൽ വിഹരിക്കുന്ന പൂതമാണ് ഇടശ്ശേരിയുടെ പൂതപ്പാട്ടിലെ പൂതം.

കൗതുകങ്ങളും നിസ്സഹായതകളും നിറഞ്ഞ നിഷ്കളങ്കബാല്യത്തിന് ആദിമ കാലത്തിന്റെ ഛായയുണ്ട്. ആദിമ മനുഷ്യൻ നിസ്സഹായനായിരുന്നു. കേട്ടിട്ടില്ലേ എന്ന് ചോദിച്ചു തുടങ്ങുന്ന കാവ്യം കവിയിലെ ബാലന്റെ കാലമുപയോഗിച്ച് മനുഷ്യനിലെ ബാലന്റെ കാലത്തെ അറിയലാണ്. ഏതു സാഹചര്യത്തിലും മകനെ കൈവിടാത്ത അമ്മ പല ചരിത്രഘട്ടങ്ങളിലെ അമ്മമാരെല്ലാമാണ്. മനുഷ്യൻ അതിജീവിച്ച കാലത്തിന്റെ പ്രതിരൂപമാണ് പൂതപ്പാട്ടിലെ പൂതം എന്ന് ലേഖകൻ നിരീക്ഷിക്കുന്നു.

മനുഷ്യന്റെ പരിണാമത്തെക്കുറിച്ചു കൂടിയുള്ള വിചിത്രകല്പനയാണ് പൂതപ്പാട്ട്. കാലം വരുതിയിൽ നിർത്തിയ മനുഷ്യൻ പിന്നെ കാലത്തെ വരുതിയിലാക്കുന്നു. എന്നാൽ ഇതൊരു വിജയകഥയല്ല. അമ്മയോടുള്ള ആരാധനയേക്കാൾ പൂതത്തിനോടുള്ള അനുകമ്പയിലാണ് കാവ്യം വിരമിക്കുന്നത്. പൂതം പാവമാണ്. അത് പണ്ട് നമ്മൾക്ക് തന്നതാണ്. ഇന്നു കൊടുക്കാഞ്ഞാൽ അതിന് സങ്കടമാവും എന്ന് ആശങ്കപ്പെടുന്നു.പരിണാമത്തിലെ വിജയത്തെക്കാൾ പരിണാമത്തിലെ പരാജയത്തെക്കുറിച്ച് പറയുന്ന കവിതയാണ് പൂതപ്പാട്ട്. പുരോഗതി ദുർബലമാക്കിയ നിരാധാരയാക്കിയ ശക്തിയാണ് പൂതം. ഇടശ്ശേരിയിൽ അല്ല ഇത് തുടങ്ങുന്നത്. കേരളീയരുടെ ദേശീയോത്സവമായ ഓണത്തിലെ മഹാബലിയുടെ അധോഗതിയിലും ഒരു പൂതത്തിന്റെ കഥയുണ്ട്. കാലാന്തരത്തിൽ സംഭവിച്ച പല ബലികളുടെ ആകെത്തുകയായിരുന്നു മഹാബലി. മനുഷ്യൻ അവന്റെ നിലനിൽപ്പിനുവേണ്ടി ചവിട്ടിത്താഴ്ത്തിയതെല്ലാം മഹാബലിയിലുണ്ട്. മഹാബലിയുടെ കഥ കേൾക്കുമ്പോഴൊക്കെ എന്തൊരു പൂതമാണീ മഹാബലി എന്ന് തോന്നാത്തവരുണ്ടോ? കാലാന്തരത്തിൽ സംഭവിച്ച പല ബലികളുടെ ആകെത്തുകയായി മഹാബലിയെ കാണാം. ബാല്യം തൊട്ട് ഓരോ മലയാളിയും അവനവനിലെ അതിജീവനത്തിനു വേണ്ടി ചവിട്ടിത്താഴ്ത്തിയതെല്ലാം മഹാബലിയിലുണ്ട്. പുരോഗതിയുടെ പക്ഷത്ത് നിന്ന് നോക്കുമ്പോൾ അനിവാര്യവും പ്രകൃതിയുടെ പക്ഷത്തുനിന്ന് നോക്കുമ്പോൾ സങ്കടകരവുമായ ഒരു പതനം. പ്രകൃതിക്കുമേൽ ആധിപത്യം നടത്തിയ മനുഷ്യന്റെ പതനത്തിന്റെ കൂടി പാഠം മഹാബലിക്കഥയിലും പൂതപ്പാട്ടിലും ഉണ്ട്.

പുരോഗതി വിരൂപമായൊരു വളർച്ചയാണ്. ഇടശ്ശേരിയുടെ മറ്റു ചില കവിതകളും ഇതിനെ പിന്താങ്ങുന്നു. പെങ്ങൾ, ബുദ്ധനും നരിയും ഞാനും, നെല്ലുകുത്തുകാരി പാറുവിന്റെ കഥ, വിവാഹ സമ്മാനം, കാവിലെ പാട്ട്, പണിമുടക്കം തുടങ്ങിയ രചനകളിലും ഈ ദർശനം കാണാം. ഒരിക്കൽ ക്രൂരയും കുപിതയും ആയിരുന്ന ദേവി ഇന്നെങ്ങനെ സുരഭിലപൂവല്ലി പോലെ സൗമ്യയായി എന്നു പറയുന്ന കാവിലെ പാട്ടിലും

ഒരു പൂതമുണ്ട്. കാലക്രമേണ പ്രകൃതി അതിന്റെ പ്രഭാവങ്ങൾ ഓരോന്നായി കയ്യൊഴിയുന്നതിനെ ക്കുറിച്ചുള്ള ബോധമുണ്ട്. മനുഷ്യ കേന്ദ്രീകൃതമാവുന്ന ഒരു ലോകത്തിൽ എന്തെല്ലാമോ അപര്യാപ്തതകൾ ഉണ്ട്, ആരുടെയോ കരച്ചിൽ ഉണ്ട്, ഏതോ ആരായലുണ്ട്. പൂതപ്പാട്ടിൽ അതെല്ലാം സമൂർത്തത കൈവരിച്ചിരിക്കുന്നു.



ഇടശ്ശേരി ഗോവിന്ദൻ നായർ

ഇടശ്ശേരിക്കവിതയിലെ പ്രകൃതിബോധം എടുത്തുപറയത്തക്കതാണ്. പ്രകൃതിയെ കീഴടക്കി മുന്നേറിയ മനുഷ്യന്റെ അധോഗതിയുടെ ചിത്രം കൂടി ആ കവിതകൾ നമുക്ക് തരുന്നു. മനുഷ്യകേന്ദ്രീകൃതമായ ലോകത്തിന്റെ വൈരൂപ്യം ആ കവിതകൾ കാട്ടിത്തരുന്നു. പഴയ ഇക്കോസിസ്റ്റം തലകീഴ്മറിഞ്ഞു. മനുഷ്യകേന്ദ്രീകൃതമായ പ്രവർത്തനങ്ങളുടെ പരിണാമം മനുഷ്യനെ തന്നെ പൊളിച്ചുതുടങ്ങി. പിന്നിൽ കണ്ണുകൾ ഇല്ലാത്തത് വലിയൊരു പന്തികേടാണെന്ന് അവനിന്ന് ബോധ്യം വന്നിട്ടുണ്ട്. എല്ലാ വിജയങ്ങളിലുള്ള അസന്തുഷ്ടിയും വിജയത്തോടൊപ്പമുള്ള കുറ്റബോധവും പൂതപ്പാട്ട് എന്ന കവിതയിൽ ഉണ്ട്.

## അവലോകനം

ആധുനികത ഉൾപ്പെടെയുള്ള പാരമ്പര്യങ്ങളെ പുനർവായനയ്ക്ക് വിധേയമാക്കുന്നുണ്ട് ഉത്തരാധുനിക വിമർശനം. ശക്തിയുടെ കവിയെന്ന് വിശേഷിപ്പിക്കപ്പെട്ട ഇടശ്ശേരിയുടെ പൂതപ്പാട്ട് എന്ന കാവ്യത്തെ പുനർ വായനയ്ക്ക് വിധേയമാക്കുകയാണ് കവിയും നിരൂപകനുമായ കൽപ്പറ്റ നാരായണൻ. പൂതത്തിലെ അനുകമ്പയാണ് ജനപ്രിയതയ്ക്ക് കാരണമെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ഒരു കാലത്ത് ശക്തയായ പൂതം കാലാന്തരത്തിൽ ദുർബലയായി മാറുന്നു. അഭയാർത്ഥിനിയായി മാറുന്നു. മനുഷ്യ പരിണാമത്തിന്റെ ചരിത്രം കൂടി പൂതപ്പാട്ടിൽ കണ്ടെത്താം. പൂതത്തിന് സമാനമായി മറ്റൊരു മിത്ത് കൂടി ഉണ്ട്. അത് മഹാബലിയുടേതാണ്. അവനവന്റെ അതിജീവനത്തിനായി ചവിട്ടിതാഴ്ത്തിയതിനെയെല്ലാം മഹാബലിയുടെ ബലിയും ചവിട്ടിതാഴ്ത്തലും ഓർമ്മിപ്പിക്കുന്നു. പ്രകൃതിയെ കീഴടക്കി മുന്നേറിയ മനുഷ്യന്റെ അധോഗതിയുടെ ചിത്രം കൂടി കാട്ടിത്തരുന്നു.

## Recap

- പൂതപ്പാട്ടിനെ സർഗാത്മകമായി വായിക്കുന്നു
- ദുർബലരെ പൂതം എന്ന് വിളിക്കുന്നു
- പൂതത്തിന്റെ കൗശലത്തേക്കാൾ നിഷ്കളങ്കതയോടാണ് ജനങ്ങൾക്കിഷ്ടം
- തോറ്റു മടങ്ങിയ പൂതം അഭയാർത്ഥിനിയായി മാറുന്നു
- നിഷ്കളങ്ക ബാല്യത്തിന് ആദിമ കാലത്തിന്റെ ഛായയുണ്ട്
- മനുഷ്യൻ അതിജീവിച്ച കാലത്തിന്റെ പ്രതിരൂപമാണ് പൂതപ്പാട്ടിലെ പൂതം
- മനുഷ്യന്റെ പരിണാമത്തെക്കുറിച്ചുള്ള വിചിത്ര കല്പനയാണ് പൂതപ്പാട്ട്
- കാലം വരുതിയിൽ നിർത്തിയ മനുഷ്യൻ കാലത്തെ വരുതിയിലാക്കുന്നു

- പരിണാമത്തിലെ വിജയത്തെക്കാൾ പരിണാമത്തിലെ പരാജയത്തെക്കുറിച്ച് പറയുന്നു
- മഹാബലിയിലും പൂതത്തിന്റെ കഥയുണ്ട്
- അതിജീവനത്തിനായി ചവിട്ടിത്താഴ്ത്തിയതെല്ലാം മഹാബലിയിലുണ്ട്
- മനുഷ്യപതനത്തിന്റെ പാഠം മഹാബലിക്കഥയിലും പൂതപ്പാട്ടിലും ഉണ്ട്
- മനുഷ്യകേന്ദ്രിത ലോകത്തിന്റെ വൈരൂപ്യം കവിതകളിലുണ്ട്
- വിജയങ്ങളിലുള്ള അസന്തുഷ്ടിയും വിജയത്തോടൊപ്പമുള്ള കുറ്റബോധവും കവിതകളിൽ നിറയുന്നു

## Objective Questions

1. ശക്തിയുടെ കവി?
2. ആശാൻ കവിതകളെ കുറിച്ചുള്ള കൽപ്പറ്റ നാരായണന്റെ ലേഖനം?
3. 'എന്തൊരു പൂതമാണീ മഹാബലി' ഏതു കൃതിയിൽ നിന്നെടുത്ത ലേഖനം ആണ്?
4. പൂതപ്പാട്ടിനോട് ജനങ്ങൾക്ക് പ്രിയം ഏതു കാരണത്താലാണെന്നാണ് ലേഖകൻ പറയുന്നത്?
5. പൂതത്തിന്റെ കഥയുണ്ടെന്നു പറയുന്ന കേരളീയ മിത്ത്?
6. 'എന്തൊരു പൂതമാണീ മഹാബലി' എന്ന് ചോദിച്ച നിരൂപകൻ?
7. ബുദ്ധനും നരിയും ഞാനും ആരുടെ കവിത?
8. ക്രൂരയും കുപിതയുമായ ദേവി സൗമ്യയായി മാറുന്ന കാഴ്ച ഏതു കവിതയിൽ ആണുള്ളത്?
9. വിജയങ്ങളിലുള്ള അസംതൃപ്തിയും വിജയത്തോടുള്ള കുറ്റബോധവും ഉണർത്തുന്ന ഇടശ്ശേരിയുടെ കവിത?

## Answers

1. ഇടശ്ശേരി
2. പ്രബുദ്ധതയുടെ ശില്പങ്ങൾ
3. ഏതിലയും മധുരിക്കുന്ന കാടുകളിൽ
4. പൂതത്തിനോടുള്ള അനുകമ്പ
5. മഹാബലി
6. കൽപ്പറ്റ നാരായണൻ


SREENARAYANAGURU OPEN UNIVERSITY

7. ഇടശ്ശേരി
8. കാവിലെ പാട്ട്
9. പൂതപ്പാട്ട്

## Assignments

1. കൽപ്പറ്റ നാരായണന്റെ കാവ്യ നിരീക്ഷണങ്ങളെ കുറിച്ച് ഉപന്യസിക്കുക.
2. ഇടശ്ശേരിയുടെ പൂതപ്പാട്ടിനെ മനുഷ്യജീവിത പരിണാമവുമായി ബന്ധിപ്പിക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുക.

## Reference


1. കൽപ്പറ്റ നാരായണൻ, കവിതയുടെ ജീവചരിത്രം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. ഇടശ്ശേരി ഗോവിന്ദൻ നായർ, ഇടശ്ശേരിക്കവിതകൾ സമ്പൂർണ്ണം, ഡി.സി.ബുക്സ്., കോട്ടയം.
3. കൽപ്പറ്റ നാരായണൻ, ഏതിലയും മധുരിക്കുന്ന കാടുകളിൽ, ഡി.സി. ബുക്സ്, കോട്ടയം.

BLOCK - 04

# ആധുനികാനന്തര വിമർശനം

# യൂണിറ്റ് - 1
# പൊന്നാനിയിലെ കൃഷിക്കാരൻ

**കെ. സച്ചിദാനന്ദൻ**

## Learning Outcomes

- മാർക്സിയൻ ദർശനം മനസ്സിലാക്കുന്നു
- സച്ചിദാനന്ദന്റെ രചനാലോകം അറിയുന്നു
- ഇടശ്ശേരിയുടെ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക പശ്ചാത്തലം അന്വേഷിക്കുന്നു
- അടിസ്ഥാനവർഗ്ഗാനുഭാവം പരിചയപ്പെടുന്നു
- കൃതികളിലെ പ്രാദേശികത്വം അന്വേഷിക്കുന്നു
- ഇടശ്ശേരിക്കവിതകളിലെ ജനകീയത മനസ്സിലാക്കുന്നു
- സ്ത്രീ ജീവിതാവിഷ്ക്കാരത്തെ കണ്ടെത്തുന്നു
- പുരാണ കഥാഖ്യാനത്തിന്റെ പ്രത്യേകത മനസ്സിലാക്കുന്നു
- പ്രകൃതി ബോധം അന്വേഷിക്കുന്നു
- കവിതകളിലെ മാതൃദേവതാ സങ്കല്പം അന്വേഷിക്കുന്നു
- ആസ്തിക്യചിന്തയും അഹിംസാവാദവും കണ്ടെത്തുന്നു
- കുടുംബബന്ധസങ്കല്പം, കേരളീയത, ഫലിതബോധം, രചനാശൈലി, കാവ്യപ്രത്യയശാസ്ത്രം ഇവ അന്വേഷിക്കുന്നു

## Prerequisite

കാൾ മാർക്സിന്റെയും ഏംഗൽസിന്റെയും രചനകളിൽ നിന്ന് രൂപംകൊണ്ടിട്ടുള്ള തത്വശാസ്ത്രവും അതിനനുയോജ്യമായ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ സിദ്ധാന്തങ്ങളും സാഹിത്യത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. മുതലാളിത്ത വ്യവസ്ഥയിൽ പീഢനങ്ങളനുഭവിക്കുന്ന തൊഴിലാളിവർഗത്തിന്റെ വർഗസമരങ്ങൾക്ക് ഊർജ്ജം പകരാൻ ഈ സാഹിത്യരചനകൾക്ക് സാധിച്ചിട്ടുണ്ട്. തൊഴിലാളികൾ ബൂർഷ്വകൾ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളാണുള്ളത്. ചരിത്രപരമായ ഭൗതിക വാദത്തിൽ അടിയുറച്ചതാണ് മാർക്സിസം. അടിത്തറ മേൽപ്പുര സിദ്ധാന്തം മാർക്സിസ്റ്റ് ദർശനത്തിലെ നിയാമകഘടകമാകുന്നു. ഉൽപ്പാദന ബന്ധങ്ങളും വിനിമയ വിതരണഘടകങ്ങളും ചേരുന്നതാണ് സമൂഹത്തിന്റെ സാമ്പത്തിക ഘടന. ഈ സാമ്പത്തിക ഘടനയെയാണ് അടിത്തറയായി പരിഗണിക്കുന്നത്. അടിത്തറയിലാണ് രാഷ്ട്രീയം, നിയമം, മതം, ഭാഷ, സാഹിത്യം, കല തുടങ്ങിയവ ഉൾപ്പെടുന്ന മേൽപ്പുര അഥവാ ഉപരിഘടനയുണ്ടാകുന്നത്. മനുഷ്യരുടെ മാനസിക ശക്തിയും ആസ്വാദനക്ഷമതയും സൃഷ്ടിയുന്മുഖതയുമെല്ലാം മേൽപ്പുരയുടെ ഭാഗങ്ങളാണ്. അടിത്തറയും മേൽപ്പുരയും തമ്മിൽ ദൃഢമായ പരസ്പരബന്ധമുണ്ട്. ആദാനപ്രദാനവും നടക്കുന്നു. സാമൂഹിക ബോധത്തിന്റെ ഒരു രൂപമെന്ന നിലയിൽ സാഹിത്യം രാഷ്ട്രീയത്തെക്കാൾ സ്വതന്ത്രവും സ്വയം നിശ്ചിതവുമാണ്. സാഹിത്യത്തിന്റെ സ്വയംനിർണയാവസ്ഥയ്ക്ക് ദൂരവ്യാപകമായ പ്രതിഫലനങ്ങളുണ്ട്. ഒരു സാമൂഹിക - സാമ്പത്തിക വ്യവസ്ഥയിലുണ്ടാകുന്ന കലാസാഹിത്യ സൃഷ്ടികൾ

പൊതുവേ നോക്കിയാൽ ആ വ്യവസ്ഥയെ പ്രതിഫലിപ്പിക്കുന്നതായിരിക്കും. സാഹിത്യത്തിന് അന്യമായി ജീവിതത്തിൽ ഒന്നുമില്ലെന്ന യാഥാർഥ്യത്തിൽ മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം ഉറച്ചുനില്ക്കുന്നു. സമൂഹത്തിന്റെ പുനഃസൃഷ്ടിക്കുവേണ്ടി സർഗവ്യാപാരം നടത്തുന്ന സാഹിത്യകാരൻ സ്വാഭാവികമായും, ചൂഷിതരുടെ ചേരിയിലാണ് നിൽക്കേണ്ടത്. ചരിത്രബോധത്തിന്റെ അഭാവത്തിൽ സാഹിത്യവിമർശനം ദുർബലമാകുമെന്ന് മാർക്സിസ്റ്റ് കലാചിന്തകർ അഭിപ്രായപ്പെടുന്നു.സാഹിത്യത്തെ കേവലമായ ആത്മപ്രകാശനമായിട്ടല്ല; സാഹിത്യകാരനും സമൂഹവും തമ്മിലുള്ള വൈകാരികവും വൈചാരികവുമായ ഹൃദയസംവദമായാണ് മാർക്സിസ്റ്റ് ദർശനം കാണുന്നത്. എഴുത്തുകാരന്റെ വ്യക്തിപ്രതിഭയെ മാർക്സിസം അപ്പാടെ നിഷേധിക്കുന്നില്ല. ചൂഷിത വംശത്തിന്റെ ശക്തിയായി നിലകൊണ്ട എഴുത്തുകാരനാണ് ഇടശ്ശേരി. മാർക്സിയൻ ചിന്താപദ്ധതിയുടെ വെളിച്ചത്തിൽ കാവ്യ വിമർശനത്തിൽ ഇടപെട്ടിട്ടുള്ള എഴുത്തുകാരനാണ് സച്ചിദാനന്ദൻ. ഇടശ്ശേരിയുടെ കവിതയിലെ ദേശീയതയും ജനകീയതയും അന്വേഷിക്കുന്ന  സച്ചിദാനന്ദന്റെ ലേഖനമാണ് പൊന്നാനിയിലെ കൃഷിക്കാരൻ.

**കെ. സച്ചിദാനന്ദൻ**



തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ ജനനം.അധ്യാപകൻ, കവി, നിരൂപകൻ, പരിഭാഷകൻ, രാഷ്ട്രീയ ചിന്തകൻ, നാടകകൃത്ത്, എഡിറ്റർ തുടങ്ങി വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ജനകീയ സാംസ്കാരിക വേദിയിലെ സജീവ പ്രവർത്തകനായിരുന്നു. കേന്ദ്രസാഹിത്യ അക്കാദമിയുടെ സെക്രട്ടറിയായും കേന്ദ്രസാഹിത്യ അക്കാദമി പ്രസിദ്ധീകരണമായ Indian Literature - ന്റെ എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. 1970-കളോടെ മലയാള സാഹിത്യത്തിൽ സംഭവിച്ച ഭാവുകത്വ പരിണാമത്തെ വിശദീകരിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന നിരവധി പഠനങ്ങൾ രചിച്ചിട്ടുണ്ട്. മാർക്സിയൻ ചിന്തകളും ഘടനാവാദാനന്തര ചിന്തകളും അടിസ്ഥാനമാക്കി സാഹിത്യത്തെ അപഗ്രഥിച്ചു. മാധ്യമ വിമർശം, പരിസ്ഥിതി, ആരോഗ്യരംഗം, വിദ്യാഭ്യാസം, നാടകവേദി, ചലച്ചിത്രം, ജാതി, ലിംഗം, വർഗ്ഗീയത, സംസ്ക്കാരം തുടങ്ങിയ മേഖലകളിൽ പ്രായോഗിക ഇടപെടലുകൾ നടത്തി. അദ്ദേഹത്തിന്റെ ലേഖനങ്ങളെല്ലാം തന്നെ രാഷ്ട്രീയവും സാമൂഹികവും സൗന്ദര്യാത്മകവുമായ ഇടപെടലുകളുടെ ആവിഷ്ക്കാരങ്ങൾ കൂടിയാണ്. ആധുനികതയുടെ ഘട്ടത്തിൽ വിമർശനരംഗത്തേക്ക് കടന്നുവന്ന സച്ചിദാനന്ദൻ സമകാലീന വിമർശനസങ്കല്പങ്ങളോടുകൂടിയും ഈ രംഗത്ത് തുടരുന്നു. തൊണ്ണൂറുകൾ മുതൽ തന്നെ പരിസ്ഥിതി, ദളിത്, സ്ത്രീപക്ഷപരവുമായ കവിതകളെ വിവർത്തനം ചെയ്തുകൊണ്ടും അവയെക്കുറിച്ചുള്ള പഠനം നടത്തിയും സാഹിത്യവിമർശനത്തിലെ പുതുപ്രവണതകളോട് ഇടപെട്ടു. മലയാളസാഹിത്യ മണ്ഡലത്തിൽ 'പെണ്ണെഴുത്ത്' എന്ന വാക്ക് അവതരിപ്പിച്ചു. സാഹിത്യവിമർശനത്തിൽ നിലനിന്നിരുന്ന മാർക്സിസ്റ്റ് സൈദ്ധാന്തിക ദർശനങ്ങളിൽ പുതിയ ഉൾക്കാഴ്ചകളെ കൂട്ടിച്ചേർത്തു. എല്ലാത്തരത്തിലുമുള്ള കൃതികളേയും വിമർശനത്തിന് വിധേയമാക്കിയിട്ടുണ്ടെങ്കിലും കവിതയിലാണ് സച്ചിദാനന്ദൻ കൂടുതൽ ഊന്നിയത്.

സംസ്കൃത കാവ്യശാസ്ത്രത്തെ പാശ്ചാത്യ സാഹിത്യ സിദ്ധാന്തങ്ങളോട് കൂട്ടിച്ചേർത്തുള്ള നിരൂപണത്തിന്റെ പൊതുപ്രവണതകളോട് സച്ചിദാനന്ദൻ ആദ്യമേ വിയോജിക്കുന്നു. ഇത്തരം കാവ്യ പാരമ്പര്യത്തോട് എതിരിട്ട് കീഴാള സാഹിത്യത്തിലുള്ള ബദൽ സാധ്യതകളെ തന്റെ വിമർശന കൃതികളിൽ അദ്ദേഹം മുൻനിർത്തുന്നുണ്ട്. ആധുനികതയെക്കുറിച്ച് എഴു

തുമ്പോഴും പൊതുപ്രവണതകളിൽ നിന്ന് വിട്ട് ആധുനികതാവാദത്തിന്റെ ചരിത്രത്തിലേക്കും രാഷ്ട്രീയത്തിലേക്കുമാണ് അദ്ദേഹത്തിന്റെ നോട്ടം എത്തിയത്. ആധുനികതയുടെ പൊതുവിചാരപദ്ധതിയെ ഇന്ത്യൻ സാംസ്കാരിക രാഷ്ട്രീയത്തോട് ചേർത്തു നിർത്തി വായിക്കാനാണ് അദ്ദേഹം താൽപര്യമെടുത്തത്. മാർക്സിസത്തിന് ഇന്ത്യൻ സാഹചര്യത്തിൽ ഇഴുകിച്ചേരാൻ സാമ്പത്തിക വർഗ്ഗസങ്കൽപ്പത്തോടൊപ്പം സാമൂഹ്യ വർഗസങ്കൽപ്പവും പ്രധാനമാണെന്ന് അദ്ദേഹം കരുതി.കേരളസാഹിത്യ അക്കാദമി അവാർഡ് അഞ്ച് പ്രാവശ്യം. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, ആശാൻ പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, പി. കുഞ്ഞിരാമൻ നായർ പുരസ്കാരം, കടമ്മനിട്ട പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

**പ്രധാനകൃതികൾ**

അകം, മൊഴി, പുറം, മറന്നുവെച്ച വസ്തുക്കൾ, ബഹുരൂപി, തഥാഗതൻ, എഴുത്തച്ഛനെഴുതുമ്പോൾ, ദേശാടനം, ഇവനെക്കൂടി, കയറ്റം, സാക്ഷ്യങ്ങൾ, അപൂർണ്ണം, വിക്ക്, മലയാളം, കവി ബുദ്ധൻ, അഞ്ചു സൂര്യൻ, പീഡനകാലം തുടങ്ങിയവ പ്രധാനപ്പെട്ട കവിതാ സമാഹാരങ്ങൾ ആണ്.പടിഞ്ഞാറൻ കവിതകൾ, മൂന്നാം ലോക കവിത, ഇന്ത്യൻ കവിത.(വിവർത്തനം)ശക്തൻതമ്പുരാൻ, ഗാന്ധി (നാടകങ്ങൾ), കവിതയും ജനതയും, അന്വേഷണങ്ങൾ, പാബ്ലോ നെരൂദാ ( നാടകങ്ങൾ), കുരുക്ഷേത്രം, സംവാദങ്ങൾ സമീപനങ്ങൾ, സംസ്കാരത്തിന്റെ രാഷ്ട്രീയം, വീണ്ടുവിചാരങ്ങൾ തുടങ്ങി ഇരുപത് ലേഖന സമാഹാരങ്ങൾ.

## Keywords

അടിസ്ഥാനവർഗ്ഗാനുഭാവം - പ്രാദേശികത - ജനകീയത, മർദ്ദിതരോഷം - സ്ത്രീജീവിതാവിഷ്ക്കാരം - പ്രകൃതിബോധം - വിരുദ്ധഭാവങ്ങളുടെസംഘർഷം - കേരളീയത - ഫലിതബോധം - പരിഹാസം - കാവ്യപ്രത്യയശാസ്ത്രം

## Discussion

### ഇടശ്ശേരിയുടെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക പശ്ചാത്തലം

കേരളത്തിന്റെ ഒരു സവിശേഷ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക സന്ധിയിലാണ് ഇടശ്ശേരി ജീവിച്ചിരുന്നത്. ആ കാലഘട്ടത്തിന്റെ വൈരുദ്ധ്യങ്ങളെ സ്വാംശീകരിച്ച്, ആ ചരിത്ര മുഹൂർത്തത്തിൽ വെച്ച് മലയാളിയുടെ സ്വത്വബോധത്തെ സൗന്ദര്യാത്മകമായി നിർവചിക്കാൻ അദ്ദേഹം ശ്രമിച്ചു. കേരളത്തിലെ തൊഴിലാളികൾ, വർഗ്ഗബോധം കൈവരിച്ച് ലോകവിമോചന ദൗത്യം ഏറ്റെടുക്കാൻ കഴിയുന്ന ഒരു വിപ്ലവവർഗ്ഗമായി പരിണമിക്കുകയും, കർഷകത്തൊഴിലാളികൾ തങ്ങൾ കൊയ്യുന്ന വയൽ തങ്ങളുടേതാകുമെന്ന് സ്വപ്നം കാണാനാരംഭിക്കുകയും, കോളനിവിരുദ്ധസമരത്തിന്റെ നേതൃവർഗ്ഗമായി ഇന്ത്യൻ ബൂർഷ്വാസി പ്രാധാന്യമാർജ്ജിക്കുകയും ചെയ്ത ഒരു സമരകാലഘട്ടത്തിന്റെ സാക്ഷിയായിരുന്നു ഇടശ്ശേരി. ഗാന്ധിയൻ-സർവ്വോദയ ആശയങ്ങളോടും മൂല്യങ്ങളോടും ഇടശ്ശേരിക്ക് ശക്തമായ ആഭിമുഖ്യമുണ്ടായിരുന്നു. അതിനാൽ വിപ്ലവകരമെന്നതിനെക്കാൾ പരിഷ്കരണോന്മുഖമായ ഒരു നിലപാടായിരുന്നു ഇടശ്ശേരിയിൽ പ്രബലമായിരുന്നത്. കമ്മ്യൂണിസത്തിന്റെയും സർവോദയത്തിന്റെയും മൂല്യങ്ങളുടെ ഒരു സമന്വയത്തെക്കുറിച്ച് ഇടശ്ശേരി സ്വപ്നം കണ്ടു. തന്റേതായ

ഗ്രാമീണകർഷക വർഗ്ഗ പ്രത്യയശാസ്ത്രത്തിനകത്തു നിന്നുകൊണ്ട് ഇടശ്ശേരി കീഴാളരുമായുള്ള സഹഭാവത്തിലൂടെ കേരളീയ സമുദായഘടനയുടെ പരിണാമത്തിന്റെ വിവിധഘടകങ്ങൾ ഉൾക്കൊണ്ടു. അതിനെ അടിസ്ഥാനമാക്കി അദ്ദേഹം കേരളചരിത്രത്തിന്റെ ഒരു ഘട്ടത്തിന്റെ സമഗ്രചിത്രം സ്വരൂപിച്ചു.

അടിച്ചമർത്തപ്പെട്ട കർഷകരുടെയും തൊഴിലാളികളുടെയും സ്ത്രീകളുടെയും ദുഃഖം ആവിഷ്കരിക്കുന്നതിന് ഇടശ്ശേരി തന്റെ കവിതയിൽ പ്രാമുഖ്യം നല്കി. മലയാള കവിതാചരിത്രത്തിൽ അന്നുവരെ കാണാത്ത ഒരു പ്രവണതയായിരുന്നു അത്. മുൻകാലകവിതകളുടെ പാത അതേപടി പിൻതുടരാതെ, ഇടശ്ശേരി തന്റേതായ ഒരു കാവ്യലോകം സൃഷ്ടിക്കുകയായിരുന്നു. ആർഭാടമില്ലായ്മ, പാരുഷ്യം, ചിന്താനിയന്ത്രണം, പാരമ്പര്യത്തിന്റെ പുനരാവാഹനം, നാടോടിമട്ട് ഇവ കലർന്നതാണ് ഇടശ്ശേരിയുടെ കാവ്യരീതി. അദ്ദേഹം മലയാള കവിതയെ മണ്ണിലേയ്ക്കും സാധാരണ മനുഷ്യർക്കിടയിലേക്കും ഇറക്കിക്കൊണ്ടുവന്നു.

## അടിസ്ഥാനവർഗ്ഗാനുഭാവം

ഇടശ്ശേരിയുടെ അടിസ്ഥാനവർഗ്ഗാനുഭാവം ശക്തമായി കാണപ്പെടുന്ന കവിതകളാണ്, 'പുത്തൻകലവും അരിവാളും' 'പണിമുടക്കം' 'കുടിയിറക്കൽ' 'കാളവണ്ടി' 'ഊർച്ചയും വിത്തുന്നലും' 'ചകിരിക്കുഴി' 'നാളത്തെപ്പാട്ട്' 'അഭിനന്ദനം' 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' തുടങ്ങിയവ. വിളജപ്തിയിലും കുടിയൊഴിക്കലിലും അടങ്ങിയിരിക്കുന്ന ജന്മിത്വത്തിന്റെ ക്രൂരത, സ്വന്തം ദുരിതങ്ങൾക്കെതിരെ പ്രതികരിക്കാനാരംഭിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ സമരോത്സുകത, യാന്ത്രികോത്പാദനത്തിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ട കൈവേലക്കാരുടെ നൈരാശ്യം, നഗരസംസ്കാരത്തോടുള്ള സംശയം കലർന്ന നീരസം, സ്വാതന്ത്ര്യാനന്തരവർഷങ്ങളിൽ പഴയമൂല്യങ്ങൾ നേരിടുന്ന പ്രതിസന്ധി ഇവയെല്ലാം ഇടശ്ശേരിയുടെ കവിതയിൽ തീക്ഷ്ണമായി ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു.

## പ്രാദേശികത

പൊന്നാനിയിലെ ഗ്രാമീണ മനുഷ്യരുടെ ജീവിതത്തെ പശ്ചാത്തലമാക്കിയാണ് ആ കാലഘട്ടത്തിലെ എല്ലാ വിഷയങ്ങളും ഇടശ്ശേരി അവതരിപ്പിച്ചത്. തത്വചിന്തയും മനുഷ്യസ്നേഹവും സാമൂഹിക പരിവർത്തനവും മോക്ഷവും എല്ലാം അവതരിപ്പിക്കാൻ കവി തനിക്കു പരിചിതമായ പൊന്നാനിയെയും അവിടത്തെ സാധാരണ മനുഷ്യജീവിതത്തെയും അടിസ്ഥാനമാക്കുന്നു. 'കാളവണ്ടി' എന്ന കവിത അതിനുദാഹരണമാണ്. തന്റെ നാട്ടിൻപുറത്തെ അനുഭവങ്ങളുടെ ഉഷ്ണമാപിനിയിലൂടെ അദ്ദേഹം ഒരു കാലഘട്ടത്തിന്റെ ചൂടും തണുപ്പും അളന്നു കാണിക്കുന്നു.

## ജനകീയത, മർദ്ദിതരോഷം

വിളജപ്തിയുടെ ക്രൂരത 'പുത്തൻകലവും അരിവാളും' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു. 'വിത്തിനുവച്ചതും 'കൊറ്റിനുവച്ചതും' എല്ലാം തീർന്ന് കുഞ്ഞിനു മരുന്നു വാങ്ങാൻ പോലും പണമില്ലാതെ വിഷമിക്കുന്ന കോമന്റെ പാടത്തെ പൊന്നാര്യൻ ജപ്തി ചെയ്യാൻ 'കോടതിയാമീനും കൂട്ടരും' എത്തുന്നതും കോമൻ ശക്തമായി പ്രതിഷേധിക്കുന്നതും 'അധികാരം കൊയ്യണമാദ്യം നാം, അതിനുമേലാകട്ടെ പൊന്നാര്യൻ' എന്ന തിരിച്ചറിവിലെത്തുന്നതുമാണ് കവിത. ഈ കവിത ബോധജാഗ്രത കൊണ്ടും, ശൈലീ സാരള്യം കൊണ്ടും മലയാളത്തിലെ ആദ്യത്തെ ആധുനിക ജനകീയ കവിതകളിലൊന്നായിത്തീരുന്നു.

ചകിരിക്കയറിന്റെ സൗന്ദര്യവും കയർത്തൊഴിലാളികളുടെ ജീവിതയാതനകളും തമ്മിലുള്ള വൈരുദ്ധ്യം 'ചകിരിക്കുഴികൾ' എന്ന കവിതയിലും, തലമുറയായി ജീവിച്ചു പോന്ന മണ്ണിൽ നിന്നും കുടിയിറക്കപ്പെടുന്നവന്റെ ഹൃദയവേദന 'കുടിയിറക്കൽ' എന്ന കവിതയിലും പ്രതിപാദിക്കുന്നു."കഴൽവെപ്പു-താണ്ടേണ്ടുമൊരു പിടിമണ് പോലും കടമായിട്ടല്ലയോ കൈവരുന്നു" എന്നിങ്ങനെ കുടിയിറക്കപ്പെടുന്നവന്റെ രോഷം അവതരിപ്പിക്കുന്നതിലൂടെ കവി ലോകമെമ്പാടും സ്വന്തം മണ്ണിൽ അടിമയാക്കപ്പെടുകയോ അടിച്ചിറക്കപ്പെടുകയോ ചെയ്യുന്ന മനുഷ്യ

രുടെ മുഴുവൻ ഐക്യത്തിനായുള്ള ആഹ്വാനം നല്കുക കൂടിയാണ് ചെയ്യുന്നത്.

'പണിമുടക്ക്'ത്തിൽ "കുഴിവെട്ടി മൂടുക വേദനകൾ കുതികൊൾക ശക്തിയിലേക്ക് നമ്മൾ'' ശക്തിയാർജ്ജിക്കുന്ന തൊഴിലാളിവർഗ്ഗത്തെ അവതരിപ്പിക്കുന്നു. മരിച്ചുപോയ മീൻകാരൻ കുഞ്ഞൂസയുടെ തളരാത്ത കർമ്മൗത്സുക്യത്തെ വാഴ്ത്തുകയും ഒപ്പം അവൻ വിതച്ച വിത്തുകൾ മുളക്കാത്തതിനെ ചൊല്ലി അമ്പരക്കുകയും വിത്തിറക്കും മുമ്പ് നിലം നിരപ്പാകാത്തതു കൊണ്ടാണ് അതെന്ന് തിരിച്ചറിയുകയും 'വിഷമതരങ്ങളാം സാമൂഹ്യതലങ്ങളിൽ വിഷവല്ലിക്കേ പറ്റു വേരുന്നിപ്പിടിക്കുവാൻ' എന്ന് ആത്മഗതം നടത്തുകയും ചെയ്യുന്നു 'ഊർച്ചയും വിത്തുന്നലും' എന്ന കവിതയിൽ കവി.

## സ്ത്രീ ജീവിതാവിഷ്ക്കാരം

പീഡിതരോടുള്ള തന്മയീഭാവം സ്ത്രീസമത്വബോധത്തിന്റെ രൂപത്തിൽ ഇടശ്ശേരി. 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ', 'പെങ്ങൾ', 'വിവാഹസമ്മാനം', 'തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ' തുടങ്ങിയ കവിതകളിൽ അവതരിപ്പിക്കുന്നു. തന്റെ അരിക്കിഴിതട്ടിക്കളഞ്ഞ് മാനം കെടുത്താൻ മുതിർന്ന റൗഡിയുടെ ശബ്ദം, തന്റെ ജോലി തട്ടിത്തെറിപ്പിച്ച മില്ലിന്റെ സൈറനായി പുനർജനിക്കുന്നതു കണ്ട് ബോധമറ്റു പോകുന്ന 'നെല്ലുകുത്തുകാരി പാറു' വിന്റെ ദൈന്യത്തിൽ യന്ത്രവത്കരണത്തിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെടുന്ന കൈത്തൊഴിൽക്കാരുടെ ദീനാവസ്ഥകൂടി പ്രതിഫലിക്കുന്നുണ്ട്. അനുജന്റെ നല്ല ഭാവിക്കുവേണ്ടി കാമുകനെയും നാടിനെയും ത്യജിച്ചവൾ അതേ അനുജനാൽ പുറന്തള്ളപ്പെടുന്നതാണ് 'പെങ്ങളി'ലെ പ്രതിപാദ്യം. വീടുവിട്ടിറങ്ങുന്ന 'പെങ്ങളി'ലെ അഭിമാനബോധത്തിനും തന്റേടത്തിനുമാണ് കവി ഊന്നൽ കൊടുക്കുന്നത്. വിധിവിശ്വാസിയായ പിതാവിനും ചരിത്രവിശ്വാസിയായ സഹോദരനുമിടയിൽ രണ്ടും കെട്ടിരിക്കേണ്ടിവന്ന കുമ്മിണി ഒരു രാത്രി ആ വീടിന്റെ തടവറയിൽ നിന്ന് ഇറങ്ങിപ്പോകുന്നതാണ് 'തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ' എന്ന കവിതയിൽ അവതരിപ്പിക്കുന്നത്. തന്റെ ബാല്യകാലസ്നേഹിതൻ, അനുജത്തിയെ വിവാഹം ചെയ്ത ദിനത്തിൽ പൂപറിക്കാനെന്നവണ്ണം കുളത്തിലേക്കിറങ്ങി ജീവിതമൊടുക്കുന്ന ജ്യേഷ്ഠത്തിയെ കുറിച്ചാണ് 'വിവാഹ സമ്മാനം' എന്ന കവിത. ഏറെക്കാത്തിരുന്നു വന്ന പെണ്ണുകാണൽ ചടങ്ങിൽ ഉടുത്തിറങ്ങാൻ നല്ലതൊന്നില്ലാത്തതിനാൽ, തനിക്കു ചെറുക്കനെ ബോധിച്ചില്ലെന്ന് അകത്തു നിന്നു വിളിച്ചു പറഞ്ഞ്, നുറുങ്ങുന്ന ഹൃദയത്തോടെ കുടുംബാഭിമാനം സംരക്ഷിക്കുന്ന പാറുവിന്റെ നിസ്സഹായതയും ദൈന്യവുമാണ് 'കല്യാണപ്പുടവ' എന്ന കവിത. ശ്വാസം മുട്ടിക്കുന്ന കുടുംബഘടനയിൽ അവിവാഹിതകളും ഭ്രഷ്ടകാമുകിമാരും അനുഭവിക്കുന്ന യാതനയാണ് ഈ കവിതകളിൽ ദൃശ്യമാകുന്നത്.

## പുരാണകഥാഖ്യാനം

പുരാണകഥകൾ പുനരാഖ്യാനം ചെയ്യുമ്പോഴും ഇടശ്ശേരി അടിത്തട്ടിലുള്ളവരെയാണ് ശ്രദ്ധിക്കുന്നത്. കൂനിയായ കുബ്ജയും സൂതനായ ദാരുകനും, ദാസനായ ഹനുമാനുമാണ് കവിയുടെ നായികാനായകന്മാർ. കൊട്ടാരത്തിന്റെ സമൃദ്ധിയിൽ വിരക്തിയും, നിമ്നോന്നതങ്ങളിലൂടെ തേരു തെളിയിക്കുന്നതിൽ ആഹ്ലാദവും പ്രകടിപ്പിക്കുന്ന ദാരുകൻ കവിയുടെ തന്നെ പ്രതിരൂപമാണ്.

## കർഷകന്റെ അഭിമാനചിന്ത

ഗ്രാമീണ കർഷകന്റെ അഭിമാനബോധവും അതിനേൽക്കുന്ന മുറിവുകളും ഇടശ്ശേരിക്കവിതയിൽ ആവർത്തിച്ചുവരുന്ന ഒരു പ്രമേയമാണ് 'അങ്ങേ വീട്ടിലേക്ക്', 'മകന്റെ വാശി' എന്നീ കവിതകൾ അത്തരത്തിലുള്ളതാണ്.

## പ്രകൃതിബോധം

കാല്പനികനായ ഒരു പ്രകൃത്യുപാസകനല്ല ഇടശ്ശേരി. മനുഷ്യസ്പർശമേൽക്കാത്ത 'വിശുദ്ധ' പ്രകൃതിയെ അല്ല ഇടശ്ശേരി വർണ്ണിക്കുന്നത്. മനുഷ്യനുമായുള്ള ബന്ധത്തിലൂടെയാണ് പ്രകൃതി മനുഷ്യനെ സംബന്ധിച്ച് അർത്ഥവത്താകുന്നത് എന്ന അഭിപ്രായമാണ് അദ്ദേഹത്തിനുള്ളത്. കളയായ മുള്ളൻ ചീരയെ വെട്ടിക്കളയുന്ന അച്ഛന്റെ കൈക്കോട്ടിനെയോർത്ത് "വിജയിക്കമേൽക്കു

മേൽ ക്രൗര്യമേ, സംസ്കാരവിഭവത്തിനെന്നുടെ പൈതൃകം നീ' എന്ന് 'മുള്ളൻചീര' എന്ന കവിതയിൽ കവി പാടുന്നു. "പുളിയൻ മാവുകളലസന്മാരെച്ചുടുവാൻ വെണ്ണീറായി, ചകിണിച്ചക്കകൾ കായ്ക്കും പ്ലാവുകൾ വാതിൽപ്പലകകളായി' എന്ന് മനുഷ്യന്റെ നിർമ്മാണത്വരയെ "പഴകിയ ചാലുകൾ' എന്ന കവിതയിൽ കവി സ്വാഗതം ചെയ്യുന്നു. 'ഋഷിയുടെ ധേനു' 'വയലിന്റെ ചിത്രകാരൻ', 'കൈതപ്പൂ', 'ചകരിക്കുഴികൾ', 'പൂപ്പരത്തി' തുടങ്ങിയ കവിതകളിലും പ്രകൃതിയിൽ ഇടപെടുന്ന മനുഷ്യനെയാണ് കവി അവതരിപ്പിക്കുന്നത്. കുറ്റിപ്പുറം പാലത്തിൽ നിന്നുകൊണ്ട് 'ഇനിനീയീപ്പാലത്തിൽ നാട്ടനൂഴും' എന്ന് പേരാറിനെ പരിഹസിക്കുന്നിടത്ത് മർത്ത്യവീര്യത്തിൽ അഭിമാനിക്കുന്ന കവി മനസ്സാണ് കാണുന്നത്. മനുഷ്യനാടകങ്ങളുടെ അരങ്ങായും കാലബിംബങ്ങളുടെ വറ്റാത്ത സ്രോതസായും പ്രകൃതി ഇടശ്ശേരിക്കവിതയിൽ കാണപ്പെടുന്നു. 'കാറ്റും വെളിച്ചവും' എന്ന കവിതയിൽ പ്രകൃതിയുടെ രുദ്രാവസ്ഥയിലും അടങ്ങിയിരിക്കുന്ന സർഗ്ഗശക്തിയെ കവി ചൂണ്ടികാട്ടുന്നു.

മനുഷ്യൻ പ്രകൃതിയെ ഇണക്കുകയും മെരുക്കുകയും പൊതുനന്മയ്ക്കായി ഉപയോഗിക്കുകയും ചെയ്യുന്നതിനോട് കവിക്ക് വിയോജിപ്പില്ല. അതേസമയം പുരോഗതിയെക്കുറിച്ചുള്ള ബൂർഷ്വാസിയുടെ അന്ധമായ ആത്മവിശ്വാസത്തിൽ കവി സംശയാലുവാണ്. 'കാളവണ്ടി', 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ', 'ഒന്നുറങ്ങാൻ' എന്നീ കവിതകളിൽ ഈ മനോഭാവം പ്രകടമാണ്. കുറ്റിപ്പുറം പാലത്തെക്കുറിച്ചഭിമാനം കൊള്ളുമ്പോഴും 'നരനൊരുയന്ത്രമായാൽ അംബപേരാറേ നീ മാറിപ്പോകുമോ ആകുലമായൊരഴുക്കുചാലായ്' എന്ന് കവി ആശങ്കപ്പെടുന്നുമുണ്ട്. 'പുളി മാവ് വെട്ടി', 'ഞാൻ പ്രാർത്ഥിക്കുന്നു.', 'ഏറെത്തടിച്ച മൃഗം' 'ഹോട്ടൽക്കാരികൾ' 'കൈതപ്പൂ' തുടങ്ങിയ കവിതകളിൽ ഇടശ്ശേരി, മൂലധനോത്പന്നമായ യന്ത്രയുഗത്തെയും അതിന്റെ പുത്തൻ മൂല്യങ്ങളെയും വിമർശിക്കുന്നു. പരിവർത്തനങ്ങളെ സ്വാഗതം ചെയ്യുകയും ഒപ്പം അതിവ്യവസായവത്ക്കരണത്തെ ഭയക്കുകയും ചെയ്യുന്ന ഒരു കർഷക വിവേകം ഇടശ്ശേരിയിൽ ശക്തമാണ്.

## മാതൃദേവതാ സങ്കല്പം

പ്രകൃതിയുമായുള്ള കവിയുടെ ബന്ധത്തിന്റെ മറ്റൊരു രൂപം ഇടശ്ശേരിയുടെ മാതൃദേവതാ സങ്കല്പത്തിൽ ദൃശ്യമാണ്. അദ്ദേഹത്തിന്റെ മാതൃസങ്കല്പത്തെയും ദേവീ സങ്കല്പത്തെയും എടുത്തു കാട്ടുന്ന കവിതകളാണ് 'പൂതപ്പാട്ടും' 'കാവിലെപ്പാട്ടും'. ഗ്രാമീണദൈവങ്ങളെക്കുറിച്ച് കവി കുട്ടിക്കാലത്ത് കേട്ട കഥകളുടെ സ്വാധീനം ഈ കവിതകളിലുണ്ട്. 'പൂതപ്പാട്ടിൽ കവി കുഞ്ഞിനുവേണ്ടി ഉത്ക്കടമായി ആഗ്രഹിക്കുന്നവളായി 'പൂത'ത്തെ മനുഷ്യവല്ക്കരിക്കുന്നു. നങ്ങേലിയുടെ വിജയം ആസുരതയ്ക്കുമേൽ മാതൃത്വത്തിന്റെ വിജയമായും കൗശലത്തിനു മേൽ ധീരസത്യസന്ധതയുടെ വിജയമായും വന്ധ്യതയ്ക്കുമേൽ ഉർവ്വരതയുടെ വിജയമായുമെല്ലാം കാണാവുന്നതാണ്. 'കാവിലെപ്പാട്ടി'ലെ മാതാവിന്റെ, തന്റെ മകൻ ഭീരുത്വം കാട്ടിയില്ലല്ലോ എന്ന ചോദ്യത്തിനു മുന്നിൽ 'കാളി', ലളിതയാവുകയാണ്. രണ്ടു കവിതകളിലും മാതൃത്വത്തിന്റെ വിജയമാണ് കവി ആവിഷ്കരിക്കുന്നത്.

## വിരുദ്ധഭാവങ്ങളുടെ സംഘർഷം

വന്ധ്യതയും ഉർവരതയും തമ്മിലും ക്രൗര്യവും വാത്സല്യവും തമ്മിലും ഉള്ള സംഘർഷം 'പുത്തൻകലവും അരിവാളും,' 'പണിമുടക്കം' 'ചൂരലിന്റെ മുമ്പിൽ' എന്നീ കവിതകളിലും പ്രകടമാണ്. 'പുത്തൻകലവും അരിവാളി'ലെ അധികാരിയും കോമനും തമ്മിലുള്ളത് വന്ധ്യതയും ഉർവരതയും തമ്മിലുള്ള ഏറ്റുമുട്ടലാണ്. 'പണിമുടക്ക്'ത്തിലെ മുതലാളിപത്നി വന്ധ്യയും തൊഴിലാളി പത്നി സന്താനസമ്പന്നയുമാണ്. കുഴികളിൽ വയ്ക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ ശവങ്ങൾ ലോകത്തിന്റെ ഉർവരഭാവിക്കായി നൽകപ്പെടുന്ന ബലികളാണ്. അധ്യാപകന് ശിഷ്യനോടുള്ള വാത്സല്യവും അതിന്റെ ധർമ്മനിർവഹണത്തിൽ വന്നുപെടുന്ന ക്രൂരതയുമാണ് 'ചൂരലിന്റെ മുമ്പിൽ' എന്ന കവിതയുടെ പ്രമേയം. ക്രൗര്യ-വാത്സല്യങ്ങളുടെ പല തലങ്ങളിലുള്ള ഏറ്റുമുട്ടലുകളാണിവിടെ കാണുന്നത്. 'ബിംബിസാരന്റെ ഇടയൻ' 'പെങ്ങൾ' 'വിവാഹസമ്മാനം' 'ആറ്റുവക്കത്ത്' തുടങ്ങി പല കവിതകളിലും മാതാവ് വിവിധ രൂപങ്ങളിൽ ചിത്രീകരിക്കപ്പെടുന്നു. ഇടശ്ശേ

രിയുടെ അമ്മമാർ എല്ലാ ദുഷ്ടശക്തികളോടും എതിരിട്ട് ജയിക്കുന്നവരാണ്. എന്നിട്ടും ഇവർ ഗോർക്കിയുടെയോ ബ്രഹ്തിന്റെയോ കൃതികളിലെ അമ്മമാരെപോലെ വിപ്ലവവത്ക്കരിപ്പെടുന്നില്ല എന്ന് സച്ചിദാനന്ദൻ ചൂണ്ടിക്കാട്ടുന്നു.

## ആസ്തികൃചിന്ത

മാതൃസ്നേഹവും ആസ്തികൃവും നല്കുന്ന സുരക്ഷിതത്വബോധത്തെക്കുറിച്ച് 'ഐകരൂപ്യം', 'ഞാൻ പ്രാർത്ഥിക്കുന്നു' എന്നീ കവിതകളിൽ പ്രതിപാദിക്കുന്നു. വിശ്വസിക്കാനുള്ള തന്റെ ആഗ്രഹവും ആ വിശ്വാസത്തിന്റെ സ്വഭാവവും പരിമിതിയും 'ഐകരൂപ്യ'ത്തിൽ കവി വ്യക്തമാക്കുന്നു. ആസ്തികൃത്തിന്റേതായ ഒരു ശുഭബോധം അദൃശ്യമായി നിന്ന് ഇടശ്ശേരിക്ക് കരുത്തേകിയിരുന്നു. അത്തരമൊരു ശുഭബോധം നവകവികൾക്കില്ലായിരുന്നു. അവർ സന്ദേഹവാദികളോ നാസ്തികരോ ആയിരുന്നു. ജീവിതത്തിന്റെ പരുഷയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാനും, പരാജയങ്ങളിൽ തളരാതെ മുന്നേറാനുമുള്ള ഇച്ഛാശക്തി ഇടശ്ശേരിക്കുണ്ട്. 'ഇടയ്ക്കുകണ്ണീരുപ്പുപുരട്ടാതെന്തിനു ജീവിതപലഹാരം' എന്ന് ദുഃഖത്തിന്റെ അനിവാര്യതയെ കവി അംഗീകരിക്കുന്നു. 'പരാജയധ്യാനം' 'അഭിനന്ദനം' 'സൗന്ദര്യാരാധന' തുടങ്ങിയ കവിതകളിൽ കവി തന്റെ ഈ ജീവിത നിലപാട് വ്യക്തമാക്കുന്നുണ്ട്. ഋതുക്കളുടെ ക്രൗര്യങ്ങളെ മണ്ണിനോടുള്ള വാത്സല്യത്താലും വിവേകത്താലും അതിജീവിക്കുന്ന കർഷകന്റെ ഇച്ഛാശക്തിയും ഇതുതന്നെയാണ്.

## അഹിംസാബോധം

'ബിംബിസാരന്റെ ഇടയൻ', 'എങ്ങനെ നേടി' എന്നീ കവിതകളിൽ ഇടശ്ശേരി അഹിംസാമാർഗ്ഗത്തെ പ്രകീർത്തിക്കുന്നു. എന്നാൽ അഹിംസാമാർഗ്ഗം എല്ലായ്പ്പോഴും പ്രാവർത്തികമാകില്ല എന്ന യാഥാർഥ്യബോധം 'ബുദ്ധനും നരിയും ഞാനും,' 'മാപ്പില്ല' എന്നീ കവിതകളിൽ കവി പ്രകടിപ്പിക്കുന്നു.

## കുടുംബ സങ്കല്പം

ഇടശ്ശേരിയുടെ ഭൂരിഭാഗം കവിതകളിലും കുടുംബത്തിന് അഭൗമമായ ഒരു തിളക്കം കൈവരുന്നുണ്ട്. നമ്പൂതിരിക്കവികളുടെ ശൃംഗാരപ്രാധാന്യത്തിന്റെയും കുമാരനാശാന്റെ മാംസമുക്തമായരാഗത്തിന്റെയും മധ്യേയാണ്, ഇടശ്ശേരിയുടെ കുടുംബാദർശം. ജീവിതത്തിലെ എല്ലാ ബന്ധാവസ്ഥകളെയും ഇടശ്ശേരി തന്റെ കവിതക്ക് വിഷയമാക്കുന്നുണ്ടെങ്കിലും അദ്ദേഹം ഊന്നൽ കൊടുക്കുന്നത് കുടുംബബന്ധങ്ങൾക്കാണ്. വിഭിന്നങ്ങളായ ജീവിതസംഘർഷങ്ങൾ അവതരിപ്പിക്കുമ്പോഴും സമന്വയത്തിന്റെയും സഹകരണത്തിന്റെയും ഒരു പരിഹാരമേഖലയിൽ ഇടശ്ശേരി വിശ്വാസം പ്രകടിപ്പിക്കുന്നുണ്ട്. 'ഹോട്ടൽക്കാരികൾ' എന്ന കവിതയിൽ ഇത് അദ്ദേഹം വ്യക്തമായി പറഞ്ഞിട്ടുണ്ട്. സ്വതന്ത്രഭാരതത്തിൽ സമരമല്ല സഹകരണമാണ് വേണ്ടതെന്ന വിശ്വാസം കവിയിൽ രൂഢമൂലമായിരുന്നതുകൊണ്ട് കൂടിയാവാം ഈ സമന്വയചിന്ത.

## കേരളീയത

കേരളം സവിശേഷ പ്രതിപാദ്യ വിഷയമാകുന്ന കവിതകളാണ് 'കൈതപ്പൂ' 'വികസിക്കുക' 'മലയാളി' എന്നിവ. മലയാളിയുടെ സാഹസശീലത്തെയും അവനിലുള്ള ക്രൗര്യവാത്സല്യങ്ങളുടെ സഹവർത്തിത്വത്തെയും കവി അഭിനന്ദിക്കുന്നു. മലയാളിയുടെ ഈ സവിശേഷതയുടെ മൂർത്തരൂപമായിട്ടാണ് മുഹമ്മദ് അബ്ദുൾ റഹ്മാനെ ഇടശ്ശേരി അവതരിപ്പിക്കുന്നത്. ദുർനിയമങ്ങളെയും ദുർഭരണത്തെയും തച്ചുടയ്ക്കാനും നാടിന്റെയും നാട്ടാരുടെയും അഭിമാനം സംരക്ഷിക്കാനും അബ്ദുൾറഹിമാൻ വീറോടെ പോരാടിയത് കവി സ്മരിക്കുന്നു. കേരളോല്പത്തിയെ സംബന്ധിച്ചുള്ളതാണ് 'വികസിക്കുക' എന്ന കവിത. ദേവകളോട് പോരാടുന്ന മലയാളിയുടെ വീര്യവും നിശ്ചയദാർഢ്യവും കണ്ട് വശീകരിക്കപ്പെട്ട് സ്വർഗം മലയാളികളുടെ ഇടയിലേക്കിറങ്ങിവന്നെന്നും സ്വച്ഛതയും നിർഭയത്വവും, കൂടെപോന്നുവെന്നും വിവരിച്ചശേഷം, കേരളത്തിന്റെ സമ്പന്നമായ സാംസ്കാരികചരിത്രവും പിന്നീടുള്ള തകർച്ചയും അടിമത്തവും കവി സ്മരിക്കുന്നു. ഇന്ന്, സ്വാതന്ത്ര്യാനന്തരം മനുജസേവനമാണ് മുഖ്യം. വീര്യം കാട്ടേണ്ടത് സൃഷ്ടിയിലാണ്, കൊലയിലല്ല എന്ന് കവി ഓർമ്മിപ്പിക്കുന്നു. 'കൈതപ്പൂവ്' എന്ന കവിതയിൽ വർദ്ധിച്ച അഭിമാനത്തോടെ തന്റെ മലയാളം ഒരു

കൈതപ്പൂവുപോലെ പൂർവാദ്രിച്ചെരുവിൽ ചുരുൾവിരിയുന്നതായി വർണ്ണിക്കുന്നു. കേരളത്തിന്റെ പ്രകൃതി സമ്പത്തിൽ ആഹ്ലാദിക്കുകയും അവ മർത്ത്യനുപകരിക്കുന്ന രീതിയിൽ സംരക്ഷിക്കേണ്ടതിനെക്കുറിച്ച് പറയുകയും ചെയ്യുന്നതോടൊപ്പം നഗരങ്ങളോടുള്ള തന്റെ അനിഷ്ടവും ഗ്രാമങ്ങളോടുള്ള ആഭിമുഖ്യവും കവി പ്രകടിപ്പിക്കുന്നു.

കേരളത്തെക്കുറിച്ചുള്ള തന്റെ അഭിമാനം 'വൃത്തികെട്ട തറവാടിത്തഘോഷണ' മാകാൻ ഇടശ്ശേരി അനുവദിച്ചിരുന്നില്ല. പരദേശികളെ പലകാര്യങ്ങൾക്കും പ്രയോജനപ്പെടുത്തിയ ശേഷം അവരെ വൃത്തികെട്ടവരെന്നു ആക്ഷേപിക്കുന്ന നമ്മുടെ കാപട്യത്തെ പരിഹസിക്കുകയാണ് 'കറുത്ത ചെട്ടിച്ചി'കളിൽ കവി. 'ചിതാഭസ്മം', 'ചിത്രത്തൂണുകൾ', 'എങ്ങനെ നേടി', 'ഭാരതപ്പുഴ', 'പൂപ്പരത്തി', 'ഋഷിയുടെധേനു', 'സർവോദയമേളയിൽ' തുടങ്ങിയ കവിതകളിൽ ഇന്ത്യാചരിത്രവുമായി കേരളചരിത്രത്തിനുള്ള ബന്ധത്തെ ചൂണ്ടിക്കാട്ടുന്നു. ഭാരതസങ്കല്പത്തെയും സ്വാതന്ത്ര്യസമരമൂല്യങ്ങളെയും നിരാകരിക്കാതെ തന്നെ കേരളത്തിന്റെ സ്വത്വം തേടുന്ന ഒരു സമന്വയ മാർഗ്ഗമാണ് ഇടശ്ശേരി സ്വീകരിച്ചത്.

## ഫലിതബോധവും പരിഹാസവും

ഇടശ്ശേരിക്കവിതയിൽ കാണുന്ന ഫലിതബോധവും പരിഹാസവും ഗ്രാമീണ കർഷകന്റെ നാടോടിനർമ്മബോധത്തിന്റെ വകഭേദമാണ്. പഴഞ്ചൊല്ലുകളിലും നാടൻ പാട്ടുകളിലും കടങ്കഥകളിലും ദൈനംദിനഭാഷണത്തിലും ഉൾച്ചേർന്നതാണ് ആ ഫലിതവും പരിഹാസവും' നീ താൻ കൈക്കൊള്ളുകിവളെ/കള്ളനൊത്തതുകൂനിതാൻ' - എന്ന് കുബ്ജയെ സ്വീകരിക്കാൻ കൃഷ്ണനോട് പറയുമ്പോഴും, മികച്ച പാട്ടുശ്രദ്ധിക്കാതെ നിലവാരം കുറഞ്ഞവയിൽ സന്തുഷ്ടരാകുന്ന ജനാവലിയെ നോക്കി നിന്ദ ചൊരിയുമ്പോഴും (പാട്ടുകച്ചേരി) തകർന്ന തറവാട്ടിലെ കുട്ടിയുടെ വിശപ്പുവർണ്ണിക്കുമ്പോഴും ഗ്രാമീണതയുടെ സ്പർശമുള്ള ഫലിതമാണ് പ്രകടമാകുന്നത്. 'ബുദ്ധനും നരിയും ഞാനും', 'ബിംബിസാരന്റെ ഇടയൻ', 'പള്ളിച്ചൂണ്ടൽ', 'ഇസ്ലാമിലെ വന്മല', 'ആമയും മുയലും', 'ഔചിത്യബോധം' തുടങ്ങിയ കവിതകളിലും കവിയുടെ ഫലിതബോധം പ്രകടമാണ്. ക്രൂരവും മൃദുലവും കുസൃതി നിറഞ്ഞതും വേദനാകരവുമായ നാടോടിനർമ്മത്തിന്റെ നിരവധി രൂപഭേദങ്ങൾ ഇടശ്ശേരിയുടെ കവിതയിൽ ഉണ്ട്.

## രചനാശൈലി

ഇടശ്ശേരിക്കവിതയിലെ ഈണങ്ങളും ഉപമകളും ബിംബങ്ങളും സൂചകങ്ങളും ഗ്രാമീണ കർഷകജീവിതവുമായി ബന്ധം പുലർത്തുന്നവയാണ്. കാവ്യഭാഷയെ സംബന്ധിച്ചിടത്തോളം ഒരു സംക്രമണഘട്ടമായിരുന്നു ഇടശ്ശേരിയുടെ കാലം. ലളിതകോമളവും സംഗീതാത്മകവുമായ ഒരു കാവ്യഭാഷസൃഷ്ടിച്ചും ദ്രാവിഡവൃത്തങ്ങളെ ഉപയോഗിച്ചും ചങ്ങമ്പുഴ മലയാള കവിതാസാഹിത്യത്തിലെ സംസ്കൃതപ്രഭാവത്തെ വെല്ലുവിളിച്ചത് ആ കാലയളവിലാണ്. എഴുത്തച്ഛന്റെയും ആശാന്റെയും വള്ളത്തോളിന്റെയും കാവ്യപാരമ്പര്യം പൂർണ്ണമായും കൈവിടാൻ ഇടശ്ശേരി സന്നദ്ധനായിരുന്നില്ല. ഇരുരീതികളുടെയും സമന്വയം ഇടശ്ശേരിക്കവിതയിൽകാണാം. സംസ്കൃതവൃത്തങ്ങൾ ഉപയോഗിക്കാറുണ്ടെങ്കിലും ഇടശ്ശേരി മുഖ്യമായും ആശ്രയിക്കുന്നത് ദ്രാവിഡവൃത്തങ്ങളെയും പാട്ടു മട്ടുകളെയുമാണ്. വൃത്തനിയമങ്ങളെക്കാൾ ചൊല്ലുന്ന രീതിക്ക് പ്രാധാന്യം നല്കുന്ന ദ്രാവിഡശീലം കൈക്കൊണ്ടു. ഇടശ്ശേരി വൃത്തങ്ങൾക്കകത്ത് ധാരാളം സ്വാതന്ത്ര്യങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. വൃത്തമിശ്രണങ്ങളും കവി ഉചിതമായി ഉപയോഗിച്ചിട്ടുണ്ട്.

പ്രാദേശിക സ്ഥലസൂചനകൾ (ഉദാ: ഓട്ട്, ചൂഉവളപ്പ്, വാവൂരെ, ചെറുക്കുന്ന്, മണിക്കിണർ, കുറ്റിപ്പുറംപാലം, പൊന്നാനിപ്പുഴ) അനുഷ്ഠാനങ്ങളുടെ സൂചനകൾ (ഉദാ: ചേട്ടയെക്കളയൽ, പൂതംകളി, തുമ്പിതുള്ളൽ, കുരുതികൊടുക്കൽ) ശകുനങ്ങളെയും മറ്റും കുറിച്ചുള്ള നാടൻവിശ്വാസങ്ങളുടെയും, പകിടകളിയും ചതുരംഗവും പോലുള്ള പഴയ വിനോദങ്ങളുടെയും, കുമ്പളപ്പൂവും ഉമ്മത്തുംപൂവും മുതൽ തെങ്ങും നെല്ലും വരെയുള്ള സസ്യ-പുഷ്പ-ഫലാദികളുടെയും സൂചനകൾ, പ്രാദേശിക പദപ്രയോഗങ്ങൾ (ഉദാ: പുതിൽ, പോള, വെലി, പോതി, അരിയാറ്, ഓര

രക്കാലി, പൊട്ടിൽ.) ഇവയെല്ലാം ചേർന്ന് ഇടശ്ശേരി തന്റെ കവിതയിലെ പൊന്നാനിയെ ഭൂമിയുടെ ഒരു ചെറുപതിപ്പാക്കിയിരിക്കുന്നു. ചില സന്ദർഭങ്ങളിൽ നീളമേറിയ സമസ്തപദങ്ങൾ പ്രയോഗിച്ചിട്ടുണ്ടെങ്കിലും നാടോടിക്കവിതയുടെ പദസംസ്ക്കാരമാണ് ഇടശ്ശേരിയുടെ സമഗ്രരചനയിൽ അധീശത്വം പുലർത്തുന്നത്. ഇടശ്ശേരിയുടെ കർഷകഭാവന ഏറ്റവും സഫലമായി കാണുന്നത് കാർഷികവൃത്തിയും ഗ്രാമീണ ജീവിതവുമായി ബന്ധപ്പെട്ട ഉപമകളിലും വാങ്മയ ചിത്രങ്ങളിലുമാണ്.

ഉദാ: 'തേവിത്താണകുളം പോലെ' 'പൂളമരത്തെപ്പോലെ' 'കൂടണഞ്ഞീടും കൊച്ചുകുരുവിക്കൂട്ടം പോലെ' 'നനയറ്റ പടർവാഴത്തൈ പോലെ' 'കുറ്റിക്കിട്ട ഗജംപോലെ' 'നിലം പരിശാക്കിപ്പൊന്തിയകള്ളിത്തലപോലെ'. ഇങ്ങനെ പ്രമേയം, സമീപനം, വിശ്വാസം, ഭാഷ, ഈണങ്ങൾ, ബിംബങ്ങൾ തുടങ്ങി കവിതാവ്യവഹാരത്തിന്റെ എല്ലാതലങ്ങളിലും സാമൂഹികസംക്രമണത്തിന്റെ ഒരു നിർണ്ണായക മുഹൂർത്തത്തെ അഭിമുഖീകരിച്ച പരിഷ്കരണോത്സുകനായ ഒരു ഗ്രാമീണ കർഷകന്റെ ഹൃദയവും ബുദ്ധിയും ഇടശ്ശേരിക്കവിതകളിൽ ദർശിക്കാം.

## ഇടശ്ശേരിയുടെ കാവ്യപ്രത്യയ ശാസ്ത്രം

ഇടശ്ശേരി ചില കവിതകളിലൂടെയും ലേഖനങ്ങളിലൂടെയും തന്റെ കാവ്യപ്രത്യയശാസ്ത്രം എന്തെന്ന് വിശദീകരിച്ചിട്ടുണ്ട്. തന്റെ കവിതയെ വിമർശിച്ചവർക്കുള്ള മറുപടിയായി ഇടശ്ശേരി കാവ്യലക്ഷ്യത്തെക്കുറിച്ചുള്ള സ്വന്തം നിലപാട് 'പ്രസ്താവന' എന്ന കവിതയിൽ വ്യക്തമാക്കുന്നു. കാവ്യകലയുടെ ലക്ഷ്യം കേവലാനന്ദമാണെന്നും, പ്രചാരണോദ്ദേശ്യമുള്ള കവിത ബ്രഹ്മ രസം നല്കാൻ അപര്യാപ്തമാണെന്നും, അധഃസ്ഥിതർക്ക് കൂലിയും ഭൂമിയും നേടിക്കൊടുക്കൽ കാവ്യകലയുടെ ഉത്തരവാദിത്തമല്ല എന്നും ആയിരുന്നു ഇടശ്ശേരിക്കവിതയെക്കുറിച്ചുള്ള മുഖ്യവിമർശനം. മറുപടിയിൽ ഇടശ്ശേരി തന്നെ ഒരു കരിമ്പുകർഷകനായി വിശേഷിപ്പിക്കുന്നു. കർഷകനും തൊഴിലാളിക്കും വേണ്ടി പോരാട്ടം നടത്തുന്നവർ തന്റെ കരിമ്പൊടിച്ചീമ്പി കൂടുതലുറക്കെ മുദ്രാവാക്യം വിളിക്കാൻ കരുത്തുനേടും. കരിമ്പിൻ തണ്ടല്ല പൂവാണ് കാര്യമെന്ന പണ്ഡിതവിശ്വാസത്തെയും അങ്ങനെ ശുദ്ധകലാവാദത്തെയും ഇടശ്ശേരി പരിഹസിക്കുന്നു. കാല്പനിക സൗന്ദര്യാഭിരുചി തനിക്കു കുറവായത് നന്നായെന്നും അതിനാലാണ് സാധാരണക്കാരന്റെ ജീവിതയാഥാർഥ്യങ്ങളിലേക്കിറങ്ങിച്ചെല്ലാൻ സാധിച്ചതെന്നും ബോദ്‌ലയറിനെപ്പോലെ ഇടശ്ശേരിയും ആഹ്ലാദിക്കുന്നു.

കവിതയ്ക്ക് നേരിട്ട് ആയുധമാകാൻ സാധിക്കില്ലെങ്കിലും പ്രക്ഷുബ്ധവർഗങ്ങൾക്ക് ഉണർവ് പകരാൻ അതിന് സാധിക്കും. വർഗ്ഗരഹിതസമൂഹം പിറക്കുമ്പോൾ ഇന്നത്തെ നിരക്ഷരരെയും പട്ടിണിക്കാരെയും മുഴുവൻ കവികളാക്കാൻ പോന്ന ഊർജ്ജം തന്റെ കവിതകളിലുണ്ട്. അക്കാലത്തും തന്റെ രചനകൾ പുതിയരീതിയിൽ വായിക്കപ്പെടും. കാവ്യലക്ഷ്യത്തെ സംബന്ധിച്ചുള്ള ധാരണകൾ കാലാനുസൃതമായി വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. രാഷ്ട്രീയധർമ്മം സമൂഹത്തിൽ പ്രധാനമാകുന്ന കാലത്ത്, കവിതയുടെ രാഷ്ട്രീയാംശം പ്രാമാണികമാകും. വേറൊരു ഘട്ടത്തിൽ അതിന്റെ ഇതര ധർമ്മങ്ങൾ പ്രാധാന്യം നേടാം. അതേസമയം സൗന്ദര്യാത്മക നിയോഗം പൂർത്തീകരിക്കുന്നതിലൂടെ തന്നെയാണ് കവിത അതിന്റെ സാമൂഹികനിയോഗവും നിർവഹിക്കുന്നത്. തന്റെ കവിതയെ കരിമ്പിനോട് താരതമ്യം ചെയ്യുകയും, കാവ്യലക്ഷ്യമെന്തെന്നറിയാൻ ഇത്തിരിക്കൂടി കാക്കാൻ വിമർശകരോട് ആവശ്യപ്പെടുകയും ചെയ്തുകൊണ്ട് ഇടശ്ശേരി മേല്പ്പറഞ്ഞവയാണ് വ്യക്തമാക്കുന്നത്. 'നാലിതൾപ്പൂവ്' എന്ന കവിതയിൽ കവിതയുടെ മൗലികതയെന്ന പ്രശ്നം ഇടശ്ശേരി വിഷയമാക്കുന്നു. വീട്ടിൽ നട്ടുവളർത്തുന്ന ചെടിയിൽ വിരിഞ്ഞ പൂവിന്മേലുള്ള അവകാശാധികാരങ്ങൾ ചെടിക്കമ്പ് നല്കിയ തോട്ടക്കാരനാണോ എന്ന വിഷയത്തിന് 'ഒരു കാട്ടാളനാണ് ആദ്യമായി കാട്ടിൽ നിന്ന് ചെടിക്കമ്പൊടിച്ചു കുത്തി നാലിതൾപ്പൂവ് വിരിയിച്ച'തെന്ന് കവി മറുപടി നല്കുന്നു. ആദികാവ്യവും ഇന്നത്തെ കവിതയുമായുള്ള ബന്ധവും ബന്ധവിച്ഛേദവും ധ്വനിപ്പിച്ചുകൊണ്ട് കവിതയുടെ മൗലികതയുടെ

ആപേക്ഷിക സ്വഭാവവും, സംസ്കാരത്തോടും പാരമ്പര്യത്തോടും അതിനുള്ള ബന്ധവും ഇട ശ്ശേരി നിർണ്ണയിക്കുകയാണ് ഇവിടെ.

'എന്റെ പണിപ്പുര' എന്ന ഗദ്യലേഖനത്തിൽ കാവ്യരചനാപ്രക്രിയയുടെ ഏഴു മുഹൂർത്ത ങ്ങളെക്കുറിച്ച് ഇടശ്ശേരി വിശദീകരിക്കുന്നു. ഒരു സംഭവത്തിൽ നിന്നോ സ്വാനുഭവത്തിൽ നിന്നോ സ്മരണയിൽ നിന്നോ മറ്റൊരുകവിതയുടെ പാരായണത്തിൽ നിന്നോ ഉടലെടുക്കുന്ന 'ഒരു ഹേതു', അതിനെ കാവ്യമാക്കി മാറ്റണമെന്ന 'ഇച്ഛാശക്തി', ബോധവും അബോധവുമായ പല ശക്തികൾ ചേർന്ന് കവി മനസ്സിൽ നടക്കുന്ന 'മനനം', ബിംബങ്ങൾ മൂർത്തങ്ങളായി, താളാത്മ കമായ വരികളായി പുത്തനാശയങ്ങൾ കൂടി ച്ചേർന്നുള്ള 'എഴുത്ത്', എഴുതിയതിനെ പുനഃപ രിശോധിക്കുന്ന 'വിമർശനാത്മകമായ വായന'. സുഹൃത്തുക്കളുടെ വിമർശനത്തിന് കവിതയെ വിധേയമാക്കുന്ന 'പൊതുവായന', അവസാന മി നുക്കുപണി എന്നിവയാണ് ആ ഏഴ് മുഹൂർത്ത ങ്ങൾ. തന്റെ പണിപ്പുരയെ കവി ഉപമിക്കുന്നത് നാട്ടിൻപുറത്തെ കരുവാന്റെ ആലയോടാണ്. പണി തീർന്ന കവിതയെ ഒരു പേനാക്കത്തിയോ ടാണ് ഉപമിക്കുന്നത്.

'കുങ്കുമപ്രഭാത'ത്തിന്റെ അവതാരികയിൽ ഇട ശ്ശേരി കവിതാചർച്ച നടത്തുന്നുണ്ട്. കവിത ഒരു വ്യവഹാരമെന്നനിലയിൽ ഇതര സാഹിത്യരൂ പങ്ങളിൽ നിന്ന് വ്യത്യസ്തമാണെന്ന് ഇടശ്ശേരി വ്യക്തമാക്കുന്നു. ജീവിതപോരാട്ടം നടത്തുന്ന വർക്ക് ആയുധവും മുറിവേറ്റ് പരാജയപ്പെട്ടവർ ക്ക് ആശ്വാസദായകവും ആണ് കവിത. അത് നാടകം പോലെ പ്രകടമോ നോവൽപോലെ വാ ചാലമോ കഥ പോലെ വിസ്ഫോടകമോ അല്ല. സമകാലകവിതയിൽ ശാസ്ത്രീയതയുടെയും വൈജ്ഞാനികതയുടെയും അംശം കൂടുതലാ ണ്. കവിത ഒരു ശാസ്ത്രീയ വ്യവഹാരമല്ല. ദൈ നംദിന ജീവിതം പോലെ തന്നെ ഒരു പ്രത്യയശാ സ്ത്രവ്യവഹാരമാണ്. പുരാണേതിഹാസങ്ങളും ഐതിഹ്യങ്ങളും ശാസ്ത്രത്തിന് മിഥ്യയാണെ ങ്കിലും കവിതക്ക് അനർഘമായ ഈടുവയ്പു കളാണ്. കേവല സത്യത്തെ ഉൾക്കൊണ്ടിരിക്കു മ്പോഴും അസത്യമയങ്ങളായ സങ്കല്പങ്ങളാൽ വികാരവത്താകാൻ കഴിയുന്ന മനുഷ്യമനസിന്റെ കഴിവിനെയാണ് എല്ലാ ഭാവനാവ്യാപാരങ്ങളും ആശ്രയിക്കുന്നതെന്ന് ഇടശ്ശേരി പറയുന്നു. കവി തയെ സോദ്ദേശ്യമാക്കുന്നതിൽ കുറ്റമില്ലെങ്കിലും അത് അമിതമാകരുതെന്ന് ഇടശ്ശേരി ഓർമ്മിപ്പി ക്കുന്നു. സാമൂഹികവും സൗന്ദര്യാത്മകവുമായ ധർമ്മങ്ങൾ ഉചിതമായ രീതിയിൽ സമന്വയിക്ക ണം.

ആധുനികകവിതയിലെ ദുർഗ്രഹതയ്ക്കു കാരണം അവയെ വിലയിരുത്താനാവശ്യമായ ഒരു കേരളീയ സൗന്ദര്യശാസ്ത്രമില്ലാത്തതാണ് എന്ന് ഇടശ്ശേരി നിരീക്ഷിക്കുന്നു. കവിത ആനു കാലിക ജീവിതം പ്രതിഫലിപ്പിച്ചാൽ പോര ജീ വിതം എങ്ങനെയായിത്തീരണമെന്ന് വിഭാവനം ചെയ്യുകയും വേണമെന്ന് ഇടശ്ശേരി അഭിപ്രാ യപ്പെടുന്നു. സാമൂഹികവും സൗന്ദര്യാത്മകവു മായ ധർമ്മങ്ങളെ യഥാവിധി സമന്വയിപ്പിച്ചു കൊണ്ട് കാവ്യരചന നടത്തിയ എഴുത്തച്ഛനും കുമാരനാശാനും പ്രണാമമർപ്പിക്കുന്ന കവിതക ളിലൂടെ ഇടശ്ശേരി തന്റെ കാവ്യസങ്കല്പത്തെ വ്യ ക്തമാക്കുകയായിരുന്നു.

## അവലോകനം

വിപ്ലവകവിയായ ഇടശ്ശേരി ഗോവിന്ദൻ നായ രുടെ കവിതകളിലെ ദേശീയ ജനകീയ സ്വഭാ വത്തെ കണ്ടെത്തുകയാണ് കവിയും നിരൂ പകനുമായ കെ. സച്ചിദാനന്ദൻ. ഗാന്ധിയൻ ദർശനത്തിന്റെ സ്വാധീനം കവിതകളിലുണ്ട്. അധ്വാനിക്കുന്നവരും, അശരണരായ സ്ത്രീകളു മാണ് കവിതയിൽ കടന്നു വരുന്നത്. ആധുനിക കവിതയിലെ ദുർഗ്രഹതക്കു കാരണം അവയെ വിലയിരുത്താനാവശ്യമായ ഒരു കേരളീയ സൗ ന്ദര്യശാസ്ത്രമില്ലാത്തതാണ് എന്ന് ഇടശ്ശേരി നിരീക്ഷിക്കുന്നു. കവിത ആനുകാലിക ജീവിതം പ്രതിഫലിപ്പിച്ചാൽമാത്രം പോര ജീവിതം എങ്ങ നെയായിത്തീരണമെന്ന് വിഭാവനം ചെയ്യുകയും വേണമെന്ന് ഇടശ്ശേരി അഭിപ്രായപ്പെടുന്നു. സാ മൂഹികവും സൗന്ദര്യാത്മകവുമായ ധർമ്മങ്ങളെ യഥാവിധി സമന്വയിപ്പിച്ചുകൊണ്ട് കാവ്യരചന നടത്തിയ എഴുത്തച്ഛനും കുമാരനാശാനും പ്രണാമമർപ്പിക്കുന്ന കവിതകളിലൂടെ ഇടശ്ശേരി

തന്റെ കാവ്യസങ്കല്പത്തെ വ്യക്തമാക്കുകയായിരുന്നു.അടിസ്ഥാനവർഗ്ഗാനുഭാവം ശക്തമായി കാണപ്പെടുന്ന കവിതകളിലൂടെ സ്വാതന്ത്ര്യാനന്തരം നേരിടുന്ന പ്രതിസന്ധികളെ കാട്ടിത്തരുന്നു. ഇടശ്ശേരി കവിതകളിൽ നിറഞ്ഞു നിൽക്കുന്ന പ്രദേശം പൊന്നാനിയാണ്. പൊന്നാനിയിലെ ഗ്രാമീണ മനുഷ്യരുടെ ജീവിതത്തെ പശ്ചാത്തലമാക്കിയാണ് ആ കാലഘട്ടത്തിലെ എല്ലാ വിഷയങ്ങളും അവതരിപ്പിച്ചത്. ജനകീയതയും മർദ്ദിതരോഷവും പ്രകടമാകുന്ന കവിതകളിൽ ശക്തിയാർജിക്കുന്ന തൊഴിലാളിവർഗ്ഗത്തെ അവതരിപ്പിക്കുന്നു. സ്ത്രീജീവിതത്തിന്റെ ദൈന്യതകളെ ആവിഷ്കരിക്കുന്ന കവിതകളും കാലത്തിന്റെ അനിവാര്യതയായി മാറുന്നു. അടിത്തട്ടിലുള്ളവരുടെ കവിതയായി പുരാണ കഥാഖ്യാനങ്ങളും മാറുന്നുണ്ട്. ദാരുകൻ കവിയുടെ തന്നെ പ്രതിരൂപമാണെന്ന് പറയുന്നു. മനുഷ്യനുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് പ്രകൃതിയെ വർണ്ണിക്കുന്നത്. യന്ത്രയുഗത്തേയും അതിന്റെ പുത്തൻ മൂല്യങ്ങളേയും അതിവ്യവസായവത്ക്കരണത്തെയും വിമർശിക്കുന്നു. പ്രകൃതിയുമായുള്ള ബന്ധത്തിന്റെ മറ്റൊരു രൂപം മാതൃദേവതാ സങ്കൽപ്പമാണ്. പൂതപ്പാട്ടും കാവിലെപ്പാട്ടും ഈ ഗണത്തിൽപ്പെടുന്ന കവിതകളാണ്. ഫലിതബോധം, ആസ്തിക്യചിന്ത, അഹിംസാബോധം, കേരളീയത എന്നിവയും കവിതകളിൽ കാണാം. എന്റെ പണിപ്പുര എന്ന ഗദ്യലേഖനത്തിൽ കാവ്യരചനാ പ്രക്രിയയുടെ ഏഴു മുഹൂർത്തങ്ങളെക്കുറിച്ച് കവി വിശദീകരിക്കുന്നു. കവിത ഒരു ശാസ്ത്രീയ വ്യവഹാരമല്ലായെന്നും ദൈനംദിന ജീവിതം പോലെ തന്നെ ഒരു പ്രത്യയശാസ്ത്ര വ്യവഹാരമാണെന്നും നിരീക്ഷിക്കുന്നു.

## Recap

- സവിശേഷമായ ഒരു സാമൂഹിക രാഷ്ട്രീയ - സാംസ്കാരിക സന്ധിയിലാണ് ഇടശ്ശേരി ജീവിച്ചിരുന്നത്
- കാലഘട്ടത്തിന്റെ സവിശേഷതകൾ അദ്ദേഹത്തിന്റെ കവിതകളിൽ പ്രതിഫലിച്ചു
- വർഗ്ഗസമരത്തിന്റെ കാലം
- ഗാന്ധിയൻ-സർവോദയ ആശയങ്ങളോടുള്ള ആഭിമുഖ്യം
- വിപ്ലവകരമെന്നതിനേക്കാൾ പരിഷ്കരണോന്മുഖമായ നിലപാട്
- ഇടശ്ശേരിക്ക് തനതായ ഗ്രാമീണ കർഷക പ്രത്യയശാസ്ത്രം ഉണ്ടായിരുന്നു
- അടിച്ചമർത്തപ്പെട്ട കർഷകരുടെയും തൊഴിലാളികളുടെയും ദുഃഖം ആവിഷ്കരിക്കുന്നതിന് പ്രാധാന്യം നല്കി
- പൂർവകാവ്യമാതൃകകളെ പിന്തുടർന്നില്ല
- ആർഭാടരാഹിത്യം, പാരുഷ്യം, ചിന്താനിയന്ത്രണം, പാരമ്പര്യത്തിന്റെ പുനരാവാഹനം, നാടോടിമട്ട് ഇവ കലർന്ന കാവ്യരീതി
- സ്ത്രീസമത്വബോധത്തിന്റെ ഉദാഹരണമായ കവിതകൾ ‘പെങ്ങൾ’ ‘വിവാഹസമ്മാനം’
- പുരാണകഥാപുനരാഖ്യാനങ്ങളിലും അടിത്തട്ടിലുള്ളവർക്ക് പ്രാധാന്യം
- പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ വിശ്വാസം
- വന്ധ്യതയും ഉർവരതയും തമ്മിലും ക്രൗര്യവും വാത്സല്യവും തമ്മിലും ഉള്ള സംഘർഷം

- ആസ്തികൃത്തിന്റേതായ ഒരു ശുഭബോധം ഇടശ്ശേരിക്ക് കരുത്തേകിയിരുന്നു
- ദുഃഖത്തിന്റെ അനിവാര്യതയെ കവി അംഗീകരിച്ചിരുന്നു
- അഹിംസാമാർഗം എല്ലായ്പ്പോഴും പ്രാവർത്തികമാകില്ല എന്ന ബോധം
- വിഭിന്നങ്ങളായ ജീവിത സംഘർഷങ്ങൾ അവതരിപ്പിച്ചു
- കേരളത്തെക്കുറിച്ചുള്ള അഭിമാനബോധം 'വൃത്തികെട്ട തറവാടിത്തഘോഷണമാകു'ന്നതിനോട് കവി വിയോജിച്ചു
- ഫലിതബോധവും പരിഹാസവും ഗ്രാമീണ കർഷകന്റെ നാടോടി നർമ്മബോധത്തിന്റെ വകഭേദമാണ്
- കാർഷികവൃത്തിയും ഗ്രാമീണ ജീവിതവുമായി ബന്ധപ്പെട്ട ഉപമകളും വാങ്മയചിത്രങ്ങളും ധാരാളം പ്രയോഗിച്ചു
- പരിഷ്കരണോത്സുകനായ കവി ഹൃദയമായിരുന്നു ഇടശ്ശേരിയുടേത്

## Objective Questions

1. മാർക്സിയൻ ദർശനത്തിലെ നിയാമകഘടകങ്ങൾ ഏത്?
2. അടിസ്ഥാനവർഗ്ഗത്തോട് അനുഭാവം പുലർത്തുന്ന രണ്ട് ഇടശ്ശേരിക്കവിതകൾ എഴുതുക.
3. ആരുടെ ആശയങ്ങളോടും മൂല്യങ്ങളോടുമാണ് ഇടശ്ശേരിക്ക് ആഭിമുഖ്യം ഉണ്ടായിരുന്നത്?
4. 'പുത്തൻ കലവും അരിവാളും'എന്ന കവിതയുടെ അടിസ്ഥാനം?
5. "കുഴിവെട്ടിമൂടുക വേദനകൾ /കുതികൊൾക ശക്തിയിലേക്ക് നമ്മൾ" ഏതു കവിതയിലെ വരികൾ?
6. ഇടശ്ശേരിയുടെ കാവ്യ ലോകത്തിലെ ദേശം?
7. "അധികാരം കൊയ്യണമാദ്യം നാം അതിനു മേലാകട്ടെ പൊന്നാര്യൻ" ഏത് കവിതയിലെ വരികൾ?
8. കയർ തൊഴിലാളികളുടെ ജീവിതയാതന പറയുന്ന ഇടശ്ശേരി കവിത?
9. 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' ആരുടെ കവിത?
10. കവിയുടെ തന്നെ പ്രതിരൂപം എന്ന് കരുതുന്ന പുരാണ കഥാപാത്രം?
11. "നരനൊരു യന്ത്രമായാൽ അംബ /പേരാറെ നീ മാറിപ്പോകുമോ /ആകുലമായൊരഴുക്കുചാലായി'' ഇങ്ങനെ പാടിയ കവി?

12. മാതൃ സങ്കല്പവും ദേവി സങ്കല്പവും എടുത്തുകാട്ടുന്ന ഇടശ്ശേരിയുടെ കാവ്യം
13. കാവ്യരചന പ്രക്രിയയുടെ ഏഴു മുഹൂർത്തങ്ങളെ പറ്റി പറയുന്ന ഇടശ്ശേരിയുടെ കൃതി?
14. കുടുംബഘടനയ്ക്കുള്ളിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പ്രമേയമായ ഇടശ്ശേരിക്കവിതകൾ ഏവ?
15. ഗ്രാമീണ കർഷകന്റെ വ്രണിതമായ അഭിമാനബോധം ചിത്രീകരിക്കുന്ന ഇടശ്ശേരിക്കവിതകൾ?
16. പാരിസ്ഥിതികബോധം ശക്തമായി പ്രതിഫലിക്കുന്ന ഇടശ്ശേരിക്കവിത?
17. മാതൃദേവതാസങ്കല്പം ആവിഷ്കൃതമാകുന്ന കവിതകൾ?
18. കേരളം മുഖ്യപ്രതിപാദ്യമാകുന്ന ഇടശ്ശേരിയുടെ കവിതകൾ?

## Answers

1. അടിത്തറ, മേൽപ്പുര സിദ്ധാന്തം
2. പണിമുടക്കം, പുത്തൻകലവും അരിവാളും
3. ഗാന്ധിയൻ
4. അടിസ്ഥാന വർഗ്ഗാനുഭാവം
5. പണിമുടക്കം
6. പൊന്നാനി
7. പുത്തൻകലവും അരിവാളും
8. ചകിരിക്കുഴികൾ
9. ഇടശ്ശേരി
10. ദാരുകൻ
11. ഇടശ്ശേരി
12. പൂതപ്പാട്ട്
13. എന്റെ പണിപ്പുര
14. 'വിവാഹസമ്മാനം' 'പെങ്ങൾ' 'തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ'
15. 'അങ്ങേവീട്ടിലേക്ക്' 'മകന്റെ വാശി'
16. കുറ്റിപ്പുറം പാലം
17. പൂതപ്പാട്ട്, കാവിലെപ്പാട്ട്
18. കൈതപ്പൂവ്, വികസിക്കുക, മലയാളി

## Assignments

1. സച്ചിദാനന്ദന്റെ കാവ്യ വിമർശനത്തെക്കുറിച്ച് ഉപന്യസിക്കുക.
2. ഇടശ്ശേരിക്കവിതയിലെ പ്രാദേശികത ചർച്ച ചെയ്യുക.
3. അടിസ്ഥാനവർഗ്ഗങ്ങളുടെ അനുഭവലോകത്തെ ഇടശ്ശേരിക്കവിതകളിൽ കണ്ടെത്തുക.
4. ഇടശ്ശേരിക്കവിതകളിലെ പ്രത്യേകതകളായി സച്ചിദാനന്ദൻ നിരീക്ഷിക്കുന്ന വസ്തുതകളെ ക്രോഡീകരിക്കുക.

## Reference


1. കെ. സച്ചിദാനന്ദൻ, മലയാള കവിതാപഠനങ്ങൾ, ഡി.സി.ബുക്സ്., കോട്ടയം.
2. ഇടശ്ശേരി ഗോവിന്ദൻ നായർ, ഇടശ്ശേരിക്കവിതകൾ സമ്പൂർണ്ണം, ഡി.സി.ബുക്സ്., കോട്ടയം.
3. കെ. സച്ചിദാനന്ദൻ, മലയാള കവിതാ പഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

# യൂണിറ്റ് - 2
# മഴ മലയാളകവിതയിൽ

**ജി. മധുസൂദനൻ**

## Learning Outcomes

- പരിസ്ഥിതിവിമർശനത്തെ മനസ്സിലാക്കുന്നു
- പരിസ്ഥിതിവിമർശനത്തിന്റെ ചരിത്രം അറിയുന്നു
- ജി മധുസൂദനന്റെ വ്യക്തിജീവിതവും എഴുത്തും മനസ്സിലാക്കുന്നു
- തകഴിയുടെയും എസ്.വി. വേണുഗോപൻ നായരുടെയും കഥകളെ പരിശോധിക്കുന്നു
- മഴ ഭാവസൂചകമായി മാറുന്നത് എങ്ങനെ എന്ന് അന്വേഷിക്കുന്നു
- മലയാള കഥകളിൽ വറുതിയും കെടുതിയുമായി മഴ തീരുന്നതെങ്ങനെ എന്നറിയുന്നു
- ഗൃഹാതുരത്വമായി മഴ കഥകളിൽ നിറയുന്നതെങ്ങനെയെന്ന് കണ്ടെത്തുന്നു
- രതിയായും രാഗമായും മഴ മാറുന്നത് എങ്ങനെ എന്ന് അറിയുന്നു
- മഴ വിരേചനമായി ആവിഷ്കരിക്കുന്ന കഥകൾ കണ്ടെത്തുന്നു

## Prerequisite

ആധുനികാനന്തര മലയാളവിമർശനത്തിൽ പ്രധാനപ്പെട്ട ഒന്നാണ് പരിസ്ഥിതി നിരൂപണം അഥവാ ഹരിതനിരൂപണം. പാരിസ്ഥിതികരാഷ്ട്രീയത്തിന്റെയും പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ സാഹിത്യകൃതിയെ വിശകലനം ചെയ്യുന്ന രീതിയാണിത്. ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിലാണ് പാരിസ്ഥിതിക വിമർശനം ഒരു സംഘടിത പഠന മേഖലയായി വളർന്നത്. സാഹിത്യത്തിൽ പൗരാണിക കാലം മുതൽ തന്നെ ഉണ്ടായിരുന്ന പ്രകൃതി വർണ്ണനകൾക്കും പ്രകൃതിപൂജയ്ക്കും പ്രകൃതി അവബോധത്തിനും അപ്പുറം വ്യവസായയുഗം സൃഷ്ടിച്ച നാനാവിധ പ്രതിസന്ധികൾ ജീവന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയായി വളർന്നതാണ് ഈ പുതിയ പഠനശാഖയുടെ പശ്ചാത്തലം. വ്യവസ്ഥാപിതമായ വിമർശന രീതികളെ മറികടന്ന് രാഷ്ട്രീയവും സാംസ്കാരികവുമായി ഉൾബലമുള്ള ഒരു ബദൽ വിമർശന രീതിയായി പാരിസ്ഥിതിക വിമർശനം വികസിച്ചു. ഇക്കോ-ക്രിട്ടിസിസം എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത് വില്യം റുക്കോട്ട് എന്ന അമേരിക്കൻ എഴുത്തുകാരനാണ്. 1978-ൽ പ്രസിദ്ധം ചെയ്ത 'സാഹിത്യവും ഇക്കോളജിയും: ഇക്കോ-ക്രിട്ടിസിസത്തിൽ ഒരു പരീക്ഷണം' എന്ന പ്രബന്ധത്തിലാണ് അത് പ്രത്യക്ഷപ്പെടുന്നത്. സാഹിത്യപഠനത്തിൽ ഇക്കോളജിയും പാരിസ്ഥിതിക തത്വങ്ങളും ഉപയോഗിക്കുന്നത് എങ്ങനെയെന്ന് പരീക്ഷിക്കുവാനാണ് എന്റെ ഉദ്യമം. കാരണം നാമെല്ലാം ജീവിക്കുന്ന ലോകത്തിന്റെ ഇന്നത്തെ അവസ്ഥയെയും ഭാവിയേയും സംബന്ധിച്ച് ഏറ്റവും പ്രസക്തമായ വിഷയമാണ് ഇക്കോളജി' എന്ന് വില്യം റുക്കേർട്ട് അഭിപ്രായപ്പെട്ടു. 1974-ൽ ഇറങ്ങിയ ജോസഫ് മീക്കറുടെ 'നിലനില്പിന്റെ കോമഡി സാഹിതീയ ഇക്കോളജി പഠനങ്ങൾ' എന്ന ഗ്രന്ഥമാണ് ആദ്യത്തെ ആധുനിക പാരിസ്ഥിതിക വിമർശനഗ്രന്ഥം. റേച്ചൽ കാഴ്സണിന്റെ 'നിശബ്ദവസന്തം' എന്ന ഗ്രന്ഥം അമേ

രിക്കൻ പരിസ്ഥിതിചിന്തയിലെ സുപ്രധാനഘടകമാണ്. സാഹിതീയ ഇക്കോളജി (Literary Ecology) എന്ന വാക്കുപയോഗിച്ചാണ് മീക്കർ നിർവചിച്ചത്. പ്രപഞ്ചവും മനുഷ്യചേതനയുമായുള്ള ചാർച്ചയും ഭൂമിശാസ്ത്രവും ഭൂദൃശ്യങ്ങളും സാഹിത്യവുമായുള്ള ബന്ധത്തിന്റെ പഠനങ്ങളും മുതൽ ഘടനാവാദാനന്തര (Post Structuralist) സങ്കേതങ്ങളുപയോഗിച്ച് നവീനകലയെക്കുറിച്ചു നടത്തുന്ന പഠനങ്ങൾ വരെ ഉൾക്കൊള്ളാൻ കഴിയുന്നൊരു വലിയ കുടക്കീഴിലായിരിക്കണം ഇക്കോ-ക്രിട്ടിസിസം' എന്ന് ലോറൻസ് ബുവെൽ അഭിപ്രായപ്പെടുന്നു.

വ്യവസ്ഥാപിതമായ ഒട്ടേറെ വിമർശനരീതികളെ മറികടന്നുകൊണ്ട് രാഷ്ട്രീയവും സാംസ്കാരികവുമായ ഉൾബലമുള്ള ഒരു ബദൽ വിമർശനരീതിയായി ഇത് മലയാളത്തിലും സ്ഥാനം നേടിയിട്ടുണ്ട്. 90-കൾ മുതലാണ് ഹരിതദർശനത്തിൽ ഊന്നിയുള്ള ചിന്തകൾ മലയാളത്തിൽ ശക്തമാകുന്നത്. 1990-ൽ പ്രസിദ്ധീകൃതമായ പി.പി.കെ. പൊതുവാളിന്റെ പരിസ്ഥിതിവിചാരം മലയാള കവിതയിൽ' എന്ന പഠനം മലയാളത്തിൽ ഈ രീതിയിലുള്ള ആദ്യ കാൽവെയ്പ്പാണ്. ആനന്ദിന്റെ 'ജൈവ മനുഷ്യൻ' എന്നകൃതിയിലും ഇതിന്റെ അനുരണനങ്ങൾ കാണാം. ടി.പി. സുകുമാരന്റെ 1992-ൽ പ്രസിദ്ധീകരിച്ച 'പരിസ്ഥിതി സൗന്ദര്യശാസ്ത്രം: ഒരു മുഖവുര' എന്ന കൃതിയാണ് ഈ സൗന്ദര്യശാസ്ത്ര സമീപനത്തെ നിർവചിച്ച് അവതരിപ്പിക്കാൻ ശ്രമിച്ച ആദ്യ കൃതിയെന്ന് സി.ആർ. പ്രസാദ് അഭിപ്രായപ്പെടുന്നു. മധുസൂദനന്റെ 'കഥയും പരിസ്ഥിതിയും' ഇക്കോ ക്രിട്ടിസിസത്തിന്റെ പശ്ചാത്തലത്തിൽ പഠിക്കുന്ന ഗ്രന്ഥമാണ്. ജി. മധുസൂദനൻ എഡിറ്റ് ചെയ്ത 'ഹരിത നിരൂപണം മലയാളത്തിൽ' ഹരിതനിരൂപണത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ തലങ്ങൾ വിശദമാക്കുന്നു. കഥ, കവിത, നോവൽ എന്നിങ്ങനെ വ്യത്യസ്ത സാഹിത്യരൂപങ്ങളെ ഈ കൃതി പരിഗണിച്ചിട്ടുണ്ട്.

**ജി. മധുസൂദനൻ**



കൊല്ലം ജില്ലയിലെ പെരിനാട് ജനനം. 1976-ൽ ഐ എ എസിൽ പ്രവേശിച്ചു, കേന്ദ്രസർക്കാരിന്റെ സാമ്പത്തിക കാര്യവകുപ്പിൽ ഉദ്യോഗസ്ഥനായിരുന്നു. ഗ്രീൻ എനർജി എന്ന ശാസ്ത്ര മാസികയുടെ ചീഫ് എഡിറ്റർ. പാരിസ്ഥിതിക രാഷ്ട്രീയത്തെയും പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തെയും ഗൗരവപൂർവ്വം സമീപിക്കുന്ന നിരൂപകനാണ് ജി. മധുസൂദനൻ. മലയാളസാഹിത്യത്തിലെ പാരിസ്ഥിതികാവബോധത്തെ അന്വേഷിക്കുന്ന നിരവധി ലേഖനങ്ങൾ രചിച്ചിട്ടുണ്ട്. പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ സൈദ്ധാന്തിക വശത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്ത ഗ്രന്ഥമാണ് അദ്ദേഹത്തിന്റെ 'ഹരിതനിരൂപണം മലയാളത്തിൽ' കഥയും പരിസ്ഥിതിയും എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡ്, തായാട്ട് സ്മാരക പുരസ്കാരം, അബുദാബി ശക്തി അവാർഡ് മുതലായ അനവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 1995-ൽ കൊളറാഡോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നടന്ന ഒന്നാം വിശ്വപരിസ്ഥിതിസാഹിത്യ സമ്മേളനത്തിൽ അവരുടെ ക്ഷണം അനുസരിച്ച് 'ഇക്കോ ഫെമിസവും സാഹിത്യവും' എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചിട്ടുണ്ട്. 'Capitalism, Nature, Socialism'(CNS) എന്ന ഇക്കോ- മാർക്സിസത്തിന്റെ പ്രമുഖ സൈദ്ധാന്തിക ജേർണലിൽ 2004-ൽ എഴുതിയ 'Greening The Reds Silently: A Case Study from Kerala' CNS -ന്റെ പ്രസാധകർ 2014-ൽ 25 വർഷത്തെ

ഏറ്റവും മികച്ച 25 പ്രബന്ധങ്ങളിൽ ഒന്നായി തെരഞ്ഞെടുത്തു. വികസനം, ബദൽ ഊർജ്ജം എന്നീ വിഷയങ്ങളിൽ ഇംഗ്ലീഷിൽ നാല് ഗ്രന്ഥങ്ങളും, പരിസ്ഥിതി, സുസ്ഥിരവികസനം, ഹരിതഊർജ്ജം എന്നീ വിഷയങ്ങളിൽ ഇംഗ്ലീഷിലും മലയാളത്തിലുമായി നിരവധി ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**പ്രധാനകൃതികൾ**

കഥയും പരിസ്ഥിതിയും, ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ, ഹരിതനിരൂപണം മലയാളത്തിൽ: പാരിസ്ഥിതിക വിമർശനം, ഭാവനയുടെ ജലസ്ഥലികൾ, ജി.പ്രണാമം(എഡി.)

## Keywords

മഴ - സഞ്ജീവനിയായി - ഭാവസൂചകമായി - വറുതിയും കെടുതിയുമായി - ഗൃഹാതുരത്വമായി - രതിയായി - വിരേചനമായി

## Discussion

പ്രകൃതിപാഠങ്ങളിൽ ജലത്തിനും മഴയ്ക്കും വലിയ പ്രാധാന്യമുണ്ട്. സാഹിത്യത്തിൽ മാനുഷികാവസ്ഥയ്ക്ക് സമാനമായ ധാരാളം മഴബിംബങ്ങളുണ്ട്. പ്രകൃതിയുടെ വരദാനമാണ് മഴ. മലയാള കഥയിലും മഴയുടെ ധാരാളിത്തം കാണാം. മലയാള ചെറുകഥയിൽ കാണപ്പെടുന്ന 'മഴ'യുടെ വിഭിന്നങ്ങളായ ചിത്രങ്ങളെ വിശകലം ചെയ്യുകയാണ് ലേഖകൻ.

### മഴ-സഞ്ജീവനിയായി

എസ്.വി. വേണുഗോപൻ നായരുടെ 'വെള്ളപ്പൊക്കത്തിൽ' എന്ന കഥയെ അതേപേരിലുള്ള തകഴിയുടെ പ്രസിദ്ധമായ കഥയുമായി ചേർത്തു വച്ചു വായിക്കുകയാണ് ലേഖനാരംഭത്തിൽ ജി. മധുസൂദനൻ. തകഴിയുടെ കഥയിൽ പ്രളയഭീതിയാണ് മുഖ്യം. വേണുഗോപൻ നായരുടെ കഥയിൽ മഴ വേദമാണിക്യമെന്ന വൃദ്ധനിൽ സഞ്ജീവനിയായി മാറുകയാണ്. മഴയുടെ ശബ്ദം കേട്ട് രോഗശയ്യയിൽ നിന്ന് ആഹ്ലാദപൂർവ്വം എഴുന്നേറ്റുവന്ന് മേൽക്കൂര മേൽ കയറി നിന്ന് വേദമാണിക്യം മഴ ആസ്വദിക്കുന്നു. ഉത്സാഹഭരിതനായി ആഹ്ലാദനൃത്തം നടത്താൻ അയാൾ വെമ്പുന്നു. മഴ അയാളിൽ ബാല്യയൗവനസ്മൃതികൾ ഉണർത്തുന്നു. തന്റെ ചെറുപ്പത്തിലുണ്ടായ വലിയ വെള്ളപ്പൊക്കത്തിന്റെ അനുഭവങ്ങൾ ഓർത്തെടുക്കുന്ന അയാളിൽ 'മഴ' യൗവനാനുഭൂതികളുടെ സ്മരണകളും ജനിപ്പിക്കുന്നു. ജലം ഉൾപ്പെടെയുള്ള പ്രകൃതി സൗഭാഗ്യങ്ങളെ അവഗണിക്കുന്ന സമകാലത്തുനിന്നുള്ള മോചനം കൂടിയാണ് വേദമാണിക്യത്തിന് മഴ. പ്രകൃതിയുമായി ഇഴുകിച്ചേരാനുള്ള വ്യഗ്രതയാണ് അയാളിലുള്ളത്. 'ആകാശവും ജലവും ഭൂമിയും തിരിച്ചറിയാനാവാത്തവിധം ഒന്നായി ഇരുളായി തീർന്നിട്ടും വേദമാണിക്യം ചിരിച്ചു രസിച്ചു നിന്നു'വെന്നാണ് കഥ അവസാനിക്കുന്നത്. പ്രകൃതിയിൽ വിലയനം ചെയ്യുന്ന അയാളുടെ അന്തിമമായ മോചനം മഴയുടെ രൂപത്തിലെത്തുന്ന മരണം തന്നെയാകാം.

പ്രളയസമയത്ത് മറ്റുള്ളവരുടെ വസ്തുക്കൾ സ്വന്തമാക്കാനിറങ്ങുന്നവരിൽ മനുഷ്യന്റെ നൃശംസ്യതയാണു തകഴി കണ്ടത്. എന്നാൽ വേദമാണിക്യം അത്തരം പ്രവൃത്തികളെ യുവാക്കളുടെ ആഘോഷമായിട്ടാണ് കാണുന്നത്. 'വെള്ളം വിഴുങ്ങിയ ഭൂമിക്ക് അതിരുണ്ടോ? വരമ്പുണ്ടോ' എന്നാണയാളുടെ ചോദ്യം. പ്രകൃതിയുടെ സംഹാരതാണ്ഡവമെന്ന നിലയിലല്ല, അനിവാര്യമായ ഇന്ദ്രനടനമെന്ന നിലയിലാണ് വേണുഗോപൻ നായർ മഴയെയും പ്രളയത്തെ

യും അവതരിപ്പിക്കുന്നത്. വെള്ളത്തിലൊഴുകിവരുന്ന ജഡങ്ങൾ പോലും അനിവാര്യമായ എന്തിന്റെയോ പ്രതിഫലനമായാണ് വേദമാണിക്യം കാണുന്നത്. പ്രകൃതിയെ മറന്ന കാലത്തിന്റെ വികൃതി. "ഒക്കെ ജലമഹാകാളീടെ ബലിയാ. ദേവതകൾക്ക് അറിഞ്ഞുകൊടുത്തില്ലെങ്കില് അവര തങ്ങെടുക്കും..' എന്നയാൾ ഓർമ്മിപ്പിക്കുന്നു.

## മഴ – ഭാവസൂചകമായി

പി.എഫ്. മാത്യൂസ് 'ഞായറാഴ്ച മഴ പെയ്യുകയായിരുന്നു' എന്ന കഥയിൽ മഴയുടെ നിരവധി ഭാവങ്ങൾ അവതരിപ്പിക്കുന്നു. മഴ ആനന്ദമായും, രതിയായും, മരണമായും ഒടുവിൽ പ്രത്യാശയായും പ്രത്യക്ഷപ്പെടുന്നു. ടി.പത്മനാഭന്റെ കഥകളായ 'വഞ്ചന', 'പഴയകുതിര', 'ഒരു കഥാകൃത്തു കുരിശിൽ', 'പഴയതൊപ്പികൾ', 'മഴ ഒടുവിലത്തെ മഴ' തുടങ്ങിയ കഥകൾ ആരംഭിക്കുന്നതു തന്നെ 'മഴ' യെ വർണ്ണിച്ചു കൊണ്ടാണ്. കുട്ടിക്കാലം മുതൽ തനിക്കു മഴയോടുണ്ടായിരുന്ന അഭിനിവേശവും, ഇടിമിന്നലോടു കൂടിയ രാത്രിമഴ പകർന്ന അനുഭൂതികളും പത്മനാഭൻ രേഖപ്പെടുത്തിയിട്ടുണ്ട്. 'ഇരുട്ട്' എന്ന കഥയിൽ പത്മനാഭൻ ഇരുണ്ട ഭീതിയായി കടന്നുവരുന്ന മഴയെക്കുറിച്ചാണ് എഴുതിയിട്ടുള്ളത്. അദ്ദേഹത്തിന്റെ മറ്റു ചില കഥകളിൽ മഴ ശോകമായി വന്നെത്തുന്നുണ്ട്. നന്തനാരുടെ 'മൊയ്തീൻ' എന്ന കഥയിൽ ശോകമുണരുന്നത് മഴയുടെ പശ്ചാത്തലത്തിലാണ്. കിഴക്കൻ മൺസൂണിന്റെ ശക്തമായ ആക്രമണമുള്ള ആന്തമാൻ നിക്കോബാർ ദ്വീപസമൂഹങ്ങളുടെ പശ്ചാത്തലത്തിലെഴുതിയ സി.വി. ശ്രീരാമന്റെ കഥകളിൽ മഴയുടെ സാന്നിധ്യം കാണാം. 'നിമ്പൂത്തലയിലെ ഗൗരി' എന്ന കഥയിൽ ദ്വീപിലെ അഭയാർത്ഥികളുടെ യാതനയായി മഴ മാറുന്നു.

എം.ടിയുടെ 'വാനപ്രസ്ഥം' എന്ന കഥയിൽ ബാഹ്യപ്രകൃതിയിലെ പെരുമഴയും കൊടുങ്കാറ്റും വ്യക്തിയുടെ ആന്തരപ്രകൃതിയിലെ സംഘർഷങ്ങളുമായി സമരസപ്പെട്ടു നിൽക്കുന്നത് കാണാം. മഴ മരണം തന്നെയായി പരിണമിക്കുന്നത് സക്കറിയയുടെ 'മഴ' എന്ന കഥയിൽ ദൃശ്യമാകുന്നു. കർഷകനായ തോമയിൽ പുതുമഴ ഉളവാക്കുന്ന ലഹരിയും അതിനെത്തുടർന്നുള്ള ദുരന്തവുമാണ് ഇക്കഥയിലെ പ്രമേയം. ആത്മഹർഷത്തോടെ മഴയിലേക്കിറങ്ങിയ തോമ ചെന്നെത്തുന്നത് തന്റെ മരണത്തിലാണ്. തോമയുടെ സ്വത്വം ഇതിൽ മഴയുടെ പ്രതികരണം തന്നെയായിത്തീരുന്നു. മഴയുടെ വിഭിന്ന ഭാവങ്ങളും മഴ ഭൂമിയിലും സസ്യപ്രകൃതിയിലും വരുത്തുന്ന മാറ്റങ്ങളും ഇന്ദ്രിയവേദ്യമാക്കിത്തരുന്ന വർണ്ണനകൾ നിറഞ്ഞതാണ് ഈ കഥ. "മഴയുടെ ലാസ്യതാണ്ഡവങ്ങൾ ഭൂമിയിൽ സസ്യപ്രകൃതിയിൽ വരുത്തുന്ന വികാരങ്ങളെ നാദങ്ങളിൽ, ഗന്ധങ്ങളിൽ, ദൃശ്യങ്ങളിൽ, സ്പർശങ്ങളിൽ കൂടി അനുഭൂതമാക്കുന്ന ഇക്കഥയിലെ വിവരണങ്ങളുടെ ഐന്ദ്രിയ പ്രത്യക്ഷവത്വം അനുഭവൈകവേദ്യമാണ് ' എന്ന് ലേഖനത്തിൽ പറയുന്നു.

## മഴ – വറുതിയായി, കെടുതിയായി

പെരുമഴ, തൊഴിലില്ലായ്മയ്ക്കും, പട്ടിണിക്കും കാരണമാകാറുണ്ട്. ഉത്പാദനപ്രക്രിയകളെ സ്തംഭിപ്പിക്കാനും, സാമ്പത്തിക മാന്ദ്യം ഉണ്ടാകാനും മഴ നിമിത്തമായിത്തീരാറുണ്ട്. എന്നാൽ മഴ മാറുമ്പോൾ, മഴ നല്കിയ വരദാനങ്ങളാൽ പ്രകൃതി അനുഗ്രഹീതമാകും. ഫലഭൂയിഷ്ഠമായ മണ്ണ് കാർഷികസമൃദ്ധിയ്ക്കും ജലസമ്പത്ത് വ്യാവസായ സമൃദ്ധിയ്ക്കും കാരണമാകും. മഴക്കാലത്തെ വറുതി അവതരിപ്പിക്കുന്നതാണ് എം.ടി.യുടെ 'കർക്കിടകം' എന്ന കഥ. മഴക്കാലത്തെ ഇല്ലായ്മകളുടെ ചിത്രം കുട്ടിയുടെ ചിന്തയിലൂടെ ഇതൾ വിരിയുന്നു. മഴയത്ത് മത്സ്യബന്ധനം തടസ്സപ്പെടുന്നതും, ഭക്ഷ്യോൽപ്പാദനശേഷി കുറയുന്നതും കഥാപാത്ര ഭാഷണങ്ങളിൽ സൂചിതമാകുന്നു. പെരുമഴയിൽ നശിക്കുന്ന കൃഷിയെക്കുറിച്ച് വേവലാതിപ്പെടുന്ന ചെറുമൻ തുടർന്ന് 'കാലം പെയച്ച കാലത്ത് അങ്ങന്യാ' എന്ന് വലിയൊരു സത്യവും പറയുന്നു. പാരിസ്ഥിതിക പ്രതിസന്ധികൾ ക്ഷണിച്ചുവരുത്തുന്ന മനുഷ്യന്റെ വിവേകശൂന്യതയെയാണ് ആ വാക്കുകൾ ധ്വനിപ്പിക്കുന്നത്. 'കർക്കിടകം' എന്ന പേരിൽ വി.എസ്. അനിൽകുമാർ രചിച്ച കഥയിലെ കോമരംനാണുവിന് മഴക്കാലം ഇല്ലായ്മയുടെ കാലമാണ്. പക്ഷേ തന്റെ കഷ്ടതകൾക്കല്ല അയാൾ പ്രാധാന്യം കൊടുക്കുന്നത്. വെള്ളക്ഷാമം പരിഹരിക്കാനും അതുവഴി നാട്ടുകാരുടെ അസന്തുഷ്ടിയും പ്രശ്നങ്ങളും അവസാനിപ്പിക്കാനു

മായി യഥേഷ്ടം മഴപെയ്യട്ടെ എന്നാണ് നാണു ചിന്തിക്കുന്നത്.

മഴയെന്ന സമൃദ്ധിയെ സ്വപ്നം കാണുന്ന ഒരു കുട്ടിയുടെ വർണ്ണന നന്തനാരുടെ 'കുളവും കുട്ടിയും' എന്ന കഥയിലുണ്ട്. മഴ മണ്ണിനെയും ജീവനെയും ഉർവരമാക്കി മാറ്റുന്നതിന്റെ വിവരണം 'ചുട്' എന്ന കഥയിൽ ഉണ്ട്. മഴ ഹർഷത്തിന്റെയും പ്രത്യാശയുടെയും രതിയുടെയും പ്രതീകമായി കഥകളിൽ കാണപ്പെടാറുണ്ട്. പലർക്കും പേടിസ്വപ്നമായ ഇടിമിന്നൽ ടി. പത്മനാഭന് ഇരുട്ടു നിറഞ്ഞ തന്റെ ജീവിതത്തിൽ പ്രകാശം പരത്തുന്ന ഒന്നാണ്. വർഷാരംഭത്തിനു മുമ്പേ ഇറങ്ങി വരുന്ന വസന്തത്തെയും അതിനൊപ്പം ചിറകുമുളക്കുന്ന നിരവധി ശലഭങ്ങളെയും പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഒരു കഥാപാത്രം സി.വി. ശ്രീരാമന്റെ 'വസന്തത്തിന്റെ ചിറകുകൾ' എന്ന കഥയിൽ കാണാം. നന്തനാരുടെ 'ജീവിതത്തിൽ നിന്നൊരേട്' എന്ന കഥയിൽ, വേനലവധിക്ക് നാട്ടിലെത്തുന്ന കഥാപാത്രം വരണ്ടു കിടക്കുന്ന തൊടികണ്ട് നിരാശനായി, മഴക്കാലത്ത് അവധിക്കു വന്നാൽ മതിയായിരുന്നു എന്നു ചിന്തിക്കുന്നു. അയാളുടെ ഓർമ്മകളിൽ മഴയുടെ ദൃശ്യഭംഗിയും കുളിർമയും സംഗീതവും കടന്നുവരുന്നു. 'വർഷകാലത്ത് തൊടിയിലേക്കു നോക്കുമ്പോൾ എന്റെ ഹൃദയം പീലിവിടർത്തുന്നു' എന്നയാൾ പറയുന്നു. നന്തനാരുടെ 'ഒരു വർഷകാലരാത്രി' എന്ന കഥയിലും മഴയെ സ്നേഹിക്കുന്ന കഥാപാത്രമാണുള്ളത്.

ഭൂമിയുടെയും ജീവജാലങ്ങളുടെയും ഹർഷമായി മഴ വന്നെത്തുന്നത് വൈശാഖന്റെ 'അർത്ഥം' എന്ന കഥയിൽ കാണാം. വൈയക്തികാനുഭൂതികളുടെ പ്രതീകമെന്നതിലപ്പുറം മഴയെ സാമൂഹ്യമായ ഒരു ഉയർത്തെഴുന്നേല്പായി പരിണമിപ്പിക്കുന്ന അസുലഭസന്ദർഭം ആനന്ദിന്റെ 'കീടകോശം' എന്ന കഥയിൽ കാണാം. മഴയ്ക്കു മുന്നോടിയായി മണ്ണിലും ജന്തുജാലങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ചു രേഖപ്പെടുത്തിക്കൊണ്ടാണ് കഥ വികസിക്കുന്നത്. മഴയ്ക്കു മുമ്പുള്ള പാറ്റകളുടെ ചേഷ്ടകളെക്കുറിച്ച് പറഞ്ഞ് ആനന്ദ് എത്തുന്നത് പ്രതികരണശേഷി നശിച്ച മനുഷ്യനെക്കുറിച്ചുള്ള ദുഃഖത്തിലാണ്. ജന്മവാസനകൾ എളുപ്പം മരിക്കുന്നത് മനുഷ്യരിലാണെന്നും, നിലനില്പിന്റെയും അതിജീവിക്കലിന്റെയും പ്രശ്നം വരുമ്പോൾക്കൂടിയും മനുഷ്യൻ എതിർക്കാൻ സന്നദ്ധനാകുന്നില്ലെന്നും ആശങ്കപ്പെടുന്നു. ജഡമായ ഈ മുകൾപരപ്പിനിടയിൽ ഉറങ്ങിക്കിടക്കുന്ന വിത്തുകളും കീടകോശങ്ങളുമുണ്ടെന്നും അവയ്ക്കു വിരിയാനും ഉയിരേകാനും പെരുമഴ തന്നെ വേണമെന്നും കഥ ഓർമ്മപ്പെടുത്തുന്നു.

### മഴ-ഗൃഹാതുരത്വമായി

എസ്.കെ. പൊറ്റക്കാട്ടിന്റെ 'അന്തകന്റെ തോട്ടി' എന്ന കഥയിൽ പ്രവാസിയുടെ ഗൃഹാതുരത്വമായി മഴയെ അവതരിപ്പിക്കുന്നു. മറുനാടൻ നഗരത്തിൽ യന്ത്രസീൽക്കാരം കൊണ്ടും ചൂടുകൊണ്ടും ഉറക്കം വരാതെ ക്ലേശിക്കുന്ന കഥാപാത്രം നാട്ടിലെ ഗ്രാമത്തിലെ തണുത്ത വർഷകാലരാത്രികളെ നഷ്ടബോധത്തോടെ സ്മരിക്കുന്നു. തിരിമുറിയാതെ പെയ്യുന്ന മഴയുടെ ശ്രുതിയും, ഒപ്പമുള്ള പോക്കാന്തവളകളുടെയും ചീവിടുകളുടെയും മരച്ചില്ലകളുടെയും ശബ്ദങ്ങളും കേരളവർഷർത്തുവിന്റെ ഓർക്കസ്ട്രയാണെന്നയാൾ ഓർക്കുന്നു. പൊറ്റക്കാടിന്റെ 'ഒഴിഞ്ഞ കട്ടിൽ' എന്ന കഥയിൽ ബാല്യകാലത്തിന്റെ സൗഹൃദങ്ങളുടെ കുളിർമ്മയും ആഹ്ലാദവും പേറിക്കൊണ്ടെത്തുന്ന മഴയെ വർണിക്കുന്നു. തിരുവാതിര ഞാറ്റുവേല സമയത്തെ മഴയിൽ നിറഞ്ഞൊഴുകുന്ന കുളം കാണാൻ വെമ്പുന്ന ബാല്യത്തെക്കുറിച്ചും പറയുന്നു. വൈശാഖന്റെ 'അന്തിനിലാവ്' എന്ന കഥയിലെ രോഗിയായ വൃദ്ധന് മഴ ഗ്രാമസ്മരണയോടൊപ്പം രോഗശമനവും നല്കുന്നു. നഗരത്തിലെ ആശുപത്രി മുറിയിൽ വച്ച്, പുറത്തു നിന്ന് കാതിലേക്ക് അരിച്ചെത്തിയ മഴശബ്ദം അയാളെ, പാടങ്ങളും സസ്യജന്തുജാലങ്ങളും കൊണ്ട് സജീവമായ തന്റെ ഗ്രാമത്തിന്റെ ഓർമകളിലേക്കും പ്രേയസിയെക്കുറിച്ചുള്ള സ്മരണയിലേക്കും കൂട്ടിക്കൊണ്ടു പോകുന്നു. അസംതൃപ്തമായ ദാമ്പത്യത്തിന് നടുവിൽ ഗതകാല പ്രേമത്തിന്റെ മധുരിക്കുന്ന ഓർമ്മയായി മഴ വരുന്നത് ടി. പത്മനാഭന്റെ 'മഴ ഒടുവിലത്തെ മഴ' എന്ന കഥയിൽ കാണാം.

## മഴ-രതിയായി, രാഗമായി

മഴയത്ത്, പ്രകൃതിയിലുണ്ടാകുന്ന ഭാവജൈവ പരിണാമത്തെ മനുഷ്യനിൽ രതിയുണരുന്നതുമായി ബന്ധിപ്പിക്കുന്ന ധാരാളം കഥാസന്ദർഭങ്ങളുണ്ട്. ടി. പത്മനാഭന്റെ 'കടയനല്ലൂരിലെ ഒരു സ്ത്രീ' എന്ന കഥയിലെ ബാലചന്ദ്രനു മഴ സ്വന്തം രതിയുണർച്ചയുടെ നാന്ദിയാണ്. മഴയിൽ കുതിർന്ന മണ്ണിലും മനുഷ്യനിലും ഒന്നിച്ച് രതിയുണരുന്നത് വൈശാഖന്റെ 'വനജ്ജ്വാലകൾ' എന്ന കഥയിൽ കാണാം. ഭാര്യയിൽ നിന്ന് അകന്നിരിക്കുന്ന ഒരാളിൽ കോരിച്ചൊരിയുന്ന മഴയത്ത് പരസ്ത്രീയുടെ സാന്നിദ്ധ്യം രതിയുണർത്തുന്നത് മഴയുടെ സൂക്ഷ്മഭാവങ്ങളുമായി സമരസപ്പെടുത്തി വിവരിച്ചിരിക്കുന്നു. "എത്രനാളത്തെ ഉഷ്ണമാണ്. നെഞ്ചിനുള്ളിലെ മരുഭൂമിയിൽ കാലവർഷത്തിന്റെ നനഞ്ഞ നഗ്നപാദങ്ങൾ പതിയുന്നു. മണ്ണിനടിയിൽ ദീർഘനിദ്രയിലായിരുന്ന വസന്തത്തിന്റെ വിത്തുകൾക്കിടയിൽ വിടരാൻ വെമ്പുന്ന ഈരിലകൾ തുടിക്കുന്നു." എന്ന വിവരണത്തിൽ, മഴ നല്കുന്ന അനുഭവങ്ങൾ രതിയനുഭവങ്ങളുമായി ചേർന്നു നില്ക്കുന്നതാണ് ദൃശ്യമാകുന്നത്. മഴ പ്രകൃതി ദൃശ്യങ്ങളെ മറയ്ക്കുന്നതിന് സമാനമായി രതിവാഞ്ഛ യാഥാർഥ്യബോധത്തെയും മറയ്ക്കുന്നു. മഴയുടെ ഇരമ്പം ആദിമമായ ഒരു വന്യതയായി അയാളെ ഗ്രസിക്കുന്നു. പക്ഷേ രതിയുടെ വന്യമായ മഴയെ സാഫല്യത്തിനനുവദിക്കാതെ കഥാകാരൻ തന്റെ കഥാപാത്രത്തിന് കടിഞ്ഞാണിടുന്നു.

നന്തനാരുടെ 'അപകടം' 'ഒരു വർഷകാല രാത്രി' എന്നീ കഥകളിൽ മഴയും രതിയുമായുള്ള ഭാവൈക്യം കാണാം. തിരുവാതിര ഞാറ്റുവേലയിലെ പെരുമഴസമയത്ത് ഭാര്യയോടൊത്തു കഴിയണമെന്ന ആഗ്രഹത്തോടെ നാട്ടിലെത്തുന്ന ഭർത്താവ് മഴയുടെ അഭാവം കാരണം മടങ്ങിപോകാൻ ആലോചിക്കുന്നതും തുടർന്ന് മഴപെയ്യുമ്പോൾ ഹർഷപുളകിതനായി ഭാര്യയോടൊപ്പം രാത്രി കഴിയുന്നതുമാണ് 'ഒരു വർഷകാല രാത്രി'യിൽ വിവരിക്കുന്നത്. ഈ കഥയിലെ ഭർത്താവ് ഭാര്യയെ ഉപഭോഗവസ്തുവായാണ് കാണുന്നതെന്നും അതിനാലാണ് മഴയില്ലാത്തതിനാൽ തന്റെ സങ്കല്പാനുസാരിയായി ഭാര്യയെ പ്രാപിക്കാൻ സാധിക്കില്ലെന്ന ചിന്തയിൽ മടങ്ങിപ്പോകാൻ അയാൾക്കു തോന്നുന്നതെന്നും ലേഖകൻ ചൂണ്ടികാട്ടുന്നു. കളങ്കിതമായ രതിയാണ് ഈ കഥയിലുള്ളത് എന്ന് ലേഖകൻ അഭിപ്രായപ്പെടുന്നു. എസ്.വി. വേണുഗോപൻ നായരുടെ 'വേനൽമഴ'യിൽ ദീർഘ വിരഹത്തിനു ശേഷമുള്ള ഭർത്തൃസാമീപ്യം മധ്യവയസ്കയിൽ രതിമോഹം ഉണർത്തുന്നത് മഴയുമായി ബന്ധപ്പെടുത്തി ആവിഷ്കരിച്ചിരിക്കുന്നു. മഴയെ രതിയുണർച്ചയുമായി ബന്ധിപ്പിക്കുന്ന മികച്ച കഥയാണ് ബാലകൃഷ്ണൻ മാങ്ങാടിന്റെ 'കിളിവാതിലിൽ മഴ' ഇക്കഥയിലെ മഴയെ സ്വപ്നം കാണുന്ന വൃദ്ധൻ, ചിരിച്ചുല്ലസിക്കുന്ന പെൺകുട്ടിയെ കാണുന്നതു പോലെയാണ് മഴയെ കാണുന്നത്. മഴയെ 'അവൾ' എന്നാണ് അയാൾ വിളിക്കുന്നത്. മഴയും മറ്റ് പ്രകൃതിഘടകങ്ങളും കരുണാപൂർവ്വം അയാളുടെ ഏകാന്തതക്ക് ആശ്വാസം പകർന്നു. രതിയുടെ വ്യഞ്ജകങ്ങളിലൂടെ മഴയെ രതിയായി പരിവർത്തിപ്പിക്കുവാൻ കഥാകൃത്തിന് കഴിഞ്ഞിട്ടുണ്ട്. മഴയുടെ ദൃശ്യവല്ക്കരണം സ്ത്രീ ശരീര സൂചനകളിലൂടെ നിർവഹിച്ചിരിക്കുന്നു. ലഹരിപൂർവം മഴ ആസ്വദിക്കുന്ന വൃദ്ധകഥാപാത്രത്തിൽ രതിനിർവൃതിക്കു സമാനമായ ഭാവഭേദങ്ങൾ ഉണ്ടാക്കുന്നു. അതേസമയം രതിയുണർച്ചകളെ കഥാപാത്രത്തിന്റെ മാനസിക ഭാവങ്ങളിൽ ഒതുക്കി നിറുത്തുന്നുമുണ്ട്. സ്ത്രീ ശരീരദൃശ്യങ്ങളും, സാമീപ്യവും അയാളിൽ അതിരു കടന്ന ആസക്തി ഉണർത്തുന്നില്ല. പെണ്ണിനെ പ്രാപിക്കൽ അല്ല, പുരുഷനും പ്രകൃതിയും ഒത്തു ചേരുന്ന വിശുദ്ധ സംഗമമാണ് ഇവിടെ രതി.

## മഴ-വിരേചനമായി

മഴയ്ക്ക് ഉച്ചാടന ശക്തിയുണ്ട്. മനുഷ്യനുല്പാദിപ്പിക്കുന്ന മാലിന്യങ്ങൾ നിറഞ്ഞ മണ്ണിനെ മഴ കഴുകി വൃത്തിയാക്കുന്നു. മഴയുടെ ഈ ശുചീകരണ സ്വഭാവം ആനുഷംഗികമായി ചില കഥകളിൽ കടന്നു വരുന്നുണ്ട്. പക്ഷേ അത് മുഖ്യഭാവമാകുന്ന കഥകളൊന്നുമില്ല. മനുഷ്യ ശരീരത്തിനുള്ളിലെ മാലിന്യങ്ങളെ ഉച്ചാടനം ചെയ്യുന്ന വിരേചന ശക്തിയാകാനും മഴയ്ക്ക് കഴിയും. മഴയും രോഗശമനവുമായി അങ്ങനെ ഒരു ബന്ധം വരുന്നു. മൺസൂണിന്റെ ആരംഭമാണ് രോഗശാന്തിക്കു പറ്റിയ സമയമെന്ന് ഒരു സങ്കല്പമുണ്ട്.

ആയുധാഭ്യാസത്തിന്റെ ആരംഭം കുട്ടിയുടെ എട്ടാം മൺസൂണിനാണ് വേണ്ടതെന്നും വിധി യുണ്ട്. മഴയുടെ രോഗശമനശക്തി പ്രതിപാദി ക്കുന്ന കഥയാണ് ടി. പത്മനാഭന്റെ 'ഉച്ചാടനം'. വൻനഗരത്തിൽ നിന്ന് ആയുർവേദ ചികിത്സ ക്കായി ഉൾനാട്ടിലെത്തുന്നയാൾക്ക് ഔഷധത്തി നൊപ്പം പ്രകൃതിയുടെ മടിത്തട്ടും, ആശ്വാസ മേകുന്നു. വൃക്ഷനിബിഡമായ കാവിലെ പ്രാ ർത്ഥനയും കൊച്ചൂട്ടന്റെ ചെണ്ടമേളവും ശമനോ പാധികളാകുന്നു. മഴ ഇക്കഥയിൽ ശമനത്തിന്റെ സംഗീതമാണ്. മഴക്കാഴ്ചകളിൽ ആനന്ദിക്കുന്ന അയാൾ, വിദേശത്തേക്ക് മഴയുടെ കാസറ്റുക ളും കൂടെകൊണ്ടു പോയിരുന്നു.സംഗീതത്തിന്റെ രോഗശമനശക്തിയെക്കുറിച്ച് പഠനങ്ങൾ നടന്നു വരുന്നു. ഭാരതീയ ശാസ്ത്രീയ സംഗീതത്തിലെ പല രാഗങ്ങളും രോഗശമന ശക്തിയുള്ളവയാ ണെന്ന് ഗവേഷകർ അവകാശപ്പെടുന്നുണ്ട്. ഹി ന്ദുസ്ഥാനി സംഗീതപ്രേമിയായ ടി. പത്മനാഭന്റെ കഥകളിലും സംഗീതം ആന്തരശക്തിയായി നിറ ഞ്ഞു നില്പുണ്ട്. മഴയുടെ നാനാവിധ അർത്ഥ -ഭാവ ഭേദങ്ങളുടെ വ്യാപ്തിയത്രയും മലയാള ചെറുകഥാ സാഹിത്യത്തിൽ പ്രതിഫലിച്ചുകാ ണാം. അത്, നമ്മുടെ പ്രകൃതിയുടെയും മനസ്സി ന്റെയും ഭാവ വൈവിദ്ധ്യങ്ങളോട് സമരസപ്പെട്ടി രിക്കുന്നു.

## അവലോകനം

പരിസ്ഥിതിവിമർശകനായ ജി. മധുസൂദനൻ മഴയുടെ വ്യത്യസ്ത ഭാവരൂപങ്ങളെ മലയാള ചെറുകഥയിൽ അന്വേഷിക്കുന്ന ലേഖനമാണ് ഇത്. വെള്ളപ്പൊക്കത്തിൽ എന്ന തകഴിയുടെ യും എസ്.വി. വേണുഗോപൻ നായരുടെയും കഥകളെ താരതമ്യം ചെയ്ത് മഴയുടെ വ്യത്യ സ്ത ഭാവങ്ങളെ കണ്ടെത്തുന്നു. തകഴിയുടെ കഥയിൽ മഴക്കാലം മനുഷ്യന്റെ നൃംശസ്യതയാ ണ് കാണുന്നതെങ്കിൽ വേണുഗോപൻ നായരു ടെ കഥയിൽ മഴ സഞ്ജീവിനിയായി മാറുന്നു. മഴ ഭാവസൂചകമായും വറുതിയായും കെടുതി യായും രതിയായും രാഗമായും വിരേചനമാ യും മാറുന്നു. പ്രവാസിയുടെ ഗൃഹാതുരത്വമാ യി മഴമാറുന്ന ദൃശ്യങ്ങളും കഥകളിലുണ്ട്. ടി പത്മനാഭൻ, നന്തനാർ, സക്കറിയ, എം.ടി., പൊറ്റ ക്കാട്, വൈശാഖൻ, സി.വി. ശ്രീരാമൻ തുടങ്ങിയ മലയാളത്തിലെ പ്രധാനപ്പെട്ട കഥാകാരന്മാരുടെ യെല്ലാം കഥകളിലെ മഴയുടെ വ്യത്യസ്ത ഭാവ ങ്ങളെ ലേഖകൻ നിരീക്ഷിക്കുന്നു. ഇങ്ങനെ മലയാള ചെറുകഥകളിലെ മഴയുടെ നാനാവിധ അർഥഭാവഭേദങ്ങളുടെ വ്യാപ്തി കാണിച്ചുതരു ന്നു ജി. മധുസൂദനന്റെ ഈ ലേഖനം.

## Recap

- മലയാള ചെറുകഥയിൽ 'മഴ' ഭാവ വൈവിധ്യത്തോടെ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്
- എസ്.വി. വേണുഗോപൻനായരുടെ വെള്ളപ്പൊക്കത്തിൽ എന്ന കഥയിൽ പേമാരിയും വെള്ളപ്പൊക്കവും സഞ്ജീവനിയായി മാറുന്നു
- തകഴിയുടെ വെള്ളപ്പൊക്കത്തിൽ എന്ന കഥയിൽ പ്രളയഭീതിയാണ് കാണപ്പെടുന്നത്
- 'ഞായറാഴ്ച മഴ പെയ്യുകയായിരുന്നു' എന്ന കഥയിൽ മഴയുടെ വിഭിന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു
- മഴയോട് തീവ്രമായ മാനസികാടുപ്പം പുലർത്തിപോന്ന കഥാകൃത്താണ് ടി.പത്മനാഭൻ
- നന്തനാരുടെ 'മൊയ്തീൻ', 'ജീവിതത്തിൽ നിന്ന് ഒരേട്', 'അപകടം', 'വർഷകാല രാത്രി' തുടങ്ങിയ കഥകളുടെ ഭാവാന്തരീക്ഷം മഴയുമായി ഘടിപ്പിക്കപ്പെട്ടിട്ടുണ്ട്
- സക്കറിയയുടെ 'മഴ' എന്ന കഥയിൽ മരണത്തിന്റെ സൂചകമായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നു

- പേമാരിയും പ്രളയവും തൊഴിലില്ലായ്മ, ദാരിദ്ര്യം, സാമ്പത്തിക മാന്ദ്യം, ഉല്പാദന സ്തംഭനം തുടങ്ങിയവയ്ക്ക് വഴിയൊരുക്കും
- എം.ടിയുടെ 'കർക്കിടകം' എന്ന കഥയിൽ മഴക്കാലത്തെ വറുതി വിവരിക്കപ്പെട്ടിരിക്കുന്നു
- മഴ ഹർഷത്തിന്റെയും പ്രത്യാശയുടെയും രതിയുടെയും പ്രതീകമായി പത്മനാഭൻ, നന്തനാർ തുടങ്ങിയവരുടെ കഥകളിൽ കാണപ്പെടുന്നുണ്ട്
- മഴയോട് തീവ്രമായ മനോബന്ധം പുലർത്തുന്ന കഥാപാത്രങ്ങൾ എസ്.കെ. പൊറ്റക്കാട്ടിന്റെ 'അന്തകന്റെ തോട്ടി', 'ഒഴിഞ്ഞ കട്ടിൽ' എന്നീ കഥകളിൽ ഉണ്ട്
- വൈയക്തികാനുഭൂതികളുടെ പ്രതീകമെന്നതിലപ്പുറം 'മഴ'യെ സാമൂഹ്യമായ ഒരു ഉയിർത്തെഴുന്നേല്പ്പായി പരിണമിപ്പിക്കുന്നു 'കീടകോശം' എന്ന കഥ
- വൈശാഖന്റെ 'അന്തിനിലാവ് ' 'വനജ്ജ്വാലകൾ' എന്നീ കഥകളിൽ മഴ, കഥാപാത്ര വികാരങ്ങളുടെ സൂചകമായി നിലകൊള്ളുന്നു
- മഴയ്ക്ക് മനുഷ്യനെയും പ്രകൃതിയെയും ശുദ്ധീകരിക്കാനുള്ള വിരേചനശേഷിയുണ്ട്
- മഴയുടെ രോഗശമനശക്തി പ്രതിപാദിക്കുന്ന കഥയാണ് ടി. പത്മനാഭന്റെ 'ഉച്ചാടനം'

## Objective Questions

1. ഇക്കോക്രിട്ടിസിസം എന്ന വാക്ക് ആദ്യം പ്രയോഗിച്ചത് ആര്?
2. ആധുനിക പാരിസ്ഥിതിക വിമർശന ഗ്രന്ഥം എന്ന് വിശേഷിപ്പിക്കപ്പെട്ട കൃതി?
3. 'നിശബ്ദ വസന്തം' എന്ന കൃതിയുടെ കർത്താവ്?
4. 'പരിസ്ഥിതി വിചാരം മലയാള കവിതയിൽ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?
5. ഹരിതനിരൂപണത്തിന്റെ സൈദ്ധാന്തികതയും പ്രായോഗികതയും വിശദമാക്കുന്ന ജി. മധുസൂദനന്റെ കൃതി?
6. തകഴിക്ക് പുറമേ 'വെള്ളപ്പൊക്കത്തിൽ' എന്ന പേരിൽ കഥ എഴുതിയ കഥാകാരൻ?
7. 'വെള്ളംവിഴുങ്ങിയ ഭൂമിക്ക് അതിരുണ്ടോ?വരമ്പുണ്ടോ'എന്ന് ചോദിച്ച കഥാപാത്രം?
8. 'ഞായറാഴ്ച മഴ പെയ്യുകയായിരുന്നു' ആരുടെ കഥ?
9. 'വാനപ്രസ്ഥം' എന്ന കഥ എഴുതിയത് ആര്?
10. മരണം മഴയായി മാറുന്ന സക്കറിയയുടെ കഥ?
11. മഴക്കാലത്തെ വറുതി അവതരിപ്പിക്കുന്ന എം.ടി. യുടെ പ്രശസ്തമായ കഥ ഏത്?
12. മഴയെന്ന സമൃദ്ധിയെ സ്വപ്നം കാണുന്ന കുട്ടിയെ അവതരിപ്പിക്കുന്ന നന്തനാരുടെ കഥ?

13. 'അർത്ഥം' എന്ന കഥ രചിച്ചതാര്?
14. 'കീടകോശം' എന്ന കഥ ആരുടെ?
15. പ്രവാസിയുടെ ഗൃഹാതുരത്വം ചിത്രീകരിക്കുന്ന എസ്.കെ. പൊറ്റക്കാടിന്റെ കഥകൾ ഏതൊക്കെ?
16. 'കടയനല്ലൂരിലെ സ്ത്രീ' ആരുടെ കഥ?
17. മഴയുടെയും രതിയുടെയും ഭാവൈക്യമുള്ള നന്ദനാരുടെ കഥകൾ?
18. മഴ ഉച്ചാടനമായി വരുന്ന ടി. പത്മനാഭന്റെ കഥ ഏത്?

## Answers

1. വില്യം റൂക്കോട്ട്
2. നിലനിൽപ്പിന്റെ കോമഡി :സാഹിതീയ ഇക്കോളജിപഠനങ്ങൾ
3. റേച്ചൽ കഴ്സൺ
4. പി.പി.കെ. പൊതുവാൾ
5. ഹരിതനിരൂപണം മലയാളത്തിൽ
6. എസ്.വി. വേണുഗോപൻ നായർ
7. വേദമാണിക്യം
8. പി.എഫ് മാത്യൂസ്
9. എം..ടി. വാസുദേവൻ നായർ
10. മഴ
11. കർക്കിടകം
12. കുളവും കുട്ടിയും
13. വൈശാഖൻ
14. ആനന്ദ്
15. അന്തകന്റെ തോട്ടി, ഒഴിഞ്ഞ കട്ടിൽ
16. ടി. പത്മനാഭൻ
17. അപകടം, ഒരു വർഷകാലരാത്രി
18. ഉച്ചാടനം

## Assignments

1. പാരിസ്ഥിതിക വിമർശനത്തിന്റെ ചരിത്രവും സിദ്ധാന്തവും വിശദീകരിക്കുക.
2. ജി. മധുസൂദനന്റെ പരിസ്ഥിതിദർശനം ഉപന്യസിക്കുക.
3. മലയാള ചെറുകഥകളിൽ മഴയുടെ വ്യത്യസ്ത ഭാവങ്ങളെ ജി. മധുസൂദനൻ കണ്ടെത്തുന്നതെങ്ങനെയെന്ന് ചർച്ച ചെയ്യുക.

## Reference


1. ജി. മധുസൂദനൻ, കഥയുംപരിസ്ഥിതിയും, ഡി.സി. ബുക്സ്., കോട്ടയം.
2. ജി. മധുസൂദനൻ, ഹരിതനിരൂപണം മലയാളത്തിൽ, ഡി.സി. ബുക്സ്., കോട്ടയം.
3. പന്മന രാമചന്ദ്രൻ നായർ, പരിസ്ഥിതി പഠനങ്ങൾ, കറന്റ് ബുക്സ്, തൃശ്ശൂർ.

# യൂണിറ്റ് - 3
# മലയാളസാഹിത്യത്തിലെ തായ്കുലം

ജെ. ദേവിക

## Learning Outcomes

- സ്ത്രീപക്ഷ വിമർശനത്തെ മനസ്സിലാക്കുന്നു
- ജെ. ദേവികയെ പരിചയപ്പെടുന്നു
- മലയാള സാഹിത്യ പൊതുമണ്ഡലത്തിലെ സ്ത്രീ പ്രാതിനിധ്യം പരിശോധിക്കുന്നു
- സ്വവർഗ സൗഹൃദ സംഘങ്ങൾ എന്തെന്നറിയുന്നു
- എഴുത്തുകാരുടെ സമൂഹം എഴുത്തുകാരികൾക്ക് നൽകുന്ന പരിഗണന നിരീക്ഷിച്ചറിയുന്നു
- മലയാള സാഹിത്യത്തിൽ സാറാ ജോസഫിന്റെ സ്ഥാനം മനസ്സിലാക്കുന്നു
- ഫ്രഞ്ചുസ്ത്രീവാദവും സാറാ ജോസഫിന്റെ കഥകളും പരിചയപ്പെടുന്നു
- സാറാ ജോസഫിന്റെ കഥകളിലെ മാതൃവാദം പരിശോധിക്കുന്നു
- ചെറുരചനയെന്തെന്നറിയുന്നു
- ലളിതാംബിക അന്തർജ്ജനം, സരസ്വതിയമ്മ, മാധവിക്കുട്ടി ഇവരുടെ സ്ത്രീപക്ഷ എഴുത്തിനെ പരിശോധിക്കുന്നു
- സാറാ ജോസഫിന്റെ കഥകളിലെ സ്ത്രീ പുരുഷ ബന്ധം, കീഴാള രാഷ്ട്രീയത, സ്ത്രീ ലൈംഗികത എന്നിവ മനസ്സിലാക്കുന്നു

## Prerequisite

ആധുനികാനന്തരം മലയാളസാഹിത്യത്തിൽ പാർശ്വവത്കൃത സമൂഹത്തിന്റെ പ്രതിനിധാനത്തിന്റെയും പ്രതിരോധത്തിന്റെയും സാഹിത്യത്തിന് വളരെ വലിയ പ്രാധാന്യം കൈവന്നു. പാശ്ചാത്യ ചിന്തകന്മാരുടെ സൈദ്ധാന്തിക നിരീക്ഷണങ്ങളും സാഹിത്യവും ഇതിന് പ്രചോദനമായി, സൂക്ഷ്മാഖ്യാനങ്ങൾ വികസിച്ചു. ആധുനികത അഭിസംബോധന ചെയ്യാതിരുന്ന അല്ലെങ്കിൽ അകറ്റിനിർത്തിയ വിഭാഗങ്ങൾ ഈ ഘട്ടത്തിൽ സ്വത്വബോധമുള്ളവരായി. എഴുതപ്പെട്ട ചരിത്രങ്ങൾ, സാഹിത്യങ്ങൾ ഒക്കെ തന്നെ പുനർവായനയ്ക്ക് വിധേയമാക്കപ്പെട്ടു. അക്കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്ത്രീപക്ഷ ചിന്തകളുടെ വ്യാപനമാണ്. സമൂഹത്തിലെ സകലവിധ അധികാരരൂപങ്ങളെയും നിരാകരിക്കുന്ന സമഗ്രമായ ഒരു ജനാധിപത്യവ്യവസ്ഥയ്ക്കു വേണ്ടിയുള്ള സമരമാണ് സ്ത്രീവിമോചനവാദം അഥവാ ഫെമിനിസം. പുരുഷകേന്ദ്രീകൃതമായ സാഹിത്യവ്യവഹാരങ്ങളെ പുതിയൊരു വീക്ഷണത്തോടെ നോക്കിക്കാണാനാണ് ഉത്തരാധുനികഘട്ടത്തിൽ ഫെമിനിസ്റ്റ് സാഹിത്യവിമർശനം ശ്രമിക്കുന്നത്. അറുപതുകളുടെ അവസാന ദശകങ്ങളിലും എഴുപതുകളുടെ ആദ്യവും സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ വഴി ഫെമിനിസമെന്ന ആശയം വ്യാപകമായി ചർച്ച ചെയ്യപ്പെട്ടു. ഈ വെളിച്ചത്തിലാണ് പുതിയൊരു വിമർശനപദ്ധതിയെന്ന നിലയിൽ ഫെമിനിസ്റ്റ് സാഹിത്യവിമർശനം

ഉരുത്തിരിയുന്നത്. ഈ ഘട്ടത്തിൽ ഒന്നാം ലോകരാജ്യങ്ങളാണ് ഫെമിനിസ്റ്റ് സാഹിത്യദർശനത്തിന് സംഭാവനകൾ നൽകിയത്. പുരുഷന്റെ ആശ്രിതരും അവന്റെ ഭോഗതൃഷ്ണയെ തൃപ്തിപ്പെടുത്തുന്നവരും എന്ന നിലയ്ക്ക് മാത്രം സാഹിത്യത്തിൽ ചിത്രീകരിക്കപ്പെട്ട സ്ത്രീയുടെ വാർപ്പുമാതൃകകളെ നിരാകരിക്കുന്നതാണ് ഫെമിനിസ്റ്റ് സാഹിത്യദർശനം. വെർജീനിയ വുൾഫിനെപ്പോലുള്ള സ്ത്രീപക്ഷ ചിന്തകർ മുന്നോട്ടുവരുകയും തങ്ങളുടെ ആശയങ്ങൾ അവതരിപ്പിച്ചു കൊണ്ട് ആണധികാരവ്യവസ്ഥയെ ചോദ്യംചെയ്യുകയുമുണ്ടായി. കുടുംബം, സമൂഹം, തൊഴിൽ തുടങ്ങിയ വ്യവഹാരയിടങ്ങളിൽ സ്ത്രീകൾക്ക് സ്വന്തമായൊരിടമുണ്ടാകണം എന്ന് വാദിച്ച വെർജീനിയ വൂൾഫിന്റെ 'എഴുത്തുകാരിയുടെ മുറി'യിൽ (A Rooms of one's own ) നിന്നും സ്ത്രീപക്ഷ ചിന്തകൾ, കേറ്റ് മില്ലറ്റിന്റെ 'ലൈംഗിക രാഷ്ട്രീയം' (1969) എന്ന ഗ്രന്ഥത്തിലേക്ക് എത്തുമ്പോൾ സവിശേഷമായ സിദ്ധാന്തം എന്ന നിലയിൽ ഫെമിനിസം രീതിശാസ്ത്രപരമായ അടിത്തറ കൈവരിക്കുന്നതായി കാണാം. മുഖ്യധാരാസാഹിത്യം പുരുഷന് നൽകുന്ന അപ്രമാദിത്വത്തെ മറികടക്കുക, എഴുത്തുകാരികളുടെ സാർവലൗകികമായ ഐക്യം സാധ്യമാക്കുക, പുരുഷനോട് വിധേയത്വമുള്ള ഭാഷയെ അപനിർമിക്കുക, ആർത്തവം, പ്രസവം മുതലായ സ്ത്രൈണാനുഭവങ്ങളെ ആവിഷ്കരിക്കുക, ലിംഗാധികാരത്തിന്റെ യുക്തികളുടെ അതിർത്തികൾ ഇല്ലായ്മ ചെയ്യുക എന്നിങ്ങനെ വിവിധങ്ങളായ ലക്ഷ്യങ്ങൾ ഈ സാഹിത്യ പദ്ധതിക്കുണ്ട്.

മലയാളത്തിൽ സ്ത്രീപക്ഷ വിമർശനത്തിന്റെ ഉപോൽപ്പന്നമെന്ന് ആദ്യമായി അടയാളപ്പെടുത്തിയ രചന, സാറാ ജോസഫിന്റെ 'പാപത്തറ'യ്ക്ക് സച്ചിദാനന്ദൻ എഴുതിയ ആമുഖപഠനമാണ്. പെണ്ണെഴുത്തെന്ന പദത്തെ അഭിസംബോധന ചെയ്യാൻ ശ്രമിക്കുന്നു എന്നതാണ് ഫെമിനിസ്റ്റ് സാഹിത്യവിമർശനപദ്ധതിയിൽ ഈ ആമുഖ പഠനത്തിന്റെ പ്രാധാന്യം. സാഹിത്യ പൈതൃകത്തിൽ മാത്രം അഭിമാനിക്കുന്ന മലയാളത്തോടും മലയാളിയോടും 'എഴുത്തമ്മ'മാരെക്കുറിച്ച് ആരാഞ്ഞ പി. ഗീത മലയാളസാഹിത്യവിമർശനത്തിലെ ശക്തമായ സാന്നിധ്യമാണ്. സമാന്തരമായി തന്നെ പെൺചരിത്രത്തിന്റെ വീണ്ടെടുപ്പുകൾക്കായുള്ള ശ്രമങ്ങളും മലയാളസാഹിത്യത്തിൽ നടക്കുന്നുണ്ടെന്നുകാണാം. ജെ. ദേവികയുടെ രചനകൾ കേരളത്തിലെ സ്ത്രീ സമൂഹത്തിന്റെ ചരിത്ര നിർമിതിയിൽ ഊന്നുന്നവയാണ്. 'കേരളം സ്ത്രീപക്ഷ ഗവേഷണത്തിൽ', 'ആണരശുനാട്ടിലെ കാഴ്ചകൾ', 'കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ' എന്നീ രചനകൾ മലയാളി സ്ത്രീകൾ പൊതു ഇടങ്ങളിൽ നിന്ന് എങ്ങനെ അദൃശ്യമായി എന്നതിനെക്കുറിച്ച് അന്വേഷിക്കുകയും ആൺകോയ്മാരാഷ്ട്രീയത്തെ ചോദ്യം ചെയ്യുകയും ചെയ്യുന്നു. ഗൈനോ ക്രിട്ടിസിസം ( വിമർശനം), ഇക്കോ ഫെമിനിസം എന്നീ വിമർശനപദ്ധതികൾ ഫെമിനിസ്റ്റ് വിമർശനപദ്ധതിയുടെ വികാസത്തെ സൂചിപ്പിക്കുന്നു.

**ജെ. ദേവിക**



ചരിത്രപണ്ഡിത, സാമൂഹ്യവിമർശക, സ്ത്രീവാദ നിരൂപക എന്നീ നിലയിലെല്ലാം കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ നിരന്തരം ഇടപ്പെട്ടുകൊണ്ടിരിക്കുന്ന എഴുത്തുകാരിയും ആക്റ്റിവിസ്റ്റും അധ്യാപികയുമാണ് ജെ. ദേവിക. ആധുനിക കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ ജീവിതം, ലിംഗ ബന്ധങ്ങൾ, സംസ്കാരം, വികസനം എന്നിവയുടെ പരസ്പര ബന്ധങ്ങളെ ഗവേഷണാത്മകമായി മനസിലാക്കാൻ ശ്രമിക്കുന്നവയാണ് ജെ. ദേവികയുടെ പഠനങ്ങളോരോന്നും. കേരളത്തിന്റെ സാമൂഹിക പരിസരത്തെയാ

ണ് കൂടുതൽ വിമർശന പഠനങ്ങൾക്ക് സ്വീകരിക്കുന്നത്. വ്യവഹാര വിശകലന മാതൃകയാണ് ദേവിക വിമർശനത്തിന് സ്വീകരിക്കുന്നത്. മലയാളത്തിലെ സത്രീ രചനകളെയും സാഹിത്യകാരികളെയും സ്ത്രീപക്ഷ വാദത്തിന്റെ സിദ്ധാന്ത മണ്ഡലത്തിൽ ചർച്ച ചെയ്യപ്പെടുന്നു. സമകാലിക വിഷയങ്ങളെക്കുറിച്ച് കാഫില എന്ന സംഘബ്ലോഗിൽ എഴുതാറുണ്ട്. തിരുവനന്തപുരത്തെ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിലെ അസോസിയേറ്റ് പ്രഫസർ. സാമൂഹികവും സ്ത്രീകേന്ദ്രിതവുമായ വിഷയങ്ങളിൽ പഠനം നടത്തുകയും നിരവധി ഉപന്യാസങ്ങൾ രചിക്കുകയും ചെയ്യുന്നു.

**പ്രധാനകൃതികൾ**

ആണരശ് നാട്ടിലെ കാഴ്ചകൾ : കേരളം സ്ത്രീപക്ഷ ഗവേഷണത്തിൽ, കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ, നവസിദ്ധാന്തങ്ങൾ:സ്ത്രീവാദങ്ങൾ, നിരന്തരപ്രതിപക്ഷം : ജെ. ദേവികയുടെ ലേഖനങ്ങൾ, പൗരിയുടെ നോട്ടങ്ങൾ, പെണ്ണൊരുമ്പെട്ടാൽ ലോകം മാറും: ലിംഗ നീതിയുടെ വിപ്ലവങ്ങൾ, The Deepest Blue (വിവ.), He-ghoul(വിവ.), Hang Women (വിവ.), അകമേ പൊട്ടിയ കെട്ടുകൾക്കപ്പുറം : ഇന്ത്യൻ ഫെമിനിസത്തിന്റെ വർത്തമാനം ( വിവ.) കൂടാതെ ഉണ്ണി ആർ, കെ.ആർ. മീര, ടി.കെ.സി. വടുതല, നളിനി ജമീല, സാറാ ജോസഫ് തുടങ്ങിയവരുടെ രചനകൾ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ആദ്യകാല കേരള സമൂഹത്തിലെ ലിംഗബന്ധങ്ങളെക്കുറിച്ച് ലേഖനങ്ങൾ രചിച്ചിട്ടുണ്ട്. ഫെമിനിസ്റ്റ് വീക്ഷണകോണിൽ നിന്നുകൊണ്ട് കേരള ചരിത്രത്തിൽ ഒരു ബദൽ വായന നൽകാൻ ശ്രമിക്കുകയും പരമ്പരാഗത ചരിത്രത്തിൽ സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്ന അദൃശ്യ ഇടങ്ങളെക്കുറിച്ചുള്ള നിർണ്ണായക വീക്ഷണങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.


## Keywords

സാഹിത്യപൊതുമണ്ഡലം - സ്വവർഗ്ഗസൗഹൃദസംഘങ്ങൾ - Ecriture Feminine - ഫ്രഞ്ച് സ്ത്രീവാദം - പെണ്ണെഴുത്ത് - മാതൃവാദം - ചെറുരചന - സാറാ ജോസഫ് - ലളിതാംബികാ അന്തർജ്ജനം - കെ. സരസ്വതിയമ്മ - മാധവിക്കുട്ടി - സ്ത്രീ ലൈംഗികത - കീഴാള രാഷ്ട്രീയത - സ്ത്രീ കൂട്ടായ്മ


## Discussion

### സാഹിത്യപൊതുമണ്ഡലത്തിലെ സ്ത്രീ സാന്നിധ്യം

മലയാള സാഹിത്യത്തിന്റെ എല്ലാ ശാഖകളിലും സ്ത്രീ സാന്നിധ്യം പ്രബലമാണ്. പെണ്ണെഴുത്തിന്റെ അനുകൂലികളും പ്രതികൂലികളും ആയ എഴുത്തുകാരെല്ലാവരും ഒരു പോലെ ലിംഗാധികാരത്തെ പ്രശ്നവല്ക്കരിക്കുന്നു. പ്രസാധന രംഗത്തും പുരസ്കാരലബ്ധിയിലും സ്ത്രീകൾ മുന്നിലുണ്ട്. പക്ഷേ സാഹിത്യവിപണി, സാഹിത്യപൊതുമണ്ഡലം, ഭരണകൂടത്തിന്റെ സാഹിത്യപോഷണവേദികൾ ഇവിടെയെല്ലാം പുരുഷന്മാർക്കാണ് മുഖ്യസ്ഥാനം. മലയാള സാഹിത്യത്തിന്റെ മുൻനിരയിൽ നിന്നുകൊണ്ടു നയിക്കാനുള്ള അവകാശം പണ്ടും ഇന്നും പുരുഷ സാഹിത്യ പ്രതിഭകൾക്കായി മാറ്റിവച്ചിരിക്കുകയാണ്. നളിനി ജമീലയുടെ ആത്മകഥയെ സംബന്ധിച്ചുണ്ടായ വിവാദത്തിൽ ലൈംഗിക തൊഴിലാളിയോ പെൺവാണിഭക്കാരിയോ ആണ് ഇനി മലയാള സാഹിത്യത്തിന്റെ ഭാഗധേ

യം നിശ്ചയിക്കുന്നത്, മഹാനായ എഴുത്തുകാരനല്ല എന്ന അഭിപ്രായത്തിൽ ലൈംഗിക തൊഴിലാളിയുടെ എഴുത്തവകാശത്തെ നിഷേധിക്കുക മാത്രമല്ല എഴുത്തുകാരന്റെ സ്ഥാനം ഉറപ്പിക്കുക കൂടി ചെയ്യുന്നു.

## സ്വവർഗ സൗഹൃദ സംഘങ്ങൾ

19-ാം നൂറ്റാണ്ടിന്റെ അവസാനം രൂപം കൊണ്ട മലയാള സാഹിത്യപൊതുമണ്ഡലം പുരുഷകേന്ദ്രിതമായിരുന്നു. എഴുത്ത്, വായന, വിമർശനം, പ്രസാധനം എന്നിവയെല്ലാം നിർവഹിക്കുന്നത് പുരുഷന്മാരായതുകൊണ്ട് അവയിൽ നിന്ന് ലഭിക്കുന്ന ആനന്ദാനുഭവം പുരുഷന്മാരുടെ ആനന്ദാനുഭവത്തിന് സമാന്തരമായിരിക്കണമെന്ന നിശബ്ദസമ്മതം സാഹിത്യമേഖലയിലുണ്ട്. സാഹിത്യത്തിന്റെ വിവിധ ഘടകങ്ങളെ നിർണയിക്കുകയും നിർവചിക്കുകയും ചെയ്തു പോരുന്നത് ചില സവിശേഷ സാഹിത്യ പ്രസ്ഥാനങ്ങൾക്കു ചുറ്റുമോ ബുദ്ധിജീവികൾക്കു ചുറ്റുമോ രൂപമെടുത്ത സ്വവർഗ്ഗസൗഹൃദസംഘങ്ങൾ(homo-aesthetic circles)ആയിരുന്നു. പുരുഷകേന്ദ്രിതമായ ഇത്തരം ഇടങ്ങളോട് എതിരിട്ടും സന്ധി ചെയ്തും കുതറിമാറിയും സ്വന്തം മാർഗ്ഗം വെട്ടിത്തെളിക്കുകയായിരുന്നു എഴുത്തുകാരികൾ.

## കർത്താവ് - പുരുഷൻ, കൃതി - സ്ത്രീ

എഴുതുന്ന വ്യക്തിയെ പുരുഷനായും എഴുതപ്പെടുന്ന കൃതിയെ സ്ത്രീയായും സങ്കല്പിക്കുന്ന രീതി 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ നിലനിന്നിരുന്നു. വിദ്യാവിനോദിനിയിൽ സി.പി. അച്യുതമേനോനും പിന്നീട് ജീവൽ സാഹിത്യം എന്ന ലേഖനത്തിൽ പി. ശങ്കരൻ നമ്പ്യാരും സാഹിത്യവും സ്ത്രീയും തമ്മിലുള്ള സാമ്യത്തെക്കുറിച്ചു പറയുന്നു. സി.പി. അച്യുതമേനോന്റെ പത്രാധിപത്യത്തിലുള്ള വിദ്യാവിനോദിനിയിൽ കാവ്യത്തെ ഇഷ്ടഭാര്യയോടും ശാസ്ത്രത്തെ സുഹൃത്തിനോടും, താരതമ്യം ചെയ്തത് ഉദാഹരണമാണ്. പി. ശങ്കരൻ നമ്പ്യാർ സ്ത്രീകളെ ജീവിതത്തിലെ പനിനീർപ്പൂക്കളോ മധുര പലഹാരങ്ങളോ, കളിപ്പാട്ടങ്ങളോ ആയി കണക്കാക്കിയ കാലമുണ്ടെന്ന് പറഞ്ഞുകൊണ്ട് കാവ്യാംഗന സൗന്ദര്യാദിമൃദുല ഗുണങ്ങൾക്ക്കോട്ടം തട്ടാത്ത വിധത്തിൽ അഗതികളുടെ ലോകത്തേയ്ക്കിറങ്ങി വന്ന് വേല ചെയ്യേണ്ടിയിരിക്കുന്നു എന്ന് ആഹ്വാനം ചെയ്യുന്നു. എഴുതുന്നയാൾ പുരുഷനും എഴുതപ്പെടുന്നത് സ്ത്രീയും ആകുമ്പോൾ എഴുത്തിൽ ഏർപ്പെടുന്ന സ്ത്രീയിൽ പുരുഷത്വം ആരോപിക്കപ്പെടുന്നു. ഈ താരതമ്യത്തെ പ്രയോജനപ്പെടുത്തികൊണ്ട് ബി. ഭാഗീരഥിയമ്മ മലയാള സാഹിത്യം ഉന്നതി പ്രാപിച്ച ചരിത്രഘട്ടങ്ങളെല്ലാം സ്ത്രീയുടെ ഉയർച്ചയുടെ ഘട്ടങ്ങളാണെന്നു തെളിയിക്കാൻ ശ്രമിച്ചു. എന്നാൽ സ്ത്രീകൾ സാഹിത്യ രചനയിലേർപ്പെടാൻ തീരുമാനിച്ചാൽ പ്രത്യേക പരിഗണന നൽകേണ്ടതില്ലെന്ന സി.പി. യുടെ വാദവും ശ്രദ്ധിക്കേണ്ടതാണ്.

## സാഹിത്യത്തിലെ സ്ത്രീ സാന്നിധ്യം 19-ാം നൂറ്റാണ്ടിൽ

സ്ത്രീ ഗുണങ്ങൾ കൊണ്ട് തൃപ്തിയടയാത്തവരും ആധുനിക സാഹിത്യ രചനയ്ക്ക് ആവശ്യമായ സാമൂഹികവൽക്കരണം നേടിയവരുമായ സ്ത്രീകൾക്കാണ് സാഹിത്യരംഗത്ത് പ്രവേശിക്കാനാവുക എന്ന് സി.പി. അച്യുതമേനോൻ നിരീക്ഷിക്കുകയുണ്ടായി. ആധുനിക സാഹിത്യ രചനയ്ക്കാവശ്യമായ അനുഭവങ്ങൾ സ്വരൂപിക്കാൻ വേണ്ട സാമുദായിക സ്വാതന്ത്ര്യം സ്ത്രീകൾക്കില്ലാത്തതുകൊണ്ടുള്ള പോരായ്മകളെ കെ. എം. കുഞ്ഞുലക്ഷ്മികെട്ടിലമ്മ, ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സരസമായ വാക്കിലൂടെ പുരുഷനെ നേർവഴിക്കു നയിക്കുന്നതാണ് സ്ത്രീധർമ്മമെന്നും അതിനു സമാനമായ ധർമ്മമാണ് സാഹിത്യത്തിന്റേതെന്നും വ്യാഖ്യാനിച്ചുകൊണ്ട് ഇപ്രകാരം സ്ത്രീകൾക്ക് സാഹിത്യവാസന സഹജമായിട്ടുള്ളതിനാൽ അവരുടെ അനുഭവപരിധിയുടെ പോരായ്മ സാഹിത്യരംഗ പ്രവേശനത്തിന് തടസ്സമായിക്കൂടാ എന്ന അഭിപ്രായം അക്കാലത്ത് പലരും മുന്നോട്ടുവച്ചു. സ്ത്രൈണഗുണങ്ങളെ പ്രസരിപ്പിക്കുന്ന എഴുത്തായിരിക്കണം സ്ത്രീകളുടേതെന്ന നിർദ്ദേശത്തിൽ സാഹിത്യത്തെക്കാളേറെ വിഭ്യാഭ്യാസത്തിനുതകുന്ന പാഠങ്ങളുടെ നിർമ്മാണത്തിനുവേണം സ്ത്രീകൾ ശ്രദ്ധചെലുത്താൻ എന്ന പരോക്ഷ സൂചന കൂടിയുണ്ട്. മേൽവിവരിച്ച ഘട്ടങ്ങളെ അതിജീവിച്ചുകൊണ്ട് മലയാള സാഹിത്യരംഗത്തു ഇടം കണ്ടെത്തിയ പ്രമുഖ എഴുത്തുകാരികൾ സ്ത്രീകൾക്കുവേ

ണ്ടി വിശാലപൊതുമണ്ഡലത്തിലും സാഹിത്യമണ്ഡലത്തിലും പൊതുബുദ്ധിജീവികളാകാനായി പ്രവർത്തിച്ചവരാണ്. സ്ത്രീകളെയും സ്ത്രീത്വത്തെയും ഉപകരണയുക്തിക്കു കീഴ്പ്പെടുത്തിയ പരിഷ്ക്കരണവാദ എഴുത്തിനും അത്ര തന്നെ പുരുഷകേന്ദ്രിതമായ ആധുനികതാ പ്രവണതകൾക്കും കീഴ്പ്പെടാതെ സ്വന്തം നിലകണ്ടെത്താനാണ് എഴുത്തുകാരികൾ ശ്രമിച്ചിട്ടുണ്ട്.

## സ്ത്രീപക്ഷ മലയാള സാഹിത്യപാരമ്പര്യവും സാറാ ജോസഫും



സാറാ ജോസഫ്

മലയാള സാഹിത്യത്തിൽ സ്ത്രീകൾ അതുവരെ നേടിയെടുത്ത ഇടത്തെ പുനർവിനിയോഗിക്കാൻ സാറാ ജോസഫ് നടത്തിയ ശ്രമത്തിന്റെയും കേരള സ്ത്രീപക്ഷ സാഹിത്യ പാരമ്പര്യവുമായി സാറാ ജോസഫ് ബന്ധപ്പെട്ട രീതിയുടെ സാധ്യതകളും പരിമിതികളും അന്വേഷിക്കുകയാണ് ലേഖിക. 1980-കളിലെ മാറിയ സാഹിത്യസങ്കല്പത്തിന്റെ പശ്ചാത്തലത്തിൽ സാറാ ജോസഫിന്റെ കൃതികൾ പ്രത്യേകമായി ശ്രദ്ധിക്കപ്പെട്ടു. നവ ഇടതുപക്ഷ സാഹിത്യവിമർശനം, കേരളത്തിന്റെ ദേശീയ സാഹിത്യം എന്നതിനെക്കുറിച്ചുള്ള ഉദാരമാനവവാദതീർപ്പുകളെ വിമർശനപരമായി വിലയിരുത്തിയ ഘട്ടമായിരുന്നു അത്. വരേണ്യസങ്കല്പത്തിന്റെ എതിർനിലയിൽ, അധീശത്വത്തിന് പുറത്തു നില്ക്കുന്ന ജനവിഭാഗമായ സ്ത്രീകളുടെ പ്രതിരോധം എന്ന നിലയ്ക്ക് സാറാ ജോസഫിന്റെ കഥകൾ തിരിച്ചറിയപ്പെട്ടു. Ecriture Feminine എന്ന സ്ത്രീപക്ഷ രചനാരീതിയുടെ ചില അംശങ്ങൾ 'പാപത്തറ'യിലെ കഥകളിൽ സച്ചിദാനന്ദൻ കണ്ടെത്തുകയും അതിന് 'പെണ്ണെഴുത്ത്' എന്ന് പേരിടുകയും ചെയ്തു. അതോടെയാണ് മലയാളത്തിൽ സ്ത്രീപക്ഷ സാഹിത്യത്തെക്കുറിച്ചുള്ള പൊതുചർച്ച സജീവമായത്. ലിംഗകേന്ദ്രിതഭാഷാഘടനയെ തകർക്കുന്ന എതിരെഴുത്ത് എന്ന നിലയ്ക്കാണ് സച്ചിദാനന്ദൻ പെണ്ണെഴുത്തിനെ അവതരിപ്പിച്ചത്. Helen Cixous, Luce Irigaray എന്നീ ഫ്രഞ്ച് സ്ത്രീപക്ഷ ചിന്തകരുടെ കൃതികളെ ഉദ്ധരിച്ചു കൊണ്ടായിരുന്നു സച്ചിദാനന്ദന്റെ നിരീക്ഷണം. പെണ്ണെഴുത്തിന്റെ വ്യത്യാസം കിടക്കുന്നത് തന്റെ സ്ത്രീസ്വത്വവുമായി എഴുത്തുകാരിക്കുള്ള അസ്വസ്ഥവും പീഡിതവുമായ ബന്ധത്തിലാണെന്ന് അദ്ദേഹം വിശദീകരിച്ചു. എന്നാൽ പില്ക്കാലത്ത് പെണ്ണെഴുത്ത് സത്താവാദപരമായ ഒരു സങ്കല്പമാണെന്ന വാദവും പലരും ഉയർത്തിയിട്ടുണ്ട്.

## ഫ്രഞ്ചുസ്ത്രീവാദവും സാറാജോസഫിന്റെ രചനയും

സാറാ ജോസഫിന്റെ കഥകളിൽ ശരീരാധിഷ്ഠിത ബിംബങ്ങൾ ധാരാളമുണ്ടെങ്കിലും അവയിൽ Ecriture Feminine ന്റെ അടിസ്ഥാന പ്രേരണകളോടോ ശൈലിയോടോ അഭേദ്യമായ ബന്ധം കാണപ്പെടുന്നില്ലെന്ന് ലേഖിക നിരീക്ഷിക്കുന്നു. തീർത്തും വ്യത്യസ്തങ്ങളായ രണ്ട് സാമൂഹ്യസാഹചര്യങ്ങളിൽ നിന്നുരുത്തിരിഞ്ഞ സ്ത്രീപക്ഷ പ്രതിരോധങ്ങളായതുകൊണ്ടുതന്നെ അങ്ങനെയൊരു ബന്ധം പ്രതീക്ഷിക്കേണ്ട കാര്യവുമില്ല. ഹെലൻസിക്സസിന്റെ എഴുത്തിൽ, എഴുത്തിന്റെ വിഷയിക്ക് ഏകത്വമില്ല. പലതായി പിരിഞ്ഞ നിലയിലാണ് എഴുത്തിന്റെ വിഷയി നില്ക്കുന്നത്. സാംസ്കാരികവും സാമൂഹ്യപരവും വംശീയവും ഭാഷാപരവുമായ വിള്ളലുകൾ ഈ വിഷയിയെ അവതരിപ്പിക്കുന്നുമുണ്ട്. ഇത്തരം ഭാഷാപരമായ തെന്നി നീങ്ങൽ 'പാപത്തറ'യിലെ കഥകളിൽ ഇല്ല. എഴുത്തിന്റെ വിഷയിയെ സംബന്ധിച്ച നിലപാടും വ്യത്യസ്തമാണ്. ഇവിടെ സമുദായ-വർഗ്ഗ-ജാതി-മത-കുടുംബ സാഹചര്യങ്ങൾക്കിടയിൽ പിളർന്ന് നിശബ്ദമായി കിടക്കുന്ന എഴുത്തിന്റെ വിഷയിയായ സ്ത്രീയെ ഏകീകരിച്ച് പുനരുജ്ജീവിപ്പിക്കുവാൻ ശ്രമിക്കുന്ന എഴുത്താണ് സാറാ ജോസഫിലുള്ളത്. എഴുത്തിന്റെ വിഷയിയായി സ്വയം അവതരിപ്പിക്കാനുള്ള സ്ത്രീയുടെ അവകാശത്തെ

പിൻതാങ്ങുന്ന കഥകളാണവ. എഴുത്തിനുമേൽ എഴുതുന്ന വിഷയിക്കു കല്പിക്കപ്പെടാവുന്ന സർവാധികാരത്തെ ത്യജിക്കുന്ന രീതിയാണ് ഹെലൻസിക്സസിന്റേത്. ഭാഷയാകുന്ന മൂടുപടങ്ങൾ കൊണ്ട് കളിക്കുന്നവരാണ് Ecriture Feminine എഴുതുന്ന എഴുത്തുകാരി. എന്നാൽ ദേഹത്തെ ആച്ഛാദനം അല്ലെങ്കിൽ അനാച്ഛാദനം നടത്തുന്നതിനെക്കുറിച്ചുള്ള ബിംബങ്ങൾ ഇതേ രീതിയിലല്ല സാറാ ജോസഫിന്റെ കഥകളിലുള്ളത്.

എഴുത്തിനെ ആന്തരികം, ഉള്ളിലെ മൃദുലമായ ഇരുട്ടിൽ നിന്ന് പ്രവഹിക്കുന്നത് സവിശേഷം എന്നെല്ലാമാണ് ഹെലൻസിക്സസ് വിശേഷിപ്പിച്ചിട്ടുള്ളത്. സവിശേഷമാണ് എഴുത്ത് എന്ന് സമ്മതിക്കുന്നുണ്ടെങ്കിലും ഇരുണ്ട ഒരിടത്തുനിന്ന് പുറത്തേക്കുള്ള പ്രവാഹമല്ല സാറാ ജോസഫിന്റെ എഴുത്ത്. 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും', എന്ന കഥയിൽ എഴുത്തിന് വഴിയൊരുക്കാനും അതിനു വേണ്ട ഭൗതികസാഹചര്യവും വ്യക്തിപരമായ സ്വാതന്ത്ര്യം കൈവരിക്കാനുമുള്ള ശ്രമത്തെക്കുറിച്ചാണ് പറയുന്നത്. ഭാഷയുടെ സൃഷ്ടിപരത, ലീലാപരത, ചലനാത്മകത, ഇവയ്ക്കാണ് ഹെലൻസിക്സസിന്റെ ഭാഷാസങ്കല്പം ഊന്നൽ കൊടുക്കുന്നത്. ഭാഷയുടെ ആദിമമായ അപരിചിതത്വം വീണ്ടെടുത്താൽ മാത്രമേ ഇതു സാധ്യമാകു എന്ന് അവർ പറയുന്നു. കാവ്യാത്മക ഭാഷയെ തത്വചിന്താപരമായ വ്യവഹാരത്തിനെതിരെ അവർ നിറുത്തുന്നു. ഭാഷയുടെ മൃതാവസ്ഥയെക്കുറിച്ച് സാറാ ജോസഫിന്റെ കഥകളിൽ കാണുന്ന ഏറ്റവും ശക്തമായ പരാമർശം 'കന്യകയുടെ പുല്ലിംഗ'ത്തിലാണ്. എന്നാൽ ഹെലൻസിക്സസിന്റെ വിവരണത്തിൽ നിന്ന് വ്യത്യസ്തമായ വിവരണമാണത്. സ്ത്രീയെ പുരുഷമേധാവിത്വ വ്യവസ്ഥയുടെ കീഴ്ത്തട്ടിൽ ഉറപ്പിക്കുന്ന അനേകം നാമങ്ങൾക്ക് ജന്മം നല്കുന്ന ഈ ഭാഷയെയാണ് താൻ പുരുഷാധികാരത്തിന്റെ ഭാഷയായി കാണുന്നതെന്ന് സാറാ ജോസഫ് പറയുന്നു. സ്ത്രീനീതിക്ക് ഉപയുക്തമായ, പുരുഷ മേധാവിത്വാംശങ്ങൾ തീണ്ടാത്ത ഭാഷയാണ് സാറാ ജോസഫിന്റെ ലക്ഷ്യം. ഫ്രഞ്ചു സ്ത്രീവാദികളുടെ ലിംഗകേന്ദ്രിത ഭാഷാവ്യവസ്ഥയെക്കുറിച്ചുള്ള സങ്കല്പനത്തിൽ നിന്ന് വ്യത്യസ്തമായ ഒന്നാണിത്.

എഴുതുന്ന ആളും വായിക്കുന്ന ആളും തമ്മിൽ രതിയ്ക്കു സമാനമായ ഒരു ഗാഢസംബന്ധമാണുള്ളതെന്ന് ഹെലൻസിക്സസ് പറയുന്നു. എഴുതുന്ന ആളും വായിക്കുന്ന ആളും തമ്മിലുള്ള അതിരുകളെ മായ്ക്കുക എന്ന പ്രവൃത്തിയിലൂടെ മാത്രമേ വായനയുടെ ആനന്ദത്തിൽ നാം എത്തിച്ചേരു. എന്നാൽ 'കന്യകയുടെ പുല്ലിംഗം' എന്ന കഥയിൽ ഈ ബന്ധം ചിത്രീകരിക്കപ്പെടുന്നത് മറ്റൊരു വിധത്തിലാണ്. പരസ്പരം ഇഴുകിച്ചേരലിനു വേണ്ടിയല്ല, മറിച്ച് മരവിപ്പിൽ നിന്ന് പുറത്തു കടന്ന് ചൂടും സ്പർശനവും അറിയാനുള്ള ശേഷി വീണ്ടെടുക്കുന്നതിനു വേണ്ടിയാണ് ബന്ധമുണ്ടാകേണ്ടതെന്നാണ് അതിൽ പറയുന്നത്. സ്ത്രീയുടെ വിഭിന്നതയെ ബലി കൊടുക്കാതെ, അതിനെ കേവലം മാറ്റൊലിയോ പ്രതിബിംബമോ ആക്കിത്തീർക്കാതെ, പുരുഷനുമായി സംവാദത്തിലേർപ്പെടാനാണ് Luce Irigaray ശ്രമിക്കുന്നത്. ഈ രാഷ്ട്രീയ പദ്ധതി അല്ല സാറാ ജോസഫിന്റെ എഴുത്തിൽ കാണുന്നത്. Irigaray യുടെ സ്ത്രൈണഭാഷയുടെ സവിശേഷതകളിൽ നിന്ന് വ്യത്യസ്തമാണ് സാറാ ജോസഫിന്റെ ഭാഷ.

ഫ്രഞ്ചു സ്ത്രീവാദം സ്ത്രീയുടെ ലൈംഗിക ആനന്ദത്തെ പ്രത്യുല്പാദനത്തിൽ നിന്ന് അകറ്റി അതിനെതിരായി അണി നിരത്തുന്നു. എന്നാൽ സാറാ ജോസഫിന്റെ കഥകളിൽ സ്ത്രീയുടെ ലൈംഗിക ആനന്ദം ഒരു തരം പുരുഷാധികാരവിരുദ്ധ പ്രത്യുല്പാദനവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇങ്ങനെ പല രീതിയിലും ഫ്രഞ്ചു സ്ത്രീവാദത്തിൽ നിന്നും വ്യത്യസ്തമായ രീതികളാണ് സാറാ ജോസഫിന്റെ കഥകളിലുള്ളതെന്ന് ജെ. ദേവിക സമർത്ഥിക്കുന്നു. ഫ്രഞ്ച് മനോവിശ്ലേഷണ സ്ത്രീവാദം കേരളീയ സാഹചര്യങ്ങളിൽ ചിലപ്പോഴെല്ലാം പ്രസക്തമാണ്. മലയാള എഴുത്തുകാരികളുടെ രചനകളെ സ്ത്രീവിരുദ്ധം, സ്ത്രീപക്ഷം എന്ന് രണ്ട് വിഭാഗമായി തരംതിരിക്കുക മാത്രം ചെയ്യുന്ന ലളിതമായ സമീപനത്തെ ചെറുക്കാൻ മനോവിശ്ലേഷണ സ്ത്രീവാദത്തിന് സാധിക്കും. ഫ്രോയിഡിന്റെ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കി പിതൃമേധാവിത്വവിരുദ്ധ സ്ത്രീരൂപങ്ങളെക്കുറിച്ച് Sarah Kofman നടത്തുന്ന നിരീക്ഷണങ്ങളും, ഫ്രോയിഡിന്റെ

ഹിസ്റ്റീരിയാബാധിതരായ രോഗികളെക്കുറിച്ച് സ്ത്രീപക്ഷ ലേഖികമാർ നടത്തിയ നിരീക്ഷ ണങ്ങളും പ്രസക്തമാണ്. സാറാ ജോസഫിന്റെ ആദ്യകാലകഥകളായ 'മനസ്സിലെ തീ മാത്രം', 'കാടിന്റെ സംഗീതം' എന്നിവയിൽ ഹിസ്റ്റീരിയ ബാധിച്ചവരെന്ന് പഴികേൾക്കുന്ന സ്ത്രീ കഥാ പാത്രങ്ങളുണ്ട്.

## സാറാ ജോസഫിന്റെ മാതൃവാദം

1980-കളിൽ രചിച്ച കൃതികളിൽ ഒരു പ്രത്യേ കതരം മാതൃവാദത്തെ സാറാ ജോസഫ് രൂപ പ്പെടുത്തുന്നുണ്ട്. പുരുഷകേന്ദ്രിത ഭാഷയെ ഭേ ദിക്കാൻ കഴിവുള്ള വ്യവഹാരത്തിന് മാതൃക യാണ് മാതൃത്വം എന്ന Julia Kristeva യുടെ അവ കാശവാദത്തിന്റെയും അതിന്റെ പരിമിതകളെ ക്കുറിച്ചുള്ള Judith Butler ന്റെ നിരീക്ഷണങ്ങളു ടെയും വെളിച്ചത്തിൽ സാറാ ജോസഫിന്റെ മാതൃവാദത്തെ സമീപിക്കാവുന്നതാണ്. സാറാ ജോസഫിന്റെയും ലളിതാംബികാ അന്തർജ്ജ നത്തിന്റെയും എഴുത്തിനെ മാതൃവാദത്തിന്റെ അടിസ്ഥാനത്തിലും സരസ്വതിയമ്മയുടെയും മാധവിക്കുട്ടിയുടെയും എഴുത്തിനെ Female Fetishism എന്ന സങ്കല്പത്തിന്റെയും ക്വിയർ തിയ റിയുടെയും അടിസ്ഥാനത്തിലും ബന്ധിപ്പിക്കാം. Ecriture Feminine ന്റെ പരിധിക്കപ്പുറം പോയി വാ യനയുടെ സാധ്യതകളെ വർധിപ്പിക്കുന്ന ഒരു ഉപകരണമായി മനോവിശ്ലേഷണ സ്ത്രീവാ ദത്തെ പ്രയോഗിക്കാവുന്നതാണ്.

മാതൃവാദത്തിന്റെയും Female Fetishism ന്റെയും അടിസ്ഥാനത്തിൽ സാറാ ജോസഫിനെയും അന്തർജ്ജനത്തിനെയും മാധവിക്കുട്ടിയെയും ബന്ധിപ്പിക്കാനാകുമെങ്കിലും അവർ തമ്മിലുള്ള വിഭിന്നതകളും പ്രധാനമാണ്. നവപിതൃമേ ധാവിത്വത്തിന്റെ പുരുഷകേന്ദ്രിത ലിംഗ ക്രമ സങ്കല്പനത്തിന് പകരം നിൽക്കുന്ന, പൂർണ മായ സ്ത്രീകേന്ദ്രിത ബദൽ വ്യവഹാരമാണ് അന്തർജ്ജനത്തിന്റെ എഴുത്തിലുള്ളത്. ലിംഗനി രപേക്ഷമായ പൊതുരംഗവും സ്ത്രീകളുടെ സ്വ വർഗ-സാമൂഹികതയിലൂന്നിനിൽക്കുന്ന സ്വകാ ര്യലോകവുമാണ് സരസ്വതിയമ്മയുടെ ബദൽ സാമൂഹ്യവ്യവസ്ഥയുടെ ഘടകങ്ങൾ. എന്നാൽ മാധവിക്കുട്ടിയുടെയും സാറാ ജോസഫിന്റെയും കഥകളിൽ ഇത്തരം പൂർണ ബദലുകളും ബദൽ അധീശത്വമോഹങ്ങളും പ്രകടമല്ല. ഒരു തരം സ്ഥിരമായ എതിർ നിലയാണ് അവരുടെ എഴു ത്തിൽ കാണാനാകുന്നത്.

## ചെറുരചന

മാധവിക്കുട്ടിയുടെയും സാറാജോസഫിന്റെ യും എഴുത്തിൽ ചെറുരചനയുടെ (Minor Writing) പല സ്വഭാവങ്ങളും ദൃശ്യമാണ്. അധീശഭാഷ യുടെ വിസ്ഥാപനം (Deteritorialisation) സാധ്യ മാക്കുക, രാഷ്ട്രീയ സ്വഭാവത്തെ ഉയർത്തിപ്പിടി ക്കുക, സംഘത്തെ അഭിസംബോധന ചെയ്യുക എന്നിവയാണ് ചെറുരചനയുടെ സവിശേഷത കൾ. പാശ്ചാത്യ സ്ത്രീപക്ഷ ചിന്തയിൽ നിന്ന് വേണ്ടവ സ്വീകരിക്കുക മാത്രം ചെയ്തുകൊ ണ്ട് മലയാള എഴുത്തുകാരികളുടെ പ്രതിരോധ തന്ത്രങ്ങളെ മലയാള സാഹിത്യ പൊതുമണ്ഡല ത്തിന്റെ ചരിത്രത്തിനുള്ളിൽ നിന്നുവേണം വില യിരുത്തേണ്ടതെന്ന് ദേവിക സമർത്ഥിക്കുന്നു.

## ലളിതാംബിക അന്തർജ്ജനം



ലളിതാംബിക അന്തർജ്ജനത്തിന്റെ കാലത്ത് പ്രബലമായിരുന്ന ഉദാരമാനവികവാദസാഹി ത്യ ചിന്താധാര, സാഹിത്യ രചനയെ സ്വയം ഭരണ ശേഷിയുള്ള പൗരജനങ്ങളെ വാർത്തെടു ക്കാനുള്ള മാർഗ്ഗമായാണ് കണ്ടിരുന്നത്. സ്ത്രീ കൾ ബാലസാഹിത്യവും, സാരോപദേശ സാ ഹിത്യവും ആണ്, എഴുതേണ്ടതെന്നായിരുന്നു അക്കാലത്തെ ധാരണ. അന്തർജ്ജനം ഈ രീതി പിന്തുടർന്നില്ല. കേരളത്തിൽ ആധുനിക വിദ്യാ ഭ്യാസം നേടിയ സ്ത്രീകളുടെ ആദ്യതലമുറയു ടെ വക്താവ്, നമ്പൂതിരി സമുദായ പരിഷ്കരണ

ശ്രമത്തിന്റെ സ്ത്രീപക്ഷത്തെ പ്രതിനിധീകരിച്ച ശബ്ദം ഈ നിലകളിലാണ് അന്തർജ്ജനം സാഹിത്യരംഗത്ത് പ്രവേശിച്ചത്. കഥകളിലൂടെ സമകാലിക സംഭവങ്ങളുടെ ലിംഗ രാഷ്ട്രീയത്തെ അനാവരണം ചെയ്യാൻ ആദ്യം മുതലേ അന്തർജ്ജനം ശ്രമിച്ചിരുന്നു. കേരളത്തിൽ അക്കാലത്ത് പ്രബല്യം നേടിക്കൊണ്ടിരുന്ന സമുദായപരിഷ്കരണ രാഷ്ട്രീയ ധാരകളുമായി അന്തർജ്ജനം ബന്ധം പുലർത്തിയിരുന്നു. അതേസമയം പരിഷ്കരണവാദത്തിലൂടെ സ്ഥാപിതമായ നവപിതൃമേധാവിത്വത്തിനെതിരെയും പരിഷ്ക്കരണവാദിയായ പുരുഷന് കല്പിക്കപ്പെട്ട അധികാരത്തിനെതിരെയും അന്തർജ്ജനം നില കൊണ്ടു. 'ഇതു ആശാസ്യമാണോ' തുടങ്ങിയ കഥകളിൽ ആ പ്രതിരോധമാണ് കാണുന്നത്. സാഹിത്യത്തിന്റെ സാമൂഹ്യ ധർമ്മത്തെക്കുറിച്ച് പുരോഗമന സാഹിത്യധാര പ്രകടിപ്പിച്ച അഭിപ്രായങ്ങളെ അന്തർജ്ജനം പരസ്യമായി പിന്തുണച്ചിരുന്നു. എന്നാൽ തകഴിയെപ്പോലുള്ള എഴുത്തുകാരുടെ ചില രചനാ രീതിയോട് അന്തർജ്ജനത്തിന് യോജിക്കാൻ കഴിഞ്ഞിരുന്നില്ല. 'റിയലിസ'മെന്ന അന്തർജ്ജനത്തിന്റെ കഥയും തകഴിയുടെ മറുകഥയും ഇവരുടെ വീക്ഷണപരമായ അന്തരത്തെ അടിസ്ഥാനമാക്കി എഴുതപ്പെട്ടതാണ്. ശുദ്ധീകരിക്കപ്പെട്ട വൈകാരികതയുടെ രൂപത്തിൽ അന്തർജ്ജനം സൗന്ദര്യാനുഭൂതിയെ നവഭാവുകത്വത്തിൽ ഉറപ്പിക്കാൻ ശ്രമിച്ചു. വ്യക്തിവാദത്തിലും ഉപകരണയുക്തിയിലും അധിഷ്ഠിതമായ ആധുനിക സാമൂഹിക മാതൃകയ്ക്ക് ബദലായി അന്തർജ്ജനം കാല്പനികതയുടെ സാധ്യതകളുപയോഗിച്ച് ഒരു മാതൃകേന്ദ്രിത ലിംഗ വ്യവസ്ഥയെ മുന്നോട്ടുവച്ചു. അത് ഒരു പ്രതിരോധം തന്നെയാണ്.

## സരസ്വതിയമ്മ

അന്തർജ്ജനത്തെപ്പോലെ പൊതുമണ്ഡലത്തിൽ സ്ത്രീകളുടെ ശബ്ദമായി ധാരാളം എഴുതിയ സാഹിത്യകാരിയാണ് സരസ്വതിയമ്മയും. സമുദായപരിഷ്കരണ വാദങ്ങൾ മുന്നോട്ടു വച്ച പ്രതീക്ഷകൾ പൊള്ളയാണെന്നും അവ സൂചിപ്പിച്ച ഉത്തമലിംഗഭേദവ്യവസ്ഥ യഥാർത്ഥത്തിൽ സ്ത്രീവിരുദ്ധമാണെന്നും സാഹിത്യത്തിലൂടെയും അല്ലാതെയും സരസ്വതിയമ്മ പ്രഖ്യാപിച്ചു. പൊതുരംഗം ലിംഗനിരപേക്ഷമായിരിക്കണമെന്നും സ്ത്രീകളുടെ സ്വകാര്യരംഗം സ്വവർഗസാമൂഹികതയിലൂന്നിയതായിരിക്കണമെന്നും വാദിച്ചു. സാഹിത്യത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ച് അക്കാലത്ത് പ്രബലമായിരുന്ന ഒരു ധാരയുടെയും മാർഗ്ഗം സരസ്വതിയമ്മ പിന്തുടർന്നില്ല. അതുകൊണ്ടു തന്നെ സരസ്വതിയമ്മയുടെ രചനകൾ തമസ്കരിക്കപ്പെടുകയും ചെയ്തു. വ്യവസ്ഥാപിതാർത്ഥത്തിലുള്ള ശൃംഗാര കരുണങ്ങൾ ഒഴിവാക്കിയ സരസ്വതിയമ്മ തന്റെ കഥകളിൽ ഹാസ്യത്തിന്റെ ഒരു ധാര വികസിപ്പിച്ചെടുത്തു.



സരസ്വതിയമ്മ

ഇപ്രകാരം പ്രബല സ്വവർഗ്ഗ സഹൃദയസംഘങ്ങളുടെ നിർദ്ദേശങ്ങൾക്ക് കീഴ്പ്പെടാതെ എഴുത്തിന്റെ സ്വന്തം വഴികൾ തുറക്കുകയും, സ്ത്രീകളെ പ്രതിനിധീകരിക്കുകയും, അതിന് ഉചിതമായ സൗന്ദര്യസങ്കേതമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തവരാണ് ലളിതാംബിക അന്തർജ്ജനവും സരസ്വതിയമ്മയും. സൗന്ദര്യാനുഭവം അഭിരുചിയല്ല ഭാവുകത്വമാണ് ഉളവാക്കേണ്ടതെന്ന നിലപാടിനോടും ഇരുവരും യോജിച്ചു. പുതിയ ഭാവുകത്വ സൃഷ്ടിക്കായി അന്തർജ്ജനം കരുണരസത്തെയും സരസ്വതിയമ്മ പരിഹാസത്തെയും ഉപയോഗപ്പെടുത്തി. അങ്ങനെ കണ്ണീരിലും ചിരിയിലും കൂടി വായനാനുഭവത്തിലേക്ക് ശരീരത്തെക്കൂടി ആനയിച്ചു. അതേസമയം ഇരുവരും കാല്പനികതയുടെ സാധ്യതകളെ ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്തു

## മാധവിക്കുട്ടി

പരിഷ്കരണവാദം ആദർശവല്ക്കരിച്ച കുടുംബവ്യവസ്ഥയുടെ സ്ത്രീവിരുദ്ധതയെ മാധവിക്കുട്ടി വിമർശിച്ചു. സൗന്ദര്യം സൃഷ്ടിക്കാനും

ആനന്ദം പകരാനും സ്ത്രീക്കുള്ള സ്വതസിദ്ധ മായ ശേഷി ഗാർഹികോത്തരവാദിത്തത്തിന് കീഴ്പ്പെടേണ്ടി വരുന്നതിലെ അമർഷവും പ്രതി ഷേധവും മാധവിക്കുട്ടിയുടെ എഴുത്തിൽ ദൃശ്യ മാണ്. സൗന്ദര്യാത്മകമായ സ്ത്രീത്വത്തിന്റെ ഉയിർത്തെഴുന്നേല്പിനെ അംഗീകരിക്കാൻ യാ ഥാസ്ഥിതിക ഉദാരമാനവവാദവിമർശകർ തയ്യാ റല്ലായിരുന്നു.



മാധവിക്കുട്ടി

മാധവിക്കുട്ടിയുടെ രചനകളിൽ ബൂർഷ്വാ ലൈംഗികതയാണുള്ളതെന്ന നിഗമനവും ആധു നികതയുടെ സ്ത്രൈണവകഭേദമാണ് ആ കഥ കളിലുള്ളതെന്ന കണ്ടെത്തലും ഉണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പറഞ്ഞവയോട് മാധവിക്കുട്ടി യോ ജിക്കുകയുണ്ടായിട്ടില്ല. പരിഷ്കരണവാദത്തിന്റെ ഉപകരണയുക്തിയെ മാധവിക്കുട്ടിയുടെ കാല് പനിക ലിംഗബോധം ചെറുത്തു. എന്നാൽ സ് ത്രീ ശരീരത്തെ ഭോഗവസ്തുവായി ചുരുക്കാനും അവർ വിസമ്മതിച്ചു. പുരുഷാധികാരത്തിനപ്പു റത്തു നില്ക്കുന്ന സ്ത്രീയെ ഉപകരണമായി കണക്കാക്കാൻ തയ്യാറല്ലാത്ത, സ്ത്രീ സാധ്യ മാക്കിയ സൗന്ദര്യ-ആനന്ദാനുഭവത്തിൽ സ്വയം അലിഞ്ഞു ചേരുന്ന ഒരു ആദർശ പുരുഷ സങ്ക ല്പം ആണ് മാധവിക്കുട്ടിക്ക് ഉണ്ടായിരുന്നത്. പില്ക്കാല ആധുനികതയുടെ പുരുഷാധിഷ്ഠിത രതി സങ്കല്പത്തിന്റെ ആവർത്തനമല്ല മാധവി ക്കുട്ടിയിൽ കാണുന്നത്.

## സാറാ ജോസഫ് - 'പാപത്തറ' മുതൽ

മുൻതലമുറ ആവിഷ്കരിച്ചവയും അല്ലാത്ത വയുമായ പ്രമേയങ്ങളെ തന്റേതായ ദിശയിലും ഭാഷയിലും സാറാ ജോസഫ് ആവിഷ്കരിച്ചു. തന്റെ ആദ്യകാല കഥകളിലെ പ്രമേയങ്ങളെ സാറാ ജോസഫ് പിൽക്കാലത്ത് ശക്തമായി രാഷ്ട്രീയവത്ക്കരിക്കുന്നുണ്ട്. സ്വന്തമായി ഭാഷ യില്ലാത്തവരും, ഹിസ്റ്റീരിയക്കാരികൾ എന്ന് പഴി സമ്പാദിക്കുന്നവരുമായ കഥാപാത്രങ്ങൾ ആദ്യകാല കഥകളിലുണ്ട്. എന്നാൽ 'പാപ ത്തറ'യിലും അതിനുശേഷം പ്രസിദ്ധീകരിച്ച കഥാസമാഹാരങ്ങളിലും സ്ത്രീകൾക്ക് ഭാഷ കൈവരുന്നു. ആഖ്യാതാക്കളായി സ്ത്രീകഥാ പാത്രങ്ങൾ ഉയിർത്തെഴുന്നേല്ക്കുന്നു. പുരുഷാ ധികാര കുടുംബങ്ങൾക്കുള്ളിൽ ഫലശൂന്യമായ കാത്തിരിപ്പുകളിൽ കുടുങ്ങി നശിച്ചു പോകുന്ന മാതാക്കളെ ഒരു വശത്തും കാത്തിരിപ്പിനെ കരു ണാ പൂർണവും സക്രിയവുമായ സാക്ഷ്യമായി മറുവശത്തും സാറാ ജോസഫ് സൃഷ്ടിച്ചിട്ടുണ്ട്. പാപത്തറയ്ക്കും അതിനുശേഷവുമാണ് സക്രി യമായി സാക്ഷ്യം വഹിക്കുന്ന മാതാക്കളെ അവ തരിപ്പിച്ചിരിക്കുന്നത്.

### മാതൃത്വം

ഉപകരണാത്മകതയ്ക്ക് വഴങ്ങാത്ത സ്ത്രീ സത്തയായി മാതൃശക്തി സാറാ ജോസഫിന്റെ കഥകളിൽ കാണപ്പെടുന്നു. ജീവന്റെ സ്രോത സ്സായി തുടർന്നും നിലനില്ക്കാൻ പൊരുതുന്ന സ്ത്രൈണത്വത്തിന്റെ ആവിഷ്കാരമാണ് 'ചാവു നിലം' പോലുള്ള കഥകൾ. അന്തർജ്ജനത്തിന്റെ 'മുലപ്പാലിന്റെ മണം' എന്ന കഥയുമായി 'ചാവു നില'ത്തിന് പാഠാന്തരബന്ധം ഉണ്ട്. അന്തർജ്ജ നത്തിന് ആ കാലത്തിന്റേതായ ശുഭാപ്തി വി ശ്വാസമുണ്ടെങ്കിൽ സാറാ ജോസഫിന്റെ കാലം വ്യത്യസ്തമാണെന്ന് ചാവുനിലം വിളിച്ചുപറയു ന്നു. മാതൃകേന്ദ്രിതലിംഗക്രമത്തിലാണ് അന്തർ ജ്ജനത്തിന്റെ അമ്മമാരുള്ളത്. ശക്തമായി നിലനില്ക്കുന്ന ആൺകോയ്മാവ്യവസ്ഥയിൽ എതിർപ്പിന്റെയും സ്വരം മുഴങ്ങി കേൾക്കുന്നു. പ്രത്യാശയുടെ വാഹകരായ, ജാഗ്രതയോടെ സാക്ഷ്യം വഹിക്കുന്നവരായ അമ്മമാരാണ് സാ റാ ജോസഫിന്റെ കഥകളിലുള്ളത്.

### സ്ത്രീപുരുഷബന്ധം

അന്തർജ്ജനത്തിന്റെ എഴുത്തിൽ യഥാർത്ഥ സ്ത്രീത്വത്തെ തിരിച്ചറിയുന്ന പുരുഷൻ, മേധാ വിത്തം വെടിഞ്ഞ് മടങ്ങിയെത്തി ആനന്ദകര മായ സ്ത്രീപുരുഷസമാഗമം നടക്കുന്നു. സാ റാ ജോസഫിൽ അപ്രകാരമല്ല കാണുന്നത്. അവിടെ യഥാർത്ഥ സ്ത്രീ സത്തയോട് ചേർന്നു

കൊണ്ട് പിതൃമേധാവിത്വത്തിൽ നിന്ന് വിടുതൽ നേടുന്ന പുരുഷൻ പ്രകൃതിയിലേയ്ക്കിറങ്ങിച്ചെല്ലുന്നു. സ്ത്രീപുരുഷന്മാരുടെ ആനന്ദപൂർണ്ണമായ സമാഗമം പ്രകൃതിയുടെ മടിത്തട്ടിലാണ് നടക്കുന്നത്. സാറാ ജോസഫിന്റെ ആദ്യകാലകഥകളിൽ പുരുഷാധിപത്യക്രമത്തിൽ നിന്ന് സ്ത്രീ, പ്രകൃതിയിൽ അഭയം തേടുന്നു. പില്ക്കാല രചനകളിൽ സ്ത്രീയും പ്രകൃതിയും ഒരുപോലെ പുരുഷാധിപത്യക്രമത്തിന് പുറത്താണ്. ദേശീയതയെക്കുറിച്ചുള്ള കാല്പനിക പ്രതീക്ഷകൾ സാറാ ജോസഫിന്റെ എഴുത്തിൽ കാണുന്നില്ല. മാതൃശക്തിയെ കീഴ്പ്പെടുത്തി, അപമാനിച്ച് തെരുവിലെറിയുന്ന നഗരപിതാവിനെയാണ് 'പാതാളപ്പടി'കളിൽ അവതരിപ്പിച്ചിട്ടുള്ളത്. മാധവിക്കുട്ടിയുടെ കഥകളിൽ കാണാവുന്ന സ്ത്രീപുരുഷസംഗമത്തിനുവേണ്ടിയുള്ള അടങ്ങാത്ത ദാഹം സാറാ ജോസഫിന്റെ 'നിലാവ്' അറിയുന്നു പോലുള്ള കഥകളിൽ മറ്റൊരു വിധത്തിൽ പുനരവതരിക്കുന്നു. പിതൃമേധാവിത്വത്തിന്റെ ഘടനകൾ പുരുഷനെയും സ്ത്രീയെയും പരസ്പരമകറ്റുന്നതിന്റെ വേദന സാറാ ജോസഫിന്റെ ആദ്യകാലകഥകളിൽ മുതൽ സമീപകാലരചനകളിൽ വരെ കാണാം. താഴ്വര, നാലാംനിലയിലെ ജാലകം, പ്രകാശിനിയുടെ മക്കൾ, കന്യകയുടെ പുല്ലിംഗം തുടങ്ങിയ കഥകൾ ഉദാഹരണം.

കുടുംബം, സമുദായം എന്നീ പിതൃമേധാവിത്വ സ്ഥാപനങ്ങളെ പരിഹാസത്തിലൂടെ വിമർശിക്കുന്ന രീതി സാറാ ജോസഫിന്റെ ചില കഥകളിൽ കാണാം. ഉദാ: ആൻമേരിയുടെ കല്യാണം. ജോർജുകുട്ടിയും ചില സ്ത്രീകളും, പുതളയം, ദാമ്പത്യം, സ്കൂട്ടർ. ഇപ്രകാരം ഹാസ്യത്തിന്റെ രാഷ്ട്രീയ സാധ്യത സാറാ ജോസഫിനെപ്പോലെ മാധവിക്കുട്ടിയും, പിൻഗാമികളായ എഴുത്തുകാരികളും സമർത്ഥമായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ചുരുക്കത്തിൽ ഒരു വശത്ത് പരിഷ്കരണവാദ ലിംഗാദർശങ്ങളുടെയും രചനാ സങ്കേതങ്ങളുടെയും ഉപകരണ യുക്തിക്കെതിരെയും മറുവശത്ത് ആധുനികതാ സാഹിത്യത്തിന്റെ വികലമായ ലിംഗബോധത്തിനെതിരെയും കേരളത്തിൽ രൂപം പ്രാപിച്ചു വന്ന സ്ത്രീപക്ഷ രചനാ പാരമ്പര്യത്തിലെ പ്രബലകണ്ണിയായി സാറാ ജോസഫിന്റെ എഴുത്തിനെ കാണേണ്ടതാണ്.

'പാപത്തറ'യുടെ പ്രസിദ്ധീകരണത്തോടെ സാറാ ജോസഫിന്റെ എഴുത്തിനെ അടിസ്ഥാനമാക്കി 'പെണ്ണെഴുത്തി'നെക്കുറിച്ചുള്ള ചർച്ച സജീവമായി. ഉദാരമാനവവാദ വിമർശനത്തിന്റെ വക്താക്കൾ 'പെണ്ണെഴുത്തി'നെ ലളിതവൽക്കരിക്കുകയുണ്ടായി. എഴുത്തുകാരികളിൽ ചിലർ 'പെണ്ണിന് സവിശേഷമായ' എഴുത്തില്ലെന്ന് അഭിപ്രായപ്പെട്ടു. ഇപ്രകാരം സ്ത്രീപക്ഷ എഴുത്തിനെ പൂർണ്ണമായും വ്യക്തമായും മനസിലാക്കാതെയും, തങ്ങളുടെ ആശയധാരയ്ക്കനുസരണം വ്യാഖ്യാനിച്ചും, നിരവധി അഭിപ്രായങ്ങൾ ഉയർന്നുവന്നു.

## മലയാള സ്ത്രീപക്ഷ രചനകളിലെ കീഴാള രാഷ്ട്രീയത

മലയാള സാഹിത്യത്തിലെ സ്ത്രീപക്ഷരചനാ പാരമ്പര്യത്തിന്റെ രാഷ്ട്രീയ അതിരുകളെ വിലയിരുത്തുമ്പോൾ, അവയിൽ കീഴാള രാഷ്ട്രീയത എത്രത്തോളമുണ്ടെന്ന അന്വേഷണം അത്യാവശ്യമായിത്തീരുന്നു. സാഹിത്യപൊതുമണ്ഡലത്തിൽ കാലങ്ങളായി വരേണ്യ സ്ത്രീ സാന്നിധ്യമാണുള്ളത്. ദളിത് സാഹിത്യവിമർശകരായ കെ.കെ. കൊച്ചും, കെ.കെ. ബാബുരാജും സാറാ ജോസഫിന്റെ ചെറുരചനയിലുള്ള കീഴാള വീക്ഷണങ്ങളുടെ രാഷ്ട്രീയ കാര്യക്ഷമതയെ ചോദ്യം ചെയ്യുന്നു. ഭാഷയിൽ സാറാ ജോസഫ് നടത്തിയ പരീക്ഷണങ്ങൾ, വാസ്തവത്തിൽ വരേണ്യ സ്വഭാവം ഗൂഢമായി നിലനിറുത്തുന്ന പുനഃസ്ഥാപനമല്ലേ എന്നാണവർ സംശയിക്കുന്നത്. ലളിതാംബികാ അന്തർജ്ജനം, മാധവിക്കുട്ടി, സരസ്വതിയമ്മ എന്നിവരുടെ രചനകളിലെ കീഴാള ശബ്ദങ്ങളും ജീവിതവും വിമർശനാത്മക പരിശോധനയ്ക്കു വിധേയമാക്കേണ്ടതുണ്ട്. വരേണ്യഭാഷാ പ്രയോഗത്തിനൊപ്പം ചെറിയ ഭാഷകളെ അണിനിരത്തുന്ന എല്ലാ എഴുത്തുകാരും ചെറിയ എഴുത്തിന്റെ സ്രഷ്ടാക്കളാകണമെന്നില്ല. അതുപോലെ ചെറിയ ഭാഷകളെ വരേണ്യഭാഷയ്ക്കെതിരെ അണിനിരത്തുന്നവരുടെ പ്രതിരോധം കുറ്റമറ്റതായിക്കൊള്ളണമെന്നുമില്ല.

## സ്ത്രീലൈംഗികത

സാറാ ജോസഫിന്റെ കഥകളിൽ സ്ത്രീയുടെ ലൈംഗിക ഊർജ്ജം രാഷ്ട്രീയ സ്വഭാവമുള്ള

ആന്തരിക ശക്തിയായി പരിണമിക്കുന്ന നിരവധി ചിത്രങ്ങളുണ്ട്. മുടിതെയ്യമുറയുന്നു. അട്ടപ്പാടി, വെളുത്തനിർമിതികളും കറുത്ത കണ്ണാടികളും എന്നീ കഥകളിലെ വർണനകളിൽ ഇതു ദൃശ്യമാണ്. എന്നാൽ പുരുഷാധിപത്യം സ്ത്രീലൈംഗികതക്കു കല്പിച്ചിട്ടുള്ള വിലക്കുകളെ തകർക്കാൻ തക്കവിധം ഇവ ശക്തമാണോ എന്ന് സംശയമാണ്. വരേണ്യതാ സങ്കല്പത്തിനു വിധേയരായ എഴുത്തുകാരികൾ സ്ത്രീ ലൈംഗികതയെ തുറന്ന് ആവിഷ്കരിക്കാൻ തയ്യാറാകാറില്ല. അത്തരം നിയന്ത്രണങ്ങളെ അന്തർജ്ജനവും സരസ്വതിയമ്മയും വിമർശിക്കുന്നുണ്ടെങ്കിലും അവർക്കും ഫലപ്രദമായി അതിനെ ലംഘിക്കാൻ സാധിച്ചിട്ടില്ല. അന്തർജ്ജനം ലൈംഗികതക്ക് ജീവന്റെ അടിസ്ഥാന ഊർജ്ജമെന്നനിലയിൽ മാന്യസ്ഥാനം നല്കി. സരസ്വതിയമ്മ അതിനെ സ്ത്രീകളുടെ സ്വവർഗ്ഗ സാമൂഹികതയ്ക്കു കീഴ്പ്പെടുത്തി, മാധവിക്കുട്ടി അതിനെ സൗന്ദര്യവല്ക്കരിച്ചു. സാറാ ജോസഫ് അതിനെ രാഷ്ട്രീയ ഊർജ്ജമാക്കി ഉയർത്തി.

പുതുതലമുറയിലെ എഴുത്തുകാരികൾ സ്വതന്ത്രമായി സ്ത്രീ ലൈംഗികത അവതരിപ്പിക്കുന്നു. പ്രണയവും കാമവും തമ്മിലുള്ള അതിർവരമ്പിനെ അവർ കുഴച്ചു മറിക്കുന്നു. സ്നേഹിക്കലിനെ സംബന്ധിച്ചിടത്തോളം നല്ലത്/ചീത്ത ശാരീരികം/മാനസികം, വിമോചനം/ബന്ധം മുതലായ ദ്വന്ദ്വങ്ങൾ ഒരു തരത്തിലും ബാധകമല്ലെന്ന നിലപാടാണ് അവർക്ക് ഉള്ളത്. സ്വവർഗ്ഗ ലൈംഗികതയെ വിഷയമാക്കാനും അവർ മുതിരുന്നു. മേല്പറഞ്ഞവയുടെ ആദ്യസ്ഫുരണങ്ങൾ സാറാ ജോസഫിന്റെ പ്രണയം, അവൻ എന്നീ കഥകളിൽ പ്രകടമാണ്.

## സ്ത്രീകൂട്ടായ്മ

ലളിതാംബിക അന്തർജ്ജനത്തിന്റെ എഴുത്തിൽ, മാതൃത്വത്തിന്റെ സാർവത്രികതയിലൂടെ ഒരു സ്ത്രീ കൂട്ടായ്മ സൃഷ്ടിക്കപ്പെടുന്നു. സരസ്വതിയമ്മയുടെ എഴുത്തിൽ മനഃപരിഷ്കാരമുള്ള സ്ത്രീകളുടെ കൂട്ടായ്മയും സാറാ ജോസഫിന്റെ കഥകളിൽ സ്ത്രീകളുടെ രാഷ്ട്രീയ കൂട്ടായ്മയും വിഭാവനം ചെയ്യപ്പെടുന്നു. ഇവിടെയൊന്നും കീഴാള സ്ത്രീയുടെ കൂട്ടായ്മ കാണപ്പെടുന്നില്ല. എന്നാൽ പുതുതലമുറയിൽപ്പെട്ട കീഴാള എഴുത്തുകാരികൾ ഈ വിടവ് നികത്താൻ ശ്രമിക്കുന്നുണ്ട്. ലൈംഗികതയെ, ലൈംഗികത മാത്രമായി കണ്ടുകൊണ്ട്, മറ്റൊന്നിലേക്ക് അതിനെ ഉയർത്തുകയോ ചുരുക്കുകയോ ചെയ്യാതെ അതേക്കുറിച്ച് ദൈനംദിന ജീവിതത്തിന്റെ ഭാഷയിൽ പറയുന്ന കൃതിയാണ് നളിനി ജമീലയുടെ ആത്മകഥ.

## അവലോകനം

'മലയാള സാഹിത്യത്തിലെ തായ്കുലം' എന്ന ഈ ലേഖനത്തിൽ ജെ. ദേവിക, മുൻതലമുറകളിലെ സ്ത്രീപക്ഷ എഴുത്തുകാരികളുമായി സാറാ ജോസഫിന്റെ എഴുത്തിനുള്ള സജീവ ബന്ധം, അവരുടെ സൗന്ദര്യശാസ്ത്ര സങ്കേതങ്ങളുടെ ബഹുത്വം – ഇവ ചർച്ചാ വിഷയമാക്കുകയും അതിലൂടെ മലയാള സാഹിത്യത്തിന്റെ സ്ത്രീപക്ഷ രചനാ പാരമ്പര്യത്തെ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. സാറാ ജോസഫിന്റെ എഴുത്തിന്റെ ശക്തികളെ മാത്രമല്ല, ദൗർബല്യങ്ങളെയും മലയാള സാഹിത്യത്തിലെ സ്ത്രീപക്ഷ പാരമ്പര്യത്തിന്റെ സവിശേഷ വികാസ ചരിത്രത്തിൽ നിന്നു വേണം വിലയിരുത്താൻ എന്ന് നിരീക്ഷിക്കുന്നു. ഉദാരമാനവവാദത്തിന്റെ ഏകോപനത്തെ ചെറുക്കുകയും രാഷ്ട്രീയ സംവാദങ്ങളിലൂടെ സൗന്ദര്യശാസ്ത്രപരമായ സ്വത്വബോധത്തെ രൂപപ്പെടുത്താനുമുള്ള ശ്രമം വേണം. അല്ലെങ്കിൽ വിജയിക്കുന്നത് കച്ചവട മാധ്യമങ്ങൾ മാത്രമാണ്.

## Recap

- ▶ സകലവിധ അധികാരങ്ങളെയും നിരാകരിക്കുന്ന സമഗ്രമായ ജനാധിപത്യ വ്യവസ്ഥയ്ക്ക് വേണ്ടിയുള്ള സമരം
- ▶ ആണധികാരവ്യവസ്ഥയെ ചോദ്യം ചെയ്തു
- ▶ സ്ത്രീപക്ഷ വിമർശനത്തിന് തുടക്കം കുറിച്ചത് പാപത്തറയുടെ അവതാരിക
- ▶ Ecriture Feminine എന്ന സ്ത്രീപക്ഷ രചനാരീതിയുടെ അംശങ്ങൾ പാപത്തറയിലെ കഥകളിൽ സച്ചിദാനന്ദൻ കണ്ടെത്തി.
- ▶ ലിംഗകേന്ദ്രിതമായ ഭാഷാഘടനയെ തകർക്കുന്ന എതിരെഴുത്തിനെ സച്ചിദാനന്ദൻ 'പെണ്ണെഴുത്ത്' എന്ന് വിളിച്ചു.
- ▶ സാഹിത്യ പൊതുമണ്ഡലത്തിൽ പുരുഷന് പ്രാധാന്യം
- ▶ സച്ചിദാനന്ദൻ, പ്രധാനമായും Helen Cixous, Luce Irigaray എന്നീ ഫ്രഞ്ച് സ്ത്രീപക്ഷചിന്തകരുടെ കൃതികളെ അടിസ്ഥാനമാക്കിയായിരുന്നു സാറാ ജോസഫിന്റെ രചനകളെ പഠനവിധേയമാക്കിയത്.
- ▶ Ecriture Femine ന്റെ അടിസ്ഥാന പ്രേരണകൾ 'പാപത്തറ'യിൽ പറയത്തക്കവിധത്തിൽ ഇല്ല എന്ന് ജെ. ദേവിക നിരീക്ഷിക്കുന്നു.
- ▶ എഴുതുന്ന വ്യക്തി പുരുഷനായും കൃതി സ്ത്രീയായും കരുതിയിരുന്നു
- ▶ Cixous - ന്റെയും Luce Irigaray യുടെയും എഴുത്തിൽ നിന്നും സാറാ ജോസഫിന്റെ രചനകൾ പല രീതിയിൽ വ്യത്യസ്തത പുലർത്തുന്നു
- ▶ Julia Kristeva, Judith Butler എന്നിവരുടെ പഠനങ്ങളുടെ അടിസ്ഥാനത്തിൽ സാറാ ജോസഫിന്റെ മാതൃവാദത്തെ സമീപിക്കാനാകും.
- ▶ മാതൃവാദത്തിന്റെയും Female Fetishism ത്തിന്റെയും അടിസ്ഥാനത്തിൽ സാറാ ജോസഫിനെയും അന്തർജ്ജനത്തിനെയും മാധവിക്കുട്ടിയെയും ബന്ധിപ്പിക്കാനാകുമെങ്കിലും അവർ തമ്മിൽ വിഭിന്നതകൾ ഉണ്ട്
- ▶ മാധവിക്കുട്ടിയുടെയും സാറാ ജോസഫിന്റെയും എഴുത്തിൽ ചെറുരചനയുടെ (Minor writings) പല സ്വഭാവങ്ങളും ദൃശ്യമാണ്
- ▶ പരിഷ്കരണവാദം ആദർശവല്ക്കരിച്ച കുടുംബവ്യവസ്ഥയുടെ സ്ത്രീവിരുദ്ധതയെ മാധവിക്കുട്ടി വിമർശിച്ചു
- ▶ ഭാഷയിൽ സാറാ ജോസഫ് നടത്തിയ പരീക്ഷണങ്ങൾ വരേണ്യ സ്വഭാവം ഗൂഢമായി നിലനിറുത്തുന്ന പുനഃസ്ഥാപനമല്ലേ എന്ന് ദളിത് സാഹിത്യവിമർശകർ സംശയിക്കുന്നു
- ▶ സ്ത്രീലൈംഗികതയെ ലളിതാംബിക അന്തർജ്ജനം ജീവന്റെ അടിസ്ഥാന ഊർജ്ജമെന്ന നിലയിൽ കണ്ടു
- ▶ സരസ്വതിയമ്മ അതിനെ സ്ത്രീകളുടെ സ്വവർഗ്ഗസാമൂഹികതയ്ക്കു കീഴ്പ്പെടുത്തി. മാധവിക്കുട്ടി അതിനെ സൗന്ദര്യവല്ക്കരിച്ചു

- സാറാ ജോസഫ് അതിനെ രാഷ്ട്രീയ ഊർജ്ജമാക്കി ഉയർത്തി
- പുതുതലമുറ എഴുത്തുകാരികളുടെ രചനകളിലാണ് കീഴാള സ്ത്രീ കൂട്ടായ്മ പ്രബലമായി പ്രകടമാകുന്നത്

## Objective Questions

1. മലയാള സാഹിത്യത്തിലെ തായ്കുലം ആരെഴുതിയ ലേഖനം?
2. 'പാപത്തറ'യ്ക്ക് അവതാരിക എഴുതിയതാര്?
3. കുലസ്ത്രീയും ചന്തപ്പെണ്ണും ആരുടെ കൃതി?
4. 'പെണ്ണെഴുത്ത്' എന്ന സംജ്ഞ ആദ്യമായി ഉപയോഗിച്ചത് ആര്?
5. പത്തൊമ്പതാം നൂറ്റാണ്ടിൽ രൂപം കൊണ്ട പുരുഷകേന്ദ്ര എഴുത്തു കൂട്ടായ്മയെ പറയുന്ന പേരെന്ത്?
6. ജീവൽ സാഹിത്യം എന്ന ലേഖനം ആരുടെ?
7. വിദ്യാവിനോദിനിയുടെ പത്രാധിപർ?
8. കാവ്യത്തെ ഇഷ്ടഭാര്യയോടും ശാസ്ത്രത്തെ സുഹൃത്തിനോടും താരതമ്യം ചെയ്തതാര്?
9. ഏതു സ്ത്രീപക്ഷ രചനാരീതിയാണ് സച്ചിദാനന്ദൻ 'പാപത്തറ'യിൽ ഉണ്ടെന്ന് സമർത്ഥിക്കുന്നത്?
10. Cixous ന്റെ ഭാഷാസങ്കല്പം പ്രാധാന്യം കൊടുക്കുന്നത് എന്തിനൊക്കെയാണ്?
11. 'പുരുഷ കേന്ദ്രിത ഭാഷയെ ഭേദിക്കാൻ കഴിവുള്ള വ്യവഹാരത്തിന് മാതൃകയാണ് 'മാതൃത്വം' എന്ന നിലപാട് ആരുടേതാണ്?
12. ഭാഷയുടെ മൃതാവസ്ഥയെക്കുറിച്ച് പരാമർശമുള്ള സാറാ ജോസഫിന്റെ കഥ?
13. ഹിസ്റ്റീരിയ ബാധിതർ എന്ന പഴികേട്ട കഥാപാത്രങ്ങൾ ഉള്ള സാറാ ജോസഫിന്റെ കഥകൾ ഏതെല്ലാം
14. നമ്പൂതിരി സമുദായ പരിഷ്കരണത്തിന്റെ ശ്രമങ്ങൾ ഉള്ള കഥകൾ എഴുതിയ കഥാകാരി?
15. പൊതുരംഗം ലിംഗനിരപേക്ഷമായിരിക്കണമെന്ന് വാദിച്ച് സാഹിത്യരംഗത്ത് തമസ്കരണം ഏറ്റുവാങ്ങിയ എഴുത്തുകാരി?
16. രചനകളിൽ ബൂർഷ്വാ ലൈംഗികതയാണ് ഉള്ളതെന്ന ആരോപണത്തിന് വിധേയയായ എഴുത്തുകാരി
17. സാറാ ജോസഫിന്റെ ഏത് കഥയ്ക്കാണ് ലളിതാംബിക അന്തർജ്ജനത്തിന്റെ 'മുലപ്പാലിന്റെ മണം' എന്ന കഥയുമായി പാഠാന്തരബന്ധമുള്ളത്.

## Answers

1. ജെ. ദേവിക
2. കെ. സച്ചിദാനന്ദൻ
3. ജെ. ദേവിക
4. കെ. സച്ചിദാനന്ദൻ
5. സ്വവർഗ സൗഹൃദ സംഘങ്ങൾ
6. പി. ശങ്കരൻ നമ്പ്യാർ
7. സി.പി. അച്യുതമേനോൻ
8. സി.പി. അച്യുതമേനോൻ
9. Ecriture Feminine
10. ഭാഷയുടെ സൃഷ്ടിപരത, ചലനാത്മകത, ലീലാപരത എന്നിവയ്ക്ക്
11. ജൂലിയ ക്രിസ്റ്റേവ
12. കന്യകയുടെ പുല്ലിംഗം
13. മനസ്സിലെ തീ മാത്രം, കാടിന്റെ സംഗീതം
14. ലളിതാംബിക അന്തർജ്ജനം
15. കെ. സരസ്വതിയമ്മ
16. മാധവിക്കുട്ടി
17. ചാവുനിലം

## Assignments

1. കേരളീയ സ്ത്രീപക്ഷ സാഹിത്യപാരമ്പര്യത്തിന്റെ രാഷ്ട്രീയ സ്വഭാവം ചർച്ച ചെയ്യുക.
2. സാറാ ജോസഫിന്റെ രചനകൾക്ക് ഫ്രഞ്ച് സ്ത്രീവാദവുമായുള്ള ബന്ധവും വിഭിന്നതയും വിശകലനം ചെയ്യുക.
3. സ്ത്രീലൈംഗികത, സ്ത്രീക്കൂട്ടായ്മ, കീഴാളസ്ത്രീസ്വത്വം ഇവ മലയാളത്തിലെ എഴുത്തുകാരികൾ എപ്രകാരം സമീപിച്ചിരിക്കുന്നു - ചർച്ച ചെയ്യുക.



SREENARAYANAGURU OPEN UNIVERSITY

## Reference


1. ജെ. ദേവിക, നിരന്തര പ്രതിപക്ഷം: ജെ. ദേവികയുടെ ലേഖനങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം.
2. ജെ. ദേവിക, നവസിദ്ധാന്തങ്ങൾ: സ്ത്രീവാദം, ഡി.സി. ബുക്സ്, കോട്ടയം.
3. സാറാ ജോസഫ്, പാപത്തറ, കറന്റ് ബുക്സ്, തൃശ്ശൂർ.
4. ജിസ ജോസ്, സ്ത്രീവാദ സൗന്ദര്യശാസ്ത്രം പ്രയോഗവും പ്രതിനിധാനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# യൂണിറ്റ് - 4
# സാഹിത്യചരിത്രങ്ങൾ നിങ്ങളോട് സംസാരിച്ചതെന്ത്?

**പ്രദീപൻ പാമ്പിരികുന്ന്**

## Learning Outcomes

- ആധുനികാനന്തര മലയാള വിമർശനത്തെ പഠിക്കുന്നു
- ദലിത് സൗന്ദര്യശാസ്ത്രം അറിയുന്നു
- ദലിത് സൗന്ദര്യശാസ്ത്രം എന്ന കൃതി പരിചയപ്പെടുന്നു
- പ്രദീപൻ പാമ്പിരികുന്നിന്റെ ജീവിതവും എഴുത്തും അറിയുന്നു
- ചരിത്രവും അധികാരവും മനസിലാക്കുന്നു
- സാഹിത്യചരിത്രങ്ങളുടെ പരിമിതി തിരിച്ചറിയുന്നു
- ചരിത്ര രചനയുടെ വിഭജന രീതിശാസ്ത്രം അറിയുന്നു
- സാഹിത്യചരിത്രങ്ങളിലെ ജാതി നിർമ്മിതി മനസ്സിലാക്കുന്നു
- സാഹിത്യത്തിലെ സവർണ മേൽകോയ്മ കണ്ടെത്തുന്നു

## Prerequisite

ചരിത്രരചന എന്നത് ഒരു പ്രത്യയശാസ്ത്ര പ്രവർത്തനമാണ്. ചരിത്ര രചയിതാവിന്റെ വ്യാഖ്യാനങ്ങൾ ആണ് ചരിത്രങ്ങളായി മാറുന്നത്. അതിൽ രചയിതാവിന്റെ താൽപര്യങ്ങളും പ്രത്യയശാസ്ത്ര ധാരണകളും പ്രതിഫലിക്കും. ആത്മനിഷ്ഠമായ രചനാ പ്രക്രിയയാണ് ചരിത്രം എന്ന് സാരം. സാഹിത്യചരിത്രത്തിന്റെ രചനയും ഇതേ പ്രക്രിയയിലൂടെയാണ് രൂപപ്പെടുന്നത്. ചരിത്രങ്ങളെ പഠിക്കുവാൻ വേണ്ടി സാഹിത്യചരിത്രവിജ്ഞാനീയം എന്നൊരു ശാഖ തന്നെ രൂപപ്പെട്ടിട്ടുണ്ട്. എഴുതപ്പെടുന്ന സാഹിത്യചരിത്രങ്ങളിലെ പ്രമാണ പാഠങ്ങളെ അടിസ്ഥാനമാക്കി സാഹിത്യകൃതിയുടെ മേന്മ നിശ്ചയിക്കുന്നു. പൊതുബോധത്തിന് അനുസരിച്ചാണ് പ്രമാണ പാഠങ്ങൾ രൂപപ്പെടുന്നത്. സാഹിത്യപരത, മുഖ്യധാരാസാഹിത്യമൂല്യം, കൃതികളും സമൂഹവും തമ്മിലുള്ള ബന്ധം എന്നിങ്ങനെ പലതിനെയും കുറിച്ചുള്ള വികല സങ്കല്പങ്ങൾ അടിച്ചേൽപ്പിക്കുകയാണ് സാഹിത്യചരിത്ര വ്യവഹാരങ്ങൾ യഥാർത്ഥത്തിൽ ചെയ്തത്. പുനർവായനകളിലൂടെ അധീശ പ്രതിബിംബങ്ങൾ എങ്ങനെ സാംശീകരിക്കപ്പെടുന്നു എന്നതിനെക്കുറിച്ചുള്ള അന്വേഷണമാണ് സാഹിത്യചരിത്രവിജ്ഞാനീയം മുന്നോട്ടുവയ്ക്കുന്നത്. സാഹിത്യചരിത്രം എഴുതപ്പെട്ട കാലത്ത് തന്നെ അത് വിട്ടുപോയതിനെയും കൂട്ടിച്ചേർക്കേണ്ടതിനേയും കുറിച്ചുള്ള ചർച്ചകളും വിമർശനങ്ങളും രൂപപ്പെട്ടിരുന്നു. സ്ത്രീവാദം, കോളനിയനന്തരവാദം, ദലിത്‌വാദം തുടങ്ങിയവയിലെ ആധുനികാനന്തര നിലപാടാണ് സാഹിത്യചരിത്രവിജ്ഞാനീയത്തെ സ്ഥാപിച്ചെടുക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നത്.

ആധുനികാനന്തര മലയാള വിമർശനം പാർശ്വവത്കൃത സമൂഹത്തിന്റെ സാഹിത്യ രച



SREENARAYANAGURU OPEN UNIVERSITY

നകൾക്ക് പ്രാധാന്യം നൽകുന്നവയാണ്. പ്രാന്തവത്കൃത ജീവിതങ്ങളും വ്യവഹാരങ്ങളും നിരൂപണത്തിൽ പുതിയ അന്വേഷണങ്ങൾക്ക് തുടക്കം കുറിച്ചു. തൊണ്ണൂറുകളോടെ മലയാളത്തിൽ ആധിപത്യ പാരമ്പര്യങ്ങളെ ചോദ്യം ചെയ്യുകയും പ്രാതിനിധ്യത്തിനു വേണ്ടിയുള്ള സംവാദാത്മക സൈദ്ധാന്തിക സമീപനങ്ങൾ ശക്തമാവാനും തുടങ്ങി. ഭൂതകാലത്തെ കയ്പേറിയ അനുഭവങ്ങളെ ഓർമ്മിച്ചെഴുതി സ്വത്വനിർമ്മിതി സ്ഥാപിക്കുകയും ചെയ്തു. ആധുനിക പൊതുമണ്ഡലം സവർണാധിപത്യത്തിന്റെ കീഴിലായിരുന്നു. ആ പൊതു ഇടത്തിൽ ബദൽ ദാർശനിക ചിന്താപദ്ധതി രൂപപ്പെടുത്തിയെടുക്കാൻ ദലിത് വിമർശനത്തിന് കഴിഞ്ഞു. സാംസ്കാരികമായും ചരിത്രപരമായും പ്രത്യയശാസ്ത്രപരമായും ദലിത്സാഹിത്യത്തിന് സമകാലിക സാഹിത്യത്തിൽ വളരെ പ്രാധാന്യമുണ്ട്. വളരെയധികം സാംസ്കാരിക മൂലധനം അവകാശപ്പെടാവുന്ന സമൂഹമാണ് ദലിത് സമൂഹം. എന്നാൽ അധീശപ്രത്യയശാസ്ത്രം ദലിത് സംസ്കാരത്തെ തമസ്കരിക്കുന്നു. ദലിത് സ്വത്വത്തെയും സംസ്കാരത്തെയും വീണ്ടെടുക്കാനുള്ള ശ്രമമാണ് ദലിത് സാഹിത്യവും വിമർശനവും. ഇന്ത്യൻ ലാവണ്യശാസ്ത്രത്തെ വിമർശനവിധേയമാക്കി കൊണ്ടാണ് ദലിത് സൗന്ദര്യശാസ്ത്രം വികസിച്ചത്. സംസ്കൃതഭാഷയുടെ വരേണ്യമായ ആധികാരികത, സാമൂഹ്യ ശ്രേണിയിൽ സവർണവിഭാഗങ്ങളുടെ അപ്രതിരോധ്യമായ നില, സിദ്ധാന്തവത്കരണത്തിനും സ്ഥാപനത്തിനും ലഭ്യമായിരുന്ന സമയം, വാമൊഴിക്കുമേൽ വരമൊഴിക്കുണ്ടായിരുന്ന അപ്രമാദിത്വം, ശൂദ്രർക്കും അതിശൂദ്രർക്കും മേൽ അടിച്ചേൽപ്പിക്കപ്പെട്ട അക്ഷരവിലക്ക് സ്വന്തം അനുഭവങ്ങളെ വിശദീകരിക്കാൻ കഴിയുന്ന കർതൃത്വപദവിയിലേക്കെത്താത്ത കീഴാളാവസ്ഥ, ഇവയെല്ലാമാണ് സവർണവ്യക്തിയുടെ ആസ്വാദനകർതൃത്വം സ്ഥാപിക്കപ്പെടാൻ ചരിത്രപരമായ കാരണമായിത്തീർന്നതെന്ന് പ്രദീപൻ പാമ്പിരികുന്ന് നിരീക്ഷിക്കുന്നുണ്ട്. ഇവയെ മറികടക്കുകയെന്നതാണ് പ്രാഥമികമായും കീഴാള സാംസ്കാരിക അന്വേഷണങ്ങൾ ചെയ്യുന്നത്. സവർണ മുഖ്യധാരകൾ നിശബ്ദമാക്കി തീർത്ത ദലിത് ജ്ഞാനസൗന്ദര്യ വ്യവഹാരങ്ങളെ സാംസ്കാരിക മൂലധനമായി മാറ്റുകയെന്നതാണ് ദലിത് വിമർശനത്തിന്റെ കടമ. പ്രദീപൻ പാമ്പിരികുന്നിന്റെ 'ദലിത് സൗന്ദര്യശാസ്ത്രം'എന്ന കൃതി സംസ്കൃത പാരമ്പര്യത്തിലുള്ള ഇന്ത്യൻ ജ്ഞാന സൗന്ദര്യസങ്കല്പങ്ങളെ അപഗ്രഥന വിധേയമാക്കുകയും അവയ്ക്ക് സമാന്തരമായി വളർന്നു വന്ന കീഴാള/ദലിത് വ്യവഹാരലോകത്തെ അടയാളപ്പെടുത്തുകയും ചെയ്യുന്ന ലേഖനങ്ങളുടെ സമാഹാരമാണ്. കേരളീയ സംസ്കാര പഠനങ്ങളിൽ ദലിത് പക്ഷത്തു നിന്നുള്ള ഒരു വിശകലനരീതിശാസ്ത്രം നിർമ്മിച്ചെടുക്കാനുള്ള ശ്രമം ഈ കൃതിയിലുണ്ട്. 'അലക്കി വെളുപ്പിച്ചത് ധരിച്ചിരുന്നവരുടെ വൃത്തിബോധമാണ് മലയാളിയുടേത്. അത് അലക്കുകാരന്റേതായിരുന്നില്ല. അവർ ശുദ്ധിക്കു പുറത്തായിരുന്നു. ഉത്പാദന പ്രക്രിയയുടേതായിരുന്നില്ല, ഉപഭോഗത്തിന്റെ ലോക ബോധമാണ് നമ്മുടെ സൗന്ദര്യശാസ്ത്രങ്ങൾക്കടിസ്ഥാനം. അതിനാൽ ജ്ഞാനോത്പാദനത്തേയും ലാവണ്യ പ്രക്രിയയെയും അധ്വാനവുമായാണ് കണ്ണി ചേർക്കേണ്ടത് എന്ന ബോധ്യമാണ് ഈ കൃതിയിലെ പ്രബന്ധങ്ങൾക്ക് അടിസ്ഥാനമെന്ന് പ്രദീപൻ പാമ്പിരികുന്ന് പുസ്തകത്തിന്റെ ആമുഖത്തിൽ അഭിപ്രായപ്പെടുന്നു.

**പ്രദീപൻ പാമ്പിരികുന്ന്**



സാഹിത്യനിരൂപകൻ, പ്രഭാഷകൻ, നാടകകൃത്ത്, സംഗീത നിരൂപകൻ, ദലിത് സൈദ്ധാന്തികൻ എന്നീ നിലകളിൽ പ്രശസ്തൻ. ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി കൊയിലാണ്ടി സെന്റർ മലയാള വിഭാഗം മേധാവി ആയിരുന്നു. മലയാളത്തിൽ ദലിത് സാമൂഹ്യ വിമർശനത്തെ ജ്ഞാനശാഖയായി, അക്കാദമികമായി ഉറപ്പിച്ചവരിൽ പ്രമുഖനാണ് പ്രദീപൻ പാമ്പി

രികുന്ന്. അദ്ദേഹം ദലിത് സൗന്ദര്യശാസ്ത്ര വിമർശനത്തിന് ബലിഷ്ഠമായ ഒരു അടിത്തറയിട്ടു. ദലിത് ചിന്തകളുടെയും മാർക്സിസത്തിന്റെയും പ്രത്യയശാസ്ത്രപരമായ പൊതുഇടത്തെ തന്റെ പ്രഭാഷണങ്ങളിലും എഴുത്തിലും അടയാളപ്പെടുത്തി. ദലിത് വൈജ്ഞാനികതയുടെ പരിപ്രേഷ്യവും അതു നൽകിയ വിമർശനാവബോധവും ആണ് പ്രദീപൻ പാമ്പിരികുന്നിന്റെ വിചാരജീവിതത്തിന്റെ അടിത്തറ. സവർണ സൗന്ദര്യബോധത്തെ നീക്കം ചെയ്ത് ദലിത് കർതൃത്വത്തെ നിർമ്മിച്ചെടുക്കാനായി സംസ്കൃത പാരമ്പര്യത്തിലുള്ള ഇന്ത്യൻ ജ്ഞാനസങ്കല്പങ്ങളെ അപഗ്രഥന വിധേയമാക്കി. ജ്ഞാനോത്പാദനത്തെയും ലാവണ്യ പ്രക്രിയയെയും അധ്വാനവുമായാണ് കണ്ണി ചേർക്കേണ്ടതെന്ന ബോധ്യം പ്രദീപൻ പാമ്പിരികുന്നിന്റെ പ്രബന്ധങ്ങൾക്ക് അടിസ്ഥാനമാണ്. ചരിത്രപരമായ വിവേകവും, സാമൂഹികമായ സമഗ്രതാബോധവും, രാഷ്ട്രീയ ജാഗ്രതയും പുലർത്തുന്നതാണ് പ്രദീപൻ പാമ്പിരികുന്നിന്റെ ദലിത് വിമർശനം. ദലിത് ജനതയുടെ സൗന്ദര്യബോധം, നീതിബോധം സ്വത്വബോധം എന്നിവയുടെ വിമോചനപരതയിൽ അദ്ദേഹത്തിനു അടിയുറച്ച വിശ്വാസം ഉണ്ടായിരുന്നു. ദലിത് അനുഭവലോകത്തെയും ദർശനത്തെയും അനുഭൂതികളേയും പരസ്പരം ബന്ധിപ്പിച്ചു കൊണ്ട് ഒരു വിചാര മാതൃകവികസിപ്പിച്ചു. "സാഹിത്യചരിത്രങ്ങൾ നിങ്ങളോട് സംസാരിച്ചതെന്ത്?" എന്ന ലേഖനം 'ദലിത് സൗന്ദര്യ ശാസ്ത്രം' എന്ന ഗ്രന്ഥത്തിലുള്ളതാണ്. ചരിത്രവും അധികാരവും തമ്മിലുള്ള ബന്ധവും, അധികാരം സാഹിത്യ രചനയിൽ നടത്തുന്ന ഇടപെടലുകളും ലേഖനത്തിൽ ചർച്ച ചെയ്യുന്നു.

**പ്രധാനകൃതികൾ**

Oxford Anthology of Malayalam Writings (എഡിറ്റർ), നാരായണഗുരു: പുനർ വായനകൾ (എഡിറ്റർ), ദലിത് പഠനം : സ്വത്വം സംസ്കാരം സാഹിത്യം, ദലിത് സൗന്ദര്യശാസ്ത്രം, ഏകജീവിതാനശ്വരഗാനം: ചലച്ചിത്രഗാനസംസ്കാരപഠനം.തുന്നൽക്കാരൻ, വയലും വീടും, ബ്രോക്കർ, ഉടൽ (നാടകങ്ങൾ)എരി (നോവൽ) ഘടകർപ്പരകാവ്യം (വിവർത്തനം) സുകുമാർ അഴീക്കോട് എൻഡോവ്മെന്റ്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എൻ.വി. സ്മാരക വൈജ്ഞാനിക അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

## Keywords

സൗന്ദര്യജ്ഞാനോത്പാദനം - ചരിത്രവും അധികാരവും - വിഭജനരീതിശാസ്ത്രം - ജാതികല - പൊതുകല - ചരിത്രവും കാലവും - പണ്ഡിറ്റ് കറുപ്പൻ - സവർണമാർക്കറ്റ് - സാഹിത്യവും സവർണ്ണ മേൽകോയ്മയും

## Discussion

### ചരിത്രവും അധികാരവും

ഭൂതകാലത്തെ രേഖപ്പെടുത്താനുള്ള നിഷ്കളങ്കമായ മോഹം മാത്രമല്ല ചരിത്രരചനയെന്ന് പറഞ്ഞു കൊണ്ടാണ് സാഹിത്യചരിത്രങ്ങളെക്കുറിച്ചുള്ള ഈ ലേഖനം ആരംഭിക്കുന്നത്. ചരിത്രം അധികാരത്തോടാണ് ബന്ധപ്പെട്ടിരിക്കുന്നത്. സാമൂഹികാധികാരങ്ങൾ അവയ്ക്കനുസൃതമായ ലാവണ്യനിയമങ്ങൾ സ്വീകരിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്നു. ആ നിയമങ്ങൾക്ക് പുറത്തുള്ള സൗന്ദര്യജ്ഞാനോദ്പാദനങ്ങൾ അപഭ്രംശമോ അപകൃഷ്ടമോ ആയി രേഖപ്പെടുത്തുന്നു. സംസ്കൃതം / പ്രാകൃതം, അപാമരം / പാമരം, ക്ലാസിക് / ഫോക് തുടങ്ങിയ ഗണ കല്പനകളെല്ലാം പാർശ്വവത്കരണങ്ങളുടെ ചിഹ്നങ്ങൾ കൂടിയാണ്. ഇങ്ങനെ സ്വയം സൃഷ്ടിക്കുന്ന ജ്ഞാനസൗന്ദര്യരൂപങ്ങളിൽ അധികാരം ഒട്ടും

വിശ്വസിക്കുന്നില്ല. മനുഷ്യ നിർമ്മിതമായ ഏതു ക്രമവും അധികാരത്തിന്റെ വ്യാഖ്യാനങ്ങൾ ആണ്. വ്യാഖ്യാനങ്ങളിലൂടെ ചരിത്രം രൂപപ്പെടുത്താനുള്ള വാഞ്ഛ പ്രച്ഛന്ന രൂപത്തിലുള്ള അധികാരത്തോടുള്ള തൃഷ്ണ തന്നെയാണെന്ന് ഫുക്കോ പറയുന്നു. വ്യാഖ്യാനങ്ങളെയും ആസ്വാദനത്തെയും നിർണ്ണയിക്കുന്ന സാഹിത്യ വ്യവസ്ഥ സൃഷ്ടിക്കുന്നത് അധികാരമാണ്. ഈ വ്യവസ്ഥയാണ് കൃതികളെ സ്ഥാനപ്പെടുത്തുന്നതിന് സാഹിത്യചരിത്രത്തിന്റെ അടിത്തറയായിത്തീരുന്നത്. അതിനാൽ സാഹിത്യചരിത്രം ഒരേസമയം സാഹിത്യത്തിന്റെ ന്യായീകരണവും സ്ഥാപനവത്കരണവുമാണ്. അതിന്റെ പരിശോധനകൾ മുഴുവൻ ജനതയ്ക്കും മേൽ നിഷ്പക്ഷമാവുകയില്ല.

## സാഹിത്യചരിത്രങ്ങളുടെ പരിമിതി

സാഹിത്യകൃതി ഒരു ചിഹ്നവ്യവസ്ഥയാണ്. അതിനെ വ്യാഖ്യാനിക്കുകയല്ലാതെ സ്ഥിരമായി നിലനിർത്തുവാനാവില്ല. ചരിത്രം, കാലം ഇവയിലൂടെയുള്ള വ്യാഖ്യാന സാധ്യതകളെ സാഹിത്യചരിത്രങ്ങൾ അപ്രസക്തമാക്കുന്നു. കൃതികളുടെ ഏകാർഥ പ്രതീതിയെ മുഖ്യമാക്കി അതിനെ ഏതെങ്കിലും കാലഘട്ടത്തിൽ പ്രതിഷ്ഠിക്കുകയാണ് സാഹിത്യചരിത്രം ചെയ്യുന്നത്. ഇതര പാഠ സാധ്യതകൾ അവ തമസ്കരിക്കുന്നു. അധികാരരുചികൾ സൃഷ്ടിച്ച ഘടനയിലേക്ക് കൃതികളെ സാഹിത്യചരിത്രങ്ങൾ വ്യവസ്ഥപ്പെടുത്തുന്നു. ഒരു കൃതിയുടെ കാലം എന്നു പറയുന്നത് അതിന്റെ രചനാകാലമോ, കൃതിയ്ക്കകത്തെ കാലമോ മാത്രമല്ല. ക്രമികവും അനുസ്യൂതവുമായ കാലസങ്കല്പം സ്വീകരിക്കുക വഴി ഭിന്നകാലങ്ങളെ സാധ്യമാക്കുന്ന പാഠപരത സാഹിത്യചരിത്രം കൈയൊഴിയുന്നുണ്ട്. സാഹിത്യ ചരിത്രകാരന്റെ നിർണയനങ്ങൾക്ക് പുറത്തുള്ള കാലത്തേക്ക് പോലും ഒരു കൃതിയെ മറ്റൊരാൾക്ക് പുനർവിന്യസിക്കാൻ കഴിയും. കാരണം സാഹിത്യചരിത്രം കൃതിയെയല്ല കർത്താവിനെയാണ് കാലത്തിന്റെ മാനദണ്ഡമായെടുക്കുന്നത്. കൃതിക്കുള്ളിലെ കാലമല്ല കൃതിയുടെ കാലം എന്നു പറയുന്നതു പോലെ കൃതികളുടെ കാലം രചനാകാലവുമല്ല. എഴുത്തുകാരന്റെ കാലം, കൃതി പഠനങ്ങൾക്കുമേൽ നിയാമകമല്ലെന്ന് ഫോർമലിസ്റ്റുകളും പറഞ്ഞിട്ടുണ്ട്. ഒരു കൃതി രചിക്കപ്പെട്ട്, നൂറ്റാണ്ടുകൾക്കു ശേഷമാവാം ഒരു പക്ഷേ അത് പ്രാധാന്യത്തോടെ ചർച്ച ചെയ്യപ്പെടുന്നത്. ഓമർഖയാമിന്റെ 'റൂബിയാത്ത്', പോത്തേരി കുഞ്ഞമ്പുവിന്റെ 'സരസ്വതീവിജയം' തുടങ്ങിയ കൃതികൾ ഉദാഹരണങ്ങളാണ്. ഓരോ കൃതിയും സമാനതകളില്ലാത്തതാണ്. അതിനെ വർഗീകരണങ്ങളിലോ സാമാന്യവത്കരണങ്ങളിലോ പരിമിതപ്പെടുത്താൻ കഴിയില്ല. സാഹിത്യ ചരിത്രങ്ങൾക്കാകട്ടെ മുഖ്യമായത് അവയാണ്. അത് ചില പ്രായോഗിക ആവശ്യങ്ങൾക്ക് വേണ്ടി സൃഷ്ടിക്കപ്പെടുന്നതും സ്വന്തമായ താത്പര്യങ്ങളാൽ രൂപപ്പെടുന്നതുമാണെന്ന ക്രോച്ചയുടെ വാദത്തെ ലേഖകൻ ഉദ്ധരിക്കുന്നു. ഓരോ കൃതിയ്ക്കും അതിന്റേതായ വ്യതിരിക്തതകൾ ഉണ്ടാകും. അവ പ്രധാനപ്പെട്ടതുമാണ്.

## സാഹിത്യരചനാവിഭജനമാനദണ്ഡം

ചരിത്രരചനയ്ക്ക് വിവിധ തരത്തിലുള്ള വിഭജനരീതിശാസ്ത്രങ്ങളുണ്ട്. അവ പക്ഷപാതപരമാവാറുമുണ്ട്. ഏതെങ്കിലും ഒരാശയത്തെയോ മൂല്യബോധത്തെയോ മുഖ്യധാരയായി സ്വീകരിച്ചു കൊണ്ടാണ് ചരിത്രം രൂപപ്പെടുന്നത്. മലയാളത്തിൽ ഈ മുഖ്യധാര സവർണ്ണ സൗന്ദര്യബോധമായിരുന്നു ഉണ്ടായിരുന്നത്. കീഴാള സാഹിത്യവും കലയും ജാതിനാമങ്ങളിൽ രേഖപ്പെടുത്തപ്പെടുകയും സവർണജാതിയുടേത് പൊതുധാരയായി മാറുകയും ചെയ്യുകയാണ് മലയാളസാഹിത്യചരിത്രത്തിന്റെ സാമാന്യസ്വഭാവം ഉദാ: പാണൻപാട്ട്, പറയൻപാട്ട്, പുലയൻ പാട്ട്, മാപ്പിളപ്പാട്ട്, വേടൻ പാട്ട്. ചില കലകൾ ജാതികലകളും മറ്റുള്ളവ പൊതുകലകളുമായിത്തീരുന്ന ചരിത്രം ജനാധിപത്യപരമാവുന്നതെങ്ങനെയെന്ന് ലേഖകൻ ചോദിക്കുന്നു. കഥകളി കൂടിയാട്ടം തുടങ്ങിയ പൊതുകലകളിൽ കലാപരമായ അംശങ്ങളിലും അവതരണത്തിലും എത്ര കീഴാളർ ഉൾപ്പെട്ടിട്ടുണ്ട് എന്ന ചോദ്യം ഉന്നയിച്ചുകൊണ്ട്, കീഴാളജീവിതത്തെ അപരമായി സങ്കല്പിച്ചാണ് കേരളീയന്റെ സ്വത്വരൂപവത്കരണം നടക്കുന്നതെന്ന് പ്രദീപൻ പാമ്പിരികുന്ന് നിരീക്ഷിക്കുന്നു. കേരള സമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന കീഴാളജനതയെ മാറ്റി നിർത്തികൊണ്ട് ന്യൂനപക്ഷത്തിന്റെ സൗന്ദര്യബോധ

ത്തിന്റെയും ചരിത്രത്തിന്റെയും പൈതൃകമായി കേരളീയതയെ കണക്കാക്കുന്നതിലുള്ള അനൗചിത്യം എഴുത്തുകാരൻ ചൂണ്ടി കാണിക്കുന്നു. ചില കലകളെ 'ജാതികല'കളായും മറ്റുള്ളവ 'പൊതുകല'കളായും, കാണുന്ന രീതി ജനാധിപത്യപരമല്ല. പൊതുകലകളായി വിവക്ഷിക്കുന്നവയെല്ലാം (കഥകളി, കൂടിയാട്ടം തുടങ്ങിയവ) സവർണ ജാതികൾക്ക് പ്രാമാണികത്വമുള്ളവയാണെങ്കിലും അവയ്ക്കു സവർണ്ണ ജാതിപ്പേർ നല്കപ്പെടുന്നില്ല. കീഴാള ജീവിതത്തെ അപരമായി സങ്കല്പിച്ചാണ് കേരളീയന്റെ സ്വത്വം രൂപവല്കരിക്കപ്പെട്ടിരിക്കുന്നത് എന്നതിനാലാണ് കീഴാളന്റേതല്ലാത്തതെല്ലാം 'പൊതു' വായി കണക്കാക്കപ്പെടുന്നത്. 17, 18, 19 നൂറ്റാണ്ടുകളിലെ സാഹിത്യത്തിന്റെ ചരിത്രത്തിൽ ദലിത് ജനതയുടെ സംഭാവനകൾ നാമമാത്രമായിട്ടാണ് പരാമർശിച്ചിട്ടുള്ളത്. ദലിതരുടെ ഇപ്രകാരം തമസ്കരിക്കപ്പെട്ട ബൗദ്ധിക സമ്പത്തിനെ പൊതുസമൂഹത്തിലേയ്ക്ക് എത്തിക്കേണ്ടതുണ്ട്. അതിനായുള്ള ശ്രമങ്ങളെ വിഭാഗീയതയായി വ്യാഖ്യാനിക്കേണ്ടതില്ല.

## ജാതിചിന്ത-സാഹിത്യചരിത്ര രചനയിൽ

സാഹിത്യ ചരിത്രങ്ങൾ ഉത്പാദിപ്പിച്ചിട്ടുള്ള ജാതി പരിഗണനകൾ പരിശോധിക്കേണ്ടതാണ്. ഉള്ളൂരിന്റേതുൾപ്പെടെയുള്ള പ്രമുഖ സാഹിത്യ ചരിത്രങ്ങൾ, കൃതിപഠനത്തിൽ 'ജാതി' മുഖ്യമായ ഒരു മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നു. എഴുത്തച്ഛന്റെ പിതാവ് നമ്പൂതിരിയായിരുന്നോ അല്ലയോ എന്ന അന്വേഷണം സാഹിത്യചരിത്രകാരന്മാർ നടത്തുന്നത് അതിനാലാണ്. കീഴാള വിഭാഗത്തിൽപ്പെട്ട എഴുത്തുകാരെക്കുറിച്ചെഴുതുമ്പോൾ നിന്ദാസൂചകവും പരസ്പര വിരുദ്ധവുമായ പരാമർശങ്ങൾ മലയാള സാഹിത്യചരിത്രങ്ങളിൽ കാണുന്നുണ്ട്. പണ്ഡിറ്റ് കെ.പി. കറുപ്പനെപ്പറ്റി ഉള്ളൂർ രേഖപ്പെടുത്തിയതിൽ നിന്ന് വ്യത്യസ്തമായ രീതിയിലാണ്, ഡോ. എം. ലീലാവതി വിലയിരുത്തിയത്. ലീലാവതി, കറുപ്പനെക്കുറിച്ചുള്ള വിവരണത്തിൽ നിർമമത്വം സ്വീകരിക്കുക മാത്രമല്ല, കറുപ്പനെ ഇകഴ്ത്തുകയും ചെയ്യുന്നു. സമൂഹജീവിതവും സാഹിത്യകൃതികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ആദാനപ്രദാനങ്ങളെക്കുറിച്ചും ഉള്ള അപഗ്രഥനവും നിരൂപണാത്മകമായ സമീപനവും സാഹിത്യ ചരിത്രത്തിലുണ്ടാവണമെന്ന അഭിപ്രായമുള്ള ലീലാവതി പക്ഷേ അപ്രകാരം ഒരു വിലയിരുത്തൽ പണ്ഡിറ്റ് കറുപ്പനെ സംബന്ധിച്ച് നടത്തുന്നില്ല. പണ്ഡിറ്റ് കറുപ്പൻ കവിതയെ, സാമൂഹികോപാധിയാക്കിയ കവിയാണെന്ന വസ്തുത ലീലാവതി എടുത്തു കാട്ടിയിട്ടില്ല. ബ്രാഹ്മണരുടെ മാനസിക ജീർണതകളെയും വൈകാരിക അസംതൃപ്തികളെയും വർണ്ണിക്കുന്ന മണിപ്രവാള കവിതകൾക്ക് അമിത പ്രാധാന്യമാണ് സാഹിത്യചരിത്രങ്ങൾ നല്കിയിട്ടുള്ളത്.

## സാഹിത്യവും സവർണ്ണ മേൽക്കോയ്മയും

ചരിത്രരചന ഒരു മാർക്കറ്റിങ്ങ് കൂടിയാണ് അതിനാൽ സവർണ മാർക്കറ്റാണ് ദലിതന്റെ സ്വീകാര്യത തീരുമാനിച്ചത്. ഇന്ത്യൻ സാഹിത്യത്തിൽ പൊതുവെയുണ്ടായിരുന്ന സവർണ്ണമേൽക്കോയ്മ മലയാള സാഹിത്യത്തിനും സാഹിത്യ ചരിത്രത്തിനും ഉണ്ട്. അവിടെ സാമൂഹിക അതിജീവനത്തിന്റെ ദുരിത സൗന്ദര്യം സ്വീകരിക്കപ്പെടുകയില്ല. സാഹിത്യചരിത്രം വസ്തുതകളെ അല്ല സമീപനങ്ങളെ ആണ് വ്യക്തമാക്കുന്നത്. സാഹിത്യചരിത്രരചനയുടെ ജനാധിപത്യവല്കരണമെന്നതു കൊണ്ട് ഏറ്റവും സത്യസന്ധമായ രചനയെന്നല്ല അർഥമാക്കുന്നത്. വിവിധ വീക്ഷണങ്ങളിൽ നിന്നുകൊണ്ടുള്ള ചരിത്ര രചനകളുടെ സാധ്യതയെ അംഗീകരിക്കുകയെന്നതാണ്. സാഹിത്യചരിത്രരചയിതാക്കളുടെ സത്യസന്ധതയുടെ പ്രശ്നമല്ല ഇത്. മറിച്ച് ഓരോ ജനസമൂഹത്തിനും വ്യക്തിക്കുപോലും സ്വയം നിർമിക്കാനുള്ള സാമൂഹികാധികാരത്തിന്റെ പ്രശ്നമാണ് സാഹിത്യചരിത്രത്തിന്റെ രചനയുടെ മുന്നിലുള്ളത്. അതിനാൽ യഥാർത്ഥത്തിൽ സവർണാനുഭൂതികളുടെ അപകോളനീകരണമാണ് ദലിതരുടെ സാഹിത്യ ചരിത്രമാർഗ്ഗം. അതിനാൽ ചരിത്രത്തിലില്ലാത്തവർക്ക് അവയെ പുതുതായി വ്യാഖ്യാനിക്കേണ്ടിയിരിക്കുന്നു.

## അവലോകനം

ദളിത് ചിന്തകനായ പ്രദീപൻ പാമ്പിരികുന്നിന്റെ സാഹിത്യചരിത്രങ്ങൾ നിങ്ങളോട് സംസാരിച്ചതെന്ത് എന്നലേഖനത്തിൽ നിലവിലിരിക്കുന്ന സാഹിത്യചരിത്രങ്ങളിലെ അദൃശ്യവത്കരണം രേഖപ്പെടുത്തുന്നു. ചരിത്ര രചന അധികാരത്തോട് ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹികധികാരങ്ങൾ അവരുടെ താത്പര്യങ്ങൾക്കനുസരിച്ചുള്ള ലാവണ്യ നിയമങ്ങൾ സൃഷ്ടിച്ചുകൊണ്ട് ചരിത്ര രചന നടത്തുന്നു. സവർണ സൗന്ദര്യ ബോധമാണ് മലയാള സാഹിത്യ ചരിത്രങ്ങൾക്ക് അടിസ്ഥാനമായിട്ടുള്ളത്. അതിനാൽ കീഴാള ചരിത്രം അപ്രസക്തമായിപ്പോയി. കീഴാള സാഹിത്യവും കലകളും ജാതിനാമത്താൽ അറിയപ്പെട്ടു. പൊതുകലകൾ എന്ന് സവർണ കലകളെ വിളിച്ചു. സാഹിത്യചരിത്രങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള കീഴാള എഴുത്തുകാരെ നിന്ദാസൂചകമായ പരാമർശങ്ങളാൽ രേഖപ്പെടുത്തി. ചരിത്രരചന ഒരു മാർക്കറ്റിംഗ് ആവുകയും സവർണ്ണാധിപത്യം മേൽക്കൈ നേടുകയും ചെയ്തു. അതിനാൽ പുതു വ്യാഖ്യാനങ്ങൾ ആവശ്യമായി വരുന്നു.

## Recap

- ചരിത്രം അധികാരത്തോടാണ് ബന്ധപ്പെട്ടിരിക്കുന്നത്
- സാമൂഹികാധികാരങ്ങൾ അവയ്ക്കനുസൃതമായ ലാവണ്യനിയമങ്ങൾ സൃഷ്ടിക്കുന്നു
- മനുഷ്യ നിർമ്മിതമായ ഏതു ക്രമവും അധികാരത്തിന്റെ വ്യാഖ്യാനങ്ങൾ മാത്രമായിരിക്കും
- സാഹിത്യചരിത്രങ്ങൾ കൃതികളെ, അധികാരരുചികൾ സൃഷ്ടിച്ച ഘടനയിലേക്കു വ്യവസ്ഥപ്പെടുത്തുന്നു
- ക്രമികവും അനുസ്യൂതവുമായ കാലസങ്കല്പം സ്വീകരിക്കുക വഴി ഭിന്നകാലങ്ങളെ സാധ്യമാക്കുന്ന പാഠപരത സാഹിത്യചരിത്രം കൈയൊഴിയുന്നു
- കൃതിക്കുള്ളിലെ കാലമല്ല കൃതിയുടെ കാലം. കൃതികളുടെ കാലം അവയുടെ രചനാകാലവും അല്ല
- സവർണ സൗന്ദര്യബോധമായിരുന്നു മലയാളസാഹിത്യചരിത്രം അടിസ്ഥാനമായി സ്വീകരിച്ച മുഖ്യ ആശയധാര
- കീഴാള സാഹിത്യവും കലകളും ജാതിനാമങ്ങളിൽ രേഖപ്പെടുത്തപ്പെടുന്നു ഉദാ: പാണൻ പാട്ട്, പറയൻ പാട്ട്
- സവർണ ജാതിക്കാർക്ക് പ്രാമുഖ്യമുള്ള കലകൾ പൊതുകലയായിട്ടാണ് അറിയപ്പെടുന്നത്. ഉദാ: കൂടിയാട്ടം, കൂത്ത്
- കീഴാള ജീവിതത്തെ അപരമായി സങ്കല്പിച്ചാണ് കേരളീയന്റെ സ്വത്വം രൂപവല്ക്കരിക്കപ്പെട്ടിരിക്കുന്നത്
- എഴുതപ്പെട്ട സാഹിത്യചരിത്രങ്ങളിൽ കീഴാളസാഹിത്യം നാമമാത്രമായിട്ടാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്
- ദലിതരുടെ തമസ്ക്കരിക്കപ്പെട്ട ബൗദ്ധിക സമ്പത്തിനെ പൊതുധാരയിലേക്ക് എത്തിക്കേണ്ടതുണ്ട്

- ഉള്ളൂരിന്റേതുൾപ്പെടെയുള്ള പ്രമുഖ സാഹിത്യ ചരിത്രങ്ങൾ കൃതിപഠനത്തിൽ 'ജാതി' മുഖ്യമായ മാനദണ്ഡമായി സ്വീകരിക്കുന്നു
- ദലിത് എഴുത്തുകാരെക്കുറിച്ചെഴുതുമ്പോൾ നിന്ദാസൂചകവും പരസ്പരവിരുദ്ധവുമായ പരാമർശങ്ങൾ മലയാള സാഹിത്യചരിത്രത്തിൽ കാണപ്പെടുന്നു
- ഇന്ത്യൻസാഹിത്യത്തിൽ പൊതുവെ ഉണ്ടായിരുന്ന സവർണ്ണമേൽക്കോയ്മ മലയാളസാഹിത്യത്തിലും സാഹിത്യചരിത്രത്തിലുമുണ്ട്
- വിവിധവീക്ഷണങ്ങളിൽ നിന്നു കൊണ്ടുള്ള ചരിത്രരചനകളുടെ സാധ്യതയെ അംഗീകരിക്കുക എന്നതാണ് സാഹിത്യചരിത്ര രചനകളുടെ ജനാധിപത്യവല്ക്കരണമെന്നതു കൊണ്ട് അർഥമാക്കുന്നത്

## Objective Questions

1. 'സരസ്വതീവിജയത്തി'ന്റെ കർത്താവ് ആര്?
2. ദലിത് സൗന്ദര്യശാസ്ത്രം ആരുടെ കൃതി?
3. റൂബിയാത്ത് ആരുടെ രചന?
4. 'പൊതുകല' കളായി വ്യവഹരിക്കപ്പെട്ടത് ആർക്ക് പ്രാമാണിത്തമുള്ള സാഹിത്യമാണ്?
5. ആരുടെ സാഹിത്യ സംഭാവനയെയാണ് ഡോ. എം. ലീലാവതി ഇകഴ്ത്തി കാട്ടിയതായി ലേഖകൻ ചൂണ്ടിക്കാട്ടുന്നത്?
6. പ്രദീപൻ പാമ്പിരികുന്ന് രചിച്ച നോവൽ?
7. 'ഘടകർപ്പരകാവ്യം' വിവർത്തനം ചെയ്തതാര്?
8. കീഴാളസാഹിത്യം ജാതിനാമങ്ങളിൽ അറിയപ്പെടുന്നതിന് ഉദാഹരണം?
9. കലകളെ ലേഖനത്തിൽ എങ്ങനെയാണ് വിഭജിച്ചിരിക്കുന്നത്?
10. ചരിത്രരചന ഏതിനോട് ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് ലേഖകൻ അഭിപ്രായപ്പെടുന്നത്?
11. മലയാള സാഹിത്യചരിത്രരചനയുടെ അടിസ്ഥാനമായി ലേഖകൻ കരുതുന്നതെന്ത്?
12. ജാതിയെ മുഖ്യമാനദണ്ഡമായി സ്വീകരിച്ചെഴുതിയ സാഹിത്യചരിത്രമെന്ന് ലേഖകൻ വിശേഷിപ്പിച്ച സാഹിത്യചരിത്രമേത്?

## Answers

1. പോത്തേരി കുഞ്ഞമ്പു
2. പ്രദീപൻ പാമ്പിരികുന്ന്
3. ഓമർഖയാം
4. സവർണ ജനതയ്ക്ക്
5. പണ്ഡിറ്റ് കെ.പി. കറുപ്പൻ
6. എരി
7. പ്രദീപൻ പാമ്പിരികുന്ന്
8. പറയപ്പാട്ട്, പുലയപ്പാട്ട്
9. പൊതുകലകളും ജാതികലകളും
10. അധികാരത്തോട്
11. സവർണ സൗന്ദര്യബോധം
12. ഉള്ളൂരിന്റെ കേരളസാഹിത്യ ചരിത്രം

## Assignments

1. സാഹിത്യചരിത്ര നിർമിതിയിൽ അധികാരത്തിന്റെ പങ്ക് വിശദീകരിക്കുക.
2. ദലിത് വിമർശന പദ്ധതി ഉപന്യസിക്കുക.
3. "മലയാളത്തിലെ പ്രമുഖ സാഹിത്യചരിത്രങ്ങൾ കൃതി പഠനത്തിൽ ജാതി മുഖ്യമായ ഒരു മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നു" എന്ന പ്രദീപൻ പാമ്പിരികുന്നിന്റെ നിരീക്ഷണത്തെ വിലയിരുത്തുക.

## Reference


1. പ്രദീപൻ പാമ്പിരികുന്ന്, ദലിത്പഠനം: സത്വം സംസ്കാരം സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പ്രദീപൻ പാമ്പിരികുന്ന്, ദലിത് സൗന്ദര്യ ശാസ്ത്രം, ഡി.സി. ബുക്സ്, കോട്ടയം.
3. ടി.കെ. അനിൽ കുമാർ, ദലിത് സാഹിത്യം: ചരിത്രവും വർത്തമാനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# Model Question Paper Sets

SGOU



SREENARAYANAGURU OPEN UNIVERSITY

## SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ………...............

Name : ………………...

**FOURTH SEMESTER B.A. MALAYALAM LANGUAGE AND LITERATURE EXAMINATION**

**DISCIPLINE CORE COURSE - B21ML04DC - മലയാള സാഹിത്യവിമർശനം**

( CBCS - UG )

**MODEL QUESTION PAPER- SET- A**

2022-23 - **Admission Onwards**

Time: 3 Hours Max Marks: 70

---

**SECTION - A**

**I. ഏതെങ്കിലും പത്ത് ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

1. നോവൽ സാഹിത്യം എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് ആരാണ്?
2. കുമാരനാശാന്റെ നളിനിക്ക് അവതാരിക എഴുതിയത് ആരാണ്?
3. ധ്വനിയെക്കുറിച്ച് വിശദീകരിക്കുന്ന പി.കെ. നാരായണപിള്ളയുടെ കൃതിയുടെ പേരെന്ത്?
4. റൊമാന്റിക് പ്രസ്ഥാനത്തെ മനംനോക്കിപ്രസ്ഥാനം എന്നു വിളിച്ച വിമർശകൻ ആര്?
5. ഫാസിസ്റ്റ് കാലഘട്ടത്തെ ജോർജ്ജ് ഓർവൽ വിശേഷിപ്പിച്ചത് എങ്ങനെയായിരുന്നു?
6. പുരോഗമന സാഹിത്യകാരന്മാരെ വിഷംതീനികൾ എന്നു വിശേഷിപ്പിച്ചതാരാണ്?
7. സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ച ടാഗോറിന്റെ കൃതി ഏതാണ്?
8. മലയാള സാഹിത്യത്തിലെ ആദ്യത്തെ കാല്പനിക വാദിയായ അന്യൻ എന്ന് കെ.പി. അപ്പൻ വിശേഷിപ്പിച്ചതാരെ?
9. പൊരുളതികാരത്തിനെ ഏത് ആധുനിക ശാസ്ത്രശാഖയുമായിട്ടാണ് സാമ്യം കല്പിക്കുന്നത്?
10. സരസ്വതീവിജയം ആരുടെ നോവൽ?
11. കടമ്മനിട്ട കവിതയിലെ ശക്തമായ ബിംബം ഏത്?
12. പൂതത്തിന്റെ കഥയുണ്ടെന്നു പറയുന്ന കേരളീയ മിത്ത്?
13. തകഴിക്ക് പുറമേ 'വെള്ളപ്പൊക്കത്തിൽ'എന്ന പേരിൽ കഥ എഴുതിയ കഥാകാരൻ?
14. പെണ്ണെഴുത്ത് എന്ന സംജ്ഞ ആദ്യമായി ഉപയോഗിച്ചത് ആര്?
15. ജാതിയെ മുഖ്യമാനദണ്ഡമായി സ്വീകരിച്ചെഴുതിയ സാഹിത്യചരിത്രമെന്ന് പ്രദീപൻ പാമ്പിരി കുന്ന് വിശേഷിപ്പിച്ച സാഹിത്യ ചരിത്രമേത്?

**(10X1 = 10 Marks)**

## SECTION - B

**II. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.**

16. സാഹിത്യത്തെക്കുറിച്ച് കെ. ദാമോദരന്റെ അഭിപ്രായം എന്ത്?
17. പുരോഗമന സാഹിത്യ പ്രസ്ഥാനത്തെക്കുറിച്ച് കുറിപ്പ് എഴുതുക?
18. എ.ആറിനെ മലയാളസാഹിത്യ ചരിത്രത്തിലെ സംക്രമപുരുഷൻ എന്ന് വിളിക്കുന്നത് എന്ത് കൊണ്ട്?
19. റഷ്യയിലെ ഹ്യൂമനിസം - കുറിപ്പെഴുതുക
20. കാവ്യത്തിന്റെ ആത്മാവിനെക്കുറിച്ചുള്ള ഭാരതീയ ആലങ്കാരികന്മാരുടെ അഭിപ്രായങ്ങൾ എന്തെല്ലാം?
21. ഇടപ്പള്ളിയുടെ കാലം, ആശ എന്നീ കവിതകളിൽ അവതരിപ്പിക്കുന്ന ദാർശനിക ചിന്ത എന്ത്?
22. നല്ലവനായ കാട്ടാളൻ എന്ന ലേഖനത്തിൽ പ്രതിപാദിക്കുന്ന രക്ഷകസങ്കല്പം എന്ത്?
23. മനുഷ്യന്റെ പരിണാമത്തെക്കുറിച്ചുകൂടിയുള്ള വിചിത്ര കല്പനയാണ് പൂതപ്പാട്ട്. വിശദീകരിക്കുക?
24. ഉത്തരാധുനിക വിമർശന പദ്ധതിയെ പരിചയപ്പെടുത്തുക?
25. സവർണ സൗന്ദര്യബോധമായിരുന്നു മലയാളസാഹിത്യചരിത്രം അടിസ്ഥാനമായി സ്വീകരിച്ച മുഖ്യ ആശയധാരയെന്ന് പ്രദീപൻ പാമ്പിരികുന്ന് അഭിപ്രായപ്പെടുന്നതെന്ത്കൊണ്ട്?

**(5×2=10 Marks)**

## SECTION - C

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

26. അദ്ധ്യാത്മ രാമായണം തർജ്ജമയിൽ എഴുത്തച്ഛൻ സ്വീകരിച്ച രീതികളെക്കുറിച്ച് വിവരിക്കുക?
27. ഫ്യൂച്ചറിസത്തിന്റെ സവിശേഷതകൾ വിലയിരുത്തുക?
28. ബാല്യകാലസഖിയുടെ അവതാരികയിൽ എം.പി. പോൾ വ്യക്തമാക്കുന്ന ചിന്തകൾ ക്രോഡീകരിക്കുക?
29. മിസ്റ്റിസിസത്തിന്റെ ഘട്ടങ്ങളെക്കുറിച്ച് വിവരിക്കുക?
30. മലയാളഗദ്യത്തെ രൂപപ്പെടുത്തുന്നതിലും വളർത്തുന്നതിലും കേരളവർമ്മ വലിയകോയിത്തമ്പുരാൻ വഹിച്ച പങ്കിനെക്കുറിച്ച് വിവരിക്കുക?
31. ഇതിവൃത്തത്തിലും പ്രതിപാദനത്തിലും പുതുമ പ്രദർശിപ്പിച്ച കാവ്യമാണ് നളിനി. നളിനിയുടെ അവതാരികയെ ആസ്പദമാക്കി വിലയിരുത്തുക?
32. അടഞ്ഞ ജാതിവ്യവസ്ഥയിൽ നിന്ന് പുറത്ത് വരാനുള്ള ശ്രമം സരസ്വതീവിജയത്തിലുണ്ട് എന്ന ഇ.വി രാമകൃഷ്ണന്റെ നിരീക്ഷണം ചർച്ച ചെയ്യുക?
33. പൂതപ്പാട്ടിനോട് ജനങ്ങൾക്കുള്ള പ്രിയം ഏതു കാരണത്താലാണെന്നാണ് കൽപ്പറ്റ നാരായണൻ അഭിപ്രായപ്പെടുന്നത്. വിശദീകരിക്കുക?
34. ഇടശ്ശേരിയുടെ കാവ്യപ്രത്യയശാസ്ത്രത്തെ സച്ചിദാനന്ദൻ വിലയിരുത്തുന്നതെങ്ങനെയെന്ന് വിവരിക്കുക?

35. ജി. മധുസൂദനന്റെ പാരിസ്ഥിതിക വിമർശന ചിന്തകളെ ക്രോഡീകരിക്കുക?
36. ഇടപ്പള്ളി കവിതയിലെ മൃത്യുബോധത്തെക്കുറിച്ചുള്ള കെ.പി അപ്പന്റെ നിരീക്ഷണങ്ങളെ ക്രോഡീകരിക്കുക?
37. സാറാ ജോസഫിന്റെ രചനകളെ ഫ്രഞ്ചു സ്ത്രീ വാദവുമായി ചേർത്തു വച്ചു കൊണ്ട് ജെ. ദേവിക നടത്തുന്ന നിരീക്ഷണങ്ങൾ വിശദീകരിക്കുക?

**(6×5=30Marks)**

## SECTION - D

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

38. സാഹിത്യകാരന്റെ സാമൂഹ്യബോധം കൃതിയിൽ പ്രതിഫലിക്കേണ്ടതിനെക്കുറിച്ചുള്ള കെ. ദാമോദരന്റെ അഭിപ്രായങ്ങൾ ചർച്ച ചെയ്യുക?
39. ആദ്യകാല വിമർശകരേയും വിമർശന രീതികളേയും കുറിച്ച് ഉപന്യസിക്കുക?
40. പൊരുളതികാരത്തിലെ തിണസങ്കല്പത്തെക്കുറിച്ചുള്ള അയ്യപ്പപ്പണിക്കരുടെ നിഗമനങ്ങളെക്കുറിച്ച് ഉപന്യസിക്കുക?
41. മഴയുടെ വ്യത്യസ്ത ഭാവങ്ങളെ മലയാളകഥയിൽ ആവിഷ്കരിക്കുന്നതെങ്ങനെയെന്ന് ജി. മധുസൂദനന്റെ ലേഖനത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക?

**(2×10=20Marks)**

## SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ……….............

Name : ………………...

**FOURTH SEMESTER B. A. MALAYALAM LANGUAGE AND LITERATURE EXAMINATION**

**DISCIPLINE CORE COURSE - B21ML04DC -** മലയാള സാഹിത്യവിമർശനം

( CBCS - UG )

**MODEL QUESTION PAPER- SET- B**

2022-23 - **Admission Onwards**

Time: 3 Hours Max Marks: 70

**SECTION - A**

**I. ഏതെങ്കിലും പത്ത് ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

1. 'ഒരു സ്നേഹം' എന്നു കൂടി പേരുള്ള കവിത ഏതാണ്?
2. കേരള കാളിദാസൻ എന്നറിയപ്പെടുന്നതാര്?
3. ഫ്യൂച്ചറിസത്തിന്റെ വേദപുസ്തകം എന്നറിയപ്പെടുന്നത് ഏതു കൃതിയാണ്?
4. നോവൽ എന്ന സാഹിത്യരൂപത്തെ അടിസ്ഥാനമാക്കി എം.പി. പോൾ രചിച്ച കൃതി ഏത്?
5. മനുഷ്യന്റെ ചേരിയിൽ എന്ന ശീർഷകത്തിൽ നിരൂപണങ്ങളെഴുതിയ നിരൂപകൻ ആര്?
6. 'ഓണജിൻ' എന്ന കൃതിയുടെ കർത്താവാരാണ്?
7. സുകുമാർ അഴീക്കോടിന്റെ പ്രഭാഷണത്തെ സാഗരഗർജ്ജനം എന്നു വിശേഷിപ്പിച്ചതാര്?
8. ഇടപ്പള്ളിയുടെ ആത്മഹത്യയ്ക്ക് കാരണമായി കെ.പി അപ്പൻ പറയുന്നതെന്ത്?
9. ദ്രാവിഡ കാവ്യശാസ്ത്രത്തിൽ കവിതയിലെ സ്ഥലകാലങ്ങൾക്ക് പറയുന്ന പേരെന്ത്?
10. ദേശരാഷ്ട്രത്തിന്റെ കേവല സങ്കല്പങ്ങൾക്കകത്ത് ഒതുങ്ങുന്ന ലോകസങ്കല്പമല്ല ഈ എഴുത്തുകാരന്റെ കൃതികളിലുള്ളത്. ആരുടെ രചനകളെക്കുറിച്ചാണ് ഇ.വി രാമകൃഷ്ണൻ ഇങ്ങനെ അഭിപ്രായപ്പെട്ടത്?
11. മരക്കവിതകൾ എന്ന് പുച്ഛിച്ച കവിതകൾ ഏതിനെ പ്രശ്നവൽക്കരിച്ചവയാണ്?
12. വിജയങ്ങളിലുള്ള അസംതൃപ്തിയും വിജയത്തോടുള്ള കുറ്റബോധവും ഉണർത്തുന്ന ഇടശ്ശേരിയുടെ കവിത?
13. പൊതുരംഗം ലിംഗനിരപേക്ഷമായിരിക്കണമെന്ന് വാദിച്ച് സാഹിത്യരംഗത്ത് തമസ്കരണം ഏറ്റുവാങ്ങിയ എഴുത്തുകാരി?
14. കീഴാള സാഹിത്യം ജാതിനാമങ്ങളിൽ അറിയപ്പെടുന്നതിന് ഉദാഹരണം?
15. "വെള്ളം വിഴുങ്ങിയ ഭൂമിക്ക് അതിരുണ്ടോ? വരമ്പുണ്ടോ?"എന്ന് ചോദിച്ച കഥാപാത്രം?

**(10X1 = 10 Marks)**

## SECTION - B

**II. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.**

16. ജന്മാന്തര വാസനയെക്കുറിച്ച് കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ അഭിപ്രായം എന്ത്?
17. നളിനിയുടെ അവതാരികയിൽ കാവ്യസംസ്കാരത്തെക്കുറിച്ച് എ.ആർ അഭിപ്രായപ്പെടുന്നത് എന്താണ്?
18. കേസരി എ ബാലകൃഷ്ണപിള്ള സാഹിത്യ പ്രസ്ഥാനങ്ങളെ നിർവചിച്ചതെങ്ങനെ?
19. ഫ്യൂച്ചറിസ്റ്റ് സാഹിത്യം കുറിപ്പെഴുതുക?
20. മിസ്റ്റിസിസം എന്നാൽ എന്ത്?
21. ഐന്തിണകൾ ഏതൊക്കെ? വിശദീകരിക്കുക?
22. ഇന്ദുലേഖയിലും സരസ്വതീവിജയത്തിലുംസ്ഥലകാലങ്ങളെ അടയാളപ്പെടുത്തുന്നതെങ്ങനെ?
23. സ്ത്രീജീവിതത്തെ ചിത്രീകരിക്കുന്ന ഇടശ്ശേരി കവിതകളെ കണ്ടെത്തുക?
24. ചെറുരചനകളുടെ സവിശേഷതകൾ എന്ത്? അത് പ്രകടമാകുന്ന എഴുത്തുകാരികൾ ആരൊക്കെ?
25. പൊതുകലകളുടെ പ്രത്യേകതയെന്ത്?

**(5×2=10 Marks)**

## SECTION - C

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

26. മൂലഗ്രന്ഥത്തിന്റെ ഭാവരസം ഉൾക്കൊണ്ട് നടത്തിയ തർജമയാണ് അദ്ധ്യാത്മരാമായണം കിളിപ്പാട്ട് എന്ന് പി.കെ നാരായണപിള്ള അഭിപ്രായപ്പെടുന്നതിന്റെ കാരണങ്ങൾ വിലയിരുത്തുക?
27. ഫ്യൂച്ചറിസവും സാഹിത്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് കേസരിയുടെ കാഴ്ചപ്പാടുകൾ വിവരിക്കുക?
28. നളിനി കാവ്യത്തിന് മലയാള സാഹിത്യത്തിലുള്ള സ്ഥാനത്തെക്കുറിച്ച് എ. ആറിന്റെ അവതാരിക മുൻ നിറുത്തി വിശദീകരിക്കുക?
29. ഭാഷാപോഷിണിസഭ രൂപീകരിക്കപ്പെട്ടതിനു പിന്നിലുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുക?
30. സാഹിത്യം സാഹിത്യകാരന്റെ ലോക വീക്ഷണഗതിയുടെ പ്രതിഫലനം കൂടിയാണ് വിശദീകരിക്കുക?
31. ഹ്യൂമനിസവും, പുരോഗമന സാഹിത്യപ്രസ്ഥാനവും എന്ന ലേഖനത്തിൽ എം. ഗോവിന്ദൻ വ്യക്തമാക്കുന്ന അഭിപ്രായങ്ങൾ വിലയിരുത്തുക?
32. ഇടപ്പള്ളി കവിതയിലെ മൃത്യൂബോധത്തെക്കുറിച്ച് കെ.പി അപ്പന്റെ നിരീക്ഷണങ്ങളെന്തെല്ലാമെന്ന് വിശദീകരിക്കുക?
33. നോവലിലെ സ്ഥലകാല സങ്കല്പത്തെക്കുറിച്ച് ഇ.വി രാമകൃഷ്ണന്റെ നിരീക്ഷണങ്ങൾ വിശദീകരിക്കുക?
34. കടമ്മനിട്ട കവിതയിലെ നല്ലവനായ കാട്ടാളൻ എന്ന ബിംബത്തെക്കുറിച്ച് പ്രതിപാദിക്കുക?
35. കേരളീയതയെ അടയാളപ്പെടുത്തുന്ന ഇടശ്ശേരി കവിതകളെക്കുറിച്ച് വിശദമാക്കുക?

36. മഴ രതിയായും രാഗമായും അനുഭവപ്പെടുന്ന മലയാള ചെറുകഥകളെക്കുറിച് ചർച്ചചെയ്യുക?
37. മനുഷ്യൻ അതിജീവിച്ച കാലത്തിന്റെ പ്രതിരൂപമാണ് പൂതപ്പാട്ടിലെ പൂതമെന്ന് പറയുന്നതിന്റെ കാരണങ്ങൾ വിശദീകരിക്കുക?

**(6×5=30Marks)**

## SECTION - D

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

38. എ. ആറിന്റെ വിമർശന സംഭാവനകളിൽ ഏറ്റവും പ്രധാനം ആശാന്റെ നളിനി എന്ന ഖണ്ഡകാവ്യത്തിന് അദ്ദേഹം എഴുതിയ അവതാരികയാണ് - ചർച്ച ചെയ്യുക?
39. ഗീതാഞ്ജലി എന്ന കൃതിയിലിലെ മിസ്റ്റിക് സ്വഭാവത്തെക്കുറിച്ച് സുകുമാർ അഴീക്കോട് കണ്ടെത്തിയ വസ്തുതകൾ ക്രോഡീകരിക്കുക?
40. ദലിത്, പരിസ്ഥിതി, സ്ത്രീവാദ വിമർശനങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
41. ദ്രാവിഡ സൗന്ദര്യശാസ്ത്രത്തിന്റെ സമകാലപ്രസക്തി അയ്യപ്പപ്പണിക്കരുടെ തിണസങ്കല്പം എന്ന ലേഖനത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക?

**(2×10=20Marks)**

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

# മലയാള സാഹിത്യവിമർശനം

COURSE CODE: B21ML04DC



ISBN 978-81-967271-4-7

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841